# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**2016 നവംബർ 9, ബുധൻ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 26

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 നവംബർ 9, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1485/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക | | |
| സമുദായക്ഷേമവും നിയമവും സാംസ്കാരികവും | | |
| പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും | | |
| വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ | | |
| എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും | | |
| വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും | | |
| വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും | | |
| വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു | | |
| സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...66

**II ചരമോപചാരം**

കെ. എം. സൂപ്പി, വി. പി. രാമകൃഷ്ണപിള്ള എന്നിവരുടെ നിര്യാണം ...214

**III അടിയന്തരപ്രമേയം**

റേഷൻ വിതരണ സ്തംഭനം

(അവതരണാനുമതി നിഷേധിച്ചു) ...215

**IV ശ്രദ്ധ ക്ഷണിക്കൽ**

1. സി-ആപ്റ്റ് നേരിടുന്ന പ്രതിസന്ധി—

ശ്രീ. ബി. സത്യൻ ...232

2. കാൻസർ രോഗവ്യാപനം—

ശ്രീ. വി. എസ്. ശിവകുമാർ ....234

**V സബ്മിഷൻ**

1. റെഗുലേറ്റർ-കം-ബ്രിഡ്ജ്—

ശ്രീ. പി. കെ. ബഷീർ ...239

2. നെൽ കർഷകരുടെ വരുമാനം—

ശ്രീ. കെ. കൃഷ്ണൻകുട്ടി ...240

3. കർഷകർക്ക് നഷ്ടപരിഹാരം—

ശ്രീ. യു. ആർ. പ്രദീപ് ...242

പേജ്

4. തരിശ് വയൽ കൃഷിയോഗ്യമാക്കൽ—

ശ്രീ. പാറക്കൽ അബ്ദുല്ല ...244

5. വായ്പ എഴുതിത്തള്ളിയതിലെ ക്രമക്കേട്—

ശ്രീ. ഒ. ആർ. കേളു ...245

6. പ്രതികളെ അറസ്റ്റ് ചെയ്യൽ—

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...249

7. വായ്പ എഴുതിത്തള്ളൽ—

ശ്രീ. കെ. സുരേഷ് കുറുപ്പ് ...251

8. എ.റ്റി.എം. കൗണ്ടറുകളുടെ സുരക്ഷ—

ശ്രീ. രാജു എബ്രഹാം ...253

9. എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ—

ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...254

10. ഗുരുവായൂരിലെ വികസന പ്രവർത്തനങ്ങൾ—

ശ്രീ. കെ. വി. അബ്ദുൾ ഖാദർ ...256

11. അച്ചടി മ്യൂസിയം സ്ഥാപിക്കൽ—

ശ്രീ. പി. കെ. ശശി ...258

12. അടിസ്ഥാന സൗകര്യ വികസനം—

ശ്രീ. റോഷി അഗസ്റ്റിൻ ...259

13. പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം—

ശ്രീ. ജി. എസ്. ജയലാൽ ...261

14. ഭൂമി കയ്യേറ്റം—

ശ്രീ. എ. പി. അനിൽ കുമാർ ...263

പേജ്

15. ശിശുക്ഷേമ സമിതിയിലെ ക്രമക്കേടുകൾ—

ശ്രീ. ഡി. കെ. മുരളി ...263

16. ട്രോമാകെയർ യൂണിറ്റും ഭൗതിക സൗകര്യങ്ങളും അനുവദിക്കൽ—

ശ്രീ. റോജി എം. ജോൺ ...265

17. താലൂക്കാശുപത്രിയായി ഉയർത്തൽ—

ശ്രീ. ടി. വി. ഇബ്രാഹിം ...266

18. എൽ.ഐ.സി. ഏജന്റുമാർക്ക് ക്ഷേമനിധി—

ശ്രീ. എസ്. ശർമ്മ ...267

19. റോഡ് വികസനം—

ശ്രീ. എ. പ്രദീപ്കുമാർ ...269

20. ടോൾ പിരിവ്—

ശ്രീ. ഹൈബി ഈഡൻ ...271

21. സ്കോളർഷിപ്പ് വിതരണം—

ശ്രീ. അൻവർ സാദത്ത് ...273

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ ...274

**VII തിരുത്തൽ സ്റ്റേറ്റ്മെന്റ്**

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) ...275

**VIII ക്രമപ്രശ്നം**

1. ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച്—

ശ്രീ. പി. ഉബൈദുള്ള ...275

*പേജ്*

2. ഭേദഗതിക്കനുസരിച്ചുള്ള മാറ്റം ഉൾക്കൊള്ളിക്കാത്തത് സംബന്ധിച്ച്—

ശ്രീ. മഞ്ഞളാംകുഴി അലി ...277

3. ആരോഗ്യ വകുപ്പുമന്ത്രി നടത്തിയ പരാമർശം സംബന്ധിച്ച്—

ശ്രീ. വി. എസ്. ശിവകുമാർ ...278

**റൂളിംഗ്**

മി. സ്പീക്കർ ...279

**IX നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(i) 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ...283

(ii) 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ...320

**X ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

500, 1000 രൂപ മൂല്യമുള്ള കറൻസികൾ റദ്ദാക്കിയത് സംബന്ധിച്ച് ...339

**XI പ്രത്യേക പരാമർശം**

500, 1000 രൂപ മൂല്യമുള്ള കറൻസികൾ റദ്ദാക്കിയത് സംബന്ധിച്ച്—

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...342

**XII അവകാശലംഘനപ്രശ്നം** ...345

**XIII പ്രമേയം**

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച് ...347

**XIV അവലോകനം** ...348

**അനുബന്ധം** ...351

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 നവംബർ 9, ബുധൻ*

| വാല്യം 163] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 26 |
|---|---|---|

നിയമസഭ 2016 നവംബർ മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ........ ഓർഡർ...... ചോദ്യം നമ്പർ *781

### പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ ആധുനികവൽക്കരണം

1 (*781 ) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ ആധുനികവൽക്കരണത്തിന് സഹകരണ വകുപ്പ് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകിവരുന്നത്; ഇത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ധനസഹായം അനുവദിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾക്ക് കമ്പ്യൂട്ടറൈസേഷൻ, കോർബാങ്കിംഗ് സൊല്യൂഷൻ, എ.റ്റി.എം. സ്ഥാപിക്കൽ, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ, ടെക്നോളജി അപ്ഗ്രഡേഷൻ എന്നിവയ്ക്കായി സാമ്പത്തിക സഹായം നൽകിവരുന്നു. ഇതിലേയ്ക്കായി പ്രോജക്ടിന്റെ 90 ശതമാനം പരമാവധി 10 ലക്ഷം രൂപ – 50 ശതമാനം വായ്പ, 20 ശതമാനം സബ്സിഡി, 20 ശതമാനം ഓഹരി എന്ന നിരക്കിലാണ് ധനസഹായം അനുവദിക്കുന്നത്.

(ബി) കമ്പ്യൂട്ടറൈസേഷൻ, കോർബാങ്കിംഗ് സൊല്യൂഷൻ, എ.റ്റി.എം. സ്ഥാപിക്കൽ, ടെക്നോളജി അപ്ഗ്രഡേഷൻ, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കാണ് ധനസഹായം അനുവദിക്കുന്നത്.

(സി) 2012-13, 2013-14, 2014-15, 2015-2016 സാമ്പത്തിക വർഷങ്ങളിലായി 132 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് 1185.085 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 9 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 85.765 ലക്ഷം രൂപ ധനസഹായം നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ബാങ്കുകളുടെ ദേശസാൽക്കരണം വരെ കേരളത്തിൽ കാർഷികവായ്പാ വിതരണത്തിൽ സഹകരണ സംഘങ്ങൾക്കായിരുന്നു ആധിപത്യം. പിന്നീട് അത് രണ്ടാം സ്ഥാനത്തേയ്ക്ക് മാറുകയുണ്ടായി. ഇപ്പോൾ വായ്പാ വിതരണം 12.37 ശതമാനമായി ചുരുങ്ങിയിരിക്കുന്നു. ഇതിൽ 1.45 ശതമാനം മാത്രമാണ് ദീർഘകാല കാർഷികവായ്പ. പല നിബന്ധനകളും ഇതിന് തടസ്സമായി നിൽക്കുന്നതിനാൽ പുതിയ കൃഷി രീതികൾക്കനുസൃതമായി ഇന്നത്തെ സ്കെയിൽ ഓഫ് ഫിനാൻസ് പുതുക്കി നിശ്ചയിക്കാൻ നടപടിയുണ്ടാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. പല നിബന്ധനകളുടെയും ഭാഗമായി കാർഷികമേഖലയിൽ വായ്പാതോത് കുറഞ്ഞു വരുന്നുണ്ട്. അത് വർദ്ധിപ്പിക്കാനും പുതിയ കൃഷി വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് അനുയോജ്യമായ രീതിയിൽ വായ്പാ സംവിധാനം പുനഃസംഘടിപ്പിക്കാനും വേണ്ടിയുള്ള തീരുമാനങ്ങളിലേക്ക് സർക്കാർ പോയ്ക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കാർഷിക ബാങ്കിംഗ് മുന്നേറ്റം സജ്ജമാക്കുന്നതിന് സഹകരണ യൂണിയന്റെ ഇന്നത്തെ ഘടനയിൽ മാറ്റം വരുത്താനിടയുണ്ടോ; സംസ്ഥാന സഹകരണ യൂണിയന് ഇപ്പോൾ രണ്ട് തലങ്ങളാണുള്ളത്,

സംസ്ഥാനതലവും താലൂക്കുതലവും. താലൂക്കുതലം ജില്ലാതലമായും പ്രാദേശിക പഞ്ചായത്ത്/ മുനിസിപ്പൽ മേഖല തിരിച്ചും പുതിയ സർക്കിൾ കൊണ്ടുവരാൻ കഴിയുമോ; പ്രാദേശിക വികസനത്തിൽ സഹകരണ സംഘങ്ങളുടെ ഫണ്ടും സംഘടനാശേഷിയും ഉപയോഗപ്പെടുത്താൻ അവസരം ഉണ്ടാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സഹകരണ മേഖലയിലെ സംഘടനാശേഷിയെ കേരളത്തിന്റെ സാമൂഹിക വികസനത്തിനും പൊതുപരിപാടികൾക്കെല്ലാം പ്രയോജനപ്പെടുത്തണമെന്നതന്നെയാണ് സർക്കാരിന്റെ കാഴ്ചപ്പാട്. സഹകരണ യൂണിയനുകളുടെ സംവിധാനത്തെ സംബന്ധിച്ച് ഇപ്പോൾ അങ്ങനെയൊരു ആലോചനയില്ല.

ശ്രീ. യു. ആർ. പ്രദീപ്: സർ, സഹകരണ വായ്പാമേഖലയിൽ ത്രിതല സംവിധാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തെ ഏകോപിപ്പിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സഹകരണ വായ്പാമേഖലയിൽ ത്രിതല സംവിധാനത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുടെ ആധുനികവൽക്കരണം ഒരു കോമൺ പ്ലാറ്റ്ഫോമിൽ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പ് സെക്രട്ടറി ചെയർമാനും സഹകരണസംഘം രജിസ്ട്രാർ കൺവീനറുമായി ഒരു സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ അംഗങ്ങളിൽനിന്ന് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയെ സഹകരണമേഖലയ്ക്ക് അനുയോജ്യമായ ഒരു ഡ്രാഫ്റ്റ് ഐ.ടി. പോളിസി തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുകയും ടെക്നിക്കൽ കമ്മിറ്റി ഡ്രാഫ്റ്റ് ഐ.ടി. പോളിസി തയ്യാറാക്കി പരിശോധനയ്ക്കായി സീ-മാറ്റിന് നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. കൃഷ്ണനുവേണ്ടി ശ്രീ. എം. രാജഗോപാലൻ: സർ, each for all and all for each എന്ന സഹകരണ പ്രസ്ഥാനത്തിന്റെ സന്ദേശം അന്വർത്ഥമാക്കും വിധത്തിലുള്ള ഇടപെടൽ നടത്തുന്ന സംസ്ഥാന സർക്കാർ ഈ നവീന യുഗത്തിൽ സഹകരണമേഖലയുടെ ആധുനികവൽക്കരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ത്രിതല സംവിധാനത്തിൽ പ്രവർത്തിക്കുന്ന സഹകരണബാങ്കുകളിൽ കോർബാങ്കിംഗിന്റെ ഭാഗമായി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നുണ്ട്. പ്രധാനമായും കോർബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., ആർ.റ്റി.ജി.എസ്., എൻ.ഇ.എഫ്.റ്റി. തുടങ്ങിയ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ

മേഖലയിൽ ഏർപ്പെടുത്തിവരുന്നത്. നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ വിപ്രോയുടെ സാങ്കേതികസഹായത്തോടെയും മറ്റു ജില്ലാ സഹകരണ ബാങ്കുകൾ, ഇൻഫോസിസ് റ്റി.സി.എസ്. മുതലായ ഏജൻസികളുടെ സഹകരണത്തോടെയും കോർബാങ്കിംഗ് സൊല്യൂഷൻ നടപ്പിലാക്കിവരുന്നുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കാർഷിക സഹകരണ ബാങ്കുകളിൽ ഒരു ടൂ-ടയർ സിസ്റ്റമാണ് നിലനിൽക്കുന്നത്- സംസ്ഥാന ബാങ്കുകളും താലൂക്കുകളിൽ നിലവിലുള്ള ബാങ്കുകളും. താലൂക്കുകളിൽ നിലവിലുള്ള ബാങ്കുകൾക്ക് ഡെപ്പോസിറ്റ് സ്വീകരിക്കാനോ ലോൺ നൽകാനോ സാധിക്കാത്ത അവസ്ഥയുണ്ട്. ഡെപ്പോസിറ്റ് സ്വീകരിക്കാനും ലോൺ നൽകാനുമാവശ്യമായ നിലപാട് സ്വീകരിച്ചു കൊണ്ട് കാർഷിക സഹകരണ ബാങ്കുകളെ വിപുലപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, ദേശീയ സഹകരണ വികസന കോർപ്പറേഷനുകീഴിലുള്ള ഐ.സി.ഡി.പി.യിൽ പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, എൻ.സി.ഡി.സി.-യിൽ നിന്ന് മാർക്കറ്റ് ഇന്റർവെൻഷനുള്ള സഹായവും ഗോഡൗൺ കം ഓഫീസ് നിർമ്മാണത്തിനുള്ള വായ്പയും സബ്സിഡിയും ലഭ്യമാകുന്നുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ലോ കോസ്റ്റ് ഡെപ്പോസിറ്റോ, കറണ്ട് അക്കൗണ്ടോ, എസ്.ബി.യോ കിട്ടുന്നില്ല. പാലക്കാട്ടുള്ള സർവ്വീസ് ബാങ്കിന്റെ എ.റ്റി.എം. കാർഡ് മറ്റൊരിടത്തും ഉപയോഗിക്കാൻ സാധിക്കില്ല. അതിന് എന്റെ ഒരു നിർദ്ദേശം, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കീഴിൽ ഒരു സെർവർ വച്ച് എല്ലാ പ്രൈമറി ബാങ്കുകളെയും ലിങ്ക് ചെയ്യണമെന്നതാണ്. ബിസിനസ്സുകാരും കച്ചവടക്കാരുമൊന്നും ലോ കോസ്റ്റ് ഡെപ്പോസിറ്റ് ഇടാത്ത ഒരവസ്ഥയാണുള്ളത്. അവർക്ക് ലോ കോസ്റ്റ് ഡെപ്പോസിറ്റ് കിട്ടാനും സർക്കാരിന്റെ ലോ കോസ്റ്റ് ഡെപ്പോസിറ്റുകൾ പ്രത്യേകിച്ചും ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള തുകയൊന്നും പ്രൈമറി ബാങ്കിൽ കിട്ടുന്നില്ല. അതുകൊണ്ട് പ്രൈമറി ബാങ്കിന്റെ നിലനില്പുതന്നെ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണ്. 25 വയസ്സുകാരൻ പോലും സീനിയർ സിറ്റിസൺ എന്നുപറഞ്ഞാണ് അവിടെ വരുന്നത്. ഈ സൗകര്യ കുറവുകൊണ്ട് ഹൈ കോസ്റ്റ് ഡെപ്പോസിറ്റ് മാത്രമേ പ്രൈമറി ബാങ്കുകളിൽ വരുന്നുള്ളൂ. അതുകൊണ്ട് ഇന്ത്യയിൽ എവിടെപ്പോയാലും പ്രൈമറി ബാങ്കിൽ നിന്നും പണം ലഭ്യമാകുന്ന സാങ്കേതിക സംവിധാനമുണ്ടാക്കാൻ ശ്രമിക്കുമോ ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സഹകരണ മേഖലയിൽ ഡെപ്പോസിറ്റ് ചെയ്യുന്നവർക്ക് ഉയർന്ന പലിശ കൊടുക്കേണ്ടിവരുന്ന എന്നുള്ള പ്രയാസം അനുഭവിക്കുന്നുണ്ട്. ചുരുങ്ങിയ പലിശയ്ക്കുള്ള സേവിംഗ്സ് ഡെപ്പോസിറ്റ് സഹകരണ മേഖലയിൽ ലഭ്യമാകുന്നില്ലെന്നുള്ള കുറവും ഇപ്പോൾ നിലവിലുണ്ട്. പ്രൈമറി മേഖലയിലുള്ള ആധുനികവൽക്കരണത്തിന്റെ പ്രശ്നം തന്നെയാണ് ഇന്ന് നേരിടുന്നത്. പുതിയ തലമുറകൾ ഈ ബാങ്കിംഗ് ഇടപാടുകളിലേയ്ക്ക് വരുന്നില്ല എന്നുള്ള പ്രശ്നം കൂടിയുണ്ട്. ഇപ്പോൾ അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള സംവിധാനം ഒരു ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കോർബാങ്കിംഗ് സംവിധാനവും ആധുനിക സാങ്കേതിക സൗകര്യങ്ങളുമെല്ലാം കൂട്ടിയിണക്കാൻ വേണ്ടിയുള്ള സംവിധാനമാണ് സർക്കാർ ആലോചിക്കുന്നത്.

ശ്രീ. എം. വിൻസെന്റ് : സർ, സംസ്ഥാന കാർഷിക വികസന ബാങ്കിന് കുറഞ്ഞ പലിശനിരക്കിൽ നബാർഡ് വായ്പ നൽകാറുണ്ട്. അതിന് നബാർഡിന് സർക്കാർ ഗ്യാരന്റി നൽകണം. കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ സർക്കാർ ഗ്യാരന്റി നൽകി നബാർഡിൽ നിന്നും വായ്പ ലഭ്യമാക്കുകയുണ്ടായി. ഇപ്പോൾ സംസ്ഥാന കാർഷിക വികസന ബാങ്ക് ഇതുസംബന്ധിച്ച് ഗ്യാരന്റി നൽകാൻ സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ; ആ അപേക്ഷയിന്മേൽ സർക്കാർ ഗ്യാരന്റി നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് നബാർഡിന്റെ സഹായത്തിനുള്ള അപേക്ഷ സർക്കാരിന് നൽകിയിട്ടുണ്ട്. ആ അപേക്ഷ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്, ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. കെ. വി. വിജയദാസ് : സർ, പ്രാഥമിക സഹകരണ സംഘങ്ങളുടെ 97-ാം ഭരണഘടനാ ഭേദഗതി പ്രകാരം ആറ് മാസം കൂടുമ്പോൾ പൊതുയോഗം കൂടുകയും ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുകയും ചെയ്യണമെന്നാണ് പൊതു വ്യവസ്ഥ. എന്നാൽ ഓഡിറ്റ് വിഭാഗത്തിൽ വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്തതിനാൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്യോഗസ്ഥരെ അടിയന്തരമായി നിയമിച്ച് ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഓഡിറ്റിന്റെ കാര്യത്തിൽ കഴിഞ്ഞ കാലത്തുള്ള കാലതാമസം ഇപ്പോൾ ഇല്ല. കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നുണ്ട്. പക്ഷേ, ഓഡിറ്റ് കഴിഞ്ഞ് ആറ് മാസത്തിനുള്ളിൽ പൊതുയോഗം ചേരണമെന്ന കാര്യത്തിൽ ചില വൈഷമ്യങ്ങളുണ്ടാകുന്നുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. നിയമപരമായി ഇതിനെ എങ്ങനെ കൈകാര്യം ചെയ്യാൻ കഴിയുമെന്ന് സർക്കാർ ആലോചിക്കുന്നുണ്ട്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, പ്രാഥമിക സഹകരണബാങ്കുകളുടെ ആധുനിക വൽക്കരണത്തെ സംബന്ധിച്ചാണ് ചോദ്യം. 500, 1000 രൂപയുടെ നോട്ടുകൾ ഇന്നലെ രാത്രി 12 മണിയോടുകൂടി പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തെ സഹകരണ ബാങ്കുകൾ എങ്ങനെയാണ് നേരിടാൻ പോകുന്നത്; എല്ലാ സ്ഥലങ്ങളിലും എ.ടി.എം. ഉണ്ടായിക്കൊള്ളണമെന്നില്ല. സഹകരണ ബാങ്കിലെ ഇടപാടുകാർക്ക് ഈ പണം എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയും; കള്ളപ്പണം തടയുന്നതിനും അഴിമതിയില്ലാതാക്കുന്നതിനും വേണ്ടി നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായിട്ടാണെങ്കിൽപ്പോലും സാധാരണക്കാർ ഈ വിഷയത്തെ എങ്ങനെ നേരിടും; ഈ ദിവസങ്ങളിൽ എവിടെയെങ്കിലും യാത്രപോയിട്ടുള്ള ഒരു സാധാരണക്കാരന് പണം ആവശ്യം വരുകയാണെങ്കിൽ അവർ എന്ത് ചെയ്യും. എ.ടി.എം., ബാങ്ക് എന്നിവ ഇന്ന് പ്രവർത്തിക്കില്ല. ഗവൺമെന്റ് ഹോസ്പിറ്റൽ മാത്രമേ പ്രവർത്തിക്കുകയുള്ളൂവെന്ന് പറയുന്നുണ്ട്. ഈ സാഹചര്യവുമായി ബന്ധപ്പെട്ട് ധാരാളം ആശങ്കകളുണ്ട്.

<u>മി. സ്പീക്കർ</u> : ഈ തീരുമാനം കേന്ദ്രഗവൺമെന്റിന്റേതാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: നിയമസഭ, ജനങ്ങളുടെ ആശങ്കകൾ പ്രകടിപ്പിക്കുന്ന സ്ഥലമെന്നുള്ള നിലയിൽ സാധാരണക്കാർക്ക് ഈ വിഷയത്തിലുള്ള ആശങ്കകൾ ദൂരീകരിക്കത്തക്ക നിലയിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഒരു ഉറപ്പ് ജനങ്ങൾക്ക് നൽകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയും.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, 1000 രൂപ, 500 രൂപ നോട്ടുകൾ റദ്ദാക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിക്കേണ്ട കാര്യമില്ല. Demonetization ഇതിനുമുമ്പും ഇന്ത്യയിൽ ഉണ്ടായിട്ടുണ്ട്. മറ്റ് പല രാജ്യങ്ങളിലും ഉണ്ടായിട്ടുണ്ട്. പക്ഷേ നടപ്പാക്കിയ രീതിയോടാണ് വിയോജിപ്പുള്ളത്. രാജ്യത്താകെ പരിഭ്രാന്തി ഉണ്ടാക്കുന്ന രീതിയിൽ അർദ്ധരാത്രിയിൽ ഇത് നടപ്പിലാകുമെന്നുപറയുന്നതിൽ എന്ത് യുക്തിയാണുള്ളത്; കള്ളനോട്ട് പിടിക്കാനാണെന്നാണ് പറയുന്നത്. രണ്ടാഴ്ച സമയം കൊടുത്ത് അതിനുള്ളിൽ നോട്ടുകളൊക്കെ മാറണമെന്ന് പറഞ്ഞാലും, കള്ളനോട്ടുകളാണെങ്കിലും വരണമല്ലോ; നാട്ടുകാർക്ക് പ്രയാസവുമില്ല. ഇന്ന് അർദ്ധരാത്രി മുതൽ കള്ളനോട്ട് റദ്ദാക്കണമെന്ന് പറയുന്നതുകൊണ്ട് എന്ത് നേട്ടമാണ് ഉണ്ടാകാൻ പോകുന്നത്; കള്ളപ്പണത്തിന്റെ കാര്യവും ഇതുതന്നെയാണ്. ജനങ്ങൾക്ക് സാവകാശം കൊടുത്ത് ജനങ്ങളെ വിശ്വാസത്തിലെടുത്ത് നടപ്പാക്കുന്നതിൽ യാതൊരു പ്രയാസവുമില്ല. ഇത് നടപ്പിലാക്കിയിരിക്കുന്ന രീതി വലിയ

പരിഭ്രാന്തിയും പ്രശ്നങ്ങളുമുണ്ടാക്കിയിട്ടുണ്ട്. അത് ഇന്നലെ വളരെ പ്രകടമായിരുന്നു. എന്ത് നിലപാടാണ് സ്വീകരിക്കേണ്ടതെന്നുള്ളതിനെക്കുറിച്ചുള്ള ഒരു വ്യക്തത സംസ്ഥാന സർക്കാരുകൾക്ക് നൽകിയിട്ടുമില്ല. ഉദാഹരണത്തിന്, ലോട്ടറി ടിക്കറ്റ് എങ്ങനെയാണ് വിൽക്കുന്നത്; ലീഗൽ ടെണ്ടർ അല്ലാത്ത പണം സ്വീകരിക്കാൻ പറ്റുമോ; 100 രൂപ നോട്ടുകൾ കൊണ്ടുവന്നാലും വിൽപ്പനക്കാർക്ക് പൂർണ്ണമായി വിൽക്കാൻ കഴിഞ്ഞില്ലെങ്കിൽ നഷ്ടമല്ലേ; ഇന്നത്തെ നറുക്കെടുപ്പ് ഇന്നലെ ക്ലോസ് ചെയ്തതുകൊണ്ട് നടത്താം. നാളത്തെയും മറ്റന്നാളത്തെയും നറുക്കെടുപ്പ് മാറ്റിവയ്ക്കേണ്ടിവരും. ബാങ്കുമായി ബന്ധപ്പെട്ട് കിടക്കുന്ന ട്രഷറി ഇടപാടും സാദ്ധ്യമല്ലാത്ത ഒരവസ്ഥാ വിശേഷം വരികയാണ്. കെ.എസ്.എഫ്.ഇ.യുടെ കാര്യത്തിൽ എന്താണ് ചെയ്യേണ്ടത്; ഡെയ്ലി കളക്ഷനായി വരുന്ന പണം നമ്മൾ സ്വീകരിക്കണോ; ബാങ്കുകൾ അടച്ചിട്ടിരിക്കുന്നുവെന്ന് പറയുന്ന പശ്ചാത്തലത്തിൽ കെ.എസ്.എഫ്.ഇ.-യിൽ നിന്ന് പണം വാങ്ങണോ; ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന് വേണ്ടത്ര ക്ലാരിറ്റി നൽകിയിട്ടില്ല. We have decided to err on the side of quash. ഇങ്ങോട്ട് അല്പം കൂടിപ്പോയാലും വളരെ quashuous ആയ സമീപനം സ്വീകരിക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ വിഷയം സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക താൽക്കാലികമാകാം. ആ ആശങ്ക ദൂരീകരിക്കത്തക്ക നിലയിൽ ധനകാര്യവകുപ്പുമന്ത്രി ഒരുറപ്പ് ജനങ്ങൾക്ക് നൽകണം. മൊത്തത്തിൽ ഒരു panic situation ആണ്. അങ്ങനെയൊരു panic situation-ന്റെ ആവശ്യമില്ല. മുമ്പ് എച്ച്.എം. പട്ടേലും ഇതുപോലെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഗവൺമെന്റ് ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനുവേണ്ടി സഭയിൽത്തന്നെ ഒരുറപ്പ് നൽകണം. ജനങ്ങൾക്ക് എങ്ങും പോകാൻ കഴിയുന്നില്ല, പണം മാറാൻ കഴിയുന്നില്ല. നിത്യ ആവശ്യങ്ങൾക്കുപോലും പ്രശ്നമാണ്. ഇതുസംബന്ധിച്ച് കാറ്റഗറിക്കലായി കേന്ദ്ര ധനകാര്യവകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടാണെങ്കിലും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടാണെങ്കിലും റിസർവ് ബാങ്കുമായി ബന്ധപ്പെട്ടാണെങ്കിലും ഒരു ഗവൺമെന്റെന്ന നിലയിൽ, കേരളത്തിലെ ജനങ്ങൾക്ക് ആശങ്ക ഉണ്ടാകാത്ത നിലയിൽ അതിനൊരു സംവിധാനം കൊണ്ടുവരണം. അങ്ങ് പറയുന്നത് കേട്ടാൽ ആളുകൾക്ക് ആശങ്ക കൂടുകയാണ്. അതുണ്ടാകരുത്, ജനങ്ങളെ panic situation-ലേക്ക് കൊണ്ടുപോകാതെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്നൊരു ഉറപ്പ് നൽകാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, എന്റെ ആദ്യത്തെ വാചകം ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകൾ റദ്ദാക്കിയതിൽ അപാകത ഇല്ല, റദ്ദാക്കിയ രീതിയാണ് പ്രശ്നമുണ്ടാക്കിയിട്ടുള്ളത് എന്നതാണ്. നമ്മളല്ല panic

situation ഉണ്ടാക്കുന്നത്. ഇത് പ്രഖ്യാപിച്ച രീതി രാജ്യത്താകെ panic situation ഉണ്ടാക്കിയിട്ടുണ്ട്. Panic situation ഉണ്ടാക്കിയതിന്റെ പിന്നിൽ എന്താണ് ഉദ്ദേശ്യമെന്ന് എനിക്കറിയില്ല. സർജിക്കൽ സ്ട്രൈക്കുകളുടെ കാലമാണ്. ഇന്ന് അത് ഇക്കോണമിയിലുള്ള സർജിക്കൽ സ്ട്രൈക്കായിട്ടാണ് വ്യാഖ്യാനിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്. ഏതായാലും നമ്മുടെ നാട്ടിലെ ജനങ്ങൾ പരിഭ്രാന്തരാകേണ്ട കാര്യമില്ല. നമ്മുടെ കയ്യിലുള്ള പണം കള്ളപ്പണമല്ലെങ്കിൽ കുറച്ചുദിവസം കഴിഞ്ഞ് ബാങ്കിൽ കൊണ്ടുപോയി മാറി എടുക്കാവുന്നതാണ്. അല്ലാതെ കയ്യിലുള്ള 500-ന്റെയും 1000-ന്റെയും നോട്ടുകൾ റദ്ദായി എന്നുള്ള യാതൊരുവിധ തെറ്റിദ്ധാരണയും വേണ്ട. രണ്ടുമൂന്നുദിവസം ഈ പ്രശ്നങ്ങൾ നിലനിൽക്കും. പക്ഷേ ഇങ്ങനെ ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. കുറച്ച് ചിട്ടയായി, സാവകാശം നൽകി ആളുകളെ വിശ്വാസത്തിലെടുത്ത് ചെയ്യാമായിരുന്നു. ഇതാണ് ഞാൻ പറയാൻ ശ്രമിച്ചത്. ഫിനാൻസ് സെക്രട്ടറിയും മറ്റും ബന്ധപ്പെട്ടവരോട് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലായിരിക്കും ട്രഷറിയുടെ കാര്യത്തിൽ എങ്ങനെയാണ് വേണ്ടതെന്ന തീരുമാനം എടുക്കുന്നത്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, സഹകരണ മേഖലയിൽ സാമ്പത്തിക ഇടപാട് നടത്തി ദീർഘകാല വായ്പ എടുത്തിട്ടുള്ളവർ, അതായത് 1970-നും അതിനുശേഷവും വായ്പ എടുത്തിട്ടുള്ളവർ കടക്കെണിയിലാണ്. അവർ വീണ്ടും വീണ്ടും വായ്പ എടുക്കുന്ന സാഹചര്യമാണുള്ളത്. പ്രിൻസിപ്പൽ തുക എത്ര അടച്ചാലും കുടിശ്ശികയും പിഴപ്പലിശയും ഉൾപ്പെടെ ലോൺ പുതുക്കി കൊടുക്കുന്നതുകൊണ്ട് ഇപ്പോഴും അവർ കടക്കെണിയിൽ നിൽക്കുകയാണ്. ഏതെങ്കിലും രീതിയിൽ പ്രിൻസിപ്പൽ തുകയും സാധാരണ പലിശയും ഈടാക്കി അവരെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ.സി. മൊയ്തീൻ</u>): സർ, സഹകരണ മേഖലയിൽ കടബാദ്ധ്യതകളുടെ പ്രയാസങ്ങൾ അനുഭവിക്കുന്ന സാധാരണക്കാർക്ക് ആശ്വാസം നൽകുന്ന 'ആശ്വാസ്' പദ്ധതിയുണ്ട്. ഇതിനായി അദാലത്തുകൾ വയ്ക്കാറുണ്ട്. അതിന്റെ ഭാഗമായി സമാശ്വാസ നടപടികളുണ്ട്. രോഗംകൊണ്ടും മറ്റ് കാരണങ്ങൾകൊണ്ടും പ്രയാസമനുഭവിക്കുന്ന വളരെ പാവപ്പെട്ട ആളുകളുണ്ട്. അവരുടെ അപേക്ഷകളാണ് ദിവസവും സർക്കാരിന്റെ മുന്നിൽ വന്നുകൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി എങ്ങനെയാണ് അത് കൈകാര്യം ചെയ്യുക എന്നത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ബാങ്കുകളിൽനിന്നും എടുക്കുന്ന വായ്പ തിരിച്ചടവില്ലാതെ പോകുന്ന സ്ഥിതിയും ഒഴിവാക്കേണ്ടതുണ്ട്. സഹകരണ ബാങ്കുകളുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട പ്രശ്നം കൂടിയാണത്. ഇത് സമഗ്രമായ ഒരു പരിശോധനയ്ക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്നൊരു ക്രൂഷ്യൽ ഡേയാണ്. സാധാരണക്കാരെയും NRIs-നെയും ജീവിതത്തിന്റെ വിവിധ സെക്ടറിലുള്ള ആളുകളെയും ഇതെങ്ങനെ ബാധിക്കുമെന്ന ആശങ്കയുണ്ട്. ഇന്നത്തെ ദിവസം തന്നെ ഉച്ചവരെ പഠിച്ചിട്ട് ഇന്നുതന്നെ ധനകാര്യ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് നിമയസഭയിൽ ഒരു പ്രസ്താവന കേരള ഗവൺമെന്റിന്റേതായി നടത്തുന്നത് നല്ലതായിരിക്കും. സംശയങ്ങൾ ദൂരീകരിക്കാൻ അത് ഉപകരിക്കും. ഉച്ചവരെ വളരെ നിർണ്ണായകമാണ്. അതുവരെ നോക്കിയിട്ട് പ്രസ്താവന നടത്തണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഫിനാൻസ് സെക്രട്ടറി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയതിനുശേഷം മാത്രമേ അങ്ങനെയൊരു പ്രസ്താവന സഭയിൽ നടത്താൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. ജോയി: സർ, സംസ്ഥാനത്തെ പ്രാഥമിക സഹകരണ മേഖലയുടെ ആധുനികവൽക്കരണത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. സംസ്ഥാനത്തൊട്ടാകെ ഒരു കോർബാങ്കിംഗ് സൊല്യൂഷനും എ.റ്റി.എം. സംവിധാനവും കൊണ്ടുവരുന്നതിന് എന്തെങ്കിലും തടസ്സം ഇന്ന് നിലവിലുണ്ടോ; ചില ജില്ലാ സഹകരണ ബാങ്കുകളുടെ കീഴിൽ ഇപ്പോൾ കോർബാങ്കിംഗ് സംവിധാനവും എ.ടി.എം. ഫെസിലിറ്റിയുമുണ്ട്. പ്രാഥമിക സഹകരണ ബാങ്കുകളിലൂടെ അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): സർ, അത്തരമൊരു സംവിധാനത്തിനുവേണ്ടി ഐ.ടി. പോളിസി രൂപപ്പെടുത്താനും അതിനാവശ്യമായ ഒരു സോഫ്റ്റ്‌വെയർ ഉണ്ടാക്കുന്നതിനുമുള്ള പരിശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത് എന്നുള്ളത് ഞാൻ നേരത്തേ സൂചിപ്പിച്ചു. പ്രാഥമിക ബാങ്കുകളെക്കൂടി ഈ സിസ്റ്റത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നത് സഹകരണ മേഖലയിലെ നിക്ഷേപത്തിനും അതുപോലെ തന്നെ മറ്റ് കാര്യങ്ങൾക്കും സഹായകമാകും. അതിനുള്ള ശ്രമം തുടരുകയാണ്.

ശ്രീ. അനിൽ അക്കര: സർ, ബാങ്കിംഗ് രംഗം ആധുനികവൽക്കരിച്ച് മുന്നോട്ടുപോകുന്ന കാര്യം നമുക്കെല്ലാവർക്കുമറിയാം. പക്ഷേ നമ്മുടെ സഹകരണ ബാങ്കുകൾ, പ്രത്യേകിച്ച് പ്രാഥമിക സഹകരണ സംഘങ്ങളുടെ യോഗതീരുമാനങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ വിവരാവകാശ നിയമമനുസരിച്ച് ലഭിക്കുന്നതിന് ഇന്ന് കോടതികളുടെ തടസ്സമുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. ആധുനിക ലോകത്ത് എല്ലാവർക്കും വിവരമറിയുന്നതിനുവേണ്ടിയാണ് വിവരാവകാശ നിയമം നമ്മുടെ നാട്ടിൽ നടപ്പിലാക്കിയത്. പക്ഷേ സഹകരണ ബാങ്കുകൾക്ക് മാത്രം വിവരാവകാശ നിയമം ബാധകമല്ല. അത് കോടതിയുടെ പിൻബലത്തിൽക്കൂടി പോകുന്നത് ഒട്ടും ന്യായീകരിക്കാവുന്നതല്ല. വിവരാവകാശ നിയമത്തിന്റെ പരിധിയിൽ കേരളത്തിലെ സഹകരണ ബാങ്കുകളെ കൊണ്ടുവരുന്നതിനും കോടതിയുടെ വിലക്കുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നീക്കിക്കിട്ടുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബാങ്ക് ഡെപ്പോസിറ്റിന്റെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കേണ്ടതുൾപ്പെടെയുള്ള കാര്യങ്ങളുണ്ട്. കോടതിവിധിയുടെ പശ്ചാത്തലത്തിൽ ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നുള്ള കാര്യം പരിശോധിക്കാം.

ശ്രീ. അനിൽ അക്കര: സർ, ഡെപ്പോസിറ്റിന്റെ കാര്യമല്ല ഞാൻ പറഞ്ഞത്. ഭരണസംബന്ധമായ യോഗതീരുമാനങ്ങളുടെ മിനിട്ട്സ് ഉൾപ്പെടെയുള്ള കാര്യങ്ങളാണ് സൂചിപ്പിച്ചത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, മിനിട്ട്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇപ്പോൾ കൊടുക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. അത് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. മുരളി പെരുനെല്ലി: സർ, സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകിവരുന്നുണ്ടോ; ആ പദ്ധതിയുടെ ഭാഗമായി കൃഷിക്കാർക്ക് ലഭ്യമാകുന്ന സേവനങ്ങളും പ്രയോജനങ്ങളും എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സഹകരണ ബാങ്കുകളുടെ കീഴിൽ അറുപതോളം കർഷക സേവന കേന്ദ്രങ്ങൾ ഇപ്പോൾ നിലവിലുണ്ട്. അത്തരം സേവന കേന്ദ്രങ്ങൾ വ്യാപിപ്പിക്കണമെന്നതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ഇപ്പോൾ പച്ചക്കറി ഉൽപ്പാദനം ഉൾപ്പെടെയുള്ള കാര്യത്തിൽ കൃഷി വകുപ്പുമായി സഹകരിച്ചുകൊണ്ട് സംഭരണ ശാലകളും അത് വിതരണം ചെയ്യാനുള്ള ശൃംഖലകളും ശക്തിപ്പെടുത്തണം എന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഗ്രാമങ്ങളിൽ കൊമേഴ്സ്യൽ ബാങ്കുകളുടെ ശാഖകൾ എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടി തുറക്കാൻ പോകുകയാണ്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് നമ്മുടെ പ്രാഥമിക ബാങ്കുകളെയാണ്. പ്രാഥമിക ബാങ്കുകളെയും കാലാനുസൃതമായി ആ രീതിയിൽ ആധുനികവൽക്കരിച്ച് മുന്നോട്ടു കൊണ്ടുവരേണ്ടതുണ്ട്. അതിനാവശ്യമായ സാമ്പത്തിക സഹായമുൾപ്പെടെ നൽകുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. പല ബാങ്കുകളും കോർബാങ്കിംഗ് ആരംഭിച്ചിട്ടുണ്ട്. പല ബാങ്കുകൾക്കും സ്വന്തമായി എ.ടി.എം. ഉണ്ട്. എന്നാൽ ഒരു സർവ്വീസ് സഹകരണ ബാങ്കിൽ സ്വന്തമായി എ.ടി.എം. കാർഡുള്ള ഒരാൾക്ക് മറ്റേതെങ്കിലും ബാങ്കിന്റെ എ.ടി.എം-ൽ നിന്നും പണം

പിൻവലിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ജില്ലാ സഹകരണ ബാങ്കിനും അർബൻ സഹകരണ ബാങ്കിനും ഇപ്പോൾ ഈ സംവിധാനമുണ്ട്. എന്നാൽ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾക്ക് നാഷണൽ കോർബാങ്കിംഗ് നെറ്റ്‌വർക്കിൽ പ്രവേശനം ലഭിച്ചിട്ടില്ല. അതുകൊണ്ട് നാഷണൽ കോർബാങ്കിംഗ് നെറ്റ്‌വർക്കിൽ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾക്കുകൂടി പ്രവേശനം ലഭ്യമാക്കി സംസ്ഥാന ബാങ്ക്, ജില്ലാ ബാങ്ക്, അർബൻ ബാങ്ക്, പ്രാഥമിക ബാങ്ക് എന്നീ ബാങ്കുകളെല്ലാം കൂടി ഒരു നെറ്റ്‌വർക്കിന്റെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കോർബാങ്കിംഗ് സംവിധാനത്തിലൂടെ മറ്റ് ബാങ്കുകളുമായി ഇടപാടുകൾ നടത്തുന്നതിന് പ്രാഥമിക സംഘങ്ങൾക്ക് പ്രയാസമുള്ള ഒരുപാട് നിബന്ധനകൾ റിസർവ് ബാങ്കിന്റെ നയത്തിൽതന്നെയുണ്ട്. അതിന്റെ ഭാഗമായുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ചർച്ചകൾ നടന്നു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കാർഷിക സഹകരണ ബാങ്കുകളിൽ പലതും ഇന്ന് കാർഷികേതര സഹകരണ ബാങ്കുകളായി മാറിക്കൊണ്ടിരിക്കുകയാണ്. കാർഷിക വായ്പകൾ കൊടുക്കുന്നതിലല്ല മറ്റുപല ബിസിനസ്സുകൾക്കുമാണ് അവർക്ക് താൽപ്പര്യം. കാർഷിക വായ്പ നൽകുന്നതിന് തടസ്സമായി നിൽക്കുന്ന ബാങ്കുകളെ കണ്ടുപിടിച്ച് അത് കറക്ട് ചെയ്യാനും ആധുനികവൽക്കരണം ഏർപ്പെടുത്തുന്നതിനും സന്നദ്ധമാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കാർഷിക വായ്പാ നിരക്കിൽ കുറവുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ആ കാര്യം പരിഹരിക്കണമെന്ന് തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ കാര്യങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും അത്തരം മേഖലകളിൽ വായ്പ നൽകുന്നതിന് തടസ്സമായി നിൽക്കുന്ന എന്തെങ്കിലും ഘടകമുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിന് സർക്കാർ തയ്യാറാണ്.

മി. സ്പീക്കർ: 17 ഉപചോദ്യങ്ങൾക്കാണ് ബഹുമാനപ്പെട്ട മന്ത്രി വളരെ ചുരുങ്ങിയ സമയംകൊണ്ട് മറുപടി പറഞ്ഞത്. അതിന് അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

**വൈദ്യുതി ഉപഭോക്താക്കൾക്ക് പണമടയ്ക്കാൻ ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ**

2 (*782) ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് പണമടയ്ക്കാൻ ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എവിടെയൊക്കെയാണ് ഇത്തരം മെഷീനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) ഇതിനുള്ള ധനം എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ഉപഭോക്താക്കൾക്ക് 24 മണിക്കൂറും വൈദ്യുതി ബിൽ അടയ്ക്കുന്നതിന് തിരുവനന്തപുരം വൈദ്യുതി ഭവനിൽ ഒരു ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ 4-1-2016 മുതൽ പ്രവർത്തിച്ചുവരുന്നു.

(ബി) മുകളിൽപ്പറഞ്ഞതുകൂടാതെ ഇത്തരം 5 മെഷീനുകൾ കൂടി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

(സി) ഇപ്പോൾ R-APDRP പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ സ്ഥാപിക്കുന്നത്. ഉപഭോക്താക്കൾക്കിടയിൽ ഇതിന്റെ സ്വീകാര്യത വിലയിരുത്തി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകും.

ശ്രീ. കെ. മുരളീധരൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുമെന്ന് പറഞ്ഞു. നിലവിൽ പണം അടയ്ക്കുന്നതിന് ഒരുപാട് മാർഗ്ഗങ്ങളുണ്ട്. പഴയ ക്യാഷ് കൗണ്ടറിലൂടെയും നെറ്റ് ബാങ്കിംഗ് സിസ്റ്റത്തിലൂടെയും അക്ഷയ കേന്ദ്രങ്ങളിലൂടെയുമൊക്കെ പണമടയ്ക്കുന്നുണ്ട്. ഇങ്ങനെയൊക്കെ സൗകര്യങ്ങളുള്ളപ്പോൾ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത വാസ്തവത്തിൽ ഉണ്ടോ; എന്ത് അടിസ്ഥാനത്തിലാണ് ഈ മെഷീൻ സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വിവരസാങ്കേതികവിദ്യ എല്ലാ മേഖലകളിലും ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്ന ലക്ഷ്യംതന്നെയാണ് ഗവൺമെന്റിനുള്ളത്. അങ്ങ് പറഞ്ഞ കാര്യം പ്രത്യേകിച്ച് പരിശോധിക്കേണ്ടതാണ്. നിലവിൽ ധാരാളം സൗകര്യങ്ങളുണ്ട്. അതിനോടൊപ്പംതന്നെ ബാങ്ക് എ.ടി.എം. വഴി വൈദ്യുതി ചാർജ്ജ് അടക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കുകയാണ്. സാങ്കേതികമായി അത് സാധ്യമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതിന് ബാങ്കുകളുമായി ചർച്ച നടത്തുന്നതിനുള്ള തിരക്കിലാണ്. ഇത് സാധ്യമായാൽ ക്യാഷ് ഡെപ്പോസിറ്റ് മെഷീന്റെ ആവശ്യകത നമുക്ക് ഉണ്ടാകുന്നില്ല. ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് നേരിട്ട് പണം സ്വീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകളും അവസാന ഘട്ടത്തിലാണ്. ഈ സാധ്യത ഉപയോഗപ്പെടുത്തുന്ന ഉപഭോക്താക്കൾക്ക് പണമടയ്ക്കാൻ ഓഫീസുകളിൽ പോകേണ്ട സാഹചര്യം ഒഴിവാകും. അങ്ങനെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി ആളുകൾക്ക് പരമാവധി സർവ്വീസ് കൊടുക്കുകയെന്നുള്ളതാണ് കെ.എസ്.ഇ.ബി. ലക്ഷ്യം വയ്ക്കുന്നത്. ഏറ്റവും എളുപ്പം പണമടയ്ക്കുന്നതിനുള്ള സൗകര്യമാണ് ഉദ്ദേശിക്കുന്നത്. അതിന് നിലവിലുള്ള എല്ലാ സാധ്യതകളേയും കെ.എസ്.ഇ.ബി. പ്രയോജന പെടുത്തുകയാണ്.

ശ്രീ. കെ. മുരളീധരൻ: സർ, കൗണ്ടറുകളിൽ പണം സ്വീകരിക്കുന്നത് അസിസ്റ്റന്റ് തസ്തികയിലുള്ളവരാണ്. ഇങ്ങനെയുള്ള സൗകര്യങ്ങൾ വരുമ്പോൾ അവരുടെ തൊഴിൽ സാധ്യത മങ്ങുന്നുണ്ട്. അവരെ എങ്ങനെ പുനരധിവസിപ്പിക്കാമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ;

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ്. കമ്പ്യൂട്ടറൈസേഷൻ വ്യാപകമായതോടുകൂടി നേരത്തേ ഉണ്ടായിരുന്നത്രയും ജീവനക്കാരുടെ ആവശ്യകത കെ.എസ്.ഇ.ബി.-ക്ക് ഇല്ലാതായി വരികയാണ്. മറ്റ് മേഖലകളിലേയ്ക്ക് അവരെ പുനർവിന്യസിപ്പിക്കാൻ സാധിക്കും. അതിനാവശ്യമായ പ്രായോഗികമായ ഒരു പരിപാടി കെ.എസ്.ഇ.ബി. തയ്യാറാക്കി കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഉപഭോക്താക്കൾക്ക് 24 മണിക്കൂറും വൈദ്യുതി ബിൽ അടയ്ക്കുന്നതിനായി ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ സ്ഥാപിച്ചത് നല്ലതു തന്നെയാണ്. ജനങ്ങൾക്ക് സൗകര്യപ്രദമായ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ഇത് വ്യാപിപ്പിക്കണം. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ബോർഡിനെ സംബന്ധിച്ച വലിയൊരു ശാപം വൈദ്യുതി മോഷണമാണ്. വൈദ്യുതി മോഷണം വളരെ വ്യാപകമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നപ്പോൾ മോഷ്ടാക്കളെ കണ്ടെത്താൻ ഉയർന്ന ഒരു

പോലീസ് ഉദ്യോഗസ്ഥനെ നിയമിച്ചു. അദ്ദേഹം പബ്ലിസിറ്റിക്കുവേണ്ടി ചില സ്ഥലങ്ങളിൽ പോയി ചാനലിലും പത്രങ്ങളിലും വാർത്ത വരുത്തിയതല്ലാതെ യഥാർത്ഥ മോഷ്ടാക്കളെ കണ്ടെത്തിയില്ല. അതുകൊണ്ട് വൈദ്യുതി മോഷ്ടാക്കളെ കണ്ടെത്താൻ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനായി ഒരു വിജിലൻസ് വിഭാഗം വൈദ്യുതി ബോർഡിൽ പ്രവർത്തിക്കുന്നുണ്ട്. സീനിയറായ ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലാണ് അത് പ്രവർത്തിക്കുന്നത്. അവർ സ്പെഷ്യൽ പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടുപിടിച്ച് അധിക പിഴ ചുമത്താറുണ്ട്. അത് കുറച്ചുകൂടി ശക്തമാക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ റവന്യൂ ജനറേറ്റ് ചെയ്യുന്ന ഒരു സെക്ഷൻ എറണാകുളമാണ്. 29 കോടി രൂപയാണ് ഈ ഇനത്തിൽ ലഭിച്ചിട്ടുള്ളത്. അതുകൊണ്ട് എറണാകുളത്ത് ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ സ്ഥാപിക്കാൻ തയ്യാറാകുമോ; ഇത് എ.ടി.എം. മാതൃകയിലാണോ; 24 മണിക്കൂറും ക്യാഷ് ഡെപ്പോസിറ്റ് ചെയ്യാനുള്ള സംവിധാനങ്ങളുണ്ടോ; അതിന്റെ സാങ്കേതികമായ മറ്റ് വിശദാംശങ്ങൾ വ്യക്തമാക്കാമോ;

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എറണാകുളം ജില്ല നമ്മുടെ പ്രോജക്ടിലുണ്ട്. അടുത്തതായി എറണാകുളം ജില്ലയിലാണ് അത് സ്ഥാപിക്കുക. സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-ക്ക് ഏറ്റവും കൂടുതൽ റവന്യൂ ശേഖരിക്കാൻ കഴിയുന്ന ഒരു ജില്ലയാണ് എറണാകുളം. അതുകൊണ്ടുതന്നെ എറണാകുളത്തിന് പ്രത്യേകമായ ഒരു പരിഗണന എല്ലാ കാര്യങ്ങളിലും ഗവൺമെന്റും കെ.എസ്.ഇ.ബി.-യും നൽകുന്നുണ്ട്. എ.ടി.എം. പോലെതന്നെ 24 മണിക്കൂറും സർവ്വീസ് കിട്ടുന്ന തരത്തിലാണ് അത് ക്രമീകരിച്ചിട്ടുള്ളത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പൂർണ്ണമായും കെ.എസ്.ഇ.ബി. വിനിയോഗിക്കുമെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. പുതിയ കാലഘട്ടത്തിൽ ക്യാഷ് ട്രാൻസാക്ഷൻ ഓൺലൈനായി മാറിക്കൊണ്ടിരിക്കുകയാണ്. ആ ഒരു സാഹചര്യത്തിൽ കെ.എസ്.ഇ.ബി. സ്വന്തമായി ഒരു മൊബൈൽ ആപ്പ് ഉണ്ടാക്കി കൺസ്യൂമേഴ്സിന് റിമൈൻഡർ അയയ്ക്കാനും അതുവഴി പണം അടയ്ക്കാനുമുള്ള ഒരു സാഹചര്യം ഒരുക്കിയാൽ അത് വളരെ സൗകര്യപ്രദമായിരിക്കും. അത്തരമൊരു കാര്യത്തെക്കുറിച്ച് ആലോചിക്കുമോ;

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, ആധുനിക സാങ്കേതിക വിദ്യ വളരെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കെ.എസ്.ഇ.ബി. ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വൈദ്യുതി വിതരണം സംബന്ധിച്ച പരാതികൾ അറിയിക്കാനായി തയ്യാറാക്കിയ കേന്ദ്രീകൃത പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്റർ നമ്പരായ 1912-ൽ വിളിച്ച് കാൾ സെന്റർ ജീവനക്കാരന്റെ സഹായത്തോടെയോ അല്ലാതെ ഐ.വി.ആർ.എസ്. (Interactive Voice Response System) മുഖേനയോ പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതും കെ.എസ്.ഇ.ബി.-യുടെ കൺസ്യൂമർ കോർട്ട് വഴിയും അതാത് സെക്ഷൻ ഓഫീസിൽ നേരിട്ട് വിളിച്ചും വാട്ട്സ്ആപ്പ് മുഖേനയും പരാതി രജിസ്റ്റർ ചെയ്യാനുള്ള പുതിയ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അത് പ്രവർത്തിക്കുകയാണ്. ആധുനിക വിവരസാങ്കേതിക വിദ്യയിലൂന്നിയ നവീന സംവിധാനങ്ങളാണിപ്പോൾ കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററിൽ ഏർപ്പെടുത്തിയിരിക്കുന്നത്. അവിടെ ബി.എസ്.എൻ.എൽ.-ന്റെ ലൈൻ ഉപയോഗിച്ച് ഒരേസമയം 60 പേർക്ക് ഈ സെന്ററുമായി ബന്ധപ്പെടാൻ സാധിക്കുന്ന ഒരവസ്ഥയുണ്ട്. വൈദ്യുതി വിതരണം സംബന്ധിച്ച് 1912 വഴിയും കൺസ്യൂമർ കോർട്ട് വഴിയും സെക്ഷൻ ഓഫീസ് വഴിയും വാട്ട്സ്ആപ്പ് വഴിയും ലഭിക്കുന്ന പരാതികൾ ഇ-കാൾ, സി.സി.ഇ.ടി. എന്നീ സോഫ്റ്റ്വെയറുകൾ മുഖേന കേന്ദ്രീകൃത കസ്റ്റമർ കെയർ സംവിധാനത്തിൽ രേഖപ്പെടുത്തും. കേരളത്തിലെ എല്ലാ സെക്ഷൻ ഓഫീസുകളും WAN മുഖേന കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ തത്സമയംതന്നെ ഇവ അതാത് സെക്ഷൻ ഓഫീസർ ജീവനക്കാർക്ക് കൈമാറുകയും പരാതികൾ ഉടനടി പരിഹരിച്ച് വീണ്ടും കസ്റ്റമർ കെയർ സംവിധാനത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. പരാതികൾ രജിസ്റ്റർ ചെയ്യുമ്പോഴും അവ പരിഹരിച്ചുകഴിയുമ്പോഴും ഉപഭോക്താവിന്റെ മൊബൈൽ നമ്പരിൽ എസ്.എം.എസ്. നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1912 എന്ന നമ്പർ വഴിയുള്ള സേവനം കേരളം മുഴുവൻ വ്യാപിപ്പിക്കുകയും അതിലേയ്ക്കുള്ള കോളുകൾ സൗജന്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരാതികൾ രേഖപ്പെടുത്താനുള്ള വാട്ട്സ്ആപ്പ് നമ്പരും പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. നടപ്പിലാക്കാൻ ആലോചിക്കുന്ന സംവിധാനങ്ങളെക്കുറിച്ച് ഞാൻ നേരത്തേ പറഞ്ഞതാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u> സർ, എന്റെ മണ്ഡലത്തിൽ രാമനാട്ടുകരയിൽ 25,000 കണക്ഷനും ഫറോക്കിൽ 22,000 കണക്ഷനുമുണ്ട്. ഈ രണ്ട് സ്ഥലത്തുമുള്ള ആളുകൾക്ക് പണമടയ്ക്കുന്നതിന് രാമനാട്ടുകരയിൽ മാത്രമേ സൗകര്യമുള്ളൂ. അതുകൊണ്ട് ഫറോക്കിൽ പണമടയ്ക്കാനുള്ള ഒരു കൗണ്ടർ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യം പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാം.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സംസ്ഥാനത്ത് 2017 മാർച്ചോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. മിക്ക നിയോജകമണ്ഡലങ്ങളിലും ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. പദ്ധതി ചെലവിന്റെ വലിയൊരു ഭാഗം കെ.എസ്.ഇ.ബി. വഹിക്കുമെങ്കിലും ഭീമമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മണ്ഡലം എം.എൽ.എ.യും കണ്ടെത്തേണ്ടതുണ്ട്. എം.എൽ.എ.മാർക്ക് വിനിയോഗിക്കാൻ കഴിയുന്ന തുക എം.എൽ.എ. ഫണ്ടും ആസ്തി വികസന ഫണ്ടുമാണ്. ഇതിൽ ആസ്തി വികസന ഫണ്ട് നിലവിലെ ഗൈഡ്‌ലൈൻ അനുസരിച്ച് കെ.എസ്.ഇ.ബി. പോലുള്ള ഒരു കമ്പനിക്ക് ചെലവഴിക്കാനാകില്ല. പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്കേ പ്രസ്തുത ഫണ്ട് വിനിയോഗിക്കാനാകുകയുള്ളൂ. ഈ സാഹചര്യത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം മുന്നിൽ കണ്ട് ആസ്തി വികസന ഫണ്ടിൽനിന്നും ഇതിനായി തുക വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി വൈദ്യുതി വകുപ്പ് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ലഭ്യമാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് അദ്ദേഹം പറഞ്ഞതുപോലെയല്ല. വളരെ ചുരുക്കം ജില്ലകളിലും ചില മണ്ഡലങ്ങളിലും മാത്രമാണ് അധികമായി തുക കണ്ടെത്തേണ്ടത്. വയനാട്, ഇടുക്കി പോലുള്ള കുറച്ച് ജില്ലകളിൽ മാത്രമേ പ്രശ്നമുള്ളൂ. എറണാകുളം മണ്ഡലത്തിൽ ആകെ 46 വീടുകൾ കൂടി വൈദ്യുതീകരിച്ചാൽ അവിടെ സമ്പൂർണ്ണ വൈദ്യുതീകരണമാകുമെന്ന് ബഹുമാനപ്പെട്ട ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ. ഇന്നലെയിവിടെ പറഞ്ഞു. അദ്ദേഹത്തിന് ഇതിനായി 5 ലക്ഷം രൂപ മാത്രമേ നീക്കി വയ്ക്കേണ്ടി വന്നിട്ടുള്ളൂ. ചില മണ്ഡലങ്ങളിൽ അധിക തുക കണ്ടെത്തേണ്ടതുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.മാർ വളരെ താൽപര്യപൂർവ്വം രംഗത്തു വന്നിട്ടുണ്ടെന്നുള്ളത് ആവേശകരമായ സംഗതിയാണ്. അവരവരുടെ മണ്ഡലങ്ങളിൽ ആദ്യമേതന്നെ സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇത് ആസ്തി വികസനവുമായി ബന്ധപ്പെട്ട് ലൈൻ വലിക്കുന്നതിനും മറ്റുമാണ്. അല്ലാതെ വീടുകൾ വയറിംഗ് ചെയ്യുന്നതിനും വ്യക്തികൾക്ക് കൊടുക്കുന്ന സഹായവുമൊന്നുമല്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ഇക്കാര്യത്തെ സംബന്ധിച്ച് കൂടിയാലോചിച്ചിട്ടുണ്ട്. ആവശ്യമാണെന്ന് കണ്ടാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് പറയും. അദ്ദേഹം ഇക്കാര്യത്തിൽ അനുമതി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വ്യക്തിഗത ആനുകൂല്യങ്ങളായി നൽകാൻ പറ്റില്ല. വീട് വയറിംഗിന് ഇതിൽനിന്ന് എടുക്കാൻ സാധിക്കില്ല. പക്ഷേ പോസ്റ്റ് വയ്ക്കുന്നതടക്കമുള്ള കാര്യങ്ങൾക്ക് ആവശ്യമായ പണം ആസ്തി വികസന ഫണ്ടിൽനിന്ന് നൽകുന്നതിനുള്ള അനുവാദം കൊടുക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുന്ന ബിൽ വളരെ ചെറുതാണ്. കെ.എസ്.ആർ.ടി.സി. ടിക്കറ്റിനെക്കാൾ കുറച്ചുമാത്രം വലിപ്പമുള്ള ഒരു ഇലക്ട്രോണിക് ബില്ലാണ്. പലപ്പോഴും ആളുകൾക്ക് അതുകണ്ടാൽ ഏതാണ് തീയതിയെന്നുപോലും അറിയാൻ സാധിക്കാത്ത ഒരവസ്ഥയാണ്. നേരത്തെ കയ്യെഴുത്ത് ബിൽ കൊടുത്തിരുന്ന സമയത്ത് കുറച്ച് വലിയ ബില്ലാണ് കൊടുത്തിരുന്നത്. അതുകൊണ്ട് ഈ ചെറിയ ബില്ലിൽ കുറച്ചു മാറ്റംവരുത്തി ആളുകൾക്ക് മനസ്സിലാകുന്ന തരത്തിലുള്ള ബില്ലാക്കി മാറ്റാൻ സാധിക്കുമോ യെന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മൾ സ്പോട്ട് ബില്ലിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ നൽകുന്ന ബില്ലാണ് ചെറിയ ബിൽ. അദ്ദേഹം പറഞ്ഞതുപോലെ അത്ര ചെറുതാണോ എന്നെനിക്കറിയില്ല. ഏതായാലും പരിശോധിച്ചു നോക്കാം. ബില്ലിന്റെ വലിപ്പമല്ല, അതിന്റെ ഉള്ളടക്കമാണ് പ്രധാനം. അതിലെ തുകയാണ് പ്രശ്നം. സ്പോട്ട് ബില്ലിംഗ് മെഷീൻ എന്നത് കൈയ്യിൽ കൊണ്ടു നടക്കാവുന്ന ചെറിയ മെഷീനാണ്. അതിനനുസരണമായിട്ടുള്ള ബില്ലല്ലേ അതിൽ നിന്നും എടുക്കാൻ സാധിക്കുകയുള്ളൂ. അക്കാര്യം പരിശോധിക്കാം.

ശ്രീ. റോജി എം. ജോൺ: സർ, ഇപ്പോൾ നിലവിലുള്ള സംവിധാനമനുസരിച്ച് വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥർ വീടുകളിൽ ചെന്ന് മീറ്റർ റീഡിംഗ് നോക്കിയിട്ട് ബിൽ കൊടുക്കുകയാണ് ചെയ്യുന്നത്. എല്ലാ ഉണഭോക്താക്കളുടെ ഭവനങ്ങളിലും വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥർ എത്തിച്ചേരുന്നുണ്ട്. അപ്പോൾ അവർ ക്യാഷ് കളക്ട് ചെയ്യാൻ, അവരെ കളക്ഷൻ ഏജന്റുമാർകൂടി ആക്കി മാറ്റുന്ന ഒരു സംവിധാനത്തെ കുറിച്ച് ആലോചിക്കാൻ സാധിക്കുമോ; അതുപോലെ Paytm പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ടും മൊബൈൽ ഡെബിറ്റുവഴിയും ഇത്തരത്തിലുള്ള പേയ്മെന്റ് നടത്താനാവശ്യമായ സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നല്ലൊരു ആശയമാണ് അദ്ദേഹം പറഞ്ഞത്. അത് നമ്മുടെ ആലോചനയിലുള്ളൊരു കാര്യം തന്നെയാണ്. അക്കാര്യത്തെ സംബന്ധിച്ച് തൊഴിലാളികളുമായും തൊഴിലാളി സംഘടനകളുമായുമെല്ലാം കൂടിയാലോചിക്കേണ്ടതായിട്ടുണ്ട്. സ്പോട്ട് ബില്ലിംഗിനായി സ്പോട്ടിൽ എത്തുന്ന

സമയത്തുതന്നെ പണം വാങ്ങുന്ന കാര്യത്തെ സംബന്ധിച്ച് എല്ലാവരുമായി ആലോചിച്ച് ജനറലായി ഒരു consensus ഉണ്ടാക്കിയാൽ മാത്രമേ നമുക്കത് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. അദ്ദേഹം പറഞ്ഞ മറ്റു കാര്യങ്ങൾ ഞാൻ നേരത്തേ മറുപടിയിൽ പറഞ്ഞിട്ടുള്ളതാണ്. എല്ലാ സംവിധാനങ്ങളും ഉപയോഗ പ്പെടുത്തി പണം ഈടാക്കുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് വീടുകൾക്ക് നമ്പർ കിട്ടിയില്ലെങ്കിലും വൈദ്യുതി കണക്ഷൻ കൊടുക്കണമെന്ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടും പല സ്ഥലങ്ങളിലും ഉദ്യോഗസ്ഥർ കണക്ഷൻ കൊടുക്കാൻ തയ്യാറാകുന്നില്ല. ഇപ്പോൾ എം.എൽ.എ. ഫണ്ടിൽനിന്ന് വൈദ്യുതി കണക്ഷനുവേണ്ടിയുള്ള ഫണ്ട് അനുവദിച്ച് പോസ്റ്റ് ഇടുന്നതിനും മറ്റുമായി ചെല്ലുമ്പോൾ അവർ വീടിന്റെ നമ്പർ ചോദിക്കുന്നുണ്ട്. പല സ്ഥലത്തും കണക്ഷൻ തരാൻ കഴിയില്ലെന്നുള്ള നിലപാടാണ് എടുക്കുന്നത്. അതിനെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ കൊടുക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, രണ്ട് തരത്തിലുള്ള തീരുമാനം സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിൽ ഒന്നാമത്തെ തീരുമാനം 150 സ്ക്വയർ മീറ്റർ വരെ വ്യാപ്തിയുള്ള ഭവനങ്ങൾക്ക് അത് അധികൃതമാണോ അനധികൃതമാണോ എന്ന് പരിഗണിക്കാതെ താൽക്കാലിക നമ്പർ കൊടുത്ത് വൈദ്യുതീകരണം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ള ഒരു ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പ് നൽകിയതായി വകുപ്പുമന്ത്രി തന്നെ കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞതാണ്. അനധികൃതമാണോ അധികൃതമാണോ എന്നൊന്നും നോക്കാതെ വൈദ്യുതി ആവശ്യപ്പെടുന്ന മുഴുവൻ ആളുകൾക്കും, അവർ പുറമ്പോക്കിൽ താമസിക്കുന്നവരായാലും വൈദ്യുതി കൊടുക്കണമെന്ന് വൈദ്യുതി വകുപ്പിൽ നിന്നും പവർ സെക്രട്ടറിയും ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ രണ്ട് ഉത്തരവുകളും പാലിക്കാത്ത ഏതെങ്കിലും ഉദ്യോഗസ്ഥരുണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സമ്പൂർണ്ണ വൈദ്യുതീകരണം എന്നത് സ്വാഗതാർഹമാണ്. വയനാട് ജില്ലയിൽ പട്ടികവർഗ്ഗ കുടുംബങ്ങളിലാണ് കൂടുതലും വൈദ്യുതി കണക്ഷനില്ലാത്തത്. ഇവർ ഉൾവനങ്ങളിലാണ് താമസിക്കുന്നത്. ഇവർക്ക് വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടിയുമായി ബോർഡ് മുന്നോട്ട് പോകുമ്പോൾ അതിന് തടസ്സം നിൽക്കുന്നത് ഫോറസ്റ്റ് ഉദ്യോഗസ്ഥരാണ്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുമായി ചർച്ച ചെയ്ത് ഇത്തരം കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എന്റെ മണ്ഡലത്തിൽത്തന്നെ

ഏതാണ്ട് 4,800-ഓളം കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാനുണ്ട്. അതിന്റെ എല്ലാ റിപ്പോർട്ടും ഡിപ്പാർട്ട്മെന്റിൽ തയ്യാറായിരിക്കുകയാണ്. കോർപ്പസ് ഫണ്ടും എം.എൽ.എ.യുടെ അസറ്റ് ഫണ്ടുമൊക്കെ ഉപയോഗിച്ചുകൊണ്ട് അത് ചെയ്യാൻ കഴിയും. പക്ഷേ ഈ ഒരു തടസ്സം നീക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇക്കാര്യത്തിൽ ഒന്നിലധികം തവണ കൂടിയാലോചനകൾ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായും വനം വകുപ്പ് ഉദ്യോഗസ്ഥരുമായും കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. തടസ്സങ്ങൾ നീക്കി എല്ലാവർക്കും വൈദ്യുതി കൊടുക്കുക എന്നുള്ളത് തന്നെയാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## മുദ്രപ്പത്രനിരക്ക്

3 (*783) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ മുദ്രപ്പത്രനിരക്ക് കുറയ്ക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) മുദ്രപ്പത്രനിരക്കിലെ കുറവ് നിശ്ചിതപരിധിക്ക് താഴെയുള്ള ഇടപാടുകാർക്ക് മാത്രമായി പരിമിതപ്പെടുത്തുമോ; എങ്കിൽ പരിധി എത്രയാണെന്ന് അറിയിക്കുമോ;

(സി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രത്തിന്റെ മുദ്രപ്പത്രനിരക്ക് ഉയർത്തിയ കാലയളവിൽ, കാര്യമായ പുരോഗതി പ്രസ്തുത ഇനത്തിലെ വരുമാനത്തിൽ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം, എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഫിനാൻസ് ബില്ലിലൂടെ വരുത്തിയ വർദ്ധനവ് പരിഹരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുടുംബങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് മൂന്ന് ശതമാനത്തിൽനിന്നും ഒരു ശതമാനമായും ദാനം, ധനനിശ്ചയം എന്നിവയുടെ നിരക്ക് മൂന്ന് ശതമാനത്തിൽനിന്നും രണ്ട് ശതമാനമായും കുറവ് വരുത്തിക്കൊണ്ടാണ് ഫിനാൻസ്

ബിൽ 7-11-2016-ൽ നിയമസഭ പാസ്സാക്കിയിട്ടുള്ളത്. അതോടൊപ്പം മേൽപ്പറഞ്ഞ നാല് ആധാരങ്ങൾക്കും പരമാവധി 1,000 രൂപ എന്ന പരിധിയും പുനഃസ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പരമാവധി 1,000 രൂപ എന്ന പരിധി 5 ഏക്കറിൽ കൂടുതലുള്ള കൈമാറ്റങ്ങൾക്ക് ബാധകമല്ല.

(ബി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ പരമാവധി സ്റ്റാമ്പ് ഡ്യൂട്ടി 1,000 രൂപ എന്ന പരിധി 5 ഏക്കറിൽ താഴെയുള്ള കൈമാറ്റങ്ങൾക്കുമാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

(സി) ഭാഗപത്രത്തിന്റെ മുദ്രപ്പത്രനിരക്ക് ഉയർത്തിയ കാലയളവിൽ ആധാരങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ശ്രീ. എൽദോ എബ്രഹാം: സർ, ഭൂമിയുടെ ഫെയർ വാല്യു നിശ്ചയിച്ചതിലുള്ള അപാകത വളരെ ഗുരുതരമായ ഒരു പ്രശ്നമായി നിലനിൽക്കുകയാണ്. വഴിയുള്ള സ്ഥലത്തിനും വഴിയില്ലാത്ത ഭൂമിക്കും ഒരേവിലയാണ്. റോഡിന്റെ ഒരു വശത്ത് ഒരു വിലയും അതേ റോഡിന്റെ മറു വശത്ത് മറ്റൊരു വിലയുമാണ്. സമാന സ്വഭാവമുള്ള ഭൂമിക്ക് ഒരിടത്ത് 50,000 രൂപയാണ് ഫെയർ വാല്യുവെങ്കിൽ തൊട്ടു ചേർന്നുള്ള സ്ഥലത്ത് 5,000 രൂപയാണ്. ഇക്കാര്യം പരിഹരിക്കാൻ, ഫെയർ വാല്യുവിന്റെ കാര്യത്തിൽ ഒരു പുനർനിർണ്ണയത്തിന് സർക്കാർ തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിലും പൊതുവിൽ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ന്യായവില മാർക്കറ്റ് വിലയേക്കാൾ വളരെ കുറവാണെന്നുള്ളതാണ് സർക്കാർ നടത്തിയിട്ടുള്ള അന്വേഷണത്തിൽനിന്നും വെളിവായിട്ടുള്ളത്. ഒറ്റപ്പെട്ട ചില കേസുകൾ കാണിക്കാൻ പറ്റിയേക്കും. പക്ഷേ പൊതുവിൽ അങ്ങനെയല്ല. എങ്കിലും ഈ അപാകതകൾ തിരുത്തുന്നതിന് ഇപ്പോൾതന്നെ ചില നിയമവ്യവസ്ഥകളുണ്ട്. ആ നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് വേണ്ട മാറ്റങ്ങൾ വരുത്താവുന്നതേയുള്ളൂ.

ശ്രീ. എൽദോ എബ്രഹാം: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നിർവ്വഹണത്തിന്റെ സജീവമായ പ്രവർത്തനം ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് നടക്കുന്നത്. ഈ സന്ദർഭങ്ങളിൽ ഭവനനിർമ്മാണം, വീട് മെയിന്റനൻസ് തുടങ്ങിയ ചെറിയ ആനുകൂല്യങ്ങൾക്ക് 100 രൂപയുടെ മുദ്രപ്പത്രം വാങ്ങുവാൻ വെണ്ടർമാരുടെ അടുത്ത് ചെന്നാൽ പത്രങ്ങളുടെ വലിയ തോതിലുള്ള ക്ഷാമം കണ്ടുവരാറുണ്ട്. മാത്രമല്ല ആ ഘട്ടത്തിൽ 100 രൂപയുടെ പത്രം 500 രൂപയ്ക്കും, 1000 രൂപയ്ക്കുമൊക്കെ ബ്ലാക്കിൽ കൊടുക്കുന്ന ഒരു സ്ഥിതിവിശേഷം കണ്ടുവരുന്നുണ്ട്. ആയതിനാൽ ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ കണ്ടുവരുന്ന മുദ്രപ്പത്രത്തിന്റെ ഷോർട്ടേജ് പരിഹരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോഴാണ് എന്റെ ശ്രദ്ധയിൽപ്പെടുന്നത്. തീർച്ചയായിട്ടും അത് പരിശോധിച്ച്, പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അങ്ങ് നിയമസഭയിൽ പ്രഖ്യാപിച്ചതുവഴി ഈ ചോദ്യത്തിന് പ്രസക്തി ചെറുതായി കുറഞ്ഞിട്ടുണ്ട്. കേരളത്തിൽ പട്ടണ പ്രദേശത്തുള്ള 5 സെന്റ് ഭൂമിയുടെ വില 5 ഏക്കർ വയലിന് ഇന്നില്ല. മക്കൾക്കോ, അല്ലെങ്കിൽ ഏറ്റവുമടുത്ത ആളുകൾക്കോ ഭാഗപത്രം വഴിയോ, മറ്റോ 5 ഏക്കറിൽ കൂടുതലുള്ള വയൽ കൃഷിക്ക് കൈമാറ്റം ചെയ്യാൻ സാധിക്കുമോ; വയൽ നിലനിർത്താനുള്ള ഗവൺമെന്റിന്റെ സന്ദേശത്തിന്റെ ഭാഗം കൂടിയാണിത്. അത് അങ്ങ് പരിഗണിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മൾ ഫിനാൻസ് ആക്ട് പാസ്സാക്കിക്കഴിഞ്ഞു, 5 ഏക്കർ എന്നു പറയുമ്പോൾ 95 ശതമാനത്തിനു മുകളിലുള്ള ഭൂഇടപാടുകളൊക്കെ അതിനു താഴെവരും. അതിനു മുകളിൽ വരുന്നത് ഇത്രയേ ഉള്ളൂ. വയൽ പോലും 5 ഏക്കറിൽ കൂടുതലൊന്നും ആർക്കും ഇപ്പോൾ ഇല്ല. അത് നമുക്ക് പിന്നീട് ആലോചിക്കാം. പക്ഷേ ഇപ്പോൾ 95 ശതമാനം ട്രാൻസ്ക്ഷനും 5 ഏക്കറിൽ താഴെയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രത്തിന് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിയ ഗവൺമെന്റ് നടപടി ഏറെ ആശ്വാസകരവും, അഭിനന്ദനാർഹവുമാണ്. എന്നാൽ ബാങ്കിൽ നിന്ന് പർച്ചേസ് ലോൺ എടുക്കുമ്പോൾ കരാർ രജിസ്ട്രേഷൻ നിലവിലുള്ളതുമൂലം എസ്.ബി.ടി. ഉൾപ്പെടെയുള്ള ബാങ്കുകൾ കരാർ രജിസ്ട്രേഷന്റെ രേഖകൾ ചോദിക്കുകയാണ്. കടമെടുക്കുന്ന ആളുകൾക്ക് ഒരു വലിയ സംഖ്യ ഇതുമൂലം നഷ്ടപ്പെടുകയാണ്. അതിൽ ഇടപെടാൻ ഗവൺമെന്റിന് വല്ല ഉദ്ദേശവുമുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അക്കാര്യം പരിശോധിക്കാം. ഇതുവരെ സർക്കാർ ആ രീതിയിൽ പരിശോധിച്ചിട്ടില്ല. പരിശോധിച്ചശേഷം വേണമെങ്കിൽ സഭയിൽ പിന്നീട് പറയാം.

ശ്രീ. കെ. രാജൻ: സർ, ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം തുടങ്ങിയ കാര്യങ്ങളിൽ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ പ്രഖ്യാപിച്ച വർദ്ധനവ് പിൻവലിച്ച നടപടി പൊതുവേ ശ്ലാഘനീയമാണ്. കേരളത്തിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന്റെ എണ്ണവും, രജിസ്ട്രേഷൻ വഴി സമാഹരിക്കുന്ന തുകയും സമീപകാലത്തായി തീരെ വർദ്ധിച്ചിട്ടില്ല. അതിന്റെ കണക്ക് എടുത്ത് പരിശോധിക്കുമ്പോൾ ഈ

രംഗത്ത് ഒരു സ്റ്റാഗ്നേഷൻ നിലനിൽക്കുന്നുണ്ടോ എന്നൊരു സംശയമുണ്ട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇങ്ങനെയൊരു സ്റ്റാഗ്നേഷൻ ഉണ്ടാകുന്നതിന് ഏതെങ്കിലും തരത്തിലുള്ള പ്രത്യേകമായ കാരണങ്ങൾ ഉണ്ടെങ്കിൽ അത് വിശദീകരിക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മുടെ നാട്ടിൽ ഭൂമിയുടെ വില നിർണ്ണയിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം ഗൾഫ് പണമാണ്. കാരണം വളരെ സുരക്ഷിതമായിട്ടുള്ള നിക്ഷേപമെന്ന രീതിയിൽ ഗൾഫ് പണത്തിന്റെ പ്രധാനപ്പെട്ട നിക്ഷേപ മേഖല ഭൂമിയാണ്. അതുകാരണം ഭൂമിവില മോഹവിലയുടെ അടിസ്ഥാനത്തിൽ ഉയർന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒന്നു രണ്ടു വർഷമായി ഗൾഫിൽനിന്നുള്ള വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. ഈ വർഷം അത് മുൻവർഷത്തേക്കാൾ കുറയുമെന്നും ചിലർ പറയുന്നു. കുറഞ്ഞില്ലെങ്കിലും ഇതിൽ എന്തോ കുറവ് വരാൻ പോകുന്നു എന്നുള്ള ചിന്ത നമ്മുടെ റിയൽ എസ്റ്റേറ്റ് മേഖലയെ വളരെ തണുപ്പിച്ചിട്ടുണ്ട്. ഇടപാടുകൾ കുറയുന്നത് രജിസ്ട്രേഷൻ വരുമാനത്തെ ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു മൂന്ന് വർഷക്കാലമായി ഇത് വളരെ പ്രകടമാണ്. അതിൽ നിന്നൊരു മാറ്റം ഇപ്പോഴും കാണുന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ ചോദ്യത്തിന്റെ പ്രസക്തിയെന്ന് പറയുന്നത് നമ്മൾ ഒരു പുതിയ നിയമം പാസ്സാക്കിയതുമായി ബന്ധപ്പെട്ടാണ്. അതിലൊരു സംശയമാണ് ഞാൻ ചോദിക്കുന്നത്. 5 ഏക്കർ വരെയുള്ള ഭൂമിക്ക് നികുതി ഒഴിവാക്കിക്കൊടുക്കുകയും, 5 ഏക്കറിന് മുകളിലുള്ളതിന് പുതിയ നികുതി ബാധകമാക്കുകയും ചെയ്യുകയാണ്. ഇപ്പോൾ ഒരു കുടുംബത്തിന് 15 ഏക്കർ ഭൂമിയുണ്ട്, അച്ഛനും അമ്മയും മരണപ്പെട്ടുപോയി, കുട്ടികൾ തമ്മിൽ ഭാഗം ചെയ്യണം, ഇവർ ഇത് 3 തവണയായിട്ട് 5 ഏക്കർ വീതം ഭാഗം വെച്ചാൽ എങ്ങനെയാണ് ഇതിനെ ബാധിക്കുക എന്നുള്ളതാണ് എന്റെ ചോദ്യം. നികുതി നഷ്ടവും നോക്കണമല്ലോ, അപ്പോൾ ഒരു പത്രത്തിന് 5 ഏക്കറാണെന്നുള്ളതാണോ, അതോ ആ കുടുംബത്തിന് 5 ഏക്കറിൽ കൂടുതലുണ്ടെന്നുള്ളതാണോ നമ്മൾ ഇവിടെ കണക്കിലെടുക്കുക ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അവരുടെ ഭൂമിയാണ് കണക്കിലെടുക്കുക. കൈമാറ്റത്തിന് വിധേയമാകുന്ന ഭൂമിയിൽ നിന്ന് ഒരു ഏക്കർ മാത്രമേ കൈമാറ്റം ചെയ്യുന്നുള്ളൂവെങ്കിൽ ബാധകമല്ല. നിങ്ങൾ മൂന്ന് പേർക്ക് വീതിക്കുന്നു, ഒരോരുത്തർക്ക് കിട്ടുന്ന ഭൂമിയല്ല, വീതം വയ്ക്കുന്ന ഭൂമിയുടെ വലിപ്പമാണ് കണക്കിലെടുക്കുന്നത്. അതിന്റെ പ്രയാസവും കാര്യങ്ങളുമൊക്കെ നിങ്ങൾ പറയുന്നത് ശരിയായിരിക്കാം. നമുക്ക് നികുതിയോ കാര്യങ്ങളോ ഇല്ലെങ്കിൽ വളരെ സുഖകരമായിട്ടുള്ള സ്ഥിതിവിശേഷമാണ്. ആർക്കും ഒരു അസുഖമോ, പ്രശ്നങ്ങളോ

ഇല്ല, പക്ഷേ സർക്കാരിന് വരുമാനം കൂടിയേ തീരൂ. അതിന് ഞാൻ സ്വീകരിക്കുന്ന സമീപനമെന്താണെന്ന് ഇവിടെ ആക്ടിന്റെ ചർച്ചയിൽ പറഞ്ഞിട്ടുണ്ട്. സഭയിലുള്ള പൊതുവികാരം, ജനങ്ങളുടെ നിലപാട് കണക്കിലെടുത്തുകൊണ്ട് സർക്കാർ 5 ഏക്കറിന് മുകളിൽ മാത്രം 1000 രൂപയുടെ ലിമിറ്റ് എടുത്തു മാറ്റി. 5 എക്കർ അല്ല 100 ഏക്കർ ആയാലും അതിന് 1000 രൂപ മതി എന്ന നിലപാട് ഈ സഭയിൽ ആരെങ്കിലും സ്വീകരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഇപ്പോൾ ന്യായമായ രീതിയിൽ സഭയുടെ വികാരത്തെ സർക്കാർ ഉൾക്കൊണ്ടിരിക്കുന്നു.

## ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ

4 (*784) ശ്രീ.എം. മുകേഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഉത്സവകാലത്ത് ശബരിമല തീർത്ഥാടനം സുഗമമാക്കാനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണ്;

(ബി) ശബരിമലയിൽ കുപ്പിവെള്ള നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ദാഹജലം ആവശ്യാനുസരണം നൽകാനായി ബദൽ സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോ;

(സി) തിരക്ക് ക്രമീകരിക്കാനും മലിനീകരണം ഇല്ലാതാക്കാനുമായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിന് വിപുലമായ ക്രമീകരണങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്. കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി 132 കിയോസ്കുകൾ സജ്ജമാക്കിയിട്ടുണ്ട്. തീർത്ഥാടകർക്ക് അടിയന്തര വൈദ്യസഹായത്തിനായി സന്നിധാനത്തും പമ്പയിലും മറ്റു പ്രധാന കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രി സംവിധാനം ഒരുക്കിയിട്ടുണ്ട്. വിരി വയ്ക്കുന്നതിന് ഇടത്താവളങ്ങളിലും സന്നിധാനത്തും മതിയായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. സന്നിധാനത്തേയ്ക്കുള്ള റോഡുകളുടെ പണികൾ പൂർത്തിയായിട്ടുണ്ട്. അനുബന്ധ റോഡുകളുടെ പണികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. സുരക്ഷാ മുൻകരുതലുകൾ എന്ന നിലയ്ക്ക് ഒരുക്കിയിട്ടുള്ള സി.സി.ടി.വി. ക്യാമറകളും മെറ്റൽ ഡിറ്റക്ടറുകളും നവംബർ 15 മുതൽ പ്രവർത്തനസജ്ജമാകും. പമ്പയിലും

സന്നിധാനത്തും ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ട്. രണ്ടു കൺട്രോൾ റൂമുകൾ തുടങ്ങിയിട്ടുണ്ട്, അപ്പം, അരവണ എന്നിവയുടെ നിർവിഘ്ന ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. നെയ്യഭിഷേകത്തിന് പുതിയ നെയ്ത്തോണി സജ്ജീകരിച്ചിട്ടുണ്ട്. ഗതാഗത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ പ്രത്യേക സർവ്വീസുകൾ നവംബർ 14 മുതൽ ആരംഭിക്കും. ചെങ്ങന്നൂരിൽ നിന്നും പമ്പ വരെ ശബരി നോൺസ്റ്റോപ്പ് ബസ് സർവ്വീസ് കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നുണ്ട്. പ്രധാന കേന്ദ്രങ്ങളിൽ കെ.എസ്.ആർ.ടി.സി. പ്രത്യേക സർവ്വീസുകൾ നടത്തുന്നതാണ്. ഡോക്ടർമാരും മറ്റു പാരാമെഡിക്കൽ സ്റ്റാഫുകളുമുൾപ്പെടെയുള്ള താൽക്കാലിക ഡിസ്പെൻസറികൾ നവംബർ 1 മുതൽ സജ്ജമാക്കിക്കഴിഞ്ഞു.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശബരിമലയിലും പമ്പയിലും കുപ്പിവെള്ളം നിരോധിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ ആവശ്യാനുസരണം കുടിവെള്ള കിയോസ്കുകളും സ്ഥാപിച്ചിട്ടുണ്ട്.

(സി) ശബരിമലയിൽ നിലവിലുള്ള ക്യൂ കോംപ്ലക്സ് സംവിധാനം പോലീസിന്റെ നിയന്ത്രണത്തോടെ കൂടുതൽ ശക്തമാക്കി തിരക്ക് ക്രമീകരിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

<u>ശ്രീ. എം. മുകേഷ്</u>: സർ, വിരിവയ്ക്കുന്നതിന് ഇടത്താവളങ്ങളിലും, സന്നിധാനത്തും മതിയായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നാണ് പറഞ്ഞത്. എന്നാൽ തീർത്ഥാടകർക്ക് വഴിമദ്ധ്യേ വിശ്രമിക്കുന്നതിനും, പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി നിർമ്മിച്ചിട്ടുള്ള ക്യൂ കോംപ്ലക്സുകൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അങ്ങനെയാണെങ്കിൽ വിശ്രമിക്കുന്നതിനും, പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും സഹായകരമായ വിധത്തിൽ ഇത് ഫലപ്രദമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ശബരിമലയിൽ നിലവിലുള്ള ക്യൂ കോംപ്ലക്സ് സംവിധാനം പോലീസിന്റെ നിയന്ത്രണത്തോടെ കൂടുതൽ ശക്തമാക്കി തിരക്ക് ക്രമീകരിക്കാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. അവിടെ പ്രാഥമിക സൗകര്യങ്ങൾക്ക് ആവശ്യമായിട്ടുള്ള കാര്യങ്ങളും ചെയ്തിട്ടുണ്ട്. അതുകൂടാതെ ഭക്തർ സഞ്ചരിക്കുന്ന വഴികളിൽ പലയിടങ്ങളിലും പ്രാഥമിക കൃത്യം നിർവ്വഹിക്കുന്നതിന് ആവശ്യമായ താൽക്കാലികവും ആധുനികവുമായിട്ടുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അക്കാര്യങ്ങളിലെല്ലാം വളരെ മെച്ചപ്പെട്ട സേവനം ആളുകൾക്ക് ലഭ്യമാക്കുന്നതരത്തിലാണ് കാര്യങ്ങൾ ചെയ്തിട്ടുള്ളത്.

<u>ശ്രീ. എം. മുകേഷ്</u>: സർ, അപ്പം, അരവണ എന്നിവയുടെ നിർവിഘ്ന ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് പറഞ്ഞു. എന്നാൽ മുൻകാലങ്ങളിൽ പലപ്പോഴും അപ്പത്തിനും അരവണയ്ക്കും ഉണ്ടായ ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ ഭക്തർക്ക് തടസ്സമില്ലാതെ അപ്പവും അരവണയും ലഭ്യമാക്കുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളത്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, മുൻകാലങ്ങളിൽ അപ്പവും അരവണയും ഭക്തർക്ക് ആവശ്യത്തിന് ലഭ്യമാകുന്നില്ലെന്ന പരാതി ഉണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിൽ ഇപ്രാവശ്യം കാലേക്കൂട്ടി അപ്പം, അരവണ നിർമ്മാണവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡും ഗവൺമെന്റും കൂട്ടായി ആലോചിച്ചിരുന്നു. ദേവസ്വം മന്ത്രിതന്നെ നേരിട്ട് അപ്പം, അരവണ നിർമ്മാണ യൂണിറ്റുകൾ സന്ദർശിച്ചിരുന്നു. ഒരേ സമയം 40 ലക്ഷം ടൺ അപ്പവും അരവണയും കരുതി വയ്ക്കത്തക്ക രീതിയിലുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടാണ് നിർവിഘ്ന ലഭ്യത ഇപ്രാവശ്യം ഉറപ്പാക്കിയിട്ടുണ്ടെന്ന് പറഞ്ഞത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ദേവസ്വം വകുപ്പുമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയെല്ലാം നേതൃത്വത്തിൽ ഇതിനുമുമ്പ് ഉണ്ടാകാത്ത രീതിയിൽ നല്ല മുന്നൊരുക്കങ്ങളാണ് ഇപ്രാവശ്യം ശബരിമലയിൽ നടത്തിയിട്ടുള്ളത്. ഇവിടെയുള്ള റോഡുകളുടെ പണി ഒക്ടോബർ 31-നകംതന്നെ തീർന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശിക്കാത്ത കുറച്ച് അനുബന്ധ റോഡുകൾ ശബരിമലയുമായും എരുമേലിയുമായും ചേർന്ന് കടന്നുപോകുന്നുണ്ട്. ആ റോഡുകൾക്കുള്ള ഫണ്ട് ലഭ്യമായിട്ടില്ല. അത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, കഴിഞ്ഞ യോഗത്തിൽ അക്കാര്യം പരാമർശിച്ചിരുന്നതാണ്. അനുബന്ധ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി, യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശമാണ് കഴിഞ്ഞ യോഗത്തിൽ നൽകിയിട്ടുള്ളത്. അത് പുരോഗമിക്കുന്നുണ്ടെന്നാണ് പറയാനുള്ളത്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : സർ, ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് നടത്തിയിട്ടുള്ള ശ്ലാഘനീയമായ പ്രവർത്തനങ്ങളുടെ ഭാഗമായി ചെങ്ങന്നൂരിൽ ദേവസ്വം വകുപ്പുമന്ത്രി വന്ന് ഉദ്യോഗസ്ഥരെ വിളിച്ചുകൂട്ടി ലക്ഷക്കണക്കിന് അയ്യപ്പഭക്തർ വന്നെത്തുന്ന ആ പ്രദേശത്തെ പ്രശ്നങ്ങളെപ്പറ്റി ചർച്ച നടത്തിയതടക്കമുള്ള പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. ശബരിമല തീർത്ഥാടന കാലത്ത് ഏകദേശം പത്തുലക്ഷത്തോളം തീർത്ഥാടകർ വന്നെത്തുന്ന ചെങ്ങന്നൂരിനെ കേന്ദ്രഗവൺമെന്റ് 'ഗേറ്റ് വേ ഓഫ് ശബരിമലയെന്ന് പ്രഖ്യാപിച്ചതായി വർഷങ്ങളായി പ്രചരണം നടക്കുന്നുണ്ട്. അങ്ങനെ പ്രഖ്യാപിച്ച സ്ഥലത്തിനായി

സഹായം അനുവദിക്കുമെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ വക്താക്കൾ പറയുന്നത്. അത്തരത്തിൽ 'ഗേറ്റ് വേ ഓഫ് ശബരിമലയായി പ്രഖ്യാപിച്ച ചെങ്ങന്നൂരിന് എന്തെങ്കിലും സഹായം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുണ്ടോ; അങ്ങനെ ലഭിച്ചിട്ടുണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങളാണെന്ന് വിശദമാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ചെങ്ങന്നൂരിന് പ്രത്യേകമായ സഹായമൊന്നും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടില്ല. 'ഗേറ്റ് വേ ഓഫ് ശബരിമലയെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു സഹായവും ലഭിച്ചിട്ടില്ല. ചെങ്ങന്നൂരിൽ മണ്ഡലം മകരവിളക്ക് കാലത്ത് എത്തിച്ചേരുന്ന തീർത്ഥാടകർക്കുവേണ്ട എല്ലാ സൗകര്യങ്ങളും ഗവൺമെന്റ് മുൻകയ്യെടുത്ത് ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ പദ്ധതികളായ അമ്പലങ്ങളുടെ പുനരുദ്ധാരണവും വികസനവുമായി ബന്ധപ്പെട്ട പദ്ധതികളിൽ ചെങ്ങന്നൂരിനേയും ഉൾപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. ബി. സത്യൻ: സർ, ജാതി പരിഗണനകൾ കൂടാതെ നിയമനങ്ങൾ നടത്തണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശം നിലനിൽക്കവേ ദേവസ്വം ബോർഡ്, ശബരിമലയിലേയും മാളികപ്പുറത്തേയും ശാന്തി നിയമനത്തിൽ അബ്രാഹ്മണർ പാടില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ഇറക്കിയ ഉത്തരവ് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ശബരിമലയിലേയും മാളികപ്പുറത്തേയും ശാന്തിമാരുടെ നിയമനത്തിൽ അബ്രാഹ്മണർ അപേക്ഷ കൊടുക്കുകയും അത് തിരസ്കരിക്കുകയും ശാന്തി നിയമനത്തിന് ബ്രാഹ്മണർതന്നെ വേണമെന്ന് നിഷ്കർഷിക്കുകയും ചെയ്ത വസ്തുത പ്രധാനപ്പെട്ട മാധ്യമങ്ങളിൽ വാർത്തയായിവന്നിട്ടുണ്ട്. ശബരിമലയുൾപ്പെടെയുള്ള തീർത്ഥാടനകേന്ദ്രങ്ങളിൽ ദേവസ്വം ബോർഡ് സ്വീകരിക്കുന്ന ഇത്തരം തീരുമാനം പുന:പരിശോധിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശബരിമലയിലേയും മാളികപ്പുറത്തേയും ശാന്തി നിയമനങ്ങളിൽ ദീർഘകാലമായി തുടരുന്ന സമ്പ്രദായങ്ങളും രീതികളുമാണ് ഇപ്പോഴും നിലനിൽക്കുന്നത്. അതാകെ മാറ്റിമറിക്കാനൊന്നും ഗവൺമെന്റ് ആലോചിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഗൗരവമായ സാമൂഹിക പ്രശ്നംതന്നെയാണ്.അത് ചർച്ചയ്ക്ക് വിധേയമാക്കേണ്ടതും ആലോചിക്കാവുന്നതുമാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ശബരിമലയുടെ മൂലസ്ഥാനമായ പന്തളം എന്റെ മണ്ഡലത്തിലാണ്. ശബരിമലയിൽ വരുന്ന ബഹുഭൂരിപക്ഷം ഭക്തരും പന്തളം സന്ദർശിച്ചിട്ടാണ് തിരികെ പോകുന്നത്. അവിടെ അങ്ങ് പങ്കെടുത്ത യോഗത്തിൽ ശബരിമലയുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി ആലോചിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തതാണ്. ശബരിമല തീർത്ഥാടനകാലത്ത്

കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് അങ്ങും ഗതാഗത വകുപ്പുമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കണം. ശബരിമലയുടെ സ്പെഷ്യൽ സോണായി അടൂരിനെ പ്രഖ്യാപിച്ചത് കഴിഞ്ഞ വർഷം ക്യാൻസൽ ചെയ്യുകയും ഇപ്പോൾ പുനഃസ്ഥാപിക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ ആലോചനായോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അടിയന്തര യോഗം ചേരണം. മേജർ ഇറിഗേഷനുമായി ബന്ധപ്പെട്ട് അച്ചൻ കോവിലാറിൽ കമ്പിവേലി നിർമ്മിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും ഇതുവരെ ചെയ്തിട്ടില്ല. അതുകൊണ്ട് അടിന്തരമായി പ്രസ്തുത കാര്യങ്ങൾ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി എല്ലാ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യത്തേക്കാൾ കൂടുതൽ സർവ്വീസുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്പെഷ്യലായി ഒരു നോൺസ്റ്റോപ്പ് സർവ്വീസുകൂടി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. സാദ്ധ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കും. കുളിക്കടവിൽ എല്ലായിടത്തും അപകട സൂചന നൽകുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും പ്രത്യേക സുരക്ഷാഭടൻമാരെ വിന്യസിക്കാനും ചില സ്ഥലങ്ങളിൽ വേലി കെട്ടി മറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. എവിടെയെങ്കിലും എന്തെങ്കിലും കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനുള്ള ക്രമീകരണങ്ങളെപ്പറ്റിയാണ് അങ്ങിവിടെ മറുപടി പറഞ്ഞത്. ഇതിനകംതന്നെ യോഗം വിളിച്ചുചേർത്തുവെന്ന് അങ്ങ് സൂചിപ്പിച്ചു. ഒന്നു രണ്ട് യോഗങ്ങൾ വിളിക്കുകയും ചെയ്തിരുന്നു. ഇവിടെ നടത്തിയ യോഗത്തെപ്പറ്റി ഞങ്ങൾക്കാർക്കും അറിയിപ്പ് ലഭിച്ചിട്ടില്ല. ഇത് ഞാൻ പരാതിയായി പറയുകയാണെന്ന് അങ്ങ് കരുതേണ്ട. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നമുക്കെപ്പോഴുമുണ്ടാകുന്ന പ്രധാനപ്പെട്ട പ്രശ്നം, തീർത്ഥാടനത്തിന്റെ അവസാന നാളുകളിൽ വാഹനങ്ങൾ കടന്നുവരുമ്പോഴുണ്ടാകുന്ന ഗതാഗത തടസ്സമാണ്. ഗതാഗത തടസ്സം നീക്കാനായി കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും അച്ചൻ കോവിൽ വഴി കടന്നുവരുന്നവർക്ക് 40 കി.മീ. ദൂരം കുറച്ച് യാത്ര ചെയ്ത് ശബരിമലയിൽ എത്താനുള്ള ഒരു പാത ക്രമീകരിച്ചിട്ടുണ്ട്. ആ പാതയിലൂടെ ഒരു സമാന്തര റോഡെന്ന നിലയിൽ പ്ലാപ്പള്ളി, സീതത്തോട്, ചിറ്റാർ, തണ്ണിത്തോട്, കോന്നി വഴിയുള്ള റോഡ് സഞ്ചാരയോഗ്യമാക്കിയാൽ അയ്യപ്പ ഭക്തർക്ക് സൗകര്യപ്രദമായിരിക്കും. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ശബരിമല തീർത്ഥാടനം കുറ്റമറ്റതാക്കുന്നതിനുള്ള നിരവധി യോഗങ്ങൾ വിളിച്ചിട്ടുണ്ടായിരുന്നു. മൂന്ന് പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ദേവസ്വം വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിൽ യോഗങ്ങൾ കൂടിയിരുന്നു. സന്നിധാനത്ത് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ഒരു യോഗവും വിളിച്ചിട്ടുണ്ടായിരുന്നു. യോഗങ്ങളെല്ലാം ഭംഗിയായി നടക്കുകയും അതനുസരിച്ചുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. ഏത് യോഗത്തിന്റെ കാര്യമാണ് ബഹുമാനപ്പെട്ട അംഗത്തിനെ അറിയിക്കാത്തതെന്ന് അറിയില്ല. സാധാരണഗതിയിൽ അങ്ങനെ നടക്കുന്നതല്ല. സമാന്തരമായ റോഡിന്റെ കാര്യം എനിക്കറിയില്ല. അതിനെക്കുറിച്ച് അന്വേഷിച്ച് പറയുന്നതാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, പൊന്നമ്പലമേട്ടിലെ മകരജ്യോതി തെളിയിക്കുന്നതുമായി ബന്ധപ്പെട്ട് ആദിവാസികൾക്കുണ്ടായിരുന്ന അവകാശം പുനഃസ്ഥാപിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. ഒ. രാജഗോപാലും ശ്രീ. പി. സി. ജോർജും ആവശ്യപ്പെടുകയുണ്ടായി. അത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇത് ഗൗരവതരമായ ഒരു പ്രശ്നമാണ്. ഇപ്പോൾ അവിടെ നിലനിൽക്കുന്ന ആചാരവുമായി ബന്ധപ്പെട്ട വിഷയമാണ്. മകര ജ്യോതി കത്തിച്ചിരുന്നത് മലയരയൻമാരാണെന്നുള്ള കാര്യം ഈ അടുത്ത കാലത്താണ് പുറത്ത് വന്നത്. 69 വർഷങ്ങളായി തുടരുന്ന സംവിധാനമാണിപ്പോഴും തുടരുന്നത്. അതാകെ മാറ്റി പഴയ സമ്പ്രദായം പുന:സ്ഥാപിക്കണമെങ്കിൽ ആവശ്യമായ കൂട്ടായ ചർച്ചകൾ നടത്തേണ്ടിയിരിക്കുന്നു. അത്തരം കൂട്ടായ ചർച്ചകളൊന്നും നടന്നിട്ടില്ല.

<u>മി. സ്പീക്കർ</u>: പൊന്നമ്പലമേട്ടിലെ മകരജ്യോതി അത്ഭുത വിളക്കാണെന്ന് വിശ്വസിക്കുന്ന ലക്ഷക്കണക്കിന് ആളുകളുണ്ട്. മകര വിളക്കുതന്നെയല്ലേ മകര ജ്യോതിയെന്ന് പറയുന്നത്?

<u>ശ്രീ. എ.കെ. ബാലൻ</u> : അത് രണ്ടും രണ്ടാണ്. ഇപ്പോൾ പറയുന്നത് മകര വിളക്കിനെപ്പറ്റിയാണ്. മറ്റേത് മകര ജ്യോതിയാണ്.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇപ്പോൾ പറഞ്ഞത് മകര വിളക്കിനെപ്പറ്റിയാണ്. മറ്റേത് അവിടത്തെ ആദിവാസികൾ പരമ്പരാഗതമായി നടത്തിയിരുന്ന ഒരു ആരാധനയാണ്. അതാണ് ജനങ്ങൾക്ക് കൂടുതൽ കാണാൻ കഴിയുന്നത്. അവരുടെ ആ അവകാശമാണ് നിഷേധിച്ചിരിക്കുന്നത്. അതിനുവേണ്ടി അവർ തുടർച്ചയായി സമരം ചെയ്തുകൊണ്ടിരിക്കുകയാണ് എന്നുള്ളതാണ് പ്രശ്നം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 69 വർഷങ്ങൾക്കുമുമ്പ് നിന്നുപോയ ഒരു ആചാരമാണത്. ഏതായാലും വളരെ പ്രധാനപ്പെട്ടതും ആലോചിക്കേണ്ടതുമായ വിഷയം തന്നെയാണ്. അതിനെപ്പറ്റി ആലോചിക്കാം.

മി. സ്പീക്കർ: തിക്കും തിരക്കും ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതിനാവശ്യമായ കാര്യങ്ങളെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നമ്മുടെ സംസ്ഥാനത്ത് ഭീകര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചില സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ശബരിമലയിൽ വലിയ സുരക്ഷാ ഭീഷണി നേരിടുന്ന ഒരു സാഹചര്യമാണ് ഈ വർഷം നിലവിലുള്ളത്. ക്ഷേത്രത്തിനും പരിസരത്തും പഴുതുകളില്ലാത്ത സുരക്ഷാസംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. 2013-ൽ ഇതുസംബന്ധിച്ച് ഒരു സുരക്ഷാ ഓഡിറ്റ് നടത്തിയിരുന്നു. നവംബർ 15-ാം തീയതി നട തുറക്കുന്ന സാഹചര്യത്തിൽ അതിനുമുമ്പ് പ്രത്യേക സുരക്ഷാ ഓഡിറ്റ് നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ? അതോടൊപ്പംതന്നെ ശബരിമല ഒരു പ്രത്യേക സുരക്ഷാ മേഖലയായി പ്രഖ്യാപിച്ച് അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശബരിമല പ്രത്യേക സുരക്ഷാമേഖല തന്നെയാണ്. കുറ്റമറ്റ രീതിയിൽ എല്ലാ പഴുതുകളുമടച്ചുകൊണ്ടുള്ള ഒരു സുരക്ഷാ സംവിധാനങ്ങളാണ് ഈ ഉത്സവകാലത്ത് അവിടെ ഏർപ്പെടുത്തിയിട്ടുള്ളത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിനോദസഞ്ചാര വിപണനം

5 (*785) ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് ടൂറിസം ഗാർഡുകളെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ;

(ബി) കായലുകളും ജലാശയങ്ങളും വെള്ളച്ചാട്ടവും ആസ്വദിക്കുന്നതിനോടൊപ്പം സുരക്ഷിതത്വം ഉറപ്പാക്കേണ്ടതും വിനോദസഞ്ചാര വികസനത്തിന് അനിവാര്യമായ തിനാൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) വിനോദസഞ്ചാര വിപണനത്തിനുള്ള ഏറ്റവും നല്ല ഉപാധി ഇവിടെയെത്തുന്ന വിനോദ സഞ്ചാരികൾക്ക് മികച്ച സേവനവും മാന്യമായ പെരുമാറ്റവും ലഭിക്കുന്നതും വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയായി പരിപാലിക്കുന്നതും ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതുമായതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതിന് നടപടിയെടുക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ) :

(എ) ടൂറിസം സെന്ററുകളിൽ അപകട സാധ്യതയുള്ള മേഖലകളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചുമുള്ള ബോധവത്കരണത്തിനുമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിലും വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അതുകൂടാതെ അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ഇത്തരം സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന്റെ ബ്രോഷറുകളിലും മറ്റ് ആശയ വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസം ഫെസിലിറ്റേഷൻ സെന്ററുകൾ മുഖാന്തരവും ഇതുസംബന്ധിച്ച വിവരങ്ങൾ ടൂറിസ്റ്റുകൾക്ക് നൽകുന്നുണ്ട്.

(ബി) കേരളത്തിലെ പ്രമുഖ കടലോര/കായലോര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികളുടെ സുരക്ഷയ്ക്കായി ടൂറിസം വകുപ്പ് ഉയർന്ന പരിഗണന നൽകുന്നുണ്ട്. പ്രധാന കടലോര മേഖലകളിലെല്ലാം തന്നെ പരിശീലനം നേടിയ ജീവൻ രക്ഷാ പ്രവർത്തകരെ (Life Guards) നിയോഗിച്ചിട്ടുണ്ട്. ആവശ്യകത കണക്കിലെടുത്ത് കൂടുതൽ ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള ലൈഫ് ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കി വരുന്നു. ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് പോലുള്ള സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുകയും അവ ധരിക്കുന്നതിനുള്ള കർശന നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ ആലപ്പുഴയിൽ ഹൗസ് ബോട്ട് ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ഇപ്പോൾ അന്തിമഘട്ടത്തിലാണ്.

(സി) കേരളത്തിലെത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിലേക്കായി വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനും ബോധവൽക്കരണത്തിനുമായി ടൂറിസം വകുപ്പിന് കീഴിൽ ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെയും പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തത്തിലൂടെയും ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം നൽകുന്നതിലൂടെയും വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മാന്യമായ പെരുമാറ്റം, കൂടുതൽ പ്രൊഫഷണൽ സമീപനം എന്നിവ നൽകുവാൻ ടൂറിസം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങളുടെ ചുമതല പ്രധാനമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണെങ്കിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖാന്തരം കുടുംബശ്രീയുമായി സഹകരിച്ച് 'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ' എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ വിവിധ NGO കളുമായി സഹകരിച്ച് മാലിന്യ നിയന്ത്രണ പദ്ധതികളും വകുപ്പ് ഏറ്റെടുത്ത് വരുന്നു. ആലപ്പുഴ, കുമരകം എന്നിവിടങ്ങളിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള ദ്രവ മാലിന്യം സംസ്കരിക്കുന്നതിന് 'Sewage Treatment Plant'-കൾ സ്ഥാപിച്ചിട്ടുണ്ട്. 'ഗ്രീൻ കാർപെറ്റ്' എന്ന പുതിയ പദ്ധതിയിൽ ഇക്കാര്യങ്ങൾക്കെല്ലാം വകുപ്പ് കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്. ടൂറിസം ഡെസ്റ്റിനേഷനുകളിലെ ഗതാഗത സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതിന് ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണം ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്.

**പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ധനസഹായം**

6 (*786) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകി വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ധനസഹായ പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങളും പ്രയോജനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ) :

(എ) ഉണ്ട്.

(ബി) കർഷക സേവന കേന്ദ്രം

കർഷക സേവന കേന്ദ്രങ്ങൾവഴി കർഷകർക്ക് ആധുിക യന്ത്രവൽകൃത കൃഷിരീതികളിൽ പരിശീലനം നേടുന്നതിനും ആയത് പ്രയോജനപ്പെടുത്തി നൂതന കൃഷിരീതികളിലൂടെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു. പോളിഹൗസ്, ഗ്രീൻഹൗസ്, മഴമറ കൃഷി തുടങ്ങിയ ആധുനിക കാർഷിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി കാർഷിക ഉത്പാദനം ഗണ്യമായി ഉയർത്തുന്നതിന് കാർഷിക-ഔഷധ നഴ്സറികൾ സ്ഥാപിച്ച് ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുന്നതിനും മികച്ച നിലവാരമുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുന്നതിനും ഹരിതസേന/ കർഷകസേന എന്നിവ രൂപീകരിച്ച് കാർഷിക ജോലികൾ ഏറ്റെടുത്ത് നടത്തുന്നത് ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആയത് വഴി മികച്ച ഉത്പാദനവും വിപണനം വഴിയുള്ള വരുമാനവും കർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്നു.

ഗോഡൗൺ

കർഷകരിൽ നിന്നും കാർഷികോൽപ്പന്നങ്ങൾ സംഭരിച്ച് സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ആയത് വിപണന കേന്ദ്രങ്ങൾവഴി ഉപഭോക്താക്കൾക്ക് നൽകുന്നതിനും സാധിക്കുന്നു. കർഷകർക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിന് കഴിയുന്നു. ആയതിലൂടെ വിപണിയിൽ ഇടപെടൽ സാധ്യമാകുന്നു. ഗോഡൗണുകൾ പ്രയോജന പ്പെടുത്തുന്നതുവഴി കർഷകർക്ക് ന്യായവിലയും മികച്ച വരുമാനവും ലഭ്യമാകുന്നു.

**പർച്ചേസ് ബില്ലുകൾ ഫെയ്സ്ബുക്ക് വഴി പോസ്റ്റുചെയ്യുന്ന സംവിധാനം**

7 (*787) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി പിരിവ് ഊർജ്ജിതമാക്കാൻ ഫെയ്സ് ബുക്ക് വഴി പർച്ചേസ് ബില്ലുകൾ പോസ്റ്റ് ചെയ്യാൻ വാണിജ്യ നികുതി വകുപ്പ് സംവിധാനം ഏർപ്പെടുത്തി യിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ തുടർപ്രവർത്തനം വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ.ടി.എം. തോമസ് ഐസക്) :

(എ) ഏർപ്പെടുത്തിയിരുന്നു. നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുംവേണ്ടി 2015 ആഗസ്റ്റ് മുതൽ ഉപഭോക്താക്കൾക്ക് പർച്ചേസ് ബില്ലുകൾ പോസ്റ്റ് ചെയ്യുന്നതിനായി ഫെയ്സ് ബുക്ക് പേജ് ആരംഭിച്ചിട്ടുണ്ട്. ഇപ്പോഴും തുടരുകയും ചെയ്യുന്നു.

(ബി) പ്രസ്തുത സംവിധാനം വഴി നാളിതുവരെ 265 ബില്ലുകൾ ലഭിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട നികുതി നിർണ്ണയ അധികാരികൾ പരിശോധിക്കുന്നുണ്ട്.

(സി) ഉപഭോക്താക്കൾക്ക് ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള കൂടുതൽ കാര്യക്ഷമമായ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചു വരികയാണ്.

**വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ**

8 (*788) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെയാണ് പ്രസ്തുത മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നത്;

(സി) ഇപ്രകാരം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ഡി) വിനോദസഞ്ചാര മേഖലയുടെ സമഗ്രമായ വികസനത്തിന് ഇത് എങ്ങനെയെല്ലാം പ്രയോജനപ്പെടുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ) :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിനോദസഞ്ചാര സാധ്യതയുള്ള പ്രധാന മേഖലകളെ ഉൾപ്പെടുത്തിയാണ് വകുപ്പ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇതിലൂടെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനത്തിനുവേണ്ടിയുള്ള ആദ്യപടിയെന്ന നിലയിൽ മാസ്റ്റർ പ്ലാനിനെ കണക്കാക്കാം.

(ബി) കോവളം, പൂവാർ ടൂറിസം കോറിഡോർ, കുമരകം, ഫോർട്ട് കൊച്ചി, തേക്കടി, നിലമ്പൂർ, കക്കയം-പെരുവണ്ണാമൂഴി, ഗോൾഡൻവാലി (പൊന്മുടി), അഷ്ടമുടി, അതിരപ്പിള്ളി (കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്) സസ്റ്റെയിനബിൾ ടൂറിസം ഡെവലപ്മെന്റ് മാസ്റ്റർ പ്ലാൻ ഫോർ നിള എന്നിവയാണ് മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| ഏജൻസി | ടൂറിസ്റ്റ് കേന്ദ്രങ്ങൾ |
|---|---|
| ഫോർട്രസ്റ്റ് | 1. കോവളം-പൂവാർ ടൂറിസം കോറിഡോർ<br>2. കുമരകം |
| GITPAC | 1. കാലടി-മലയാറ്റൂർ-അതിരപ്പിള്ളി<br>2. സസ്റ്റെയിനബിൾടൂറിസം ഡവലപ്മെന്റ് മാസ്റ്റർ പ്ലാൻ ഫോർ നിള |
| ടാറ്റാ കൺസൾട്ടൻസി | 1. ഗോൾഡൻവാലി (പൊന്മുടി)<br>2. നിലമ്പൂർ |
| IL & FS | 1. തേക്കടി<br>2. കക്കയം-പെരുവണ്ണാമൂഴി<br>3. അഷ്ടമുടി |
| സാൻടെക് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് | ഫോർട്ട് കൊച്ചി |

(ഡി) നിയന്ത്രിതവും ആസൂത്രിതവുമായ ടൂറിസം വികസനത്തിന് ഈ മാസ്റ്റർ പ്ലാനുകളുടെ രൂപരേഖ പ്രയോജനപ്പെടുത്താനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. മാസ്റ്റർ പ്ലാനിൽ ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിയ്ക്ക് അനുയോജ്യമാകുംവിധം ടൂറിസവുമായി ബന്ധപ്പെട്ട ഉല്പന്നങ്ങളുടെ അഭിവൃദ്ധിയാണ് ലക്ഷ്യമിടുന്നത്.

**കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച ടൂറിസം പദ്ധതികൾ**

9 (*789) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ടൂറിസം പദ്ധതികളുടെ അനുമതിക്കാണ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം ടൂറിസം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതെന്നും അവയ്ക്ക് ഓരോന്നിനും എത്ര തുകയുടെ അനുമതിയാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽനിന്നും ഉറപ്പ് ലഭിച്ച ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ) :

(എ-സി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽനിന്നും സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ശബരിമല-എരുമേലി, പമ്പ-സന്നിധാനം വികസനത്തിനായി 9998.92 ലക്ഷം രൂപയുടെയും ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനത്തിനായി 9244.26 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ മലബാറിന്റെ ടൂറിസം വികസനത്തിനായി പ്രത്യേക സാമ്പത്തിക സഹായത്തിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ പ്രധാന തീർത്ഥാടക കേന്ദ്രങ്ങളുടെ വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയം സമാരംഭിച്ച പദ്ധതിയായ പ്രസാദ് സ്കീമിൽ ഇന്ത്യയിലെ 8 കേന്ദ്രങ്ങൾ അനുവദിച്ചതിൽ കേരളത്തിൽ നിന്നും ഗുരുവായൂർ ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.

**ട്രഷറി നവീകരണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ**

10 (*790) ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി നവീകരണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; കോർബാങ്കിംഗ് സംവിധാനത്തോടൊപ്പം എ.ടി.എം. സംവിധാനം കൂടി ഏർപ്പെടുത്തുമോ;

(ബി) ട്രഷറികളിൽ സ്ഥിരനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലവിൽ ട്രഷറികളിൽ എത്തുന്ന നിക്ഷേപകരോട് സൗഹാർദ്ദപരമായ സമീപനമല്ല ഉദ്യോഗസ്ഥരിൽനിന്നുണ്ടാകുന്നത് എന്ന പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉദ്യോഗസ്ഥ തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) നിക്ഷേപകരോട് സൗഹാർദ്ദപരമായ സമീപനം സ്വീകരിക്കുന്നതിനും നിക്ഷേപം ആകർഷകമാക്കാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ.ടി.എം. തോമസ് ഐസക്) :

(എ) ട്രഷറികളിൽ രണ്ട് തരത്തിലുള്ള നവീകരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ട്രഷറി ഇടപാടുകൾ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുന്ന പ്രവർത്തനമാണ് ഒന്നാമത്തേത്. ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ് രണ്ടാമത്തെ നവീകരണ പ്രക്രിയ.

ട്രഷറി ഇടപാടുകളിലെ നവീകരണ പദ്ധതികൾ

ട്രഷറി പ്രവർത്തനങ്ങൾ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആധുനികവൽക്കരിക്കുന്നതിനുള്ള സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS) നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മെച്ചപ്പെട്ട ഉപഭോക്തൃ സേവനവും സുതാര്യതയും ഉറപ്പുവരുത്തുക, ആധുനിക കാലഘട്ടത്തിനനുസൃതമായ കടലാസുരഹിത, കറൻസി രഹിത ധനഇടപാട് സാധ്യമാക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ മികച്ച ധനകാര്യ മാനേജ്മെന്റ്

നടപ്പിലാക്കാൻ ആവശ്യമായ തത്സമയ വിവരശേഖരണങ്ങൾ സാധ്യമാക്കുകയെന്ന ലക്ഷ്യവും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കൈവരിച്ച പുരോഗതി താഴെ ചേർക്കുന്നു :

സർക്കാർ ജീവനക്കാരുടെ ശമ്പളം, ശമ്പളേതര ബില്ലുകൾ, ഓഫീസ് ചെലവുകളുമായി ബന്ധപ്പെട്ട കണ്ടിജന്റ് ബില്ലുകൾ എന്നിവ ഓൺലൈനായി സമർപ്പിച്ച് പ്രോസസ് ചെയ്യുന്ന സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ചെക്ക് ഡ്രായിംഗ് വകുപ്പുകളെ ഓൺലൈൻ ബിൽ സംവിധാനത്തിൽ കൊണ്ടുവരികയും EMLI സംവിധാനത്തെ ഇതുമായി സംയോജിപ്പിച്ച് കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുടെ ബില്ലുകൾ ഓൺലൈനായി സമർപ്പിക്കുന്ന രീതിയും നിലവിൽ വന്നുകഴിഞ്ഞു. ബഡ്ജറ്റ് വിഹിതം ചീഫ് കൺട്രോളിംഗ് ഓഫീസർവഴി താഴെ തട്ടിലുള്ള DDO-ക്ക് ഓൺലൈനായി നൽകുന്ന BAMS (Budget Allocation Management System) ഉം പ്രവർത്തനക്ഷമമായിട്ടുണ്ട്. ബാങ്കുകൾ വഴിയുള്ള ശമ്പള വിതരണത്തിലും ഇടപാടുകാർക്ക് പണം വിതരണം ചെയ്യുന്നതിലും ഭാരതീയ റിസർവ് ബാങ്കിന്റെ ഇ-കുബേർ (e-kuber) പോർട്ടൽ വഴി തുക ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഓൺലൈനായി വരവ് വയ്ക്കുന്ന രീതിയും നടപ്പിലാക്കിക്കഴിഞ്ഞു. ട്രഷറി അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിക്കുന്ന കോർബാങ്കിംഗ് സംവിധാനം ഇതിനകം എല്ലാ ട്രഷറികളിലും ഏർപ്പെടുത്തിക്കഴിഞ്ഞു. ട്രഷറി അക്കൗണ്ടുള്ളവർക്ക് സംസ്ഥാനത്തെ ഏതു ട്രഷറി വഴിയും ഇടപാടുകൾ നടത്തുവാൻ ഇതുവഴി സാധിക്കുന്നു.

സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനായി ഇ-ട്രഷറി സംവിധാനവും നടപ്പിലാക്കിക്കഴിഞ്ഞു. ഇതുവഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേയ്ക്ക് പണമടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 14 ബാങ്കുകളും 30 വകുപ്പുകളും ഇ-ട്രഷറി സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു. ഇ-ട്രഷറി സംവിധാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുള്ള എല്ലാ ബാങ്കുകളുടെയും എല്ലാ ശാഖകൾവഴിയും അതുപോലെ എല്ലാ ട്രഷറി കൗണ്ടറുകൾ വഴിയും പണം സ്വീകരിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുവഴി വൈദ്യുതി, വെള്ളക്കരം, KSFE ചിട്ടി, ടെലിഫോൺ ചാർജ്ജ്, വീട്ടുകരം, നികുതി, സർവ്വകലാശാല, ഫീസുകൾ തുടങ്ങിയവ അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ്വെയർ നിർമ്മാണം പുരോഗമിക്കുന്നു.

സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും പരസ്പരം ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിങ് സംവിധാനവും പൂർത്തിയായിട്ടുണ്ട്. നെറ്റ്ബാങ്കിങ് സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി ഒരാളുടെ അക്കൗണ്ടിൽനിന്നും പണം മറ്റ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്കോ ബാങ്ക് അക്കൗണ്ടുകളിലേക്കോ ഏതു സമയത്തും സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും നിലവിൽ വരും. ഇതുവഴി ട്രഷറികളിൽ നേരിട്ട് പോയി ഇടപാട് നടത്തുന്നതിന്റെ ആവശ്യകത ഇല്ലാതാവും. മാത്രവുമല്ല ഈ സേവനം ഓഫീസ് സമയത്തിനുശേഷവും എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാൻ കഴിയുന്നതാണ്. ട്രഷറി സേവിംഗ്സ് അക്കൗണ്ടുടമകൾക്ക് ഇന്റർനെറ്റ് ബാങ്കിങ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം പുരോഗമിക്കുന്നു. ഈ സംവിധാനം പൂർത്തിയാവുന്ന മുറയ്ക്ക് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിലനിൽക്കുന്ന തുക അക്കൗണ്ടുടമകൾക്ക് സ്വമേധയാ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും ബാങ്ക് ATM ഉപയോഗിച്ച് പിൻവലിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി

2016-17-ലെ ബജറ്റ് പ്രഖ്യാപനത്തിനനുസൃതമായി, ഇതിനോടകം സ്വന്തമായി സ്ഥലം കൈമാറിക്കിട്ടിക്കഴിഞ്ഞ 18 ട്രഷറികൾക്കും സ്ഥലം കൈമാറി ലഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്ന മറ്റ് 18 ട്രഷറികൾക്കും ട്രഷറി ആസ്ഥാനമന്ദിരത്തിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഇപ്പോൾ ജീർണ്ണാവസ്ഥയിലുള്ള മറ്റ് 19 ട്രഷറി കെട്ടിടങ്ങൾ നവീകരിക്കുന്നതിനുമുള്ള ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (Treasury Infrastructure Development project) സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സ്ഥിരനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി മിക്ക ധനകാര്യ സ്ഥാപനങ്ങളിലും നൽകുന്നതിനേക്കാൾ ഉയർന്ന പലിശ നിരക്കാണ് സ്ഥിര നിക്ഷേപങ്ങൾക്ക് ഇപ്പോൾ ട്രഷറിയിൽ നൽകുന്നത്. ട്രഷറികളിൽ നിലവിലുള്ള പലിശ നിരക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ട്രഷറി സേവിംഗ്സ് ബാങ്ക് | | 5% |
| സ്ഥിരനിക്ഷേപം | ജനറൽ | മുതിർന്ന പൗരൻ |
| (180 days and above but below 1 year) | 7.5% | 8% |
| 1 year and above but below 2 year<br>2 years and above but below 3 years<br>3 years and above | 9 % | 9.5% |

സീനിയർ സിറ്റിസൺ ആയ നിക്ഷേപകർക്ക് അധികമായി നൽകുന്ന അര ശതമാനം (0.5%) പലിശ ലഭിക്കുന്നതിനുള്ള പ്രായപരിധി 60 വയസ്സ് എന്നത് സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായമായ 56 വയസ്സാക്കി നിജപ്പെടുത്തിയത്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ സ്ഥിരനിക്ഷേപമായി ട്രഷറിയിൽ എത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടിയാണ്. നിക്ഷേപകന് പലിശ നഷ്ടം കൂടാതെ സ്ഥിരനിക്ഷേപം പുതുക്കി നൽകുവാനുള്ള തീരുമാനവും ഇതിന്റെ ഭാഗമായിരുന്നു. സ്ഥിരനിക്ഷേപങ്ങളുടെ പ്രതിമാസ പലിശ പുതിയൊരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി അതിലേയ്ക്ക് വരവ് ചെയ്യുന്നതുമൂലം അധിക പലിശ ലഭിക്കാൻ അവസരം ഉണ്ടാക്കിയ തീരുമാനവും സ്ഥിരനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിരുന്നു.

(സി) ചില പരാതികൾ ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ജീവനക്കാർക്ക് യഥാസമയം പരിശീലനം നൽകിവരുന്നു. ആയതുകൊണ്ട് തന്നെ ഇപ്പോൾ ഇത്തരത്തിലുള്ള പരാതികൾ വളരെ കുറവാണ്. കമ്പ്യൂട്ടർ പരിശീലനം ഉൾപ്പെടെ നൽകി ഉദ്യോഗസ്ഥരിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനുള്ള നടപടിയും ട്രഷറി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.

(ഡി) ട്രഷറികളിൽ എത്തുന്ന നിക്ഷേപകരോട് സൗഹാർദ്ദപരമായ സമീപനം സ്വീകരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇതിനായി പരിശീലനം കാലാകാലങ്ങളിൽ ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ ട്രഷറി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. അതോടൊപ്പം നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിന് പലിശ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

## പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് കർമ്മപദ്ധതികൾ

11 (*791) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) എത്ര സഹകരണ സംഘങ്ങൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത് ; വിവരിക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ) :

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ പുനരുദ്ധരിക്കുന്നതിനായി സംസ്ഥാന പദ്ധതി നിലവിലുണ്ട്. അതോടൊപ്പം ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാധ്യതയുമുള്ള സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയിൽ കാർഷിക വായ്പാ സംഘങ്ങളുടെ അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നുണ്ട്. കാർഷിക വായ്പാസംഘങ്ങൾ/ബാങ്കുകൾ മുഖേന കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ, ന്യായവിലയ്ക്ക് വളം, വിത്ത്, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നത് കൂടാതെ കാർഷികോൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗൺ സംവിധാനവും ലഭ്യമാക്കുന്നു. കാർഷിക ആവശ്യത്തിനായി സ്വർണ്ണ പണയ വായ്പ, മറ്റ് ഹ്രസ്വകാല കാർഷിക വായ്പ, പലിശ രഹിത കാർഷിക വായ്പ, സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന കാർഷിക അനുബന്ധ ആവശ്യങ്ങൾക്കും പ്രത്യേക പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയ സംഘങ്ങൾ നൽകി വരുന്നു. ഓഹരി, സബ്സിഡി, വായ്പ എന്നീ ഇനങ്ങളിലായാണ് ധനസഹായം അനുവദിക്കുന്നത്.

(ബി) പദ്ധതിയുടെ പ്രയോജനം 2006-07 മുതൽ നാളിതുവരെ 137 സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സംഘങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പുനരുദ്ധാരണ പദ്ധതി പ്രകാരം സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം പുനരുദ്ധാരണത്തിനായി വിനിയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ആയതിന്റെ പുരോഗതി വിലയിരുത്തുന്നതിനുമായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ധനസഹായം അനുവദിച്ച സംഘങ്ങളുടെ പ്രവർത്തനം അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ മോണിറ്ററിംഗ് കമ്മിറ്റിയിൽ വച്ച് വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്.

**ഇടുക്കി അണക്കെട്ടിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം**

12 (*792) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൊത്തം വൈദ്യുതി ഉൽപ്പാദനത്തിന്റെ എത്ര ശതമാനമാണ് ഇടുക്കി അണക്കെട്ടിൽനിന്നും ഉൽപ്പാദിപ്പിക്കുന്നത് ;

(ബി) വൃഷ്ടി പ്രദേശങ്ങളിൽ മഴയില്ലാത്തതിനെത്തുടർന്ന് ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഗണ്യമായി കുറഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; സംഭരണശേഷിയുടെ എത്ര ശതമാനം വെള്ളമാണ് ഇപ്പോൾ ഉള്ളതെന്ന് അറിയിക്കുമോ ;

(സി) മൂലമറ്റം പവർഹൗസിലെ വൈദ്യുതി ഉൽപ്പാദനം കുറച്ച് ജലം കരുതൽ ശേഖരമായി സൂക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ)

(എ) ഇടുക്കി അണക്കെട്ടിൽ നിന്നുള്ള 2015-16-ലെ ജല വൈദ്യുതി ഉല്പാദനം 2372.246 ദശലക്ഷം യൂണിറ്റാണ്. പ്രസ്തുത കാലയളവിലെ സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ഉല്പാദനത്തിന്റെ 32.95 ശതമാനം ആയിരുന്നു ഇടുക്കി അണക്കെട്ടിൽ നിന്നും ഉല്പാദനം.

(ബി) വൃഷ്ടി പ്രദേശത്ത് മഴയില്ലാത്തതിനെ തുടർന്ന് ഇടുക്കി അണക്കെട്ടിലേയ്ക്കുള്ള നീരൊഴുക്ക് വളരെ കുറവാണ്. 2015 നവംബർ 2-ാം തീയതി ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് 2361.44 അടി ആയിരിക്കേ 2016 നവംബർ 2-ാം തീയതി 2347.28 അടി മാത്രമാണ്. 2016 ഒക്ടോബർ 31 വരെയുള്ള കണക്കനുസരിച്ച് ഇടുക്കി അണക്കെട്ടിൽ മൊത്തം സംഭരണശേഷിയുടെ 43.75 ശതമാനം മാത്രം വെള്ളമാണുള്ളത്.

(സി) മദ്ധ്യകാല, ദീർഘകാല കരാറുകൾ മുഖേനയും DBFOO പ്രകാരം 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുകവഴിയും പവർ എക്സ്ചേഞ്ചിൽ നിന്നും കുറഞ്ഞ നിരക്കിൽ ലഭ്യമായ അവസരങ്ങളിൽ വൈദ്യുതി വാങ്ങിയും ജലവൈദ്യുതി ഉൽപ്പാദനം കുറച്ച് ജല സംഭരണികളിലെ ജലം വരും മാസങ്ങളിലേയ്ക്ക് സംഭരിക്കുന്നുണ്ട്. ഇത്തരത്തിൽ മൂലമറ്റത്തും ഉല്പാദനം കുറച്ച് പരമാവധി ജലം വേനൽക്കാലത്തേക്കുള്ള കരുതൽ ശേഖരമായി സൂക്ഷിക്കുന്നുണ്ട്.

**കയർ മേഖലയുടെ വികസനത്തിന് ദ്വിമുഖതന്ത്രം**

13 (*793) ശ്രീ. റോജി എം. ജോൺ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയുടെ വികസനത്തിന് 'ദ്വിമുഖതന്ത്രം' പ്രയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കയർ മേഖലയുടെ വ്യാവസായിക പുരോഗതിയ്ക്ക് ആധുനികവൽക്കരണവും യന്ത്രവൽക്കരണവും എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിവരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) പരമ്പരാഗത കയർ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും ബാധിക്കില്ലെന്നുറപ്പാക്കിയും അവരുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടും നിലവിലുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കി യന്ത്രവൽക്കരണം നടപ്പിലാക്കുന്ന ദ്വിമുഖതന്ത്രം വകുപ്പിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.

(ബി&സി) പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ഒരു തരത്തിലും ബാധിക്കില്ലെന്ന് ഉറപ്പാക്കി നിലവിലുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കി കയർ മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതാണ്. ഇതിനായി സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് ചെറുകിട ഉൽപ്പാദകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലയ്ക്ക് സംഭരിച്ച് റിബേറ്റ് നൽകി ഇവ വിറ്റഴിക്കും. നിലവിൽ 17 കോടി രൂപയായിരുന്ന ക്രയവില സ്ഥിരതാ ഫണ്ട്

100 കോടി രൂപയായി ഉയർത്തി പുതിയ ബജറ്റിൽ പ്രഖ്യാപിച്ചു. നാളിതുവരെ 27 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കേരള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി നിർമ്മിച്ചിട്ടുള്ള 15 HP ഡീഫൈബറിംഗ് മെഷീൻ, വില്ലോയിംഗ് മെഷീൻ, സ്ക്രീനർ, കൺവെയർ സിസ്റ്റം, ബെയിലിംഗ് പ്രസ്സ്, പിത്ത് ബ്രിക്കറ്റിംഗ് ഡൈ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ട് സ്പൂളിംഗ് മെഷീൻ എന്നിവ അടങ്ങിയ ഇന്റഗ്രേറ്റഡ് കയർ പ്രോസ്സസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ ഡീഫൈബറിംഗ് മെഷീനുകൾക്ക് 50% സബ്സിഡി, തൊണ്ട് സംഭരണത്തിന് പിന്തുണ, ഉൽപ്പന്ന മേഖലയിലെ യന്ത്രവത്കൃത ഫാക്ടറികൾക്ക് 10% അധിക സബ്സിഡി എന്നിവ (കയർ ബോർഡിന്റെ സഹായത്തിനു പുറമെ) നൽകുന്നതാണ്.

## വൈദ്യുതി കണക്ഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി

14 (*794) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കണക്ഷൻ നല്കുന്നതിനുണ്ടാകുന്ന കാലതാമസം ലഘൂകരിക്കാനുള്ള പ്രൊപ്പോസൽ പ്രസ്തുത ഭേദഗതിയിൽ ഉൾപ്പെടുത്തുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഉണ്ട്. വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം നിരവധി രേഖകൾ ഹാജരാക്കണമെന്ന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) ഇറക്കിയിട്ടുള്ള സപ്ലൈ കോഡ് 2014-ൽ നിഷ്കർഷിച്ചിരുന്നു. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും കൂടാതെ വിവിധ അപേക്ഷ

ഫോറങ്ങൾ ലഘൂകരിക്കേണ്ടതുണ്ടെന്നും കണ്ടതിനെ തുടർന്ന് ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 108-ന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള രേഖകൾ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശ രേഖ എന്നിങ്ങനെ രണ്ട് രേഖകൾ മാത്രം നിഷ്കർഷിച്ചുകൊണ്ട് സപ്ലൈ കോഡിലെ റെഗുലേഷനുകളിൽ മാറ്റം വരുത്തണമെന്ന് KSERC യോട് നിർദ്ദേശിച്ചിരുന്നു. ഇതുകൂടാതെ അപേക്ഷാഫോറം ലഘൂകരിക്കുക, online ആയി അപേക്ഷ സ്വീകരിക്കാനും പണം മുൻകൂറായി അടയ്ക്കാനും ഉതകുന്ന വിധത്തിൽ per KVA/KW കണക്കിൽ നിരക്കുകൾ ഏകീകരിക്കുക, മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിരുന്നു. ഇതനുസരിച്ച് സപ്ലൈ കോഡിൽ ഭേദഗതി വരുത്തി 26.10.2016-ൽ Kerala State Electricity Supply Code-Removal of Difficulties Order, 2016 ആയി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മുൻകൂറായി പണം ഒടുക്കുന്നതിന് ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അതിന് സഹായകരമായ per KVA/KW നിരക്കുകൾ KSERC നിശ്ചയിച്ച് പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

(ബി) വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള സമയപരിധി കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ വ്യക്തമാക്കിയിട്ടുണ്ട്. ടി ചട്ടങ്ങൾ പ്രകാരം ലൈൻ നീട്ടൽ ആവശ്യമില്ലാത്ത സാഹചര്യങ്ങളിൽ അപേക്ഷകൻ പണമടച്ച് ഒരു മാസത്തിനുള്ളിൽ പുതിയ സർവ്വീസ് കണക്ഷൻ നൽകണമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇതിലും മെച്ചപ്പെട്ട സമയപരിധിക്കുള്ളിൽ ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് സപ്ലൈ കോഡിൽ ഭേദഗതി വരുത്തേണ്ട ആവശ്യമില്ല. ഉപഭോക്തൃ സംതൃപ്തി മുൻനിർത്തി സർവ്വീസ് കണക്ഷനുകൾ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുന്നതിനായി പുതുതായി പോസ്റ്റോ ലൈനോ സ്ഥാപിക്കേണ്ടാത്ത കണക്ഷനുകൾ അപേക്ഷ ലഭിച്ച് 2 പ്രവൃത്തി ദിവസത്തിനുള്ളിലും സപ്പോർട്ട് പോസ്റ്റ്/പോസ്റ്റ് ഇൻസർഷൻ വേണ്ട കണക്ഷനുകൾ 7 പ്രവൃത്തി ദിവസത്തിനുള്ളിലും ഓവർ ഹെഡ് ലൈൻ വലിക്കേണ്ട കണക്ഷനുകൾ 15 പ്രവൃത്തി ദിവസത്തിനുള്ളിലും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത എച്ച് റ്റി കണക്ഷനുകൾ 30 പ്രവൃത്തി ദിവസത്തിനുള്ളിലും നൽകുന്നതിനുള്ള ഉത്തരവ് 19-9-2016-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

## താൽക്കാലിക ജീവനക്കാർക്ക് സ്ഥിരം ജീവനക്കാരുടെ വേതനം നൽകാൻ നടപടി

15 (*795) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താൽക്കാലിക ജീവനക്കാർക്ക് സ്ഥിരം ജീവനക്കാരുടെ വേതനം നൽകണമെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) തുല്യ ജോലിക്ക് തുല്യവേതനതത്വം കരാർ അടിസ്ഥാനത്തിലുള്ള താൽക്കാലിക ജീവനക്കാർക്കും ബാധകമാണെന്ന വിധിയുടെ അടിസ്ഥാനത്തിൽ, താൽക്കാലികമായി നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് സ്ഥിരം ജീവനക്കാരുടെ വേതനം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) സുപ്രീംകോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കി ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) ടി വിധിയെക്കുറിച്ച് പത്രങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിധിയുടെ പകർപ്പ് ലഭിച്ചിട്ടില്ല.

(ബി) സുപ്രീംകോടതി വിധിയുടെ പകർപ്പ് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) ടി വിധിയുടെ പകർപ്പ് ലഭ്യമാകുമ്പോൾ പരിശോധിക്കുന്നതാണ്.

## കെ.എസ്.എഫ്.ഇ.യിൽ സമ്പൂർണ്ണ കോർബാങ്കിംഗ് സംവിധാനം

16 (*796) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.യിൽ സമ്പൂർണ്ണ കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പ്രയോജനങ്ങളാണ് ഇടപാടുകാർക്ക് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എന്ന് മുതലാണ് ഈ സംവിധാനം നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി ( ഡോ. ടി. എം. തോമസ് ഐസക്) :

(എ) ഉണ്ട്. ശാഖകളിലെ ബിസിനസ്സ് രംഗം പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് കസ്ബാ എന്ന സോഫ്റ്റ്‌വെയറിലൂടെ കോർ സൊല്യൂഷൻ നടപ്പാക്കുന്ന പ്രവർത്തനം അതിവേഗം പുരോഗമിക്കുകയാണ്. ഇതിനകം 238 ശാഖകൾ പ്രസ്തുത ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി) കെ.എസ്.എഫ്.ഇ.-യുടെ ഏതു ശാഖയിൽനിന്നും ഇടപാടുകാർക്ക് സേവനം ലഭ്യമാക്കുന്നതിനും ബാങ്കുകളിൽ നിന്നും ചിട്ടിപോലുള്ള പദ്ധതികളിലേയ്ക്ക് പണം ട്രാൻസ്ഫർ ചെയ്യുന്നതിനും ഇതുവഴി സാധിക്കുന്നു.

(സി) 238 ശാഖകളിൽ ഇതിനകം ഈ സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. 31-3-2017-ൽ എല്ലാ ശാഖകളും കസ്ബാവഴി കേന്ദ്രീകൃതമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**സഹകരണ ആശുപത്രികളുടെ പ്രവർത്തനം**

17 (*797) ശ്രീ. ഇ. കെ. വിജയൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരോഗ്യരംഗത്ത് ഇവയുടെ പങ്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും നൂതന ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാരിൽനിന്ന് നികുതിയിളവോ മറ്റെന്തെങ്കിലും ആനുകൂല്യങ്ങളോ നൽകുന്നത് പരിഗണിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) സഹകരണ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ആശുപത്രികൾ, മെഡിക്കൽ സെന്ററുകൾ, ഡിസ്പെൻസറികൾ എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി, ആധുനിക സാങ്കേതിക മാർഗ്ഗങ്ങൾ ഉപയോഗിച്ച് ചികിത്സാ സേവനം മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും ജീവനക്കാർക്ക് മെച്ചപ്പെട്ട സേവനഘടനയും പ്രവർത്തനാനുമതിയും ഉറപ്പ് വരുത്തുന്നതും സംബന്ധിച്ച് പഠിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുന്നതിന് 4-2-2013-ലെ 70/2013/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു നാലംഗ പഠന കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പഠന കമ്മിറ്റി കേരളത്തിലെ സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്ന ഭൂരിപക്ഷം ജില്ലകളിലെ ആശുപത്രികൾ സന്ദർശിക്കുകയും ആശുപത്രി സഹകരണ സംഘം ഭരണ സമിതി അംഗങ്ങൾ, ജീവനക്കാർ, അവരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ആശയ വിനിമയം നടത്തുകയും ചെയ്തിട്ടുണ്ട്. ആശുപത്രി സംഘങ്ങൾക്കെല്ലാം ഏറെക്കുറെ പൊതുപ്രശ്നങ്ങളാണുള്ളത്. എന്നാൽ ചില കാര്യങ്ങളിൽ ഓരോ ആശുപത്രികൾക്കും പ്രത്യേകം ബാധകമായ പ്രശ്നങ്ങളുണ്ട്. അപ്രകാരം സഹകരണ സംഘങ്ങളുടെ ഭാരവാഹികളുടെയും ജീവനക്കാരുടെയും നിവേദനങ്ങൾ പരിഗണിക്കുകയും ചർച്ചകൾ നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിൽ ഒരു പ്രധാന മേഖലയായി ആരോഗ്യമേഖല വളരുകയാണ്. ഈ മേഖലയിലെ ഗുണപരമല്ലാത്ത മത്സരവും ചൂഷണവും അവസാനിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനും ഒരു പരിധി വരെ സഹകരണ ആശുപത്രികൾക്ക് കഴിയുന്നുണ്ട്.

(ബി) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും നൂതന ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും താഴെപ്പറയുന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ പ്രകാരവും കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം എൻ.സി.ഡി.സി നബാർഡ് എന്നിവ മുഖേനയും ധനസഹായം നൽകി വരുന്നു.

സംസ്ഥാന പദ്ധതികൾ

1. ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡി

2. ജില്ലാ സഹകരണ ആശുപത്രി സംഘങ്ങൾക്ക് ആധുനികവൽക്കരണത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിനും പാരാ മെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനുമുള്ള ധനസഹായം

3. ഓഹരി മൂലധന സഹായം

4. രോഗ നിർണ്ണയത്തിനുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം

5. താലൂക്ക്/ജില്ലാ ആശുപത്രികൾക്ക് ആധുനിക മെഡിക്കൽ ലാബ്/ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന് സഹായം

എൻ.സി.ഡി.സി പദ്ധതി

1. മാർജിൻ മണി ധനസഹായം

2. പ്രവർത്തന മൂലധന സഹായം

3. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ധനസഹായം

നബാർഡ് പദ്ധതി

നബാർഡ് പദ്ധതി പ്രകാരം ആശുപത്രികളുടെ വിപുലീകരണത്തിന് വേണ്ടിയുള്ള ധനസഹായം ആദായനികുതിയിൽനിന്ന് ഇളവ് അനുവദിക്കുന്നതിനും പണയാധാരം രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിൽ നിന്നും കേരള ബിൽഡിംഗ് ടാക്സ് ചട്ടങ്ങളിൽ നിന്നും സഹകരണ ആശുപത്രി സഹകരണ സംഘങ്ങളെ ഒഴിവാക്കുന്നതിനും വൈദ്യുതി, വെള്ളം നിരക്കുകൾ ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് അനുവദനീയമായ നിരക്കിൽ അനുവദിക്കുന്നതിനുമുള്ള പഠനകമ്മിറ്റിയുടെ ശിപാർശകൾ പരിശോധിച്ചു വരുന്നു.

**കാർഷികാദായ നികുതി**

18 (*798) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികാദായ നികുതി ഇപ്പോൾ നിലവിലുണ്ടോ; ഏതുതരം കർഷകർക്കാണ് ഇത്തരം നികുതി ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇല്ലെങ്കിൽ കാർഷികാദായ നികുതി ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ;

(സി) ഈ നികുതി ഏർപ്പെടുത്താനുദ്ദേശിക്കുന്ന വരുമാന പരിധി, നികുതി ഘടന ഇവ വ്യക്തമാക്കാമോ ;

(ഡി) ഏതുതരം കർഷകർക്കാണ് ഇത്തരം നികുതി ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ&ബി) കാർഷികാദായ നികുതി ഇപ്പോൾ നിലവിലുണ്ട്. കേരള കാർഷികാദായ നികുതി പ്രകാരം നിലവിൽ കാർഷികാദായ നികുതി അടയ്ക്കാനുള്ള ബാദ്ധ്യത കമ്പനികൾക്കു (തദ്ദേശീയവും വിദേശീയവും) മാത്രമാണുള്ളത്. കാർഷിക മേഖലയിലെ ഇപ്പോഴത്തെ അവസ്ഥ പരിഗണിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ എല്ലാ കമ്പനികളേയും കാർഷികാദായ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി&ഡി) ബാധകമല്ല.

**വഴിയോര വിശ്രമകേന്ദ്രങ്ങളുടെ പ്രവർത്തനം**

19 (*799) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടേക് എ ബ്രേക്ക് പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയായ വഴിയോര വിശ്രമകേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇവയുടെ പരിപാലന ചുമതല ഏതുവിധത്തിലാണ് ഏല്പിച്ചു കൊടുത്തിട്ടുള്ളതെന്നതിന്റെ വിശദവിവരം നല്കാമോ;

(സി) ഈ പദ്ധതി പ്രകാരം ഇനിയും വിശ്രമകേന്ദ്രങ്ങൾ പൂർത്തിയാക്കാനുണ്ടോ; എങ്കിൽ എത്രയും വേഗം ഇവ പൂർത്തിയാക്കി തുറന്നു കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) വിലയിരുത്തിയിട്ടുണ്ട്. 'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം 14 ജില്ലകളിലായി 20 എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ ജില്ലകളിലായി 14 സ്ഥലങ്ങളിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ നിർമ്മാണം

പൂർത്തിയാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖം ബീച്ച്, കൊല്ലം ജില്ലയിലെ കൊട്ടാരക്കര (ഏനാത്ത്) എന്നീ പദ്ധതികളും ആലപ്പുഴ ജില്ലയിലെ ചേർത്തല, ഇടുക്കി ജില്ലയിലെ മൂന്നാർ, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന്, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം എന്നീ പദ്ധതികളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇവിടങ്ങളിലെ സേവനം സഞ്ചാരികൾ പ്രയോജനപ്പെടുത്തി വരികയാണ്.

(ബി) DTPC-കളെയാണ് ഇവയുടെ പരിപാലന ചുമതലയും പ്രവർത്തനവും ഏൽപ്പിച്ചിട്ടുള്ളത്. DTPC സ്വകാര്യ സംരംഭകരെ കണ്ടെത്തി ലീസിന് നൽകി ഇവ പ്രവർത്തിപ്പിച്ചു വരുന്നു.

(സി) ഉണ്ട്. കൊല്ലം ജില്ലയിലെ ശീമാട്ടി എന്ന പദ്ധതി മാത്രം വേണ്ടത്ര സ്ഥലം ലഭ്യമാവാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. 5 സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പൂർത്തീകരിച്ച 14 പദ്ധതികളിൽ 7 എണ്ണം DTPC ലീസിന് നൽകി ബാക്കിയുള്ളവ ലീസിന് നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ സമർപ്പിക്കുന്ന കാണിക്ക**

20 (*800) ശ്രീ. എം. രാജഗോപാലൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തർ സമർപ്പിക്കുന്ന കാണിക്കയിൽ പണം ഒഴികെയുള്ള നേർച്ച ഉരുപ്പടികൾ സൂക്ഷിക്കുന്നതിന് അവലംബിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഉരുപ്പടികൾ ക്ഷേത്രങ്ങളിൽ സൂക്ഷിക്കുന്നത് ആരുടെ ഉത്തരവാദിത്വത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉരുപ്പടികൾ ഉൾപ്പെടുത്തി അതത് ക്ഷേത്രങ്ങളിൽ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കാറുണ്ടോ;

(ഡി) പ്രസ്തുത നേർച്ച ഉരുപ്പടികൾ പല ക്ഷേത്രങ്ങളിൽ നിന്നും അന്യാധീനപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തർ സമർപ്പിക്കുന്ന കാണിക്കയിൽ പണം ഒഴികെയുള്ള നേർച്ച ഉരുപ്പടികൾ സ്വർണ്ണം, വെള്ളി (വിദേശ നാണയങ്ങൾ) സൂക്ഷിക്കുന്നതിന് രസീത് പ്രകാരം വരവ് വച്ച് ബന്ധപ്പെട്ട ദേവസ്വം ഓഫീസർമാർ സൂക്ഷിക്കുകയും പിന്നീട് കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സൂക്ഷിച്ചുവരികയും ചെയ്യുന്നു. മലബാർ ദേവസ്വം ബോർഡിൽ സ്വർണ്ണം, വെള്ളി മുതലായ വിലപിടിപ്പുള്ള വസ്തുക്കൾക്ക് രസീത് നൽകി ഇനം, തൂക്കം എന്നീ വിവരങ്ങൾ ഉൾപ്പെടെ പ്രത്യേക ഇൻവെന്ററി രജിസ്റ്ററിൽ ചേർക്കുകയും ചെയ്യുന്നു. ചെമ്പ്, ഓട്, പിച്ചള മുതലായ വസ്തുവകകൾക്കും ഭക്തർക്ക് രസീത് നൽകി പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ സൂക്ഷിക്കുന്നു. സ്വർണ്ണം, വെള്ളി എന്നീ വിലപിടിപ്പുള്ള വസ്തുക്കൾ ബാങ്ക് ലോക്കറിലോ ക്ഷേത്രത്തിൽതന്നെയുള്ള ലോക്കറിലോ ആണ് സൂക്ഷിച്ചുവരുന്നത്. തിരുവിതാകൂർ ദേവസ്വം ബോർഡിൽ കാണിക്കയായി സമർപ്പിക്കുന്ന പണം ഒഴികെയുള്ള നേർച്ച ഉരുപ്പടികൾക്ക് വിലപിടിച്ച ഉരുപ്പടികളുടെ രസീത് (ഫോറം നമ്പർ 3 എ) നൽകുന്നതാണ്. സ്വർണ്ണം വകകൾക്ക് തൂക്കം, മാറ്റ്, വിശദമായ ഉരുപ്പടി വിവരണം തുടങ്ങിയ വിവരങ്ങൾ കൃത്യമായി രസീതിൽ രേഖപ്പെടുത്തി സമർപ്പിക്കുന്ന ഭക്തനെക്കൂടി വിവരങ്ങൾ ബോധ്യപ്പെടുത്തിയാണ് രസീത് നൽകി വരുന്നത്. പ്രസ്തുത ഉരുപ്പടികൾ ബന്ധപ്പെട്ട സബ് ഗ്രൂപ്പ് ഓഫീസറുടെ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെ ഉത്തരവാദിത്വത്തിൽ ക്ഷേത്രങ്ങളിൽ സൂക്ഷിക്കുന്നു. കൂടൽമാണിക്യം ദേവസ്വം ക്ഷേത്രങ്ങളിൽ പണം ഒഴികെയുള്ള നേർച്ച ഉരുപ്പടികൾ ദേവസ്വം വക സ്ട്രോങ് മുറിയിൽ സൂക്ഷിക്കുന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ വിലപിടിപ്പുള്ള ഉരുപ്പടികൾ തൂക്കം നോക്കി പ്രത്യേക നമ്പരിട്ട് ഡബിൾ ലോക്കർ രജിസ്റ്ററിൽ രേഖപ്പെടുത്തി ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ ഉടമസ്ഥതയിൽ ഡബിൾ ലോക്കറിൽ സൂക്ഷിച്ചുവരുന്നു.

(ബി) കൊച്ചിൻ ദേവസ്വം ബോർഡിൽ പ്രസ്തുത ഉരുപ്പടികൾ സൂക്ഷിക്കുന്നതിന്റെ ഉത്തരവാദിത്തം ദേവസ്വം ഓഫീസർമാർക്കും പിന്നീട് ദേവസ്വം ബോർഡ് ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് ആയതിന്റെ ഉത്തരവാദിത്തം ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ (ഫിനാൻസ്) എന്നിവരിൽ നിക്ഷിപ്തമാണ്. മലബാർ ദേവസ്വം ബോർഡിൽ അതാത് ക്ഷേത്രഭരണാധികാരികളുടെ ഉത്തരവാദിത്വത്തിലാണ് സൂക്ഷിച്ചുവരുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ബന്ധപ്പെട്ട സബ് ഗ്രൂപ്പ് ഓഫീസർമാരുടെ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെ ഉത്തരവാദിത്വത്തിലാണ്. കൂടൽ മാണിക്യം ദേവസ്വത്തിൽ ക്ഷേത്രം മാനേജരുടെ ഉത്തരവാദിത്വത്തിലാണ് സൂക്ഷിക്കുന്നത്. ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ ഉടമസ്ഥതയിലും സൂക്ഷിപ്പിലുമാണ് പ്രസ്തുത ഉരുപ്പടികൾ സൂക്ഷിക്കുന്നത്.

(സി) ഉണ്ട്.

(ഡി) ക്ഷേത്രങ്ങളിലെ മോഷണംമൂലം നഷ്ടപ്പെടുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആയതിന് നിയമാനുസൃത നടപടികൾ സമയാസമയങ്ങളിൽ സ്വീകരിച്ചുവരുന്നു.

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

21 (*801) ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ചെറുകിട ക്ഷേത്രങ്ങളിലെ മൂവായിരത്തോളം ജീവനക്കാർക്ക് രണ്ടുവർഷമായി ശമ്പളം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തരമായി പരിഹരിക്കാൻ ദേവസ്വം ബോർഡിനോട് ആവശ്യപ്പെടുമോ;

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ജീവനക്കാരുടെ ശമ്പളം അവസാനമായി എന്നാണ് പരിഷ്കരിച്ചത്; സേവനവേതന പരിഷ്കരണം നടപ്പാക്കാതിരിക്കാൻ കാരണമെന്താണെന്ന് അറിയിക്കാമോ;

(സി) ക്ഷേത്രങ്ങൾക്ക് വരുമാനം ഉണ്ടാക്കാനായി ഹൈക്കോടതി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; ഇവയിൽ ഏതെങ്കിലും അംഗീകരിച്ച് പ്രാവർത്തികമാക്കിയോ; ഇല്ലെങ്കിൽ പകരം എന്തുമാർഗ്ഗമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ക്ഷേത്രഭരണാധികാരികൾ യഥാസമയം മതിയായ കണക്കുകൾ സഹിതം അപേക്ഷ സമർപ്പിക്കാത്തതിനാൽ ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കാതെ വരുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

(ബി) 1-3-2009 പ്രാബല്യത്തിലാണ് ക്ഷേത്രജീവനക്കാരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചിട്ടുള്ളത്. സേവനവേതന പരിഷ്കരണം നടപ്പാക്കരുതെന്ന തീരുമാനമെടുത്തിട്ടില്ല.

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം കൈകാര്യം ചെയ്യുന്നതും ദൈനംദിന ക്ഷേത്രഭരണം നടത്തുന്നതും അതാത് ക്ഷേത്രഭരണാധികാരികളാണ്. 28-2-2009-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 116/2009

ആർ.ഡി. പ്രകാരം ക്ഷേത്രജീവനക്കാരുടെ ശമ്പളാവശ്യത്തിലേക്ക് ക്ഷേത്രവരുമാനത്തിന്റെ 50% മാറ്റിവയ്ക്കുന്നതിനും ശമ്പളാവശ്യത്തിന് തികയാതെ വരുന്ന ബാക്കി തുക മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പ്രധാനമായും അതാത് ക്ഷേത്രത്തിലെ വരുമാനത്തിൽ നിന്നുമാണ് ചെലവ് ചെയ്യേണ്ടത്.

ബഹു. ഹൈക്കോടതി 21-7-1994-ലെ ഒ.പി. നമ്പർ 214/1992 പ്രകാരമുള്ള സുദീർഘമായ വിധിന്യായത്തിൽ ക്ഷേത്ര വരുമാനം വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് കൃത്യമായ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

1. ക്ഷേത്രങ്ങളുടെ അന്തിമ വർഷാശനം ഒരു വർഷത്തിനകം നിശ്ചയിക്കേണ്ടതും ആയത് താമസം കൂടാതെ അനുവദിക്കേണ്ടതുമാണ്.

2. കാലാകാലങ്ങളിൽ വർഷാശനം പരിഷ്കരിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

3. നിക്ഷിപ്ത ദേവസ്വം വനഭൂമിയിൽ നിന്നുള്ള വരുമാനം പൂൾ ചെയ്ത് കോമൺ ഫണ്ട് രൂപീകരിച്ച് അതിൽ നിന്നും ക്ഷേത്രജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ക്ഷേത്രാവശ്യങ്ങൾക്ക് ഉപയുക്തമാക്കണം.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന ബഹു. ഹൈക്കോടതിയുടെ നിർദ്ദേശങ്ങളിൽ ക്ഷേത്രങ്ങളുടെ അന്തിമ വർഷാശനം നിജപ്പെടുത്തൽ, വർഷാശനം പരിഷ്കരിക്കൽ എന്നീ നിർദ്ദേശങ്ങൾ മിക്കവാറും ക്ഷേത്രങ്ങളുടെ കാര്യത്തിൽ നടപ്പിലാക്കി. വരുമാന വർദ്ധനവടക്കമുള്ള മൂന്നാമത്തെ നിർദ്ദേശം നടപ്പിലാക്കുന്നത് സർക്കാർ പരിഗണനയിലാണ്.

## വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിലപാടുകൾ

22 (*802) ശ്രീ. പി. ഉണ്ണി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിലപാടുകൾ പലതും ജനദ്രോഹപരവും വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതുമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചെറുകിട ഗാർഹിക ഉപഭോക്താക്കൾക്കുള്ള ക്രോസ് സബ്സിഡി ഒഴിവാക്കാൻ റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) വൈദ്യുതി ബോർഡ് ലിമിറ്റഡിനും സ്ഥാപനത്തിലെ ജീവനക്കാർക്കും പ്രതികൂലമായ നിലപാട് സ്വീകരിക്കുന്ന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് സർക്കാർ നയപരമായ നിർദ്ദേശം നൽകാൻ തയ്യാറാകുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഇലക്ട്രിസിറ്റി ആക്ട് 2003 (Central Act)ലെ വിവിധ വകുപ്പുകളും തദനുസരണമായി പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രവർത്തിക്കുന്നത്. ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ, ട്രേഡിംഗ് ലൈസൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും വിവിധ താരിഫുകൾ നിർണ്ണയിക്കുന്നതും റെഗുലേറ്ററി കമ്മീഷന്റെ ചുമതലകളിൽപ്പെടുന്നു. ഇലക്ട്രിസിറ്റി നിയമത്തിലേയും ദേശീയ താരിഫ് നയത്തിലെയും വ്യവസ്ഥകളിൽ നിന്നും കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പിൻതുടരുന്ന മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിച്ച് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 2014-ൽ പുറപ്പെടുവിച്ച താരിഫ് റെഗുലേഷനും, 2006-ൽ സംസ്ഥാന സർക്കാർ റെഗുലേറ്ററി കമ്മീഷന് ഇലക്ട്രിസിറ്റി നിയമത്തിലെ 108-ാം വകുപ്പ് പ്രകാരം നൽകിയ നിർദ്ദേശങ്ങൾ പാലിക്കാതെ കെ.എസ്.ഇ.ബി.-യിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വരുന്നതും കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതാണെന്ന പരാതികൾ കെ.എസ്.ഇ.ബി.എൽ. ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) 2012 നവംബർ 20-ന് റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള KSERC (Principles for Determination of Roadmap for Cross Subsidy reduction for distribution Licencees) Regulation 2012 പ്രകാരം ഒരോ താരിഫ് നിർണ്ണയ ഘട്ടത്തിലും ഗാർഹിക ഉപഭോക്താക്കൾക്കുള്ള ക്രോസ് സബ്സിഡി റെഗുലേറ്ററി കമ്മീഷൻ കുറച്ച് കൊണ്ടുവരുന്നുണ്ട്. എന്നാൽ ക്രോസ് സബ്സിഡി പൂർണ്ണമായും ഒഴിവാക്കാൻ നിർദ്ദേശിച്ചിട്ടില്ല.

(സി) പൊതു താൽപ്പര്യം ഉൾപ്പെടുന്ന നയപരമായ കാര്യങ്ങളിൽ വൈദ്യുതി നിയമത്തിലെ 108-ാം വകുപ്പ് പ്രകാരം വൈദ്യുതി റെഗുലേറ്ററി കമ്മീഷന് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ ക്രോസ് സബ്സിഡി കുറച്ചുകൊണ്ടുവരണമെന്നതടക്കമുള്ള കാര്യങ്ങൾ വൈദ്യുതി നിയമം നിഷ്കർഷിക്കുന്ന പ്രകാരമായതിനാൽ പ്രസ്തുത വകുപ്പ് ഉപയോഗിച്ച് വ്യത്യസ്തമായ നിർദ്ദേശങ്ങൾ നൽകുന്നത് നിയമാനുസൃതമാകില്ല.

## അഞ്ച് വർഷത്തിനുള്ളിൽ എല്ലാവർക്കും ലോകോത്തര നിലവാരത്തിൽ വൈദ്യുതി

23 (*803) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. വി. അൻവർ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ച് വർഷത്തിനുള്ളിൽ എല്ലാവർക്കും ലോകോത്തര നിലവാരത്തിൽ വൈദ്യുതി ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഉല്പാദനരംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) 2017 മാർച്ച് 31 ഓടുകൂടി കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. അതോടൊപ്പം തന്നെ എല്ലാത്തരം ഉപഭോക്താക്കൾക്കും ലോകോത്തര നിലവാരത്തിൽ ഗുണമേന്മയുള്ള വൈദ്യുതി എത്തിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാവർക്കും ലോകോത്തര നിലവാരത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനായി പ്രസരണ മേഖലയിൽ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്-സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടേയും ശേഷി വർദ്ധിപ്പിക്കുകയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ചെയ്യുക, നിലവിലുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി റീ കണ്ടക്ടറിംഗ് നടത്തുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയനുസരിച്ച് വരുന്ന അഞ്ച് വർഷത്തിനുള്ളിൽ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 114 സബ്സ്റ്റേഷനുകളുടെയും 2413 കിലോമീറ്റർ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ, വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നേരിടുന്നതിന് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ട്രാൻസ്ഗ്രിഡ്-2.0 എന്ന പേരിൽ ഒരു പ്രസരണ ശൃംഖല വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി 2017-21 കാലഘട്ടത്തിൽ സംസ്ഥാന ത്തുടനീളം ഒരു പ്രസരണ ഇടനാഴിയും അഞ്ച് 400 കെ.വി. സബ്സ്റ്റേഷനുകളും ഇരുപത്തിനാല് 220 കെ.വി. സബ്സ്റ്റേഷനുകളും നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ 21 സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 3 സബ്സ്റ്റേഷനുകൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്.

വൈദ്യുതി വിതരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടി പ്രതിഷ്ഠാപനങ്ങൾ (installation) നിശ്ചിത നിലവാരം (standards) പാലിച്ചുകൊണ്ടാണ് സ്ഥാപിക്കുന്നതെന്ന് ഉറപ്പ് വരുത്തുകയും നിലവിലുള്ള പ്രതിഷ്ഠാപനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുവാൻ ഉദ്ദേശിക്കുന്നു. അതോടൊപ്പം ആവശ്യമുള്ള സ്ഥലങ്ങളിൽ ഓവർഹെഡ് ലൈനുകൾ മാറ്റി ABC (Aerial Bunched Conductor) സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. കേരളത്തിലെ തെരഞ്ഞെടുത്ത 71 സെക്ഷൻ ഓഫീസ് പരിധിയിലെ എല്ലാ ഉപഭോക്താക്കളുടെയും വൈദ്യുതി തടസ്സങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള പദ്ധതി (Zero interruption) 2017-ൽ പൂർത്തിയാകും. 5 വർഷത്തിനുള്ളിൽ കേരളം മുഴുവൻ ഈ പദ്ധതി വ്യാപകമാക്കും.

സർവ്വീസ് കണക്ഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള രേഖകൾ-തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശ രേഖ എന്നിങ്ങനെ രണ്ട് രേഖകൾ മാത്രം നിഷ്കർഷിച്ചുകൊണ്ട് സപ്ലൈ കോഡിലെ റെഗുലേഷനുകളിൽ മാറ്റം വരുത്താൻ KSERC അനുമതി നൽകിയിട്ടുണ്ട്. ലോകോത്തര നിലവാരത്തിൽ വൈദ്യുതി എത്തിക്കുന്നതിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനും സ്കാഡ സംവിധാനം കൂടുതൽ പട്ടണങ്ങളിൽ വ്യാപകമാക്കാനും സ്മാർട്ട് സിറ്റി പ്രദേശത്ത് സ്മാർട്ട് ഗ്രിഡ് സംവിധാനം നടപ്പിലാക്കാനുമുള്ള വിവര സാങ്കേതിക പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

<u>മേൽപ്പറഞ്ഞവയ്ക്കു പുറമേ താഴെപറയുന്ന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്</u> :

1. 23 ടൗണുകളിൽ ഫേസ് - II ഐ.ടി പദ്ധതികൾ നടപ്പിൽ വരുത്തുന്ന പദ്ധതി.

2. ഇ.എച്ച്.ടി./എച്ച്.ടി. ഉപഭോക്താക്കൾക്കായി ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് (എ.എം.ആർ.) സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

3. തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

4. എനർജി ഓഡിറ്റിംഗ് ലക്ഷ്യമാക്കി സംസ്ഥാനമൊട്ടാകെ എച്ച്.ടി. ഫീഡറുകളിലും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകളിലും എ.എം.ആർ മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

5. ജി.ഐ.എസ്. സംവിധാനം എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും വ്യാപകമാക്കാനുള്ള പദ്ധതി.

6. നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ച്ചർ (NII)ന്റെ ഭാഗമായി സർക്കാർ ഓഫീസുകളെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ബന്ധിപ്പിക്കാനുള്ള പദ്ധതി.

<u>സേവന മേഖല നവീകരിക്കുന്നതിനായി, താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.</u>

1. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ' പദ്ധതി.

2. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ ദൂത്' പദ്ധതി.

3. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്ന പദ്ധതി.

4. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ (സി.ഡി.എം.)സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 5 സ്ഥലങ്ങളിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്ന പദ്ധതി.

5. വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനത്തോടെയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിക്കുന്ന പദ്ധതി.

6. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്നും ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

<u>ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി, താഴെപ്പറയുന്ന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.</u>

1. എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിൽ വരുത്തുന്ന പദ്ധതി.

2. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം

3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈനായി നടപ്പിൽ വരുത്താനുള്ള സംവിധാനം.

(ബി) നിലവിൽ വൈദ്യുതി ആവശ്യത്തിന്റെ 30% വൈദ്യുതി മാത്രമേ ആഭ്യന്തര സ്രോതസ്സുകളിൽ നിന്നും ലഭ്യമാക്കുന്നുള്ളൂ. അതിനാൽ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്നു.

- നിർമ്മാണം നടന്നുവരുന്ന 6 ജലവൈദ്യുത പദ്ധതികൾ (ആകെ 59 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തിയാക്കുക.
- മുടങ്ങിക്കിടക്കുന്ന 3 ജലവൈദ്യുത പദ്ധതികളുടെ (ആകെ 106 മെഗാവാട്ട്) പുനഃരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുക.
- ഭരണാനുമതി ലഭിച്ച 15 ജലവൈദ്യുത പദ്ധതികൾ (ആകെ 149 മെഗാവാട്ട്) സ്ഥലമെടുപ്പ് പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കുക.

ഇവ കൂടാതെ പുതിയ ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുന്നതിനും അവയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികളും ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാവർക്കും മെച്ചപ്പെട്ട വൈദ്യുതി തടസ്സം കൂടാതെ നൽകാനായി ഉത്പാദന മേഖലയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നും 700 എം.ഡബ്ല്യു. വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ ലക്ഷ്യമിടുന്നുണ്ട്.

**മെഗാ താപനിലയത്തിന് രൂപം നൽകൽ**

24 (*804) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു മെഗാ താപനിലയത്തിന് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) വർദ്ധിച്ചുവരുന്ന വൈദ്യുത ആവശ്യകത നിറവേറ്റാൻ ഇത് എത്രമാത്രം ഉപകരിക്കുമെന്നാണ് കരുതുന്നത് ;

(സി) സംസ്ഥാനത്ത് എവിടെയാണ് പ്രസ്തുത താപനിലയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ-ഡി) മെഗാ താപനിലയങ്ങൾ 1000 മെഗാവാട്ടോ അതിനുമുകളിലോ സ്ഥാപിത ശേഷിയുള്ളവയാണ്. താപ വൈദ്യുത നിലയങ്ങളുടെ കാര്യത്തിൽ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി 1200-1320 മെഗാവാട്ട് ശേഷിയുള്ള താപ നിലയം കേരളത്തിനകത്തോ ഇന്ധനലഭ്യതയുള്ള പ്രദേശത്തോ സംസ്ഥാന ഉടമസ്ഥതയിൽ നടപ്പിലാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നുണ്ട്. വർദ്ധിച്ചു വരുന്ന ആവശ്യം പൂർണ്ണമായും നിറവേറ്റുവാനാകില്ലെങ്കിലും ഒരു പരിധിവരെ സംസ്ഥാന ഉടമസ്ഥതയിലുള്ള മെഗാതാപനിലയം ഊർജ്ജ സുരക്ഷയ്ക്ക് പ്രധാനമാണ്.

**ചരക്ക് സേവന നികുതി നിയമം**

25 (*805) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതി നിയമം നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് നികുതി നിയമനിർമ്മാണത്തിന് ജി.എസ്.ടി. കൗൺസിൽ എന്ന സംവിധാനത്തിന്റെ അനുമതി ആവശ്യമാണോ;

(ബി) ജി.എസ്.ടി. കൗൺസിലിന്റെ അനുമതി വേണമെന്നുള്ള വ്യവസ്ഥ സംസ്ഥാനങ്ങളുടെ അധികാരത്തിന്മേലുള്ള കടന്നു കയറ്റമാണോ; വ്യക്തമാക്കുമോ;

(സി) ഫെഡറൽ സംവിധാനത്തെ ജി.എസ്.ടി. നിയമം ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി ( ഡോ. ടി. എം. തോമസ് ഐസക്) :

(എ) ചരക്ക് സേവന നികുതി നിയമം നടപ്പാക്കുമ്പോൾ നികുതി സംബന്ധിച്ച എല്ലാ നിയമനിർമ്മാണങ്ങൾക്കും ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ അനിവാര്യമാണ്.

(ബി) കേന്ദ്ര ധനകാര്യമന്ത്രി ചെയർമാനും റവന്യൂ സഹമന്ത്രിയും എല്ലാ സംസ്ഥാന ധന/നികുതി വകുപ്പുമന്ത്രിമാർ അംഗങ്ങളുമായിട്ടുള്ള സംവിധാനമാണ് ജി.എസ്.ടി. കൗൺസിൽ. ഇതിന്റെ ഏതു ശിപാർശയും സന്നിഹിതരും വോട്ടു ചെയ്യുന്നവരുമായ അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടുകളുടെ ബലത്തിൽ മാത്രമേ നിലനിൽക്കുകയുള്ളൂ. കേന്ദ്രത്തിന് ചെയ്യപ്പെട്ട വോട്ടിന്റെ 1/3 ബലവും എല്ലാ സംസ്ഥാനങ്ങൾക്കുമായി ചെയ്യപ്പെട്ട വോട്ടിന്റെ 2/3 ബലവും ആയി വെയിറ്റേജ് നിജപ്പെടുത്തിയിട്ടുണ്ട്. തർക്ക പരിഹാരത്തിനായി ജി.എസ്.ടി. കൗൺസിൽ ഒരു സംവിധാനം നിർമ്മിച്ചെടുക്കണമെന്ന് ഭരണഘടനാ ഭേദഗതിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നിരിക്കിലും പ്രസ്തുത വ്യവസ്ഥ സംസ്ഥാനങ്ങളുടെ നികുതി അധികാരങ്ങളെ പരിമിതപ്പെടുത്തുന്നുണ്ട്. വാറ്റ് നടപ്പിലായതോടുകൂടി തന്നെ സംസ്ഥാനങ്ങളുടെ സ്വതന്ത്ര നികുതി അധികാരങ്ങൾ വലിയതോതിൽ ഇല്ലാതായിരുന്നു.

(സി) കേന്ദ്ര സർക്കാരിനും സംസ്ഥാനങ്ങൾക്കും യഥോചിതമായ നിയമ നിർമ്മാണത്തിലൂടെ പ്രത്യേകം പ്രത്യേകമായി നികുതി പിരിക്കാവുന്ന ഒരു സംവിധാനമാണ് ഇന്ത്യയിൽ നിലവിലുണ്ടായിരുന്നത്. ഭരണഘടന അനുശാസിക്കുന്ന അധികാര വിഭജനമനുസരിച്ച് ഇരു സർക്കാരുകൾക്കും വ്യക്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. ഇത് ഉറപ്പാക്കാൻ ഉതകുന്ന രീതിയിൽ GST നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്.

**കൊയ്ത്ത് യന്ത്രം വാങ്ങുന്നതിന് ധനസഹായം**

26 (*806) <u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് കൊയ്ത്ത് യന്ത്രം വാങ്ങുന്നതിനുള്ള വായ്പ നൽകുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് സഹകരണ വകുപ്പ് മുഖേന നൽകിവരുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) 2016-17 വർഷത്തിൽ ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ) :

(എ) സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്നോ എൻ.സി.ഡി.സി./നബാർഡ്-ൽ നിന്നും നൽകിയ വായ്പ ഉപയോഗിച്ചോ വാങ്ങിയ കൊയ്ത്തുമെതിയന്ത്രത്തിന്റെ വിലയുടെ 20% പരമാവധി 4 ലക്ഷം രൂപ വരെ സബ്സിഡിയായി സർക്കാർ നൽകുന്നുണ്ട്.

(ബി) സംഘങ്ങൾ സ്വന്തം ഫണ്ട്, അല്ലെങ്കിൽ എൻ.സി.ഡി.സി./ നബാർഡ് ഇവയിൽ നിന്നുള്ള വായ്പ ഉപയോഗിച്ച് കൊയ്ത്തുമെതിയന്ത്രം വാങ്ങിയിരിക്കണം.

- സംഘങ്ങൾ അഴിമതിരഹിതവും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി/ അഡ്മിനിസ്ട്രേറ്റർ ഇവയുള്ളവയുമായിരിക്കണം.
- ടി യന്ത്രം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിരിക്കണം.
- പരമാവധി ധനസഹായം യന്ത്രത്തിന്റെ വിലയുടെ 20% പരമാവധി 4 ലക്ഷം രൂപയായിരിക്കും.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. എന്നാൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് പല പദ്ധതികളിലായി സബ്സിഡിയിനത്തിൽ ധനസഹായം അനുവദിക്കുന്നതിനായി 2425-107-80 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപയിൽനിന്നും ജില്ലകളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾക്ക് അനുസൃതമായി കൊയ്ത്തുമെതിയന്ത്രം വാങ്ങുന്നതിന് സബ്സിഡിയായി സർക്കാർ ധനസഹായം നൽകുന്നുണ്ട്.

**ജലവൈദ്യുതി ഉല്പാദനം**

27 (*807) ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷത്തിലുണ്ടായ താളപ്പിഴ ജലവൈദ്യുതി ഉല്പാദനത്തിലുണ്ടാക്കാവുന്ന കുറവ് പരിഹരിക്കാൻ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രതിസന്ധി ഘട്ടത്തിൽ കേന്ദ്രത്തിൽനിന്നും അധിക വിഹിതം പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(സി) പുറത്തുനിന്നും അധിക വൈദ്യുതി കൂടിയ വിലയ്ക്ക് വാങ്ങേണ്ടി വരുമ്പോഴുണ്ടാകുന്ന അധികച്ചെലവ് നേരിടാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) നാളിതുവരെയുള്ള കണക്കുപ്രകാരം പ്രതീക്ഷിച്ചിരുന്ന നീരൊഴുക്കിന്റെ 53% മാത്രമേ ലഭിച്ചുള്ളുവെങ്കിലും മദ്ധ്യകാല, ദീർഘകാല കരാറുകൾ മുഖേനയും DBFOO പ്രകാരം 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുക വഴിയും ജലവൈദ്യുതി ഉൽപ്പാദനം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം സംഭരണികളിലെ ജലം വരുംമാസങ്ങളിലേയ്ക്ക് സംഭരിക്കാനും സാധിച്ചിട്ടുണ്ട്. 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിലെ ഉപഭോഗം പ്രതീക്ഷിച്ച് ഡീപ്പ്-ഇ-ബിഡ്ഡിംഗ് വഴി 200 MW വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ ഇപ്പോഴത്തെ സ്ഥിതിഗതികൾ പരിഗണിച്ച് ലഭ്യതയ്ക്കനുസരിച്ച് 200 MW കൂടി ഇ-ബിഡ്ഡിംഗ് വഴി വാങ്ങുവാനും കൂടുതൽ വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്ന് വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) 2016 ഒക്ടോബർ 31-ാം തീയതി വരെയുള്ള കണക്കുപ്രകാരം പ്രതിദിന ശരാശരി കേന്ദ്ര വിഹിതം 26.97 ദശലക്ഷം യൂണിറ്റാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രതിസന്ധി ഘട്ടത്തിൽ കേന്ദ്രത്തിൽ നിന്നും അധിക വൈദ്യുതി ലഭിക്കാനുള്ള സാധ്യത കുറവാണ്. ഇത് പരിഹരിക്കുന്നതിനായി ഇ-ബിഡ്ഡിംഗ് മുഖേനയുള്ള കരാർ ഉറപ്പിച്ച് വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സാധാരണ നിലയിൽ കേരളത്തിലെ ജല വൈദ്യുത പദ്ധതികളിൽ നിന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് യൂണിറ്റിന് ഏകദേശം 74 പൈസയാണ് ചെലവ് വരുന്നത്. എന്നാൽ മേൽ പറഞ്ഞ പവർ എക്സ്ചേഞ്ചുകളിലൂടെയും ടെണ്ടർ നടപടികളിലൂടെയും വൈദ്യുതി വാങ്ങുമ്പോൾ യൂണിറ്റിന് 4.00 രൂപ മുതൽ 4.50 രൂപ വരെ നൽകേണ്ടി വരും. അതിനാൽ മഴക്കുറവുമൂലം സംജാതമാകുന്ന വൈദ്യുതി പ്രതിസന്ധി ഒഴിവാക്കാൻ മേൽ പറഞ്ഞ കൂടിയ വിലയ്ക്കുള്ള വൈദ്യുതി വാങ്ങേണ്ടതായി വരും. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വായ്പാ ബാദ്ധ്യത ഇതുമൂലം വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്.

## വൈദ്യുതി ഉല്പാദനത്തിലെ പ്രതിസന്ധി

28 (*808) ശ്രീ. കെ. രാജൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലഭിക്കുന്ന മഴയുടെ അളവിൽ സാരമായ കുറവ് ഉണ്ടായതിനെത്തുടർന്ന് വൈദ്യുതി ഉല്പാദനത്തിൽ ഗുരുതരമായ പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മഴലഭ്യതക്കുറവ് തുടർന്നാൽ വേനൽക്കാലത്ത് പുറത്തുനിന്നും അധിക വിലയ്ക്ക് വൈദ്യുതി വാങ്ങുന്ന സാഹചര്യം ഉണ്ടാകുമോ;

(സി) തുലാവർഷം പ്രതീക്ഷക്കനുസരിച്ച് ലഭിക്കാതിരുന്നാൽ പവർക്കട്ടും ലോഡ്ഷെഡ്ഡിംഗും ഉൾപ്പെടെയുള്ള നടപടികൾ വേണ്ടിവരുമോ; വ്യക്തമാക്കുമോ;

(ഡി) ഈ സാഹചര്യം മുൻകൂട്ടിക്കണ്ട് പ്രസ്തുത പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ( ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഉണ്ട്. കാലവർഷം പ്രതീക്ഷിച്ചതുപോലെ ലഭിക്കാത്തതുമൂലം ജലവൈദ്യുത പദ്ധതികളിലെ നീരൊഴുക്ക് പ്രതീക്ഷിച്ചതിന്റെ 53% മാത്രമേ ലഭിച്ചിട്ടുള്ളൂ. ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉത്പാദനം കുറയുന്ന സാഹചര്യത്തിൽ മാർച്ച്, ഏപ്രിൽ, മേയ് 2017 മാസങ്ങളിൽ ഏകദേശം 200 മെഗാവാട്ടിന്റെ കമ്മി ഉണ്ടാവുമെന്ന് കണക്കാക്കിയിട്ടുണ്ട്. 2016 ജൂൺ മുതൽ ഒക്ടോബർ വരെ ജലവൈദ്യുതി ഉത്പാദനം 2991.36 ദശലക്ഷം യൂണിറ്റ് പ്രതീക്ഷിച്ചിരുന്നത് 2030.50 ദശലക്ഷം യൂണിറ്റ് മാത്രമേ ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുള്ളൂ.

(ബി) മഴയുടെ കുറവുമൂലമുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ വൈദ്യുതി വാങ്ങുന്നതിനായി ടെണ്ടർ നടപടികൾ കൈക്കൊള്ളുകയും പവർ എക്സ്ചേഞ്ചുകളിൽ നിന്ന് നേരിട്ട് വൈദ്യുതി വാങ്ങുകയോ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രാവശ്യം കാലവർഷം പ്രതീക്ഷിച്ചതുപോലെ ലഭിക്കാത്തതുമൂലം 2017-ലെ വേനൽക്കാലത്ത് ഉണ്ടാവുന്ന കമ്മി നികത്തുന്നതിന് 1-3-2017 മുതൽ 31-5-2017 വരെ 100 മെഗാവാട്ട് ദിവസം മുഴുവനും, 100 മെഗാവാട്ട് പീക്ക് (18.00 മണി മുതൽ 24.00 മണി വരെ) സമയങ്ങളിലും എന്ന തോതിൽ

ഡീപ്പ് ഇ-ബിഡ്ഡിംഗിലൂടെ വൈദ്യുതി വാങ്ങാനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സാധാരണ നിലയിൽ കേരളത്തിലെ ജലവൈദ്യുത പദ്ധതികളിൽനിന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് യൂണിറ്റിന് ഏകദേശം 74 പൈസയാണ് ചെലവ് വരുന്നത്. എന്നാൽ മേൽപ്പറഞ്ഞ പവർ എക്സ്ചേഞ്ചുകളിലൂടെയും ടെണ്ടർ നടപടികളിലൂടെയും വൈദ്യുതി വാങ്ങുമ്പോൾ യൂണിറ്റിന് 4.00 മുതൽ 4.50 രൂപ വരെ നൽകേണ്ടി വരും. അതിനാൽ മഴക്കുറവുമൂലം സംജാതമാവുന്ന വൈദ്യുതി പ്രതിസന്ധി നേരിടുമ്പോൾ പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കണമെങ്കിൽ മേൽപ്പറഞ്ഞ കൂടിയ വിലയ്ക്കുള്ള വൈദ്യുതി വാങ്ങേണ്ടതായി വരും.

(സി) മേൽപ്പറഞ്ഞപ്രകാരം പുറമേനിന്നും വൈദ്യുതി എത്തിച്ച് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) മഴ ലഭ്യതയിൽ കുറവുകാരണമുള്ള വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് ജലവൈദ്യുതി ഉത്പാദനം ക്രമീകരിച്ച് പരമാവധി ജലം സംഭരിക്കാൻ ജൂൺ മാസം മുതൽ നടപടികൾ എടുത്തിട്ടുണ്ട്. പുറമേ നിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിന് കോറിഡോർ ലഭ്യത ആവശ്യമാണ്. അതിനായി 400 കെ.വി. അരീക്കോട് സബ് സ്റ്റേഷനിൽ മൂന്നാമത്തെ ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കുന്നതിനുള്ള അനുവാദം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഇത് സ്ഥാപിക്കാൻ കൂടുതൽ സമയം വേണ്ടിവരുമെന്നതിനാൽ അരീക്കോട് സബ് സ്റ്റേഷനിൽ താൽക്കാലിക സംവിധാനം ഒരുക്കാൻ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള അധിക ബാധ്യത ഏറ്റെടുക്കാനുള്ള സന്നദ്ധത ബോർഡ് അറിയിച്ചിട്ടുണ്ട്. കൂടാതെ തിരുനെൽവേലി-ഇടമൺ-കൊച്ചി 400 കെ.വി. ലൈനിന്റെ പണി ത്വരിതപ്പെടുത്താൻ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ബജറ്റ് അവതരണവും നടപടിക്രമങ്ങളും നേരത്തെ ആക്കുന്നതിന് നടപടി**

29 (*809) <u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിന്റെ അവതരണവും അതിന്മേലുള്ള നടപടിക്രമങ്ങളും നേരത്തെ ആക്കുന്നതിന് ഉദ്ദേശി ക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നിർവ്വഹിക്കപ്പെടുന്നതുമൂലം സംസ്ഥാനത്ത് പദ്ധതി വിഭാവനം ചെയ്യുന്ന കാര്യത്തിലും നിർവ്വഹണത്തിലും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാർ ഇത്തരത്തിൽ ആലോചിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി ( ഡോ. ടി. എം. തോമസ് ഐസക്) :

(എ&ബി) 2017-18 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റിന്റെ അവതരണവും അതിന്മേലുള്ള നടപടിക്രമങ്ങളും നേരത്തെയാക്കുന്നതിന് നിലവിൽ തീരുമാനങ്ങളൊന്നും കൈകൊണ്ടിട്ടില്ല. എന്നാൽ ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബജറ്റ് നേരത്തെ അവതരിപ്പിച്ച് പാസ്സാക്കുവാൻ സാധിക്കുകയാണെങ്കിൽ പദ്ധതി നിർവഹണത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. എന്നാൽ നിലവിലെ രീതിയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതുകൊണ്ട് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയ്ക്ക് പറയത്തക്ക കോട്ടം തട്ടാൻ ഇടയില്ല. കേന്ദ്ര ബജറ്റിനുശേഷം സംസ്ഥാന ബജറ്റ് അവതരിപ്പിക്കുകയാണെങ്കിൽ കേന്ദ്ര ബജറ്റിന്റെ വിലയിരുത്തൽ കൂടി ഉൾപ്പെടുത്തി സംസ്ഥാന ബജറ്റ് തയ്യാറാക്കുന്നതിനുള്ള സാവകാശം ലഭിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്ക് അധികസൗകര്യങ്ങൾ**

30 (*810) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്കുകൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ രീതിയിലുള്ള സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) വിദേശികളായ വിനോദസഞ്ചാരികളെക്കൂടി ആകർഷിക്കത്തക്കവിധം പരിഷ്കൃത സൗകര്യങ്ങളെക്കുറിച്ച് ആവശ്യമായ പ്രചരണം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ) :

(എ) ഉണ്ട്.

(ബി) ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുഭവവേദ്യമാക്കാൻ തക്കവുള്ള ഭിന്നശേഷി ടൂറിസ്റ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഭിന്നശേഷി സൗഹൃദ ടോയിലെറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമമുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഓരോ ടൂറിസം കേന്ദ്രത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, വരുത്തേണ്ട മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച വിശദമായ പഠനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'ഗ്രീൻ കാർപ്പറ്റ് ' പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നത് ഉൾപ്പെടെ ഭിന്നശേഷി സൗഹാർദ്ദംകൂടി ഉൾപ്പെടുത്താൻ ആലോചിക്കുന്നുണ്ട്.

(സി) ടൂറിസം പ്രചാരണത്തിന്റെ ഭാഗമായി വിദേശ മാർക്കറ്റുകളിൽ നടത്തി വരുന്ന പ്രചരണ പരിപാടികളിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങളും മറ്റ് പരിഷ്കൃത സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനെക്കുറിച്ചും പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ

1 (6611) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറ്റിൻകര മണ്ഡലത്തിലെ പെരുമ്പഴുതൂർ, പൂഴിക്കുന്ന് എന്നീ സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖകളുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നെയ്യാറ്റിൻകര മണ്ഡലത്തിലെ പെരുമ്പഴുതൂർ, പൂഴിക്കുന്ന് എന്നീ സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ ആരംഭിക്കാനുതകുന്ന ബിസിനസ്സ് പ്രായോഗികത വിലയിരുത്തുവാൻ തിരുവനന്തപുരം റീജിയണിന്റെ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## എം.ജി.പി.-യുടെ നടത്തിപ്പിലെ ക്രമക്കേടുകൾ

2 (6612) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ മുഖ്യമന്ത്രി എ.കെ. ആന്റണിയുടെ കാലത്ത് ആരംഭിച്ച എം.ജി.പി.-യുടെ (Modernisation in Government Programme) നടത്തിപ്പിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഈ വിഷയം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത വിഷയം പരിശോധിച്ച് കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഭരണ നവീകരണ പരിപാടി സംബന്ധിച്ച് 2014-16 വർഷത്തെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ 16-ാമത് റിപ്പോർട്ടിലെ 58-ാം ഖണ്ഡികയിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരിപാടിയുടെ നടത്തിപ്പിലെ വീഴ്ചകൾ സംബന്ധിച്ച് നിയമസഭയിൽ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ ഈ പരിപാടിയുടെ തുകയുടെ വിനിയോഗം സംബന്ധിച്ച കണക്കുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ ആഭ്യന്തര പരിശോധനകളിലും അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനകളിലും ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തുന്ന അപാകതകളിന്മേൽ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചും ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ലഭ്യമാക്കിയും അവ പരിഹരിക്കുന്നതിനുള്ള യുക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ജി.എസ്.ടി.-യെക്കുറിച്ച് പരിശീലനം

3 (6613) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി.-യെക്കുറിച്ച് സംസ്ഥാനത്ത് നികുതി വകുപ്പ് ജീവനക്കാർക്ക് എന്തെങ്കിലും പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; ടാക്സ് പ്രാക്ടീഷണർമാർക്ക് പരിശീലനം നൽകുമോ ;

(ബി) കേന്ദ്രവും സംസ്ഥാനവും ചുമത്തിവരുന്ന വിവിധ നികുതികൾക്ക് പകരമായിട്ടാണോ ജി.എസ്.ടി. ഈടാക്കുന്നത്; സാധനങ്ങളുടെ വില വർദ്ധനവിന് ഈ നികുതി കാരണമാകുമോ; വിശദമാക്കുമോ;

(സി) ജി.എസ്.ടി. കൗൺസിലിൽ അധികമായി ആഡംബരനികുതി ഏർപ്പെടുത്തുന്ന വിഷയത്തിൽ കേരളം എടുത്ത നിലപാട് വ്യക്തമാക്കുമോ;

(ഡി) ജീവനക്കാർക്കും ടാക്സ് പ്രാക്ടീഷണർമാർക്കും പരിശീലനം നൽകുന്നത് ആരാണ്; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) ജി.എസ്.ടി. സംബന്ധിച്ച് മാതൃകാ ജി.എസ്.ടി. നിയമത്തെ അടിസ്ഥാനമാക്കിയുള്ള പരിശീലന പരിപാടികൾ ജീവനക്കാർക്കായി സംസ്ഥാനമൊട്ടാകെ നടന്നുവരികയാണ്. കേന്ദ്ര സർക്കാർ സ്ഥാപനമായ NACEN (National Academy of Customs, Excise and Narcotics)-ഉം സംസ്ഥാന വാണിജ്യ നികുതി വകുപ്പും ചേർന്ന് സംയുക്തമായാണ് പരിശീലനം നൽകുന്നത്. ഇതനുസരിച്ച് മൂന്നുഘട്ട പരിശീലന പരിപാടികൾ പൂർത്തിയായിട്ടുണ്ട്. ഫീൽഡ് ലെവൽ ഓഫീസർമാർക്കായുള്ള നാലാംഘട്ട പരിശീലനം നവംബർ അവസാനത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ജി.എസ്.ടി. നിയമം അന്തിമ രൂപത്തിലായാലുടൻ വ്യാപാരികൾക്കും പ്രാക്ടീഷണർമാർക്കുമുള്ള ബോധവൽക്കരണവും പരിശീലനവും നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ കേന്ദ്ര സർക്കാർ ചുമത്തിവരുന്ന കേന്ദ്ര എക്സൈസ് നികുതി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി തുടങ്ങിയവയും സംസ്ഥാനങ്ങൾ ചുമത്തിവരുന്ന മൂല്യവർദ്ധിത നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, വാങ്ങൽ നികുതി, ലോട്ടറി നികുതി തുടങ്ങിയവയ്ക്ക് പകരമായാണ് ചരക്ക്സേവന നികുതി നടപ്പിലാക്കുന്നത്. ജി.എസ്.ടി.-യിൽ നികുതിക്കുമേൽ നികുതി ചുമത്തുമ്പോൾ ഉള്ള Cascading Effect ഉണ്ടാകുന്നില്ല. സാധനങ്ങളുടെ ഉൽപ്പാദനത്തിന്മേലും വിൽപ്പനയിന്മേലും ഉള്ള നികുതികൾ ഏകീകരിക്കപ്പെടുന്നതിനാൽ വിലവർദ്ധനവിന് സാധ്യതയില്ലെന്നാണ് അനുമാനിക്കപ്പെടുന്നത്. മാത്രവുമല്ല ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന വിലക്കുറവ് ഉപഭോക്താക്കൾക്ക് ലഭ്യമാകത്തക്ക വിധത്തിൽ സംവിധാനം വേണമെന്നും കേരളം ജി.എസ്.ടി. കൗൺസിലിൽ ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ആഡംബര നികുതി ജി.എസ്.ടി.-യിൽ ലയിക്കുന്നതാണ്. എന്നാൽ ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിനായി ചില ആഡംബര വസ്തുക്കളിന്മേൽ സെസ്സ് ചുമത്താവുന്നതാണെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ജി.എസ്.ടി. കൗൺസിലിന്റെ പരിഗണനയിലാണ്. ഇതിനെ കേരളം ശക്തമായി എതിർത്തിട്ടുണ്ട്.

**കടം വാങ്ങുന്ന തുകയുടെ പരിധി**

4 (6614) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി സർക്കാർ അനുമതിയോടുകൂടി കടം വാങ്ങുന്ന തുകയുടെ പരിധി 2000-ലെ 4-ാം ആക്ട് പ്രകാരം ഒരു തുക നിശ്ചയിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം കടം വാങ്ങുന്ന തുക ട്രഷറികളിൽ നിക്ഷേപിക്കാൻ സാധിക്കുമോ; ട്രഷറിയെ പൂർണ്ണമായി ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇപ്പോൾ കിഫ്ബിയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുകയും മറ്റ് ഫണ്ടുകളും ഏത് ബാങ്കിംഗ് സ്ഥാപനത്തിലാണ് നിക്ഷേപിച്ചിരിക്കുന്നത്; വിശദമാക്കുമോ ; സംസ്ഥാനത്ത് ഏതെല്ലാം ബാങ്കുകളെ കിഫ്ബിയുടെ ഇടപാടുകൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000-ലെ 4-ാം ആക്ട് (പ്രധാന ആക്ട്) വകുപ്പ് 8(1) പ്രകാരം കിഫ്ബിക്ക് സർക്കാർ അനുമതിയോടുകൂടിയും സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥയിന്മേലും മാത്രമേ ഏതൊരു തുകയും കടം വാങ്ങാനാവൂ. 2016-ലെ നിയമഭേദഗതിയിലും ഈ വ്യവസ്ഥ അപ്രകാരംതന്നെ തുടരുന്നു. ആകയാൽ കിഫ്ബിക്ക് ഈ കാര്യത്തിൽ സ്വന്തമായി പരിധി നിശ്ചയിക്കാൻ വ്യവസ്ഥയില്ല.

(ബി&സി) 1999-ലെ കിഫ് പദ്ധതിയിലെ 4-ാം ഖണ്ഡം പ്രകാരം കിഫ്ബി സ്വരൂപിക്കുന്ന എല്ലാ തുകകളും നിക്ഷേപിക്കുന്നതിനായി സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം നിലവിൽ കിഫ്ബിയുടെ എല്ലാ തുകകളും തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ഇത് 2000-ലെ 4-ാം ആക്ട് പ്രകാരവും 1999-ലെ കിഫ് ആക്ട്, പദ്ധതി എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവുമാണ്. കിഫ്ബിയുടെ ഇടപാടുകൾക്കായി നിലവിൽ ഒരു ബാങ്കിനേയും ഉൾപ്പെടുത്തിയിട്ടില്ല.

**കേരള ബാങ്ക്**

5 (6615) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ലയനത്തെക്കുറിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആരൊക്കെയാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ എന്നു വ്യക്തമാക്കുമോ;

(ഡി) എന്തൊക്കെ കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് സമതിയോടാവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി&സി) കേരള സഹകരണ ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 28-9-16-ലെ സ.ഉ. (സാധാ) നമ്പർ 488/16/ സഹ. പ്രകാരം ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

ചെയർമാൻ :

1. ശ്രീ. എം. എസ്. ശ്രീറാം, പ്രൊഫസർ, ഐ.ഐ.എം. ബാംഗളൂരു

അംഗങ്ങൾ :

2. ശ്രീ. വി. എസ്. സെന്തിൽ, ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ്
3. ശ്രീ. സി. പി. മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്), നബാർഡ്
4. ശ്രീ. റ്റി. പി. ബാലകൃഷ്ണൻ, ജനറൽ മാനേജർ, (റിട്ടയേർഡ്), യൂണിയൻ ബാങ്ക്

മെമ്പർ സെക്രട്ടറി :

5. ശ്രീ. പി. വേണുഗോപാൽ, ഐ.എ.എസ്, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്

(ഡി) വിദഗ്ദ്ധ സമിതിയുടെ പരിശോധനാ വിഷയങ്ങൾ താഴെപ്പറയുന്നവയാണ് :

1. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് (ദ്വിതല ഘടന) ഘടനാമാറ്റത്തിലൂടെ സഹകരണ ബാങ്കിംഗ് നടപ്പാക്കുക എന്നതിന്റെ ശക്തി, ദൗർബല്യം, സാധ്യത, ഭീഷണി (SWOT) എന്നിവ മതിയായ വിവരശേഖരണങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനാത്മക റിപ്പോർട്ട് തയ്യാറാക്കുക.

2. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ 31-3-2016-ലെ കണക്ക് പ്രകാരമുള്ള ആസ്തി ബാധ്യതകൾ സംയോജിപ്പിക്കുകയും പ്രസ്തുത സംയോജനത്തിനുശേഷം ഒരൊറ്റ ബാങ്ക് എന്ന നിലയിലുള്ള കണക്ക് അടിസ്ഥാനപ്പെടുത്തി ഭാവിയിലെ പ്രതീക്ഷിത നില തയ്യാറാക്കുകയും പ്രസ്തുത വിവരം അടിസ്ഥാനപ്പെടുത്തി നബാർഡ്/റിസർവ് ബാങ്ക് എന്നിവയിൽനിന്നുള്ള അംഗീകാരം ലഭിക്കണമെന്നുള്ള കാഴ്ചപ്പാടോടെ വിശദമായ ഒരു പദ്ധതി തയ്യാറാക്കുക.

3. സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും നിലവിലെ മനുഷ്യവിഭവശേഷി വിലയിരുത്തി നിലവിലെ തസ്തികകൾ സംയോജിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുക. പുതിയ ഒരു ഘടനാ സംവിധാനവും പരിപാടിയും സംയോജനത്തിനുശേഷം ജീവനക്കാരുടെ റിക്രൂട്ട്മെന്റ്, ട്രെയിനിംഗ്, പ്രൊഫഷണൽ വികസനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളും സമർപ്പിക്കുക.

4. ഓരോ ബാങ്കിലും നിലവിൽ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ (കോർബാങ്കിംഗ്) വിലയിരുത്തുകയും സാങ്കേതികവിദ്യാ സംയോജനം സംബന്ധിച്ച് പ്രായോഗിക നിർദ്ദേശം സമർപ്പിക്കുകയും ചെയ്യുക. സംയോജനത്തിനുശേഷം എല്ലാവിധ ആധുനിക ബാങ്കിംഗ് സാങ്കേതികവിദ്യകളും സ്വായത്തമാക്കുന്നതിന് ആയതിന്റെ ചെലവുമായി ബന്ധപ്പെടുത്തിയുള്ള കാര്യക്ഷമത കൂടെ വിശദമാക്കുക. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലേയ്ക്കുകൂടി സാങ്കേതികവിദ്യാ സേവനങ്ങൾ വിപുലപ്പെടുത്തുവാൻ സാധ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

5. സഹകരണസംഘം നിയമങ്ങളിലും ചട്ടങ്ങളിലും ബൈലോകളിലും (പ്രാഥമിക സംഘങ്ങളുടേതുൾപ്പെടെ) വേണ്ടിവരുന്ന ഭേദഗതികൾ നിർദ്ദേശിക്കുക.

6. റിസർവ് ബാങ്ക്/നബാർഡിൽനിന്നും നിയമപരമായ അനുമതികൾ ലഭിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും സമർപ്പിക്കുക.

7. നബാർഡിൽ/റിസർവ് ബാങ്കിൽനിന്നും അംഗീകാരംനേടി സംയോജനം വിജ്ഞാപനം നടത്തുന്നതിനാവശ്യമായ നിയമ പരമായ വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ശിപാർശകളും സംഘടിപ്പിക്കുക.

8. പുതുതായി രൂപീകരിക്കുന്ന കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന് വ്യക്തവും വിശദവുമായ ഒരു ലക്ഷ്യം (കാഴ്ചപ്പാട്) തയ്യാറാക്കുക.

9. കേരള കോ-ഓപ്പറേറ്റീവ് ബാങ്കിനുവേണ്ടി ഒരു മാതൃകാ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുക.

10. പുതിയ നിക്ഷേപ-വായ്പാ പദ്ധതികൾ, സേവനങ്ങൾ, പുതിയ ബാങ്കിന്റെ പ്രചരണം, ബ്രന്റ് വികസനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക.

11. പുതിയ ബാങ്ക് രൂപീകരണത്തിനുശേഷം അംഗസംഘങ്ങളും/ ബാങ്കുകളും മറ്റ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ എന്നിവയുമായുള്ള പരസ്പര ബന്ധങ്ങൾ ഏത് രീതിയിലായിരിക്കണമെന്നുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

12. വിദഗ്ദ്ധ സമിതിക്ക് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട/ യുക്തമായ മറ്റ് നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ അത് സമർപ്പിക്കുക.

**കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ബിൽ**

6 (6616) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ബില്ലിൽ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പൊതുമേഖലകളിലുള്ള സ്ഥാപനങ്ങളെ മാത്രം കൺസെഷൻ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(ബി) സ്വകാര്യ മേഖലയെയും സ്വകാര്യ വ്യക്തികളെയും പൂർണ്ണമായി ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ;

(സി) പൊതു ഏജൻസികളായ സ്ഥാപനങ്ങൾക്ക് കിഫ്ബിയിൽ പരിഗണന നൽകുന്ന തരത്തിൽ നിയമം പരിഷ്കരിക്കുമോ ;

(ഡി) കിഫ്ബി 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിൽ പറഞ്ഞിരിക്കുന്ന സ്വകാര്യ മേഖല പങ്കാളികളെ നിശ്ചയിച്ചിട്ടുണ്ടോയെന്നും ഏതെങ്കിലും വിദേശ കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോയെന്നുമുള്ള വിശദമായ വിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) റോഡുകൾ, പാലങ്ങൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, വിവര സാങ്കേതികവിദ്യ, ഊർജ്ജം, വ്യവസായം മുതലായ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും അതിനുള്ള വിഭവ സമാഹരണം കണ്ടെത്തുന്നതിനും 2016-17 പുതുക്കിയ ബജറ്റ് പ്രസംഗത്തിലൂടെ സംസ്ഥാന സർക്കാർ നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഇതിന്റെ വിജയകരമായ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനായി PPP പദ്ധതികളുൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ മുഖ്യ അടിസ്ഥാന വികസന പദ്ധതികളുടെ സൂക്ഷ്മ പരിശോധനയ്ക്കും ധനസഹായത്തിനും കിഫ്ബിയെ കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കാൻ ഈ ബജറ്റ് നിർദ്ദേശിച്ചിട്ടുണ്ട്. ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ബോണ്ടുകൾ, AIF Category-1, InVIT മുതലായവയിലൂടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ആവശ്യങ്ങൾക്കുള്ള ഫണ്ട് സമാഹരിക്കുന്നതിനും SEBI, RBI തുടങ്ങിയ ധനകാര്യ നിയന്ത്രണ സംവിധാനങ്ങൾ വിഭവ സമാഹരണത്തിനും കടമെടുക്കലിനും നിശ്ചയിച്ചിട്ടുള്ള നിയമവ്യവസ്ഥകളിലെ മാറ്റങ്ങൾ, സർക്കാരിന്റെ ഈ മേഖലയിലെ പുതിയ നയ സമീപനങ്ങൾ എന്നിവ ഉൾക്കൊള്ളിക്കുന്നതിനും പര്യാപ്തമായ രീതിയിൽ 1999-ലെ കിഫ് ആക്ട് ഭേദഗതി ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഭേദഗതി ചെയ്ത കിഫ് നിയമത്തിലെ 2-ാം വകുപ്പനുസരിച്ച് കൺസെഷനർ എന്നാൽ ഒരു പൊതുസ്വകാര്യ പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുള്ള ഒരു സ്വകാര്യ മേഖലാ പങ്കാളിയെന്ന് അർത്ഥമാകുന്നു. വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭീമമായ വിഭവ സമാഹരണം നടത്തേണ്ടതുണ്ട്. മോട്ടോർ വാഹന നികുതി, പെട്രോളിന്മേലുള്ള സെസ്സ് എന്നിവയുടെ ഒരു വിഹിതം ബഡ്ജറ്റിലൂടെ കിഫ്ബിക്ക് ഉറപ്പാക്കിയിട്ടുണ്ടെങ്കിലും സംസ്ഥാനത്തിന്റെ ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യ വികസനത്തിന് ഇത് പര്യാപ്തമല്ല. ആയതിനാൽ മേൽപ്പറഞ്ഞ PPP പദ്ധതികൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പൊതുഏജൻസിയോ കേന്ദ്ര സർക്കാരോ കേന്ദ്ര സർക്കാരിന്റെ ഒരു പൊതുമേഖലാ സംരംഭമോ അല്ലാതെയുള്ള ഏതെങ്കിലും ആൾ/സ്ഥാപനം കൺസെഷനറായി ഉൾപ്പെടുത്തേണ്ടതുണ്ട്.

(സി) ഭേദഗതി ചെയ്ത കിഫ് ആക്ട് 2016-ലെ 6 എഫ് വകുപ്പ് പ്രകാരം സംസ്ഥാനത്ത് വികസിപ്പിക്കേണ്ടതോ പരിപാലിക്കേണ്ടതോ പ്രവർത്തനത്തിൽ കൊണ്ടുവരേണ്ടതോ ആയ ഒരു പ്രോജക്ട് ബോർഡ് തെരഞ്ഞെടുക്കുകയോ വിഭാവനം ചെയ്യുകയോ ചെയ്യുമ്പോൾ ബോർഡിന് സ്വമേധയാലോ നടത്തപ്പെടേണ്ടതായ ഒരു പഠനത്തിന്റെയോ സർവ്വേയുടെയോ അടിസ്ഥാനത്തിലോ ഒരു മൂന്നാം കക്ഷിയിൽ നിന്നും ലഭിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്താലോ അതുമായി ബന്ധപ്പെട്ട

പൊതു ഏജൻസിയുടെ അഭിപ്രായങ്ങൾ ആരായാവുന്നതാണ്. പൊതുമേഖലവഴി നടപ്പിലാക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുള്ള ഒരു പ്രോജക്ട് സംബന്ധിച്ച് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനായി ബോർഡ് ഒരു പൊതുഏജൻസിയെയാണ് നിയോഗിക്കേണ്ടത്. ആയതിനാൽ ഭേദഗതി പ്രകാരം പൊതുഏജൻസികൾക്ക് മതിയായ പരിഗണന നൽകിയിട്ടുണ്ട്.

(ഡി) പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള പദ്ധതികൾ പരിഗണനയ്ക്ക് വരുന്നമുറയ്ക്ക് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ സ്വകാര്യ മേഖലാ പങ്കാളിയെ നിശ്ചയിക്കുകയുള്ളൂ. ഓരോ പദ്ധതിയും പരിഗണനയ്ക്ക് വരുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ചായിരിക്കും ഇത് നിശ്ചയിക്കുക.

**മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

7 (6617) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ നിലവിൽ പരിഗണനയിലിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ആവശ്യമായ ഉണർവ് നൽകുന്നതിന് മൂലധന ചെലവിൽ വലിയ തോതിലുള്ള വർദ്ധനവ് ആവശ്യമാണ്. അടിസ്ഥാന വികസന സൗകര്യ കമ്മി നികത്തുന്നതിനാണ് സർക്കാർ ഏറ്റവും മുൻഗണന നൽകുന്നത്. സംസ്ഥാനത്തിന് അത്യന്തികം ആവശ്യമുള്ള വൻകിട മൂലധന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ഏറ്റെടുക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ വിവിധ സാമ്പത്തിക അടിസ്ഥാന വികസന സൗകര്യ സ്ഥാപനങ്ങളിലൂടെ ബഡ്ജറ്റിന് പുറമേയുള്ള വിഭവ സമാഹരണമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി Kerala Infrastructure Investment Fund (KIIF) Act-ൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി SEBI-യും RBI-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കും. നിക്ഷേപ വർദ്ധന ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ചിട്ടുള്ള പലിശരഹിത ധനകാര്യ സ്ഥാപനമായ

ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ്സിന്റെ പ്രവർത്തനം വിപുലപ്പെടുത്തും. 250 കോടി രൂപ മുതൽ മുടക്കി കെ.എസ്.ഡി.പി. നവീകരിക്കുന്നതിനായി ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ്സിന്റെ ഓഹരി വർദ്ധിപ്പിക്കും. കാതലായ അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി എല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഇന്ന് വലിയ തോതിൽ വിഭവ സമാഹരണം ആവശ്യമാണ്. പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും സെബിയുടെ പുതിയ ഇഷ്യൂ ആന്റ് ലിസ്റ്റിംഗ് ഓഫ് ഡെബ്റ്റ് സെക്യൂരിറ്റീസ് മാർഗ്ഗരേഖ പ്രകാരം സർക്കാർ ഗ്യാരന്റിയോടെ കടപ്പത്രം ഇറക്കുവാൻ അനുമതി നൽകുന്നതാണ്.

(ബി) സർക്കാർ നടപ്പിലാക്കുന്ന പ്രധാന മൂലധന നിക്ഷേപ പദ്ധതികൾ ചുവടെ ചേർക്കുന്നു :

- റോഡുകൾക്കും പാലങ്ങൾക്കുമായി നടപ്പുസാമ്പത്തിക വർഷം 1206 കോടി രൂപ ചെലവഴിക്കും.
- ലോകബാങ്കിന്റെ സഹായത്തോടെയുള്ള കെ.എസ്.റ്റി.പി. രണ്ടാംഘട്ടത്തിനായി (363 കി.മീ.) 523 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- പ്രത്യേക മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 5000 കോടി രൂപയുടെ പാലങ്ങൾ, ഫ്ലൈ ഓവറുകൾ/അണ്ടർ പാസ്സേജുകൾ, ബൈപ്പാസുകൾ, റോഡുകൾ, റെയിൽവേ മേൽപ്പാലങ്ങൾ എന്നിവ നിർമ്മിക്കും. ആകെ 20000 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്.
- കൊച്ചി മെട്രോ, വിഴിഞ്ഞം ഹാർബർ, കണ്ണൂർ എയർപോർട്ട്, കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ, ഹിൽ ഹൈവേ, മൊബിലിറ്റി ഹബ്ബ്, സബർബൻ റെയിൽ കോറിഡോർ, വൻകിട പാർക്കുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിന് 2536 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- അഞ്ച് ബൃഹത് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കും. ഇതിനായി നടപ്പുവർഷം 1000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## മങ്കട മണ്ഡലത്തിലെ പദ്ധതികൾ

8 (6618) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയ ബജറ്റ് പ്രസംഗത്തിൽ മങ്കട മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ ആവശ്യമായ പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയോയെന്ന് വിശദീകരിക്കാമോ ;

(സി) ടോക്കൺ പ്രൊവിഷൻ ഉള്ള പ്രവൃത്തികൾ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയ ബജറ്റ് പ്രസംഗത്തിൽ മങ്കട മണ്ഡലത്തിൽ ഒരടം പാലം-വൈലോങ്ങര ബൈപ്പാസ് റോഡിനായി 10 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. (പുതുക്കിയ ബജറ്റ് പ്രസംഗം 2016-17, ഖണ്ഡിക 135 ഇനം 9). വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, വ്യവസായം തുടങ്ങിയ മേഖലകളിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കിഫ്ബി മുഖാന്തരമുള്ള പദ്ധതികളുടെ അന്തിമ രൂപമാകുന്ന മുറയ്ക്ക് മാത്രമേ എത്ര രൂപയുടെ പദ്ധതികൾ മണ്ഡലത്തിൽ ഉണ്ടാകുമെന്നത് നിർണ്ണയിക്കാനാകൂ.

(ബി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയാണ് മേൽപദ്ധതി പ്രഖ്യാപി ച്ചിട്ടുള്ളത്. വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതിയുള്ള പ്രവൃത്തികൾക്ക് പ്രവർത്തന പുരോഗതിക്കനുസൃതമായി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിച്ചുവരുന്നു.

## ബജറ്റ്

9 (6619) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാരിന്റെ സാമുദായിക ലിസ്റ്റിൽ എട്ടാം പട്ടികയിൽ ഉൾപ്പെടുന്ന എൺപത്തിരണ്ടോളം വരുന്ന ചെറിയ സമൂഹങ്ങളുടെ സാമൂഹ്യ ഉന്നമനത്തിനായി സംസ്ഥാന ബജറ്റിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാന സർക്കാരിന്റെ സാമുദായിക ലിസ്റ്റിൽ ഉൾപ്പെടുന്ന എൺപത്തി രണ്ടോളം വരുന്ന ചെറിയ സമൂഹങ്ങൾ ഉൾപ്പെടെയുള്ള മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനത്തിനായി താഴെപ്പറയുന്ന പദ്ധതികളാണ് ബജറ്റിൽ ആവിഷ്കരിച്ചിട്ടുള്ളത്.

1. വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ

   എ. പ്രീ-മെട്രിക് സഹായം

   ബി. പോസ്റ്റ് മെട്രിക് സഹായം

2. പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം

   എ. മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള സഹായം

   ബി. ബാർബർഷോപ്പുകളുടെ നവീകരണത്തിനുവേണ്ടിയുള്ള സഹായം

   സി. മറ്റ് പിന്നാക്ക സമുദായത്തിലെ പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ വികസന പരിശീലനവും പണി ആയുധങ്ങൾക്ക് ഗ്രാന്റും

3. മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ

4. തൊഴിലധിഷ്ഠിത പദ്ധതികൾ

   എ. തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി/പരിശീലനം

   ബി. പൊതുമേഖല-സ്വകാര്യപങ്കാളിത്തത്തോടുകൂടിയുള്ള ഓട്ടോമൊബൈൽ മേഖലയിലെ തൊഴിലുകൾ

5. ഓഫീസ് യന്ത്രവൽക്കരിക്കുന്നതിനാവശ്യമായ സാമഗ്രികളും അതിന്റെ നടത്തിപ്പും.

6. മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ (50% സംസ്ഥാന വിഹിതം)

   എ. പ്രീ-മെട്രിക് സ്കോളർഷിപ്പ് (സംസ്ഥാന വിഹിതം 50% ഒ.ബി.സി.)

   ബി. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ (50% സംസ്ഥാന വിഹിതം)

7. മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര വിഹിതം)

മേൽ പരാമർശിച്ചിട്ടുള്ള പദ്ധതികൾക്കായി പദ്ധതിയിനത്തിൽ 14995 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 11761 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 26756 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഒക്ടോബർ 2016-ലെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ "മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി-2016" നടത്തിപ്പിനായി പിന്നാക്ക സമുദായ വികസന കോർപ്പറേഷന് തുക അനുവദിക്കുന്നതിലേക്കായി ടോക്കൺ പ്രൊവിഷനും ഉൾപ്പെടുത്തിയിട്ടുണ്ട്.

## കിഫ്ബി നിയമഭേദഗതി

10 (6620) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി നിയമത്തിന്റെ 4-ാം വകുപ്പനുസരിച്ചുള്ള കിഫ്ബി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) കിഫ്ബി ഭേദഗതി നിയമം അനുസരിച്ച് ബോർഡ് പുനഃസംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഭേദഗതി നിയമം അനുസരിച്ചുള്ള കേരള നിക്ഷേപനിധി പദ്ധതിയും നിധിയും രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

### ഉത്തരം

(എ) കിഫ്ബി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള 11-11-1999-ലെ 2074-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു.*

(ബി) കിഫ്ബി ദേദഗതി നിയമമനുസരിച്ച് ബോർഡ് പുനഃസംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു.*

(സി) 2009-ലെ കിഫ് ആക്ടിന്റെ 3-ാം വകുപ്പനുസരിച്ച് നിക്ഷേപനിധി രൂപീകരിക്കുകയും ഇതിനാവശ്യമായ പദ്ധതി തയ്യാറാക്കി 11-11-1999-ലെ 2073-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* 2016-ലെ നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ചില ഭേദഗതികൾ ഈ പദ്ധതിക്ക് ആവശ്യമായി വന്നിട്ടുണ്ട്. അതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**നികുതി ഉപദേശക സേവന യൂണിറ്റുകൾ**

11 (6621) ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നികുതി ഉപദേശക സേവന യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എവിടെയെല്ലാമാണ് ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) നികുതിയെ സംബന്ധിച്ച് എന്തെല്ലാം ഉപദേശക സേവനങ്ങളാണ് ഈ യൂണിറ്റുകളിൽ നിന്നു ലഭിക്കുന്നത്; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. നികുതി സംവിധാനത്തെ സംബന്ധിച്ച കൃത്യമായ വിവരം ലഭിക്കുന്നതിൽ വ്യാപാരികൾക്കും നിക്ഷേപം നടത്തുവാൻ ഉദ്ദേശിക്കുന്നവർക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി വാണിജ്യ നികുതി വകുപ്പിന്റെ സംസ്ഥാന ആസ്ഥാനത്ത് നികുതി ഉപദേശക സേവന യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) ഇതിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള ആലോചനകൾ നടന്നുവരികയാണ്.

**കിഫ്ബി ബോർഡ് അംഗീകരിച്ച പദ്ധതികൾ**

12 (6622) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം കിഫ്ബി വഴി എത്ര കോടി രൂപയുടെ പദ്ധതികൾ കിഫ്ബി ബോർഡ് കൂടി അംഗീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ അതിന് കാരണമെന്താണ് ;

(ബി) ലഭിച്ച പ്രൊപ്പോസലുകളിൽ എത്രയെണ്ണം കിഫ്ബി ബോർഡ് അംഗീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) കിഫ്ബി ബോർഡിന് വേണ്ടി ആരാണ് സർക്കാരിന്റെ പ്രോജക്ടുകൾ സ്വീകരിക്കുന്നത്; ഇപ്രകാരം സ്വീകരിയ്ക്കുന്നതിന് കിഫ്ബി ബോർഡിന്റെ അനുമതി ഉണ്ടോ ;

(ഡി) അനുമതി ഇല്ലാതെ വാങ്ങുന്നുവെങ്കിൽ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ 2-ാം മാന്ദ്യവിരുദ്ധ പാക്കേജ് പ്രകാരമുള്ള പ്രത്യേക നിക്ഷേപ പദ്ധതി പ്രഖ്യാപിക്കുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കിഫ്ബിവഴി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ബന്ധപ്പെട്ട വകുപ്പുകൾ പ്രസ്തുത പദ്ധതികളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പരിശോധന പൂർത്തിയാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ യോഗ്യമായവയെ 7-11-2016-ന് ചേർന്ന ബോർഡ് യോഗത്തിന് സമർപ്പിച്ചു. ബോർഡ് അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി നൽകി ഡി.പി.ആർ. സഹിതം കിഫ് ബോർഡിന് സമർപ്പിക്കുകയും ആയതിന്റെ പ്രോജക്ട് അവലോകനം നടത്തുകയും ചെയ്തതിനുശേഷമാണ് ബോർഡിന്റെ പരിഗണനയ്ക്ക് പദ്ധതികൾ സമർപ്പിക്കുന്നത്.

(സി&ഡി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 2-ാം മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ തീരുമാനമായിട്ടുള്ളത്. 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന. പ്രകാരം കിഫ്ബിയിലേയ്ക്ക് പദ്ധതി സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് കിഫ്ബിയുടെ ഔദ്യോഗിക വെബ്സൈറ്റിലേയ്ക്കാണ് ബന്ധപ്പെട്ട വകുപ്പുകൾ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത്. കിഫ്ബിക്കുവേണ്ടി ഫണ്ട് മാനേജർ കൂടിയായ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ് പദ്ധതി നിർദ്ദേശങ്ങൾ സ്വീകരിക്കുന്നത്. കിഫ് ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾ പ്രകാരം ധനസഹായത്തിനുള്ള അപേക്ഷകളും പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങളും സ്വീകരിക്കാനുള്ള ചുമതല അദ്ദേഹത്തിൽ നിക്ഷിപ്തമാണ്. ഇങ്ങനെ സ്വീകരിക്കപ്പെടുന്ന പദ്ധതികളിൽ യോഗ്യമായ പദ്ധതികളിന്മേൽ അന്തിമ തീരുമാനമെടുക്കുന്നതിനുള്ള അധികാരം ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊല്ലം ജില്ലയിലെ നബാർഡ് പദ്ധതികൾ

13 (6623) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിൽ നബാർഡ് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) നബാർഡ് പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളിൽ ഇനിയും ആരംഭിക്കാത്തതോ പൂർത്തീകരിക്കാത്തതോ ആയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ചെക്ക്പോസ്റ്റിലെ ജീവനക്കാർ

14 (6624) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ചെക്ക്പോസ്റ്റുകളിൽ ആവശ്യമായ ജീവനക്കാർ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഒഴിവുകൾ ഇവിടങ്ങളിലുണ്ട്; വിശദവിവരം നൽകുമോ ;

(സി) ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) ഇത് സംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) നിലവിൽ ചെക്ക്പോസ്റ്റുകളിൽ ജീവനക്കാരുടെ അഭാവമുണ്ട്.

(ബി) നിലവിലുള്ള ഒഴിവുകൾ താഴെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| വാണിജ്യ നികുതി ഇൻസ്പെക്ടർ | - | 10 |
| ക്ലാർക്ക് | - | 1 |
| ഓഫീസ് അറ്റന്റന്റ് | - | 7 |

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടില്ല.

**ഗൾഫ് മലയാളികളുടെ പണം**

15 (6625) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2015-16 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് പ്രവാസികളുടേതായി എത്ര കോടി രൂപ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; 2014-15 വർഷത്തിൽ നിന്നും എത്ര വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് എന്ന് വിശദമാക്കുമോ; ഇതിൽ ഗൾഫ് മലയാളികളുടെ പണത്തിന്റെ കണക്ക് പ്രത്യേകം വെളിപ്പെടുത്തുമോ ?

ഉത്തരം

2015-16-ലെ ദേശീയ കണക്ക് പ്രകാരം (ആർ.ബി.ഐ. മേയ് ബുള്ളറ്റിൻ) എൻ.ആർ.ഐ. ഡെപ്പോസിറ്റുകളിലെ നിക്ഷേപ വരവ് യു.എസ്. ഡോളർ 15977 മില്ല്യൻ (ഇത് ഏകദേശം 103850 കോടി രൂപയാണ്). ഇത് 2014-15-നെക്കാൾ 14 ശതമാനം കൂടുതലാണ്. സംസ്ഥാനത്തിന്റെ നിക്ഷേപ വരവ് സംബന്ധിച്ചുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല. 2016 മാർച്ച് 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിലെ ഔട്ട്സ്റ്റാന്റിംഗ് എൻ.ആർ.ഐ. ഡെപ്പോസിറ്റ് 135609 കോടി രൂപയാണ്. 2014-15 വർഷത്തിലെ 109603 കോടി രൂപയിൽനിന്നും 24 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഗൾഫ് മലയാളികളുടെ നിക്ഷേപത്തിന്റെ വേർതിരിച്ചുള്ള കണക്ക് സംസ്ഥാനതല ബാങ്കുകളുടെ സമിതി (എസ്.എൽ.ബി.സി.) സൂക്ഷിക്കുന്നില്ല.

**ടാക്സ് കോർണറുകൾ**

16 (6626) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടാക്സ് കോർണറുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ നികുതി ഭരണത്തെ സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് അറിയുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്, വിശദമാക്കുമോ;

(സി) എവിടെയൊക്കെയാണ് ഇത് ആരംഭിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്. നികുതി ഭരണം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ടാക്സ് കോർണറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ടാക്സ് കോർണറുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച അന്തിമ തീരുമാനം എടുത്തിട്ടില്ല.

(സി) വാണിജ്യ നികുതി വകുപ്പിന്റെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംസ്ഥാന ആസ്ഥാനത്തുമാണ് ടാക്സ് കോർണറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

**കിഫ്ബി സമാഹരിക്കുന്ന തുക**

17 (6627) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി ആക്ടിലെ പുതിയ 9-ാം വകുപ്പ് അനുസരിച്ച് കിഫ്ബി സമാഹരിക്കുന്ന തുകയുടെ പലിശയും മുതലും നൽകുന്നതിന് ഗ്യാരണ്ടി നൽകുവാനുള്ള വ്യവസ്ഥ കിഫ്ബി സ്വരൂപിക്കുന്ന എല്ലാ ഫണ്ടുകൾക്കും ബാധകമാണോ; ഇല്ലെങ്കിൽ ഏതെല്ലാം ഫണ്ടുകൾക്ക് ബാധകമാണെന്ന് വിശദമാക്കാമോ ;

(ബി) കിഫ്ബി സ്വരൂപിക്കുന്ന എല്ലാ ഫണ്ടുകളുടെയും തിരിച്ചടവിന് സർക്കാർ ഗ്യാരണ്ടിയുണ്ടായിരിക്കെ ഇതിലേക്ക് സർക്കാർ ഓരോ വർഷവും തിരിച്ചടവിനായി ബജറ്റ് വിഹിതം വയ്ക്കേണ്ട ആവശ്യമെന്ത് ;

(സി) തിരിച്ചടവിന് ബജറ്റ് വിഹിതമില്ലാതെ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ&ബി) ഭേദഗതി ചെയ്ത കിഫ് ആക്ട് 2016-ലെ 3-ാം വകുപ്പ് പ്രകാരം കിഫ് ബോർഡ് സമാഹരിക്കുന്ന ഫണ്ട് എന്നത് (1) ആന്വിറ്റി നൽകുന്നതിനോ, അല്ലെങ്കിൽ 8-ാം വകുപ്പ് പ്രകാരം കാലാകാലങ്ങളിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും പൊതുവായതോ, പ്രത്യേകമായതോ ആയ ഉത്തരവ് വഴി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും പ്രസ്തുത

ആക്ടിന്റെ ആവശ്യങ്ങൾക്കായി കടമായി വാങ്ങാവുന്ന ഏതൊരു തുകയ്ക്കും തിരിച്ചടവ് ബാധ്യതകൾ നൽകുന്നതിനോ ഉണ്ടായിട്ടുള്ള ചെലവുകൾ നേരിടുന്നതിനും ബോർഡിന്റെ പ്രവർത്തനപരവും ഭരണനിർവ്വഹണവുമായി ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിനും സർക്കാർ വാർഷിക ബജറ്റിൽ വ്യവസ്ഥ ചെയ്യുന്ന തുക. (2) 7-ാം വകുപ്പ് പ്രകാരമുള്ള മോട്ടോർ വാഹന സെസ്സ്, പെട്രോളിന്മേലുള്ള സെസ്സ് എന്നിവ. (3) ഏതെങ്കിലും സ്ഥാപനം നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകൾ. (4) ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽക്കൂടി ബോർഡ് സമാഹരിച്ച ഏതൊരു തുക എന്നിവയാണ്.

ഇപ്രകാരം കിഫ്ബി സ്വരൂപിക്കുന്ന ഫണ്ടിൽ മേൽപ്പറഞ്ഞ 8-ാം വകുപ്പ് പ്രകാരം ബോർഡ് സമാഹരിക്കുന്ന ഏതെങ്കിലും തുകയുടെ പലിശയും മുതലും നൽകുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് ഭേദഗതി ചെയ്ത കിഫ് ആക്ട് 2016-ലെ 9-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. ധനവിപണിയിൽനിന്നും വൻതോതിൽ ഫണ്ട് സമാഹരിക്കുന്നതിന് നിക്ഷേപ വിശ്വാസം ആർജ്ജിക്കുന്നതിലൂടെ ഫണ്ട് ലഭ്യതയും മിതമായ നിരക്കും സാധ്യമാകും. ഈ ആവശ്യത്തിലേക്ക് സർക്കാർ ഗ്യാരന്റി വളരെ പ്രയോജനപ്രദമാണ്. ലാഭകരമല്ലാത്ത എന്നാൽ വളരെയേറെ സാമൂഹിക പ്രസക്തിയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇതിനായി കടമെടുക്കുന്ന തുകയും പലിശയും തിരിച്ചടയ്ക്കേണ്ടതിനും, ബോർഡിന്റെ പ്രവർത്തന ചെലവ് മുതലായവയ്ക്കും ബഡ്ജറ്റിലൂടെ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കാലാകാലങ്ങളിൽ തുക ലഭ്യമാക്കേണ്ടതുണ്ട്.

(സി) കിഫ്ബി വഴി എന്തെല്ലാം പ്രവൃത്തികൾ/പദ്ധതികൾ നടപ്പിലാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുക.

**ധനകാര്യ ബജറ്റ് വിംഗിലെ സ്ഥലപരിമിതി**

18 (6628) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബജറ്റ് വിംഗിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്ത് വരുന്നുണ്ട് എന്ന വിവരം തസ്തിക തിരിച്ച് ലഭ്യമാക്കുമോ ;

(ബി) നിലവിലുള്ള നിയമപ്രകാരം എത്ര സ്ക്വയർ ഫീറ്റ് സ്ഥലമാണ് അനുവദിക്കേണ്ടത് ;

(സി) ധനകാര്യ-ബജറ്റ് വിംഗ് എത്ര സ്ക്വയർ ഫീറ്റ് സ്ഥലത്താണ് പ്രവർത്തിക്കുന്നത് ;

(ഡി) സെക്രട്ടേറിയറ്റ് അനക്സ്-2 പ്രവർത്തന സജ്ജമായ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന് എത്ര സ്ക്വയർ ഫീറ്റ് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്;

(ഇ) ധനകാര്യ വകുപ്പിന് സ്ഥലം അനുവദിക്കുന്നതിന് നിലവിൽ എന്താണ് തടസ്സമുള്ളത്; ഈ തടസ്സം നീക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(എഫ്) സ്ഥലം അനുവദിക്കുന്ന കാര്യത്തിൽ എന്തെങ്കിലും സമയബന്ധിതമായ ഉറപ്പ് ധനകാര്യവകുപ്പിന് ലഭിച്ചിട്ടുണ്ടോ; ഇവ എന്തെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | അഡീഷണൽ സെക്രട്ടറി | - | 1 |
| | ജോയിന്റ് സെക്രട്ടറി | - | 2 |
| | ഡെപ്യൂട്ടി സെക്രട്ടറി | - | 2 |
| | അണ്ടർ സെക്രട്ടറി | - | 3 |
| | അക്കൗണ്ട്സ് ഓഫീസർ | - | 2 |
| | സെക്ഷൻ ഓഫീസർ | - | 8 |
| | അസിസ്റ്റന്റ് | - | 30 |
| | കമ്പ്യൂട്ടർ അസിസ്റ്റന്റ് | - | 7 |
| | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 3 |
| | ഓഫീസ് അറ്റന്റന്റ് | - | 6 |

(ബി) പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 4880 സ്ക്വയർ ഫീറ്റും കൂടാതെ Building Standard പ്രകാരം ഒരു ജീവനക്കാരന് റിക്കാർഡ്സ് സൂക്ഷിക്കുന്നതിന് 10 സ്ക്വയർ ഫീറ്റ് എന്ന കണക്കിൽ 650 സ്ക്വയർ ഫീറ്റും ചേർത്ത് ആകെ 5530 സ്ക്വയർ ഫീറ്റ് സ്ഥലമാണ് അനുവദിക്കേണ്ടത്.

(സി) 1694 സ്ക്വയർ ഫീറ്റ്.

(ഡി) സെക്രട്ടേറിയറ്റ് അനക്സ്-2-ൽ ധനകാര്യ വകുപ്പിന് സ്ഥലം അനുവദിച്ചിട്ടില്ല.

(ഇ) സെക്രട്ടേറിയറ്റ് അനക്സ്-2-ലെ സ്ഥലം മുഴുവൻ അനുവദിച്ച് കഴിഞ്ഞതിനാൽ ഇപ്പോൾ സ്ഥലം ലഭ്യമല്ല.

(എഫ്) ലഭിച്ചിട്ടില്ല.

**റീഫണ്ട് തുക**

19 (6629) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ചികിത്സാ ധനസഹായത്തിന് അപേക്ഷിച്ച് എന്നാൽ ധനസഹായം ലഭിക്കുന്നതിന് മുമ്പ് ഡിസ്ചാർജ്ജ് ചെയ്യപ്പെട്ട എത്ര പേർക്ക് സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി റീഫണ്ട് തുക അനുവദിക്കാനുണ്ട്; ആശുപത്രി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പരിയാരം മെഡിക്കൽ കോളേജ്/ഹൃദയാലയയിൽ മാത്രം എത്രപേർക്ക് ഈ ഇനത്തിൽ തുക അനുവദിക്കുന്നുണ്ട്; ഇവരുടെ പേരും തുകയും എത്രയാണെന്ന് അറിയിക്കുമോ ;

(സി) റീഫണ്ട് തുക നല്കുന്നതിന് സർക്കാർ എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 792 പേർക്ക് റീ-ഇമ്പേഴ്സ്മെന്റ് തുക അനുവദിക്കാനുണ്ട്. ആശുപത്രി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| മെഡിക്കൽ കോളേജ്, തിരുവനന്തപുരം | - | 197 |
| മെഡിക്കൽ കോളേജ്, കോട്ടയം | - | 241 |
| പരിയാരം മെഡിക്കൽ കോളേജ് | - | 187 |
| മെഡിക്കൽ കോളേജ്, ആലപ്പുഴ | - | 16 |
| മെഡിക്കൽ കോളേജ്, കോഴിക്കോട് | - | 16 |
| മെഡിക്കൽ കോളേജ്, തൃശ്ശൂർ | - | 16 |
| ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, എറണാകുളം | - | 2 |
| ജനറൽ ഹോസ്പിറ്റൽ, എറണാകുളം | - | 7 |
| മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി | - | 2 |
| ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം | - | 59 |

| | | |
|---|---|---|
| ആർ.സി.സി. തിരുവനന്തപുരം | - | 47 |
| തിരൂർ ഡിസ്ട്രിക്ട് ഹോസ്പിറ്റൽ | - | 1 |
| ട്രൈബൽ ഹോസ്പിറ്റൽ, നല്ലൂർനാട്, വയനാട് | - | 1 |

(ബി) പരിയാരം മെഡിക്കൽ കോളേജിൽ 187 പേർക്ക് തുക അനുവദിക്കാനുണ്ട്. അപേക്ഷകർ ഹാജരാക്കുന്ന, ഡോക്ടർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ ബില്ലുകളുടെ അടിസ്ഥാനത്തിലാണ് റീ-ഇമ്പേഴ്സ്മെന്റ് തുക കണക്കാക്കുന്നത്. ആയതിന്റെ നടപടികൾ പുരോഗമിക്കുന്നു. ഇവരുടെ റീ-ഇമ്പേഴ്സ്മെന്റ് തുക അംഗീകരിച്ച് വന്നശേഷം മാത്രമേ കൃത്യമായി തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. പേര് വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ചികിത്സയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ് നൽകിവരുന്നുണ്ട്. തൃതല ആശുപത്രികളായ പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ; ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം; റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം; മലബാർ കാൻസർ സെന്റർ, തലശ്ശേരി എന്നീ ആശുപത്രികൾക്ക് റീ-ഇമ്പേഴ്സ്മെന്റ് നൽകുന്നതിൽ ചില അവ്യക്തതകൾ നിലനിന്നിരുന്നു. ആയതിൽ വ്യക്തത വരുത്തി 23-10-2016-ലെ G.O.(Rt)No.822/2016/TD, പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റീ-ഇമ്പേഴ്സ്മെന്റ് തുക നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

## അബ്കാരി നികുതി കുടിശ്ശിക

20 (T*6630) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അബ്കാരികൾ അബ്കാരി നികുതിയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശാദാംശം നൽകുമോ ;

(ബി) പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ഉണ്ട്. 30-8-2016 വരെ മുതൽ ഇനത്തിൽ 62,86,59,146 രൂപയും പലിശയിനത്തിൽ 181,66,06,816 രൂപയുമായി ആകെ 244,52,65,962 രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

(ബി) കുടിശ്ശിക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികളും നിയമ നടപടികളും ഊർജ്ജിതമായി നടന്നുവരുന്നു.

## കാരുണ്യ ബെനവലന്റ് സ്കീം

21 (6631) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ കാരുണ്യ ബെനവലന്റ് സ്കീമിൽ നിന്ന് എത്ര പേർക്കു സഹായം അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ആശുപത്രികളിൽ, ഏതെല്ലാം രോഗം കൊണ്ട് പ്രയാസപ്പെടുന്നവർക്കാണ് പ്രസ്തുത സഹായം അനുവദിച്ചതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, കാസർകോഡ് ജില്ലയിൽ നിന്ന് കാരുണ്യ ബെനവലന്റ് സ്കീമിൽ അപേക്ഷ നൽകിയ എത്ര പേർക്കും സഹായം നിരസിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സഹായം നിരസിക്കാനുള്ള കാരണങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്ന് 847 പേർക്ക് സഹായം അനുവദിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്കുകൾ നിലവിൽ ലഭ്യമല്ല.

(ബി) കാരുണ്യ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ രോഗികൾ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലും സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രികളിലുമാണ് ചികിത്സ നടത്തുന്നത്. ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം, ഹീമോഫീലിയ, സ്പൈനം സ്പൈനൽ കോഡുമായി ബന്ധപ്പെട്ട രോഗം എന്നീ വിഭാഗങ്ങളിൽ ചികിത്സ നടത്തുന്ന രോഗികൾക്കാണ് ചികിത്സാ സഹായം അനുവദിച്ചിട്ടുള്ളത്.

(സി) 8 പേരുടെ അപേക്ഷകളാണ് നിരസിച്ചിട്ടുള്ളത്. വരുമാന പരിധി കഴിഞ്ഞതും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത രോഗങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകളുമാണ് നിരസിച്ചിട്ടുള്ളത്.

## നാഷണൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ

22 (6632) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാർ 5-5-2009-ലെ നമ്പർ 38/41/06 പി & ഡബ്ല്യൂ (എ), 26-8-2016-ലെ 7/5/12-P&PW(F)/B എന്നീ ഉത്തരവുകളിലൂടെ നാഷണൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജിവനക്കാർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന വിരമിക്കൽ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., Invalid Pension, എക്സ്-ഗ്രേഷ്യാ പെൻഷൻ, കുടുംബപെൻഷൻ എന്നിവ സംസ്ഥാന സർവ്വീസിലെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

കേന്ദ്ര സർക്കാർ 5-5-2009-ലെ നമ്പർ 38/41/06 പി & ഡബ്ല്യൂ (എ), 26-8-2016-ലെ 7/5/12-P&PW(F)/B എന്നീ ഉത്തരവുകളിലൂടെ നാഷണൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന വിരമിക്കൽ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി. ഇൻവാലിഡ് പെൻഷൻ, എക്സ്ഗ്രേഷ്യാ പെൻഷൻ, കുടുംബ പെൻഷൻ എന്നിവ സംസ്ഥാന സർവ്വീസിലെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്കും അനുവദിക്കാമോ എന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## കേന്ദ്ര പദ്ധതികൾ നിരീക്ഷിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ

23 (6633) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ധനസഹായം ലഭിക്കുന്നതിന് തുക യഥാസമയം ചെലവഴിച്ച് ധനവിനിയോഗ സാക്ഷ്യപത്രം കൃത്യസമയത്ത് കൊടുക്കുന്നതിന് ധനകാര്യ വകുപ്പിൽ ഏതെങ്കിലും ഉദ്യോഗസ്ഥന് ചുമതല നൽകിയിട്ടുണ്ടോ ;

(ബി) ഓരോ സാമ്പത്തിക വർഷവും കേന്ദ്ര സർക്കാരിൽ നിന്നും ആകെ കിട്ടേണ്ട തുക എത്രയെന്നും കിട്ടിയ തുക എത്രയെന്നും ബാക്കി നിൽക്കുന്ന തുക എത്രയെന്നും ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ട തുക എത്രയാണെന്നും പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന തുകകളുടെ കണക്കുകളും ധനവിനിയോഗ കണക്കുകളും സംബന്ധിച്ചുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾക്ക്/അക്കൗണ്ടന്റ് ജനറലിന് നൽകേണ്ടതും ബന്ധപ്പെട്ട വകുപ്പ് തലവൻമാരാണ്.

**ചെറുകിട വ്യാപാരികൾക്ക് കെ.എസ്.എഫ്.ഇ. വഴി ക്രെഡിറ്റ് സൗകര്യങ്ങൾ**

24 (6634) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾക്ക് കെ.എസ്.എഫ്.ഇ. വഴി ക്രെഡിറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത്തരം ക്രെഡിറ്റ് ലോൺ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമെന്നും പലിശ നിരക്ക് എത്രയാണെന്നും വിശദീകരിക്കുമോ;

(സി) വ്യാപാരികളിൽ നിന്ന് തവണ തുക നേരിട്ട് അവരുടെ സ്ഥാപനത്തിൽ ചെന്ന് സ്വീകരിക്കുന്നതിന് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഫ്ലക്സി ട്രേഡ് ലോൺ എന്ന പേരിൽ സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ 10 ലക്ഷം രൂപവരെ നൽകുന്നു.

(ബി) കമ്പനി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ജാമ്യത്തിന് അനുസരിച്ച്, 24 മാസത്തേയ്ക്ക് 13% വാർഷിക പലിശ നിരക്കിൽ, തിരിച്ചടയ്ക്കാനുള്ള വരുമാനം കണക്കിലെടുത്ത് ചെറുകിട വ്യാപാരികൾക്ക് വായ്പ നൽകുന്നു. ഇതിലേയ്ക്കായി വായ്പാ സ്ഥാപനത്തിന്റെ അവസാന മൂന്നുവർഷത്തെ ലാഭ നഷ്ട കണക്കിന്റെയും ബാലൻസ് ഷീറ്റിന്റെയും ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്, സെയിൽസ് ടാക്സ് രജിസ്ട്രേഷൻ (KGST, CST) എന്നിവ ഹാജരാക്കണം. എളുപ്പത്തിൽ നശിച്ചുപോകുന്ന വസ്തുക്കളുടെ കച്ചവടത്തിന് ഈ വായ്പ നൽകുന്നതല്ല.

(സി) ഇല്ല.

## അടിസ്ഥാന വികസന മേഖലയിൽ മുടക്കുന്ന തുക

25 (6635) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന വികസന മേഖലയിൽ പ്രത്യേകിച്ച് പി.ഡബ്ല്യൂ.ഡി., വാട്ടർ റിസോഴ്സ്, ഹാർബർ എഞ്ചിനീയറിംഗ് എന്നിവ ഉൾപ്പെടെയുള്ള മേഖലകളിൽ മുടക്കുന്ന തുകയുടെ ശരിയായ പ്രയോജനം ദീർഘകാലത്തേക്ക് ലഭ്യമാക്കാനും കുറ്റമറ്റരീതിയിലുള്ള നിർമ്മാണം ഉറപ്പാക്കാനും പദ്ധതി വിഭാവനം ചെയ്യുമോ ;

(ബി) നിർമ്മാണ മേഖലയിൽ പ്രത്യേകിച്ച് പി.ഡബ്ല്യൂ.ഡി. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, കുടിവെള്ള പദ്ധതി ഉൾപ്പെടെയുള്ള ജലസേചന പ്രവൃത്തികൾ, എൽ. എസ്. ജി. ഡി. യുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവയിലെ കാര്യക്ഷമതയും ഗുണമേന്മയും ഇല്ലാത്ത അവസ്ഥ പരിഹരിച്ച് ഇവ തടയാൻ കിഫ്-ബിയിൽ നിർദ്ദേശമുണ്ടാകുമോ; വിശദീകരിക്കാമോ?

### ഉത്തരം

(എ&ബി) കിഫ്ബിവഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും പാലിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് വ്യക്തമായ ഒരു മാർഗ്ഗരേഖ 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/2016 ധന. പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സുതാര്യമായും സമയബന്ധിതമായും കിഫ്ബി വഴിയുള്ള പദ്ധതികൾ നടപ്പിലാക്കു ന്നതിനുതകുന്ന രീതിയിലാണ് മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നത്. ഇതിൻപ്രകാരം പി.ഡബ്ല്യൂ.ഡി., ജലസേചന വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളിൽനിന്നും പ്രോജക്ട് നിർദ്ദേശങ്ങൾ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ പുരോഗതി നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു സാങ്കേതിക വിദഗ്ദ്ധ സംഘത്തെ കിഫ്ബിയിൽ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കിഫ്ബി വഴിയുള്ള പദ്ധതിയുടെ തുടർന്നുള്ള ധനസഹായം ഈ വിലയിരുത്തലിനെ ആശ്രയിച്ചാണെന്നതിനാൽ കൂടുതൽ കൃത്യതയോടെയും കാര്യപ്രാപ്തിയോടെയും പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ

26 (6636) ശ്രീ. എം. എം. മണി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുതും വലുതുമായ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ നിയമവിരുദ്ധമായ രീതിയിൽ ബിസിനസ് നടത്തുന്നതായുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ നിയന്ത്രിക്കാനായി എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ ;

(ബി) സ്വർണ്ണപ്പണയമിടപാടിലൂടെ താഴ്ന്ന വരുമാനക്കാരെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ മാർഗ്ഗമുണ്ടോ;വിശദമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളുടെ ചൂഷണം അവസാനിപ്പിക്കാനായി കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തന മേഖല വിപുലീകരിക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുമോ ?

### ഉത്തരം

(എ&ബി) ഉണ്ട്. കേരള മണിലെന്റേഴ്സ് ആക്ടിന്റെ വകുപ്പ് 3(1)-ൽ എല്ലാ മണിലെന്റർമാരും ലൈസൻസ് എടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന മണിലെന്റർമാരെ കണ്ടെത്തി പ്രസ്തുത ആക്ടിൻകീഴിൽ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടം കൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതുമായ 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്ട് എന്ന നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം വകുപ്പ് 3 പ്രകാരം 'ഏതൊരാളും അയാൾ നൽകുന്ന ഏതെങ്കിലും വായ്പയിന്മേൽ അമിത പലിശ ഈടാക്കാൻ പാടില്ലാത്തതാകുന്നു'. വകുപ്പ് 4 പ്രകാരം 'ഈ ആക്ട് പ്രകാരമുള്ള ഏതൊരു കുറ്റവും കോഗ്നൈസബിളും ജാമ്യം കൊടുക്കാവുന്നതല്ലാത്തതും ആയിരിക്കുന്നതാണ്'. വ്യാജ പണമിടപാട് പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം കൈമാറുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാർ ഏജൻസികൾ ക്കിടയിൽ നിയന്ത്രണ മേൽനോട്ട സഹകരണം ശക്തിപ്പെടുത്തുന്നതിനുംവേണ്ടി സെബിയുടെ ദക്ഷിണ റീജിയണൽ മാനേജർ, കേന്ദ്ര കമ്പനികാര്യ വകുപ്പിന്റെ ഒരു പ്രതിനിധി, വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ, പോലീസ് അഡീഷണൽ

ഡയറക്ടർ ജനറൽ/നോമിനി, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ, സംസ്ഥാന ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെട്ട ഒരു സംസ്ഥാനതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽനിന്നും സാധാരണ ജനങ്ങളെ രക്ഷിക്കുന്നതിനുതകുമാറ് കെ.എസ്.എഫ്.ഇ.-ക്ക് ഒരു സ്വർണ്ണപ്പണയ വായ്പാ പദ്ധതി നിലവിലുണ്ട്. ചുരുങ്ങിയ സാധാരണ പലിശ, 10000 രൂപവരെ 10%-വും അതിനുമുകളിൽ 25 ലക്ഷം രൂപവരെ 11%-വും ആയി നിജപ്പെടുത്തിയിരിക്കുന്നു. കെ.എസ്.എഫ്.ഇ.-യുടെ 600-ഓളം ശാഖകളിലൂടെ വൈകുന്നേരം 4.30 മണിവരെ സ്വർണ്ണപ്പണയ വായ്പ ലഭ്യമാണ്. മാർക്കറ്റ് വിലയുടെ 75% വരെ വായ്പ ഈ ഇനത്തിൽ അനുവദിക്കുന്നുണ്ട്. കെ.എസ്.എഫ്.ഇ.-യുടെ ശാഖകളിൽ നല്ലൊരു ഭാഗവും പ്രവർത്തിക്കുന്നത് ഗ്രാമപ്രദേശങ്ങളിലായതിനാൽ സാധാരണക്കാർക്കുമേൽ വായ്പാ പദ്ധതി വളരെ ഉപയോഗപ്രദമാണ്.

## കോതമംഗലം മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

27 (6637) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് മുഖേന 2013-14, 2014-15 വർഷങ്ങളിൽ കോതമംഗലം മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം പ്രവൃത്തികൾ ഇതിൽ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

28 (6638) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾക്ക് ആവശ്യമായി വരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര വർഷത്തിനകം പൂർത്തിയാക്കാൻ പറ്റുന്ന പദ്ധതികളാണിവയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോമാത്രം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. വിവിധ ഭരണ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ ഇതിനകം കിഫ്ബിയിൽ ലഭിച്ചിട്ടുണ്ട്. നവംബർ 7-ന് ചേർന്ന ആദ്യ ബോർഡ് യോഗത്തിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്കാണ് കിഫ്ബിവഴി ആദ്യഘട്ടം ധനസഹായം ലഭ്യമാക്കുക. തുടർന്ന് ഭരണ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതികൾ വിലയിരുത്തലിനുശേഷം അടുത്ത ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്ക് വയ്ക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ**

29 (6639) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട കേന്ദ്രസർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കേന്ദ്രസർക്കാരിന്റെ പി. എഫ്. ആർ. ഡി. എ. ശിപാർശ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാന ജീവനക്കാർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ലഭ്യമാക്കാമോ എന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

30 (6640) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-2013-ന് ശേഷം സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ പ്രവേശിച്ച, പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ലഭിക്കുന്ന വിരമിക്കൽ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര സർക്കാരിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക്, സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ആശ്രിതർക്ക് ലഭിക്കുന്ന പ്രകാരമുള്ള കുടുംബ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കാൻ കേന്ദ്ര സർക്കാർ 5-5-2009-ൽ നമ്പർ 38/41/06/പി. & പി.ഡബ്ല്യൂ.(എ) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്തും സമാന ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1-4-2013-നുശേഷം സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിൽനിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും തുകയുടെ 10%-വും തത്തുല്യ സർക്കാർ വിഹിതവും ചേർത്ത് ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി ജീവനക്കാരൻ വിരമിക്കുന്ന സമയത്ത് അയാളുടെ പെൻഷൻ അക്കൗണ്ടിൽ സമാഹരിച്ചിരിക്കുന്ന ആകെ തുകയിൽനിന്നും 60% വരെ അയാൾക്ക് ഒറ്റത്തവണയായി പിൻവലിക്കാവുന്നതും, 40% വരെ ആന്വിറ്റി വാങ്ങുന്നതിനായി നിലനിർത്തേണ്ടതുമാണ്. ഇതിൽനിന്നും ലഭ്യമാകുന്ന തുക പെൻഷൻ വിഹിതം/ആന്വിറ്റി ആയി നൽകുകയും ചെയ്യുന്നതാണ് നിലവിലെ പങ്കാളിത്ത പെൻഷൻ പദ്ധതി.

(ബി) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പതിമൂന്നാം പദ്ധതിയുടെ രൂപരേഖ**

31 (6641) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിമൂന്നാം പദ്ധതിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വകുപ്പുകളും തദ്ദേശസ്ഥാപനങ്ങളും തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിനായി എന്തു മാർഗമാണ് സ്വീകരിച്ചിരിക്കുന്നത്; ഉദ്യോഗസ്ഥ മേൽക്കൈ ഒഴിവാക്കാൻ നടപടിയുണ്ടാകുമോ;

(സി) ജനകീയാസൂത്രണം വീണ്ടും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് ഏത് തരത്തിലായിരിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖയുടെ കരട് അന്തിമഘട്ടത്തിലാണ്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ തസ്തികകളെ ഒരു കോമൺ സർവ്വീസായി സംയോജിപ്പിക്കുന്നതിന് നടപടി കൈക്കൊള്ളുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഞ്ചിനീയർമാരെ തദ്ദേശസ്വയംഭരണ ഉദ്യോഗസ്ഥരാക്കി മാറ്റുന്നതാണ്.

(സി) അധികാര വികേന്ദ്രീകരണത്തിന്റെ ആദ്യഘട്ട പരീക്ഷണങ്ങൾ തികച്ചും വിജയമായതിനാൽ അധികാര വികേന്ദ്രീകരണത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായും അധികാര വികേന്ദ്രീകരണ സെൽ രൂപീകരിക്കുന്നതിനുമായും 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ആനുകൂല്യം**

32 (6642) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ആനുകൂല്യം ലക്ഷ്യമാക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിലവിൽ അംഗീകാരമുള്ള ആശുപത്രികളും ഏതെല്ലാം ചികിത്സകൾക്കാണ് ഇവിടെ അനുമതിയുള്ളതെന്നും വ്യക്തമാക്കാമോ ;

(ബി) ഒരു തവണ ധനസഹായം ലഭിച്ചവർക്ക് വീണ്ടും ധനസഹായം ലഭിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; വിശദമാക്കാമോ;

(സി) ലഭ്യമാവുന്ന അപേക്ഷകളിൽ തുക അനുവദിക്കുന്നതിന് അധികാര പെടുത്തിയ സമിതി ഏതാണെന്നും ജില്ലാതലത്തിൽ അംഗീകരിക്കാവുന്ന തുക എത്ര വീതമാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ സർക്കാർ ആശുപത്രികൾക്ക് പുറമേ 13 സ്വകാര്യ ആശുപത്രികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആശുപത്രികളുടെ പേരും ലഭ്യമാകുന്ന ചികിത്സകൾ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഹീമോഫീലിയ രോഗികൾ ഒഴികെ, ഒരു തവണ രണ്ടുലക്ഷം രൂപ ധനസഹായം ലഭിച്ചവർക്ക് തുടർസഹായം നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരു വ്യക്തിക്കോ ഒന്നിലധികം വ്യക്തികൾക്കോ പരമാവധി രണ്ടുലക്ഷം രൂപവരെ ധനസഹായം ലഭിക്കുന്നതാണ്. ഹീമോഫീലിയ രോഗത്തിന്റെ ഫാക്ടറുകൾക്ക് തുക പരിധിയില്ല.

(സി) തുക അനുവദിക്കുന്നതിനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരു വ്യക്തിക്കോ ഒന്നിലധികം വ്യക്തികൾക്കോ പരമാവധി രണ്ടുലക്ഷം രൂപവരെ ധനസഹായം ജില്ലാ തലത്തിൽ ശിപാർശ ചെയ്യുന്നു.

**കിഫ്ബിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

33 (6643) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016-17-ലെ പുതുക്കിയ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പദ്ധതികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) ബജറ്റിന്മേലുള്ള പൊതു ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ഉൾപ്പെടുത്തപ്പെട്ട കരുനാഗപ്പള്ളി ദേശീയ പാതയുടെ ബൈപ്പാസ് നിർമ്മാണം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദീകരിക്കുമോ;

(സി) തീരദേശ വികസനവുമായി ബന്ധപ്പെട്ടുവരുന്ന പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-സി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോമാത്രം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. വിവിധ ഭരണ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ ഇതിനകം കിഫ്ബിയിൽ ലഭിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. നവംബർ 7-ന് ചേർന്ന കിഫ് ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭിച്ച പദ്ധതികൾക്കാണ് ആദ്യഘട്ടത്തിൽ കിഫ്ബി വഴി ധനസഹായം ലഭ്യമാക്കുക. ഭരണ വകുപ്പുകൾ തുടർന്ന് സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ അവലോകനം നടത്തി അടുത്ത ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്ക് വയ്ക്കുന്നതാണ്.

**വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനായി പ്രത്യേക ഈട്**

34 (6644) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന് ബാങ്കുകൾക്ക് പ്രത്യേക ഈട് നൽകേണ്ടതുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈട് നൽകാൻ തയ്യാറായിട്ടും വിദ്യാഭ്യാസ വായ്പ നൽകുന്നതിൽ ബാങ്കുകൾ വിമുഖത കാണിക്കുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

(സി) വിദ്യാഭ്യാസ വായ്പയുടെ പലിശ ഇനത്തിൽ സർക്കാർ എന്തെങ്കിലും തുക ലഭ്യമാക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) റിസർവ് ബാങ്കിന്റെ നയങ്ങളും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ടാണ് കേരളത്തിന്റെ പൊതുമേഖല ഉൾപ്പെടെയുള്ള എല്ലാ ബാങ്കുകളും വിദ്യാഭ്യാസ വായ്പ നൽകുന്നത്. ഇതനുസരിച്ച് വിദേശത്തും സംസ്ഥാനത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും വിവിധ പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ബാങ്കുകൾ യാതൊരു നിയന്ത്രണവും ഏർപ്പെടുത്താതെ വിദ്യാഭ്യാസ വായ്പകൾ നൽകിവരുന്നു. വിദ്യാഭ്യാസ വായ്പ നൽകുന്നതിൽ ബാങ്കുകൾ വിമുഖത കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡി സ്കീം പ്രകാരം പലിശയിനത്തിൽ സർക്കാർ നാളിതുവരെ 61.94 കോടി രൂപ വിവിധ ജില്ലകൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

**ഇറച്ചിക്കോഴി കർഷകർ**

35 (6645) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതരസംസ്ഥാനങ്ങളിൽനിന്ന് നികുതിവെട്ടിച്ച് കൊണ്ടുവരുന്ന കോഴി വിപണനം കാരണം സംസ്ഥാനത്തെ ഇറച്ചിക്കോഴി കർഷകർ പ്രതിസന്ധി നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇറച്ചിക്കോഴി കർഷകരുടെ തൊഴിൽ സംരക്ഷിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(സി) കൃഷിക്കെന്നപോലെ ചെറുകിട കോഴി കർഷകർക്കും സബ്സിഡി ഏർപ്പെടുത്തുന്നതിനും ടാക്സ് പരിധിയിൽനിന്നും ഒഴിവാക്കുന്നതിനും ക്ഷേമനിധി ഏർപ്പെടുത്തുന്നതിനും സബ്സിഡി നിരക്കിൽ കോഴിത്തീറ്റ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഈ വിഷയം കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇറച്ചിക്കോഴി വളർത്തൽ ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്ന കർഷകരുടെ തൊഴിൽ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ രൂപം നൽകി നടപ്പാക്കുന്ന പദ്ധതിയാണ് 'കെപ്കോ ഇന്റഗ്രേഷൻ കോഴിവളർത്തൽ പദ്ധതി'. അതിന് പുറമേ ഈ കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡിംഗ് ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഇറച്ചിക്കോഴി കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

(സി) നികുതി വകുപ്പ് പരിഗണിച്ചിട്ടില്ല.

**ജനകീയാസൂത്രണ പദ്ധതിയുടെ ബജറ്റ് വിഹിതം**

36 (6646) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജനകീയാസൂത്രണ പദ്ധതിയുടെ ബജറ്റ് വിഹിതം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ജനകീയാസൂത്രണ പദ്ധതി നിലവിൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതി എന്നാണ് അറിയപ്പെടുന്നത്. ഇതിന്റെ നിർവ്വഹണത്തിനായി വികസന ഫണ്ടിനത്തിൽ പ്രാദേശിക സർക്കാരുകൾക്ക് പണം നൽകുന്നുണ്ട്. അതത് കാലത്തുള്ള സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനമനുസരിച്ചാണ് ഫണ്ട് നൽകുന്നത്.

**വാർദ്ധക്യകാല പെൻഷൻ**

37 (6647) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

ഇല്ല. 15-8-2016-ലെ ജി.ഒ. (എംഎസ്.) നമ്പർ 324/2016/ധന. ഉത്തരവ് പ്രകാരം ഒരാൾക്ക് ഒരു പെൻഷന് മാത്രമാണ് അർഹത. വികലാംഗ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ, ക്ഷേമനിധി ബോർഡുകളുടെ സ്വന്തം ഫണ്ടിൽനിന്നും പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾ എന്നിവർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഏതെങ്കിലും ഒന്നിനുകൂടി അർഹതയുണ്ടാ യിരിക്കുന്നതാണ്.

**ജോലിയിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം**

38 (6648) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോലിയിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം 70 ശതമാനം വെട്ടിക്കുറച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഉത്തരവ് എന്നുമുതലാണ് പ്രാബല്യത്തിൽ വരിക; ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2013 മുതൽ ആനുകൂല്യം ലഭിച്ചവർ തുക തിരിച്ചടയ്ക്കേണ്ടി വരുമോ; വിശദമാക്കുമോ;

(സി) ആശ്രിതർക്ക് ഏതുവരെയാണ് പ്രസ്തുത സഹായം ലഭ്യമാക്കുക; മരണപ്പെട്ട വ്യക്തിയുടെ ആരെയൊക്കെയാണ് ആശ്രിതരായി കണക്കാക്കുക ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ജോലിയിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം വെട്ടിക്കുറച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടില്ല.

(ബി&സി) ബാധകമല്ല.

**സംസ്ഥാനത്തിന്റെ പൊതുകടം**

39 (6649) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുകടം ഇപ്പോൾ എത്ര കോടി രൂപയാണ് ;

(ബി) സംസ്ഥാനത്തെ ആളോഹരി കടം എത്ര രൂപയാണ് ;

(സി) വിദേശ വായ്പാ ഇനത്തിലെ കടബാധ്യത എത്ര കോടി രൂപയാണ് ;

(ഡി) ആളോഹരി വിദേശ കടം എത്ര രൂപയാണ്; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31-3-2016-ൽ സംസ്ഥാനത്തിന്റെ പൊതുകടം 1,57,370.32 കോടി രൂപയാണ്.

(ബി) സംസ്ഥാനത്തിന്റെ ആളോഹരി കടം 46285.39 രൂപയാണ്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31-3-2016-ൽ സംസ്ഥാനത്തിന്റെ വിദേശ സഹായ വായ്പ 7234.71 കോടി രൂപയാണ്.

(ഡി) സംസ്ഥാനത്തിന്റെ ആളോഹരി വിദേശകടം 2127.86 രൂപയാണ്.

**കോതമംഗലം മണ്ഡലത്തിൽ 2016-17 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയ പ്രവൃത്തികൾ**

40 (6650) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോതമംഗലം മണ്ഡലത്തിൽ 2016-17 വർഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ?

ഉത്തരം

കോതമംഗലം മണ്ഡലത്തിൽ 2016-17 വർഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| (1) | (2) | (3) |
| 1 | കോതമംഗലം റേഞ്ചിലെ തട്ടേക്കാട് സെക്ഷൻ ഓഫീസ് റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം | പൂർത്തിയായി |
| 2 | കോതമംഗലം റേഞ്ചിലെ തട്ടേക്കാട് സെക്ഷൻ ഓഫീസ് റോഡിന്റെ അറ്റകുറ്റപ്പണികൾ | പൂർത്തിയായി |
| 3 | മുള്ളരിങ്ങാട് റേഞ്ച് ഓഫീസ് പരിസരം, പാർക്കിംഗ് സ്ഥലം, ഓഫീസിലേയ്ക്കുള്ള റോഡ് എന്നിവയുടെ നവീകരണം | പൂർത്തിയായി |
| 4 | മുള്ളരിങ്ങാട് റേഞ്ചിലെ ചുള്ളികണ്ടം, ചാത്തമറ്റം, ഉപ്പുക്കുഴി തുടങ്ങിയ ചെക്കിംഗ് സ്റ്റേഷനുകളിലെ അറ്റകുറ്റപ്പണികൾ | പൂർത്തിയായി |
| 5 | വനാതിർത്തി വേർതിരിക്കുന്നതിലേയ്ക്ക് മുള്ളരിങ്ങാട് റേഞ്ച് പരിധിയിൽ 19 ജണ്ടകളുടെ നിർമ്മാണം | പൂർത്തിയായി |
| 6 | ഇടമലയാർ റേഞ്ച് ഓഫീസ് നവീകരണം | പ്രവൃത്തി പുരോഗമിക്കുന്നു |
| 7 | ഇടമലയാർ റേഞ്ചിലെ എണ്ണക്കൽ ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് ക്വാർട്ടേഴ്സ് നവീകരണം | പ്രവൃത്തി പുരോഗമിക്കുന്നു |

| (1) | (2) | (3) |
|---|---|---|
| 8 | തുണ്ടത്തിൽ റേഞ്ചിലെ കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷൻ വൈദ്യുതീകരണം | തുക കെ.എസ്.ഇ.ബി-ക്ക് കൈമാറി-പ്രവൃത്തി പുരോഗമിക്കുന്നു. |
| 9 | കുട്ടമ്പുഴ റേഞ്ചിലെ 500 ജണ്ടകളുടെ നിർമ്മാണം | 255 എണ്ണം പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| 10 | തുണ്ടത്തിൽ റേഞ്ചിലെ 65 ജണ്ടകളുടെ നിർമ്മാണം | 63 എണ്ണം പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| 11 | ഇടമലയാർ റേഞ്ചിലെ 200 ജണ്ടകളുടെ നിർമ്മാണം | 1 എണ്ണം പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| 12 | തുണ്ടത്തിൽ റേഞ്ചിലെ താളുംകണ്ടം ആദിവാസി കോളനിയിൽ സൗരോർജ്ജ വേലി നിർമ്മാണം | പൂർത്തീകരിച്ചു. |
| 13 | കുട്ടമ്പുഴ റേഞ്ചിലെ ബ്ലാവനയിൽ ക്യാമ്പ് ഷെഡ് നിർമ്മാണം | പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിച്ചു. |

## സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പ്രവർത്തനം

41 (6651) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത വകുപ്പിൽ ഉദ്യോഗസ്ഥരുടെ ടൂർ എപ്രകാരമാണ് ക്രമീകരിക്കപ്പെടുന്നതെന്നും ഇതിനു പ്രത്യേകം മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇപ്രകാരം ടൂർ പോകുന്ന ഉദ്യോഗസ്ഥർ യഥാസമയം റിപ്പോർട്ടുകൾ സമർപ്പിക്കാറുണ്ടോയെന്നും പ്രസ്തുത റിപ്പോർട്ടുകൾ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത വകുപ്പിൽ ടൂറിനും യാത്രാബത്തയിനത്തിലും ചെലവഴിക്കുന്ന തുകയുടെ കാര്യത്തിൽ സുതാര്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാന സർക്കാരിന് കീഴിലെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള മാന്വൽ തയ്യാറാക്കുകയും മാന്വൽ ഭേദഗതി വരുത്തുകയും പ്രസ്തുത മാന്വലിന്റെ അടിസ്ഥാനത്തിൽ ടി വകുപ്പുകൾ/സ്ഥാപനങ്ങൾ തങ്ങൾക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നുവെന്ന് ഉറപ്പ് വരുത്തുകയുമാണ് സ്റ്റോർ പർച്ചേസ് വകുപ്പിൽ അർപ്പിതമായ കർത്തവ്യം. സ്റ്റോർ പർച്ചേസ് മാന്വൽ അധ്യായം 17 ൽ വിവരിച്ചിട്ടുള്ള സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ഉത്തരവാദിത്ത്വങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) ഒരു സ്ഥാപനത്തിൽ പരിശോധന കഴിഞ്ഞാൽ രണ്ടുവർഷത്തെ ഇടവേള കഴിഞ്ഞാണ് അടുത്ത പരിശോധന അതേ സ്ഥാപനത്തിൽ നടത്താറ്. പരിശോധനയ്ക്ക് പോകുന്ന ഉദ്യോഗസ്ഥർ യഥാസമയം റിപ്പോർട്ടുകൾ സമർപ്പിക്കുകയും അവ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യാറുണ്ട്. ഇവർക്ക് നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി സുതാര്യമായ മാനദണ്ഡങ്ങൾ പാലിച്ചാണ് യാത്രാബത്ത അനുവദിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ചെറിയ ചെക്ക്പോസ്റ്റുകൾ വഴി വലിയ വാഹനങ്ങൾ**

42 (6652) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ വലിയ ചെക്ക്പോസ്റ്റുകൾ ആയ അമരവിള, മാവിളക്കടവ്, ആറ്റുപുറം എന്നീ ചെക്ക്പോസ്റ്റുകൾ ഒഴികെ മറ്റ് ചെറിയ ചെക്ക്പോസ്റ്റുകൾ വഴി വലിയ വാഹനങ്ങൾ കടത്തിവിടുന്നത് (50,000 രൂപയിൽ അധികം വരുന്ന സാധനങ്ങൾ) അഴിമതി നടത്താൻ വേണ്ടിയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ അവ നടപ്പിൽ വരുത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

എല്ലാ ചെക്ക്പോസ്റ്റുകൾ വഴിയും വരുന്ന ചരക്ക് വാഹനങ്ങളെ അതാത് ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ അവയുടെ രേഖകൾ പരിശോധിച്ചും ചരക്കുകൾ പരിശോധിച്ചും ഉറപ്പുവരുത്തിയതിനുശേഷമാണ് കടത്തിവിടുന്നത്. നിയമാനുസൃതമല്ലാതെ വരുന്ന ചരക്കുവാഹനങ്ങളുടെമേൽ നടപടി സ്വീകരിക്കാറുണ്ട്. ഇക്കാര്യത്തിൽ അനുചിതവും നിയമവിരുദ്ധവുമായ കാര്യങ്ങൾ നടക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

**ചരക്ക് സേവന നികുതി**

43 (6653) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ സംസ്ഥാനത്തെ ചെറുകിട വ്യവസായ രംഗത്തെ സംരംഭകർക്ക് ഉണ്ടാകാവുന്ന പ്രയാസങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

ചരക്ക് സേവന നികുതി ചുമത്തപ്പെടേണ്ട ചുരുങ്ങിയ ടേണോവറിനേയും നികുതി നിരക്കുകളേയും സംബന്ധിച്ച ചർച്ചകൾ ജി.എസ്.ടി. കൗൺസിലിൽ പുരോഗമിച്ചുവരുന്നതേയുള്ളൂ. Threshold limit-ന് താഴെ ടേൺ ഓവർ ഉള്ളവർക്ക് നികുതി ബാധ്യതയില്ല. 50 ലക്ഷം വരെ ടേണോവറുള്ള ചെറുകിട വ്യാപാരികൾക്ക് കോംമ്പൗണ്ടിംഗ് നിരക്കിൽ നികുതി ഒടുക്കാനുള്ള സംവിധാനവും മാതൃകാ ജി.എസ്.ടി. നിയമത്തിൽ പരിഗണനയ്ക്കായി വച്ചിട്ടുണ്ട്. കൂടാതെ രജിസ്ട്രേഷൻ എടുക്കാനുള്ള പരിധി 20 ലക്ഷമായി ഉയർത്തുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലാണ്.

## നികുതി വെട്ടിപ്പ്

44 (6654) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽ സംസ്ഥാനത്തുനിന്നും വരുന്ന പാസഞ്ചർ ട്രെയിൻ, ബസ്സുകൾ, സ്വകാര്യ കാറുകൾ എന്നീ യാത്രാ വാഹനങ്ങളിലൂടെ നികുതി വെട്ടിപ്പു നടത്തി സംസ്ഥാനത്തേക്ക് സാധനങ്ങൾ കൊണ്ടുവരുന്നുണ്ട് എന്ന മാധ്യമ വാർത്തകൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം നികുതി വെട്ടിപ്പ് തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം എത്ര കേസ്സുകൾ റെയ്ഡുകളിലൂടെയും മറ്റും പിടികൂടിയിട്ടുണ്ട്; ഇതിലൂടെ എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ട്;വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം നികുതി വെട്ടിപ്പ് തടയുന്നതിന് ട്രെയിൻ, റെയിൽവേ സ്റ്റേഷൻ പരിസരം, പ്ലാറ്റ്ഫോം, പാഴ്സൽ ഓഫീസുകൾ, ബസ്സുകൾ, സ്വകാര്യ കാറുകൾ എന്നിവ നിരന്തരം പരിശോധിക്കുന്നുണ്ട്. കൂടാതെ അതിർത്തി ചെക്ക്പോസ്റ്റ് കടന്നുവരുന്ന സ്വകാര്യ യാത്രാ വാഹനങ്ങൾ ഉൾപ്പെടെയുള്ളവ ഓവർചെക്ക് ചെയ്യുകയും കർശന പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4848 കേസ്സുകൾ പിടികൂടുകയും അതിലൂടെ 4.86 കോടി രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## നികുതി വരുമാനത്തിലെ വർദ്ധനവ്

45 (6655) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി വരുമാനം എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടുതൽ ഉല്പന്നങ്ങളെ നികുതിയുടെ പരിധിയിലേയ്ക്ക് കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) കൂടുതൽ ഉല്പന്നങ്ങളെ നികുതിയുടെ പരിധിയിലേയ്ക്ക് കൊണ്ടുവരുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2015-16 ആഗസ്റ്റ് മാസത്തെയും 2016-17 ആഗസ്റ്റ് മാസത്തെയും നികുതി വരുമാനം താരതമ്യം ചെയ്യുമ്പോൾ 2016 ആഗസ്റ്റിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 7.56 ശതമാനത്തിന്റെ വർദ്ധനവ് ആർജ്ജിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. ഗോതമ്പ് ഉൽപ്പന്നങ്ങളായ ആട്ട, മൈദ, സൂചി. റവ എന്നിവ പ്രധാനമായും പാക്കറ്റുകളിലാണ് വിപണനം ചെയ്യുന്നത്. നികുതി നിരക്കിൽ കുറവ് വരുത്തിയിട്ടും മുമ്പ് നിലവിലുണ്ടായിരുന്ന അതേ MRP യിലും റീട്ടെയിൽ നിരക്കിലും ആണ് ഇവയുടെ വ്യാപാരം നടന്നുവരുന്നത്. നികുതി നിരക്കിൽ വരുത്തിയ കുറവ് ഉപഭോക്താവിന് ലഭിക്കാത്തതിനാലും നികുതി ഉൾപ്പെടെയാണ് MRP കണക്കാക്കുന്നത് എന്നതിനാലും MRP രേഖപ്പെടുത്തി പായ്ക്കറ്റിലാക്കി വിൽക്കുന്ന ഗോതമ്പുൽപ്പന്നങ്ങളായ ആട്ട, മൈദ, സൂചി, റവ എന്നിവയ്ക്ക് അഞ്ച് ശതമാനം നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. MRP രേഖപ്പെടുത്തി പായ്ക്കറ്റിലാക്കി വിൽക്കുന്ന ബസ്മതി അരിയുടെ നികുതി നിരക്കും അഞ്ച് ശതമാനമായി ഉയർത്തിയിട്ടുണ്ട്. വെളിച്ചെണ്ണയ്ക്ക് നികുതി ഇളവ് നൽകിയിരുന്നെങ്കിലും അതിന്റെ ഗുണം കേര കർഷകർക്ക് ലഭിക്കുകയുണ്ടായില്ല. സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വ്യാപാരികൾ വെളിച്ചെണ്ണ കൊണ്ടുവന്ന് വിൽപ്പന നടത്തി ഈ നികുതിയിളവിനെ ദുരുപയോഗം ചെയ്യുകയും വെളിച്ചെണ്ണ എന്ന വ്യാജേന മറ്റ് ഭക്ഷ്യ എണ്ണകൾ സംസ്ഥാനത്തേയ്ക്ക് കടത്തുന്നതായും ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ സംസ്ഥാനത്തേയ്ക്കുള്ള ഇത്തരം എണ്ണകളുടെ വരവിനെ നിയന്ത്രിക്കാൻ വെളിച്ചെണ്ണയ്ക്ക് അഞ്ച് ശതമാനം നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാത്തരം ഭക്ഷ്യ എണ്ണകളുടെയും നികുതി നിരക്ക് അഞ്ച് ശതമാനമായി ഏകീകരിക്കുന്നതിന്റെ ഭാഗമായി റൈസ് ബ്രാൻ ഓയിലിനും അഞ്ച് ശതമാനം നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. അടുത്ത വർഷം മുതൽ ചരക്ക് സേവന നികുതി ഏർപ്പെടുത്തുന്നതിനാൽ കൂടുതൽ ഉൽപ്പന്നങ്ങളെ പുതുതായി നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നത് പ്രായോഗികമല്ല.

**ചെക്ക്പോസ്റ്റുകളിൽനിന്ന് ലഭിച്ച വരുമാനം**

46 (6656) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകളിൽനിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച വരുമാനം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ എത്ര തുക ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ചെക്ക്പോസ്റ്റുകളിലെ നികുതി ചോർച്ച തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ ഫലമായി വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകളിൽനിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) നിലവിലുള്ള ചെക്ക്പോസ്റ്റ് സംവിധാനത്തിലെ ഏറ്റവും സങ്കീർണ്ണമായ പ്രശ്നങ്ങളായ ഗതാഗതക്കുരുക്ക്, നടപടികളിലെ കാലതാമസം എന്നിവ പൂർണ്ണമായും ഇല്ലാതാക്കുക, സുതാര്യത പൂർണ്ണമായും ഉറപ്പുവരുത്തുക, നികുതി വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളത്തിലെ പ്രധാന ചെക്ക്പോസ്റ്റുകളെ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ സംയോജിത ഡാറ്റാ കളക്ഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ഏഴ് ചെക്ക്പോസ്റ്റുകൾ ഇങ്ങനെ നവീകരിക്കാനാണ് ഇപ്പോൾ ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിൽ ആദ്യഘട്ടത്തിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നീ ചെക്ക്പോസ്റ്റുകളെ സംയോജിത വിവരശേഖരണ കേന്ദ്രങ്ങളാക്കി മാറ്റുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക് പോസ്റ്റുകളെ ഒരു കുരയ്ക്ക് കീഴിൽ കൊണ്ടുവരുമ്പോൾ നടപടിക്രമങ്ങൾ ലളിതമാകുന്നു. സംയോജിത വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ്വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയംതന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമായവ മാത്രമായി ലഭ്യമാകുന്നതിനാൽ വാഹനം സെന്ററിനുള്ളിലേക്ക് കടന്നുവരുമ്പോൾ ഓരോ വകുപ്പിനും കുറഞ്ഞ സമയംകൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തിവിടുവാൻ കഴിയുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സെന്ററിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജ്, നമ്പർപ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി. സംവിധാനം, ബൂം ബാരിയറുകൾ എന്നിവ ടി സോഫ്റ്റ്വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ, വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയംതന്നെ മറ്റ് ഡാറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നത് ചരക്ക് നീക്കത്തിന്റെ വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ പതിൻമടങ്ങ് വർദ്ധിക്കുന്നതിന് സഹായകമാകുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## വാണിജ്യ നികുതി

47 (6657) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് അതിർത്തി ചെക്ക്പോസ്റ്റുകളിലൂടെ നടപ്പ് വർഷം ഇതുവരെ വാണിജ്യ നികുതി ഇനത്തിൽ എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ ?

### ഉത്തരം

സംസ്ഥാനത്തെ അതിർത്തി ചെക്ക്പോസ്റ്റുകളിലൂടെ നടപ്പ് സാമ്പത്തിക വർഷം 30-9-2016 വരെ 562.15 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

## വാണിജ്യ നികുതി വകുപ്പിലെ സുതാര്യത ഉറപ്പുവരുത്തുന്നതിന് നടപടി

48 (6658) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും, വ്യാപാരികൾക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിനായി ഒരു പുതിയ സംവിധാനം വകുപ്പിൽ ഏർപ്പെടുത്തുന്നതിനെ കുറിച്ച് ആലോചനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ പുതിയ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനായി വിവിധ തരത്തിലുള്ള ട്രെയിനിംഗുകൾ നൽകുന്നുണ്ട്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് ഇൻഡക്ഷൻ കോഴ്സ്, സർവ്വീസിൽ തുടരുന്നവർക്ക് റിഫ്രഷർ കോഴ്സ് കൂടാതെ കപ്പാസിറ്റി ബിൽഡിംഗ് കോഴ്സും നൽകുന്നുണ്ട്. റിട്ടേൺ ഫയൽ ചെയ്യുന്നതും നികുതി അടയ്ക്കുന്നതും ഓൺലൈൻ സംവിധാനത്തിലൂടെ ആയതിനാൽ വ്യാപാരികൾക്ക് ഓഫീസുകളിൽ നേരിട്ട് വരേണ്ട ആവശ്യം വരുന്നില്ല. സാങ്കേതിക കാരണങ്ങളുടെ പേരിൽ ചെക്ക്പോസ്റ്റുകളിൽ ചരക്ക് വാഹനങ്ങൾ തടയുന്നതും ജാമ്യ സംഖ്യ ഈടാക്കുന്നതും നിർത്തലാക്കിയിട്ടുണ്ട്.

(ബി&സി) 2016 ബഡ്ജറ്റിൽ പിയർ റിവ്യൂ ചെക്ക്പോസ്റ്റുകളുടെ ആധുനീകരണം, ടാക്സ് കോർണർ, ഇ-ന്യൂസ് ലെറ്റർ തുടങ്ങിയവ നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പിയർ റിവ്യൂ സംവിധാനത്തിലൂടെ എല്ലാ നികുതി നിർണ്ണയ നോട്ടീസുകളും ഉത്തരവുകളും അവ പുറപ്പെടുവിക്കുന്നതിന് മുമ്പ് കേരളത്തിലെ മുഴുവൻ നികുതി നിർണ്ണയ അധികാരികൾക്കും കാണുവാനും നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും കഴിയും. ഇതിലൂടെ മേൽപ്പറഞ്ഞ നോട്ടീസുകളും ഉത്തരവുകളും കൂടുതൽ സുതാര്യവും കുറ്റമറ്റതും ആകുന്നു. ചെക്ക് പോസ്റ്റുകളുടെ നവീകരണ പരിപാടികൾ തുടരുകയാണ്. നികുതിയുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ വിവരങ്ങൾ അറിയിക്കുന്നതിനുവേണ്ടിയാണ് ഇ-ന്യൂസ് ലെറ്റർ ആരംഭിക്കുന്നത്. കൂടാതെ നികുതി വകുപ്പിന്റെ ഭരണപരമായ വിവരങ്ങൾ ലഭ്യമാക്കുവാൻ വകുപ്പിന്റെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംസ്ഥാന ആസ്ഥാനത്തും ടാക്സ് കോർണറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

**ധനദൃഢീകരണത്തിനായി നടപടികൾ**

49 (6659) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനദൃഢീകരണത്തിനായി ഈ സർക്കാർ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) ഇതിനായി നികുതി ഭരണത്തിൽ എന്തൊക്കെ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു; ഡൽഹി സർക്കാർ നടപ്പിലാക്കിയ മാതൃകയിൽ സോഫ്റ്റ്‌വെയർ സഹായത്തോടെ നികുതി പിരിവ് സാധ്യമാകുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നത് മുഖ്യ നികുതിയിനമായ വാണിജ്യ നികുതിയിലെ ചോർച്ച കുറയ്ക്കാൻ ഉപകരിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിപ്പിക്കുമോ?

<u>ഉത്തരം</u>

(എ) സാമ്പത്തിക ദൃഢീകരണത്തിനായി ചുവടെ ചേർക്കുന്ന നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്.

<u>ചെലവ് നിയന്ത്രണം</u>

ശമ്പളം, പലിശ, പെൻഷൻ എന്നിവ കഴിച്ചുള്ള പദ്ധതിയേതര ചെലവുകൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തുക.

<u>വരുമാന സമാഹരണം</u>

പ്രധാനപ്പെട്ട വരുമാനദായക വകുപ്പുകളായ വാണിജ്യനികുതി, മോട്ടോർ വെഹിക്കിൾസ് രജിസ്ട്രേഷൻ, റവന്യൂ, എക്സൈസ് എന്നിവയുടെ നികുതി പിരിവ് സംവിധാനം ഊർജ്ജിതപ്പെടുത്തും. അടുത്ത അഞ്ച് വർഷക്കാലയളവിലേയ്ക്ക് സംസ്ഥാനത്തിന്റെ നികുതി പിരിവിന്റെ വാർഷിക വളർച്ചാനിരക്ക് 20% തോതിൽ നിലനിർത്തുന്നത് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ കൈക്കൊള്ളും.

(ബി) വാണിജ്യ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികളാണ് നികുതി വകുപ്പ് ആവിഷ്കരിക്കുന്നത്.

1. അഴിമതി നിർമ്മാർജ്ജനം
2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരിക
3. യുക്തിസഹമായ നികുതി നിരക്ക്
4. സാങ്കേതിക നവീകരണം
5. ഊർജ്ജിത ഉദ്യോഗസ്ഥ പരിശീലനം
6. ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തുക
7. നിയമ നടപടികൾ, റവന്യൂ റിക്കവറി വേഗത വർദ്ധിപ്പിക്കൽ
8. വ്യാപാരി സൗഹൃദ സമീപനം
9. ഉപഭോക്തൃ-വ്യാപാരി ബോധവൽക്കരണം.

വ്യാപാര വാണിജ്യമേഖലയ്ക്ക് സഹായകമായ ഒരു ഇന്ററാക്ടീവ് വെബ് പോർട്ടലായി വാണിജ്യ നികുതിവകുപ്പിന്റെ വെബ്സൈറ്റിനെ പുനർനിർമ്മിക്കും. ഒരു വർഷത്തിനകംതന്നെ വകുപ്പിൽ ഒരു സൈബർ ഫോറൻസിക് യൂണിറ്റ് രൂപീകരിക്കുന്നതാണ്. ഇന്ന് പകുതിയിൽതാഴെ റിട്ടേണുകളെ സ്ക്രൂട്ടനൈസ് ചെയ്യപ്പെടുന്നുള്ളൂ. അതുതന്നെ കേവലം സാങ്കേതികമായ പരിശോധനയാണ്. ഇനിമേൽ കമ്പ്യൂട്ടറിൽതന്നെ പുതിയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ഓരോ റിട്ടേണും സമഗ്രപരിശോധനയ്ക്ക് വിധേയമാക്കും. ഇതിന് KVATIS-ലെ വിവിധ മോഡ്യൂളുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള സൂക്ഷ്മ പരിശോധനാ സിസ്റ്റം നടത്തും. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) വികസിപ്പിച്ച 'സർവ്വീസ് പ്ലസ്' എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എക്സൈസ് വകുപ്പിന്റെ 16 സേവനങ്ങൾ ഓൺലൈൻ ആക്കിയിട്ടുണ്ട്.

(സി) ജി.എസ്.ടി. വന്നാലും കേരളത്തിലെ ചെക്ക്പോസ്റ്റുകൾ തുടരുന്നതാണ്. പക്ഷെ അവ ആധുനിക ഡേറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളായിരിക്കും. സ്കാനറുകൾ സ്ഥാപിക്കേണ്ടതിന്റെ സാധ്യതകളും പരിശോധിക്കും. അതുവഴി ഒരു വണ്ടി പരിശോധനയ്ക്ക് വേണ്ടിവരുന്ന 1-2 മണിക്കൂറുകൾ 10-15 മിനിറ്റായി ചുരുക്കാൻ കഴിയും. ഈ പരിവർത്തനം ഇപ്പോഴേ വരുത്താൻ ഉദ്ദേശിക്കുന്നു. ഇലക്ട്രോണിക്സ് വെയ്ബ്രിഡ്ജുകൾ, ബൂം ബാരിയറുകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ സംവിധാനം, ഇലക്ട്രോണിക്സ് ഡിസ്പ്ലേ ബോർഡുകൾ, RFID, സ്മാർട്ട് കാർഡ് മുതലായ ആധുനിക സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുന്നതാണ്. ഓരോ വകുപ്പിനും അവർക്ക് ആവശ്യമായിട്ടുള്ള വിവരം ശേഖരിക്കുന്നതിനും ലഭ്യമാക്കുന്നതിനും സഹായകരമായ ഒരു സമഗ്ര സോഫ്റ്റ്‌വെയർ വികസിപ്പിക്കും. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്തും വയനാട് ജില്ലയിലെ മുത്തങ്ങയിലും ആധുനിക ഡാറ്റാ കളക്ഷൻ & ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കും. അടുത്ത മൂന്ന് വർഷംകൊണ്ട് ഈ പ്രമുഖ ചെക്ക്പോസ്റ്റുകളെയെല്ലാം അത്യാധുനിക സംയോജിത ഡാറ്റാ കളക്ഷൻ & ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റും.

**എം.എൽ.എ.-മാർ മുഖേന സമാഹരിക്കുന്ന ട്രഷറി നിക്ഷേപങ്ങൾ**

50 (6660) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പാക്കിയിരുന്ന 'എം.എൽ.എ.മാർ മുഖേന സമാഹരിക്കുന്ന ട്രഷറി നിക്ഷേപങ്ങൾക്കു പകരമായി മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾ അനുവദിക്കുന്ന പദ്ധതി' വീണ്ടും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

എം.എൽ.എ.-മാർ മുഖേന സമാഹരിക്കുന്ന ട്രഷറി നിക്ഷേപങ്ങൾക്കു പകരമായി മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾ അനുവദിക്കുന്ന പദ്ധതി പുനർപ്രാവർത്തികമാക്കുന്നതിനെപ്പറ്റി ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**പെൻഷൻ ട്രഷറി**

51 (6661) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പെൻഷൻ ട്രഷറി പ്രവർത്തിക്കുന്നുണ്ട്;

(ബി) ജില്ലാ ട്രഷറിയോടനുബന്ധിച്ച് പെൻഷൻ ട്രഷറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ ;

(സി) കൂടുതൽ ജനസംഖ്യയും ഓഫീസുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമുള്ള മലപ്പുറം ജില്ലാ ട്രഷറിയോടനുബന്ധിച്ച് ഒരു പെൻഷൻ ട്രഷറി ആരംഭിക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പെൻഷൻ ട്രഷറി പ്രവർത്തിക്കുന്നുണ്ട്.

(ബി) ജില്ലാ ട്രഷറിയോടനുബന്ധിച്ച് പെൻഷൻ ട്രഷറികൾ അനുവദിക്കുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിലവിലില്ല.

(സി) ട്രഷറി ആധുനികവത്കരണത്തിന്റെയും കമ്പ്യൂട്ടർവത്കരണത്തിന്റെയും ഭാഗമായി Government Receipt Accounting System (GRAS), ഹൊറിസോണ്ടൽ കണക്റ്റിവിറ്റി, കോർബാങ്കിംഗ് മുതലായവ നിലവിൽ വന്നതിനുശേഷം ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം മാത്രമേ പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയുള്ളൂ.

**പെൻഷൻ ട്രഷറിയിൽ ജീവനക്കാരുടെ കുറവ്**

52 (6662) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറ്റിൻകര പെൻഷൻ ട്രഷറിയിൽ എത്തുന്ന വൃദ്ധരായ പെൻഷൻകാർക്ക് സേവനങ്ങൾ നൽകുന്നതിന് ആവശ്യമായ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചോയെന്ന് വിശദമാക്കാമോ ; ഇല്ലെങ്കിൽ എന്ന് മുതൽ നടപ്പിൽ വരുത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

നെയ്യാറ്റിൻകര പെൻഷൻ പേയ്മെന്റ് സബ് ട്രഷറിയിൽ പെൻഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായുള്ള ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെടുകയും ആയത് പരിഹരിക്കുന്നതിനായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാരെ നെയ്യാറ്റിൻകര പെൻഷൻ പേയ്മെന്റ് സബ് ട്രഷറിയിൽ പുനർവിന്യസിക്കുന്നതിനായി 1-11-2016-ലെ എ 2/15615/2016 കത്ത് മുഖേന കാട്ടാക്കട ജില്ലാ ട്രഷറി ഓഫീസർക്ക് ട്രഷറി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പൈനാവ് സബ് ട്രഷറിയിലെ ഒരു സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റിനെ ട്രഷറി ഡയറക്ടറുടെ 31-10-2016-ലെ ബി5/103/2015 നമ്പർ ഉത്തരവ് പ്രകാരം നെയ്യാറ്റിൻകര പെൻഷൻ പേയ്മെന്റ് സബ് ട്രഷറിയിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

**കൊട്ടാരക്കര ജില്ലാ ട്രഷറി**

53 (6663) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര ജില്ലാ ട്രഷറി എത്ര നാളായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു ;

(ബി) പ്രസ്തുത ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ജലവിഭവ വകുപ്പ് വക സ്ഥലം ലഭ്യമാക്കിയിരുന്നോ;

(സി) പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി ട്രഷറിക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിരുന്നോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര ജില്ലാ ട്രഷറി 2-8-1984 മുതൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ട്രഷറിക്ക് കെട്ടിടം സജ്ജമാക്കുന്നതിലേയ്ക്കായി ജലവിഭവ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന സിമന്റ് ഗോഡൗൺ വിട്ടുനൽകിയിരുന്നു.

(സി) ജലവിഭവ വകുപ്പ് കൊട്ടാരക്കര ജില്ലാ ട്രഷറിക്ക് കെട്ടിടം സജ്ജമാക്കുന്നതിലേക്കായി ലഭ്യമാക്കിയിരുന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ തുടങ്ങിയിരുന്നില്ല. കെ.ഐ.പി.-യുടെ സിമന്റ് ഗോഡൗണിന്മേൽ ട്രഷറിക്കായി ഓണർഷിപ്പ്/കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ റവന്യൂ അധികാരികളിൽ

നിന്നും ലഭ്യമാകാത്തതിനാലാണ് പുതിയ ട്രഷറി കെട്ടിടം നിർമ്മിക്കാതിരുന്നത്. കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ സമുച്ചയത്തിൽ ജില്ലാ ട്രഷറിക്കായി ആവശ്യമായ സ്ഥലം ഇതിനോടകം അനുവദിക്കപ്പെട്ടിട്ടുണ്ട്. സിവിൽ സ്റ്റേഷനിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ജില്ലാ ട്രഷറി പ്രസ്തുത സിവിൽ സ്റ്റേഷൻ സമുച്ചയത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതാണ്. കൂടാതെ ജലവിഭവ വകുപ്പിന്റെ ഗോഡൗൺ കെ.ഐ.പി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കൊട്ടാരക്കര ജില്ലാ ട്രഷറി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ചാത്തന്നൂർ സബ് ട്രഷറി**

54 (6664) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാത്തന്നൂർ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പിന് ചാത്തന്നൂർ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സൗജന്യമായി ലഭ്യമാക്കിയ ഭൂമിയിൽ കെട്ടിടം നിർമ്മിക്കുവാനുള്ള നടപടികളുടെ പുരോഗതി എന്താണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി ചാത്തന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കണമെന്ന ട്രഷറി ഡയറക്ടറുടെ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**ചാത്തന്നൂർ സബ് ട്രഷറി**

55 (6665) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാത്തന്നൂർ സബ്ബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട വകുപ്പിന് ചാത്തന്നൂർ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സൗജന്യമായി ഭൂമി ലഭ്യമാക്കിയിരുന്നോ; പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുവാനുള്ള നടപടികൾ ഏതുവരെയായെന്നും ആയതിന്റെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

ചാത്തന്നൂർ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി ചാത്തന്നൂർ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ 4.05 ആർ സ്ഥലം റവന്യൂ വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ട്രഷറി ഡയറക്ടറുടെ ശിപാർശ പരിഗണനയിലാണ്.

## കാരുണ്യ ബെനവലന്റ് പദ്ധതി

56 (6666) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബനവലന്റ് പദ്ധതിയുടെ നടത്തിപ്പ് രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.ബി.എഫ്.-ൽ നിന്ന് കൊല്ലം ജില്ലയിൽ ധനസഹായം ലഭിച്ചവരുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് പദ്ധതി സമഗ്രമായതും പൊതുമേഖലയിലൂന്നിയതുമായ ഒരു ആരോഗ്യ ഇൻഷ്വറൻസ് പരിപാടിയുടെ ഭാഗമാക്കിമാറ്റുന്നതിനുള്ള ആലോചനകൾ നടന്നുവരികയാണ്.

(ബി) കൊല്ലം ജില്ലയിൽനിന്നുള്ള 1463 രോഗികൾക്കായി 21.03 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## കാരുണ്യ പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കാൻ താലൂക്ക്തല ഡെസ്കുകൾ

57 (6667) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഗ്യക്കുറി വകുപ്പ് ആരംഭിച്ച താലൂക്ക്തല ഭാഗ്യക്കുറി ഔട്ട് ലെറ്റുകളോടനുബന്ധിച്ച്, കഷ്ടപ്പെടുന്ന രോഗികളുടെയും അവരുടെ ബന്ധുക്കളുടെയും പ്രയാസങ്ങൾ പരിഗണിച്ച് കാരുണ്യ പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കുന്ന ഡെസ്കുകൾ കൂടി ആരംഭിക്കുവാൻ തയ്യാറാകുമോ ;

(ബി) സർക്കാരിന് പ്രത്യേകം സാമ്പത്തിക ബാധ്യത ഉണ്ടാക്കാനിടയില്ലാത്ത 'കാരുണ്യ ഡെസ്കുകൾ' സംബന്ധിച്ച വിശദാംശങ്ങൾ പുറപ്പെടുവിക്കാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ കരാർ നിയമനങ്ങൾക്ക് പകരം ക്രമാനുഗതമായി സ്ഥിരം നിയമനങ്ങൾ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ ജില്ലാ ഭാഗ്യക്കുറി ആഫീസുകളിലും കാരുണ്യ ചികിത്സാസഹായ പദ്ധതിയുടെ അപേക്ഷകൾ സ്വീകരിച്ചുവരുന്നു. താലൂക്ക് ഔട്ട്ലെറ്റുകളിൽ കാരുണ്യ പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കുന്നതിന് നിലവിൽ സംവിധാനങ്ങളില്ല. താലൂക്ക്തല ഔട്ട്ലെറ്റുകളിൽ 'കാരുണ്യ ഡെസ്കുകൾ' ആരംഭിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(സി) ആലോചിച്ച് തീരുമാനിക്കുന്നതാണ്.

## ശുചിത്വ പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തിന് പ്രത്യേക ലോട്ടറികൾ

58 (6668) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വ പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തിന് പ്രത്യേക ലോട്ടറികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പുതിയ ലോട്ടറികളുടെ ഘടന സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) എന്തു വരുമാനമാണ് പുതിയ ലോട്ടറികൾ വഴി പ്രതീക്ഷിക്കുന്നത്; വിവരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ശുചിത്വ പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തിനായി "നിർമ്മൽ" എന്ന പേരിൽ ഒരു ദ്വൈവാര ഭാഗ്യക്കുറി ആരംഭിച്ചിട്ടുണ്ട്.

(ബി) 100 രൂപ മുഖവിലയുള്ള നിർമ്മൽ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും വെള്ളിയാഴ്ചകളിലാണ് നടത്തുന്നത്. ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യപ്രചരണത്തിനുള്ള വാചകങ്ങൾ അച്ചടിച്ചിട്ടുണ്ട്. 5 പരമ്പരകളിലായി 45 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധത്തിലാണ് സമ്മാന ഘടന ആവിഷ്കരിച്ചിരിക്കുന്നത്. സമ്മാനഘടന സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നിർമ്മൽ ഭാഗ്യക്കുറിയുടെ ഓരോ നറുക്കെടുപ്പിൽനിന്നും 15 കോടി രൂപ റവന്യൂ വരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**നിർമ്മൽ ഭാഗ്യക്കുറി**

59 (6669) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർമ്മൽ ഭാഗ്യക്കുറി തുടങ്ങിയിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) ഈ ലോട്ടറിയുടെ വിലയും സമ്മാന തുകയും നറുക്കെടുപ്പും സംബന്ധിച്ചുള്ള വിവരങ്ങൾ വിവരിക്കുമോ ;

(സി) ഈ ലോട്ടറിയിൽനിന്നും ലഭിക്കുന്ന വരുമാനം എങ്ങനെയാണ് വിനിയോഗിക്കാനുദ്ദേശിക്കുന്നത്, വിശദമാക്കുമോ ;

(ഡി) എന്തു തുകയാണ് വർഷംതോറും ഈ ലോട്ടറിയിൽനിന്നും ഗവൺമെന്റ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 100 രൂപ മുഖവിലയുള്ള നിർമ്മൽ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും വെള്ളിയാഴ്ചകളിലാണ് നടത്തുന്നത്. 5 പരമ്പരകളിലായി 45 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് സമ്മാന ഘടന ആവിഷ്കരിച്ചിരിക്കുന്നത്. സമ്മാനഘടന സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നിർമ്മൽ ഭാഗ്യക്കുറിയിൽനിന്നും ലഭിക്കുന്ന വരുമാനം വിനിയോഗിക്കുന്നതു സംബന്ധിച്ച് നിലവിൽ തീരുമാനം എടുത്തിട്ടില്ല.

(ഡി) പ്രതിവർഷം 360 കോടി രൂപ റവന്യൂ വരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കെ.എസ്.എഫ്.ഇ.**

60 (6670) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-ൽ 31-3-2016 ആധാരമാക്കി നടന്ന ബിസിനസ്സ് പുനരവലോകനം പ്രകാരം ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ കണ്ടെത്തിയ 472 വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതിയും എണ്ണവും വ്യക്തമാക്കാമോ; പി.എസ്.സി.-ക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 31-3-2016-നുശേഷം നടന്ന ബിസിനസ്സ് പുനരവലോകനം പ്രകാരം നാളിതുവരെ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിന്റെ വിശദാംശങ്ങൾ കത്തിന്റെ പകർപ്പ് ഉൾപ്പെടെ ലഭ്യമാക്കുമോ ;

(സി) റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 31-3-2016 ആധാരമാക്കി നടന്ന ബിസിനസ്സ് പുനരവലോകനം പ്രകാരം കണ്ടെത്തിയ 472 ഒഴിവുകളിൽ 235 എണ്ണം പുതിയതായി കണ്ടെത്തിയ ഒഴിവുകളും ബാക്കിയുള്ള 237 എണ്ണം മുൻ അവസരങ്ങളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമന നടപടികൾ നടന്നുകൊണ്ടിരിക്കുന്നവയുമായിരുന്നു. പ്രസ്തുത 472 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു :

| ക്രമ നമ്പർ | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം | റിമാർക്ക് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 12-7-2011 | 5 | NCA |
| 2. | 9-12-2011 | 1 | NCA |
| 3 | 20-6-2014 | 43 | 11/2015 ലേയും 12/2015 ലേയും വിരമിക്കൽ മൂലമുള്ള പ്രതീക്ഷിത ഒഴിവുകൾ |
| 4 | 20-11-2014 | 8 | സെപ്റ്റംബർ 2014 പുനരവലോകനം (ബൈ പ്രൊമോഷൻ വഴി നികത്തേണ്ടവ) |
| 5 | 24-4-2015 | 36 | മാർച്ച് 2015 പുനരവലോകനം (നേരിട്ടുള്ളവ- 25 ബൈപ്രൊമോഷൻ വഴിയുള്ളവ - 11) |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 4-1-2016 | 5 | NJD |
| 7 | 8-2-2016 | 60 | NJD |
| 8 | 27-2-2016 | 79 | സെപ്റ്റംബർ 2015 പുനരവലോകനം (നേരിട്ടുള്ളവ- 71 ബൈപ്രൊമോഷൻ വഴിയുള്ളവ - 8) |
| 9 | 27-5-2016 | 235 | മാർച്ച് 2016 പുനരവലോകനം (നേരിട്ടുള്ളവ - 211 ബൈപ്രൊമോഷൻ വഴിയുള്ളവ- 24) |
| | | | ആകെ -472 |

മേൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഇല്ല. 30-9-2016 പ്രകാരമുള്ള ബിസിനസ്സ് പുനരവലോകനം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്. പുതിയ ഒഴിവുകൾ ഉണ്ടാകുന്നപക്ഷം ഉടൻ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ

61 (6671) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ. പുതുതായി എത്ര ബ്രാഞ്ചുകൾ ആരംഭിച്ചിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത ബ്രാഞ്ചുകളിൽ കാസർഗോഡ് ജില്ലയിൽ എത്ര എണ്ണമാണ് ആരംഭിച്ചത്; ഇവ ഓരോന്നും എവിടെയാണ് പ്രവർത്തിക്കുന്നതെന്നും ആരുടെയൊക്കെ ബിൽഡിംഗുകളിലാണ് പ്രവർത്തിക്കുന്നതെന്നും വാടകയിനത്തിൽ ഓരോ ബ്രാഞ്ചിനും മാസം തോറും എത്ര രൂപ കൊടുക്കേണ്ടി വരുന്നുണ്ടെന്നും വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ. പുതുതായി 218 ബ്രാഞ്ചുകൾ (ബ്രാഞ്ചുകളുടെ പേരുവിവരം അനുബന്ധം ആയി ചേർക്കുന്നു.)* തുടങ്ങുവാൻ തീരുമാനിച്ചിരുന്നു. ഇതിൽ നീണ്ടൂർ, മരങ്ങാട്ടുപ്പിള്ളി, വേങ്ങൂർ, പൈങ്ങാട്ടൂർ, മൂവാറ്റുപുഴ (ഈവനിംഗ്), ദേശമംഗലം, പഴയന്നൂർ, തച്ചംപാറ, കുറ്റിക്കോൽ എന്നീ 9 ബ്രാഞ്ചുകളുടെ പ്രവർത്തനം പൂർണ്ണ രൂപത്തിലായിട്ടില്ല. പ്രസ്തുത 9 ശാഖകൾ ആരംഭിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങളും മറ്റും സ്വീകരിച്ചുവരുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ 6 ബ്രാഞ്ചുകളാണ് ആരംഭിച്ചത്. അവ പ്രവർത്തിക്കുന്ന സ്ഥലങ്ങൾ താഴെ പറയുന്നവയാണ്.

1. മാലക്കല്ല്
2. ബദിയടുക്ക
3. കാസർഗോഡ് II
4. വെള്ളരിക്കുണ്ട്
5. ഹോസ്ദുർഗ്ഗ്
6. കുറ്റിക്കോൽ

ബ്രാഞ്ചുകൾ പ്രവർത്തിക്കുന്ന ബിൽഡിംഗുകളുടെ ഉടമസ്ഥരുടെ പേരുവിവരവും വാടക തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധം ആയി ചേർക്കുന്നു.*

## കെ.എസ്.എഫ്.ഇ.യിൽനിന്ന് വായ്പയെടുത്ത് പ്രയാസപ്പെടുന്നവർക്ക് ആശ്വാസ നടപടികൾ

62 (6672) <u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യിൽനിന്ന് വായ്പയെടുത്ത് കുടിശ്ശികയായി പ്രയാസപ്പെടുന്നവർക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മുതലിനേക്കാൾ കൂടുതൽ പലിശയടച്ചവരുടെ വായ്പ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-12-2014-ന് മുൻപ് കുടിശ്ശിക ആരംഭിച്ച കേസ്സുകളിൽ ബന്ധപ്പെട്ട കക്ഷികൾ നൽകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹമായ കേസ്സുകളിൽ കമ്പനി ഭരണസമിതിയുടെ അനുമതിക്ക് വിധേയമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം പലിശ ഇനത്തിൽ ഇളവ് നൽകിവരുന്നുണ്ട്.

(ബി&സി) വായ്പ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലില്ല. കെ.എസ്.എഫ്.ഇ.-യിൽ ഹ്രസ്വകാല വായ്പകളിൽ മുതലിനേക്കാൾ പലിശ ഈടാക്കുന്ന സമ്പ്രദായം ഇല്ല. എന്നാൽ ദീർഘകാല വായ്പയായി (20 വർഷം വരെ) അനുവദിച്ചുവരുന്ന ഭവന വായ്പയിലും ദീർഘകാലയളവിൽ അവസാനിക്കുന്ന ചിട്ടികളിൽനിന്നുള്ള വായ്പകളിലും സ്വാഭാവികമായും മുതലിനേക്കാൾ പലിശ വരുന്നുണ്ട്. ഹ്രസ്വകാല വായ്പകളിൽ പലിശ മുതലിനേക്കാൾ കൂടുന്ന അവസരത്തിൽ അത് മുതൽസംഖ്യയിൽ നിജപ്പെടുത്തി കൊടുക്കാറുണ്ട്.

## സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ

63 (6673) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയീസ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ ഉണ്ടായിരുന്നത് എടുത്ത് കളഞ്ഞിട്ടുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) GO (MS) 75/60 Agri. dt. 8-10-1960 പ്രകാരമുള്ള ആനുകൂല്യം സഹകരണ വകുപ്പ് പറയുന്നുണ്ടെങ്കിലും ടാക്സസ് വകുപ്പ് ആയത് റദ്ദാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതോ സഹകരണ നിയമം ഇപ്പോഴും ടി സംഘങ്ങൾക്ക് ബാധകമാണോ; വിശദ വിവരം നൽകുമോ;

(സി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ SRO No. 743/2012 dt. 20-10-2012 പ്രകാരം ഗവ.സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ T 732-ന് മാത്രമായി സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദ വിവരം നൽകുമോ ;

(ഡി) പ്രസ്തുത സാഹചര്യത്തിൽ പ്രസ്തുത എസ്.ആർ.ഒ.-യുടെ അടിസ്ഥാനത്തിൽ മറ്റ് എംപ്ലോയീസ് സൊസൈറ്റികൾക്ക് കൂടി ടി ആനുകൂല്യം നൽകുമോ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഇ) ഒരു എംപ്ലോയീസ് സൊസൈറ്റി -ക്ക് മാത്രം സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുകയും മറ്റുള്ളവയ്ക്ക് നൽകാതിരിക്കുകയും ചെയ്യുന്നത് വിവേചനമല്ലേ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എംപ്ലോയീസ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് പൊതുവായി സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ നൽകിയ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) 8-10-1960-ലെ G.O.(Ms)795/60/ആഗ്രി ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ടാക്സസ് വകുപ്പ് റദ്ദാക്കിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി&ഇ) കേരള മുദ്രപ്പത്ര നിയമം വകുപ്പ് 9(1) പ്രകാരം സർക്കാരിന് പൊതു താൽപ്പര്യാർത്ഥം ആവശ്യമെന്നുകണ്ടാൽ മാത്രം അപേക്ഷ വിശദമായി പരിശോധിച്ച് ഇളവ് അനുവദിക്കുന്നുണ്ട്.

**ചവറയിലെ നാച്ചുറൽ ഫൈബർ പാർക്ക്**

64 (6674) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറയിൽ സ്ഥാപിച്ചിട്ടുള്ള നാച്ചുറൽ ഫൈബർ പാർക്ക് പ്രവർത്തിപ്പിക്കാതെ അടച്ചിട്ടിരിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചവറ നാച്ചുറൽ ഫൈബർ പാർക്കിലെ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## ആഭ്യന്തരമായി ലഭിക്കുന്ന തൊണ്ട് സംസ്കരിച്ച് ചകിരിയാക്കുന്നതിനുള്ള നടപടി

65 (6675) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചകിരിക്കുവേണ്ടി അന്യസംസ്ഥാനങ്ങളെ അശ്രയിക്കുന്ന സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന നാളികേരത്തിന്റെ തൊണ്ട് പൂർണ്ണമായും ചകിരിക്കുവേണ്ടി സംസ്കരിക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ, ഓരോ വീട്ടിൽനിന്നും തൊണ്ട് ശേഖരിച്ച്, ഒരുമിച്ച് സംസ്കരിച്ചെടുക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കുമോയെന്ന് വിശദമാക്കാമോ ;

(സി) ആഭ്യന്തരമായി ലഭിക്കുന്ന തൊണ്ട് സംസ്കരിച്ച് ചകിരിയാക്കി ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന പദ്ധതികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുക, പാഴാക്കിക്കളയുന്ന തൊണ്ട് തൊഴിലാളികൾ സംഭരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങളും വേതനവും ഉറപ്പാക്കുക, നാളികേര കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കുക, കയർ ഉത്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകളെ ലാഭകരമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടിയാണ് "തൊണ്ടുസംഭരണവും ചകിരി ഉത്പാദനവും" എന്ന പദ്ധതി നടപ്പിലാക്കി വരുന്നത്.

തൊണ്ട് സംഭരണം

| ക്രമ നമ്പർ | തൊണ്ട് സംഭരണം | തുക |
|---|---|---|
| (1) | (2) | (3) |
| 1 | തൊണ്ട്സംഭരിച്ച് എത്തിക്കുന്നവർക്ക് ഇൻസെന്റീവ് (60/80 ഗ്രാമിന് മുകളിൽ ചകിരി ലഭിക്കുന്ന) | |
| | പച്ചത്തൊണ്ടിന് | 25 പൈസ |
| | ഉണക്കത്തൊണ്ടിന് | 15 പൈസ |

| (1) | (2) | (3) |
|---|---|---|

60/80 ഗ്രാമിന് താഴെ ചകിരി ലഭിക്കുന്ന തൊണ്ടാണെങ്കിൽ പച്ചത്തൊണ്ട് 20 പൈസ നിരക്കിലും ഉണക്കത്തൊണ്ട് 10 പൈസ നിരക്കിലും ഇൻസെന്റീവ് ലഭ്യമാക്കുന്നു.

| | | |
|---|---|---|
| 2 | കയർമേഖലയിലെ സഹകരണ സംഘങ്ങൾതൊണ്ട് സംഭരിക്കുമ്പോൾ(നേരിട്ടോ/ഏജൻസികൾ മുഖേനയോ) | |
| | 5000 തൊണ്ടിന് വാഹനവാടക കൂടുതലായി സംഭരിക്കുന്ന ഓരോ 1000 തൊണ്ടിനും | 250 രൂപ<br>50 രൂപ വീതം |
| 3 | ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊണ്ട് സംഭരിച്ചു നൽകുമ്പോൾ പ്രതിദിനവേതനമായി 400 പച്ചത്തൊണ്ടിന് | 160 രൂപ |
| | കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും | 20 രൂപ വീതം |
| | ഉണക്കത്തൊണ്ടാണെങ്കിൽ 600 എണ്ണം | 150 രൂപ വീതം |
| | കൂടുതലായുള്ള ഓരോ 100 ഉണക്കത്തൊണ്ടിനും | 25 രൂപ വീതം |

ചകിരി ഉത്പാദനം

| (1) | (2) | (3) |
|---|---|---|
| 1 | പച്ചത്തൊണ്ടിൽനിന്നും ചകിരി ഉത്പാദിപ്പിക്കുമ്പോൾ ഒരു കിലോയ്ക്ക് | 3 രൂപ സബ്സിഡി |
| | ഉണക്കത്തൊണ്ടിൽനിന്ന് ചകിരി ഉത്പാദിപ്പിക്കുമ്പോൾ ഒരു കിലോയ്ക്ക് | 2 രൂപ സബ്സിഡി |

| (1) | (2) | (3) |
|---|---|---|
| | മെയിന്റനൻസ് ഗ്രാന്റ് | |
| 1. | വലിയഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 50000 രൂപ |
| 2 | മിനിഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 10000 രൂപ |

റിവോൾവിംഗ് ഫണ്ട്

കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ടുസംഭരണത്തിനായി പരമാവധി 2 ലക്ഷം രൂപവരെ റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കുന്ന രീതിയിൽ പ്രവർത്തനമൂലധനം നൽകിവരുന്നു. ഈ പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള ചകിരിവില/കയർവില നിർണ്ണയ കമ്മിറ്റിയുടെ 27-11-2015-ലെ യോഗത്തിൽ നിലവിലുള്ള കയറിന്റെ കമ്പോളവില കണക്കാക്കി പച്ചത്തൊണ്ടിൽനിന്നുള്ള ചകിരിക്ക് കിലോയ്ക്ക് 17 രൂപ നിരക്കിലും ഉണക്കത്തൊണ്ടിൽനിന്നുള്ള ചകിരിക്ക് കിലോയ്ക്ക് 14 രൂപ നിരക്കിലും നിശ്ചയിച്ചുനൽകിയിട്ടുണ്ട്. തൊണ്ടു സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി നാളികേര ഉത്പാദക ഫെഡറേഷനുകളെ കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള സംഭരണ-സംസ്കരണ പരിപാടികൾ നടപ്പിലാക്കും. നിലവിലുള്ള ഡീഫൈബറിംഗ് യൂണിറ്റുകളുടെ പരാധീനതകൾ പരിഹരിക്കുന്നതിനും സാങ്കേതിക നവീകരണത്തിനും നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.എസ്.ഇ.ബി.-യിലെ കോൺട്രാക്ട് വിഭാഗം ജീവനക്കാർ**

66 (6676) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ സീനിയർ അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കുന്ന കോൺട്രാക്ട് വിഭാഗം ജീവനക്കാരുടെ വിശദവിവരം പേര്, ജോലി നോക്കുന്ന ഓഫീസ് എന്ന രീതിയിൽ ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് സെപ്റ്റംബർ മാസത്തിൽ നൽകിയ ശമ്പളത്തിന്റെ വിശദവിവരം ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സീനിയർ അസിസ്റ്റന്റ് തസ്തികയിൽ ഉൾപ്പെടെ ഒരു തസ്തികയിലും കോൺട്രാക്ട് നിയമനങ്ങൾ നടത്താറില്ല. എന്നാൽ അടിയന്തര ഘട്ടങ്ങളിൽ ചില ജോലികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്. ഇപ്രകാരം സീനിയർ അസിസ്റ്റന്റുമാർ ചെയ്യേണ്ട ജോലികളിൽ ഉൾപ്പെടുന്ന ചില ജോലികളായ ബില്ലിംഗ് തുടങ്ങിയ ജോലികൾ വിവിധ സെക്ഷൻ ഓഫീസുകളിൽ കരാർ നൽകിയവരുടെ വിവരങ്ങളും അവർക്ക് സെപ്റ്റംബർ മാസത്തിൽ നൽകിയ കോൺട്രാക്ട് തുകയുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കെ.എസ്.ഇ.ബി. മീറ്ററുകളുടെ ഗുണനിലവാരം**

67 (6677) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. മുഖേന നൽകി വരുന്ന ഇലക്ട്രോണിക് മീറ്ററുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉപയോഗിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ നൽകി വരുന്ന മീറ്ററുകൾ പെട്ടെന്ന് കേടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മീറ്ററുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. മുഖേന നൽകിവരുന്ന ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങുമ്പോൾ ഗുണനിലവാര പരിശോധന നടത്താറുണ്ട്. മീറ്ററുകളുടെ ദർഘാസിൽ പങ്കെടുക്കുന്നവർ പൂരിപ്പിച്ച ദർഘാസിനോടൊപ്പം സാമ്പിൾ മീറ്ററുകൾകൂടി സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാമ്പിൾ മീറ്ററുകൾ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സി.പി.ആർ.ഐ./കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ടി.എം.ആർ.-കളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നു. മേൽപ്പറഞ്ഞ പരിശോധനകൾ ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ് നടത്തുന്നത്. കൂടാതെ പർച്ചേസ് ഓർഡറിലെ ഡെലിവറി ഷെഡ്യൂൾ പ്രകാരം കമ്പനികൾ ഓഫർ ചെയ്യുന്ന മീറ്ററുകൾ അവിടെനിന്നും അയയ്ക്കുന്നതിനുമുമ്പ് അവരുടെ തന്നെ ഫാക്ടറികളിൽവെച്ച് പ്രീ-ഡെസ്പാച്ച് ഇൻസ്പെക്ഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ് നിയോഗിക്കുന്ന എഞ്ചിനീയറുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സാന്നിദ്ധ്യത്തിൽ നടത്തുന്നുണ്ട്. ഈ പരിശോധനയിൽ ഗുണമേന്മ ഉറപ്പുവരുത്തുന്ന മീറ്ററുകൾ മാത്രമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിർദ്ദേശപ്രകാരം, ടി.എം.ആർ. ഡിവിഷനുകളിൽ എത്തിക്കുന്നത്. ഇതുകൂടാതെ ടി.എം.ആർ. ഡിവിഷനുകളിൽ എത്തുന്ന മീറ്ററുകൾ ഇന്ത്യൻ സ്റ്റാന്റേർഡ് നിഷ്കർഷിക്കുന്ന പ്രകാരം 'ആക്സെപ്റ്റൻസ്' ടെസ്റ്റിനും വിധേയമാക്കുന്നു. നിലവിൽ തിരുമല, പള്ളം, അങ്കമാലി, ഷൊർണ്ണൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളിലാണ് പരിശോധനാ വിഭാഗങ്ങളുള്ളത്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ടി.എം.ആർ. ഡിവിഷനിലെ എഞ്ചിനീയർമാരാണ് ഈ പരിശോധന നടത്തുന്നത്. ഗുണനിലവാരം കുറഞ്ഞ മീറ്ററുകൾ തള്ളപ്പെടുന്നു. ഗുണമേന്മ തെളിയിക്കപ്പെട്ട മീറ്ററുകൾ മാത്രമാണ് ഫീൽഡിലേയ്ക്ക് നൽകുന്നത്.

(ബി&സി) ഇല്ല. എന്നാൽ അപൂർവ്വം ചില മീറ്ററുകൾ ഗ്യാരണ്ടി കാലയളവിനുള്ളിൽ കേടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മീറ്ററുകൾ ഗ്യാരണ്ടി കാലയളവിനുള്ളിലാണ് കേടാകുന്നതെങ്കിൽ മീറ്റർ വാങ്ങിയ കമ്പനിയിൽനിന്നുതന്നെ പകരം മീറ്റർ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാറുണ്ട്.

**കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ നിയമനം**

68 (6678) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കെ.എസ്.ഇ.ബി.-യിൽ സബ് എഞ്ചിനീയർമാരുടെ എത്ര തസ്തികകളാണ് ഉള്ളതെന്നും ഇതിൽ ഒഴിവുള്ള തസ്തികകൾ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) താഴ്ന്ന തസ്തികയിൽ ജോലി ചെയ്തിരുന്നവർക്ക് താൽക്കാലിക പ്രൊമോഷൻ നൽകി സബ് എഞ്ചിനീയർമാരായി നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നിയമനം ലഭിച്ചവർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇവരെ സബ് എഞ്ചിനീയർ തസ്തികയിൽ സ്ഥിരപ്പെടുത്താനാണോ അതോ പഴയ തസ്തികയിലേക്ക് തരംതാഴ്ത്താനാണോ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഓപ്പൺ/കെ.പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തേണ്ട ഏതെങ്കിലും ഒഴിവുകൾ കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ടോ; വിശദ വിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) 3492. പി.എസ്.സി. വഴി നേരിട്ട് നിയമിക്കേണ്ട ക്വാട്ടയിൽ (30%) 24-ഉം പ്രൊമോഷൻ ബൈ ട്രാൻസ്ഫറിലൂടെ പി.എസ്.സി വഴി നികത്തേണ്ട 10% ക്വാട്ടയിൽ 286-ഉം 60% ക്വാട്ടയിൽ (പ്രൊമോഷൻ വഴി നികത്തേണ്ടത്) 320-ഉം ഒഴിവുകൾ ഉണ്ട്.

(ബി) പ്രൊമോഷൻ നൽകി നികത്തേണ്ട 10% & 60% ക്വാട്ടകളിലെ ഒഴിവുകളിൽ സബ് എഞ്ചിനീയർ പ്രൊമോഷൻ ലഭിക്കാൻ യോഗ്യരായവരെ മറ്റുതസ്തികകളിൽനിന്നും " സബ് എഞ്ചിനീയർ (ട്രെയിനി) " ആയി നിയമിച്ചിട്ടുണ്ട്. ഇപ്രകാരം 365 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) പ്രൊമോഷൻ നൽകി നികത്തേണ്ട 10% & 60% ക്വാട്ടകളിലെ ഒഴിവുകൾ യഥാക്രമം പി.എസ്.സി വഴിയും പ്രൊമോഷൻ നൽകിയും നികത്തുന്ന മുറയ്ക്ക് ഇവരെ പഴയ തസ്തികയിലേക്ക് മാറ്റി നിയമിക്കുന്നതാണ്.

(ഡി) ഇല്ല.

## കെ.എസ്.ഇ.ബി.- യിലെ ഓൺലൈൻ പേമെന്റ്

69 (6679) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ ഓൺലൈൻ വഴി പണം അടയ്ക്കുന്നവരിൽ നിന്നും സർവ്വീസ് ചാർജ്ജിന്റെ പേരിലോ കൺവീനിയൻസ് ചാർജ്ജിന്റെ പേരിലോ അധിക തുക ഈടാക്കുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യിൽ ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ വഴി ഓഗസ്റ്റ് മാസത്തിൽ പണം ഒടുക്കിയവരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓൺലൈൻ പേമെന്റ് സംവിധാനത്തിലെ പേമെന്റ് ഗേറ്റ്‌വേകൾ വഴി പണം അടയ്ക്കുന്നവരിൽനിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ഇപ്പോൾ ഓൺലൈൻ പേമെന്റ് സംവിധാനത്തിൽ സർവ്വീസ് ചാർജ്ജില്ലാതെ പേമെന്റ് നടത്തുവാൻ State of Travancore, South Indian Bank, Federal Bank, ICICI Bank, Canara Bank മുതലായ ബാങ്കുകളുമായി ഡയറക്ട് ഇന്റഗ്രേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ആഗസ്റ്റ് മാസത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ആസ്ഥാന മന്ദിരമായ തിരുവനന്തപുരം വൈദ്യുതി ഭവനിൽ മാത്രമാണ് കാഷ് ഡെപ്പോസിറ്റ് മെഷീനിലൂടെ കറന്റ് ചാർജ്ജ് അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി യിരുന്നത്. അവിടെ ആഗസ്റ്റ് മാസത്തിൽ 465 ഉപഭോക്താക്കൾ കറന്റ് ചാർജ്ജ് ഒടുക്കിയിട്ടുണ്ട്.

## കെ.എസ്.ഇ.ബി. മീറ്റർ റീഡർ തസ്തിക

70 (6680) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ മീറ്റർ റീഡർമാരായ സ്ഥിരം ജീവനക്കാരുടെ എണ്ണം ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മീറ്റർ റീഡർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി ബോർഡിന് വേണ്ടിവരുന്ന കാലയളവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.യിലെ മീറ്റർ റീഡർമാരായ സ്ഥിരം ജീവനക്കാരുടെ എണ്ണം ഡിവിഷൻ തിരിച്ച് താഴെകൊടുക്കുന്നു :

| ക്രമ നമ്പർ | ഡിവിഷൻ ഓഫീസ് | മീറ്റർ റീഡർമാരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | അടിമാലി | 2 |
| 2 | അടൂർ | 6 |
| 3 | ആലപ്പുഴ | 14 |
| 4 | ആലത്തൂർ | 16 |
| 5 | ആലുവ | 11 |
| 6 | അങ്കമാലി | 5 |
| 7 | ആറ്റിങ്ങൽ | 5 |
| 8 | ബാലുശ്ശേരി | 33 |
| 9 | ചാലക്കുടി | 14 |

| (1) | (2) | (3) |
|---|---|---|
| 10 | ചങ്ങനാശ്ശേരി | 4 |
| 11 | ചാത്തന്നൂർ | 7 |
| 12 | ചെങ്ങന്നൂർ | 3 |
| 13 | ചേർത്തല | 20 |
| 14 | ചിറ്റൂർ | 10 |
| 15 | എറണാകുളം | 5 |
| 16 | ഫെറൂക്ക് | 20 |
| 17 | ഹരിപ്പാട് | 4 |
| 18 | ഇരിഞ്ഞാലക്കുട | 8 |
| 19 | ഇരിട്ടി | 9 |
| 20 | കൽപ്പറ്റ | 24 |
| 21 | കാഞ്ഞങ്ങാട് | 10 |
| 22 | കണ്ണൂർ | 17 |
| 23 | കരുനാഗപ്പള്ളി | 14 |
| 24 | കാസർഗോഡ് | 4 |
| 25 | കാട്ടാക്കട | 9 |
| 26 | കട്ടപ്പന | 5 |

| (1) | (2) | (3) |
|---|---|---|
| 27 | കഴക്കൂട്ടം | 15 |
| 28 | കൊടുങ്ങല്ലൂർ | 11 |
| 29 | കൊല്ലം | 13 |
| 30 | കൊണ്ടോട്ടി | 18 |
| 31 | കൊട്ടാരക്കര | 10 |
| 32 | കോഴിക്കോട് | 32 |
| 33 | കുണ്ടറ | 11 |
| 34 | കുന്നംകുളം | 8 |
| 35 | മാനന്തവാടി | 6 |
| 36 | മഞ്ചേരി | 22 |
| 37 | മണ്ണാർക്കാട് | 9 |
| 38 | മട്ടാഞ്ചേരി | 12 |
| 39 | മാവേലിക്കര | 2 |
| 40 | മൂവാറ്റുപുഴ | 19 |
| 41 | നാദാപുരം | 10 |
| 42 | നെടുമങ്ങാട് | 10 |
| 43 | നെയ്യാറ്റിൻകര | 21 |

| (1) | (2) | (3) |
|---|---|---|
| 44 | നിലമ്പൂർ | 9 |
| 45 | നോർത്ത് പറവൂർ | 14 |
| 46 | പാലാ | 1 |
| 47 | പാലക്കാട് | 18 |
| 48 | പള്ളം | 8 |
| 49 | പത്തനംതിട്ട | 4 |
| 50 | പട്ടാമ്പി | 4 |
| 51 | പയ്യന്നൂർ | 19 |
| 52 | പീരുമേട് | 0 |
| 53 | പെരിന്തൽമണ്ണ | 12 |
| 54 | പെരുമ്പാവൂർ | 11 |
| 55 | പൊൻകുന്നം | 10 |
| 56 | പൊന്നാനി | 4 |
| 57 | പുനലൂർ | 7 |
| 58 | ഷൊർണ്ണൂർ | 2 |
| 59 | തലശ്ശേരി | 8 |
| 60 | തിരൂരങ്ങാടി | 9 |

| (1) | (2) | (3) |
|---|---|---|
| 61 | തിരുവല്ല | 4 |
| 62 | തിരുവനന്തപുരം | 15 |
| 63 | തൊടുപുഴ | 28 |
| 64 | തൃപ്പൂണിത്തുറ | 12 |
| 65 | തൃശ്ശൂർ ഈസ്റ്റ് | 8 |
| 66 | തൃശ്ശൂർ വെസ്റ്റ് | 9 |
| 67 | തിരൂർ | 13 |
| 68 | വടകര | 17 |
| 69 | വടക്കാഞ്ചേരി | 7 |
| 70 | വൈക്കം | 11 |
| 71 | വണ്ടൂർ | 15 |

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 32800 ഓളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27175 ജീവനക്കാരുടെ ശമ്പള/ആനുകൂല്യങ്ങൾ നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ നിലവിൽ 5625 ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ഇല്ലാതെയായതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് കെ.എസ്.ഇ.ബി.ലിമിറ്റഡിൽ ആവശ്യം വേണ്ട തസ്തികകളും ജീവനക്കാരുടെ എണ്ണവും പുനർവിന്യാസവും ഉൾപ്പെടെ വിശദമായ പഠനം നടത്തുന്നതിന് IIM കോഴിക്കോടിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. പഠന റിപ്പോർട്ട് വിശകലനം ചെയ്ത് ഒരു തീരുമാനം എടുക്കുന്ന മുറയ്ക്കുമാത്രമേ തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്തി നിയമനങ്ങൾ നടത്താൻ കഴിയൂ.

## കെ.എസ്.ഇ.ബി. പയ്യന്നൂർ സെക്ഷൻ

71 (6681) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. പയ്യന്നൂർ സെക്ഷനു കീഴിൽ നിലവിൽ എത്ര ഉപഭോക്താക്കളുണ്ട്;

(ബി) പയ്യന്നൂർ സെക്ഷന്റെ വിസ്തൃതി എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പയ്യന്നൂർ സെക്ഷൻ വിഭജിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഇല്ലെങ്കിൽ പയ്യന്നൂർ സെക്ഷൻ വിഭജിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) 45 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പയ്യന്നൂർ സെക്ഷനിൽ 24250 ഉപഭോക്താക്കളാണ് ഉള്ളത്. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പ്രസ്തുത മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ പയ്യന്നൂർ, സെക്ഷൻ ഓഫീസ് വിഭജിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി.-യിലെ കാഷ്യർ തസ്തിക

72 (6682) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ ഉപഭോക്താക്കളിൽനിന്ന് നേരിട്ട് പണം സ്വീകരിക്കുന്ന എത്ര ആഫീസുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ബോർഡിൽ കാഷ്യർ തസ്തികയിൽ പി.എസ്.സി. മുഖേനയും തസ്തിക മാറ്റം വഴിയും ജോലി ചെയ്യുന്നവരുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) കെ.എസ്.ഇ.ബി.യിൽ കാഷ്യറുടെ ഉത്തരവാദിത്ത്വങ്ങളും കർത്തവ്യങ്ങളും വ്യക്തമാക്കുന്ന സർക്കുലറുകളോ ഉത്തരവുകളോ ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കെ.എസ് ഇ.ബി.-യിൽ 18 -3- 1988-ൽ പുറപ്പെടുവിച്ച ബി.ഒ. നമ്പർ Estt /111/2537/88 നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളും വിദൂര കളക്ഷൻ സെന്ററുകളും ഉൾപ്പെടെ 805 ഓഫീസുകളിൽ പണം സ്വീകരിക്കുന്നുണ്ട്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കാഷ്യർ തസ്തികയിൽ പി.എസ്.സി. മുഖേനയും തസ്തികമാറ്റം വഴിയും ജോലി ചെയ്യുന്നവരുടെ എണ്ണം തരംതിരിച്ച് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | പി.എസ്.സി.നിയമനം | 513 |
| 2 | തസ്തികമാറ്റം വഴി | 243 |
| 3 | ആശ്രിതനിയമനം | 138 |
| 4 | എംപ്ലോയ്മെന്റ് | 5 |
| 5 | വികലാംഗർ (പി.എസ്.സി.) | 5 |
| 6 | കായികനിയമനം | 13 |

(സി) കാഷ്യറുടെ ചുമതലകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ഡി) പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

**കെ.എസ്.ഇ.ബി.-യിലെ അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകൾ നികത്താൻ നടപടി**

73 (6683) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ എത്ര അസിസ്റ്റന്റ് തസ്തികകൾ (കേഡർ തസ്തിക) ഉണ്ട്; മുൻസർക്കാരിന്റെ കാലത്ത് പ്രസ്തുത തസ്തികയിലെ ഒഴിവുകളിൽ എത്ര നിയമനങ്ങൾ നടത്തി; വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കെ.എസ്.ഇ.ബി-യിൽ നിലവിൽ എത്ര അസിസ്റ്റന്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു; വ്യക്തമാക്കുമോ ;

(സി) മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി.-യിൽ എത്ര സെക്ഷനുകൾ പുതുതായി ആരംഭിച്ചുവെന്നും പ്രസ്തുത സെക്ഷനുകളിൽ എത്ര അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് നിയമനം നടത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അസിസ്റ്റന്റ് എന്ന പേരിൽ ഒരു തസ്തികയില്ല.

(ബി) ബാധകമല്ല.

(സി) മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി.-യിൽ പുതുതായി 84 സെക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. അവയിൽ 14 എണ്ണം ഇനിയും പ്രവർത്തനം ആരംഭിക്കാനുണ്ട്. ഇതിൽ 3 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലേയ്ക്ക് ആവശ്യമായ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ പുതുതായി സൃഷ്ടിക്കാനും ക്യാഷ്യർമാരുടെയും സീനിയർ അസിസ്റ്റന്റുമാരുടെയും ബാക്കിയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും തസ്തികകൾ ഉചിതമായ പുനർവിന്യാസത്തിലൂടെ കണ്ടെത്താനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) റാങ്ക് ലിസ്റ്റ് നിലവിലുള്ള എല്ലാ തസ്തികകളിലെയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓരോ വർഷവും ആവശ്യമായി വരുന്ന അധിക വൈദ്യുതി**

74 (6684) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓരോ വർഷവും ആവശ്യമായി വരുന്ന വൈദ്യുതിയിൽ എത്ര ശതമാനം വർദ്ധനവാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) പ്രസ്തുത ആവശ്യകത അനുസരിച്ച് ആവശ്യമായ അധിക വൈദ്യുതി എങ്ങനെ ഉല്പാദിപ്പിക്കാനാണ് കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനങ്ങളുടെ ഭാവി വൈദ്യുതി ആവശ്യകത CEA യുടെ 18-ാം ഇലക്ട്രിക് പവർ സർവ്വേ പ്രകാരവും 19-ാം സർവ്വേയുടെ കരട് റിപ്പോർട്ട് പ്രകാരവും കണക്കാക്കിയത് ചുവടെ ചേർക്കുന്നു :

| വർഷം | 18-ാം സർവ്വേ പ്രകാരം ആവശ്യകത (ദശലക്ഷം യൂണിറ്റ്) | വാർഷിക വർദ്ധനവ് ശതമാനത്തിൽ | 19-ാം സർവ്വേ പ്രകാരം ആവശ്യകത (ദശലക്ഷം യൂണിറ്റ്) | വാർഷിക വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|---|
| 2016-17 | 26584 | 6.4% | 24314 | 5.4% |
| 2017-18 | 28080 | 5.6% | 25557 | 5.1% |
| 2018-19 | 29595 | 5.4% | 26914 | 5.3% |
| 2019-20 | 31198 | 5.4% | 28255 | 5.0% |
| 2020-21 | 32895 | 5.4% | 29634 | 4.9% |
| 2021-22 | 34691 | 5.4% | 31073 | 4.9% |
| 2022-23 | | | 32555 | 4.8% |
| 2023-24 | | | 34079 | 4.7% |
| 2024-25 | | | 35644 | 4.6% |
| 2025-26 | | | 37253 | 4.5% |
| 2026-27 | | | 39019 | 4.7% |

(ബി) നിലവിൽ വൈദ്യുതി ആവശ്യത്തിന്റെ 30% വൈദ്യുതി മാത്രമേ ആഭ്യന്തര സ്രോതസ്സുകളിൽനിന്നും ലഭ്യമാക്കുന്നുള്ളൂ. ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുവാനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

- നിർമ്മാണം നടന്നുവരുന്ന '6' ജലവൈദ്യുത പദ്ധതികൾ (ആകെ 59 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തിയാക്കുക.
- മുടങ്ങിക്കിടന്ന '3' ജലവൈദ്യുത പദ്ധതികളുടെ പണി (ആകെ 106 മെഗാവാട്ട്) പുനഃരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുക.
- ഭരണാനുമതി ലഭിച്ച '15' ജലവൈദ്യുത പദ്ധതികൾ (ആകെ 149 മെഗാവാട്ട്) സ്ഥലമെടുപ്പ് പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ ടെണ്ടർ ചെയ്ത് നടപ്പാക്കുക.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പദ്ധതിയും സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി കേരളത്തിലെ ആഭ്യന്തര ഉത്പാദനത്തിന് പുറമെ കേന്ദ്ര വിഹിതം, ബിഡ്ഡിംഗ്/എം.ഒ.യു വഴിയുള്ള പർച്ചേസ്/എക്സ്ചേഞ്ച് തുടങ്ങിയവയെയും കെ.എസ്.ഇ.ബി. ലിമിറ്റഡ് ആശ്രയിക്കുന്നു.

**പുതിയ ജലവൈദ്യുതി പദ്ധതികൾ ആരംഭിക്കുവാൻ സർവ്വേ**

75 (6685) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ജലവൈദ്യുതി പദ്ധതികൾ ആരംഭിക്കുവാൻ സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവിൽ ഏതെങ്കിലും പുതിയ പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികളുടെ സർവ്വേയും അനുബന്ധ ജോലികളും പുരോഗമിക്കുന്നു :

| (1) | (2) | (3) | (4) |
|---|---|---|---|
| 1. | കല്ലാർ എസ്.എച്ച്.ഇ.പി | 4MW | 10.24 Mu |
| 2. | പാംബ്ള എസ്.എച്ച്.ഇ.പി. | 12 MW | 25.80 Mu |
| 3. | പീഠികപ്പാറ എസ്.എച്ച്.ഇ.പി. | 4.5 MW | 10.63 Mu |

| (1) | (2) | (3) | (4) |
|---|---|---|---|
| 4. | മേലോരം എസ്.എച്ച്.ഇ.പി. | 3.5 MW | 10.57 Mu |
| 5. | ചാത്തൻകോട്ടനട- I എസ്.എച്ച്.ഇ.പി. | 3.5 MW | 7.82 Mu |
| 6. | മുനിക്കടവ് എസ്.എച്ച്.ഇ.പി. | 2.0 MW | 5.92 Mu |
| 7. | പള്ളിവാസൽ ഓഗമെന്റേഷൻ | | 150 Mu |
| 8. | ഇടമലയാർകപ്പാസിറ്റി അഡിഷൻ | 100 MW | 146 Mu |
| 9. | പശുക്കടവ് എസ്.എച്ച്.ഇ.പി. | 4.2 MW | 11.24 Mu |
| 10. | തൊമ്മൻകുത്ത് എസ്.എച്ച്.ഇ.പി. | 3 MW | 6.77 Mu |
| 11. | മാങ്കളം - III | 44 MW | 96 Mu |
| | ആകെ | 180.7 MW | 480.99 Mu |

(ബി) 2016 ജൂണിന് ശേഷം അപ്പർ കല്ലാർ (2MW) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**വനഭൂമി പരിസരത്ത് വൈദ്യുതി ലഭിക്കാൻ നടപടി**

76 (6686) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവ് ഫോറസ്റ്റ് ഭൂമിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള നിയമതടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) പതിറ്റാണ്ടുകളായി വനഭൂമി പരിസരത്ത് വീടുവെച്ച് താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് വനം വകുപ്പിന്റെ നിലപാടുമൂലം വൈദ്യുതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) റിസർവ് ഫോറസ്റ്റ് ഭൂമിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി ആവശ്യമാണ്. ടി അനുമതി ആവശ്യമുള്ള സന്ദർഭങ്ങളിൽ വനം വകുപ്പിന് അപേക്ഷ നൽകും.

(ബി) പ്രസ്തുത അനുമതി ലഭിക്കാത്തതുമൂലം വൈദ്യുതി കണക്ഷൻ നൽകാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷയുടെ തീർപ്പിനായി വനം വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

(സി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽനിന്നും വൈദ്യുതി ഉത്പാദിപ്പിച്ച് (off-grid) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഇത്തരത്തിലുള്ള കുടുംബങ്ങളെ വൈദ്യുതീകരിക്കാൻ ഈ സാമ്പത്തികവർഷം തന്നെ നടപടി സ്വീകരിക്കുന്നതാണ്.

**താരിഫ് വർദ്ധനയിൽനിന്നും ഒഴിവാക്കാൻ നടപടി**

77 (6687) <u>ശ്രീ. എം. എം. മണി</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിമാസം 120 യൂണിറ്റിൽ താഴെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) ഈ ഇളവ് തുടർന്നും അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഈ ഇനത്തിൽ 2016-17 വർഷത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രതിമാസം 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത ഇളവ് തുടരാൻ അനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 1000 രൂപ മാത്രമാണ് 'ടോക്കൺ വിഹിതം' ആയി ബജറ്റിൽ അനുവദിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) ഇതിനായി 2016-17 -ൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ല.

**ഊർജ്ജ ഹൈവേ**

78 (6688) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വൈദ്യുതിക്ഷാമം കണക്കിലെടുത്ത് ഉത്തരേന്ത്യയിലെ വൈദ്യുതി നിലയങ്ങളിൽ നിന്നും, കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് 'ഊർജ്ജ ഹൈവേ ' സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുവഴി സംസ്ഥാനത്തിന്റെ ആവശ്യത്തിനനുസൃതമായ വൈദ്യുതി എത്തിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തിന്റെ വൈദ്യുത ഉപഭോഗത്തിന് ഊർജ്ജ ഹൈവേ എങ്ങനെയെല്ലാം സഹായകരമാകുമെന്ന് വിശദീകരിക്കാമോ ;

(സി) നിലവിലുള്ള ടവർ ലൈനുകളുടെ വൈദ്യുതി വാഹക ശേഷി വർദ്ധിപ്പിക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കേരളത്തിലെ വൈദ്യുതിക്ഷാമം കണക്കിലെടുത്ത് ഉത്തരേന്ത്യയിൽ (ഛത്തീസ്ഗഡിലെ റായ്ഗഡ്) നിന്നും തമിഴ്നാട്ടിലെ പുഗളൂറിലേയ്ക്ക് നിർമ്മിക്കുന്ന HVDC പ്രസരണ ലൈനിന്റെ തുടർച്ചയായി കേരളത്തിലെ മാടക്കത്തറയിലേയ്ക്ക് 2000 MW HVDC പ്രസരണ ഇടനാഴിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഊർജ്ജ ഇടനാഴിയുടെ നിർമ്മാണ പ്രാരംഭ പ്രവർത്തനങ്ങൾ പി.ജി.സി.എൽ. ആരംഭിച്ചുകഴിഞ്ഞു. കേരള സംസ്ഥാനത്തിന്റെ അനുദിനം വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗം നിറവേറ്റുന്നതിനായി മുഖ്യമായും ഊർജ്ജ ഇറക്കുമതിയെ ആശ്രയിക്കുന്നു. സംസ്ഥാനത്തിന് പുറത്തുനിന്നും കേരളം വാങ്ങുന്നതും കേന്ദ്ര വിഹിതമായി ലഭിക്കുന്നതുമായ വൈദ്യുതി കേരളത്തിലേയ്ക്ക് എത്തിക്കുവാൻ ഉയർന്ന ശേഷിയുള്ള പ്രസരണ ലൈനുകൾ ആവശ്യമുണ്ട്. നിലവിലെ സാഹചര്യത്തിൽ വർഷംതോറും

വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗം നിറവേറാൻ കൂടുതൽ വൈദ്യുതി ഇറക്കുമതി ചെയ്യേണ്ടിവരും. നിലവിലുള്ള അന്തർ സംസ്ഥാന പ്രസരണ ലൈനുകൾവഴി അത് സാധ്യമാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 2000 എം.ഡബ്ല്യൂ.-ന്റെ പ്രസരണ ഇടനാഴിയുടെ പൂർത്തീകരണം വഴി കേരളത്തിലേയ്ക്ക് അധിക ഊർജ്ജം എത്തിക്കുവാനും അതിലൂടെ സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യകത നിറവേറ്റുവാനും സാധിക്കും.

(സി) ഉണ്ട്. നിലവിലുള്ള പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, വോൾട്ടത വർദ്ധിപ്പിക്കൽ എന്നിവ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. നിലവിലുള്ള സിംഗിൾ സർക്യൂട്ട് ലൈനുകൾ, ഡബിൾ സർക്യൂട്ട് ലൈനുകളായി മാറ്റുവാനും ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള ശേഷി കുറഞ്ഞതും പഴക്കം ചെന്നതുമായ പ്രസരണ ലൈനുകൾ മാറ്റി വാഹകശേഷി കൂടിയ HTLS-കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനും ബോർഡ് ഉദ്ദേശിക്കുന്നു.

**ഊർജ്ജ സൗഹൃദ് പദ്ധതി**

79 (6689) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. 'ഊർജ്ജ സൗഹൃദ്'എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) 'ഊർജ്ജ സൗഹൃദ്' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) നടപ്പാക്കുന്നുണ്ട്. 2016 സെപ്തംബർ മുതൽ ഈ പദ്ധതി നടപ്പാക്കി വരുന്നു.

(ബി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കേന്ദ്രീകൃത ബില്ലിംഗ്-സെർവ്വർ കമ്പ്യൂട്ടർ സംവിധാനം തയ്യാറാക്കുന്ന ബിൽ സംബന്ധിച്ച വിവരങ്ങൾ- ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി, പിഴയോടുകൂടി പണമടയ്ക്കുന്നതിനുള്ള അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ

വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ എസ്.എം.എസ്സായി മൊബൈൽ ഫോൺ വഴിയും ഇ-മെയിലായും അറിയിക്കുക എന്നതാണ് ഊർജ്ജ സൗഹൃദ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(സി) കെ.എസ്.ഇ.ബി.-യുടെ വെബ്സൈറ്റ് www.kseb.in വഴി ഉപഭോക്താവിന് ഊർജ്ജ സൗഹൃദ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. വെബ്സൈറ്റിലെ സ്ക്രോൾ ചെയ്യുന്ന മെസ്സേജിൽനിന്നും ക്ലിക്ക് ചെയ്തുകൊണ്ട് താഴെപ്പറയുന്ന വിവരങ്ങൾ നൽകി ഊർജ്ജ സൗഹൃദ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

- ഉപഭോക്താവിന്റെ കൺസ്യൂമർ നമ്പർ
- ഉപഭോക്താവിന്റെ അവസാനത്തെ ബിൽ നമ്പർ
- എസ്.എം.എസ്സ്. ലഭിക്കേണ്ട മൊബൈൽ ഫോൺ നമ്പർ
- ഇ-മെയിൽ ഐഡി

പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻവേണ്ടി ഉപഭോക്താവിന് നേരിട്ട് സെക്ഷൻ ഓഫീസറെ സമീപിക്കാവുന്നതുമാണ്.

**ഊർജ്ജ ക്ലിനിക് പദ്ധതി**

80 (6690) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ ക്ലിനിക് പദ്ധതി പ്രകാരം മുൻസർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജ രംഗത്ത് നടത്തിയതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി അനുസരിച്ച് എന്തെല്ലാം കർമ്മ പരിപാടികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇ.എം.സി.-യുടെ നേതൃത്വത്തിൽ നടത്തിവരുന്ന ഊർജ്ജ ക്ലിനിക് പദ്ധതിപ്രകാരം സ്ത്രീകളായ എനർജി ക്ലിനിക് വാളണ്ടിയർമാർ വീടുകൾ സന്ദർശിച്ച് ഊർജ്ജ ഉപയോഗം പഠിക്കുകയും അതനുസരിച്ചുള്ള ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ ഊർജ്ജ സംരക്ഷണ ലഘുലേഖകൾ വിതരണം ചെയ്തു.

(ബി) ഈ പദ്ധതി അനുസരിച്ച് ഈ വർഷം ക്ലിനിക് വാളണ്ടിയർമാരുടെ എണ്ണം വർദ്ധിപ്പിക്കാനും കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കാനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ക്ലിനിക് വാളണ്ടിയർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ജില്ലകൾതോറും സ്ത്രീകളെ തെരഞ്ഞെടുത്ത് ഇവർക്കായി ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ നടത്തിവരുന്നു.

**ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിന് നടപടികൾ**

81 (6691) ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എത്ര നിർദ്ദിഷ്ട ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സ്ഥലമെടുപ്പും ടെണ്ടർ നടപടികളും പൂർത്തിയാക്കാനുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇവയുടെ നിർമ്മാണം എന്ന് തുടങ്ങാനാകുമെന്നാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന '5 'ചെറുകിട ജലവൈദ്യുത പദ്ധതികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുവാനും 20% പണിപൂർത്തീകരിച്ച് ഇപ്പോൾ മുടങ്ങിക്കിടക്കുന്ന ചാത്തൻകോട്ടുനട രണ്ടാം ഘട്ട പദ്ധതിയുടെ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കൂടാതെ പുതിയതായി പരിഗണന യിലുള്ള '13' ചെറുകിട ജലവൈദ്യുത പദ്ധതികൾ, അവയ്ക്ക് ആവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 13 എണ്ണം. അതിൽ പെരുവണ്ണാമൂഴി 6 MW/24.7 Mu പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ബാക്കി ചുവടെ ചേർത്തിരിക്കുന്ന '12' പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

| | | |
|---|---|---|
| 1 | പഴശ്ശിസാഗർ | 7MW/25.16 Mu |
| 2 | ചിന്നാർ | 24MW/82.9 Mu |
| 3 | അപ്പർ ചെങ്കുളം സ്റ്റേജ് -1 | 24MW/53.22 Mu |
| 4 | ലാഡ്രം | 3.5MW/12.13 Mu |
| 5 | ഓലിക്കൽ | 5MW/10.26 Mu |
| 6 | പൂവാരംതോട് | 3MW/5.88 Mu |
| 7 | മാർമല | 7MW/23.02 Mu |
| 8 | പീച്ചാട് | 3MW/7.74 Mu |
| 9 | വെസ്റ്റേൺ കല്ലാർ | 5MW/14.3 Mu |
| 10 | മാരിപ്പുഴ | 6MW/15.31 Mu |
| 11 | ചെമ്പുക്കടവ് -III | 7.5MW/17.71 Mu |
| 12 | വാലൻതോട് | 7.5MW/15.291 Mu |

(സി) മുകളിൽ സൂചിപ്പിച്ചിരിക്കുന്ന 1 മുതൽ 11 വരെയുള്ള പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കി ടെണ്ടർ ചെയ്യുവാൻ ലക്ഷ്യമിടുന്നു. വാലൻതോട് പദ്ധതിക്ക് വനഭൂമി ആവശ്യമായി വരുന്നതിനാൽ കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതാണ്. ടെണ്ടർ ചെയ്ത് നാല് മാസത്തിനകം മുകളിൽ സൂചിപ്പിച്ച 11 പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

**സൗരോർജ്ജ നിലയ നിർമ്മാണ പ്രവൃത്തി**

82 (6692) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കൊല്ലങ്കോട് ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചുവോ; എങ്കിൽ പാലക്കാട് ജില്ലയിലെ മറ്റു മേഖലകളിൽ സൗരോർജ്ജ നിലയങ്ങളും കാറ്റിൽ നിന്നും വൈദ്യുതി ലഭ്യമാകാനുള്ള നിലയങ്ങളും സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) മുൻ സർക്കാരുകൾ പാലക്കാട് ജില്ലയിൽ ഇത്തരം പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഇത്തരം വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കാനുള്ള സാധ്യതാ പഠനം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തുള്ള അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലായി സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ വിതരണശൃംഖലാബന്ധിത സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തെ സൗരവൈദ്യുതോല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിന് ഗ്രീൻ കേരള ക്യാമ്പയിനിന്റെ ഭാഗമായി സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാന റവന്യൂ വകുപ്പിന് കീഴിലുള്ള വിവിധ കെട്ടിടങ്ങളിൽ അനെർട്ട് നടത്തിയ പ്രാഥമിക പഠനം കാണിക്കുന്നത് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മിനി സിവിൽ സ്റ്റേഷൻ, ഒറ്റപ്പാലം താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ സൗരമേൽക്കൂര വൈദ്യുത നിലയങ്ങൾ സാധ്യമാകുമെന്നാണ്. ഇവിടെ യഥാക്രമം 70 കിലോവാട്ട്, 12 കിലോവാട്ട് സൗരവൈദ്യുതോല്പാദനം സാധ്യമാകുമെന്നാണ് പഠനം കാണിക്കുന്നത്. ഇതിനായി ഫണ്ട് മാറ്റിവയ്ക്കാൻ തയ്യാറായ ഏതൊരു സർക്കാർ സ്ഥാപനത്തിനും സൗരവൈദ്യുതോല്പാദന നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകാൻ അനെർട്ടിനു സാധിക്കും.

1990 മുതൽ 2008 വരെ വിന്റ് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിച്ച് നടത്തിയ പഠനങ്ങളിൽ പാലക്കാട് ജില്ലയിൽ 5 സ്ഥലങ്ങളിൽ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ പഠനം നടത്തുന്നതിനായി ജില്ലയിലെ മൂലത്തറ റഗുലേറ്റർ പ്രോജക്റ്റ് സൈറ്റ്, മീൻകര ഡാം സൈറ്റ് എന്നീ സ്ഥലങ്ങളിൽ വിന്റ് മാസ്റ്റ് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കൊല്ലങ്കോടും കഞ്ചിക്കോട് സബ്സ്റ്റേഷൻ പരിസരത്തും ഓരോ മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങളും അഗളി, ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ 0.096 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയവും പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ ആകെ 35 കിലോവാട്ട്സ് ശേഷിയുള്ള സോളാർ പാനലുകൾ ഉപയോഗിച്ച് നാല് ആദിവാസി കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. മറ്റൊരു ആദിവാസി കോളനിയിൽ 12 കിലോവാട്ട്സിന്റെ സൗരോർജ്ജ നിലയനിർമ്മാണം അവസാനഘട്ടത്തിലാണ്. കൂടാതെ ആകെ 18 കിലോവാട്ട്സിന്റെ സൗരോർജ്ജ നിലയം ചിറ്റൂരിൽ രണ്ട് കോളനികളിൽ സ്ഥാപിക്കുന്ന ജോലിയും നടന്നുവരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ അനെർട്ടിന്റെ മേൽനോട്ടത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയും ഇതിനെ തുടർന്ന് നിർമ്മാണ പ്രവർത്തനം ആരംഭിച്ച പ്രസ്തുത പദ്ധതി ഇപ്പോൾ പൂർത്തീകരണ ഘട്ടത്തിലുമാണ്.

(സി) പരിഗണിക്കുന്നതാണ്.

**വൈദ്യുതി കണക്ഷൻ**

83 (6693) <u>ശ്രീ. കെ.ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി - ചൂരുപാറ കോളനിയിൽ 40 വർഷത്തിലധികമായി താമസിച്ചു വരുന്ന കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കിഴക്കഞ്ചേരി-ചൂരുപാറ കോളനിയിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈൻ വലിക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി ആവശ്യമാണ്. ഇതിനുള്ള അപേക്ഷ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുണ്ട്.

**വൈദ്യുതി ചാർജ്ജ് കുടിശ്ശിക**

84 (6694) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-10-2016-ലെ കണക്ക് പ്രകാരം കെ.എസ്.ഇ.ബി.യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം ഊർജ്ജിത നടപടികൾ ആണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കുടിശ്ശിക തുക പിരിച്ചെടുത്തു എന്ന കണക്ക് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) 31-8-2016-ലെ കണക്കുപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക 1996.75 കോടി രൂപയാണ്. 1-10-2016-ലെ കുടിശ്ശികയുടെ കണക്ക് തയ്യാറാക്കി വരുന്നതേയുള്ളൂ.

(ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിലുള്ള നടപടിക്രമങ്ങളായ വൈദ്യുതി ബന്ധം വിച്ഛേദിച്ച് കുടിശ്ശിക നോട്ടീസ് നൽകി ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് പുറമേ 28-10-2016-ലെ ബോർഡ് ഉത്തരവ് (B.O.(FTD) No. 3085/2016 (KSEB/TRAC/OTS/R3/2015) പ്രകാരം 31-3-2017-നുള്ളിൽ പൂർത്തിയാകത്തക്ക വിധമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 37.47 കോടി രൂപ കുടിശ്ശിക തുക പിരിച്ചെടുത്തിട്ടുണ്ട്.

**വൈദ്യുതി കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക**

85 (6695) <u>ശ്രീ. വി. ജോയി</u> :

<u>ശ്രീ. കാരാട്ട് റസാഖ്</u> :

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :

<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും വൈദ്യുതി കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കേണ്ട വൈദ്യുതി ചാർജ്ജ് കുടിശ്ശിക എഴുതിത്തള്ളിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ കുടിശ്ശികയാണ് എഴുതിത്തള്ളിയതെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി എത്ര രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും വൈദ്യുതി കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 1996.75 കോടി രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. 524 കോടി രൂപ. കൂടാതെ 29-6-2015-ലെ G.O.(MS) 24/2015/PD ഉത്തരവുപ്രകാരം, കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം കുടിശ്ശികയിൽ നിന്നും 500 കോടി രൂപ, ബോർഡ് ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുത്ത് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട തുകയിൽ നിന്നും തട്ടിക്കിഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എഴുതിത്തള്ളിയ തുകയായ 524 കോടി രൂപ പ്രതിവർഷം 52.40 കോടി രൂപ വീതം, പത്ത് വർഷത്തെ ബജറ്റ് വിഹിതമായി വൈദ്യുതി ബോർഡിന് നൽകാൻ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം വൈദ്യുതി ബോർഡിന് അനുവദിച്ച ബജറ്റ് വിഹിതത്തിന്റെയും ലഭിച്ച തുകയുടെയും കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സാമ്പത്തിക വർഷം | അനുവദിച്ച തുക (കോടിയിൽ) | ലഭിച്ച തുക (കോടിയിൽ) |
|---|---|---|---|
| 1 | 2012-13 | 52.40 | 52.40 |
| 2 | 2013-14 | 52.40 | 52.40 |
| 3 | 2014-15 | 52.40 | 52.40 |
| 4 | 2015-16 | 52.40 | 10.00 |
| 5 | 2016-17 | 52.40 | - |
| | ആകെ | 262.00 | 167.20 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വൈദ്യുത അപകടങ്ങൾ

86 (6696) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുത അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കമ്പി പൊട്ടി വീഴുന്നതുപോലുള്ള അടിയന്തര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് മാത്രമായി “9496061061” എന്ന നമ്പരിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വൈദ്യുതി അപകടങ്ങളും, മറ്റുള്ള ഏത് പരാതിയും നേരിട്ട് അറിയിക്കുന്നതിന് “1912” എന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ഈ നമ്പർ ഇപ്പോൾ ടോൾ ഫ്രീ ആക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങൾ അറിയിക്കുന്നതിന് എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും ലാന്റ് ഫോണുകൾ ലഭ്യമാക്കിയിട്ടുണ്ട്. സെക്ഷൻ ഓഫീസിന്റെ മേലധികാരിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെയും സേഫ്റ്റി ഓഫീസറായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും മൊബൈൽ നമ്പറുകൾ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. വൈദ്യുതി അപകടങ്ങളും മറ്റുള്ള ഏത് പരാതിയും ഇപ്പോൾ “9496001912” എന്ന വാട്ട്സ് ആപ്പ് നമ്പറിലും അറിയിക്കാവുന്നതാണ്.

(ബി&സി) ആധുനിക വിവര സാങ്കേതിക വിദ്യയിലൂന്നിയ നവീന സംവിധാനങ്ങളുള്ള ഒരു കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്റർ ഏർപ്പെടുത്തിയിട്ടുണ്ട്. ബി.എസ്.എൻ.എൽ.-ന്റെ ISDN (Integrated Services Digital Network) ലൈൻ ഉപയോഗിച്ച് ഒരേ സമയം 60 പേർക്ക് ഈ സെന്ററുമായി ബന്ധപ്പെടാൻ സാധിക്കും. വൈദ്യുതി വിതരണം സംബന്ധിച്ച് 1912 വഴിയും കൺസ്യൂമർ പോർട്ടൽ വഴിയും സെക്ഷൻ ഓഫീസ് വഴിയും വാട്ട്സ്ആപ്പ് വഴിയും ലഭിക്കുന്ന

പരാതികൾ e-call, CCC-ET എന്നീ സോഫ്റ്റ്‌വെയറുകൾ മുഖേന കേന്ദ്രീകൃത കസ്റ്റമർ കെയർ സംവിധാനത്തിൽ രേഖപ്പെടുത്തുന്നു. കേരളത്തിലെ എല്ലാ സെക്ഷൻ ഓഫീസുകളും WAN(Wide Area Network) മുഖേന കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ തത്സമയം തന്നെ ഇവ അതാത് സെക്ഷൻ ഓഫീസ് ജീവനക്കാർക്ക് കൈമാറുകയും പരാതികൾ ഉടനടി പരിഹരിച്ച് വീണ്ടും കസ്റ്റമർ കെയർ സംവിധാനത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. പരാതികൾ രജിസ്റ്റർ ചെയ്യുമ്പോഴും പരിഹരിച്ചു കഴിയുമ്പോഴും ഉപഭോക്താവിന്റെ മൊബൈൽ നമ്പറിൽ എസ്.എം.എസ്. ലഭിക്കുന്നു. ഈ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്ത പരാതിയുടെ നിലവിലെ സ്ഥിതി അറിയുവാനും ഉപഭോക്താവിന് സാധിക്കുന്നു.

## വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ മുൻകരുതലുകൾ

87 (6697) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം വരൾച്ചയിലേക്ക് പോകുന്നു എന്ന മുന്നറിയിപ്പ് ലഭിച്ച സാഹചര്യത്തിൽ, വൈദ്യുതി ഉപഭോഗത്തിലെ വർദ്ധനവുമൂലം ഉണ്ടായേക്കാവുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) നാളിതുവരെയുള്ള കണക്കുപ്രകാരം പ്രതീക്ഷിച്ചിരുന്ന നീരൊഴുക്കിന്റെ 53% മാത്രമേ ലഭിച്ചുള്ളൂവെങ്കിലും മദ്ധ്യകാല, ദീർഘകാല കരാറുകൾ മുഖേനയും DBFOO പ്രകാരം 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുക വഴി ജലവൈദ്യുതി ഉല്പാദനം കുറയ്ക്കാനും സംഭരണികളിലെ ജലം വരും മാസങ്ങളിലേയ്ക്ക് സംഭരിക്കാനും സാധിച്ചിട്ടുണ്ട്. ഇപ്രാവശ്യം കാലവർഷം പ്രതീക്ഷിച്ചതുപോലെ ലഭിക്കാത്തതുമൂലം 2017-ലെ വേനൽക്കാലത്ത് ഉണ്ടാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് 1-3-2017 മുതൽ 31-5-2017 വരെ 100 മെഗാവാട്ട് ദിവസം മുഴുവനും, 100 മെഗാവാട്ട് പീക്ക് (18.00 മണി മുതൽ 24.00 മണി വരെ) സമയങ്ങളിലും എന്ന തോതിൽ വൈദ്യുതി വാങ്ങാനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികൾ അവയ്ക്കാവശ്യമായ ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

| പദ്ധതി | ഉല്പാദനശേഷി | |
|---|---|---|
| | മെഗാവാട്ട് | മില്യൺ യൂണിറ്റ് |
| പെരുവണ്ണാമൂഴി | 6 | 24.7 |
| പഴശ്ശി സാഗർ | 7.5 | 25.16 |
| ചിന്നാർ | 24 | 76.45 |
| അപ്പർ ചെങ്കുളം | 24 | 53.22 |
| ലാഡ്രം | 3.5 | 12.13 |
| ഓലിക്കൽ | 5 | 10.26 |
| പൂവാരം തോട് | 3 | 5.88 |
| മാർമ്മല | 7 | 23.02 |
| ചെമ്പുക്കടവ് -3 | 7.5 | 17.715 |
| മാങ്കുളം | 40 | 82 |
| പീച്ചാട് | 3 | 7.74 |
| വെസ്റ്റേൺ കല്ലാർ | 5 | 17.41 |
| മരിപ്പുഴ | 6 | 14.84 |
| വാലന്തോട് | 7.5 | 15.291 |
| വടക്കേപ്പുഴ എക്സ്റ്റെൻഷൻ | - | 0.7 |
| ആകെ | 149 മെഗാവാട്ട് | 386.516 മില്യൺ യൂണിറ്റ് |

കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്ന ആകെ 18.583 മെഗാവാട്ടിന്റെ 22 പദ്ധതികളുടെയും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്ന 7.3779 മെഗാവാട്ടിന്റെ 3 പദ്ധതികളുടെ പട്ടികയും അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ അനെർട്ട് മുഖേന സൗരഗൃഹ പദ്ധതിയും സോളാർ കണക്ട് ശൃംഖലാ ബന്ധിത പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. സൗരോർജ്ജവും കാറ്റും ഉപയോഗപ്പെടുത്തി 700 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## വൈദ്യുതി ബോർഡിന്റെ കടം

88 (6698) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ കടം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) കടം വർദ്ധിച്ചുവരുമ്പോഴും സ്വകാര്യ ഉൽപ്പാദകരിൽനിന്നും വൈദ്യുതി വാങ്ങാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ ;

(സി) സ്വകാര്യ മേഖലയെ ആശ്രയിക്കുന്നതിനു പകരം മറ്റു സംസ്ഥാനങ്ങളിൽ നിന്നോ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ വൈദ്യുതി വാങ്ങാൻ ശ്രമങ്ങൾ നടത്തുമോ ;

(ഡി) സ്വകാര്യ ഉൽപ്പാദകരിൽനിന്ന് വൈദ്യുതി വാങ്ങി കൂടുതൽ കടക്കെണിയിലേക്ക് നീങ്ങുന്ന ബോർഡിന്റെ തീരുമാനം പുനഃപരിശോധിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷാവസാനത്തിലുള്ള വൈദ്യുതി ബോർഡിന്റെ കടം ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | ദീർഘകാല വായ്പ | ഹ്രസ്വകാല വായ്പ | ആകെ |
|---|---|---|---|
| 2013-14 | 2957.48 | 2303.62 | 5261.10 |
| 2014-15 | 3699.35 | 2110.48 | 5809.83 |
| 2015-16 | 3753.51 | 2171.94 | 5925.45 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി-ഡി) കേരളത്തിലെ ആഭ്യന്തര ഉല്പാദനം മൊത്തം വൈദ്യുതി ആവശ്യകതയുടെ ഏകദേശം 30 ശതമാനം മാത്രമാണുള്ളത്. ബാക്കിയുള്ള വൈദ്യുതി ആവശ്യകത നിറവേറ്റാൻ കേന്ദ്ര വിഹിതം, ബിഡ്ഡിംഗ്/എം.ഒ.യു. വഴിയുള്ള പർച്ചേസ്/ എക്സ്ചേഞ്ച് തുടങ്ങിയവയെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ആശ്രയിക്കുന്നു. സാധാരണയായി ബിഡ്ഡിംഗ് വഴിയാണ് വൈദ്യുതി വാങ്ങിക്കാറുള്ളത്. ബിഡ്ഡിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്നവരുമായാണ് കരാറിൽ ഏർപ്പെടുന്നത്. അതിൽ മറ്റ് സംസ്ഥാനങ്ങൾക്കും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതാണ്.

## കാഷ്യർ തസ്തികയിൽ ജോലി നോക്കുന്ന മീറ്റർ റീഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ വിശദവിവരം

89 (6699) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ.ബി. യിൽ ക്യാഷ്യർ തസ്തികയിൽ ജോലി നോക്കുന്ന മീറ്റർ റീഡർ, ഓഫീസ് അറ്റൻഡന്റ് എന്നീ വിഭാഗം ജീവനക്കാരുടെ പേര്, ജോലി നോക്കുന്ന തസ്തിക, ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പേര് എന്നിവ ഉൾപ്പെടെയുള്ള വിശദവിവരം പട്ടികയായി ലഭ്യമാക്കാമോ?

ഉത്തരം

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കാഷ്യർ തസ്തികയിൽ ജോലി നോക്കുന്ന മീറ്റർ റീഡർ, ഓഫീസ് അറ്റൻഡന്റ് എന്നീ വിഭാഗം ജീവനക്കാരുടെ പേര്, തസ്തിക, സെക്ഷൻ ഓഫീസ് എന്നിവയടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സീനിയർ അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ ജോലിഭാരം

90 (6700) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-ൽ നിലവിൽ വന്ന ജനറൽ ട്രാൻസ്ഫർ പ്രകാരം സീനിയർ അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) സീനിയർ അസിസ്റ്റന്റ് വിഭാഗം ജീവനക്കാരെ കാഷ്യർ തസ്തികയിൽ ജോലി ചെയ്യിപ്പിക്കുന്നതിനെതിരെ സംഘടനാ തലത്തിലോ അല്ലാതെയോ ഉള്ള പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) നിരവധി ലൈൻമാൻ, മസ്ദൂർ തസ്തികയിലെ ജീവനക്കാർ കാഷ്യർ തസ്തികയിൽ ജോലി നിർവ്വഹിക്കുന്നതുമൂലം സീനിയർ അസിസ്റ്റന്റ് വിഭാഗം ജീവനക്കാർക്ക് അമിത ജോലി ഭാരമോ, മറ്റ് തരത്തിലുള്ള ബുദ്ധിമുട്ടുകളോ ഉണ്ടെന്നുള്ള പരാതി സംഘടനാ തലത്തിലോ അല്ലാതെയോ ലഭിച്ചിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്. സ്വീകരിച്ചുവരുന്നു.

(ബി&സി) ഇല്ല.

**വൈദ്യുതി ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ**

91 (6701) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഉപഭോക്താക്കൾക്കാണ് ഈ പദ്ധതി ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി എന്നുമുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ IPDS-ൽ ഉൾപ്പെടുത്തി പ്രാരംഭമായി 15000 ഓളം സ്മാർട്ട് മീറ്ററുകൾ കേരള സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ 500 യൂണിറ്റിനു മുകളിൽ വൈദ്യുതി ഉപഭോഗം വരുന്ന ഏകദേശം 1.5 ലക്ഷം ഉപഭോക്താക്കൾക്കും 10 KW-നു മുകളിലുള്ള വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്കും ഘട്ടംഘട്ടമായി സ്മാർട്ട് മീറ്ററുകൾ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് SCADA പദ്ധതി നടപ്പാക്കിയ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ടൗണുകളിലെ ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചു വരുന്നു. എറണാകുളം ജില്ലയിലെ സ്മാർട്ട് സിറ്റി പ്രദേശത്ത് സ്മാർട്ട് ഗ്രിഡ് പദ്ധതിയ്ക്കായുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഈ പദ്ധതിയിൽ പദ്ധതി പ്രദേശത്തുള്ള എല്ലാവിഭാഗത്തിലുംപ്പെട്ട ഏകദേശം 90000 ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ വയ്ക്കുന്നതിന് ഉദ്ദേശിക്കുന്നു. കൊച്ചിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്മാർട്ട് ഗ്രിഡ് പദ്ധതി തിരുവനന്തപുരത്തും കോഴിക്കോട്ടും SCADA നടപ്പായ സ്ഥലങ്ങളിൽ സ്മാർട്ട് ഗ്രിഡ് രണ്ടാം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) ഒന്നാം ഘട്ടത്തിൽ IPDS-ന്റെ ഭാഗമായി പദ്ധതി പ്രദേശത്തുള്ള ഏകദേശം 15000 ഗവൺമെന്റ് ഓഫീസുകൾക്കും, തുടർന്ന് 1.5 ലക്ഷം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും (500 യൂണിറ്റിനു മുകളിലുള്ള) HT-EHT വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കും (ഏകദേശം 5000 എണ്ണം) AMR സംവിധാനം മാർച്ച് 2017 ഓടു കൂടി നടപ്പിലാക്കുന്നതാണ്. രണ്ടാം ഘട്ടമായി 10 KW നു മുകളിലുള്ള വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്ക് (ഏകദേശം 51000 എണ്ണം) 2018-19 ഓടു കൂടി സ്മാർട്ട് മീറ്റർ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്.

**കണ്ണോത്ത്- കാരമുക്ക് കുടിവെള്ള പദ്ധതിക്ക് വൈദ്യുത കണക്ഷൻ**

92 (6702) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്, മണലൂർ പഞ്ചായത്തുകൾക്കായുള്ള കണ്ണോത്ത്-കാരമുക്ക് കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ് തൃശ്ശൂർ നഗര ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായ ഒളരിയിലെ നിലവിലുള്ള ഭൂതല ജലസംഭരണി ആയതിനാൽ ഒളരി പമ്പ് ഹൗസിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, എച്ച്.ടി. കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എന്നിവ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) ഒളരി പമ്പ് ഹൗസിലെ ഇലക്ട്രിക്കൽ സ്റ്റാൻഡൈസേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി വൈദ്യുതി കണക്ഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതിക്ക് 26-10-2016-ന് എച്ച്.ടി. കണക്ഷൻ നൽകിയിട്ടുണ്ട്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

93 (6703) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലമുൾപ്പെടുന്ന പ്രദേശത്തെ സമ്പൂർണ്ണ വൈദ്യുതീകരണമേഖലയാക്കുന്നതിന് കെ.എസ്.ഇ.ബി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രദേശത്തെ എത്ര അപേക്ഷകർക്കാണ് ഇനി വൈദ്യുത കണക്ഷൻ നൽകുവാനുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ആലത്തൂർ മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമെന്ന് പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ആലത്തൂർ നിയോജക മണ്ഡലത്തിന്റെ അധീനതയിലുള്ള എല്ലാ പ്രദേശങ്ങളിലും പഞ്ചായത്ത് അടിസ്ഥാനത്തിൽ സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തുകയും ടി ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആലത്തൂർ നിയോജകമണ്ഡലത്തിൽ 1256 ഗുണഭോക്താക്കളെയാണ് ഈ പദ്ധതിയിൽ പ്രതീക്ഷിക്കുന്നത്. ഒരു നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം നേടുന്നതിന് ആവശ്യമായ തുകയുടെ 50% (പരമാവധി 1 കോടി രൂപ എന്ന കണക്കിൽ) കെ.എസ്.ഇ.ബി. ചെലവാക്കാനും ബാക്കി 50% LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA, SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നും കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനും 2017 മാർച്ചോടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഊർജ്ജദൂത് പദ്ധതി**

94 (6704) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഊർജ്ജദൂത്' എന്ന പദ്ധതി കെ.എസ്.ഇ.ബി. നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പാക്കുന്നെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ ;

(സി) അടിയന്തര ഘട്ടങ്ങളിൽ വൈദ്യുതി മുടങ്ങുമ്പോൾ എസ്.എം.എസ്. / വാട്ട്സ് ആപ് വഴി നല്കുന്ന പരാതികൾ സ്വീകരിച്ചതായും നിശ്ചിത സമയം വ്യക്തമാക്കി ആ സമയത്തിനുള്ളിൽ പരാതിക്ക് പരിഹാരം കാണുമെന്നുള്ള മറുപടി എസ്.എം.എസ്./ വാട്ട്സ് ആപ്പിലൂടെയോ തന്നെ നല്കുന്നതിനുമുള്ള സംവിധാനം നടപ്പാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് ഊർജ്ജദൂത് പദ്ധതി നടപ്പിലാക്കുന്നുണ്ട്. 2016 സെപ്റ്റംബർ മാസം മുതൽ പരീക്ഷണാടിസ്ഥാനത്തിൽ ഉള്ളൂർ, കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനുകളിലും നിലവിൽ വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപഭോക്താക്കൾക്ക് വേണ്ടി ഊർജ്ജ-സൗഹൃദ പദ്ധതി 25-10-2016-ന് സമർപ്പിച്ചു. മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്ന സംസ്ഥാനത്തെ എല്ലാ ഉപഭോക്താക്കൾക്കും ഈ സേവനം ലഭ്യമാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

(ബി) വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കി വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഊർജ്ജദൂത്. വൈദ്യുതി ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ചില അറ്റകുറ്റപ്പണികൾ മൂലമുണ്ടാകുന്ന വൈദ്യുതി തടസ്സങ്ങളും അടിയന്തര ഘട്ടങ്ങളിൽ ഉണ്ടാകുന്ന തടസ്സങ്ങളും യഥാസമയം ഉപഭോക്താക്കളെ അറിയിക്കുന്നതിനാണ് ഊർജ്ജദൂത് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(സി) വൈദ്യുതി മുടങ്ങുമ്പോൾ എസ്.എം.എസ്./വാട്ട്സ് ആപ് വഴി നൽകുന്ന പരാതികൾ സ്വീകരിച്ചതായി എസ്.എം.എസ്. വഴി അറിയിക്കുന്നതാണ്. പരാതി പരിഹരിച്ചതിനുശേഷം ഈ വിവരം എസ്.എം.എസ്. ആയി വീണ്ടും ഉപഭോക്താക്കളെ അറിയിക്കുന്നതാണ്.

**സമ്പൂർണ്ണ വൈദ്യുതീകരണം**

95 (6705) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ നിലവിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ, സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ വൈദ്യുതീകരണം സമ്പൂർണ്ണമാക്കാൻ നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവരുടെ പ്രവർത്തനം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സമ്പൂർണ്ണ വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പുതിയ 7.5 കി.മീ. 11 കെ.വി. ലൈൻ നിർമ്മിക്കുകയും 12 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസിലേയ്ക്ക് മാറ്റുകയും 7 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഷൊർണ്ണൂർ നിയോജകമണ്ഡലത്തിന്റെ അധീനതയിലുള്ള എല്ലാ പ്രദേശങ്ങളിലും പഞ്ചായത്തടിസ്ഥാനത്തിൽ സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തുകയും ടി ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഒരു നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം നേടുന്നതിനാവശ്യമായ തുകയുടെ 50% (പരമാവധി 1 കോടി രൂപ എന്ന കണക്കിൽ) കെ.എസ്.ഇ.ബി. ചെലവാക്കാനും ബാക്കി 50%, എൽ.എസ്.ജി.ഡി. ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ ഫണ്ടുകൾ, സന്നദ്ധസംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നും കണ്ടെത്തുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 31-1-2017-ഓടു കൂടി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി&ഡി) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ഷൊർണ്ണൂർ ആണ് മണ്ഡലത്തിലെ മോണിറ്ററിംഗ് കമ്മിറ്റി കൺവീനർ. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് പദ്ധതികൾ സുഗമമായി നടത്തേണ്ടതിന്റെ ഉത്തരവാദിത്വമുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക് സെക്ഷൻ ഓഫീസ്**

96 (6706) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന നിവേദനവും അനുബന്ധ തീരുമാനങ്ങളും വെച്ചുകൊണ്ട് നിലവിലെ നിയമത്തിൽ മാറ്റം വരുത്തി സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ ഇലക്ട്രിക്ക് സെക്ഷൻ ഓഫീസുകളിലെ ഉപഭോക്താക്കളുടെ എണ്ണവും വിസ്തീർണ്ണവും സംബന്ധിച്ച അനുപാതം വ്യക്തമാക്കുമോ ;

(സി) സെക്ഷൻ ഓഫീസ് വിഭജനത്തിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി ഏതെങ്കിലും സെക്ഷൻ ഓഫീസ് ആരംഭിച്ചിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ ;

(ഡി) ഇരിമ്പിളിയം സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന കാര്യത്തിൽ പ്രത്യേകം പരിഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. ഇതല്ലാതെ ഉപഭോക്താക്കളുടെ എണ്ണവും വിസ്തീർണ്ണവും സംബന്ധിച്ച് അനുപാതമൊന്നും നിഷ്കർഷിച്ചിട്ടില്ല. മുകളിൽ പറഞ്ഞ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്താത്തതിനാൽ വളാഞ്ചേരി, എടയൂർ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഇരിമ്പിളിയം കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത് പ്രായോഗികമല്ല.

(സി) പ്രത്യേക ഭൂപ്രകൃതി, ദുഷ്കരമായ സാഹചര്യങ്ങൾ, ഊർജ്ജ വിതരണത്തിന്റെ തോത് എന്നിവ കണക്കിലെടുത്ത് ചില പ്രത്യേക സാഹചര്യങ്ങളിൽ ചുരുക്കം ചില സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ചാലക്കുടി മണ്ഡലത്തിലെ അപേക്ഷകൾ

97 (6707) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏഴ് പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(ബി) എല്ലാ അപേക്ഷകർക്കും വൈദ്യുതി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ചാലക്കുടി മണ്ഡലത്തിൽ 509 ഗുണഭോക്താക്കൾ ഉണ്ടാകുമെന്ന് കണക്കാക്കുന്നു.

(ബി) എല്ലാ അപേക്ഷകർക്കും വൈദ്യുതി നൽകുവാൻ വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**ജലസംഭരണികളിലെ ജലനിരപ്പ്**

98 (6708) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെപ്റ്റംബർ 30-ഓടെ അവസാനിച്ച ഇടവപ്പാതിയും ഒക്ടോബർ-നവംബർ മാസത്തിൽ ഉണ്ടാകേണ്ട തുലാവർഷവും സംസ്ഥാനത്ത് ദുർബ്ബലമാണെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ പശ്ചാത്തലത്തിൽ ജലസംഭരണികളിലെ ജലനിരപ്പ് ഗണ്യമായി താഴുകയുണ്ടായോ;

(സി) എങ്കിൽ ഇടുക്കി ജലസംഭരണിയിലെ ജലനിരപ്പ് ഇപ്പോൾ എത്രയാണ്; ഇത് കഴിഞ്ഞവർഷത്തേതിനെ അപേക്ഷിച്ച് കൂടുതലാണോ ;

(ഡി) കുറവാണെങ്കിൽ എത്ര അടി കുറവാണെന്ന് വ്യക്തമാക്കുമോ; ഇത് വൈദ്യുതി ഉല്പാദനത്തെ എത്രത്തോളം പ്രതികൂലമായി ബാധിക്കും; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഈ വർഷത്തെ ഇടവപ്പാതിയും തുലാവർഷവും ദുർബ്ബലമാണ്.

(ബി) കാലവർഷത്തിന്റെ കുറവ് കാരണം ജലസംഭരണയിലേയ്ക്കുള്ള നീരൊഴുക്ക് കുറയുകയും ജലനിരപ്പ് ഗണ്യമായി താഴുകയുമുണ്ടായി.

(സി&ഡി) 2016 നവംബർ 2-ലെ കണക്കനുസരിച്ച് ഇടുക്കി ജലസംഭരണിയിലെ ജലനിരപ്പ് 715.451 മീറ്റർ/2347.28 അടിയാണ്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 4.316 മീറ്റർ/14.16 അടി കുറവാണ്. 2015 നവംബർ 2-ലെ കണക്കനുസരിച്ച് 1220.11 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളമാണുണ്ടായിരുന്നത്. എന്നാൽ 2016 നവംബർ 2-ലെ കണക്കനുസരിച്ച് 955.08 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളം മാത്രമാണ് ഇടുക്കി ജലസംഭരണിയിലുള്ളത്. 265.03 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളം കുറവുണ്ട്. അതിനാൽ 2017 മേയ് മാസം 31 വരെയുള്ള ജലവർഷത്തിലേക്ക് ഇടുക്കിയിൽനിന്നുള്ള പ്രതിദിന ഉല്പാദനം കുറയ്ക്കുകയും അതനുസരിച്ച് വൈദ്യുതി കേരളത്തിനു പുറത്തുനിന്നും വാങ്ങി വിതരണം ചെയ്യുവാനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

**എരനെല്ലൂരിൽ ശേഷി കൂടിയ പുതിയ ട്രാൻസ്ഫോർമർ**

99 (6709) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണലൂർ കേച്ചേരി കെ.എസ്.ഇ.ബി. സെക്ഷന് കീഴിലുള്ള എരനെല്ലൂർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണാൻ നിലവിലുള്ള ട്രാൻസ്ഫോർമർ മാറ്റി ശേഷികൂടിയ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

നടപടി സ്വീകരിക്കുന്നതാണ്.

**ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് എന്നിവ ഒഴിവാക്കൽ**

100 (6710) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് എന്നിവ നടപ്പാക്കേണ്ടി വന്നിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇവ ഒഴിവാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് എന്നിവ നടപ്പാക്കേണ്ടി വന്നിട്ടില്ല.

(ബി) മദ്ധ്യകാല, ദീർഘകാല കരാറുകൾ മുഖേനയും DBFOO പ്രകാരവും 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുക വഴിയും ജലവൈദ്യുതി ഉല്പാദനം കുറയ്ക്കാനും ഇപ്രകാരം സംഭരണികളിലെ ജലം വരും മാസങ്ങളിലേയ്ക്ക് സംഭരിക്കാനും സാധിച്ചിട്ടുണ്ട്. 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിലെ ഉപഭോഗം പ്രതീക്ഷിച്ച് ഡീപ്പ്-ഇ-ബിഡ്ഡിംഗ് വഴി 200 MW വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ ഇപ്പോഴത്തെ സ്ഥിതിഗതികൾ പരിഗണിച്ച് ലഭ്യതയ്ക്കനുസരിച്ച് 200 MW കൂടി ഇ-ബിഡ്ഡിംഗ് വഴി വാങ്ങുവാനും കൂടുതൽ വൈദ്യുതി പവർ എക്സ്ചേഞ്ചിൽനിന്ന് വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്.

**മില്ലുംപടിയിൽ പുതിയ ട്രാൻസ്ഫോർമർ**

101 (6711) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണലൂർ മണ്ഡലത്തിലെ കുന്നംമൂച്ചി സെക്ഷൻ ഓഫീസിന് കീഴിലുള്ള ചൂണ്ടൽ മില്ലുംപടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണാൻ ചൂണ്ടൽ മില്ലുംപടിയിൽ ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

മണലൂർ മണ്ഡലത്തിലെ കുന്നംമൂച്ചി സെക്ഷൻ ഓഫീസിനു കീഴിലുള്ള ചൂണ്ടൽ മില്ലുംപടിയിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. പി.റ്റി.സി.സി. അനുമതി ലഭിക്കുന്ന മുറയ്ക്ക് ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്യുന്നതാണ്.

**വൈദ്യുതോർജ്ജം സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ**

102 (6712) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതോർജ്ജം സംരക്ഷിക്കുന്നതിന് സോളാർ ലൈറ്റുകൾ, വൈദ്യുതി ഉപഭോഗം കുറയ്ക്കുന്ന എൽ.ഇ.ഡി. ലൈറ്റുകൾ എന്നിവ പ്രചരിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) എൽ.ഇ.ഡി. ലൈറ്റുകൾ സൗജന്യ നിരക്കിൽ നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) 2015-16 കാലയളവിൽ, എൽ.ഇ.ഡി. ലൈറ്റുകളുടെ ഉപയോഗംമൂലം എത്രമാത്രം വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞുവെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതോർജ്ജം സംരക്ഷിക്കുന്നതിന് സോളാർ ലൈറ്റുകൾ പ്രചരിപ്പിക്കുന്നതിനായി ലാഭപ്രഭ സീസൺ 1 പദ്ധതിയിൽ ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് സൗരോർജ്ജ റാന്തലുകൾ അതാത് കെ.എസ്.ഇ.ബി. സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു. എൽ.ഇ.ഡി. ലൈറ്റുകൾ പ്രചരിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ കെ.എസ്.ഇ.ബി. നടപ്പിലാക്കി വരുന്നു.

1. ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്)
2. എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ്
3. സി.എഫ്.എൽ. മാറ്റി എൽ.ഇ.ഡി. ബൾബ് സ്ഥാപിക്കൽ

വൈദ്യുതോർജ്ജം സംരക്ഷിക്കുന്നതിനും ഉപയോഗം കുറയ്ക്കുന്നതിനുമായി അനെർട്ട് ഈ വർഷം 45000 സോളാർ എൽ.ഇ.ഡി. റാന്തലുകളും 1500 സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റവും സബ്സിഡി നിരക്കിൽ നൽകുന്നതിനുള്ള രജിസ്ട്രേഷൻ തുടങ്ങിയിട്ടുണ്ട്. അടുത്ത മാസം മുതൽ വിതരണം ആരംഭിക്കുന്നതാണ്. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് എൽ.ഇ.ഡി. ലൈറ്റുകൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.എം.സി. താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ ധനസഹായത്തോടുകൂടി എൽ.ഇ.ഡി. വില്ലേജ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ ആയക്കുറിശ്ശി ഗ്രാമപഞ്ചായത്തിലും ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ പള്ളാത്തുരുത്തി വാർഡിലും നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ കല്ലംമ്പാടം വാർഡിലും എൽ.ഇ.ഡി. വില്ലേജ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സാമ്പത്തിക സഹായത്തോടുകൂടി തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കുള്ളിൽ വെള്ളയമ്പലം മുതൽ വഴുതയ്ക്കാട് വരെ 100 വാട്സിന്റെ 70 എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കുള്ളിലെ ശ്രീകാര്യം-ചാവടിമുക്ക്-കുളത്തൂർ റോഡിൽ 45 വാട്ട്സിന്റെ 226 എൽ.ഇ.ഡി. തെരുവുവിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. ഊർജ്ജ കാര്യക്ഷമത കൂടിയ തെരുവുവിളക്കുകളുടെ പ്രചരണത്തിനായി സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ 60 മുനിസിപ്പാലിറ്റികളും 5 കോർപ്പറേഷനുകളിലും 45 വാട്സിന്റെ 100 വീതം എൽ.ഇ.ഡി. അധിഷ്ഠിത തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ 150-ഉം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 100-ഉം മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ 24-ഉം എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ഊർജ്ജകാര്യക്ഷമത കൂടിയ വൈദ്യുത വിളക്കുകൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റ്, വികാസ്ഭവൻ, ഹൈക്കോടതി എന്നീ കെട്ടിടങ്ങളിലും കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സിവിൽ സ്റ്റേഷനുകളിലും എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം എന്ന പദ്ധതിയിൽ 9 വാട്ടിന്റെ 2 എൽ.ഇ.ഡി. ബൾബുകൾ സൗജന്യനിരക്കായ ബൾബ് ഒന്നിന് 95 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. സി.എഫ്.എൽ. മാറ്റി എൽ.ഇ.ഡി. സ്ഥാപിക്കുന്ന പദ്ധതി 250 കോടി രൂപയുടെ ഗ്രാന്റ് ഉപയോഗപ്പെടുത്തി പൂർണ്ണമായും സൗജന്യമായി 3 കോടി സി.എഫ്.എൽ.-കളും 1.14 കോടി ബൾബുകളും മാറ്റി സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) കെ.എസ്.ഇ.ബി.-യുടെ ഡെൽപ്പ് എന്ന പദ്ധതിയിലൂടെ 31-3-2016 വരെ 25.6 ലക്ഷം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു വഴി ഏകദേശം 90 മെഗാവാട്ടിന്റെ കുറവ് വന്നതായി കണക്കാക്കിയിട്ടുണ്ട്. കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും ഊർജ്ജകാര്യക്ഷമത കൂടിയ 45 വാട്സിന്റെ 6500 തെരുവുവിളക്കുകൾ സ്ഥാപിച്ച വഴി പ്രതിവർഷം 1566000 യൂണിറ്റ് വൈദ്യുതി ലാഭിച്ചിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കുള്ളിലെ വെള്ളയമ്പലം മുതൽ വഴുതയ്ക്കാട് വരെ എൽ.ഇ.ഡി. അധിഷ്ഠിത തെരുവുവിളക്കുകൾ സ്ഥാപിച്ചത് വഴി പ്രതിവർഷം 45000 യൂണിറ്റ് വൈദ്യുതി ലാഭിച്ചിട്ടുണ്ട്. വിവിധ മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലുമായി 500 ഓളം എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിച്ചത് വഴി 1,20,000 യൂണിറ്റ് വൈദ്യുതി ലാഭിച്ചിട്ടുണ്ട്.

**ആചാരസ്ഥാനികരുടെ പ്രതിമാസ സഹായം വർദ്ധിപ്പിക്കാൻ നടപടി**

103 (6713) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആചാര സ്ഥാനികർക്കും തെയ്യം കലാകാരന്മാർക്കും ദേവ നർത്തകർക്കും ഉൾപ്പെടെ നൽകുന്ന പ്രതിമാസ സഹായം വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഈ മേഖലയിൽ ജീവിതം സമർപ്പിച്ചവർക്ക് പ്രസ്തുത സഹായം സ്ഥിരമായി ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആചാരസ്ഥാനികർ, കോലധാരികൾ എന്നിവർക്ക് സ്ഥിരമായി ദേവസ്വം ബോർഡിൽ നിന്ന് പ്രതിമാസം യഥാക്രമം 800 രൂപ, 700 രൂപ നൽകി വരുന്നു. തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

## ശബരിമല മാലിന്യ നിർമ്മാർജ്ജനം

104 (6714) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട്, വരുന്ന സീസണിലേക്ക് ശുചീകരണ പ്രവൃത്തികൾക്കും മാലിന്യനിർമ്മാർജനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ശബരിമല സാനിട്ടേഷൻ സൊസൈറ്റി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡ്, വിവിധ വകുപ്പുകൾ എന്നിവയുടെ യോജിച്ച പ്രവർത്തനത്തിലൂടെ ജൈവമാലിന്യ നിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സന്നിധാനത്ത് 5 എം.എൽ.ഡി. ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഈ തീർത്ഥാടന കാലത്ത് പൂർണ്ണമായും പ്രവർത്തനക്ഷമമാകും. പമ്പയിൽ തുണികൾ ഉപേക്ഷിക്കുന്നതും, പ്ലാസ്റ്റിക് ഉപയോഗിക്കുന്നതും ബോധവത്കരണത്തിലൂടെ തടയുവാൻ തീരുമാനിച്ചിട്ടുണ്ട്.

## ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

105 (6715) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം നിയമനങ്ങൾക്കായുള്ള ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ രൂപീകരണം നിലവിൽ ഏത് ഘട്ടത്തിലാണ്; നിയമന നടപടികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കും; വിശദീകരിക്കാമോ ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തസ്തിക മാറ്റം നൽകി പുതിയ നിയമനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) നിലവിലുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഭേദഗതി ചെയ്യുന്ന ബിൽ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വർഷാവർഷം ഉണ്ടാകുന്ന ഒഴിവുകളുടെ നിശ്ചിതശതമാനം കണക്കാക്കി താഴ്ന്ന തസ്തികയിൽനിന്നും ഉയർന്ന തസ്തികയിലേക്ക് പ്രൊമോഷൻ നൽകി വരുന്നുണ്ട്.

**ദേവസ്വം വക സ്വത്തുക്കൾ**

106 (6716) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേവസ്വം വക സ്വത്തുക്കൾ എത്രമാത്രം മറ്റുള്ളവർ കയ്യേറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) അന്യാധീനപ്പെട്ട ഭൂമികൾ തിരികെ പിടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 1123 ക്ഷേത്രങ്ങളിലായി 24693 ഏക്കർ ഭൂമി അന്യാധീനപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള 12.2195 ഹെക്ടർ ഭൂമിയിൽ കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിൽ ചാവക്കാട് താലൂക്കിൽ 13 ഏക്കർ 93 സെന്റ് ഭൂമിയിൽ ഒരു ഏക്കറോളം സ്ഥലം അന്യാധീനപ്പെട്ടിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വസ്തുക്കളിൽ 400 ഏക്കറോളം ഭൂമി അന്യാധീനപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിൽ 35 സെന്റ് കയ്യേറിയതായി അറിവുള്ളതാണ്. ഭൂമി മുഴുവൻ അളന്നുതിട്ടപ്പെടുത്താത്തതിനാൽ യഥാർത്ഥ കയ്യേറ്റം കൃത്യമായി കണക്കാക്കിയിട്ടില്ല.

(ബി) അന്യാധീനപ്പെട്ട ഭൂമികൾ തിരികെ പിടിക്കുന്നതിന് ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേവസ്വം ഭൂമി കയ്യേറ്റം**

107 (6717) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേവസ്വം വക ഭൂമി എല്ലാ ജില്ലകളിലും കടന്നുകയറ്റവും കയ്യേറ്റവും കൊണ്ട് അന്യാധീനപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം ഭൂമി കയ്യേറ്റം സംബന്ധിച്ച് നിലവിൽ വിവിധ കോടതികളിലായി എത്ര കേസ്സുകളുണ്ട്; അവയുടെ നിലവിലെ സ്ഥിതി ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കയ്യേറ്റ ഭൂമി പിടിച്ചെടുക്കുവാൻ മദ്രാസ് ഹിന്ദു മത ധർമ്മ സ്ഥാപന നിയമം സമഗ്രമായി ഭേദഗതി ചെയ്യേണ്ട ആവശ്യകത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മലബാർ ദേവസ്വം

| ഡിവിഷൻ | സർവ്വെ നടത്തിയ ക്ഷേത്രങ്ങൾ | കയ്യേറ്റം ഭൂമി (ഏക്കറിൽ) |
|---|---|---|
| കാസർഗോഡ് | 174 | 68.46 |
| തലശ്ശേരി | 135 | 2122.69 |
| കോഴിക്കോട് | 210 | 22393.12 |
| മലപ്പുറം | 320 | 9560 |
| പാലക്കാട് | 284 | 13.35 |
| ആകെ | 1123 | 24693.22 |

കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിലുള്ള തൃശ്ശൂർ, എറണാകുളം, പാലക്കാട് ജില്ലകളിലെ ദേവസ്വം ഭൂമികളിലെ കയ്യേറ്റം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| കയ്യേറ്റമുള്ളത് | - | 12.2195 ഹെക്ടർ |
| ഏറ്റെടുത്തത് | - | 3.3474 ഹെക്ടർ |

കൂടൽമാണിക്യം ദേവസ്വത്തിൽ തൃശ്ശൂർ ജില്ലയിൽ 35 സെന്റ് ഭൂമി അന്യാധീന പെട്ടിട്ടുള്ളത് തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽ 13 ഏക്കർ 93 സെന്റ് ഭൂമിയിൽ ഏകദേശം 1 ഏക്കറോളം സ്ഥലം അന്യാധീനപ്പെട്ട് കിടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വസ്തുക്കളിൽ ഏകദേശം 400 ഏക്കറോളം ഭൂമി അന്യാധീനപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവരം അനുബന്ധം 1- ൽ ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച് കോടതികളിൽ നിലനിൽക്കുന്ന വ്യവഹാരങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ 48 കേസുകളുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഭൂമി കയ്യേറ്റം സംബന്ധിച്ച് ദേവസ്വം തിരിച്ചുള്ള ലഭ്യമായ വിവരം അനുബന്ധം 2 A ആയി ചേർക്കുന്നു.* ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിൽ നിലവിൽ കോടതി കേസുകളില്ല.

(സി) ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മലബാർ ദേവസ്വം ബോർഡ്**

108 (6718) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകി വരുന്ന ധനസഹായം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ;

(സി) ഇത്തരം ധനസഹായത്തിനായി പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ കാലതാമസംകൂടാതെ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലബാറിലെ ആചാരസ്ഥാനികർക്ക് പ്രതിമാസ ധനസഹായ പദ്ധതി പ്രകാരം നിലവിൽ 800 രൂപ നിരക്കിലും കോലധാരികൾക്ക് 700 രൂപ നിരക്കിലും ധനസഹായം നൽകി വരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) 1666 അപേക്ഷകൾ കൂടി ലഭിച്ചിട്ടുണ്ട്. (ആചാരസ്ഥാനികർ - 1524, കോലധാരികൾ - 142). ആയതിന്മേൽ അന്തിമതീരുമാനമെടുത്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ദേവസ്വം ബോർഡ് പ്രാതിനിധ്യം**

109 (6719) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ സാമുദായിക ലിസ്റ്റിൽ എട്ടാം പട്ടികയിൽ ഉൾപ്പെടുന്ന 82-ഓളം വരുന്ന ചെറിയ സമൂഹങ്ങൾക്ക് ദേവസ്വം ബോർഡിൽ പ്രാതിനിധ്യമില്ലെന്ന പരാതി പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**പള്ളുരുത്തി അഴകിയകാവ് ക്ഷേത്ര പുനരുദ്ധാരണം**

110 (6720) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി ദേവസ്വം ബോർഡിനു കീഴിലുള്ള പള്ളുരുത്തി അഴകിയകാവ് ക്ഷേത്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ; ആയതിന് അനുവദിച്ചിട്ടുള്ള തുക എത്ര ;

(ബി) ഏതെല്ലാം പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉയർന്നിട്ടുണ്ടോ?

ഉത്തരം

(എ) കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള പള്ളുരുത്തി അഴകിയകാവ് ക്ഷേത്രത്തിലെ ബലിക്കൽപുര ചുറ്റമ്പലം എന്നിവയുടെ നവീകരണപ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ടി ആവശ്യത്തിന് കൊച്ചിൻ ദേവസ്വം ബോർഡ് 22,00,000 രൂപ/യുടെ (ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റ് അനുവദിച്ചിട്ടുള്ളതാണ്.

(ബി) ചുറ്റമ്പലത്തിന്റെ വടക്ക്-തെക്ക്-പടിഞ്ഞാറ് ഭാഗങ്ങളിലെ പണികൾ പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല.

**വർക്കല താലൂക്ക് കേന്ദ്രീകരിച്ച് സഹകരണ വകുപ്പ് ഓഫീസുകൾ**

111 (6721) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല താലൂക്ക് കേന്ദ്രീകരിച്ച് സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) വർക്കല താലൂക്ക് കേന്ദ്രീകരിച്ച് സഹകരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നടപടി സ്വീകരിക്കുന്നതാണ്.

## വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ

112 (6722) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ത്രിവേണി സ്റ്റോർ പുനരുജ്ജീവിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സഞ്ചരിക്കുന്ന ത്രിവേണികളുടെ വിൽപ്പന ലാഭകരമല്ലാത്തതിനാലും, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ടെസ്റ്റ് വർക്ക് എന്നിവയ്ക്കായി ഭീമമായ തുക ചെലവ് വരുന്നതിനാലും ഡ്രൈവർമാരുടെ ലഭ്യത കുറവ് വരുന്നതിനാലും സഞ്ചരിക്കുന്ന ത്രിവേണികളുടെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്.

(ബി) സഞ്ചരിക്കുന്ന ത്രിവേണികളുടെ സേവനം പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ കൃത്യമായി എത്തിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്ത് വരുന്നു. പ്രസ്തുത ത്രിവേണി സ്റ്റോർ പുനരുജ്ജീവിപ്പിക്കാൻ കഴിയുമോ എന്ന വിവരം പരിശോധിച്ചുവരുന്നു.

## സി-ഡാക്ക് എംപ്ലോയീസ് സഹകരണ സംഘം

113 (6723) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡാക്ക് എംപ്ലോയീസ് സഹകരണ സംഘം നമ്പർ T. 1004-ൽ 65-ാം വകുപ്പ് അനുസരിച്ച് നടന്ന എൻക്വയറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) എടുത്ത നടപടികളുടെ വിശദ വിവരം നൽകുമോ ?

ഉത്തരം

(എ) സി-ഡാക്ക് എംപ്ലോയീസ് സഹകരണസംഘം (ക്ലിപ്തം) നമ്പർ റ്റി. 1004-ൽ 65-ാം വകുപ്പ് പ്രകാരമുള്ള എൻക്വയറി നടത്തിയിട്ടില്ല. എന്നാൽ ടി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(ബി) വകുപ്പ് 66 പ്രകാരമുള്ള 6-4-2016-ലെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സംഘത്തിനുണ്ടായ നഷ്ടം ഉത്തരവാദികളുടെ മേൽ ചുമത്തി നിർണ്ണയിക്കുന്നതിനായി 17-10-2016-ൽ രണ്ട് മാസത്തെ സമയപരിധി നിശ്ചയിച്ച് വകുപ്പ് 68(1) പ്രകാരം ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

## കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം

114 (6724) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുമ്പോൾ നിലവിലുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ സംവിധാനം ഏത് രീതിയിൽ സംയോജിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബാങ്ക് രൂപീകരിക്കുമ്പോൾ പ്രാഥമിക സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തി കോർബാങ്കിംഗ് സമ്പ്രദായം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് പ്രൈമറി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സംഘങ്ങളുടെ ഒരു അപ്പെക്സ് ബാങ്കായി കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## സഹകരണ മേഖലയുടെ ഡ്രാഫ്റ്റ് ഐ.ടി. പോളിസി

115 (6725) ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയുടെ ഡ്രാഫ്റ്റ് ഐ.ടി. പോളിസി തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സഹകരണ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് പോളിസിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഡ്രാഫ്റ്റ് ഐ.ടി. പോളിസി എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണമേഖലയുടെ ഡ്രാഫ്റ്റ് ഐ.ടി. പോളിസി തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ട്. സഹകരണ വായ്പാ മേഖലയിൽ ത്രിതല സംവിധാനത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുടെ ആധുനികവത്കരണം ഒരു കോമൺ പ്ലാറ്റ്ഫോമിൽ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചെയർമാനായും സഹകരണസംഘം രജിസ്ട്രാർ കൺവീനറായും ഒരു സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി അംഗങ്ങളിൽനിന്നും രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയെ സഹകരണ മേഖലയ്ക്ക് അനുയോജ്യമായ ഡ്രാഫ്റ്റ് ഐ.ടി. പോളിസി തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ കമ്മിറ്റി ഡ്രാഫ്റ്റ് ഐ.ടി. പോളിസി തയ്യാറാക്കി പരിശോധനയ്ക്കായി SeMT (State e-Governance Mission Team)-യ്ക്ക് നൽകിയിട്ടുണ്ട്.

(ബി) സോഫ്റ്റ്വെയർ സെലക്ഷൻ, ഹാർഡ് വെയർ സെലക്ഷൻ, എലിജിബിലിറ്റി ക്രൈറ്റീരിയ ഫോർ സി.ബി.എസ്. വെണ്ടേഴ്സ് തുടങ്ങി കോർബാങ്കിംഗ് നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളാണ് ഡ്രാഫ്റ്റ് ഐ.ടി. പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഡ്രാഫ്റ്റ് ഐ.ടി. പോളിസി സൂക്ഷ്മപരിശോധനയ്ക്കായി കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കീഴിലുള്ള SeMT (State e-Governance Mission Team)-യ്ക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. അത് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് അംഗീകാരം നൽകുന്നതാണ്.

## സഹകരണമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം

116 (6726) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. കെ. ആശ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ജാതിമത സാമുദായിക പ്രസ്ഥാനങ്ങൾ കയ്യടക്കി വച്ചിരിക്കുന്നതായി ആക്ഷേപമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒരു ബദലായി ജാതിമത സങ്കല്പങ്ങൾക്ക് അതീതമായി ചിന്തിക്കുന്ന ഒരു വിദ്യാർത്ഥി സമൂഹത്തെ വളർത്തിയെടുക്കുന്നതിൽ സഹകരണ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സഹകരണ പ്രസ്ഥാനങ്ങളിലെ അധിക നിക്ഷേപം മൂലധനമാക്കി, സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് തയ്യാറാകുമോ?

### ഉത്തരം

(എ) സഹകരണമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ പരിമിതമായ സീറ്റുകളാണുള്ളത്. ഉന്നതവിദ്യാഭ്യാസത്തിനായി സ്വാശ്രയ കോളേജുകളെ സമീപിക്കുന്ന വിദ്യാർത്ഥികൾക്ക് ഉയർന്ന ഫീസ് നൽകി പഠിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന 68 ആർട്സ് ആന്റ് സയൻസ് കോളേജുകൾ വഴി സർക്കാർ ഫീസ് നിരക്കിൽ വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ സാധിക്കുന്നു. സ്കൂൾ കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്ക് നോട്ട് ബുക്ക്, മറ്റ് പഠന ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്ന സ്കൂൾ സൊസൈറ്റികൾ നിലവിലുണ്ട്. ഈ സംഘങ്ങൾ ഉയർത്തിക്കൊണ്ട് വരുന്നതിനായി ഫണ്ട് അനുവദിക്കുന്നതാണ്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി കേരള അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ കീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നു. സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനത്തിനായി ഒരു ഫിനിഷിംഗ് സ്കൂളും കേപ്പിന്റെ നിയന്ത്രണത്തിലുണ്ട്.

കോഴിക്കോട് ജില്ലയിൽ എം. ദാസൻ എഞ്ചിനീയറിംഗ് കോളേജ് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നു. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം നെയ്യാർഡാമിന് സമീപം 'കിക്മ' എന്ന സ്ഥാപനം എം.ബി.എ. കോഴ്സ് നടത്തുന്നതിനായി 2009 മുതൽ പ്രവർത്തിച്ചുവരുന്നു. ആശുപത്രി സഹകരണ സംഘങ്ങളുടെ കീഴിൽ നഴ്സിംഗ് കോളേജുകൾ സഹകരണമേഖലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി പരിശീലനം നൽകുന്നതിനായി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ നിയന്ത്രണത്തിൽ ജെ.ഡി.സി. (ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ), എച്ച്.ഡി.സി. (ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ) എന്നീ പരിശീലന കോഴ്സുകൾ നടത്തി വരുന്നു. കൂടാതെ സഹകരണ വകുപ്പിലെയും സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനായി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരത്തെ മൺവിളയിൽ അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്ന സ്ഥാപനം എച്ച്.ഡി.സി.എം. എന്ന കോഴ്സ് നടത്തുന്നുണ്ട്.

(ബി) ജാതിമത സങ്കല്പങ്ങൾക്ക് അതീതമായി ചിന്തിക്കുന്ന ഒരു വിദ്യാർത്ഥി സമൂഹത്തെ വളർത്തിയെടുക്കുന്നതിൽ സഹകരണ പ്രസ്ഥാനത്തിന് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. ഇത്തരം സങ്കല്പങ്ങൾക്ക് അതീതമായിട്ടാണ് സഹകരണ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. നിയമനങ്ങൾ, വിദ്യാർത്ഥി പ്രവേശനം തുടങ്ങി എല്ലാക്കാര്യങ്ങളിലും ഇത്തരം പ്രവണതകൾക്ക് അതീതമായി വിദ്യാർത്ഥി സമൂഹത്തെ തുല്യമായിക്കാണുന്ന നിലപാടാണ് സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൈക്കൊള്ളുന്നത്.

(സി) നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് നൂതന പദ്ധതികൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ക്ഷേമപെൻഷൻ വിതരണം ചെയ്ത ജീവനക്കാർക്കുണ്ടായ ബുദ്ധിമുട്ടുകൾ

117 (6727) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകൾ വഴി ക്ഷേമ പെൻഷൻ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് സംഘം ജീവനക്കാർക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്ഷേമപെൻഷന് അർഹരായവരുടെ ലിസ്റ്റ് നിലവിലുള്ള പഞ്ചായത്ത് വാർഡിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പെൻഷൻ വിതരണം ചെയ്ത ജീവനക്കാർക്കുള്ള ഇൻസെന്റീവ് പൂർണ്ണമായും കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെൻഷൻ വിതരണം ചെയ്യേണ്ട ആൾക്കാരുടെ ലിസ്റ്റ് പൂർണ്ണമായും വാർഡ് അടിസ്ഥാനത്തിൽ അല്ലാത്തത് സംഘം ജീവനക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ സംഘങ്ങളിലെ കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നിവയുടെ അപര്യാപ്തത, ജീവനക്കാരുടെ സാങ്കേതിക പരിജ്ഞാന കുറവ്, പരിശീലന കുറവ്, സംഘങ്ങളിലെ ഓണചന്തയിലെ തിരക്കുകൾ മൂലം ജീവനക്കാരുടെ കുറവ്, കളക്ഷൻ ഏജന്റുമാരുടെ എണ്ണത്തിലുള്ള കുറവ് എന്നിവയും ക്ഷേമപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളിൽപ്പെടുന്നു.

(ബി) ഇക്കാര്യത്തിൽ പഞ്ചായത്ത് വകുപ്പാണ് നടപടി സ്വീകരിക്കേണ്ട തെന്നതിനാൽ പഞ്ചായത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

**സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്ത ക്ഷേമ പെൻഷനുകൾ**

118 (6728) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്ത ക്ഷേമ പെൻഷനുകൾ യഥാസമയം ഗുണഭോക്താക്കളുടെ വീട്ടിലെത്തിക്കുന്നതിൽ ഏതെങ്കിലും സഹകരണ ബാങ്ക് വീഴ്ചവരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെ ബാങ്കുകളാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സഹകരണ ബാങ്കുകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**സഹകരണ യൂണിയനിൽ അംഗത്വം**

119 (6729) ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. ആർ. രാജേഷ് :

ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-2016 കാലയളവിൽ സംസ്ഥാനത്ത് രൂപീകരിച്ച വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് സഹകരണ യൂണിയനിൽ അംഗത്വം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ അഫിലിയേഷൻ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ രൂപീകരിച്ച സഹകരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാണോ; എങ്കിൽ ആയത് നൽകുമോ ?

ഉത്തരം

(എ) 2011-2016 കാലയളവിൽ ആകെ 1946 സഹകരണ സംഘങ്ങൾക്ക് സഹകരണ യൂണിയനിൽ അംഗത്വം നൽകിയിട്ടുണ്ട്.

(ബി) 1946 സംഘങ്ങളിൽ 888 സംഘങ്ങൾക്ക് അഫിലിയേഷൻ നൽകിയിട്ടുണ്ട്.

(സി) ലഭ്യമാണ്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**സഹകരണ ബാങ്കുകളിൽ കോർബാങ്കിംഗ് സംവിധാനം**

120 (6730) ശ്രീ. കെ.സി.ജോസഫ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം സഹകരണ ബാങ്കുകളിലാണ് കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കോർബാങ്കിംഗ് സംവിധാനം എന്നുമുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലുമാണ് കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത്.

(ബി) സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും 100 ലക്ഷം രൂപ വീതവും പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾക്ക് 10 ലക്ഷം രൂപ വീതവും സർക്കാർ ധനസഹായം നൽകുന്നുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും 511 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും കോർബാങ്കിംഗ് സംവിധാനം നിലവിലുണ്ട്. 31-3-2017-ഓടെ ബാക്കിയുള്ള എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും കോർബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## നെൽകർഷകർക്ക് സഹകരണ ബാങ്കുകളിൽ നിന്ന് പലിശരഹിത വായ്പ

121 (6731) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ നെൽ കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ വിതരണം ചെയ്യുന്ന വായ്പകൾ നെൽക്കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) നെൽക്കൃഷിക്കായി വായ്പയെടുക്കുന്ന തുക മറ്റ് പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചുവെന്ന് കണ്ടെത്തിയാൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ഇവിടെ നിന്നും നെൽക്കൃഷിക്ക് വായ്പ നൽകുന്നതിനുള്ള പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നബാർഡ് പുനർവായ്പാ പദ്ധതി പ്രകാരം സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളുടെ ധനസഹായത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽക്കർഷകർക്ക് പലിശരഹിത വായ്പ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്.

(ബി) കർഷകന്റെ കൈവശമുള്ള സ്ഥലത്ത് നെൽകൃഷിയാണ് ചെയ്യുന്നതെന്നും നെൽകൃഷിക്ക് പലിശരഹിത വായ്പ അനുവദിക്കാവുന്നതാണെന്നുമുള്ള കൃഷി ഓഫീസറുടെ ശിപാർശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് പലിശരഹിത വായ്പ അനുവദിക്കുന്നത്. വായ്പ ദുരുപയോഗം ചെയ്യുന്നുണ്ടോയെന്ന് അതാത് സംഘങ്ങൾ/ബാങ്കുകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നു. സംഘം തലത്തിൽ കൃഷി ഓഫീസർ, സംഘം/ബാങ്ക് ഭരണസമിതി അംഗങ്ങൾ, സഹകരണസംഘം യൂണിറ്റ് ഇൻസ്പെക്ടർ എന്നിവരടങ്ങിയ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതി മോണിറ്റർ ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വായ്പാ തുക നെൽകൃഷിക്കുപയോഗിക്കാതെ വകമാറ്റി ഉപയോഗിക്കുകയോ മറ്റ് വിളകളുടെ കൃഷിക്കായി എടുക്കുകയോ ചെയ്തതായി ബോദ്ധ്യപ്പെട്ടാൽ ദുരുപയോഗം ചെയ്യുന്ന വായ്പക്കാരിൽനിന്നും കാലാവധി കണക്കാക്കാതെ വായ്പ തിരിച്ച് പിടിക്കുന്നതിനും വായ്പയുടെ പലിശ വായ്പക്കാരിൽനിന്നും ഈടാക്കുന്നതിനും സംഘങ്ങൾ നടപടി സ്വീകരിക്കുന്നു.

(ഡി) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്**

122 (6732) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല സഹകരണ സ്ഥാപനങ്ങളിലെയും ഓഡിറ്റ് കാര്യക്ഷമമല്ലാത്തതുമൂലം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളുമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2016 ഏപ്രിൽ മാസത്തിൽ 18290 സംഘങ്ങളുടെ 20680 ഓഡിറ്റ് നടത്തേണ്ടതുണ്ടായിരുന്നു. 2016 സെപ്റ്റംബർ മാസം വരെ 13797 ഓഡിറ്റ് പൂർത്തീകരിച്ചിരുന്നു. ഇത് 66.93% ആണ്. 3 ജില്ലകൾ 100% ഓഡിറ്റ് പൂർത്തീകരിക്കുകയും മറ്റ് ജില്ലകളിലെ ബാക്കിനിൽക്കുന്ന ഓഡിറ്റ് 12/2016-ൽ പൂർത്തീകരിക്കുന്നതുമാണ്. മുൻ വർഷം 17899 സംഘങ്ങളുടെ 19732 ഓഡിറ്റിൽ 31-3-2016-ൽ 17360 ഓഡിറ്റ് പൂർത്തിയാക്കിയിരുന്നു. ആയത് 90.19 ശതമാനമാണ്. ഓഡിറ്റ് വിഭാഗത്തിൽ 214 ഓഡിറ്റർമാരുടെ ഒഴിവുകൾ നികത്താനുണ്ടെങ്കിലും ലഭ്യമായ ഓഡിറ്റർമാരെക്കൊണ്ട് 31-12-2016-നകം മുഴുവൻ ഓഡിറ്റും 100% പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഘങ്ങളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന വീഴ്ചകൾ യഥാസമയം ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുന്നതിനാൽ അവ പരിഹരിക്കുന്നതിന് സംഘങ്ങൾ നടപടി സ്വീകരിക്കുകയും ആയത് ഭരണവിഭാഗം വിലയിരുത്തുന്നതുമാണ്. കൂടാതെ മുൻവർഷത്തെ ഓഡിറ്റിൽ പരാമർശിച്ച ന്യൂനതകളെ സംബന്ധിച്ച തുടർനടപടി തൻവർഷത്തെ ഓഡിറ്റിലും ഓഡിറ്റർമാർ വിലയിരുത്തുന്നതുമാണ്. സഹകരണസ്ഥാപനങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാണ്.

(ബി) സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് അതാത് വർഷം സെപ്റ്റംബർ മാസം തന്നെ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതിനാലാണ് ടി സമയപരിധിയിൽ മുഴുവൻ ഓഡിറ്റും പൂർത്തീകരിക്കാൻ കഴിയാത്തത്. നിലവിലുള്ള ഓഡിറ്റർമാരുടെ ഒഴിവുകൾ പൂർണ്ണമായും നികത്തിയാൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ "ആപ്കോസ്" സംഘങ്ങളുടെ ഓഡിറ്റിൽ 26.39% ഓഡിറ്റ് മാത്രമേ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളൂ. ടി വിഭാഗത്തിൽ ആകെ 101 തസ്തികകളുള്ളതിൽ 67 ഓഡിറ്റർമാരെ മാത്രമേ നിയമിച്ചിട്ടുള്ളൂ. ബാക്കി 34 ഓഡിറ്റർമാരുടെ തസ്തിക കഴിഞ്ഞ ഒരു വർഷമായി ഒഴിഞ്ഞുകിടക്കുകയാണ്. 31-3-2017-ന് മുമ്പ് ആപ്കോസ് ഓഡിറ്റ് സമകാലീനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിലേയ്ക്കായി 18 സമകാലീന ഓഡിറ്റർമാരുടെ തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. താലൂക്ക് തലത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ജോയിന്റ് ഡയറക്ടർമാരുടെയും നേതൃത്വത്തിൽ ഓരോ മാസവും പ്രവർത്തി അവലോകനം നടത്തിവരുന്നുണ്ട്. പൊതുനിർദ്ദേശങ്ങൾ നൽകുന്നതിനായി സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ഓഡിറ്റിന്റെ കാര്യക്ഷമതയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് എല്ലാ ത്രൈമാസങ്ങളിലും ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ യോഗങ്ങൾ ഓഡിറ്റ് ഡയറക്ടർ വിളിച്ച് ചേർക്കാറുണ്ട്.

**സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾ**

123 (6733) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും കൃഷിക്കും മറ്റു കാര്യങ്ങൾക്കുമായി ലോണുകൾ എടുത്ത ശേഷം രോഗബാധിതരായതുമൂലം (ക്യാൻസർ തുടങ്ങി മാരകരോഗങ്ങൾ ജീവന് ഹാനികരമായവ) ലോൺ അടയ്ക്കാൻ കഴിയാത്തവർക്ക് നിലവിൽ എന്തെല്ലാം സഹായങ്ങൾ ചെയ്തു വരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ കാലയളവിൽ എത്ര അപേക്ഷകൾ ഇക്കാരണങ്ങളാൽ ലഭിച്ചു; എത്ര പേർക്ക് സഹായങ്ങൾ നല്കിയെന്നും എത്ര അപേക്ഷകൾ തീർപ്പാക്കിയെന്നും ഇനി തീർപ്പാക്കാനുള്ളവ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്ര; എത്ര അപേക്ഷകർക്ക് സഹായം ലഭ്യമാക്കിയെന്നും എത്ര അപേക്ഷയിൽ തീർപ്പു കല്പിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുത്ത ശേഷം വായ്പക്കാരന് മാരകരോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000 രൂപ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്നു.

(ബി) ഈ സർക്കാർ കാലയളവിൽ 957 അപേക്ഷകൾ ലഭിച്ചു. അതിൽ 42 പേർക്ക് ധനസഹായം നൽകുകയും 53 അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തു. 904 അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ട്.

(സി) ഷൊർണ്ണൂർ മണ്ഡലത്തിൽ നിന്നും 12 അപേക്ഷകൾ ലഭിച്ചു. ഇതിൽ ഒരു അപേക്ഷകന് ധനസഹായം ലഭ്യമാക്കി. ഒരു അപേക്ഷയിൽ തീർപ്പ് കൽപ്പിച്ചു.

**സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതികൾ**

124 (6734) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാംതരത്തിലുള്ള സഹകരണ സംഘങ്ങൾക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; 2016-17 സാമ്പത്തിക വർഷം ഇതിനായി എത്ര തുക വകയിരുത്തിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നിലവിലുണ്ട്.

(ബി) 2016-17 വർഷത്തിൽ "മറ്റു സഹകരണസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ" ഉൾപ്പെടുത്തി തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന വിവിധതരം സഹകരണസ്ഥാപനങ്ങൾക്ക് വായ്പ, ഓഹരിമൂലധനം, സബ്സിഡി എന്നീ ഇനങ്ങളിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. 2016-17 വർഷത്തിൽ മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിക്കായി വായ്പാ തുക ഇനത്തിൽ 240 ലക്ഷം രൂപയും, ഓഹരി മൂലധനം ഇനത്തിൽ 360 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 600 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽനിന്നും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കേരള സംസ്ഥാന സഹകരണ വനിതാ ഫെഡറേഷനും ചെറുകിട വ്യവസായം ആരംഭിക്കുന്നതിനായി വനിതാ സഹകരണ സംഘങ്ങൾക്കും സഹായം അനുവദിക്കുന്നുണ്ട്. കൂടാതെ 2016-17 വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ വികസനത്തിനായി വകകൊള്ളിച്ചിട്ടുള്ള സബ്സിഡി 751.68 ലക്ഷം രൂപയും ഓഹരി മൂലധനം 176.32 ലക്ഷം രൂപയും ഉൾപ്പെടെ ആകെയുള്ള 928 ലക്ഷം രൂപയുടെ നിലവിലുള്ള പദ്ധതിയിൽ നിന്നും കെ.ജി.റ്റി.ഇ./മറ്റു സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള വിവിധ കോഴ്സുകളിലേയ്ക്ക് എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള യുവതലമുറയ്ക്ക് പരിശീലനങ്ങൾ നൽകുന്നതിനായുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.

**റിസ്ക് ഫണ്ടിന് പരിധി**

125 (6735) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ വായ്പകൾക്ക് നൽകുന്ന റിസ്ക് ഫണ്ടിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) റിസ്ക് ഫണ്ടുകൾ വായ്പയെടുത്തയാളിനോ/ ആശ്രിതർക്കോ ലഭിക്കുന്ന തിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ ;

(സി) ഇത് ലഭിക്കുന്നതിനുള്ള സമയക്രമം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പരിധി നിശ്ചയിച്ചിട്ടുണ്ട്. വായ്പയെടുത്ത അംഗം മരണപ്പെടുകയാണെങ്കിൽ ബാക്കി നിൽക്കുന്ന വായ്പാ മുതലിനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപയും അതിന്റെ പലിശയും വായ്പയെടുത്ത ശേഷം വായ്പാക്കാരന് മാരകരോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75000 രൂപയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്നു.

(ബി) ഒരു വായ്പാക്കാരൻ മരണമടഞ്ഞാൽ അനന്തരാവകാശി വായ്പാക്കാരന്റെ മരണസർട്ടിഫിക്കറ്റ് സഹിതം വായ്പാ വിതരണം ചെയ്തിട്ടുള്ള സഹകരണ സംഘത്തിന് അപേക്ഷ സമർപ്പിക്കണം. (മാരകരോഗം ബാധിച്ച വായ്പാക്കാരൻ ആയത് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം) അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ അപേക്ഷ പരിശോധിച്ച് അർഹതയുള്ളതാണെങ്കിൽ :

1. ശിപാർശ ചെയ്തുകൊണ്ടുള്ള സംഘം ഭരണ സമിതി തീരുമാനം
2. മരണമടഞ്ഞ/മാരകരോഗം പിടിപെട്ട വായ്പാക്കാരന് റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട് എന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സർട്ടിഫിക്കറ്റ്
3. വായ്പാക്കാരന്റെ വായ്പാ ഏറടവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. റിസ്ക് ഫണ്ടിലേയ്ക്ക് വായ്പാക്കാരന്റെ വിഹിതം അടച്ചതിനുള്ള സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്.
5. ജില്ലാ സഹകരണ ബാങ്കിൽ കോർപ്പസ് ഫണ്ട് വിഹിതം അംഗസംഘം നിക്ഷേപിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
6. മരണപ്പെട്ട/മാരകരോഗം പിടിപെട്ട വായ്പാക്കാരന്റെ വയസ്സ് തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ രേഖ.
7. മരണസർട്ടിഫിക്കറ്റ്/മാരകരോഗം ബാധിച്ചുവെന്ന സർട്ടിഫിക്കറ്റ് പകർപ്പ് എന്നിവ സഹിതം പിടിപെട്ട വായ്പാക്കാരന്റെ അപേക്ഷയും അനുബന്ധരേഖകളും സംഘം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശിപാർശ സഹിതം പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മാനേജിംഗ്

കമ്മിറ്റി അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. ധനസഹായം ബന്ധപ്പെട്ട സംഘത്തിന് നൽകുകയും വിവരം ബന്ധപ്പെട്ട അനന്തരാവകാശിയെ/മാരകരോഗം പിടിപെട്ട വായ്പക്കാരനെ അറിയിക്കുകയും ചെയ്യുന്നു. ധനസഹായം ലഭിച്ച് കഴിഞ്ഞാൽ സംഘം വായ്പാക്കണക്കിൽ അടവാക്കി വിനിയോഗ സർട്ടിഫിക്കറ്റ് ബോർഡിന് അയച്ച് കൊടുക്കുന്നു.

(സി) റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ സംഘത്തിന് ലഭിച്ച് കഴിഞ്ഞാൽ ഒരു മാസത്തിനകം സംഘം ഭരണസമിതി നടപടി സ്വീകരിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ന് സമർപ്പിക്കണം. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 15 ദിവസത്തിനകം നടപടി സ്വീകരിച്ച് ബോർഡ് സെക്രട്ടറിക്ക് അയച്ചുകൊടുക്കണം. ബോർഡ് തീരുമാനപ്രകാരം ആനുകൂല്യം അനുവദിച്ചാൽ 15 ദിവസത്തിനകം തുക വായ്പാക്കണക്കിൽ വരവ് വച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സംഘം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് അയച്ചുകൊടുക്കണം.

## സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധനപര്യാപ്തത

126 (6736) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീമതി പി. അയിഷാ പോറ്റി :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധനപര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ ധനസഹായ തുക അനുവദിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ധനസഹായ തുക ലഭിക്കുന്നതിന് തത്തുല്യമായ നിക്ഷേപം സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്ക് എത്ര കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ലാ സഹകരണ ബാങ്കുകളുടെ കണക്ക് അറിയാമോ ;

(ഡി) ഈ പദ്ധതി പ്രകാരം സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും എത്ര രൂപ അനുവദിക്കാൻ ബാക്കിയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധനപര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ ധനസഹായ തുക അനുവദിച്ചു. സംസ്ഥാന സഹകരണ ബാങ്കിന് 70 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകൾക്ക് 129.50 കോടി രൂപയും സർക്കാർ ധനസഹായ തുക അനുവദിച്ചു.

(ബി) സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്കോ, ജില്ലാ സഹകരണ ബാങ്കുകളോ ട്രഷറിയിൽ തുക നിക്ഷേപിച്ചിട്ടില്ല. പ്രാഥമിക സഹകരണ സംഘങ്ങൾ 211,06,80,339 രൂപ ഈ പദ്ധതി പ്രകാരം ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) ജില്ലാ സഹകരണ ബാങ്കുകൾക്ക് അനുവദിച്ച 129.50 കോടി രൂപ സർക്കാരിനുവേണ്ടി സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾക്ക് 2013-14 വർഷത്തിൽ നൽകിയിട്ടുണ്ട്. മേൽയിനത്തിൽ സംസ്ഥാന സഹകരണ ബാങ്കിന് 70 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്ത വകയിൽ 23.101 കോടി രൂപയും സർക്കാർ സംസ്ഥാന സഹകരണ ബാങ്കിന് അനുവദിക്കാൻ ബാക്കിയുണ്ട്.

**കേപ്പിനുകീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ നിയമനം**

127 (6737) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ ഏതെങ്കിലും തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ; വിശദാംശം നൽകാമോ;

(ബി) ഏതെല്ലാം തസ്തികകളിലേക്ക് എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം തസ്തികയിൽ നിയമനം നടന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ നിയമനം നടക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേപ്പിന്റെ കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ ഒരു തസ്തികയിലേയ്ക്കും അപേക്ഷ ക്ഷണിച്ചിട്ടില്ല. അവസാനമായി അപേക്ഷ ക്ഷണിച്ചത് 25-7-2015 തീയതിയിലെ ഇ. 3/777/2014/ കേപ്പ് നമ്പർ വിജ്ഞാപന പ്രകാരമാണ്. ഇൻസ്ട്രക്ടർ ഗ്രേഡ് 2, ട്രേഡ്സ്മാൻ, അസിസ്റ്റന്റ് ഗ്രേഡ് 2, ലൈബ്രേറിയൻ ഗ്രേഡ് 4 എന്നീ തസ്തികകളിലേയ്ക്കാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) ഇൻസ്ട്രക്ടർ ഗ്രേഡ് 2-536, ട്രേഡ്സ്മാൻ - 604, അസിസ്റ്റന്റ് ഗ്രേഡ് 2 -377, ലൈബ്രേറിയൻ ഗ്രേഡ് 4-372 എണ്ണം അപേക്ഷകളാണ് 25-7-2015 തീയതിയിലെ ഇ.3/777/2014/കേപ്പ് നമ്പർ വിജ്ഞാപനമനുസരിച്ച് കിട്ടിയിട്ടുള്ളത്.

(സി) അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് 11 (പതിനൊന്ന്) പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) കേപ്പിന്റെ 22-6-2016-ൽ ചേർന്ന 155-ാമത് ഭരണസമിതി യോഗം പ്രസ്തുത റാങ്ക് ലിസ്റ്റുകൾ പുനഃപരിശോധിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

**ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ**

128 (6738) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ 2015-ലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് അറിയാമോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര നിയമനങ്ങൾ നടന്നുവെന്നും ഈ സർക്കാർ വന്നതിനുശേഷം എത്ര പേരെ നിയമിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത ഒഴിവുകളിലേക്ക് അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 17-8-2015-ൽ ആണ് 2015-ലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്.

(ബി) ആകെ 284 പേരെ നിയമിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 36 പേരെ നിയമിച്ചു.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിന് മാറ്റിവച്ചിട്ടുള്ള 134 ഒഴിവുകൾ നിലവിലുണ്ട്.

(ഡി) 28-10-2016-ലെ സ.ഉ.(എംഎസ്.) 42/2016/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാങ്കോൺ-ആലപ്പറമ്പ് പഞ്ചായത്തിൽ കൺസ്യൂമർ ഫെഡിന് കെട്ടിടം

129 (6739) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കാങ്കോൺ - ആലപ്പറമ്പ് പഞ്ചായത്തിൽ മത്തിൽ എന്ന സ്ഥലത്ത് കൺസ്യൂമർ ഫെഡിന് ഓഫീസ് കെട്ടിടം, ഗോഡൗൺ എന്നിവ പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ അവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കാങ്കോൺ-ആലപ്പറമ്പ് പഞ്ചായത്തിൽ മാത്തിൽ എന്ന സ്ഥലത്ത് കൺസ്യൂമർഫെഡിന് ഓഫീസ് കെട്ടിടം ഗോഡൗൺ എന്നിവ പണിയുന്നതിനുള്ള നടപടികൾ ഒന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല. ഫെഡറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതി ഇതിന് അനുവദിക്കുന്നതല്ല.

(ബി) ബാധകമല്ല.

## സുവർണ്ണം സ്റ്റോർ

130 (6740) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ കാർഷിക ഉല്പാദനങ്ങളുടെ വിപണിക്കായി സുവർണ്ണ സ്റ്റോർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എവിടെയൊക്കെയാണ് ഇത്തരം സ്റ്റോറുകൾ ആരംഭിക്കുന്നത്, വിവരിക്കുമോ;

(സി) സ്റ്റോറുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഒരു താലൂക്കിൽ ഒന്ന് എന്ന ക്രമത്തിൽ കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് മുൻഗണന നൽകി ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങൾ ആണ് ആയതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത്.

**യോഗ്യതയുള്ള പാർട്ട്-ടൈം സ്വീപ്പർമാരുടെ പ്രൊമോഷൻ**

131 (6741) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ പാർട്ട്-ടൈം സ്വീപ്പർമാരായി എത്ര പേർ എത്ര വർഷമായി ജോലി ചെയ്യുന്നുവെന്നതിന്റെ ലിസ്റ്റ് സീനിയോരിറ്റി അനുസരിച്ച് ലഭ്യമാക്കുമോ ;

(ബി) ദീർഘകാലത്തെ പ്രവൃത്തിപരിചയം, പ്രൊമോഷൻ ലഭിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യത എന്നിവ ആർജ്ജിച്ച എത്രപേർ പ്രസ്തുത ബാങ്കിൽ സ്വീപ്പർമാരായി സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബാങ്കിൽ 10 മുതൽ 25 വർഷം വരെ സേവനമനുഷ്ഠിച്ച പാർട്ട്-ടൈം സ്വീപ്പർമാർക്ക് പ്രമോഷൻ ലഭിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രൊമോഷൻ ലഭിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യതകൾ ആർജ്ജിച്ചവരും ദീർഘകാലം പ്രവൃത്തി പരിചയമുള്ളവരുമായ പാർട്ട്-ടൈം സ്വീപ്പർമാർക്ക് പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ പാർട്ട് -ടൈം സ്വീപ്പർമാരായി ജോലി ചെയ്യുന്നവരുടെ സീനിയോറിറ്റി പ്രകാരമുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പാർട്ട്-ടൈം സ്വീപ്പർമാരായി ജോലി ചെയ്യുന്ന 43 പേരാണ് പ്രൊമോഷൻ ലഭിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളത്.

(സി&ഡി) ജില്ലാ സഹകരണ ബാങ്കുകളിൽ അംഗസംഘം ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള പ്യൂൺ/വാച്ച്മാൻ/ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയുടെ ഒഴിവിന്റെ 50 ശതമാനത്തിൽ 10 ശതമാനം ഒഴിവുകൾ ജില്ലാ സഹകരണ ബാങ്കിൽ ചട്ടപ്രകാരം നിയമിച്ചിട്ടുള്ളതും വിദ്യാഭ്യാസ യോഗ്യത ഉള്ളതുമായ പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം മുഖേന നിയമിക്കുന്നതിന് സഹകരണ സംഘം ചട്ടം 187 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലാ സഹകരണ ബാങ്കിലെ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് മേൽ ചട്ടവ്യവസ്ഥ പ്രകാരം സീനിയോരിറ്റി ക്രമത്തിൽ ഉദ്യോഗക്കയറ്റം നൽകിവരുന്നു. പാർട്ട്-ടൈം സ്വീപ്പർമാരുടെ പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവ് ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ നികത്തിയിട്ടുള്ളതുകൊണ്ട് നിലവിൽ പ്രൊമോഷൻ നൽകാൻ കഴിയില്ല.

## ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ

132 (6742) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിനായി സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിവരിക്കുമോ ;

(സി) ഏത് പദ്ധതി പ്രയോജനപ്പെടുത്തിയാണ് സെന്ററുകൾ ആരംഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇവ സ്ഥാപിക്കുന്നതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ 2012-2013, 2013-2014 സാമ്പത്തിക വർഷങ്ങളിലായി 60 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സ്റ്റേറ്റ് പ്ലാൻ പ്രകാരം പുതിയ ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല.

(ബി) ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനായി സെന്റർ ഒന്നിന് 25 ലക്ഷം രൂപ വീതവും, മികച്ച പ്രവർത്തനം നടത്തുന്ന സെന്ററുകൾക്ക് നൂതന കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി പദ്ധതി അടിസ്ഥാനത്തിൽ 25 ലക്ഷത്തിൽ അധികരിക്കാതെയുള്ള ധനസഹായവും റിവോൾവിംഗ് ഫണ്ട് ഇനത്തിൽ സെന്റർ ഒന്നിന് 5 ലക്ഷം രൂപ വീതവും തെരഞ്ഞെടുക്കപ്പെട്ട കർഷക സേവന കേന്ദ്രങ്ങളിൽ മണ്ണ് ഗവേഷണ ശാലകൾ സ്ഥാപിക്കുന്നതിന് പദ്ധതി അടിസ്ഥാനത്തിൽ സെന്റർ ഒന്നിന് 22 ലക്ഷം രൂപയിൽ അധികരിക്കാതെയുള്ള ധനസഹായവും നൽകുന്നു. നിലവിലുള്ള മികച്ച സെന്ററുകൾക്ക് അവാർഡ് നൽകുന്നതിനായി 2013-2014, 2014-2015, 2015-2016, 2016-2017 സാമ്പത്തിക വർഷങ്ങളിൽ 5 ലക്ഷം രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതിനായി 20 ലക്ഷം (2014-15-ൽ-10 ലക്ഷം, 2015-16-ൽ-5 ലക്ഷം, 2016-17-ൽ-5 ലക്ഷം) രൂപ തിരുവനന്തപുരം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന് വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന പ്ലാൻ പദ്ധതി.

(ഡി) സംസ്ഥാനത്തെ 60 ബ്ലോക്ക് പ്രദേശം പ്രവർത്തന പരിധിയാക്കി 60 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഓരോ ഫാർമേഴ്സ് സർവ്വീസ് സെന്റർ വീതം പ്രവർത്തിച്ചുവരുന്നുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൺസ്യൂമർ ഫെഡിന് വായ്പ നൽകിയ സഹകരണ ബാങ്കുകൾ**

133 (6743) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡ് അനിയന്ത്രിതമായി സ്റ്റോറുകൾ തുറക്കുകയും ജീവനക്കാരെ നിയമിക്കുകയും സാമ്പത്തിക അച്ചടക്കമില്ലാതെ പ്രവർത്തിക്കുകയും ചെയ്തതുമൂലം സ്ഥാപനം നഷ്ടത്തിലേക്ക് കൂപ്പുകുത്തിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 'നന്മ സ്റ്റോറുകൾ' പൂട്ടുന്നതിനിടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(സി) കൺസ്യൂമർ ഫെഡിന് വായ്പ നൽകിയ സഹകരണ ബാങ്കുകൾ പ്രതിസന്ധിയിലായത് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അർദ്ധസർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ, സഹകരണ സ്ഥാപനങ്ങളോ, സർക്കാർ സ്ഥാപനമോ, വാടക രഹിതമായി സ്ഥലം അനുവദിച്ച സ്ഥലങ്ങളിലാണ് നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ചത്. കരാർ കാലാവധി അവസാനിച്ച മുറയ്ക്ക് ഇവയിൽ പലതും ഒഴിഞ്ഞുകൊടുക്കുവാൻ കൺസ്യൂമർ ഫെഡറേഷൻ നിർബന്ധിതരായി. അതുമൂലം വിൽപ്പന കുറയുകയും എല്ലാ നന്മാസ്റ്റോറുകളും തുടർച്ചയായി നഷ്ടത്തിലേയ്ക്ക് നീങ്ങുകയുമുണ്ടായി. ജീവനക്കാരുടെ വേതനം, വൈദ്യുതി, ടെലിഫോൺ, യാത്രാപ്പടി എന്നീയിനങ്ങളിൽ വരുന്ന സംഖ്യ മുഴുവനായും കൺസ്യൂമർ ഫെഡറേഷന്റെ ബാദ്ധ്യതയായി മാറുകയും ചെയ്തു. ഈ സാഹചര്യങ്ങൾ വിലയിരുത്തിയാണ് നന്മ സ്റ്റോറുകൾ നിർത്തലാക്കാൻ ഫെഡറേഷൻ നിർബന്ധിതരായത്.

(സി) ഉണ്ട്. ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും സംസ്ഥാന സഹകരണ ബാങ്കിൽനിന്നുമാണ് ഫെഡറേഷൻ വായ്പയെടുത്തിട്ടുള്ളത്. ഫെഡറേഷന്റെ സാമ്പത്തിക പ്രതിസന്ധി നിമിത്തം ലോൺ തുക യഥാവിധി തിരിച്ചടയ്ക്കാൻ സാധിക്കാത്ത ലോൺ അക്കൗണ്ടുകൾ നോൺ പെർഫോമിങ്ങ് അസറ്റ് ആകുകയുണ്ടായി. പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചെത്തിപ്പുഴ കടവിലെ ടൂറിസം വികസന പദ്ധതി**

134 (6744) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ചെത്തിപ്പുഴ കടവിൽ ആരംഭിച്ച ടൂറിസം വികസന പദ്ധതിയുടെ നിർമ്മാണത്തിലുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.ടി.ഡി.സി.യുടെ സഞ്ചിതനഷ്ടം കുറയ്ക്കുവാൻ പദ്ധതികൾ

135 (6745) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വിനോദ സഞ്ചാര വികസന കോർപ്പറേഷന്റെ സഞ്ചിത നഷ്ടം കുറച്ചു കൊണ്ടുവരുന്നത് ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ ;

(ബി) കെ.ടി.ഡി.സി.-യുടെ കീഴിലെ ടാമറിന്റ് ഹോട്ടലുകളുടെ പ്രവർത്തനം പ്രത്യേകമായി നിരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ ഫലമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) കെ.ടി.ഡി.സി യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പായ്ക്കേജ് ടൂറുകൾ ഏതൊക്കെയാണ്; അവ വിപുലമാക്കാൻ ലക്ഷ്യമുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ സഞ്ചിത നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് വിവിധ പദ്ധതികൾ തയ്യാറാക്കി വരുന്നു. ചെലവുചുരുക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നു. ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി തൊഴിലാളികളെ പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കെ.ടി.ഡി.സി.-യുടെ മറ്റ് ഹോട്ടലുകളോടൊപ്പം കെ.ടി.ഡി.സി. ടാമറിന്റ് ഹോട്ടലുകൾക്ക് മാർക്കറ്റിൽ നല്ല ഡിമാന്റുണ്ട്. ഇവ തൃപ്തികരമായാണ് പ്രവർത്തിച്ചു വരുന്നത്. സ്ഥാപനത്തിന്റെ ലൊക്കേഷനനുസരിച്ച് വരുമാനത്തിലും ലാഭത്തിലും മാറ്റമുണ്ട്. ടാമറിന്റ് ഹോട്ടലിന്റെ ആദ്യത്തെ ആറുമാസത്തെ കണക്കുപ്രകാരം കൊല്ലം, തൃശ്ശൂർ, ചങ്ങനാശ്ശേരി, ഗുരുവായൂർ, മണ്ണാർക്കാട്, നിലമ്പൂർ എന്നിവ ലാഭത്തിൽ പ്രവർത്തിക്കുന്നു. നെയ്യാർഡാം, പീരുമേട്, കാലടി, ആലപ്പുഴ, കണ്ണൂർ, തിരുനെല്ലി, കൊണ്ടോട്ടി, പറശ്ശിനിക്കടവ് എന്നിവ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) കെ.ടി.ഡി.സി. നിലവിൽ പായ്ക്കേജ് ടൂറുകൾ നടപ്പിലാക്കിയിട്ടുണ്ട്. മൂന്നുതരം പാക്കേജുകൾ ആണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. കൊച്ചി, മൂന്നാർ, കുമരകം, കൊച്ചി എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുള്ള 4 രാത്രി / 5 ദിവസത്തെ ടൂർ, കൊച്ചി, മൂന്നാർ, തേക്കടി, കുമരകം, കൊച്ചി എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുള്ള 5 രാത്രി / 6 ദിവസത്തെ ടൂർ, തിരുവനന്തപുരം-കോവളം, കുമരകം, തേക്കടി, മൂന്നാർ,

കൊച്ചി എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള 7 രാത്രി/ 8 ദിവസത്തെ ടൂർ പാക്കേജുകളാണിവ. പ്രസ്തുത പാക്കേജുകളിൽ കെ.ടി.ഡി.സി. ഹോട്ടലുകളിലെ താമസം, രാവിലത്തെ ഭക്ഷണം, ഒരു ടൂറിസ്റ്റ് കേന്ദ്രത്തിൽനിന്നും മറ്റൊന്നിലേയ്ക്കുള്ള യാത്ര, അതാത് പ്രദേശത്തെ കാഴ്ചകൾ കാണുന്നതിനുള്ള യാത്ര, വിമാനത്താവളം/ റെയിൽവേ സ്റ്റേഷനിൽനിന്നും കെ.ടി.ഡി.സി. ഹോട്ടലിലേയ്ക്കും തിരിച്ചുമുള്ള യാത്ര എന്നിവ ഉൾപ്പെടുത്തിയാണ് മേൽ പറഞ്ഞ പാക്കേജുകൾ തയ്യാറാക്കിയിരിക്കുന്നത്. പാക്കേജ് തുക സഞ്ചാരികൾ തെരഞ്ഞെടുക്കുന്ന വാഹനത്തിനെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. പാക്കേജുകൾ സഞ്ചാരികളുടെ താൽപ്പര്യവും സൗകര്യവും അനുസരിച്ച് അവർക്ക് ആവശ്യമായ രീതിയിൽ മറ്റുസ്ഥലങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കി കൊടുക്കുന്നുണ്ട്. കെ.ടി.ഡി.സി. ഹോട്ടലുകൾ/റിസോർട്ടുകൾ ഉള്ള സ്ഥലങ്ങൾ ബന്ധിപ്പിച്ചാണ് പ്രസ്തുത പാക്കേജുകൾ തയ്യാറാക്കി നൽകുന്നത്. മാർക്കറ്റ് ഡിമാന്റനുസരിച്ച് ഈ പാക്കേജുകൾ വിപുലീകരിക്കാവുന്നതാണ്.

## ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ

136 (6746) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതിനുവേണ്ടി യു. എൻ. സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അറിയാമെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

കേരള സംസ്ഥാന പുരാവസ്തു വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പദ്മനാഭപുരം കൊട്ടാരവും (തക്കല, തമിഴ്നാട്) കേന്ദ്രപുരാവസ്തു വകുപ്പിന്റെ (എ.എസ്.ഐ.) കീഴിലുള്ള മട്ടാഞ്ചേരി കൊട്ടാരവും (എറണാകുളം) ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്ന പ്രക്രിയയുമായി ബന്ധപ്പെട്ട ടെന്റേറ്റീവ് ലിസ്റ്റിൽ സ്ഥാനം പിടിച്ചിട്ടുള്ളതായി അറിയുന്നു. അതുപോലെ പശ്ചിമഘട്ട നിരകളിൽപ്പെട്ടതും വനംവകുപ്പുമായി ബന്ധപ്പെട്ടതുമായ 24 പ്രദേശങ്ങളെ യുനെസ്കോയുടെ ലോക പ്രകൃതി പൈതൃക പട്ടികയിൽ (World Natural Heritage List) ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയുന്നു. എന്നാൽ വിനോദസഞ്ചാര വകുപ്പിനുകീഴിലുള്ള കേന്ദ്രങ്ങൾ ഒന്നുംതന്നെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**വിനോദസഞ്ചാരികൾക്ക് പ്രാഥമിക സൗകര്യങ്ങൾ**

137 (6747) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യത്തിന് പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടങ്ങളിൽ വിനോദസഞ്ചാരികളിൽനിന്നും പാർക്കിംഗ് ഫീസ്, എൻട്രി ഫീസ് എന്നിങ്ങനെ വിവിധയിനം ഫീസുകൾ പിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അനധികൃത ഫീസ് പിരിവ് നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഡി.റ്റി.പി.സി.-യുടെ ചുമതലകൾ എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ ആരെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില കേന്ദ്രങ്ങളിൽ ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അനധികൃത ഫീസ് പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ടൂറിസം വകുപ്പിന്റെ വിവിധ പ്രോജക്ടുകൾ നടപ്പിലാക്കാനും നിരീക്ഷിക്കാനുമുള്ള ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒരു നോഡൽ ഏജൻസിയാണ് ഡി.ടി.പി.സി. ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിയാണ് ഇതിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ. ഡി.ടി.പി.സി.-യുടെ ചെയർമാൻ ജില്ലാ കളക്ടറാണ്.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

138 (6748) ശ്രീ. എ. എം. ആരിഫ്:
ശ്രീ. എം. സ്വരാജ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ സൗകര്യത്തിനായി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി ലഭിച്ചുവെന്നും ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സന്ദർശനാനുഭവം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ പ്രധാനപ്പെട്ട പാതയോരങ്ങളിൽ അന്തർ ദേശീയ നിലവാരത്തിലുള്ള ടോയ്‌ലെറ്റുകൾ, കോഫീ ഷോപ്പ്, പാർക്കിംഗ് ഏരിയ, സുവനീർ ഷോപ്പുകൾ, ക്ലോക്ക് റൂമുകൾ മുതലായവ സ്ഥാപിക്കുക എന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ടേക്ക് എ ബ്രേക്കിന്റെ മൂന്ന് മാതൃകകളിലും സ്ത്രീകൾക്കും പുരുഷൻമാർക്കും ഭിന്നശേഷിയുള്ളവർക്കുമായി പ്രത്യേക ആധുനിക സൗകര്യങ്ങളുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളും കോഫീ ഷോപ്പുകളും വാഷിംഗ് റൂമുകളും ഇൻഫർമേഷൻ കിയോസ്കുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്.

(ഡി) 20 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 14 സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിച്ചു. പൂർത്തീകരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ശംഖുമുഖം - തിരുവനന്തപുരം ജില്ല.
2. കെ.എം.എം.എൽ. - ചവറ, കൊല്ലം ജില്ല.
3. ഏനാത്ത് - കൊല്ലം ജില്ല.
4. ചേർത്തല – ആലപ്പുഴ ജില്ല.
5. ഹരിപ്പാട് - ആലപ്പുഴ ജില്ല.
6. അതിരമ്പുഴ – കോട്ടയം ജില്ല.
7. മൂന്നാർ - ഇടുക്കി ജില്ല.

8. കോട്ടക്കുന്ന് - മലപ്പുറം ജില്ല.
9. കാലിക്കറ്റ് യൂണിവേഴ്സിറ്റി - മലപ്പുറം ജില്ല.
10. ബോട്ട് ജട്ടി - എറണാകുളം ജില്ല.
11. ചാലക്കുടി - തൃശ്ശൂർ ജില്ല.
12. കുറ്റനാട് - പാലക്കാട് ജില്ല.
13. ശ്രീകണ്ഠാപുരം - കണ്ണൂർ ജില്ല.
14. തലപ്പാടി - കാസർഗോഡ് ജില്ല.

## ടൂറിസം വികസനം

139 (6749) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-ൽ ഓഗസ്റ്റ് 30 വരെ സംസ്ഥാനത്ത് എത്തിയ വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ഇതുമൂലം സംസ്ഥാനത്തിന് എത്ര തുക വരുമാനമായി ലഭിച്ചു; വിദേശികൾ, സ്വദേശികൾ തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(ബി) 2016-ൽ ആഭ്യന്തര വിദേശ ടൂറിസ്റ്റുകൾ ഏറ്റവും കൂടുതൽ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രം ഏതാണെന്ന് വ്യക്തമാക്കാമോ; ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ചെയ്യുവാനുദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും ഇവിടങ്ങളിലേക്കു ടൂറിസ്റ്റുകളെ ആകർഷിക്കുവാനും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ചിറക്കുളം ടൂറിസ്റ്റ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഈ ടൂറിസ്റ്റ് കേന്ദ്രം പരിപോഷിപ്പിക്കുവാൻ ടൂറിസം വകുപ്പ് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2016 ജൂലൈ മാസംവരെയുള്ള പ്രൊവിഷണൽ കണക്കാണ് നിലവിൽ വകുപ്പിന് ലഭ്യമായിട്ടുള്ളത്. ഇതിൻപ്രകാരം 2016 ജനുവരി മുതൽ 2016 ജൂലൈ വരെ സംസ്ഥാനത്ത് എത്തിയ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം 594846-ഉം ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 7068503-ഉം ആണ്. ടൂറിസം വരുമാനം കണക്കാക്കുന്നത് വർഷാവസാനം ആയതിനാൽ നിലവിൽ 2016 വർഷത്തെ ടൂറിസം വരുമാനം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) 2016 ജൂലൈ മാസംവരെയുള്ള പ്രൊവിഷണൽ കണക്കുകൾ പ്രകാരം വിദേശ ടൂറിസ്റ്റുകൾ ഏറ്റവും കൂടുതൽ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രം വർക്കലയും ആഭ്യന്തര ടൂറിസ്റ്റുകൾ ഏറ്റവും കൂടുതൽ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രം ഗുരുവായൂരും അണ്. വിദേശ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സജീവമായ ഇടപെടലുകൾ വകുപ്പ് നടത്തിവരുന്നുണ്ട്. ഇതിനായി മുൻ വർഷങ്ങളിൽ നടത്തിയിരുന്ന പദ്ധതികൾ, സോഷ്യൽ മീഡിയകൾ ഉപയോഗപ്പെടുത്തിയുള്ള പ്രചരണ പരിപാടികൾ ഉൾപ്പെടെ തുടർന്നുവരുന്നു. കേരളത്തെ ഒരു ഹണിമൂൺ ഡെസ്റ്റിനേഷനാക്കി പരിചയപ്പെടുത്തുവാനുതകുന്ന സോഷ്യൽ മീഡിയ പ്രചരണ പരിപാടികൾ, മൊബൈൽ ആപ്പുകൾ വഴി കേരള ടൂറിസത്തിന്റെ വൈബ്സൈറ്റിന്റെ ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുന്നതിനായുള്ള പദ്ധതി, കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് സന്ദർശിക്കുന്ന സഞ്ചാരികൾക്ക് ഡെസ്റ്റിനേഷനുകളുടെ $360^0$ വീഡിയോ ലഭ്യമാക്കുന്നതിലേയ്ക്കായുള്ള പദ്ധതി, 'ഡിവൈൻ തിയേറ്റർ' എന്ന പേരിൽ ഓൺലൈൻ ഫിലിം നിർമ്മാതാക്കൾക്ക് കേരളത്തെ കുറിച്ച് ഫിലിം നിർമ്മിക്കുന്നതിനും മറ്റുമായുള്ള ഒരു പ്രചരണ പദ്ധതി, യു.എസ്.എ., ബ്രിട്ടൺ, ജർമ്മനി, ഫ്രാൻസ്, ഓസ്ട്രേലിയ, കാനഡ തുടങ്ങിയ രാജ്യങ്ങളിലുള്ളവർക്ക് മാത്രമായി 'വാർ ഓഫ് കപ്പിൾസ് ' എന്ന ഒരു സോഷ്യൽ മീഡിയ പ്രചരണ പരിപാടി എന്നീ പരിപാടികൾ പുതിയതായി ആവിഷ്കരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ നടപ്പാക്കിയ 'കേരള ബ്ലോഗ് എക്സ്പ്രസ് 'എന്ന പരിപാടിയുടെ വിജയം മുൻനിർത്തി ഈ പ്രചരണ പരിപാടി ഈ വർഷവും തുടരുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രാദേശിക തലത്തിൽ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും അവ വികസിപ്പിക്കുന്നതിനുമുള്ള പ്രാഥമിക പദ്ധതികൾ തയ്യാറാക്കുന്നത് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേനയാണ്. അത്തരം പ്രൊപ്പോസലുകളുടെ ടൂറിസം സാധ്യതകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുക എന്നതാണ് വകുപ്പ് ചെയ്തുവരുന്നത്.

(ഡി) പദ്ധതിയുടെ നിലവിലെ അവസ്ഥ വിലയിരുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ**

140 (6750) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കയാണ് ;

(ബി) 14 ജില്ലകളിലെ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റ് എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(സി) എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ ഏതെല്ലാം പദ്ധതികൾ ഉണ്ട്;

(ഡി) 2016-2017 വർഷത്തിൽ എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ തയ്യാറാക്കി നൽകിയിരിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കി ടൂറിസം വകുപ്പിന് സമർപ്പിക്കുകയും ഭരണാനുമതി ലഭിച്ച പദ്ധതികൾ നടപ്പിലാക്കുകയും ആയതിനെ പരിപാലിക്കുകയുമാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ചെയ്യുന്നത്.

(ബി) ഗ്രാന്റ് അനുവദിക്കാറില്ല.

(സി) എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

<u>പൂർത്തീകരിച്ചവ :</u>

1. ചെറായ് ബീച്ച്
2. മുനമ്പം ബിച്ച്
3. ഏഴാറ്റുമുഖം പ്രകൃതിഗ്രാമം പാർക്ക്
4. ആലുവ ആർബറീറ്റം
5. ഹരിതവനം പാർക്ക്
6. മൂവാറ്റുപുഴ റിവർ ഫണ്ട് സൗന്ദര്യവത്കരണം
7. ഡർബാർ ഹാൾ ഗ്രൗണ്ട്, എറണാകുളം.
8. മറൈൻ ഡ്രൈവ് പാർക്ക് വേ
9. ക്യൂൻസ് വാക്ക് വേ
10. വിസിറ്റർ ഫെസിലിറ്റേഷൻ സെന്റർ എറണാകുളം
11. ബോട്ട് ക്രൂയിസ് ടെർമിനൽ
12. കോതമംഗലം റെസ്റ്റോറന്റ്

13. കോട്ടയിൽ കോവിലകം റെസ്റ്റോറന്റ്

14. ഭൂതത്താൻകെട്ട്, കാടമ്പ്രയാർ

15. സസ്പെൻഷൻ ബ്രിഡ്ജ്, കാടമ്പ്രയാർ.

നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ

1. ഇന്ദ്രിൻചിറ ലീഷ്വർ പാർക്ക്, കോലഞ്ചേരി

2. കുരുമല ഡെസ്റ്റിനേഷൻ ഡവലപ്മെന്റ്, ഇലഞ്ഞി

3. ടേക് എ ബ്രേക്ക്, പിറവം & എറണാകുളം ബോട്ട് ജെട്ടി

4. മണപ്പാട്ടുചിറ പാർക്ക് മലയാറ്റൂർ ചിറ

5. സോളാർ ലൈറ്റിനിംഗ് മണപ്പാട്ടുചിറ

6. എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിന്റെ നവീകരണം

(ഡി) 2016-17 വർഷത്തിൽ എറണാകുളം ഡി.റ്റി.പി.സി. തയ്യാറാക്കി നൽകിയിരിക്കുന്ന പദ്ധതികൾ

1. ചെറായി ബീച്ചിനെ മുഖ്യകേന്ദ്രമാക്കി പുതുവൈപ്പിൻ - മുനമ്പം സർക്യൂട്ടിലെ 9 ബീച്ചുകളുടെ സമഗ്ര വികസനം സംബന്ധിച്ച വികസന പദ്ധതി.

2. ഗ്രീൻ കാർപ്പറ്റ് സംരംഭത്തിന്റെ ഭാഗമായി ചെറായി - മുനമ്പം, കഴപ്പിള്ളി, മണപ്പാട്ടുചിറ, ഭൂതത്താൻകെട്ട്, ഏഴാറ്റുമുഖം എന്നിവിടങ്ങളിലെ ടൂറിസം പദ്ധതികൾ

3. ഡി.എച്ച്.ഗ്രൗണ്ട് നടപ്പാതയും പരിസരവും നവീകരിച്ച് അതിനെ കൊച്ചിയിലെ ജനസൗഹൃദ സാംസ്കാരിക കേന്ദ്രമാക്കുന്നത് സംബന്ധിച്ച പദ്ധതി.

**ടൂറിസം കേന്ദ്രങ്ങളിൽ പുതിയ സീസണെ വരവേൽക്കാൻ നടപടികൾ**

141 (6751) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ പുതിയ സീസണെ വരവേൽക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിവരിക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിൽ പുതിയ സീസണെ വരവേൽക്കുന്നതിനും ടൂറിസം സെന്ററുകളുടെ സമഗ്ര വികസനത്തിനും പരിപാലനത്തിനുമായി 'ഗ്രീൻ കാർപ്പെറ്റ്' എന്ന പേരിൽ പുതിയ പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വം, മാലിന്യ നിയന്ത്രണം, കുടിവെള്ളം, നടപ്പാതകൾ, ടോയ്‌ലെറ്റ് സൗകര്യം, വഴിവിളക്കുകൾ, പാർക്കിംഗ്, ഭിന്നശേഷി സൗഹൃദ സംവിധാനം എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

(സി) ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ നടത്തിപ്പിനും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുമായി പ്രധാനമായും പത്തിന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ജില്ലാ ഭരണകൂടം, കുടുംബശ്രീ, ഡി.റ്റി.പി.സി., എൻ.എസ്.എസ്. ടെക്നിക്കൽ സെൽ, ടൂറിസം സംരംഭകർ, എൻ.ജി.ഒ.-കൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവരുടെ സഹകരണം ഇക്കാര്യത്തിൽ ഉറപ്പാക്കിയിട്ടുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് തെരഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങളിൽ മികച്ച പരിശീലനം ലഭിച്ച ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കാര്യക്ഷമമായ ഏകോപനത്തിലൂടെ ഓരോ കേന്ദ്രങ്ങളിലുമുള്ള പ്രശ്നങ്ങളും പോരായ്മകളും വിലയിരുത്തി സത്വര നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ പദ്ധതി ഏകോപനത്തിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മേഖലാ തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചുവരുന്നു. ഇത്തരം സമിതികൾ, ഓരോ സെന്ററുകളുടെയും കാര്യത്തിൽ യഥാസമയം പരിശോധന നടത്തി വേണ്ട നടപടികൾ സമയബന്ധിതമായി തീർത്ത് വിനോദസഞ്ചാര മേഖലയെ ടൂറിസ്റ്റ് സൗഹൃദ മേഖലയാക്കുകയാണ് ലക്ഷ്യം.

**മദ്യനയംമൂലം ടൂറിസം മേഖലയ്ക്കുണ്ടായ തളർച്ച**

142 (6752) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാർ പ്രഖ്യാപിച്ച മദ്യനയം ഈ കഴിഞ്ഞ ഒരുവർഷം ടൂറിസം മേഖലയെ എങ്ങനെയൊക്കെ ബാധിച്ചുവെന്ന് വിനോദസഞ്ചാര വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തിന് വരുമാനം ഉണ്ടാക്കുന്ന ടൂറിസം മേഖലയ്ക്ക് ഉണ്ടായ തളർച്ച പരിഹരിക്കാൻ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നിലവിലെ വിനോദ സഞ്ചാരികളുടെ വരവിലുള്ള വളർച്ചാനിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് "Trade Research Survey 2016" എന്ന പഠനം വകുപ്പ് നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ കാരണങ്ങളിലൊന്നായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ, കല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിലുണ്ടായ ഇടിവാണ്. ഇതിനൊരു കാരണം നിലവിലെ മദ്യനയം കൂടിയാണെന്ന് പ്രസ്തുത പഠനത്തിൽ കണ്ടെത്തുകയുണ്ടായി.

(ബി) നിലവിൽ തുടർന്നുവരുന്ന പ്രചാരണ പരിപാടികൾ കൂടുതൽ ശക്തമായി വിദേശ ആഭ്യന്തര വിപണികളിൽ തുടർന്നും നടത്തുന്നതാണ്. മദ്യനയത്തിൽ ഉണ്ടായ മാറ്റം ഒരു പരിധിവരെ വരുമാനക്കുറവിന് കാരണമായിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്ത് പ്രസ്തുത നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ എന്നത് പരിശോധിക്കുന്നതുമാണ്. നവമാധ്യമങ്ങൾ വഴി കൂടുതൽ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. മദ്ധ്യകിഴക്കൻ രാജ്യങ്ങളിൽ നിന്നും കൂടുതൽ വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ട പ്രചരണ പരിപാടികൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾവഴി ടൂറിസം മേഖലയിലുണ്ടായ തളർച്ച പരിഹരിക്കാൻ സാധിക്കും എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

**ഗ്രീൻ കാർപ്പെറ്റ് പദ്ധതി**

143 (6753) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രീൻ കാർപ്പെറ്റ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ&ബി) ഉണ്ട്. നിലവിൽ 'ഗ്രീൻ കാർപ്പെറ്റ്' പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**ബേക്കൽ എയർ സ്ട്രിപ്പ്**

144 (6754) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിന് പ്രാഥമികാനുമതി എന്നാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഇതുസംബന്ധിച്ച് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിരുന്നുവോയെന്നുള്ള വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പെരിയയിൽ ഇതിനുവേണ്ടി ഒരു പ്രോജക്ട് ഓഫീസ് ആരംഭിച്ചിരുന്നു വോയെന്നും ഈ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ഒഴിവാക്കാനുണ്ടായ കാരണം എന്തെന്നും വിശദമാക്കുമോ; ഇതിനായി എന്ത് തുക ബി.ആർ.ഡി.സി. ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(ഡി) 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ ഈ പദ്ധതിക്ക് തുക അനുവദിക്കുമെന്ന് പറഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ച് 14-2-2011- ലെ സ.ഉ.(സാധാ) നമ്പർ 50/2011/ടൂറിസം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)-നെ സാധ്യതാപഠനത്തിനായി (ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) നിയോഗിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ചീഫ് സെക്രട്ടറിയുടെ മുമ്പാകെ സിയാൽ ഉദ്യോഗസ്ഥർ ഈ പ്രോജക്ട് അവതരിപ്പിക്കുകയും പദ്ധതിയുമായി ബന്ധപ്പെട്ട് ചില ഭേദഗതികൾ ഉൾപ്പെടുത്തി റിപ്പോർട്ട് പുനർ സമർപ്പിക്കുവാൻ സിയാലിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പെരിയയിൽ ഒരു പ്രോജക്ട് ഓഫീസ് ആരംഭിച്ചിട്ടുണ്ടായിരുന്നു. തുടർപ്രവൃത്തികൾ നടക്കാത്തതിനാൽ 2014 മേയ് 31-ന് പ്രസ്തുത ഓഫീസ് നിർത്തലാക്കി. ഇതിനായി ബി.ആർ.ഡി.സി. 50,645 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള എയർസ്ട്രിപ്പുകൾ സ്ഥാപിക്കേണ്ടതാണെന്നും ബേക്കലും വയനാടും ഇടുക്കിയിലും മുൻഗണന നൽകുന്നതാണെന്നും 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ആയത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## ബേക്കൽ പാർക്ക്

145 (6755) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ പാർക്ക് സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി വികസിപ്പിച്ച് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുണ്ടോ; ഈ പ്രവൃത്തി തുടങ്ങിയത് എന്നാണെന്നും ഇതുവരെ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടില്ലെങ്കിൽ ആയതിന് കാരണവും വിശദമാക്കുമോ;

(ബി) ഈ പാർക്കിന് സുനാമി ഫണ്ടല്ലാതെ മറ്റേതെങ്കിലും ഫണ്ട് ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ചെലവഴിക്കാനുണ്ടായ കാരണം വിശദമാക്കുമോ;

(സി) നാളിതുവരെയായി ഈ പാർക്കിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇതിൻെറ അടിസ്ഥാനത്തിൽ ബി.ആർ.ഡി.സി.-ക്ക് വരുമാനമായി എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

### ഉത്തരം

(എ) ഇല്ല. 26-12-2008-ലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായുള്ള എഗ്രിമെന്റ് പ്രകാരം ഈ പദ്ധതിയുടെ പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആരംഭിക്കുകയുണ്ടായി. എന്നാൽ ടി പദ്ധതിക്കായി CRZ ക്ലിയറൻസ് ലഭിക്കാത്തതിനാൽ പൂർത്തീകരിച്ചിരുന്നില്ല.

(ബി&സി) ഉണ്ട്. CRZ ക്ലിയറൻസ് ലഭിക്കാത്തതിനാൽ സുനാമി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പൂർത്തീകരിക്കാൻ കഴിയാതെ വന്നു. നാളിതുവരെയായി ഈ പാർക്കിന് സുനാമി ഫണ്ടിൽനിന്നും 259 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുടർന്ന് ടി പാർക്കിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനായി 193 ലക്ഷം രൂപ ടൂറിസം വകുപ്പ് ബി.ആർ.ഡി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്. പാർക്ക് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടില്ലെന്ന് ബി.ആർ.ഡി.സി. അറിയിച്ചിട്ടുണ്ട്. ആയതിനാൽ വരുമാനമൊന്നും ടി പാർക്കിൽനിന്നും ലഭ്യമായി തുടങ്ങിയിട്ടില്ല.

## ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഹൗസ് ബോട്ടുകൾ

146 (6756) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.ആർ.ഡി.സി.-യുടെ (ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ)കൈവശം എത്ര ഹൗസ് ബോട്ടുകൾ ഉണ്ടായിരുന്നു; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇത് ഇപ്പോഴും ടൂറിസ്റ്റുകൾക്കായി സർവ്വീസ് നടത്തുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ സർവ്വീസ് നടത്താതിരിക്കാനുള്ള കാരണം വിശദമാക്കുമോ ;

(ഡി) നാളിതുവരെയായി ഹൗസ് ബോട്ടുകൾക്ക് ബി.ആർ.ഡി.സി. എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ എത്ര രൂപ ബി.ആർ.ഡി.സി ക്ക് വരുമാനമായി ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ബി.ആർ.ഡി.സി.-യുടെ (ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ) കൈവശം 4 (നാല്) ഹൗസ് ബോട്ടുകൾ ഉണ്ടായിരുന്നു. ബി.ആർ.ഡി.സി. പണികഴിപ്പിച്ച 2 ഹൗസ്ബോട്ടുകളും 2001-ൽ ടൂറിസം വകുപ്പ് ബി.ആർ.ഡി.സി.-ക്ക് കൈമാറിയ 2 ഹൗസ്ബോട്ടുകളുമാണ് ഇവ. ഈ ബോട്ടുകളിൽ 2 ഹൗസ്ബോട്ടുകൾ ജലഗതാഗതത്തിന് യോഗ്യമല്ലെന്ന് തുറമുഖ വകുപ്പ് സാക്ഷ്യപ്പെടുത്തിയതനുസരിച്ച് 2012, 2013 വർഷങ്ങളിൽ ആക്രി ഇനത്തിൽപ്പെടുത്തി ലേലം ചെയ്തു. നിലവിൽ ഒരു ഹൗസ് ബോട്ട് പാട്ടക്കരാറുകാരൻ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കി ഉപയോഗിക്കുന്നുണ്ട്. ബാക്കിയുള്ള ഒരു ബോട്ട് അറ്റകുറ്റപ്പണികൾക്കായി കരയിലേറ്റിയിട്ടുണ്ട്. പ്രസ്തുത ബോട്ട് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ജലഗതാഗതത്തിന് യോഗ്യമാണെന്ന് തുറമുഖ വകുപ്പിന്റെ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് സർവ്വീസ് നടത്തുന്നതാണ്.

(ഡി) നാളിതുവരെയായി ബി.ആർ.ഡി.സി. ഹൗസ് ബോട്ടുകൾക്കും മറ്റുമായി 32,06,576 രൂപ ചെലവഴിച്ചു. ബി.ആർ.ഡി.സി.-ക്ക് ഹൗസ് ബോട്ടുകളിൽനിന്നും 36,33,888 രൂപ വരുമാനമായി ലഭിച്ചു.

## ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി ഡിഗ്രി കോഴ്സ് പാസ്സായവരുടെ തൊഴിലവസരം

147 (6757) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി ഡിഗ്രി കോഴ്സ് പാസായ തൊഴിൽ രഹിതർക്ക് ടൂറിസം മേഖലയിൽ ജോലി ലഭിക്കുന്ന തിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം ബിരുദധാരികൾക്ക് ജോലി ലഭിക്കുന്നതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ കഴിയുമോ എന്ന് വിശദമാക്കുമോ ;

(സി) വി.എച്ച്.എസ്.ഇ. പോലുള്ള പഠന സമ്പ്രദായങ്ങളിൽ ഈ കോഴ്സുകൂടി ഉൾപ്പെടുത്തുന്നതിനു വേണ്ടി ടൂറിസം ഡിപ്പാർട്ട്മെന്റ് മുൻകയ്യെടുക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് 6 സെമസ്റ്ററിലായി നടത്തുന്ന B.Sc ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സിലെ അവസാന വർഷ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് ഇന്റർവ്യൂ മുഖേന തൊഴിലവസരങ്ങൾ ഒരുക്കാറുണ്ട്. ഇതിനായി ഇന്ത്യയിലെ പ്രമുഖ ഹോട്ടൽ ഗ്രൂപ്പുകളെ ക്യാമ്പസ് ഇന്റർവ്യൂ നടത്തുന്നതിനായി ക്ഷണിക്കാറുണ്ട്. അംഗീകൃത യൂണിവേഴ്സിറ്റി കളിൽനിന്ന് ഈ യോഗ്യത നേടിയവർക്ക് സർക്കാർ നിയന്ത്രണത്തിനുള്ള ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിക്ക് അപേക്ഷിക്കാവുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വി.എച്ച്.എസ്.ഇ.-യിൽ ഡിഗ്രി തലത്തിലുള്ള കോഴ്സുകൾ അല്ല ഇപ്പോൾ നടക്കുന്നത്. എങ്കിലും കാറ്ററിംഗ് സംബന്ധിച്ച കോഴ്സുകൾ വി.എച്ച്.എസ്.ഇ.-യിൽ ഇപ്പോൾ നടക്കുന്നുണ്ട്.

## ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ നടത്തിയ പഠനം

148 (6758) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയ്ക്ക് ആവശ്യമുള്ള മാനവ വിഭവശേഷിയെക്കുറിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷമാണ്;

(ബി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ടൂറിസം മേഖലയ്ക്ക് ആവശ്യമുള്ള മാനവ വിഭവശേഷിയെക്കുറിച്ച് പ്രാദേശിക ടൂറിസം ഉപഗ്രഹ കണക്ക് (Regional Satellite Account) എന്ന പഠനം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖേന നടത്തിവരുന്നു.

(ബി) അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**പക്ഷിപ്പനിമൂലം ടൂറിസം മേഖലയ്ക്ക് തിരിച്ചടി**

149 (6759) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കണ്ടെത്തിയിട്ടുളള പക്ഷിപ്പനി ടൂറിസം സാധ്യതകളെ ഏത് തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) താറാവ് ഇറച്ചി മുഖ്യഭക്ഷണമായ കായൽ ടൂറിസത്തെ ഇതെങ്ങനെ ബാധിക്കുമെന്ന് അറിയിക്കുമോ;

(സി) ആലപ്പുഴയിലെ ഹൗസ് ബോട്ടിംഗ് മേഖലയ്ക്ക് പക്ഷിപ്പനി തിരിച്ചടി യായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ടൂറിസം മേഖലയെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ ടൂറിസം വകുപ്പ് മുഖേന നിർമ്മിച്ച കെട്ടിടങ്ങൾ**

150 (6760) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ടൂറിസം വകുപ്പ് മുഖേന നിർമ്മിച്ച ആയിറ്റി ബോട്ട് ടെർമിനൽ, ഇടയിലക്കാട് ടൂറിസം ഫെസിലിറ്റേഷൻ സെന്റർ എന്നിവ കാര്യക്ഷമമായി ഉപയോഗിക്കാതെ നാശത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ജില്ലയിൽ ടൂറിസവുമായി ബന്ധപ്പെട്ട് സർക്കാർ ഫണ്ടിൽ നിർമ്മിച്ച പല കെട്ടിടങ്ങളും കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയാതെ വരുന്നതെന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. അയിറ്റി ബോട്ട് ടെർമിനൽ, ഇടയിലക്കാട്, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ എന്നിവ ബി.ആർ.ഡി.സി. മുഖാന്തരം വലിയ പറമ്പ കായൽ ടൂറിസം വികസന സമിതി എന്ന സഹകരണ സംഘത്തിന് 5 വർഷത്തേയ്ക്ക് പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുള്ളതും നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതുമാകുന്നു.

(ബി) ടൂറിസം വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളും കെ.റ്റി.ഡി.സി., ബി.ആർ.ഡി.സി. എന്നിവയുടെ അധീനതയിലുള്ള കെട്ടിടങ്ങളും നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. എന്നാൽ കാസർഗോഡ് ബീച്ചിൽ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ടൂറിസം വകുപ്പിനുവേണ്ടി നിർമ്മിച്ച ഫെസിലിറ്റേഷൻ സെന്റർ സമീപവാസികളുടെ എതിർപ്പിനെത്തുടർന്ന് പണി പൂർത്തീകരിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല.

**കുമ്പളങ്ങി പഞ്ചായത്തിലെ ടൂറിസം വികസന പദ്ധതികൾ**

151 (6761) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏക ഗ്രാമീണ ടൂറിസം കേന്ദ്രമായ എറണാകുളത്തെ കുമ്പളങ്ങി പഞ്ചായത്തിൽ ടൂറിസം വികസനത്തിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പഞ്ചായത്തിന്റെ ടൂറിസം പ്രൊമോഷന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ ;

(സി) 2011 ജനുവരി മുതൽ 2016 നാളിതുവരെ ഈ പഞ്ചായത്തിന് ടൂറിസം പ്രോത്സാഹനത്തിനായി എത്ര കോടി രൂപയുടെ കേന്ദ്ര സർക്കാർ സഹായം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) 2011 ജനുവരി മുതൽ 2016 നാളിതുവരെ സംസ്ഥാന സർക്കാർ ഈ പഞ്ചായത്തിൽ എത്ര കോടി രൂപയുടെ ടൂറിസം പദ്ധതികൾ അനുവദിച്ചു; എത്രയെണ്ണം നടപ്പിലാക്കി; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ 2011-16 വർഷങ്ങളിൽ ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ ഡി.റ്റി.പി.സി. മുഖേന നടപ്പിലാക്കിയ പദ്ധതിയാണ് 'കുമ്പളങ്ങി ക്ലീൻ വില്ലേജ് ടൂറിസം പദ്ധതി'.

(ബി) പ്രസ്തുത പഞ്ചായത്തിൽ മേൽ പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് സെക്രട്ടറി കൺവീനറായി ഒരു മോണിട്ടറിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കുമ്പളങ്ങി പഞ്ചായത്തിലെ ടൂറിസം വികസനത്തിനായി കേന്ദ്ര ധനസഹായം ലഭിച്ചിട്ടില്ല.

(ഡി) 2011-16 കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ ക്ലീൻ വില്ലേജ് ടൂറിസം പദ്ധതിക്കായി 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക 300 ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിനാണ് വിനിയോഗിച്ചത്. ഇവ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെന്ന സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.

**ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ**

152 (6762) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെത്തുന്ന സ്വദേശീയരും വിദേശീയരുമായ സഞ്ചാരികൾക്ക് ടൂറിസ്റ്റ് ഇൻഫർമേഷൻ ലഭിക്കുന്നതിന് നിലവിലുള്ള സംവിധാനം അപര്യാപ്തമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി ഓരോ ജില്ലയിലും സഹകരണ മേഖലയുമായി ബന്ധിപ്പിച്ച് ഇൻഫർമേഷൻ സെന്ററുകൾ മെച്ചപ്പെടുത്താൻ ശ്രമിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലുള്ള സംവിധാനത്തിലെ ചില പോരായ്മകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**വെള്ളിനേഴി കലാഗ്രാമത്തിനായി ടൂറിസം വകുപ്പ് നടപടികൾ**

153 (6763) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയുടെ ടൂറിസം-സാംസ്കാരിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കലാ സാംസ്കാരിക ഉന്നമനത്തിന്റെ മുഖ്യ കേന്ദ്രമായ 'വെള്ളിനേഴി കലാഗ്രാമം'സാംസ്കാരിക കേന്ദ്രമാക്കുവാനുള്ള പ്രവർത്തനം എന്നു തുടങ്ങിയെന്നും, നിലവിൽ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കലാഗ്രാമത്തിന്റെ പ്രവൃത്തികൾക്കായി ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് തുക എത്രയെന്നും കഴിഞ്ഞ സർക്കാർ കാലയളവിൽ ടൂറിസം വകുപ്പ് എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ഇതിന്റെ പ്രവൃത്തികൾക്ക് വിനിയോഗിച്ചുവെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) മുൻ ഷൊർണ്ണൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക എത്രയെന്നും എത്ര തുക നിർമ്മാണ പ്രവൃത്തികൾക്കായി നാളിതുവരെ ഉപയോഗിച്ചു എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കലാഗ്രാമത്തിന്റെ പൂർത്തീകരണത്തിനായി ഇപ്പോൾ ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്നും, എപ്പോൾ കലാഗ്രാമം പ്രവർത്തനം തുടങ്ങുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വെള്ളിനേഴി കലാഗ്രാമം സാംസ്കാരിക കേന്ദ്രമാക്കുവാനായി 22-1-2015-ലാണ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. നിർമ്മാണ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വെള്ളിനേഴി കലാഗ്രാമവുമായി ബന്ധപ്പെട്ട് സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് 6.03 കോടി രൂപയുടെള്ള എസ്റ്റിമേറ്റ് ഡി.ടി.പി.സി. മുഖേന സർക്കാരിന് സമർപ്പിച്ചിരുന്നത് 2 കോടിയായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു. അനുമതി നൽകിയ 2 കോടിയിൽ ഒരു കോടി രൂപ ടൂറിസം വകുപ്പും ഒരു കോടി രൂപ ഷൊർണ്ണൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ചെലവഴിക്കുന്നതിനുമാണ് ഉത്തരവായത്. ടൂറിസം വകുപ്പിന്റെ വിഹിതമായ ഒരു കോടി രൂപയിൽനിന്നും ആദ്യഗഡുവായി 50 ലക്ഷം രൂപ ഇതിനകം നിർമ്മാണ ചുമതല ഏറ്റെടുത്തിട്ടുള്ള തിരുവനന്തപുരം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് കൈമാറിയിട്ടുണ്ട്.

(സി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഇതുവരെ തുകയൊന്നും ലഭ്യമായിട്ടില്ല.

(ഡി) സാങ്കേതിക കാരണങ്ങളാൽ താൽക്കാലികമായി നിർത്തിവച്ചിരുന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇക്കോ ടൂറിസം മേഖലകളിൽ പുതിയ കോട്ടേജുകൾ

154 (6764) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇക്കോ ടൂറിസം പ്രാധാന്യമുള്ള മേഖലകളിൽ എത്തുന്ന വിനോദ സഞ്ചാരികൾക്ക് താമസിക്കുവാൻ ആവശ്യമായ കോട്ടേജുകൾ നിലവിൽ എവിടെയെല്ലാമാണുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) പുതിയ കോട്ടേജുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) തെന്മല ഇക്കോ ടൂറിസം സൊസൈറ്റിയുടെ കീഴിൽ 2 ഡോർമെട്ടികളും 3 മുറികളും 15 ടെന്റുകളും താമസത്തിനായി ഒരുക്കിയിട്ടുണ്ട്. കൂടാതെ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള മൂന്നാർ, ഗവി, നെല്ലിയാമ്പതി, അരിപ്പ എന്നീ സ്ഥലങ്ങളിൽ താമസ സൗകര്യങ്ങൾ ലഭ്യമാണ്.

(ബി) വനമേഖലയിൽ ടൂറിസ്റ്റുകൾക്കായി കോട്ടേജുകൾ നിർമ്മിക്കുന്നത് നിലവിലുള്ള ഇക്കോ ടൂറിസം ഗൈഡ്‌ലൈൻസിന് വിരുദ്ധമാണ്. എന്നാൽ താൽക്കാലിക താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ടെന്റ് തുടങ്ങിയവ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

## കാസർഗോഡ് ബീച്ചുമായി ബന്ധപ്പെട്ട ടൂറിസം വകുപ്പ് പ്രവർത്തനങ്ങൾ

155 (6765) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൽസവ കാലങ്ങളിലും അവധി ദിവസങ്ങളിലും ധാരാളം സന്ദർശകരെത്തുന്ന കാസർഗോഡ് ബീച്ചിൽ ടൂറിസം വകുപ്പ് ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസ്റ്റുകളെയും സന്ദർശകരേയും ആകർഷിക്കാൻ അനിവാര്യമായിട്ടുള്ള റോഡുകൾ ടൂറിസം വകുപ്പ് നിർമ്മിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ കാസർഗോഡ് ബീച്ചിലും സമീപ പ്രദേശങ്ങളിലുമുള്ള ഏതെങ്കിലും റോഡ് ടൂറിസം വകുപ്പ് നിർമ്മിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) കാസർഗോഡ് ബീച്ചിലും പ്രാന്ത പ്രദേശങ്ങളിലുമുള്ള ഏതെങ്കിലും റോഡ് ടൂറിസം വകുപ്പ് ഏറ്റെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ബീച്ച് സന്ദർശിക്കുന്നവർക്കായി വഴിവിളക്കുകൾ, പാർക്കിംഗ് സൗകര്യം, കുടിവെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങളും മാലിന്യ നിയന്ത്രണത്തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ടൂറിസ്റ്റുകളുടെ സുരക്ഷിതത്വത്തിനായി ലൈഫ് ഗാർഡുകളുടെയും ടൂറിസം പോലീസിന്റെയും സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. 'ഗ്രീൻ കാർപ്പെറ്റ് ' പദ്ധതിയുടെ ഭാഗമായി പ്രസ്തുത ടൂറിസം കേന്ദ്രത്തിന്റെ പരിപാലനത്തിന്റെ മേൽനോട്ട ചുമതല നിർവ്വഹിക്കുന്നതിന് ഡെസ്റ്റിനേഷൻ മാനേജർമാരെയും വകുപ്പ് നിയമിച്ചിട്ടുണ്ട്.

(ബി) റോഡുകൾ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതല്ല. റോഡുകൾ നിർമ്മിക്കുന്നത് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകൾ മുഖേനയാണ്. എന്നാൽ ടൂറിസം കേന്ദ്രങ്ങളിലുള്ള ചില റോഡുകൾ ടൂറിസം വകുപ്പിന്റെ ധനസഹായത്താൽ പുനരുദ്ധരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ടൂറിസം രംഗത്ത് ഉപദേശക സമിതിയും സൂക്ഷ്മ പരിശോധനാ സമിതിയും**

156 (6766) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസന വിപണന രംഗങ്ങളിൽ ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിന് 'ഉപദേശക സമിതി ' രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ടൂറിസം രംഗത്തെ ഏതൊക്കെ പ്രമുഖരെയാണ് ഉപദേശക സമിതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം കേന്ദ്രങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും വികസനം, വിപണനം, മാർക്കറ്റ് റിസേർച്ച്, മാനവശേഷി വികസം എന്നിവയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) കേരളാ ടൂറിസത്തിന് പുതിയ മാനവും ദിശയും രൂപീകരിക്കുന്നതിന് വേണ്ട സഹായം നൽകുന്നതിന് സൂക്ഷ്മ പരിശോധനാ സമിതി (Focus Group) രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ&ബി) ടൂറിസം വികസന വിപണന രംഗങ്ങളിൽ ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിന് 'ഉപദേശക സമിതി' 1-3-2016-ലെ G.O.(Rt) No. 118/2016/TSM നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ടൂറിസം കേന്ദ്രങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും വികസനം, വിപണനം, മാർക്കറ്റ് റിസേർച്ച്, മാനവശേഷി വികസനം എന്നിവയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ ഉപദേശക സമിതിയാണ് നൽകുന്നത്.

(ഡി) കേരളാ ടൂറിസത്തിന് പുതിയ മാനവും ദിശയും രൂപീകരിക്കുന്നതിനുവേണ്ട സഹായം നൽകുന്നതിന് സൂക്ഷ്മ പരിശോധനാ സമിതി (Focus Group) 1-3-2016-ലെ G.O.(Rt) No. 118/2016/TSM നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

## കാക്കത്തുരുത്തിന്റെ ടൂറിസം സാധ്യതകൾ

157 (6767) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ജിയോഗ്രാഫിക് മാസികയുടെ ലോക സഞ്ചാര പട്ടികയിൽ ആലപ്പുഴ ജില്ലയിലെ കാക്കത്തുരുത്ത് സ്ഥാനം പിടിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാക്കത്തുരുത്തിന്റെ ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാക്കത്തുരുത്തിന്റെ ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്നത് സംബന്ധിച്ച സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

9.30 AM]

## II. ചരമോപചാരം

കെ.എം. സൂപ്പി, വി.പി. രാമകൃഷ്ണപിള്ള എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാ സാമാജികരായ കെ. എം. സൂപ്പി, വി. പി. രാമകൃഷ്ണപിള്ള എന്നിവർ 2016 നവംബർ 8-ന് അന്തരിച്ചു.

### കെ. എം. സൂപ്പി

കണ്ണൂർ ജില്ലയിലെ പാനൂരിൽ മമ്മുവിന്റെയും പാത്തുവിന്റെയും മകനായി 1933 ഏപ്രിൽ 5-ന് കെ.എം. സൂപ്പി ജനിച്ചു. ആയുർവേദ ചികിത്സാ രീതിയിൽ വൈദ്യഭൂഷണം ഡിപ്ലോമ നേടിയ ശേഷം ആയുർവേദ ചികിത്സ തൊഴിലായി സ്വീകരിച്ച അദ്ദേഹം സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയ രംഗത്ത് സജീവമായി.

1970-ൽ സോഷ്യലിസ്റ്റ് പാർട്ടി പ്രതിനിധിയായി പെരിങ്ങളം നിയോജക മണ്ഡലത്തെ പ്രതിനിധാനം ചെയ്ത് നാലാം കേരള നിയമസഭയിലെത്തിയ അദ്ദേഹം 1991-ൽ ഒൻപതാം കേരള നിയമസഭയിലേയ്ക്ക് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ചെയർമാൻ, പാനൂർ പഞ്ചായത്ത് പ്രസിഡന്റ്, മുസ്ലീം ലീഗ് സ്റ്റേറ്റ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം 'പടയണി' ദിനപത്രത്തിന്റെ ചീഫ് എഡിറ്ററുമായിരുന്നു.

കെ. എം. സൂപ്പിയുടെ നിര്യാണത്തോടെ മികവുറ്റ ഒരു മുൻ സാമാജികനേയും ഒരു മാതൃകാ സഹപ്രവർത്തകനെയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

### വി. പി. രാമകൃഷ്ണപിള്ള

കൊല്ലം ജില്ലയിലെ തേവള്ളിയിൽ പരമേശ്വരൻ പിള്ളയുടെ മകനായി 1932 നവംബർ 12-ന് വി. പി. രാമകൃഷ്ണപിള്ള ജനിച്ചു.

കേരള സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗമായ വി. പി. രാമകൃഷ്ണപിള്ള വിദ്യാർത്ഥി പ്രസ്ഥാനത്തിലും സജീവ അംഗമായിരുന്നു. പിന്നീട് അദ്ദേഹം റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു. ആർ.എസ്.പി. കൊല്ലം ജില്ലാ കമ്മിറ്റി സെക്രട്ടറി, സംസ്ഥാന സെക്രട്ടറി, കേന്ദ്ര കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുകയും സംഘാടകൻ എന്ന നിലയിൽ മികവ് പുലർത്തുകയും ചെയ്തു.

1987-ൽ എട്ടാം കേരള നിയമസഭയിലേയ്ക്കും 1996-ൽ പത്താം കേരള നിയമസഭയിലേയ്ക്കും ഇരവിപുരം മണ്ഡലത്തിൽനിന്നും ആർ.എസ്.പി. പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

7-1-1998 മുതൽ 13-5-2001 വരെ അദ്ദേഹം ഇ. കെ. നായനാർ മന്ത്രിസഭയിൽ ജലസേചനവും തൊഴിലും വകുപ്പുമന്ത്രിയായിരുന്നു.

വി. പി. രാമകൃഷ്ണപിള്ളയുടെ നിര്യാണത്തോടെ ആദർശശാലിയായ ഒരു പൊതുപ്രവർത്തകനെയും മികവുറ്റ ഒരു പാർലമെന്റേറിയനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)

## III അടിയന്തരപ്രമേയം

### റേഷൻ വിതരണ സ്തംഭനം

മി. സ്പീക്കർ: കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിൽ പൂർണ്ണമായും മറ്റ് ജില്ലകളിൽ ഭാഗികമായും റേഷൻ വിതരണം സ്തംഭിച്ചതിനാൽ ബി.പി.എൽ, എ.എ.വൈ, എ.പി.എൽ കാർഡുടമകൾ നേരിടുന്ന പ്രയാസങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ടി. ബൽറാം, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യ ഭദ്രതാ നിയമം വളരെ ധൃതിപിടിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ദിവസങ്ങളിൽ നിരവധി ചർച്ചകളാണ് സഭയിൽ നടന്നത്. അതിന്റെ വിശദാംശങ്ങളെല്ലാം നമ്മൾ പരിശോധിച്ചതാണ്. ഈ നിയമം സംസ്ഥാനത്ത് യഥാസമയം നടപ്പാക്കാത്തതിന്റെ പേരിൽ വളരെ കർശനമായ നടപടികളാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചത്. സംസ്ഥാനത്തിന്

ലഭിക്കേണ്ട അഡ്ഹോക്ക് അലോട്ട്മെന്റ് ഓണത്തിനുമുമ്പ് നിർത്തിവച്ചത് സംബന്ധിച്ച് നേരത്തേ ഇവിടെ സൂചിപ്പിച്ചു. എന്നാൽ ഇതൊന്നും മനസ്സിലാക്കാതെ, ഇങ്ങനെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാതെ സംസ്ഥാനത്തെ എ.പി.എൽ. വിഭാഗത്തിന് 8 കിലോഗ്രാം അരി കൊടുത്തുകൊണ്ടിരുന്നത് പത്ത് കിലോഗ്രാം കൊടുക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. അഡ്ഹോക്ക് അലോട്ട്മെന്റ് നിർത്തിവച്ചെങ്കിലും പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പത്ത് കിലോഗ്രാം അരി ഓണത്തിന് വിതരണം ചെയ്തു. എന്നാൽ അതിന് തൊട്ടുപിന്നാലെയാണ് എ.പി.എൽ. വിഭാഗത്തിനുള്ള പ്രത്യേക ആനുകൂല്യങ്ങൾ നിർത്തലാക്കിക്കൊണ്ടുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനം നമ്മളെ അറിയിച്ചത്. ഒക്ടോബർ 7-നാണ് ഇതുസംബന്ധിച്ച ഔദ്യോഗിക തീരുമാനം വരുന്നതെങ്കിലും കേന്ദ്രത്തിൽനിന്ന് ഇതുസംബന്ധിച്ച വിവരം ലഭിച്ച ഉടൻതന്നെ ഡൽഹിയിൽ പോയി കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെ നേരിട്ട് കണ്ട് സംസാരിച്ചു. കേരളത്തിൽ നിലനിന്നിരുന്ന അരി വിതരണം സുഗമമാക്കാൻ കേന്ദ്രത്തിന്റെ പ്രത്യേക പരിഗണന സംസ്ഥാനത്തിന് വേണമെന്നും എൻ.എഫ്.എസ്.എ. നടപ്പിലാക്കാൻ ആറ് മാസം കൂടി സമയം നൽകണമെന്ന് ആവശ്യപ്പെട്ടപ്പോൾ കേന്ദ്ര ഗവൺമെന്റ് അതിന് തയ്യാറായില്ല. നവംബർ മാസം മുതൽ എൻ.എഫ്.എസ്.എ. പ്രകാരമുള്ള അരി കൊടുക്കണമെന്ന കർശന നിലപാടാണ് കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി സ്വീകരിച്ചത്. ആയതിനാൽ എൻ.എഫ്.എസ്.എ. പ്രകാരം നവംബർ മാസം മുതൽ അരി കൊടുക്കാൻ നിവൃത്തിയില്ലാത്ത ഒരുസാഹചര്യമുളവായി. എ.പി.എൽ. വിഭാഗത്തിനുള്ള അരിയുടെ വില 8.30 രൂപ എന്നത് 22 രൂപയാക്കി വർദ്ധിപ്പിച്ചപ്പോൾ 22 രൂപ നിരക്കിൽ അരി വാങ്ങി വിതരണം ചെയ്യുന്നതിന് പ്രയാസമുണ്ടായിട്ടുണ്ട്. അതുകൊണ്ട് നവംബർ മാസത്തിലെ അരി അഡ്വാൻസായി എടുത്തുകൊണ്ട് ഇവർക്ക് കൊടുക്കുന്നതിനുള്ള പരിശ്രമമാണ് നടത്തിയത്. ഇതുമായി ബന്ധപ്പെട്ടാണ് വടക്കൻ ജില്ലകളിൽ കുറച്ച് പ്രയാസമുണ്ടായത്. ഇതിനിടയിൽ റേഷൻ കടക്കാർ പ്രക്ഷോഭവുമായി മുന്നോട്ട് വന്നപ്പോൾ അവരുമായി രണ്ട് സന്ദർഭങ്ങളിൽ ചർച്ച നടത്തുകയും അവരുടെ പ്രധാന പ്രശ്നങ്ങൾക്കെല്ലാം ഏകദേശ ധാരണ ഉണ്ടാക്കുകയും ചെയ്തു. ഇന്ന് വീണ്ടും അവരുടെ യോഗം വിളിച്ചിരിക്കുകയാണ്. ഇന്നത്തെ ചർച്ചയോടുകൂടി റേഷൻ കടക്കാരുടെ വിഷയങ്ങളിൽ പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ 20-ന് തന്നെ തയ്യാറാക്കിയ മുൻഗണനാ പട്ടിക എല്ലാ പഞ്ചായത്തുകളിലും റേഷൻ കടകളിലും വില്ലേജ് ഓഫീസുകളിലും താലൂക്ക് സപ്ലൈ ഓഫീസുകളിലും പ്രസിദ്ധീകരിച്ചു. അതിന്റെ ആക്ഷേപങ്ങൾ ക്ഷണിച്ചു കൊണ്ടുള്ള നടപടികളുമായാണ് പിന്നീട് മുന്നോട്ട് പോയത്. സംസ്ഥാനത്തെമ്പാടുമായി

നവംബർ 5-നുള്ളിൽ ലഭ്യമായ ഏകദേശം പതിമൂന്ന് ലക്ഷത്തിൽപ്പരം പരാതികൾ പ്രോസസ്സ് ചെയ്യുന്ന ജോലി ഇപ്പോൾ ഡിപ്പാർട്ട്മെന്റ് തലത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തരമൊരു സന്ദർഭത്തിൽ എ.പി.എൽ. വിഭാഗത്തിന് നൽകേണ്ട അരി വിഹിതത്തിൽ കുറവ് വന്നതുകൊണ്ട് സമയത്തിന് അരി വിതരണം ചെയ്യാൻ സാധിച്ചില്ല. അതിനാൽ നവംബർ മാസത്തെ അരി വിഹിതം അഡ്വാൻസായി എടുത്തുകൊണ്ടാണ് വിതരണം ചെയ്യാനുള്ള ശ്രമം നടത്തിയത്. ഇതിനിടയിൽ എ.പി.എൽ. വിഭാഗത്തിന് നവംബർ മാസം വിതരണം ചെയ്യേണ്ട അരിയുടെ തോത് നിശ്ചയിക്കണമായിരുന്നു. ഗവൺമെന്റിന്റെ ഇതുസംബന്ധിച്ചുള്ള നയപരമായ തീരുമാനം നവംബർ 3-നാണ് നിയമസഭയിൽ പ്രഖ്യാപിച്ചത്. മുൻഗണനാ പട്ടികയിൽ വരുന്ന 15480042 പേർക്ക്, എ.എ.വൈ. ഒഴിച്ചുള്ള ഒരു കുടുംബത്തിലെ അംഗത്തിന് 5 കിലോഗ്രാം പ്രകാരം ധാന്യം നൽകുക, പിന്നീട് കഴിഞ്ഞ കാലത്ത് ആനുകൂല്യങ്ങൾ പറ്റിയിരുന്ന ഒരുകോടി ഇരുപത്തിയൊന്ന് ലക്ഷത്തി ചില്വാനം ആളുകൾക്ക് ഒരു കിലോയ്ക്ക് രണ്ട് രൂപ പ്രകാരം രണ്ട് കിലോ വീതം ധാന്യം നൽകുക, ശേഷിക്കുന്ന എ.പി.എൽ. വിഭാഗത്തിലെ വരുമാനമുള്ള സമ്പന്ന വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ലഭ്യമായ തോതിലുള്ള അരിയും ഒരു കിലോ ആട്ടയും നൽകുക എന്ന രീതിയിലുള്ള നയപരമായ തീരുമാനമാണ് ഗവൺമെന്റ് അസംബ്ലിയിൽ പ്രഖ്യാപിക്കുന്നത്. ആ നയത്തിന്റെ അടിസ്ഥാനത്തിൽ നവംബർ മാസത്തിലെ അരിയുടെ തോത് നിശ്ചയിച്ച് നൽകേണ്ടതുണ്ടായിരുന്നു. മുൻകാലങ്ങളിൽ റേഷൻ കാർഡിനെ അടിസ്ഥാനപ്പെടുത്തിയാണ് അരി അല്ലെങ്കിൽ ഗോതമ്പ് കൊടുത്തുകൊണ്ടിരുന്നത്. ഇന്നിപ്പോൾ എ.എ.വൈ. ഒഴിച്ച് ബാക്കി എല്ലാ വിഭാഗത്തിലെയും ഓരോ വ്യക്തിക്ക് ഇത്ര എന്ന അടിസ്ഥാനത്തിൽ പുതിയ തോത് നിശ്ചയിച്ച് അതുപ്രകാരം ഓരോ ജില്ലയിലേയും താലൂക്കുകളിലുള്ള റേഷൻ കടകളിലേയ്ക്കുള്ളത് പ്രത്യേകിച്ച് നിശ്ചയിച്ച് നൽകേണ്ടതുണ്ടായിരുന്നു. അതിന്മേൽ തീരുമാനമെടുത്ത് അതുമായി ബന്ധപ്പെട്ട അറിയിപ്പ് ഇന്നലെതന്നെ എല്ലാ ഭാഗത്തേക്കും പോയിട്ടുണ്ട്. ഇന്നുമുതൽ അരി ലിഫ്റ്റ് ചെയ്ത് തുടങ്ങും. ഇതിനിടയിൽ വയനാട് ഉൾപ്പെടെയുള്ള ചില ജില്ലകളിൽ പ്രയാസങ്ങൾ ഉണ്ടായി. അവിടെ പ്രത്യേകമായി അരി വിതരണം ചെയ്യാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. അടിയന്തരപ്രമേയത്തിൽ ചൂണ്ടിക്കാണിച്ച പ്രകാരമുള്ള യാതൊരു പ്രയാസവുമുണ്ടാകാത്ത വിധം അരി വിതരണം സുഗമമാക്കുന്നതിനും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള അരി വിതരണം നവംബർ 16-ാം തീയതി മുതൽ നടത്തുന്നതിനുമുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, കേരളപ്പിറവിയുടെ അറുപതാം വാർഷികാഘോഷങ്ങൾ വളരെ പൊടിപൊടിച്ച് മുന്നോട്ടുപോകുമ്പോൾ ഈ സംസ്ഥാനത്തിന്റെ ഒരു ഭാഗത്ത് ചരിത്രത്തിലാദ്യമായി റേഷൻ വിതരണം പൂർണ്ണമായി സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുന്ന അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. ഞാൻ ഇതിനെ ഒരു രാഷ്ട്രീയ വിവാദമാക്കാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട ഭരണപക്ഷ അംഗങ്ങളടക്കം ഈ സിറ്റുവേഷന്റെ ഗൗരവസ്വഭാവം ഉൾക്കൊള്ളുമെന്നാണ് എന്റെ പ്രതീക്ഷ. നമുക്കറിയാം കേരളമൊരു ഉപഭോക്തൃ സംസ്ഥാനമാണ്. ഒരു വർഷത്തെ നമ്മുടെ ആഭ്യന്തര ഉല്പാദനം ഏതാണ്ട് 45 ദിവസത്തേയ്ക്ക് മാത്രമേയുള്ളൂ. ബാക്കി പത്തരമാസവും നമുക്ക് കഞ്ഞി കുടിക്കണമെങ്കിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രത്തിൽ നിന്നും അരി ഇവിടെ എത്തണം. ഈ ഒരു സാഹചര്യത്തിലാണ് ഈ പ്രശ്നത്തിന്റെ ഗൗരവസ്വഭാവം വർദ്ധിക്കുന്നത്. അതുകൊണ്ടാണ് റേഷൻ വിതരണം മുടങ്ങുന്ന എന്നുപറയുമ്പോൾ അത് നമ്മൾ ഒറ്റക്കെട്ടായിത്തന്നെ, വളരെ കാര്യഗൗരവത്തോടുകൂടി അതിന്റെ പരിഹാരത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. ഞാൻ സാന്ദർഭികമായി നിയമസഭയുടെ വെബ്സൈറ്റ് പരിശോധിച്ചു. അതിൽ കേരള നിയമസഭ 1957-ൽ നിലവിൽ വന്ന അന്നുമുതൽ റൂൾ 130 പ്രകാരം സഭയിൽ അവതരിപ്പിച്ച പ്രമേയങ്ങളെക്കുറിച്ച് പറയുന്നുണ്ട്. കേരള നിയമസഭയിൽ 1957-ൽ ആദ്യമായി അവതരിപ്പിച്ച പ്രമേയം റേഷൻ അരിയുമായി ബന്ധപ്പെട്ടതാണ്. റേഷൻ അരിയുടെ വില നിയന്ത്രിക്കണം, അതിന്റെ അവയിലബിലിറ്റി ഉറപ്പു വരുത്തണം തുടങ്ങിയവയായിരുന്നു അന്നത്തെ ആവശ്യങ്ങൾ. അതിനുശേഷം ഇതേ സഭയിൽ ആറോ ഏഴോ തവണ സമാന സ്വഭാവമുള്ള നിരവധി പ്രമേയങ്ങൾ വന്നിട്ടുണ്ട്. ഒരു പക്ഷേ ഏറ്റവും കൂടുതൽ ചർച്ച ചെയ്തിട്ടുള്ളതും ഈ ഒരു വിഷയത്തെ കുറിച്ചാണ് എന്നാണ് തോന്നുന്നത്. കേരളത്തിൽ ഇക്കാലത്തിനിടയ്ക്ക് ഗവൺമെന്റുകൾ മാറിമാറി വന്നിട്ടുണ്ട്. വലിയൊരു സമവായം ഇക്കാര്യത്തിലുണ്ടായിരുന്നു. ആരാണ് ഭരണപക്ഷത്ത്, ആരാണ് പ്രതിപക്ഷത്ത് എന്ന് നോക്കാതെ കക്ഷി രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കാര്യങ്ങൾ നോക്കിക്കാണാതെ കേരളത്തിന്റെ ജനകീയമായ ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു നിതാന്ത ജാഗ്രത എക്കാലത്തും നമ്മുടെ ഭാഗത്തുനിന്നുണ്ടായിരുന്നു. ഇക്കാര്യത്തിൽ പരസ്പരം, അപ്പുറത്തുമിപ്പുറത്തുമിരുന്നുള്ള പഴിചാരലുകളല്ല വേണ്ടത്. സാധാരണക്കാരുടെ ഈ പ്രശ്നം ഉള്ളിൽ തട്ടി മനസ്സിലാക്കി ഗവൺമെന്റ് ഒരു പരിഹാരത്തിലേയ്ക്ക് നീങ്ങണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷവും ഈ ഗവൺമെന്റിന്റെ തുടക്കത്തിലും ഒരു പ്രശ്നവുമില്ലാതെ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചിരുന്നു. ഏറ്റവും പാവപ്പെട്ട അന്ത്യോദയ അന്നയോജനയിൽപ്പെട്ട (എ.എ.വൈ.) കുടുംബങ്ങൾക്ക്

35 കിലോ ഭക്ഷ്യധാന്യങ്ങൾ ഒരു മുടക്കവും കൂടാതെ നമുക്ക് കൊടുക്കാൻ സാധിച്ചിരുന്നു. ബി.പി.എൽ. കുടുംബങ്ങൾക്ക് 25 കിലോ ഭക്ഷ്യധാന്യങ്ങൾ കൊടുക്കാൻ സാധിച്ചിരുന്നു. എ.പി.എൽ. കുടുംബങ്ങൾക്ക് എട്ടും-ഒൻപതും കിലോ വീതം കഴിഞ്ഞ അഞ്ച് വർഷവും ഈ അടുത്തകാലംവരെയും കൊടുത്തുപോന്നിരുന്നു. ആ ഒരു സാഹചര്യത്തിൽ നിന്നാണ് കഴിഞ്ഞ ഒന്നരണ്ട് മാസമായി പൂർണ്ണമായൊരു സ്തംഭനം ഈ മേഖലയിൽ വരുന്നത്. ഞങ്ങൾ നോട്ടീസിൽ പറഞ്ഞതുപോലെ ഉത്തര മലബാറിലെ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് തുടങ്ങിയ നാല് ജില്ലകളിൽ റേഷൻ അരി വിതരണം പൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. എ.പി.എൽ. കുടുംബങ്ങൾക്ക് മാത്രമല്ല പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ എ.എ.വൈ. കുടുംബങ്ങൾക്ക് 35 കിലോഗ്രാം അരി കിട്ടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ ഒരു മണി അരി കൊടുക്കാനില്ല. ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു കിലോ പോലും കൊടുക്കാൻ സാധിക്കുന്നില്ല. മറ്റ് പത്ത് ജില്ലകളിലും പ്രതിസന്ധിയുണ്ടെങ്കിലും താരതമ്യേന മെച്ചപ്പെട്ട സ്ഥിതിയാണെന്ന് പറയാം. 35-ഉം 25-ഉം കിലോഗ്രാം കൊടുക്കേണ്ട സ്ഥാനത്ത് 20 കിലോഗ്രാം വീതം കൊടുത്ത് അഡ്ജസ്റ്റ് ചെയ്യുകയാണ്. ഇതുകൊണ്ടാണ് ഇത് ചർച്ച ചെയ്യണമെന്ന് പറയുന്നത്. ബഹുമാന്യനായ മന്ത്രി എല്ലാ കാര്യത്തിന്റേയും ഏക ഉത്തരവാദിയായി എൻ.എഫ്.എസ്.എ.-യെ ചൂണ്ടിക്കാണിക്കുകയാണ്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം ഒരു യാഥാർത്ഥ്യമാണ്, നമ്മൾ അത് അംഗീകരിച്ചേ മതിയാകൂ. അങ്ങനെ മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ പറ്റുകയുള്ളൂ. പക്ഷേ ദേശീയ ഭക്ഷ്യഭദ്രതാ നിയമം വന്നതുകൊണ്ടാണ് എല്ലാ പ്രശ്നങ്ങളും ഉണ്ടായതെന്ന് പറഞ്ഞുകൊണ്ട് ബഹുമാന്യനായ മന്ത്രി തന്റെ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച മറച്ചുവയ്ക്കാനാണ് ശ്രമിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. എൻ.എഫ്.എസ്.എ. നടപ്പാക്കാൻ നവംബർ 1-ാം തീയതി വരെ ആയിരുന്നു കേന്ദ്രം സമയമനുവദിച്ചിരുന്നത്. പിന്നീട് നവംബർ 20-ാം തീയതി വരെ അത് നീട്ടി നൽകി. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത് ഒക്ടോബർ മാസത്തെ അരിയാണ്. ഒക്ടോബർ മാസത്തിൽ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ നിബന്ധനകളില്ലല്ലോ. പിന്നെ എന്തുകൊണ്ട് ബി.പി.എൽ. അരിയും എ.എ.വൈ. അരിയും കൊടുക്കാൻ സാധിക്കുന്നില്ലെന്നതാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. നമുക്ക് ഇതിന്റെ യാഥാർത്ഥ്യമറിയാം. കേന്ദ്രത്തിൽ നിന്ന് അഡ്ഹോക് വിഹിതമായാണ് കൂടുതലായിട്ടുള്ള അരി നമുക്ക് ലഭിക്കാറുള്ളത്. എൻ.എഫ്.എസ്.എ. പ്രകാരം 14.25 ലക്ഷം മെട്രിക് ടൺ ധാന്യമാണ് അനുവദനീയമായിട്ടുള്ളത്. പക്ഷേ കഴിഞ്ഞ കുറെ വർഷങ്ങളായി 16 ലക്ഷം മെട്രിക് ടൺ വീതം നമുക്ക് ലഭിച്ചിരുന്നു. ഇത് ക്വാർട്ടർലി ഇൻസ്റ്റാൾമെന്റായാണ് നമുക്ക് നൽകാറുള്ളത്. ഈ സാമ്പത്തിക വർഷത്തെ ആദ്യ ക്വാർട്ടറിലെ അരി നമുക്ക്

ലഭിച്ചു. ഏപ്രിൽ, മേയ്, ജൂൺ എന്നീ മൂന്നുമാസങ്ങളിലെ അരി നമുക്ക് ലഭിച്ചതിന്റെ കാരണം മുൻപത്തെ യു.ഡി.എഫ്. ഗവൺമെന്റ് അതിനുവേണ്ടി സത്വരമായ നടപടികൾ സ്വീകരിച്ചതാണ്. ഈ വർഷം ജനുവരിയിൽ തന്നെ അന്നത്തെ ഭക്ഷ്യ വകുപ്പുമന്ത്രി ഇക്കാര്യം കേന്ദ്രത്തിൽ പോയി കൃത്യമായി റെപ്രസെന്റ് ചെയ്തതു കൊണ്ടാണ് ആദ്യ ക്വാർട്ടറിലേയ്ക്കുള്ള അരി ലഭിച്ചത്. പക്ഷേ ലഭ്യമായത് ജൂൺ മാസത്തിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് മേയ് മാസം അവസാനമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. വകുപ്പുമന്ത്രി പുതിയ ആളാണ്. പക്ഷെ ജൂൺ മാസം അവസാനത്തോടുകൂടി നമ്മുടെ സ്റ്റോക്ക് മുഴുവൻ തീർന്നുപോകുമെന്നും കൂടുതലായി ലഭിക്കണമെങ്കിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നും സ്വാഭാവികമായും വകുപ്പുദ്യോഗസ്ഥർ അദ്ദേഹത്തെ ബ്രീഫ് ചെയ്തു കാണും. ആ തരത്തിൽ സമ്മർദ്ദം ഉണ്ടായോ എന്നുള്ളതാണ് എന്റെ ചോദ്യം. അതുണ്ടായില്ലായെന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. അതുകൊണ്ടാണ് രണ്ടാമത്തെ ക്വാർട്ടറിലെ അരി നമുക്ക് കിട്ടാത്തത്. അതുകൊണ്ടാണ് ഈ പ്രശ്നങ്ങളെല്ലാം ഇപ്പോൾ ഉണ്ടാകുന്നത്. കാലാകാലങ്ങളായി യു.ഡി.എഫ്./എൽ.ഡി.എഫ്. മന്ത്രിമാർ നേരിട്ട് പോയി കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തുമ്പോൾ നമ്മുടെ അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുമായിരുന്നു. മുൻകാലങ്ങളിലെ എല്ലാ മന്ത്രിമാരും കേന്ദ്രവുമായി ചർച്ച നടത്തിയതിന്റെ ഫലമായി ഇങ്ങനെ അരി കിട്ടിയിട്ടുണ്ട്. ഈ മന്ത്രിമാത്രം പോകുമ്പോൾ എന്തുകൊണ്ട് അരി കിട്ടുന്നില്ല. എഫ്.സി.ഐ.-യുടെ സ്റ്റോക്ക് എത്രമാത്രമാണെന്ന് ആർക്കാണ് അറിയാത്തത്. എഫ്.സി.ഐ.-യുടെ അരി പുഴുവരിച്ചുപോകുകയും കടലിൽ കെട്ടിത്താഴ്ത്തുകയും അന്യരാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുകയുമാണ് ചെയ്യുന്നത്. എന്നിട്ടാണ് നമുക്ക് കിട്ടാത്തത്. ഇപ്പോഴത്തെ അവസ്ഥ ഇതാണ്. മുൻപ് കിട്ടിയിരുന്നു, ഇപ്പോൾ നമുക്ക് തരുന്നില്ല. എഫ്.സി.ഐ.-യെ നമ്മുടെ ആവശ്യം കൃത്യമായി ബോധ്യപ്പെടുത്തിയിരുന്നെങ്കിൽ അഡ്ഹോക് അലോട്ട്മെന്റ് കിട്ടുമായിരുന്നു. അത് കിട്ടുന്നില്ലെന്നുള്ളത്കൊണ്ടാണ് ഈ അവസ്ഥയിൽ എത്തിയത്. ക്യാരിഓവർ സ്റ്റോക്കുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അത് നമ്മുടെ സ്റ്റോക്കിന്റെ 40 ശതമാനത്തോളം വരും. എ.എ.വൈ. വിഭാഗത്തിൽ പെട്ടവരും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരും വാങ്ങാത്ത അരി ഉപയോഗിച്ച് നമുക്ക് മാനേജ് ചെയ്യാൻ സാധിക്കുമായിരുന്നു. ഇത് വച്ചാണ് ഇത്രയും ദിവസം മുന്നോട്ടുപോയത്. അത് പൂർണ്ണമായി ഡ്രെയിനൗട്ട് ചെയ്ത് പോയിക്കഴിഞ്ഞു. ഇനി ഒരു നെൽമണി അരി ബാക്കിയില്ലാത്ത അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോയിക്കഴിഞ്ഞു. ആ അവസ്ഥ വരുത്തിവച്ചത് ഈ ഗവൺമെന്റിന്റെ പിടിപ്പുകേടാണ്

എന്ന് പറയാതിരിക്കാൻ പറ്റുമോ. ഞാൻ കക്ഷി രാഷ്ട്രീയത്തിന്റെ ഭാഗമായി ആരോപണങ്ങൾ വെറുതെ ഉന്നയിക്കുകയല്ല. പക്ഷേ ഇക്കാര്യത്തിൽ പ്രകടമായ ഒരു വീഴ്ച കാണുന്നുണ്ട്. ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞു ഇത് മുഴുവൻ എൻ.എഫ്.എസ്.എ. ഉണ്ടാക്കിയതാണെന്ന്. എൻ.എഫ്.എസ്.എ.-യുടെ ഭാഗമായാണ് ഈ പ്രതിസന്ധി മുഴുവൻ ഉണ്ടാകുന്നതെങ്കിൽ എങ്ങനെയാണ് മണ്ണെണ്ണയുടെ അളവിൽ കുറവ് വന്നത്. മണ്ണെണ്ണയും എൻ.എഫ്.എസ്.എ.-യും തമ്മിൽ ബന്ധമില്ലല്ലോ. മണ്ണെണ്ണ പെട്രോളിയം വകുപ്പിന്റെ കീഴിലല്ലേ. ഓരോ മാസവും അര ലിറ്റർ വീതം കൊടുത്തിരുന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു ലിറ്ററാക്കിയിരുന്നു. ഇപ്പോൾ വെറും 350 മില്ലീ ലിറ്റർ മണ്ണെണ്ണ മാത്രമാണ് സാധാരണക്കാർക്ക് കൊടുക്കുന്നത്. ഇത് ഭക്ഷ്യഭദ്രതാ നിയമവുമായി ബന്ധപ്പെട്ടതാണോ......(ബഹളം)...

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ....യെസ്....അങ്ങ് സംസാരിക്കൂ.

ശ്രീ. വി. ടി. ബൽറാം: സർ, 1980 മുതൽ മത്സ്യത്തൊഴിലാളികൾക്ക് നമ്മൾ മണ്ണെണ്ണ കൊടുക്കുന്നുണ്ട്. ഇത് വകമാറ്റി ചെലവഴിക്കലാണെന്ന് പറയാൻ പറ്റില്ല. ഇത് കേന്ദ്രത്തെ നമുക്ക് പറഞ്ഞ് ബോധ്യപ്പെടുത്താൻ സാധിച്ചിരുന്നു. എന്നാൽ ഇപ്പോൾ അതിന് കഴിയുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഈ പ്രശ്നമുണ്ടായത്.........(ബഹളം)....

മി. സ്പീക്കർ: പ്ലീസ്....നിങ്ങൾ നിശ്ശബ്ദരായിരിക്കൂ, അദ്ദേഹം സംസാരിക്കട്ടെ.

10.00 AM]

ശ്രീ. വി. ടി. ബൽറാം: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് മുൻപ് വരെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മുപ്പതിനായിരം കിലോലിറ്റർ മണ്ണെണ്ണ നമുക്ക് ലഭിച്ചിരുന്നു. ഇപ്പോൾ 16900 കിലോ ലിറ്റർ ആണ് ലഭിക്കുന്നത്. അത് പകുതിയോളമായി കുറഞ്ഞിരിക്കുന്നു, നാല്പത്-നാല്പത്തിയഞ്ച് ശതമാനം കുറവ് വന്നു. കഴിഞ്ഞ ദിവസം ശ്രീ. ഹൈബി ഈഡൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നം അടിയന്തരപ്രമേയമായി ഇവിടെ അവതരിപ്പിച്ചു. നമ്മുടെ നാട്ടിലെ മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ വേണ്ടി പി.ഡി.എസ്.-ൽ കിട്ടുന്ന മണ്ണെണ്ണ അവർക്ക് കൊടുക്കാറുണ്ട്. അത് കേന്ദ്ര ഗവൺമെന്റിനെ പറഞ്ഞ് ബോധ്യപ്പെടുത്താൻ നാളിതുവരെ നമുക്ക് സാധിച്ചിരുന്നു. കേന്ദ്രത്തിൽ കോൺഗ്രസ് ഗവൺമെന്റുകൾ മാത്രമായിരുന്നില്ല. പല മുന്നണി ഗവൺമെന്റുകളും മാറി മാറി ഭരിച്ചിട്ടുണ്ട്. അപ്പോഴൊക്കെ നമ്മൾ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്താൻ ശ്രമിച്ചിരുന്നു. പക്ഷേ ഇപ്പോൾ അതിന് സാധിക്കുന്നി ല്ലെന്നുള്ളതുകൊണ്ടാണ് മണ്ണെണ്ണ വിഹിതം പകുതിയോളം വെട്ടിക്കുറച്ചിരിക്കുന്നത്.

ഇത് ദേശീയ ഭക്ഷ്യഭദ്രതാ നിയമവുമായി ബന്ധപ്പെട്ടതല്ല. ദേശീയ ഭക്ഷ്യഭദ്രതാ നിയമ പ്രകാരമുള്ള അരി നവംബർ മാസത്തിലെങ്കിലും കിട്ടുമെന്നുള്ളതിന് യാതൊരു ഉറപ്പുമില്ല. അരി ലഭിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എഫ്.സി.ഐ.-യിൽ അടയ്ക്കേണ്ട പണം ഇതുവരെ അടച്ചിട്ടില്ല. ഈ മേഖലയിൽ പൂർണ്ണമായ സ്തംഭനാവസ്ഥ നിലനിൽക്കുകയാണ്. റേഷൻ വ്യാപാരികളും മൊത്ത വ്യാപാരികളും സപ്ലൈകോ ജീവനക്കാരും സമരത്തിലാണ്. മാവേലി സ്റ്റോറുകളിൽപ്പോലും ആവശ്യത്തിന് സാധനങ്ങൾ ഇല്ലെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. പൊതു വിതരണ മേഖല പൂർണ്ണമായും സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുകയാണ്. റേഷൻ കാർഡിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. റേഷൻ കാർഡിന്റെ അവസ്ഥ എന്താണെന്ന് നമുക്കറിയാം. കഴിഞ്ഞ ദിവസം മനോരമ ചാനലിൽ ഒരു വാർത്ത വന്നു. മലപ്പുറത്ത് എടപ്പാളിൽ, ബഹുമാന്യനായ ഡോ. കെ. ടി. ജലീലിന്റെ നാട്ടിൽ, സെറീന വില്യംസിന് റേഷൻ കാർഡ് ഇഷ്യു ചെയ്തിരിക്കുകയാണ്. .....(ബഹളം).....

മി. സ്പീക്കർ : പ്ലീസ് എന്താണിത് ...... പറഞ്ഞവസാനിപ്പിക്കു.....അങ്ങ് അവസാനിപ്പിക്കു.......

ശ്രീ. വി. ടി. ബൽറാം : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. അമേരിക്കൻ ബോക്സിംഗ് ഇതിഹാസം മുഹമ്മദാലി എന്നു കേട്ടപ്പോൾ അപ്പുറത്തുള്ള മുൻ മന്ത്രി മലപ്പുറത്തുള്ള ഏതോ മുഹമ്മദാലിയെക്കുറിച്ച് പറഞ്ഞു .......(ബഹളം).......

മി. സ്പീക്കർ : പാവപ്പെട്ടവരുടെ റേഷനും മുഹമ്മദാലിയും തമ്മിൽ എന്താണ് ബന്ധം? കാര്യങ്ങളെല്ലാം ഭംഗിയായി അവതരിപ്പിച്ചതിനുശേഷം ....... (ബഹളം)...

ശ്രീ. വി. ടി. ബൽറാം: സർ, പാവപ്പെട്ട വീട്ടമ്മയായ സെറീനയ്ക്ക് കൊടുക്കുന്നത് സെറീന വില്യംസ് എന്ന ടെന്നീസ് താരത്തിന്റെ റേഷൻ കാർഡാണ്. ഇങ്ങനെയുള്ള ഒരവസ്ഥയിലേക്ക് കാര്യങ്ങൾ പോകുമ്പോൾ, ഒട്ടും അവധാനതയില്ലാതെ ഈ മേഖല കൈകാര്യം ചെയ്യുമ്പോൾ .....(ബഹളം)....... ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ് .....(ബഹളം)... ...

മി. സ്പീക്കർ : ദയവായി ഇരിക്കു. പ്ലീസ്.... നാലു ജില്ലകളുടെ കാര്യം പറയുമ്പോൾ സെറീന വില്യംസിന്റെ കാര്യത്തിലേക്ക് പോകണോ ....(ബഹളം)..... നിങ്ങൾ എല്ലാവരും ഇരിക്കു. കാര്യങ്ങളെല്ലാം ഭംഗിയായി പറഞ്ഞിട്ട് സെറീന വില്യംസിന്റെ കാര്യത്തിലേക്ക് പോകേണ്ടതുണ്ടോ .....

ശ്രീ. വി. ടി. ബൽറാം : സർ, എനിക്ക് കൺക്ലൂഡ് ചെയ്യാനുള്ള സമയം തന്നാൽ മതി.

മി. സ്പീക്കർ : നാലു ജില്ലകളിലെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട കാര്യമാണ് അടിയന്തരപ്രമേയമായി എഴുതിത്തന്നത്. എടപ്പാളിലെ കാര്യമൊന്നും ഇവിടെ എഴുതി തന്നിട്ടില്ല. എടപ്പാൾ ഈ ജില്ലകളിലൊന്നും ഉൾപ്പെടുന്ന സ്ഥലമല്ല. മാന്യമായിട്ട് കാര്യങ്ങൾ പറഞ്ഞതിനുശേഷം.....

ശ്രീ. വി. ടി. ബൽറാം : സർ, റേഷൻ കാർഡിനെക്കുറിച്ചാണ് പറഞ്ഞത്. ഈ വിഷയത്തിൽപ്പെട്ട കാര്യമാണ്. റേഷൻ കാർഡിന്റെ അപാകതകളെ കുറിച്ചാണ് പറയുന്നത്. ....(ബഹളം)... ഇത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമല്ലേ; ഇത്ര അലംഭാവത്തോടെ ഈ വിഷയം കൈകാര്യം ചെയ്യാൻ പാടുണ്ടോ? എത്ര അധികം ആളുകൾ, ആയിരക്കണക്കിന് അമ്മമാർ, കുട്ടികൾ എത്ര മണിക്കൂർ ക്യൂ നിന്നിട്ടാണ് അപേക്ഷ കൊടുക്കുന്നത്.

മി. സ്പീക്കർ : അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. ടി. ബൽറാം : സർ, മറ്റു തർക്കത്തിലേയ്ക്ക് പോകുന്നില്ല. റേഷൻ കാർഡിന്റെ കാര്യത്തിൽ .......(ബഹളം)....

മി. സ്പീക്കർ : അങ്ങ് ദയവായി ഒന്ന് കൺക്ലൂഡ് ചെയ്യൂ. ....ബഹളം ...... (ബഹളം)..... ശ്രീ. ഹൈബി ഈഡൻ പരിധി വിടരുത്; ...പ്ലീസ്....

ശ്രീ. വി. ടി. ബൽറാം : സർ, ഞാനെന്ത് പറയണമെന്ന് ചെയറിൽ നിന്നോ അവിടെ നിന്നോ ഡിക്റ്റേഷൻ വരുന്ന ഒരു അനുഭവമുണ്ടാകരുത്.

മി. സ്പീക്കർ : ചെയറിനെയും അവരെയും ഒരുമിച്ച് താരതമ്യം ചെയ്ത് സംസാരിക്കരുത്. അതിന്റെ ആവശ്യമില്ല. നിങ്ങൾ എഴുതി തന്നത് നാലു ജില്ലകളിലെ പ്രശ്നങ്ങളാണ്. നാലു ജില്ലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംസാരിക്കണമെന്നാണ് ചെയർ പറഞ്ഞത്. അങ്ങ് മാന്യമായി എല്ലാം സംസാരിച്ച് അവസാനിപ്പിച്ചിട്ട് മറ്റു പ്രശ്നങ്ങളിലേക്ക് പോകണ്ട എന്നാണ് പറഞ്ഞത്.

ശ്രീ. വി. ടി. ബൽറാം : സർ, ഗവൺമെന്റിന് ഈ കാര്യത്തിൽ നയപരമായ തീരുമാനമുണ്ടാകും. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റ് ഈ കാര്യത്തിൽ വലിയ പ്രിപ്പറേഷനുമായി മുന്നോട്ടുപോയി. കരട് ലിസ്റ്റ് തയ്യാറാക്കി. പക്ഷേ, അത് താലൂക്കടിസ്ഥാനത്തിലായിരുന്നു. അത് ഈ ഗവൺമെന്റ് വന്നപ്പോൾ

മാറ്റി. അതിനുള്ള ഗവൺമെന്റിന്റെ അവകാശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അങ്ങനെ നയപരമായ തീരുമാനമെടുക്കാൻ പുതിയ ഗവൺമെന്റിന് അധികാരമുണ്ട്. പക്ഷേ ഈ വിവരം കേന്ദ്ര സർക്കാരിനോട് പറഞ്ഞ് ബോദ്ധ്യപ്പെടുത്തേണ്ട ചുമതല സംസ്ഥാന ഗവൺമെന്റിനുണ്ട്. ഇത്രയും നാൾ തുടർന്നുവന്ന കാര്യങ്ങൾക്ക് വിഭിന്നമായി പുതിയ തലത്തിലേയ്ക്ക്, കൂടുതൽ കുറ്റമറ്റ തലത്തിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നു, അതുകൊണ്ട് ഒന്നോ രണ്ടോ മാസം കൂടി സമയം നീട്ടി തരണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമായിരുന്നു. സമയം നീട്ടിത്തരണം എന്നുപറഞ്ഞാൽ മനസ്സിലാകാത്ത ആളുകളാണോ കേന്ദ്രത്തിലുള്ളത്. അക്കാര്യത്തിൽ ഗൗരവപൂർവ്വമായ ഒരു ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇതുവരെ ഉണ്ടായില്ല എന്നുള്ളതുകൊണ്ടാണ് ഈ ഗുരുതരമായിട്ടുള്ള സാഹചര്യം ഇവിടെ ഉണ്ടായിട്ടുള്ളത്. ദശലക്ഷക്കണക്കിന് മനുഷ്യർ പട്ടിണിയിലേയ്ക്ക് നീങ്ങുന്ന ഒരവസ്ഥ, ഈ ഗവൺമെന്റിന്റെ അലംഭാവം കാരണം കേരളത്തിൽ വന്നുചേർന്നിരിക്കുന്ന സാഹചര്യം അതീവ ഗൗരവത്തോടുകൂടി കണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ, ഒക്ടോബർ മാസത്തിൽ എ.എ.വൈ. ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് അരിയൊന്നും കൊടുക്കാനില്ല. അതെല്ലാം സമ്പൂർണ്ണമായി വിതരണം ചെയ്തു കഴിഞ്ഞതാണ്. അദ്ദേഹത്തിന് എവിടെ നിന്നാണ് ഈ കണക്ക് കിട്ടിയതെന്നറിയില്ല. എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് കൊടുക്കാനുള്ള അരിയുടെ വിതരണത്തിലാണ് അല്പം കാലതാമസമുണ്ടായത്. ..(ബഹളം)... ഞാൻ പറയട്ടെ, നിങ്ങൾ പറയുന്നത് മുഴുവൻ ഞാൻ കേട്ടിരുന്നല്ലോ. ഇനി ഞാൻ പറയട്ടെ. ....(ബഹളം)....

മി. സ്പീക്കർ : എന്താണിത്....അങ്ങ് സംസാരിക്കുമ്പോൾ മന്ത്രി എഴുന്നേറ്റില്ലല്ലോ, മന്ത്രി പറയട്ടെ. .....(ബഹളം).... മന്ത്രിക്ക് പറയാനുള്ള അവകാശം ഞാൻ സംരക്ഷിച്ചുകൊടുത്തുകൊള്ളാം. പ്ലീസ് ...... മന്ത്രിക്ക് ചെയർ സംരക്ഷണം കൊടുത്തുകൊള്ളാം; നിങ്ങളുടെ സംരക്ഷണം വേണ്ട.

ശ്രീ. പി. തിലോത്തമൻ : സർ, ഞാൻ കാര്യങ്ങൾ പറഞ്ഞാൽ നിങ്ങൾക്ക് പ്രയാസമുണ്ടാകും. ബഹളമുണ്ടാക്കിയിട്ട് ഒരു കാര്യവുമില്ല, ഞാൻ പറയുകതന്നെ ചെയ്യും. നിങ്ങൾ ശബ്ദമെടുത്താൽ ഇരട്ടി ശബ്ദത്തിൽ ഞാൻ പറയും. അതുകൊണ്ട് എന്നെ പേടിപ്പിക്കുകയൊന്നുംവേണ്ട. എ.എ.വൈ., ബി.പി.എൽ. വിഭാഗക്കാർക്ക്

ഒക്ടോബർ മാസം കൊടുക്കേണ്ട അരി സമ്പൂർണ്ണമായി വിതരണം ചെയ്തുകഴിഞ്ഞു. എ.പി.എൽ. വിഭാഗത്തിനുള്ള അരി വിഹിതം വിതരണം ചെയ്യുന്നതിലാണ് കാലതാമസമുണ്ടായത്. കേന്ദ്രസർക്കാർ ആനുകൂല്യങ്ങളെല്ലാം വെട്ടിക്കുറച്ചപ്പോൾ എ.പി.എൽ. വിഭാഗത്തിനുള്ള വിഹിതം 22 രൂപയ്ക്ക് വാങ്ങിക്കൊടുക്കണമായിരുന്നു. എന്നാൽ ഒക്ടോബർ 6-ാം തീയതി ഞങ്ങൾ ഡൽഹിയിൽ പോയി വളരെ ശക്തമായി ഇടപെട്ടതിനെത്തുടർന്ന് ഒക്ടോബർ 25-ന് പഴയ ആനുകൂല്യത്തോടെ എ.പി.എൽ. കാർഡുടമകൾക്കുള്ള അരി വിതരണം പുന:സ്ഥാപിക്കാൻ കഴിഞ്ഞു. അതിനെക്കുറിച്ച് ഈ സഭയിൽത്തന്നെ ഞാൻ പറഞ്ഞതാണ്. ഞങ്ങൾ പോയാൽ അരി കിട്ടില്ല, കഴിഞ്ഞ ഭക്ഷ്യ വകുപ്പുമന്ത്രി പോയാൽ അരി കിട്ടും എന്നുപറയുന്നത് വസ്തുതാപരമായി ശരിയല്ല. പഴയ ഭക്ഷ്യ വകുപ്പുമന്ത്രി എല്ലാ ആഴ്ചയിലും അവിടെ ചെല്ലുമായിരുന്നു എന്ന് കഴിഞ്ഞ ആഴ്ച ഡൽഹിയിൽ പോയപ്പോൾ കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി പറഞ്ഞു. എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതിന് അവധി ചോദിക്കാനാണ് അദ്ദേഹം എല്ലാ ആഴ്ചയിലും പോയിരുന്നത്. എല്ലാ ആഴ്ചയിലും അദ്ദേഹം അവധി ചോദിച്ചുകൊണ്ട് വരുമായിരുന്നു എന്നാണ് കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രി പറഞ്ഞത്. ......(ബഹളം)......

<u>മി. സ്പീക്കർ</u> : അദ്ദേഹം പറയട്ടെ.......പ്ലീസ്

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, എൻ.എഫ്.എസ്.എ. ഏപ്രിൽ ഒന്ന് മുതൽ കേരളത്തിൽ നടപ്പാക്കും എന്നുപറഞ്ഞാണ് അദ്ദേഹം ഏറ്റവും ഒടുവിൽ ഡൽഹിയിൽ നിന്നും പോന്നത്. ഏപ്രിൽ ഒന്ന് എന്നുപറയുന്നത് നിങ്ങളുടെ കാലത്ത് ആയിരുന്നില്ലേ; എന്തുകൊണ്ടാണ് അന്ന് ഈ നിയമം നടപ്പാക്കാതിരുന്നത്? ...(ബഹളം).... അതുകൊണ്ട് .... ഞാനൊന്ന് പറഞ്ഞോട്ടെ...... നിങ്ങൾ ഒരുപാട് പറഞ്ഞല്ലോ..

<u>മി. സ്പീക്കർ</u> : അങ്ങ് ചെയറിനോട് സംസാരിക്കു.....

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, ഭക്ഷ്യസുരക്ഷാ നിയമം ഏപ്രിൽ ഒന്നിന് കേരളത്തിൽ നടപ്പിലാക്കുമെന്നാണ് അവസാനമായി ഡൽഹിയിൽ പോയി വന്നപ്പോൾ പറഞ്ഞത്. മാത്രമല്ല, ഏപ്രിൽ മാസം നിയമം നടപ്പിലാക്കുമെന്ന് പറഞ്ഞ് സുപ്രീംകോടതിയിൽ കേരള ഗവൺമെന്റ് അഫിഡവിറ്റ് കൊടുക്കുകയും ചെയ്തു. എന്നാൽ നടപ്പിലാക്കാൻ സാധിച്ചില്ല. അങ്ങനെ നിയമം നടപ്പിലാക്കാൻ വേണ്ട മുഴുവൻ നടപടിക്രമങ്ങളും ചെയ്യേണ്ട ബാധ്യത ഈ ഗവൺമെന്റിൽ നിക്ഷിപ്തമായി. അതുകൊണ്ടാണ് ഞങ്ങൾ ആറുമാസക്കാലാവധി വേണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത്. അതിന്മേലുള്ള കേന്ദ്രനിലപാടാണ്

കഴിഞ്ഞ ദിവസങ്ങളിലും ഇപ്പോഴും ഞാൻ ഇവിടെ പറഞ്ഞത്. അങ്ങനെ സമയം നീട്ടിത്തരുന്ന യാതൊരു പ്രശ്നവുമില്ലെന്നും നവംബർ ഒന്ന് മുതൽ എൻ.എഫ്.എസ്.എ. പ്രകാരം അരി വിതരണം ചെയ്യണമെന്നുമുള്ള നിലപാടിലാണ് കേന്ദ്ര സർക്കാർ. അതുപ്രകാരമാണ് നവംബർ ഒന്നുമുതൽ അരി നൽകണമെന്ന് നിശ്ചയിച്ചത്. ...... (ബഹളം)....

മി. സ്പീക്കർ : പ്ലീസ്.....ബഹുമാനപ്പെട്ട മന്ത്രി, കമന്റുകൾക്കൊന്നും അങ്ങ് മറുപടി പറയേണ്ട.

ശ്രീ. പി. തിലോത്തമൻ: സർ, എൻ.എഫ്.എസ്.എ. നടപ്പാക്കിയാൽ അഡ്ഹോക്ക് അലോട്ട്മെന്റ് ഇല്ല. അഡ്ഹോക്ക് അലോട്ട്മെന്റ് ഓണത്തിനുമുമ്പ് നിർത്തി. ഈ നിയമം നടപ്പാക്കാത്തതിന്റെ പേരിൽ കേന്ദ്രസർക്കാർ നമുക്ക് തന്ന ആദ്യത്തെ ശിക്ഷയാണിത്. ആ ശിക്ഷ ഏറ്റുവാങ്ങേണ്ട ഉത്തരവാദിത്തം ഈ സർക്കാരിനല്ല. കഴിഞ്ഞ സർക്കാരാണ് അത് ഏറ്റുവാങ്ങേണ്ടിയിരുന്നത്. ജൂലൈ 5-ന് പാർലമെന്റ് എൻ.എഫ്.എസ്.എ. ആക്ട് പാസ്സാക്കി. ഇക്കഴിഞ്ഞ ഏപ്രിൽ മാസംവരെയുള്ള മൂന്ന് വർഷക്കാലം ലഭിച്ചിട്ട് നിങ്ങൾ ഒന്നും ചെയ്യാതിരുന്നതുകൊണ്ടാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടായത്. ആറ് മാസം കൂടി കാലാവധി നീട്ടി നൽകിയാൽ ബാക്കി പ്രൊസീഡ്യുവർ എല്ലാം പൂർത്തീകരിക്കാമെന്നും എൻ.എഫ്.എസ്.എ. കൃത്യമായി നടപ്പിലാക്കാമെന്നും ഞങ്ങൾ കേന്ദ്രസർക്കാരിനോട് പറഞ്ഞെങ്കിലും അവർ സമ്മതിച്ചില്ല. കാരണം അവധി വാങ്ങുന്ന ജോലിയായിരുന്നു കേരള സംസ്ഥാനത്തിന് ഇതുവരെ ഉണ്ടായിരുന്നത് എന്നാണ് കേന്ദ്ര സർക്കാർ പറഞ്ഞത്. അതുകൊണ്ട് ഇനി ആ അവധി ലഭിക്കില്ല, നവംബർ ഒന്നുമുതൽ നിങ്ങൾ അരി കൊടുത്തേ മതിയാകൂ എന്നാണ് പറഞ്ഞത്. അവധി വാങ്ങുന്ന ഒരു സർക്കാരായിരുന്നു കഴിഞ്ഞ സർക്കാർ എന്ന് ഞാൻ പറയുന്നില്ല. ഇവിടെ നടന്നത് അതാണ്. .......(ബഹളം)...... ഇപ്പോൾ എന്തെങ്കിലും പ്രയാസമുണ്ടായിട്ടുണ്ടെങ്കിൽ അത് കഴിഞ്ഞ സർക്കാരിന്റെ തലയിൽ വച്ചാൽ മതി, ഇങ്ങോട്ട് വയ്ക്കേണ്ട കാര്യമില്ല. എല്ലാ പ്രയാസങ്ങളുടെയും ഉത്തരവാദിത്തം കഴിഞ്ഞ സർക്കാരിനാണ്. മൂന്നുവർഷം കിട്ടിയിട്ടും ആകെ ചെയ്തത് ......(ബഹളം ) .....

മി. സ്പീക്കർ: ....പ്ലീസ്.......പ്ലീസ്.....

ശ്രീ. പി. തിലോത്തമൻ: ......(ബഹളം).....ശ്രീ. അനൂപ് ജേക്കബ്, ഞാൻ പറഞ്ഞ് അവസാനിപ്പിച്ചതിനുശേഷം പറയാം. ......(ബഹളം ).....

മി. സ്പീക്കർ: ....പ്ലീസ്.......പ്ലീസ്.....ശ്രീ. കെ. എസ്. ശബരീനാഥൻ...... മന്ത്രി സംസാരിക്കുമ്പോൾ ഇങ്ങനെ ചെയ്യുന്നത് ശരിയാണോ? ....പ്ലീസ്....... പ്ലീസ്..... ഇരിക്കൂ. ശ്രീ. അൻവർ സാദത്ത് പൊതുവേ ശാന്തനാണല്ലോ, ഇന്ന് എന്തുപറ്റി? ഇന്ന് അവസാന ദിവസം ആയതുകൊണ്ടാണോ എല്ലാവരും ബഹളംവയ്ക്കുന്നത്? ....പ്ലീസ്.......പ്ലീസ്..... എല്ലാവരും ഇരിക്കൂ.

ശ്രീ. പി. തിലോത്തമൻ: സർ, കേരളത്തിന്റെ റേഷൻ വിതരണത്തെ സംബന്ധിച്ചും 1957 മുതൽ സംസ്ഥാന നിയമസഭയിൽ നടന്ന ചർച്ചകളെ ക്കുറിച്ചുമാണ് അടിയന്തരപ്രമേയം അവതരിപ്പിച്ച അംഗം പറഞ്ഞത്. അത് ശരിയാണ്. ഭക്ഷ്യകമ്മി നേരിടുന്ന സംസ്ഥാനമാണ് കേരളം. നാം അരി ആഹാരം കഴിക്കുന്നവരാണ്. പക്ഷേ ആ അരി നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കുന്നില്ല. നിങ്ങൾ നാണ്യവിളകളിൽ കേന്ദ്രീകരിക്കൂ, നിങ്ങൾക്കാവശ്യമായ ധാന്യങ്ങൾ കേന്ദ്രസർക്കാർ നൽകുമെന്നാണ് പറഞ്ഞത്. സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനത്തിന്റെ തുടക്കം അവിടെയാണ്. 1990-കളിൽ നടന്ന ചർച്ചകളുടെ ഫലമായി 1996-ൽ ടാർജറ്റഡ് ഡിസ്ട്രിബ്യൂഷൻ ആയത് ആരുടെ തീരുമാനപ്രകാരമാണ്? ശ്രീ. വി. ടി. ബൽറാം ഇതുകൂടി ആലോചിച്ചാൽ മതിയാകും. സാർവ്വത്രിക റേഷൻ സമ്പ്രദായത്തിന് മാറ്റമുണ്ടായത് 1996 കാലഘട്ടത്തിലാണ്......(ബഹളം)......

മി. സ്പീക്കർ: .......പ്ലീസ്...........

ശ്രീ. പി. തിലോത്തമൻ: സർ, 1996-ൽ ശ്രീ. എ. കെ. ആന്റണി കേന്ദ്രമന്ത്രി ആയിരിക്കുമ്പോഴാണ് ടാർജറ്റഡ് ഡിസ്ട്രിബ്യൂഷൻ സമ്പ്രദായം നിലവിൽ വന്നത്. അതിനുശേഷം ദരിദ്രരിൽനിന്നും വീണ്ടും ദരിദ്രരെ, പാവങ്ങളിൽനിന്നും വീണ്ടും പാവങ്ങളെ തേടിയുള്ള യാത്ര തുടങ്ങിയത് കേന്ദ്രത്തിൽ കോൺഗ്രസ്സ് ഭരിക്കുന്ന സന്ദർഭത്തിലാണ്. അങ്ങനെയാണ് എ.എ.വൈ. വിഭാഗം ഉണ്ടായത്. സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം, സാർവ്വത്രികമായ റേഷൻ സംവിധാനം തുടങ്ങിയവയിലൊക്കെ മാറ്റമുണ്ടാക്കാൻ ഏറ്റവും വലിയ പങ്ക് നിങ്ങൾ വഹിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ എൻ.എഫ്.എസ്.എ. ആക്ട് കൊണ്ടുവന്നത് ആരാണ്? നമ്മുടെ ഈ സഭയിലെ ഒരു മുൻ അംഗം, കേരളത്തിൽ ഒരു മന്ത്രിയായിരുന്ന, പിന്നീട് കേന്ദ്രത്തിലെ മന്ത്രിയായ ശ്രീ. കെ. വി. തോമസ് കൊണ്ടുവന്നതാണ് ഈ നിയമം. ആ നിയമം കൊണ്ടുവരികയും 16.01 ലക്ഷം മെട്രിക് ടൺ അരി ലഭിക്കേണ്ട സ്ഥാനത്ത് 14.25 ലക്ഷം മെട്രിക് ടണ്ണിലേയ്ക്ക് താഴ്ന്നതും നിങ്ങളുടെ പിടിപ്പുകേടുകൊണ്ടാണ്. അതാണ് കഴിഞ്ഞ ദിവസം ഞാൻ പറഞ്ഞത്. .........(ബഹളം)..........

മി. സ്പീക്കർ: ........പ്ലീസ്.......പ്ലീസ്...........ഇരിക്കൂ.

ശ്രീ. പി. തിലോത്തമൻ: സർ, ഞാൻ അത് വായിക്കാം. ......(ബഹളം)......... ഞാൻ പറയട്ടെ. അത് പറയാതെ പോകുന്ന പ്രശ്നമില്ല. ......(ബഹളം).........

മി. സ്പീക്കർ: ........പ്ലീസ്.......പ്ലീസ്...........എന്തിനാണ് നിങ്ങൾ എഴുന്നേറ്റ് നിൽക്കുന്നത്? മന്ത്രിയെ മറുപടി പറയാൻ അനുവദിക്കൂ. ദയവായി എല്ലാവരും സീറ്റിലിരിക്കൂ.

ശ്രീ. പി. തിലോത്തമൻ: സർ, നിങ്ങൾ ഇതൊക്കെ എന്നെക്കൊണ്ട് പറയിപ്പിക്കുകയാണ്. .........(ബഹളം)........ 29-7-2013-ൽ കേന്ദ്രസർക്കാർ അയച്ച കത്തിൽ ശ്രീ. അനൂപ് ജേക്കബ് ഇനിഷ്യൽ ചെയ്തിട്ടുണ്ട്. അതാണ് എന്റെ കയ്യിലുള്ളത് ..........(ബഹളം)........

മി. സ്പീക്കർ: എന്താണ് പ്രതിപക്ഷ നേതാവിന് പറയാനുള്ളത്?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിലെ ജനങ്ങൾക്ക് അരി ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി രാഷ്ട്രീയ പ്രസംഗമാണ് നടത്തുന്നത്.......(ബഹളം)........

മി. സ്പീക്കർ: ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് മന്ത്രിക്ക് മറുപടി പറയണ്ടേ? അങ്ങ് സംസാരിക്കൂ.

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് സർവ്വശ്രീ. രമേശ് ചെന്നിത്തല, പി.കെ. കുഞ്ഞാലിക്കുട്ടി, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. തിലോത്തമൻ: സർ, ഇത് രാഷ്ട്രീയമൊന്നുമല്ല. ........(ബഹളം)........ കേരളത്തിൽ അരി ലഭിക്കാത്തതിന്റെ കാരണങ്ങളാണ്, കേരളത്തിന്റെ അരി വിഹിതം കേന്ദ്രസർക്കാർ വെട്ടിക്കുറച്ച കാര്യമാണ് പറഞ്ഞത്. രാഷ്ട്രീയമായി ഒന്നും പറഞ്ഞില്ല. 2013 ജൂലൈ 29-ാം തീയതി കേന്ദ്രം എൻ.എഫ്.എസ്.എ. പ്രകാരം കേരളത്തിന്റെ വിഹിതം 14.25 ലക്ഷം മെട്രിക് ടൺ അരിയായി നിജപ്പെടുത്തിയതിന്റെ സാഹചര്യം വിശദീകരിച്ചുകൊണ്ട് കത്ത് അയച്ചിട്ടുണ്ട്. അതിലാണ് അന്നത്തെ ഭക്ഷ്യവകുപ്പുമന്ത്രിയായ ശ്രീ. അനൂപ് ജേക്കബ് ഇനിഷ്യൽ ചെയ്തിട്ടുള്ളത്. ആ കത്താണ് എന്റെ കയ്യിലുള്ളത്. രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങൾക്കും മുൻഗണനാ

പട്ടികയുടെ അടിസ്ഥാനത്തിൽ ശരാശരി 67 ശതമാനം ആനുകൂല്യം ലഭിച്ചപ്പോൾ കേരളത്തിന്റെ ആനുകൂല്യം 46 ശതമാനമായി കുറഞ്ഞത് ഈ കഴിവുകേടിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. അതാണ് ഇവിടെ നടന്നത്. ഭക്ഷ്യകമ്മി നേരിടുന്ന ഈ സംസ്ഥാനത്തെക്കുറിച്ച് 1957 മുതൽ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുന്നതും ചർച്ച ചെയ്യതുമായുള്ള വിഷയങ്ങൾ ശ്രീ. വി. ടി. ബൽറാം വിശദീകരിക്കുകയുണ്ടായി. മറ്റ് എല്ലാ സംസ്ഥാനങ്ങളിലും ആൾ ഇന്ത്യാ അടിസ്ഥാനത്തിൽ ശരാശരി 67 ശതമാനം മുൻഗണനാപ്പട്ടികയിൽ ആളുകളെ നിശ്ചയിച്ച് നൽകിയപ്പോൾ കേരളത്തിന് ലഭിച്ചത് വെറും 46 ശതമാനമാണെന്ന് പറയുമ്പോഴാണ് നമ്മുടെ പിടിപ്പുകേട് മനസ്സിലാകുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഒന്നും പോകുന്നില്ല. കേരളത്തിന് ലഭിക്കേണ്ട അർഹതപ്പെട്ട അരി വിഹിതം ചോദിച്ചുവാങ്ങാതെ പിടിപ്പുകേട് മുഴുവൻ കാട്ടി നമ്മളെ ഏതാണ്ട് വല്ലാത്തൊരു പതനത്തിലേയ്ക്ക് എത്തിച്ച് ആ കുറ്റം, ആ ജാള്യത മറയ്ക്കാൻ ഇവിടെ നമ്മളെ പുലഭ്യം പറയുകയാണ്. എ.പി.എൽ.കാർക്കുള്ള അരിവിഹിതം കഴിഞ്ഞ നാളുകളിലൊക്കെ നൽകിയത് അഡ്വാൻസായി വാങ്ങിക്കൊണ്ടാണ്. എന്നാൽ അഡ്വാൻസായി വാങ്ങാൻ ലഭ്യമല്ലാത്തൊരു സാഹചര്യം എൻ.എഫ്.എസ്.എ. നടപ്പാക്കുന്ന അന്തരീക്ഷത്തിലുണ്ടായി. അതുകൊണ്ടാണ് എ.പി.എൽ.-കാർക്കുള്ള അരി വിഹിതം ലഭിക്കാൻ വൈകിയത്. ഇപ്പോൾ അവർക്കുള്ള അരി വിഹിതവും എത്തിച്ചുകഴിഞ്ഞു. ഈ വരുന്ന 14-ാം തീയതി മുതൽ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള അരി എല്ലാ റേഷൻ കടകളിലും വിതരണം ചെയ്യാനുള്ള മുഴുവൻ കാര്യങ്ങളും ഈ ഗവൺമെന്റ് ചെയ്തു. ഇന്നലെ അലോട്ട്മെന്റ് പാസ്സായി. ഇന്നുമുതൽ അരിയുടെ ലിഫ്റ്റിംഗ് തുടങ്ങും. 14-ാം തീയതി അരി വിതരണം ചെയ്യാൻ കഴിയും. ആ വസ്തുത പ്രതിപക്ഷത്തിന് പ്രയാസമുണ്ടാക്കുന്ന കാര്യമാണ്. മൂന്നുവർഷമായി ചെയ്യാതിരുന്ന കാര്യങ്ങൾ ഈ ഗവൺമെന്റ് കേവലം രണ്ടുമാസംകൊണ്ട് നടപ്പാക്കുന്നതിൽ അവർക്ക് പ്രയാസമുണ്ടെന്നതാണ് യാഥാർത്ഥ്യം. ഞാൻ രാഷ്ട്രീയമൊന്നുമല്ല പറഞ്ഞത്. ഇതുമായി ബന്ധപ്പെട്ട യാഥാർത്ഥ്യങ്ങളാണ് പറഞ്ഞത്. എല്ലാ ജനങ്ങളും ഒരുമിച്ച് നിൽക്കേണ്ട സന്ദർഭമാണിത്. മുദ്രാവാക്യം വിളിച്ച് പ്രകടനം നടത്തുന്നത് ന്യായമായ സമീപനമല്ല. അവർ തയ്യാറാക്കിയ ഡാറ്റയിൽ ഞങ്ങൾ മാറ്റം വരുത്തിയില്ല. താലൂക്ക്തല റാങ്കിംഗിനെ സംസ്ഥാനതല റാങ്കിംഗ് എന്നാക്കി മാറ്റിയതേയുള്ളൂ. വേറെ ഒരു കാര്യവും ചെയ്തില്ല. കായിക താരമായ സെറീന വില്യംസ് റേഷൻ കാർഡിൽ കടന്നുകൂടിയിരിക്കുന്നു എന്നു പറഞ്ഞു. സെറീന വില്യംസ് റേഷൻ കാർഡിൽ കടന്നുകൂടിയത് ഇവർ തയ്യാറാക്കിയ ഫോറത്തിന്റെ അടിസ്ഥാനത്തിലാണ്. നമ്മൾ ഫോറം കൊടുക്കുകയോ പൂരിപ്പിച്ച് വാങ്ങുകയോ ചെയ്തിട്ടില്ല. എല്ലാം ഇവർ വാങ്ങി വച്ചിരുന്നതാണ്. അതുകൊണ്ട്

സെറീന വില്യംസോ മറ്റേതെങ്കിലും കായികതാരമോ റേഷൻ കാർഡിൽ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം ഇവർക്കാണെന്ന കാര്യം മറക്കരുത്. ഞാൻ രാഷ്ട്രീയം പറയുന്നില്ല. നമുക്ക് എൻ.എഫ്.എസ്.എ. പ്രകാരം 14.25 ലക്ഷം മെട്രിക് ടൺ അരിയാണ് കിട്ടിയത്. എന്നാൽ 16.01 ലക്ഷം മെട്രിക് ടൺ ആണ് ലഭിക്കേണ്ടത്. അതിനുള്ള അർഹതയുണ്ട്. ഇവിടെ 40 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്നുണ്ട്. അവരുടെ സമ്മർദ്ദം നമ്മുടെ മാർക്കറ്റിലുണ്ടാകുന്നു. അതുകൊണ്ട് മാർക്കറ്റിലെ സമ്മർദ്ദം കുറയ്ക്കാൻ കേന്ദ്രം സഹായിക്കണം. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും മുൻഗണനാപട്ടികയിൽ 67 ശതമാനം പേരെ ഉൾപ്പെടുത്തിയപ്പോൾ കേരളത്തിന് ശരാശരി 46 ശതമാനംപേരെ മാത്രം അനുവദിച്ചതിന്റെ സാംഗത്യം ചോദിച്ചുകൊണ്ട് കത്ത് എഴുതിയിരിക്കുകയാണ്. മാത്രമല്ല, മുഖ്യമന്ത്രിയുൾപ്പെടെ വീണ്ടും അതിൽ ഇടപെടുമെന്ന കാര്യത്തിൽ സംശയമില്ല. കേരള ഗവൺമെന്റ് വളരെ ശക്തിയായി അക്കാര്യത്തിൽ ഇടപെടാൻ തീരുമാനിച്ചിട്ടുണ്ട്, ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ഇടപെടും. കേരളത്തിന് അർഹതപ്പെട്ടത് കേന്ദ്രത്തിൽനിന്ന് കണക്കുപറഞ്ഞ് വാങ്ങാൻ ഞങ്ങളാൽ കഴിയുന്ന രീതിയിൽ ശ്രമിക്കും. ഇവർ വാങ്ങിയതിനേക്കാൾ കൂടുതൽ ധാന്യം നമ്മൾ വാങ്ങുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നവംബർ മാസം മുതൽ അരി കൊടുക്കണമെന്നാണ് കേന്ദ്രം പറഞ്ഞത്. നമ്മൾ അത് ശിരസാ വഹിച്ച് പ്രയാസങ്ങൾ അനവധിയുണ്ടായിട്ടും നവംബർ മാസം മുതൽ എൻ.എഫ്.എസ്.എ. പ്രകാരം അരി വിതരണത്തിനായി ആത്മാർത്ഥമായി ശ്രമിക്കുകയാണ്. മറ്റൊന്ന്, മണ്ണെണ്ണയുടെ വില കൂട്ടിയത് സംബന്ധിച്ചാണ്. മണ്ണെണ്ണയുടെ വില കൂട്ടിയതും വിഹിതം വെട്ടിക്കുറച്ചതും കേന്ദ്ര ഗവൺമെന്റാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ മത്സ്യത്തൊഴി ലാളികൾക്ക് മണ്ണെണ്ണ ലഭിക്കാത്തത് ഒരു പ്രശ്നമായിരുന്നു. ഇന്നലെ കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രി സംസ്ഥാനത്തുണ്ടായിരുന്നു. അദ്ദേഹവുമായി സംസാരിച്ചപ്പോൾ ഇതൊരു പ്രത്യേക പ്രശ്നമായി പരിഗണിച്ച് മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പ്രത്യേകമായി അനുവദിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്.

ശ്രീ. പി. തിലോത്തമൻ: സർ, വളരെ സന്തോഷകരമായ വാർത്തയാണിത്. ഇവിടെ പ്രമേയാവതാരകൻ പറഞ്ഞത് മാവേലി സ്റ്റോറുകളുൾപ്പെടെ പൊതുവിതരണ സമ്പ്രദായമെല്ലാം കുഴപ്പത്തിലായി എന്നാണ്. അദ്ദേഹം കഴിഞ്ഞ അഞ്ച് വർഷവും എവിടെയായിരുന്നു? ഞങ്ങളൊക്കെ സഭയിൽ ഉണ്ടായിരുന്നല്ലോ. ഞങ്ങൾ എത്രയോ പ്രാവശ്യം ഇതെല്ലാം സഭയിൽ ഉന്നയിച്ചിരുന്നു. എന്നാൽ ഈ ഗവൺമെന്റ്

അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യത്തെ ഓണം-ബക്രീദ്-റംസാൻ നാളുകളിൽ കേരളത്തിലെ മാർക്കറ്റുകളിൽ ഒരു ഉല്പന്നത്തിനും ഒരു രൂപയുടെ വിലവിർദ്ധനവുപോലും ഉണ്ടാകാതിരിക്കാൻ കാരണം വളരെ കർക്കശമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചതുകൊണ്ടാണ്. വളരെ സുഭിക്ഷമായ ഓണം കേരളീയർക്ക് പ്രദാനം ചെയ്യാൻ ഇടതുമുന്നണി ഗവൺമെന്റിന് സാധിച്ചെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ അവർക്ക് പ്രയാസമുണ്ടാകും. ഒന്നരലക്ഷം ആദിവാസി കുടുംബങ്ങൾക്കുൾപ്പെടെ ഭക്ഷ്യധാന്യങ്ങൾ കൃത്യമായി വിതരണം ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് പൊതുവിതരണ മേഖല ഇത്രയും ശക്തമായി പ്രവർത്തിക്കുന്ന സന്ദർഭമുണ്ടായത്. സപ്ലൈകോയുടെ ചരിത്രത്തിലാദ്യമായി ഒരു സംസ്ഥാന ഗവൺമെന്റ് 150 കോടി രൂപ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി നൽകുന്നത്. ഈ ഗവൺമെന്റാണെന്ന യാഥാർത്ഥ്യം അവർ തിരിച്ചറിയുന്നുണ്ടോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏത് മാവേലി സ്റ്റോറിൽ ചെന്നാലും ഒരു ഉല്പന്നവും ഇല്ലാത്ത അവസ്ഥയായിരുന്നു, ക്വാളിറ്റിയുള്ള ഉല്പന്നവും ഉണ്ടാകുമായിരുന്നില്ല. ഓണക്കാലത്ത് വിലക്കയറ്റത്തിന്റെ ബുദ്ധിമുട്ടുകളാണ് നമുക്ക് നേരിടേണ്ടി വന്നിട്ടുള്ളത്. ആ ബുദ്ധിമുട്ടുകളൊന്നും ഇപ്പോഴുണ്ടായില്ല. ഇത്തവണ വിലക്കയറ്റമില്ലാത്ത സുഭിക്ഷമായ ഓണമായിരുന്നു എന്ന് എല്ലാവരും സമ്മതിച്ചു. ഈ ഗവൺമെന്റിനാണ് അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത്. എന്നിട്ടാണ് വസ്തുതകളെല്ലാം മറച്ചുവച്ച് സംസാരിക്കാൻ പ്രമേയാവതാരകൻ തയ്യാറായത്. കേരളത്തിലെ പൊതുവിതരണ മേഖലയെ ശക്തിപ്പെടുത്തുകയും റേഷൻ വിതരണം കാര്യക്ഷമമായും സുതാര്യമായും നടത്തുകയും ഈ രംഗത്തുള്ള ക്രമക്കേടുകൾക്ക് അവസാനമുണ്ടാക്കുകയും ചെയ്യും. റേഷൻ ആനുകൂല്യങ്ങൾ കൂടുതൽ ആളുകൾക്ക് കൂടുതൽ അളവിലെത്തിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. കൂടുതൽ ബാധ്യത ഏറ്റെടുത്തുകൊണ്ട് 2 കോടി 76 ലക്ഷം ആളുകൾക്കും സമ്പൂർണ്ണമായി അരി നൽകാനുള്ള തീരുമാനമെടുത്തു. അതാണ് കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞത്. അതുകൊണ്ട് കേരളത്തിലെ പൊതുവിതരണ മേഖലയെ ശക്തിപ്പെടുത്താൻ കൈക്കൊണ്ട ഈ തീരുമാനത്തോടൊപ്പം ആത്മാർത്ഥമായി നിൽക്കേണ്ടതിനുപകരം അതിനെ ചെളി വാരിയെറിയാൻ ശ്രമിക്കുന്നത് കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ടെന്ന യാഥാർത്ഥ്യം അവർ മനസ്സിലാക്കണം. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(സഭവിട്ട് പുറത്തുപോയ യു.ഡി.എഫ്. അംഗങ്ങൾ അല്പസമയത്തിനുശേഷം ഹാജരായി.)

മി. സ്പീക്കർ: ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും ചുരുങ്ങിയ സമയംകൊണ്ട് അവസാനിപ്പിക്കണം. ഇന്ന് രണ്ടാം സമ്മേളനത്തിന്റെ അവസാന ദിവസമായതിനാൽ 20 സബ്മിഷനുകളാണ് നൽകിയിട്ടുള്ളത്. ഒരു മിനിട്ടുകൊണ്ട് അവതരിപ്പിച്ച് രണ്ട് മിനിട്ടുകൊണ്ട് അവസാനിപ്പിക്കണം. ഉച്ചയ്ക്കുശേഷം ഒരു ശവസംസ്കാരചടങ്ങിൽ പങ്കെടുക്കാൻ കുറെ അംഗങ്ങൾക്ക് പോകേണ്ടതുണ്ട്. പ്രതിപക്ഷവുമായി ചർച്ച ചെയ്ത് വേഗത്തിൽ സഭാ നടപടികൾ പൂർത്തിയാക്കുന്നതിന് ധാരണയായിട്ടുണ്ട്.

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) സി-ആപ്റ്റ് നേരിടുന്ന പ്രതിസന്ധി

ശ്രീ. ബി. സത്യൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 1992-ൽ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ആരംഭിച്ച ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്ന സ്ഥാപനത്തെ 2011-ലെ എൽ.ഡി.എഫ്. സർക്കാർ ആധുനികവൽക്കരിക്കുകയും വൈവിധ്യവൽക്കരിക്കുകയും സി-ആപ്റ്റ് (സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്) എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആധുനികവൽക്കരിച്ച് മെച്ചപ്പെട്ട നിലയിലേയ്ക്ക് ഉയർത്തിയ ഈ സ്ഥാപനം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തകർച്ചയിലേയ്ക്ക് നീങ്ങി. വിദ്യാഭ്യാസ വകുപ്പിലെ പ്രിന്റിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്ന പ്രസ്തുത സ്ഥാപനത്തെ അതിന്റെ മാനേജിംഗ് ഡയറക്ടറും മറ്റ് ഉദ്യോഗസ്ഥരും വകുപ്പും ചേർന്ന് തകർക്കുകയായിരുന്നു. ഏതാണ്ട് എണ്ണൂറോളം ജീവനക്കാർ നേരിട്ടും ആയിരത്തോളംപേർ പരോക്ഷമായും ജോലി ചെയ്തുവരുന്ന, നൂറോളം കേന്ദ്രങ്ങളിൽ ട്രെയിനിംഗ് ഉൾപ്പെടെയുള്ള അനുബന്ധ തൊഴിൽ പരിശീലനങ്ങൾ നൽകിവരുന്നു. ഈ സ്ഥാപനത്തിന്റെ തിരുവനന്തപുരം ജില്ലയിലെ കേന്ദ്രത്തിൽ അഞ്ഞൂറോളം ജീവനക്കാർ പണിയെടുക്കുന്നുണ്ട്. തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനുവേണ്ടി പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ് ഉൾപ്പെടെ വിവിധ തരത്തിലുള്ള ജോലികളാണ് നിർവ്വഹിക്കുന്നത്. ഇതിനുപുറമേ ഈ സ്ഥാപനം വൈവിധ്യവൽക്കരിച്ചപ്പോൾ ഇടതുപക്ഷ ഗവൺമെന്റ് ലോട്ടറി പ്രിന്റിംഗ് കൂടി നൽകുകയുണ്ടായി. അതീവ സുരക്ഷാക്രമീകരണങ്ങളോടുകൂടിയ സുരക്ഷാ

പ്രസ്സായി ഇതിനെ കാണുകയും അതനുസരിച്ച് ലോട്ടറി പ്രിന്റിംഗ് നടത്തിവരികയുമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടത്തിയിട്ടുള്ള ക്രമക്കേടുകളുടെ ഫലമായി പൊതുജനമധ്യത്തിൽ ഈ സ്ഥാപനം വളരെയേറെ പിറകോട്ടുപോയിരിക്കുകയാണ്. അക്കാലത്തുനടന്ന അഴിമതികളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുകയും അന്നത്തെ മാനേജിംഗ് ഡയറക്ടറുൾപ്പെടെയുള്ള ആളുകളെ സസ്പെൻഡ് ചെയ്യേണ്ട സ്ഥിതി വരികയും ചെയ്തു. ഏതാണ്ട് ഇരുന്നൂറ്റി അൻപതോളം ജീവനക്കാർ വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരികെവന്നതോടുകൂടി ഈ സ്ഥാപനം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഇതിന്റെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട് പുതിയ പ്രൊപ്പോസലുകൾ ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രി വളരെ നല്ല സമീപനം ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനം മെച്ചപ്പെടുത്തിക്കൊണ്ടുപോകുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റേയും ഗവൺമെന്റിന്റേയും സഹായമുണ്ടാകണം. പാഠപുസ്തകങ്ങളുടെയും ലോട്ടറിയുടെയും പ്രിന്റിംഗ് പൂർണ്ണമായും നൽകുകയും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിച്ച് വൈവിധ്യവൽക്കരിച്ച് ഈ സ്ഥാപനം നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സി-ആപ്റ്റിന്റെ ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും അത്യന്താപേക്ഷിതമാണ്. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 250 ലക്ഷം രൂപ പ്രസ്തുത സെന്ററിന്റെ നവീകരണത്തിനായി അനുവദിച്ചിട്ടുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി 4 പ്രധാനപ്പെട്ട ഫോർ കളർ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീനടക്കം അവിടെ സ്ഥാപിച്ചുവരുന്നു. കൂടാതെ ലോട്ടറി വകുപ്പിന്റെ സഹകരണത്തോടെ ഫൈവ് കളർ പ്രിന്റിംഗ് മെഷീൻ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചുവരുന്നു. ഇത് സ്ഥാപിതമാക്കുന്നതോടെ ലോട്ടറി ടിക്കറ്റിന്റെ അച്ചടി പ്രതിമാസം 3 കോടിയിൽ നിന്നും 15 കോടിയായി ഉയർത്താൻ കഴിയുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യന്ത്ര സംവിധാനങ്ങളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് 750 കെ.വി. ട്രാൻസ്ഫോർമറും 450 കെ.വി. ജനറേറ്ററും പുതിയതായി സ്ഥാപിച്ചിട്ടുണ്ട്. സെന്റർ നവീകരണത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന ബഹുനില മന്ദിരത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ഇ-മാനേജ്മെന്റിനാവശ്യമായ യന്ത്രസംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് സി-ആപ്റ്റിന്റെ

നവീകരണത്തിനായി 20 കോടി 90 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ സംസ്ഥാന ആസൂത്രണ ബോർഡിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ബ്രെയിൽ അച്ചടി സംവിധാനമുള്ള സി-ആപ്റ്റിനെ സെന്റർ ഫോർ ബ്രെയിൽ സ്റ്റഡീസ് ആയി ഉയർത്തി കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ സഹായത്തോടുകൂടി ഉദ്ദേശം 25 കോടി രൂപ ചെലവിൽ കോട്ടയത്ത് ഒരു ഹൈടെക് പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ട്രെയിനിംഗ് സെന്ററിന് 3 കോടി രൂപ മുടക്കി ആധുനിക ട്രെയിനിംഗ് കോംപ്ലക്സാക്കി മാറ്റുന്നതിനുള്ള പദ്ധതിയും ആസൂത്രണ ബോർഡിന്റെ പരിഗണനയിലാണ്.

<u>ശ്രീ. ബി. സത്യൻ</u>: സർ, പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ് പൂർണ്ണമായും ഈ സ്ഥാപനത്തിന് നൽകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിലെ ടെക്സ്റ്റ് ബുക്കുകളുടെ പ്രിന്റിംഗ് പൂർണ്ണമായും സി-ആപ്റ്റിന് തന്നെയാണ് നൽകുന്നത്.

(2) <u>കാൻസർ രോഗവ്യാപനം</u>

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, കാൻസർ രോഗത്തെക്കുറിച്ച് വളരെ ഗൗരവമായ ചർച്ച നടക്കുന്ന സമയത്താണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്.

<u>മി. സ്പീക്കർ</u>: സമയം ചുരുക്കണം. പ്രതിപക്ഷ നേതാവുമായി കൂടിയാലോചിച്ച് ധാരണയിലെത്തിയതാണ്. വി. പി. രാമകൃഷ്ണപിള്ളയുടെ ശവസംസ്കാരച്ചടങ്ങിൽ പങ്കെടുക്കേണ്ടതുണ്ട്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാം. ജീവിതശൈലീരോഗമായ കാൻസർ ഭയാനകമായ രീതിയിൽ സംസ്ഥാനത്ത് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഇന്ന് കാൻസർ ചികിത്സയ്ക്ക് വിധേയരാകുന്നവരുടെ എണ്ണം 2.93 ലക്ഷമാണ്. ഓരോ വർഷവും അറുപതിനായിരത്തോളമാളുകൾ കാൻസർ രോഗബാധിതരാകുന്നു എന്നുള്ളതാണ് കണക്ക്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാൻസർ രോഗബാധിതരുള്ള സംസ്ഥാനം കേരളമാണ്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ കണക്കനുസരിച്ച്, ഒരു ലക്ഷം പുരുഷന്മാരിൽ 133 പേരും ഒരു ലക്ഷം സ്ത്രീകളിൽ 123 പേരും രോഗബാധിതരാണ്. ദൈവത്തിന്റെ

സ്വന്തം നാടായ കേരളം ഇന്ന് കാൻസറിന്റെ സ്വന്തം നാടായി മാറിയിരിക്കുകയാണ്. ഈ വിപത്തിനെക്കുറിച്ച് മനോരമ ചാനൽ 'കേരള കാൻ' എന്ന പദ്ധതിയിലൂടെ അതിയായ പ്രാധാന്യം നൽകി പ്രചരണവും മറ്റ് പരിപാടികളും ഏറ്റെടുത്തിരിക്കുകയാണ്. ജീവിതശൈലിയുടെ മാറ്റമാണ് കാൻസർ രോഗത്തിന്റെ പ്രധാന കാരണം. കാൻസർ രോഗം പിടിപെട്ടാൽ രോഗി മാത്രമല്ല, കുടുംബം തന്നെ സാമ്പത്തികമായി തകരുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഈ സാഹചര്യത്തിലാണ് എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും 2014 നവംബർ മാസം 1-ാം തീയതി മുതൽ കാൻസർ രോഗത്തിന് സൗജന്യ ചികിത്സ നൽകുന്ന 'സുകൃതം' പദ്ധതി കഴിഞ്ഞ സർക്കാർ ആരംഭിച്ചത്. ഇതിന്റെ ഭാഗമായി റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, അഞ്ച് മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ഹോസ്പിറ്റൽ എന്നിവിട ങ്ങളിലാണ് സൗജന്യ ചികിത്സ നൽകിവരുന്നത്. ഇത് ഇന്ത്യയിലെതന്നെ ആദ്യത്തെ പദ്ധതിയാണ്. ആർ.സി.സി.-ക്ക് 12 കോടി രൂപ, എം.സി.സി.-ക്ക് 5 കോടി രൂപ, മറ്റ് ആശുപത്രികൾക്ക് 3 കോടി രൂപ വീതവും ചേർത്ത് 30 കോടി രൂപ കഴിഞ്ഞ ഗവൺമെന്റ് കോർപ്പസ് ഫണ്ടായി അനുവദിച്ചു. ഈ തുക പൂർണ്ണമായും ചെലവഴിച്ചുകഴിഞ്ഞു. ആർ.സി.സി.യുടെ ഫണ്ടിൽ നിന്നും 10 കോടി രൂപ ചെലവഴിച്ചു. ഇതുവരെ 9446 ആളുകൾക്കാണ് സുകൃതം പദ്ധതിവഴി സൗജന്യ ചികിത്സ നൽകിയത്. ഇപ്പോൾ സർക്കാർ ഫണ്ട് നൽകാത്തതിനാൽ സുകൃതം പദ്ധതി തകിടം മറിഞ്ഞിരിക്കുകയാണ്. ഇതുമൂലം സാമ്പത്തികമായി കഴിവില്ലാത്ത രോഗികളെ മരണത്തിലേക്ക് തള്ളിവിടുന്ന അതീവ ഗൗരവമായ അവസ്ഥയാണ് ഇന്ന് സംസ്ഥാനത്തുള്ളത്. അടിയന്തരമായി ആവശ്യമായ തുക സംസ്ഥാന സർക്കാർ അനുവദിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. സംസ്ഥാനത്ത് ഇപ്പോൾ 7 ജില്ലകളിൽ മാത്രമാണ് കാൻസർ രോഗചികിത്സാ സൗകര്യം ലഭ്യമായിട്ടുള്ളത്. ഇതിൽ ആർ.സി.സി., എം.സി.സി. എന്നിവിടങ്ങളിലെ തിരക്ക് ഒഴിവാക്കാൻ മെഡിക്കൽ കോളേജുകളെ മിനി ആർ.സി.സി. ആക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ ഗവൺമെന്റ് സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കുകയും കുറേയധികം നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോവുകയും ചെയ്തതാണ്. അതുകൊണ്ട് അടിയന്തരമായി മെഡിക്കൽ കോളേജുകളിലെ കാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മിനി ആർ.സി.സി. ആക്കുന്നതിനുമുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. മെഡിക്കൽ കോളേജുകളെ മിനി ആർ.സി.സി.കളായി മാറ്റുമ്പോൾ സർജിക്കൽ ഓങ്കോളജിസ്റ്റുമാരെ നിയമിക്കാൻ നടപടിയുണ്ടാകണം. മെഡിക്കൽ കോളേജുകളും കാൻസർ ചികിത്സയും ഇല്ലാത്ത 7 ജില്ലകളുണ്ട്. ആ ജില്ലകളിലെ ജനറൽ ആശുപത്രികളിൽ കാൻസർ ചികിത്സാ

സൗകര്യം ഏർപ്പെടുത്തിയാൽ റീജിയണൽ കാൻസർ സെന്ററിലും മലബാർ കാൻസർ സെന്ററിലുമുള്ള തിരക്ക് ഒഴിവാക്കാൻ കഴിയും. മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളിൽ, ഹെൽത്ത് സർവ്വീസസ് ഡോക്ടർമാരെയും നഴ്സുമാരെയും ആർ.സി.സി.-യിൽ അയച്ച് ട്രെയിനിംഗ് നൽകി കാൻസർ ഡിറ്റക്ഷന് അവരുടെ സേവനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുപയോഗപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ 16000-ത്തോളം കീമോ തെറാപ്പി ജില്ലാ ആശുപത്രികളിൽ നടത്തിയിട്ടുണ്ട്. ഡി.എച്ച്.എസ്.-ന്റെ കീഴിലുള്ള ഡോക്ടർമാർക്ക് ട്രെയിനിംഗ് കൊടുത്താൽ, ആർ.സി.സി.-യിലും എം.സി.സി.-യിലും ചികിത്സ നടത്തുന്ന കാൻസർ രോഗികൾക്ക് ഫോളോ-അപ് ട്രീറ്റ്മെന്റ് ജില്ലാ ആശുപത്രികളിൽ സാധ്യമാകും. അതിനുവേണ്ട നടപടികൾ സ്വീകരിക്കണം. എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സയ്ക്കുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടികളുണ്ടാകണം. കാൻസർ നേരത്തേ കണ്ടുപിടിക്കുന്നതിനുവേണ്ടി Early Detection Centre-കൾ എല്ലാ തലങ്ങളിലും വ്യാപകമായി ആരംഭിക്കണം. പ്രൈമറി ഹെൽത്ത് സെന്റർ തലത്തിൽ തന്നെ Early Detection Centre-കൾ ആരംഭിക്കണം. കാൻസർ രോഗം 70-80 ശതമാനം വരെ പ്രാഥമിക ദശയിൽ കണ്ടെത്തിയാൽ പരിപൂർണ്ണമായി ഭേദമാക്കാൻ കഴിയുന്നതാണ്. അവസാന ഘട്ടത്തിൽ രോഗം അറിയുമ്പോഴാണ് അതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നത്. എല്ലാ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളിലും മാമോഗ്രാം ടെസ്റ്റിനുള്ള സംവിധാനമുണ്ടാക്കണം. സ്ത്രീകളിലുണ്ടാകുന്ന ബ്രെസ്റ്റ് കാൻസർ നേരത്തേ കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്തെ കാൻസർ രോഗികളുടെ എണ്ണം കണ്ടെത്തുന്നതിനുള്ള ഒരു രജിസ്റ്റർ തയ്യാറാക്കാൻ ആർ.സി.സി. ഡയറക്ടർ കൺവീനറായ ഒരു സമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതി നൽകിയ റിപ്പോർട്ടിന്മേലും അടിയന്തര നടപടി സ്വീകരിക്കണം. കാത്ത്ലാബുകളും ഡയാലിസിസ് സെന്ററുകളും തുടങ്ങുന്നതിന് കിഫ്ബിയിൽ നിന്ന് 150 കോടി രൂപ ചെലവഴിക്കുമെന്നുള്ള പ്രഖ്യാപനം സ്വാഗതം ചെയ്യുകയാണ്. ഏറ്റവും മാരകമായ കാൻസർ രോഗ ചികിത്സയ്ക്കും ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടില്ല. ഏറ്റവും പ്രാധാന്യമുള്ള രോഗമെന്ന നിലയിൽ കിഫ്ബിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഗവൺമെന്റ് താൽപ്പര്യം പ്രകടിപ്പിക്കുന്നുണ്ട്. അതുകൊണ്ട് കിഫ്ബി വഴി ആവശ്യമായ ഫണ്ട് വിനിയോഗിക്കുകയെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഈ വിപത്തിനെതിരെ കേരളം ഒറ്റക്കെട്ടായി നിൽക്കേണ്ട സമയമാണ്. അതിന് സർക്കാരിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ വളരെ ശരിയാണ്. കാൻസർ ചികിത്സ തേടുന്നവരുടെ എണ്ണം അനുദിനം വർദ്ധിക്കുകയാണ്. ആർ.സി.സി.-യിൽ എത്തുന്നവരുടെ ബാഹുല്യം കണക്കിലെടുത്ത് കാൻസർ ചികിത്സ വികേന്ദ്രീകരിക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. കാൻസർ ചികിത്സ ചെലവേറിയതായതിനാൽ പല തരത്തിലുള്ള ചികിത്സാ സഹായങ്ങളും സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് (ചിസ് പ്ലസ്) പദ്ധതി പ്രകാരം 70,000 രൂപ വരെ ചികിത്സാ സഹായം ലഭിക്കും. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിപ്രകാരം 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കാൻസർ രോഗികൾക്ക് 2 ലക്ഷം രൂപവരെ ചികിത്സാ ധനസഹായം ലഭിക്കും. ബി.പി.എൽ. വിഭാഗത്തിലുള്ള കാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ വരെ ചികിത്സാച്ചെലവ് സൗജന്യമായി നൽകിവരുന്ന സുകൃതം പദ്ധതി ആർ.സി.സി.യിൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിപ്രകാരം ആർ.സി.സി.-യിൽ ഇതുവരെ 4859 പേർക്ക് ചികിത്സാ സഹായം നൽകിയിട്ടുണ്ട്. ആർ.സി.സി.-ക്ക് ഈ പദ്ധതി നടത്തിപ്പിനായി സർക്കാർ 12 കോടി രൂപ നൽകിയിട്ടുണ്ട്. നാളിതുവരെ 20,49,57,805 രൂപ ചെലവഴിച്ചുകഴിഞ്ഞു. ഇനിയും ഇത്തരത്തിലുള്ള രോഗികൾക്ക് പണം ആവശ്യമുണ്ടെങ്കിൽ സർക്കാർ നൽകുന്നതാണ്. സുകൃതം പദ്ധതി തുടരുകതന്നെ ചെയ്യും. 18 വയസ്സുവരെയുള്ള കാൻസർ ബാധിതരായ കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്ന കാൻസർ സുരക്ഷ എന്ന പദ്ധതിയുണ്ട്. പട്ടികവർഗ്ഗക്കാർക്ക് സൗജന്യ കാൻസർ ചികിത്സ നൽകിവരുന്നുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 'സൊസൈറ്റി ഫോർ പുവർ' പദ്ധതിപ്രകാരം 20,000 രൂപ വരെ ചികിത്സാ സഹായം നൽകുന്നു. കാൻസർ രോഗികൾക്ക് 1000 രൂപ പ്രതിമാസ പെൻഷൻ സർക്കാർ അനുവദിക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിൽനിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നുണ്ട്. 'താലോലം' പദ്ധതി പ്രകാരം 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് കാൻസർ അല്ലാത്ത എന്നാൽ കാൻസർ പോലെ മാരകമായ രോഗങ്ങൾക്ക് 50,000 രൂപവരെ സൗജന്യ ചികിത്സ നൽകുന്നു. എൻഡോസൾഫാൻ ബാധിതർക്കുള്ള 'സ്നേഹ സാന്ത്വനം' സൗജന്യ പദ്ധതി നടപ്പിലാക്കുന്നു. ഇതുകൂടാതെ ആർ.സി.സി.-യിൽ നിലവാരമുള്ള ജനറിക് മെഡിസിനുകൾ രോഗികൾക്ക് നിർദ്ദേശിക്കുന്നതുമൂലം

കാൻസർ ചികിത്സയുടെ ചെലവ് ചുരുക്കാൻ സാധിക്കുന്നുണ്ട്. കാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി പെരുകുന്നതനുസരിച്ച് ആർ.സി.സി.-യിലുണ്ടാകുന്ന തിരക്ക് ഒഴിവാക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ കാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. മലബാർ കാൻസർ സെന്ററിനെ മികച്ച കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്റിൽ 29 കോടി രൂപ വകയിരുത്തുകയും പ്രസ്തുത തുകയ്ക്കുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്ന് ഫണ്ട് ലഭ്യമാകുന്നതിന് പരിശ്രമം നടത്തിവരുന്നു. കൊച്ചി കാൻസർ സെന്ററിന് ആവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിഴിഞ്ഞു. അതിന്റെ ഭാഗമായുള്ള കാൻസർ ആശുപത്രി നവംബർ 11-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതാണ്. കോഴിക്കോട് ടെർഷ്യറി കാൻസർ സെന്ററിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കും. കാൻസർ പ്രാരംഭദശയിൽ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇ-ഹെൽത്ത് രജിസ്റ്റർ പൂർണ്ണതയിലെത്തുന്നതിലൂടെ മുഴുവൻ കാൻസർ രോഗികളുടെയും വിവരം പ്രാദേശികമായിത്തന്നെ ലഭ്യമാകുന്നതാണ്. കോട്ടയം, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലെ കാൻസർ വാർഡുകളുടെ നവീകരണത്തിനും ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനും 7.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ രോഗം പിടിപെടാതിരിക്കുന്നതിനും വർദ്ധിക്കാതിരിക്കുന്നതിനുംവേണ്ടിയുള്ള പ്രതിരോധ പ്രവർത്തനങ്ങളിലാണ് ആരോഗ്യവകുപ്പ് കൂടുതൽ ശ്രദ്ധിക്കുന്നത്. ചികിത്സ വർദ്ധിക്കുംതോറും രോഗികൾ കൂടുന്നുവെന്ന് അങ്ങ് ഇവിടെ പറഞ്ഞത് സത്യമാണ്. അവരുടെ എണ്ണം കുറയാനുള്ള വഴി പ്രതിരോധമാണ് എന്നുള്ളതുകൊണ്ട് രോഗപ്രതിരോധത്തിൽ ശ്രദ്ധ ഊന്നുവാനാണ് ആരോഗ്യവകുപ്പ് ശ്രദ്ധിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, പണമില്ലാത്തതുകൊണ്ട് ചികിത്സ നിഷേധിക്കപ്പെടുന്നുവെന്നത് സംബന്ധിച്ച ശ്രീ. എ. എം. ആരിഫിന്റെ ചോദ്യത്തിന് മറുപടിയായി എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സ ലഭിക്കാതെവരുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. അതിലേയ്ക്കുവേണ്ടി ആർ.സി.സി.-ക്ക് നൽകാനുള്ള 10 കോടി രൂപ അടിയന്തരമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാവപ്പെട്ട ആളുകൾക്ക് 75 ശതമാനത്തോളം വിലകുറച്ച് മരുന്നുകൾ നൽകുന്നതിനായി 50 കാരുണ്യ ഫാർമസികൾ ആരംഭിച്ചിരുന്നു. കാരുണ്യ ഫാർമസികൾവഴി കാൻസർ രോഗികൾക്ക് മരുന്ന് സൗജന്യ നിരക്കിൽ കൊടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഫലപ്രദമായി നടക്കുന്നില്ല. അത് കാര്യക്ഷമമാക്കണം.

അതോടൊപ്പം ഒരു കാര്യംകൂടി പറയാനുള്ളത്, 54 ഇനം മരുന്നുകളാണ് കാൻസർ രോഗികൾക്ക് കേരളത്തിൽ സൗജന്യമായി നൽകുന്നത്. ഇതും ഫലപ്രദമായി നടക്കുന്നില്ല. ഗവൺമെന്റ് വളരെ ശ്രദ്ധയോടുകൂടി ഇക്കാര്യങ്ങൾ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, പൂർണ്ണമായും ഇക്കാര്യങ്ങളിൽ ശ്രദ്ധചെലുത്തുമെന്ന് ഞാൻ നേരത്തേ മറുപടി പറഞ്ഞപ്പോൾത്തന്നെ വ്യക്തമാക്കിയതാണ്. 12 കോടി രൂപ പദ്ധതിക്കായി മാറ്റിവച്ചിട്ടുണ്ടെങ്കിലും 20 കോടി രൂപ ചെലവായിട്ടുണ്ട്. ബാക്കി തുക നൽകുമെന്നും അതുപോലെതന്നെ മരുന്നുകൾ ലഭ്യമാകാത്തപക്ഷം അത് ലഭ്യമാക്കുകയും കാൻസർ ചികിത്സയ്ക്ക് എവിടെ, എന്താണ് കുറവുള്ളതെന്ന് കണ്ടെത്തി അത് നികത്തുന്നതിനുള്ള പൂർണ്ണമായ നടപടിയെടുക്കുകയും ചെയ്യും. ആരോഗ്യ വകുപ്പ് ഈ രംഗത്തായിരിക്കും ഏറ്റവുമധികം ശ്രദ്ധ ചെലുത്തുന്നതെന്നുകൂടി വ്യക്തമാക്കുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, സാധാരണഗതിയിൽ ഏതെങ്കിലും ഒരു മന്ത്രിക്ക് അസൗകര്യം വന്നാൽ നമുക്ക് മനസ്സിലാകും. ഇതിപ്പോൾ ധനകാര്യ മന്ത്രിയില്ലെങ്കിലും ആരോഗ്യ വകുപ്പുമന്ത്രിയില്ലെങ്കിലും പ്രൊഫ. സി. രവീന്ദ്രനാഥാണ് മറുപടി പറയുന്നത്. ഇങ്ങനെ മന്ത്രിമാർ മാറിമാറി മറുപടി പറയുന്നത് ശരിയല്ല, മാത്രമല്ല ഇത് സഭയോടുള്ള അവഹേളനവുമാണ്. സഭാസമ്മേളനം നടക്കുമ്പോൾ മന്ത്രിമാർ പുറത്തുപോകുന്നത്, എന്തെങ്കിലുമൊരു അത്യാവശ്യമാണെങ്കിൽ മനസ്സിലാകും. ഇവിടെ മുഖ്യമന്ത്രിയുമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ആരോഗ്യ വകുപ്പുമന്ത്രിയുടെ ഇളയമ്മ ഇന്നലെ രാത്രി മരിച്ചു. 12.30-നുള്ള ട്രെയിനിൽ മന്ത്രി നാട്ടിലേയ്ക്ക് പോയി. മുഖ്യമന്ത്രി അടിയന്തരമായി ഒരാവശ്യത്തിനുപോയതാണ്. ഇപ്പോൾത്തന്നെ തിരിച്ചുവരും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഞാനറിഞ്ഞില്ല, സോറി.

## V സബ്മിഷൻ

### (1) റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, എന്റെ മണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിലെ പന്നിപ്പാറ പള്ളിമുക്ക് എന്ന സ്ഥലത്ത് ചാലിയാർ പുഴയ്ക്ക് കുറുകെ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി 17.5 കോടി രൂപയുടെ എസ്റ്റിമേറ്റ്, ഡിസൈൻ, ഡ്രോയിംഗ്

എന്നിവ തയ്യാറാക്കിയെങ്കിലും ഭരണാനുമതി നൽകുകയോ മറ്റ് നടപടികളിലേയ്ക്ക് കടക്കുകയോ ചെയ്തില്ല. മാത്രമല്ല 15-7-2016-ൽ ഞാൻ നിയമസഭയിൽ ചോദിച്ച നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1930-ന് നൽകിയ മറുപടിയിൽ മുഖ്യഭാഗമായ ഷട്ടറിന്റെയും പ്ലാറ്റ്ഫോമിന്റെയും മറ്റ് അനുബന്ധ സാമഗ്രികളുടെയും എസ്റ്റിമേറ്റും ഡിസൈനും മെക്കാനിക്കൽ വിഭാഗം തയ്യാറാക്കേണ്ടതുണ്ട് എന്നാണ് മറുപടി നൽകിയത്. ഈ പ്രവൃത്തിക്കുവേണ്ടി മെക്കാനിക്കൽ വിഭാഗം എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കാൻ തുടങ്ങിയിട്ട് 2 വർഷത്തിലധികമായെങ്കിലും നാളിതുവരെ ഗവൺമെന്റിലേക്ക് നൽകിയിട്ടില്ല. ആയതിനാൽ ഇനിയും കാലതാമസമുണ്ടാകാതെ മെക്കാനിക്കൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റും ഡിസൈനും സമയബന്ധിതമായി പൂർത്തീകരിച്ച് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ):</u> സർ, മലപ്പുറം ജില്ലയിലെ ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിൽ പന്നിപ്പാറ പള്ളിമുക്ക് എന്ന സ്ഥലത്ത് ചാലിയാർ പുഴയ്ക്ക് കുറുകെ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിനുവേണ്ടി പര്യവേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഐ.ഡി.ആർ.ബി. വിഭാഗം രൂപരേഖ തയ്യാറാക്കി ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും എഞ്ചിനീയർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം സിവിൽ പ്രവൃത്തിക്ക് 20 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. റഗുലേറ്റർ-കം-ബ്രിഡ്ജിൽ ഉൾക്കൊള്ളിക്കേണ്ട മെക്കാനിക്കൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് മെക്കാനിക്കൽ വിഭാഗത്തിൽ തയ്യാറായിവരികയാണ്.

## (2) നെൽ കർഷകരുടെ വരുമാനം

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ഞാൻ നെൽകൃഷിക്കാരുടെ ഒരു സങ്കടം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. നെല്ലിന്റെ വില ഇപ്പോൾ ഒരു രൂപ വർദ്ധിപ്പിച്ചുവെന്നത് സന്തോഷകരമാണ്. അങ്ങനെ വർദ്ധിപ്പിച്ചാൽത്തന്നെ 5 ഏക്കർ കൃഷിഭൂമിയുള്ള ഒരു കൃഷിക്കാരന് ലഭിക്കാൻ പോകുന്ന വരുമാനമെത്രയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയൊന്ന് ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൃഷിഭൂമി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കണമെന്ന് പറഞ്ഞു. ഇങ്ങനെയാണെങ്കിൽ വർദ്ധിപ്പിക്കാൻ സാധിക്കുമോ; എത്ര വലിയ നിയമം കൊണ്ടുവന്നാലും ഇത് ചെയ്യാൻ സാധിക്കുമോ എന്നുള്ളത് അങ്ങ് ആലോചിക്കണം. ഒരേക്കറിൽനിന്ന് 22 രൂപ 50 പൈസ വച്ച് കണക്കാക്കിയാൽ

2,20,000 രൂപയാണ് ലഭിക്കുന്നത്, നബാർഡിന്റെ കണക്കുപ്രകാരം. അതിലും എത്രയോ കൂടുതലാണ് യഥാർത്ഥ കണക്ക്, 1,40,000 രൂപ ചെലവുവരും. രണ്ട് സീസണിലുംകൂടി ആകെ എല്ലാ ചെലവും കഴിച്ച് ഒരു കുടുംബത്തിന് ഒരു മാസം കിട്ടാൻ പോകുന്നത് 12,555 രൂപയാണ്. ഭാര്യയും ഭർത്താവും 2 കുട്ടികളും അടങ്ങുന്ന ഒരു കുടുംബം ഈ തുകകൊണ്ട് എങ്ങനെയാണ് കഴിയുന്നത്. തൊഴിലുറപ്പിന് പോയാൽപ്പോലും ഒരാൾക്ക് ഒരുമാസം ജോലി ചെയ്താൽ 7,200 രൂപ കിട്ടും. കൃഷിക്കാരന് കിട്ടുന്നത് 6,277 രൂപയാണ്. അവന്റെ പേരാണെങ്കിൽ ജന്മി എന്നാണ്. ഇതാണ് സ്ഥിതി. അതുമാത്രമല്ല, ഇപ്പോൾ തുക വർദ്ധിപ്പിച്ചതിന്റെ ഫലമായി കയറ്റിറക്ക് കൂലിയും ഉക്കത്തിനുള്ള കൂലിയും വർദ്ധിച്ചു. ഒരു ക്ലാസ് ഫോർ ജീവനക്കാരന് ഇപ്പോൾത്തന്നെ 18,000 രൂപ ശമ്പളമുണ്ട്. ആ വരുമാനമെങ്കിലും, ഭാര്യയും ഭർത്താവും 2 കുട്ടികളുമടങ്ങുന്ന കുടുംബത്തിന് ജീവിക്കാൻ കൊടുക്കണ്ടേ? സർക്കാർ സയന്റിഫിക്കായി കണക്കാക്കിയിട്ടാണ് 18,000 രൂപ വച്ചത്, ആ വരുമാനമെങ്കിലും കർഷകർക്ക് ഉറപ്പാക്കണ്ടേ? അതിനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ കൃഷി നിലനിൽക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രിയും മന്ത്രിസഭയും താൽപ്പര്യമെടുത്ത് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം കെ. കൃഷ്ണൻകുട്ടി ഒരു കൃഷിക്കാരൻ തന്നെയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം വളരെ പ്രസക്തമാണ്. സംസ്ഥാനത്ത് കൃഷിമാത്രം തൊഴിലും ഉപജീവനമാർഗ്ഗവുമായി സ്വീകരിക്കുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസകരമായ പ്രശ്നങ്ങൾ പലതുണ്ട്. പ്രത്യേകിച്ച് നെൽ കർഷകർ വളരെ വലിയ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് കൃഷിക്കാരുടെ ഉന്നമനത്തിനും അവരുടെ വരുമാനം ഉറപ്പാക്കുന്നതിനും അവരുടെ ജീവിതമാർഗ്ഗം സുസ്ഥിരമായി നിലനിർത്തുന്നതിനും ആവശ്യമായ സമഗ്രമായ പരിപാടികൾ വിശദമായി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങൾ വിശദീകരിക്കാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല, പക്ഷേ ഇന്ന് നിലനിൽക്കുന്നതിൽ നിന്നും മെച്ചപ്പെട്ട സ്ഥിതിയിലേയ്ക്ക് കൊണ്ടുവരാനുള്ള നിലപാടുകളാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്. ഇപ്പോൾ നെല്ലിന് ന്യായവില ഉറപ്പുവരുത്തുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ഓയിൽപാം എന്നിവ മുഖേന സംസ്ഥാന സർക്കാർ കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി പ്രകാരമാണ് കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നത്. കേരളത്തിലെ

നെൽകൃഷി ഉത്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില വളരെ കുറവാണ്. സംസ്ഥാന സർക്കാർ താങ്ങുവിലയോടൊപ്പം സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്സും കൂടി ഉൾപ്പെടുത്തി ഇതുവരെ കിലോയ്ക്ക് 21 രൂപ 50 പൈസ നിരക്കിലാണ് നെല്ല് സംഭരിച്ചിരുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ നെല്ല് സംഭരണ പദ്ധതിയുടെ സംസ്ഥാന വിഹിതം നൽകുന്നതിനായി 600 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാൻ കുടിശ്ശികയുണ്ടായിരുന്ന മുഴുവൻ തുകയും ഈ സർക്കാർ വിതരണം ചെയ്തുകഴിഞ്ഞു. 2016-17 സീസണിൽ ഒക്ടോബർ ഒന്നുമുതൽ നവംബർ ആറ് വരെ 17,186 കർഷകരിൽ നിന്ന് സംഭരിച്ച 61554 മെട്രിക് ടൺ നെല്ലിന്റെ വിലയായ 132.34 കോടി രൂപ കർഷകർക്ക് നൽകാൻ ബാക്കിയുണ്ടായിരുന്നു. ഇതിൽ 123 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക ഇന്നുമുതൽ വിതരണം ചെയ്യാനാവശ്യമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്രവിഹിതമായി ലഭിക്കേണ്ട 203 കോടി രൂപ ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സപ്ലൈകോ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ വില നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നു. നെല്ലിന്റെ ഉത്പാദനച്ചെലവ് വർദ്ധിക്കുന്നതിനാനുപാതികമായി സംഭരണ വിലയും സർക്കാർ വർദ്ധിപ്പിക്കുകയാണ്. ഇന്നലെ ചേർന്ന മന്ത്രിസഭായോഗം നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 22 രൂപ 50 പൈസയായി ഉയർത്തിയിട്ടുണ്ടെന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കുകയാണ്. നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള മുഴുവൻ തുകയും ഈ വർഷംതന്നെ പൂർണ്ണമായും കൊടുത്തുതീർക്കുന്നതായിരിക്കും.

## (3) കർഷകർക്ക് നഷ്ടപരിഹാരം

<u>ശ്രീ. യു. ആർ. പ്രദീപ്</u> : സർ, കൃഷി വകുപ്പ് അടിയന്തരമായി ഇടപെടേണ്ട ഒരു വിഷയമാണ് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. എന്റെ നിയോജക മണ്ഡലമായ ചേലക്കരയിൽ വലിയ തോതിൽ നെൽകൃഷിയും പച്ചക്കറികൃഷിയും ചെയ്തുവരുന്നുണ്ട്. 9 ഗ്രാമപഞ്ചായത്തുകളിലായാണ് ജനങ്ങളുടെ മുഖ്യ തൊഴിലായ കൃഷി ചെയ്തുവരുന്നത്. ആയിരക്കണക്കിന് കുടുംബങ്ങളാണ് കൃഷിയിലൂടെ ജീവിക്കുന്നത്. ഏതാണ്ട് 2200 ഹെക്ടർ സ്ഥലത്ത് മുണ്ടകൻ കൃഷി ചെയ്യുന്നുണ്ട്. അതിൽ 1200 ഹെക്ടർ നെൽകൃഷി വെള്ളമില്ലാതെ ഉണങ്ങിപ്പോയി. ബാക്കിയുള്ള കൃഷിയും ഉണങ്ങിക്കൊണ്ടിരിക്കുകയാണ്. കൃഷിസ്ഥലം ഞാറ് പാകി നടാൻ കഴിയാത്ത അവസ്ഥയിലാണ്. ഏതാണ്ട് നൂറ് ഹെക്ടർ സ്ഥലമാണ് ആ അവസ്ഥയിലുള്ളത്.

ഇതുതന്നെയാണ് പച്ചക്കറി കൃഷികളുടെയും അവസ്ഥ. ശരാശരിയേക്കാൾ വളരെ കുറവ് മഴയാണ് ചേലക്കര മണ്ഡലത്തിൽ ഇതുവരെ ലഭിച്ചത്. വെള്ളത്തിന്റെ പ്രധാന സ്രോതസ്സായ ഭാരതപ്പുഴയും ചീരക്കുഴി ഇറിഗേഷൻ പ്രോജക്ടും തോടുകളും കുളങ്ങളുമെല്ലാം വറ്റിവരണ്ടിരിക്കുകയാണ്. മുമ്പെങ്ങുമില്ലാത്തവിധത്തിലുള്ള വരൾച്ച ഈ പ്രദേശത്തെ കർഷകർ നേരിടുന്നു. ജനജീവിതം തന്നെ സ്തംഭിച്ച അവസ്ഥയിലാണ്. പ്രധാന വരുമാന മാർഗ്ഗമായ നെൽകൃഷി പൂർണ്ണമായും നശിച്ചതുകൊണ്ട് തൊഴിലും വരുമാനവുമില്ലാതെ ബാങ്കിൽനിന്നെടുത്ത ലോൺ എങ്ങനെ തിരിച്ചടയ്ക്കുമെന്നറിയാതെ കർഷകർ നട്ടംതിരിയുകയാണ്. കർഷകരെ സഹായിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണം. ജില്ലയിലെ ഉന്നത കൃഷി ഉദ്യോഗസ്ഥരടങ്ങിയ സംഘം മണ്ഡലത്തിൽ അടിയന്തരമായി സന്ദർശിച്ച് അവർക്ക് വേണ്ട സഹായം ചെയ്തുകൊടുക്കേണ്ടതുണ്ട്. അവരുടെ വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച്, സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, തൃശ്ശൂർ ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ഈ പ്രദേശത്ത് ഉടൻതന്നെ സന്ദർശനം നടത്തണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. നേരത്തെതന്നെ അതിനാവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിലെ വള്ളത്തോൾ നഗർ, പാഞ്ഞാൾ, ചേലക്കര, കൊണ്ടാഴി, പഴയന്നൂർ, തിരുവില്വാമല, മുള്ളൂർക്കര, വരവൂർ, ദേശമംഗലം എന്നീ പഞ്ചായത്തുകളിൽ മഴയുടെ കുറവും തോടുകളിലെ ജലദൗർലഭ്യവുംമൂലം 849 ഹെക്ടർ പ്രദേശത്ത് ഏകദേശം 2250 കർഷകരുടെ നെൽകൃഷിക്ക് നാശമുണ്ടായിട്ടുണ്ട്. ലഭ്യമായ വിവരമനുസരിച്ച് 339.6 ലക്ഷം രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. കൊടും വരൾച്ച കണക്കിലെടുത്ത് സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ ശിപാർശപ്രകാരം സംസ്ഥാനത്തെ 14 ജില്ലകളും വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. ആയതിനാൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ച് വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ നെൽകർഷകർക്ക് ദുരിതാശ്വാസ ധനസഹായമായി ഹെക്ടർ ഒന്നിന് 13,500 രൂപ ധനസഹായം ലഭിക്കുന്നതാണ്. ഇതുകൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് 12,500 രൂപ കൂടി നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനം പൊതുവായി വരൾച്ചബാധിത സംസ്ഥാനമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ മൊറട്ടോറിയം പ്രഖ്യാപിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഇതിന്റെ ഭാഗമായി ഉണ്ടാകും.

## (4) തരിശ് വയൽ കൃഷിയോഗ്യമാക്കൽ

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, എന്റെ നിയോജകമണ്ഡലമായ കുറ്റ്യാടി പൂർണ്ണമായും ഒരു കാർഷിക മേഖലയാണ്. നെല്ലും കേരകൃഷിയുമാണ് പ്രധാനപ്പെട്ട രണ്ട് കാർഷിക ഇനങ്ങൾ. മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 485 ഹെക്ടർ സ്ഥലത്ത് ഇപ്പോൾ നെൽകൃഷി ചെയ്തുവരുന്നുണ്ട്. 492 ഹെക്ടർ നെൽവയൽ തരിശായി കിടക്കുന്നതിൽ 176 ഹെക്ടർ കൃഷിയോഗ്യമാക്കാൻ കഴിയുമെന്നാണ് എന്റെയൊരു ചോദ്യത്തിന് മറുപടിയായി അങ്ങുതന്നെ വ്യക്തമാക്കിയിട്ടുള്ളത്. അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. എന്നാലും 300-ൽപ്പരം ഹെക്ടർ തരിശ് നെൽവയൽ മണ്ഡലത്തിലുണ്ടാകും. ഇത് കൃഷിയോഗ്യമാക്കാൻ കഴിഞ്ഞാൽ സംസ്ഥാനത്തിന്റെ നെല്ലുല്പാദന രംഗത്ത് ഇതൊരു മുതൽക്കൂട്ടാകും. ഇതിൽ ആദ്യമായി ചെയ്യേണ്ടത് അങ്ങും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഈ സ്ഥലം സന്ദർശിക്കുകയും ഈ 300 ഹെക്ടർ തരിശ് നെൽവയൽ കൃഷിയോഗ്യമാക്കുന്നതിനുള്ള ഒരു പ്രത്യേക പാക്കേജിന് രൂപം നൽകുകയും ചെയ്യണം എന്നുള്ളതാണ്. ഒരിഞ്ച് ഭൂമിയും തരിശായിടില്ലെന്ന് പ്രഖ്യാപിച്ച ഈ സർക്കാരിൽനിന്നും തീർച്ചയായും ഇത് സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, തരിശ് നില കൃഷിക്കുവേണ്ടി അങ്ങയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കോഴിക്കോട് വരുമ്പോൾ ഈ സ്ഥലം സന്ദർശിക്കാൻ ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നതാണ്. കണക്കുകൾ പ്രകാരം കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 492 ഹെക്ടർ തരിശ് നെൽവയൽ നിലവിലുണ്ട്. 2016-17 വർഷത്തിൽ ഇതിൽ 36.5 ഹെക്ടർ സ്ഥലത്ത് തരിശ് നിലകൃഷി പദ്ധതിപ്രകാരം 30,000 രൂപ ധനസഹായം നൽകി കൃഷിയോഗ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 455.5 ഹെക്ടർ സ്ഥലത്ത് തദ്ദേശസ്വയംഭരണം, ജലസേചനം, കൃഷി എന്നീ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ഒരു സമഗ്ര പാക്കേജ് തയ്യാറാക്കി മുഴുവൻ തരിശ് നിലവും ഘട്ടംഘട്ടമായി കൃഷിയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഏകദേശം 850 ലക്ഷം രൂപ ചെലവിൽ കുറ്റ്യാടി, വേളം പഞ്ചായത്തുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതുവഴി വേളം, കുറ്റ്യാടി പഞ്ചായത്തുകളിൽ 378 ഹെക്ടർ ഒരുപ്പൂകൃഷി ഇരുപ്പൂകൃഷി ആക്കുന്നതിനും ഇരുപ്പൂകൃഷി മുപ്പൂകൃഷി ആക്കുന്നതിനും സാധിക്കുന്നതാണ്. മറ്റ് കാര്യങ്ങൾ പരിശോധിച്ചതിനുശേഷം അവിടെ പൂർണ്ണമായും തരിശ് രഹിതമാക്കാനുള്ള എല്ലാ സഹായവും കൃഷി വകുപ്പിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുന്നതായിരിക്കും.

## (5) വായ്പ എഴുതിത്തള്ളിയതിലെ ക്രമക്കേട്

ശ്രീ. ഒ. ആർ. കേളു: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പട്ടികവർഗ്ഗ വകുപ്പ് പട്ടികവർഗ്ഗക്കാർക്കുവേണ്ടി നടത്തിയിട്ടുള്ള പദ്ധതിയുമായി ബന്ധപ്പെട്ട കാര്യമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിനായി കഴിഞ്ഞ ഗവൺമെന്റ് രണ്ടുകോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആ പദ്ധതി നടപ്പാക്കിയതിൽ വലിയ ക്രമക്കേടും കെടുകാര്യസ്ഥതയും ഉണ്ടായതായുള്ള വാർത്തകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. കാർഷിക കടവും വായ്പയും എഴുതിത്തള്ളുന്നതിനു വേണ്ടി സർക്കാർ മുന്നോട്ടുവച്ചിരുന്ന മാനദണ്ഡങ്ങളെല്ലാം പിന്തള്ളിക്കൊണ്ടുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ഒരു കുടുംബത്തിലെ ഒരാളുടെ കാർഷിക കടം മാത്രമേ എഴുതിത്തള്ളാൻ പാടുള്ളൂ എന്നിരിക്കെ ഒരുകുടുംബത്തിലെ ഒന്നിൽകൂടുതൽ ആൾക്കാരുടെ കടം എഴുതിത്തള്ളുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. മുൻ മന്ത്രിയുടെ കുടുംബത്തിലുള്ളവരുടെ കാർഷിക കടങ്ങളും മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ബാബു എന്ന വ്യക്തിയുടെയും അദ്ദേഹത്തിന്റെ ഭാര്യയുടെയും മറ്റ് കുടുംബാംഗങ്ങളുടെയും കാർഷിക കടങ്ങളും എഴുതിത്തള്ളിയതായി കാണുന്നുണ്ട്. ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക കടം മാത്രമേ എഴുതിത്തള്ളാൻ പാടുള്ളൂവെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഒരു ലക്ഷത്തിൽ കൂടുതൽ വരുന്ന തുകയും എഴുതിത്തള്ളിയതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ഗുണഭോക്താക്കളിൽനിന്ന് അപേക്ഷ സ്വീകരിച്ച് മാനദണ്ഡങ്ങൾ പരിശോധിച്ച് മുൻഗണനാടിസ്ഥാനത്തിലാണ് ഈ കടങ്ങൾ എഴുതിത്തള്ളേണ്ടത്. പക്ഷേ അത്തരം മാനദണ്ഡങ്ങളൊന്നും പാലിക്കാതെ നേരിട്ട് ബാങ്കിൽനിന്നും ലിസ്റ്റ് ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിലാണ് കടം എഴുതിത്തള്ളുന്നതിനുള്ള തുക ഗവൺമെന്റ് ലഭ്യമാക്കിയിട്ടുള്ളത്. ഈ കാര്യങ്ങളൊക്കെ പരിശോധിക്കുമ്പോൾ പ്രഥമദൃഷ്ട്യാ ഒട്ടനവധി കെടുകാര്യസ്ഥതയുണ്ടായിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇത്തരം കാര്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി തയ്യാറായ ഉദ്യോഗസ്ഥർ ഇപ്പോഴും അതേ സീറ്റുകളിൽ തുടരുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രണ്ടുകോടി രൂപ ഇതിനുവേണ്ടി വകയിരുത്തിയതിൽ 90 ശതമാനത്തോളം തുകയും വയനാട്ടിലെ മാനന്തവാടിക്ക് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. കേരളത്തിലെ മറ്റ് പിന്നോക്ക പട്ടികവർഗ്ഗക്കാരായിട്ടുള്ള പണിയർ, അടിയർ, കാട്ടുനായ്ക്കർ തുടങ്ങിയ ഒരുവിഭാഗത്തിനും ഈ ആനുകൂല്യം ലഭ്യമായതായി കാണുന്നില്ല. പ്രത്യേകിച്ച് മുൻ പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ കുടുംബത്തിനും അവരുടെ പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ കുടുംബത്തിനും ഒരുവിഭാഗത്തിൽപ്പെട്ട ആദിവാസി വിഭാഗങ്ങൾക്കും മാത്രമാണ് ഇതിന്റെ ഗുണം ലഭിച്ചിട്ടുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞത്. കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് പട്ടികവർഗ്ഗ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അഴിമതിയുടെ വിവരങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം ഇവിടെ ഉന്നയിച്ചിട്ടുള്ള പട്ടികവർഗ്ഗക്കാരുടെ ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട 'ആശിക്കും ഭൂമി ' പദ്ധതിയിൽ വലിയ അഴിമതി നടന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലതന്നെ 'ജനനി സുരക്ഷ' പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അഴിമതി ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ ഇപ്പോൾ ആദിവാസികളുടെ കടം എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ടുള്ള പദ്ധതിയിലെ അഴിമതിയും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾക്ക് കൃത്യമായൊരു നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും ആദിവാസി വിഭാഗത്തോട് ഇത്തരത്തിലുള്ള സമീപനം സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നുമാണ് ഗവൺമെന്റിനോടും വകുപ്പുമന്ത്രിയോടും എനിക്ക് സൂചിപ്പിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കടാശ്വാസ പദ്ധതിയുടെ കാലാവധി അന്നത്തെ ബന്ധപ്പെട്ട മന്ത്രി ഇടപെട്ട് 2014 മാർച്ച് 30 വരെയാക്കിയതായും ഒരു ലക്ഷം രൂപവരെ മാത്രമേ കടാശ്വാസ പദ്ധതിയിൽ കടമെഴുതിത്തള്ളാൻ അർഹതയുള്ളൂവെന്നിരിക്കെ ഒരു ലക്ഷത്തിനുമുകളിൽ വരുന്ന കടങ്ങൾ കൂടി നിയമവിരുദ്ധമായി എഴുതിത്തള്ളി ആനുകൂല്യത്തിൽ ഉൾപ്പെടുത്തിയെന്നും അത്തരത്തിൽ അനധികൃതമായി ആനുകൂല്യങ്ങൾ കൈപ്പറ്റിയവരിൽ മുൻമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫും കുടുംബാംഗങ്ങളും ഉൾപ്പെടുന്നുവെന്നതുമാണ് ഈ സബ്മിഷനിൽ ഉന്നയിച്ച പ്രധാനപ്പെട്ട വിഷയം. കഴിഞ്ഞ ഒന്നു രണ്ടു ദിവസങ്ങളിലായി ഈ ആരോപണം സംബന്ധിച്ച് നിരവധി വാർത്തകൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ ഉയർന്നുവരികയുണ്ടായി. തുടർന്ന് പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ വിശദമായ വകുപ്പുതല അന്വേഷണം നടത്താൻ സർക്കാർ പട്ടികജാതി/പട്ടികവർഗ്ഗ പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. ഇതുവരെ നടത്തിയ പ്രാഥമിക പരിശോധനയിൽ മാനന്തവാടി ടി.ഡി.ഒ. പരിധിയിൽ ഒരു ലക്ഷം രൂപയ്ക്ക് മേൽ വായ്പ കുടിശ്ശികയുണ്ടായിരുന്ന പതിനഞ്ചോളം പേർക്ക് ഈ അനുകൂല്യം അനുവദിച്ചതായി കണ്ടിട്ടുണ്ട്. കൂടുതൽ പരിശോധനകൾ നടന്നുവരികയാണ്. ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളൂവെന്ന് ഇത് സംബന്ധിക്കുന്ന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒരേ കുടുംബത്തിലെ ഒന്നിലധികം പേർക്ക് നിയമവിരുദ്ധമായി ആനുകൂല്യം അനുവദിച്ചതായി ആരോപണം ഉയർന്നുവന്നിട്ടുണ്ട്. ഇതുസംബന്ധിച്ച മേൽ ഉത്തരവ് തീയതി മുതൽ നാളിതുവരെ അനുവദിച്ച മുഴുവൻ ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ പ്രത്യേകം പ്രത്യേകം

പരിശോധിക്കേണ്ടതായിട്ടുണ്ട്. ഈ പരിശോധനയും നടന്നുവരികയാണ്. പ്രാഥമിക പരിശോധനയ്ക്കുശേഷം ആവശ്യമാണെങ്കിൽ വിശദമായ വിജിലൻസ് അന്വേഷണത്തിന് വിടും. പട്ടികവർഗ്ഗ വിഭാഗങ്ങൾ സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവരാണ്. അവർക്ക് ലഭിക്കേണ്ട ആനുകൂല്യം അനർഹർ തട്ടിയെടുക്കുന്ന സ്ഥിതി സർക്കാർ അനുവദിക്കുകയില്ല. അത്തരത്തിലുള്ള നിയമവിരുദ്ധമായ നടപടികൾക്ക് അധികാര സ്ഥാനങ്ങളിലിരിക്കുന്നവർ കൂട്ടുനിന്നിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതായിരിക്കും.

ഒരു ലക്ഷം രൂപയ്ക്ക് പകരം രണ്ടുലക്ഷം രൂപ മുതൽ മൂന്നുലക്ഷം രൂപ വരെ എഴുതിത്തള്ളിയെന്നും ഒരേ കുടുംബത്തിലെ ഒന്നിലധികം പേർക്ക് നിയമ വിരുദ്ധമായി തുക അനുവദിച്ചുവെന്നും അതുപോലെ മന്ത്രിയുടെ ബന്ധുക്കൾക്കും പി.എ.-യുടെ ബന്ധുക്കൾക്കും പണം കൊടുത്തുവെന്നതുമാണ് വാർത്തകൾ. 2010 വരെയായിരുന്ന എഴുതിത്തള്ളാൻ കാലാവധി, അത് 2014 വരെ നീട്ടിയത് ഇതിനുവേണ്ടിയാണെന്നുള്ള ആരോപണമാണ് വന്നിട്ടുള്ളത്. ആരോപണത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കും.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട മന്ത്രി ആരോപണങ്ങളല്ല; പരിശോധിച്ചിട്ട് ഇതിന്റെ സത്യാവസ്ഥയാണ് ഇവിടെ പറയേണ്ടത്. ഒരു ലക്ഷം രൂപ വരെയാണ് ആനുകൂല്യം കൊടുക്കാൻ ഗവൺമെന്റ് ഉത്തരവുള്ളത്. ഒരു ലക്ഷം രൂപയിൽ കൂടുതൽ ഏതെങ്കിലും ഒരു കുടുംബത്തിന് കൊടുത്തിട്ടുണ്ടോ? ഒരു ലക്ഷം രൂപയിൽ കൂടുതൽ ലോൺ എടുത്തവർക്ക് ആനുകൂല്യം കൊടുത്തുവെന്ന് അങ്ങ് പറഞ്ഞു. ഒരു ലക്ഷം രൂപയിൽ കൂടുതൽ ഏതെങ്കിലും കുടുംബത്തിന് കൊടുത്തിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം. 2014 വരെ കാലാവധി നീട്ടിയത് ഔദ്യോഗികമായി നീട്ടിയതാണ്. ഇത് സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം നടത്തി അതിന്റെ അന്വേഷണ റിപ്പോർട്ട് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ബാലൻ: ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഒന്നാമത് ഞാൻ ആരേയും അനാവശ്യമായി ക്രൂശിക്കുന്ന ഒരാളല്ല. അനാവശ്യമായി ആരോപണം പറയുകയുമില്ല. ഇതിൽ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രദ്ധിക്കേണ്ട ഒരു കാര്യം, ഒരു ലക്ഷം രൂപ വരെ മുതലും പലിശയും എഴുതിത്തള്ളാനുള്ള സ്കീമാണ്. 2015 ഒക്ടോബർ 1-ന്റെ ഉത്തരവാണ്. ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ മുതലും പലിശയും പിഴപ്പലിശയും മറ്റു ചെലവുകളും ഉൾപ്പെടെ എഴുതിത്തള്ളുന്ന പദ്ധതിയാണ്. അത് ഒരു ലക്ഷം രൂപയ്ക്കപ്പുറം പോയിട്ടുണ്ട്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഒരു ലക്ഷം രൂപയിൽ കൂടുതൽ ആനുകൂല്യം ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഉണ്ട്. അത് പരിശോധിക്കാം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഞാൻ പരിശോധിച്ചതാണ്. ഇങ്ങനെയൊരു ആക്ഷേപം വന്നപ്പോൾ ഇന്നലെ ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടി. ഒരു പത്രപ്രവർത്തകൻ ഒരു ലക്ഷം രൂപയിൽ കൂടുതൽ കൊടുത്തിട്ടുണ്ടോ എന്ന് ആധികാരികമായി ചോദിച്ചു. ഞാൻ ആ ബാങ്കിൽ വിളിച്ചു, അതിന്റെ ഷീറ്റ് എടുപ്പിച്ചു. ഒരു ലക്ഷം രൂപയേ ബാങ്കിലടച്ചിട്ടുള്ളൂ, പക്ഷേ ഒരു ലക്ഷം രൂപയിൽ കൂടുതൽ കടമുള്ളയാളാണ് ഈ ഒരു ലക്ഷം രൂപ അടച്ചത്. ആ വ്യക്തി ബാക്കി തുക അടച്ചാൽ മാത്രമേ ഈ ഒരു ലക്ഷത്തിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. ഗവൺമെന്റ് തീരുമാനിച്ച ഒരു ലക്ഷം രൂപയിൽ കൂടുതൽ ഒരു പൈസ പോലും കൊടുത്തിട്ടില്ല. എന്നിട്ടാണ് ശ്രീമതി പി. കെ. ജയലക്ഷ്മിയെ അപമാനിക്കുന്നത്. അവരുടെ കുടുംബത്തിലുള്ളവർക്ക് കൊടുത്തുവെന്നാണ് പറയുന്നത്. അവരുടെ കുടുംബവുമായി നേരിട്ടുബന്ധമുള്ള ഒരാൾക്ക് പോലും കൊടുത്തിട്ടില്ല. അവരുടേത് വലിയ കൂട്ടുകുടുംബമാണ്. അവരുടെയെല്ലാം വീട്ടുപേര് ഒന്നാണ്. പട്ടികവർഗ്ഗ കുടുംബത്തിന് ഈ സ്കീമിന് അർഹതയുണ്ടെങ്കിൽ അവർക്ക് കൊടുക്കുന്നത് തെറ്റാണോ? ഏതായാലും മന്ത്രിയുടെ ഒരു ബന്ധുവിനും നേരിട്ട് കിട്ടിയിട്ടില്ല. ഒരു ലക്ഷം രൂപയിൽ കൂടുതൽ ഒരു ആനുകൂല്യവും കൊടുത്തിട്ടില്ല. ഏതായാലും ഇത്രയും വലിയ പ്രശ്നമായ സ്ഥിതിക്ക്; പ്രത്യേകിച്ച് ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ. തന്നെ ആരോപണമായി ഉന്നയിച്ച സാഹചര്യത്തിൽ ഇതിനെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്തി അതിന്റെ റിപ്പോർട്ട് ഈ മേശപ്പുറത്ത് വയ്ക്കാമോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: മിനിസ്റ്റർ പ്ലീസ് കൺക്ലൂഡ്. ഇത് ഡിസ്കഷനാക്കണ്ട, സബ്മിഷനാണ് പ്ലീസ്, പ്ലീസ്....

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാൻ ഇതിനെക്കുറിച്ച് സമഗ്രമായി പരിശോധിച്ചിട്ടില്ല. അങ്ങ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ സെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിച്ച് പ്രാഥമികമായി എന്തെങ്കിലും തെളിവുണ്ടെങ്കിൽ മാത്രം തുടർനടപടിയെടുക്കാം. നേരത്തേ പറഞ്ഞതുപോലെ ഞാനിത് പത്രക്കാരോട് പറഞ്ഞതാണ്. മന്ത്രിയുടെ ബന്ധുവായിപ്പോയി എന്നുള്ളതുകൊണ്ട് അർഹതപ്പെട്ടതാണെങ്കിൽ നമുക്ക് നീതി നിഷേധിക്കാൻ പറ്റില്ലെന്നുള്ളത് വ്യക്തമാക്കുകയും ചെയ്തതാണ്. പരിശോധിച്ചിട്ട് പറയാം.

## (6) പ്രതികളെ അറസ്റ്റ് ചെയ്യൽ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാന ഭരണത്തിന് നേതൃത്വം നൽകുകയും ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുകയും ചെയ്യുന്ന സി.പി.ഐ.(എം)-ന്റെ ഗുണ്ടാ മാഫിയാ ബന്ധങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. സി.പി.ഐ.(എം)-ഉം ഗുണ്ടകളും തമ്മിലുള്ള ഗാഢമായ ബന്ധത്തിന്റെ കഥകളാണ് ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഈ സഭയിൽ ബഹുമാന്യനായ മുഖ്യമന്ത്രി 25-10-2016-ന് ശ്രീ. പി. ടി. തോമസിന്റെ അടിയന്തര പ്രമേയത്തിന് മറുപടിയായി പറഞ്ഞത് - "ഈ രീതിയിൽ പ്രവർത്തിക്കുന്ന ഗുണ്ടാസംഘങ്ങളോട് ഒരു വീട്ടുവീഴ്ചയും പോലീസിന്റെ ഭാഗത്തു നിന്നുണ്ടാകില്ല" എന്നാണ്. അതിന് തുടർച്ചയായി അദ്ദേഹം അന്ന് പറഞ്ഞത് "ഇവിടെ ഗുണ്ടകൾക്ക് അഴിഞ്ഞാടാൻ ഒരു മടിയുമില്ല എന്ന നില വന്നുകൊണ്ടിരിക്കുകയാണ്" എന്നാണ്. ആളുകളുടെ കയ്യിൽ കാശുണ്ടായാൽ ആ കാശ് അവർ അദ്ധ്വാനിച്ചുണ്ടാക്കിയതായിരിക്കും, അത് അദ്ധ്വാനിക്കാതെ തട്ടിപ്പറിക്കാനുള്ള ഏർപ്പാടാണ് ഗുണ്ടാസംഘങ്ങൾ നീക്കിക്കൊണ്ടിരിക്കുന്നത്. സർക്കാർ ആ സംഘങ്ങളെ നിലയ്ക്കുനിർത്തുക തന്നെ ചെയ്യുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇങ്ങനെ മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടും...., കളമശ്ശേരി ഏരിയ സെക്രട്ടറി സക്കീർ ഹുസൈൻ രണ്ടുതവണ ജാമ്യത്തിന് അപേക്ഷ കൊടുത്തിട്ടും മുൻകൂർ ജാമ്യം കിട്ടിയിട്ടില്ല. ആ ഏരിയ സെക്രട്ടറിയെ അറസ്റ്റ് ചെയ്യാൻ ഇതുവരെ തയ്യാറായിട്ടില്ല. തന്നെയുമല്ല, ഇടപ്പള്ളി ലോക്കൽ കമ്മിറ്റി സെക്രട്ടറിയും മുൻ കൗൺസിലറുമായ മഹേഷ് കുമാർ ഒരു കാർ കമ്പനി അടിച്ചുതകർത്തു. അയാളെ ബെയ്‌ലബിളായ വകുപ്പിട്ട് കേസെടുത്ത് വിട്ടയച്ചു. പാർട്ടിയുടെ നേതാക്കൾ ഗുണ്ടാ പ്രവർത്തനം നടത്തുന്നുവെന്ന് മാത്രമല്ല, അവർക്ക് രാഷ്ട്രീയ സംരക്ഷണവും നൽകുകയാണ്. മുഖ്യമന്ത്രി പറഞ്ഞ വാക്കുകൾക്ക് ഇവിടെ വല്ല വിലയുമുണ്ടോ? നമ്മുടെ സംസ്ഥാനത്ത് ഗുണ്ടാപ്രവർത്തനങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും നടത്തുന്ന ഏത് പാർട്ടിയിൽപ്പെട്ടയാളുകളാണെങ്കിലും അവരെ കർശനമായി നിയന്ത്രിക്കുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതിനുപകരം അവർക്ക് രാഷ്ട്രീയസംരക്ഷണം കൊടുക്കുന്ന നടപടി ഒരു ഗവൺമെന്റിന് ഭൂഷണമല്ല. പട്ടാപ്പകൽ സക്കീർ ഹുസൈനെ കളമശ്ശേരിയിൽ കണ്ടുവെന്ന് പറഞ്ഞ് ഫോൺ ചെയ്തിട്ട് പോലീസ് തിരിഞ്ഞുനോക്കാൻ പോലും തയ്യാറായില്ല. ഇപ്പോൾ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റായി തുടരുന്നു. ഇതൊക്കെ ജനാധിപത്യ സംവിധാനത്തിൽ നിയമവാഴ്ചയ്ക്കു തന്നെ വെല്ലുവിളിയായി ഉയർന്നുവരുന്ന കാര്യമാണ്. ഇത്തരം ഗുണ്ടാമാഫിയാ പ്രവർത്തനം നടത്തുന്നവരെ നിയന്ത്രിക്കുമെന്ന് പറഞ്ഞ മുഖ്യമന്ത്രിയുടെ വാക്കിന് എന്തുവിലയാണുള്ളത്.

ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞ വാക്കിന് വിലയുണ്ടെങ്കിൽ ഇത്തരമാളുകളെ നിയമത്തിന് മുന്നിൽ കൊണ്ടുവരണം. ഹൈക്കോടതി രണ്ടുതവണ മുൻകൂർ ജാമ്യം നിഷേധിച്ച വ്യക്തിയെ അറസ്റ്റ് ചെയ്യാൻ കേരള പോലീസിന് കഴിവില്ലാത്തത് എന്തുകൊണ്ടാണ്? നക്ഷത്രം ചുമലിൽ വച്ചുനടക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് അറസ്റ്റ് ചെയ്യാൻ കഴിയാത്തത് രാഷ്ട്രീയമായ സംരക്ഷണമുണ്ടെന്നുള്ളതുകൊണ്ടു തന്നെയാണ്. അതുകൊണ്ട് കളമശ്ശേരി ഗുണ്ടാ ആക്രമണകേസിലെ പ്രതികളെ അറസ്റ്റ് ചെയ്യാനും ഗുണ്ടാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവരെ നിയന്ത്രിക്കാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

11.00 AM]

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ സബ്മിഷനിൽ ഉന്നയിച്ചിട്ടുള്ള വിഷയം 25-10-2016-ൽ അടിയന്തര പ്രമേയത്തിന്മേൽ സഭയിൽ നൽകിയ വിശദീകരണത്തിൽ ഉൾപ്പെട്ടതാണ്. എറണാകുളം തൃക്കാക്കര പൂക്കാട്ടുപടി കങ്ങരപ്പടിയിൽ ഷീലാ തോമസിന്റെ ഉടമസ്ഥതയിലുള്ള ഒരു ഡയറി പ്ലാന്റ് കരാർ പ്രകാരം ഏറ്റെടുത്ത് നടത്തിയിരുന്ന ജൂബി പൗലോസിന്റെ സ്ഥാപനം ഒഴിഞ്ഞു കൊടുക്കണമെന്നാവശ്യപ്പെട്ട് 2015-ൽ ഷീലാ തോമസ് നോട്ടീസ് അയച്ചിരുന്നതും ഇതു സംബന്ധിച്ച് ഒരു സിവിൽ കേസ് കോടതിയിൽ നടന്നുവരുന്നതുമാണ്. ആ സ്ഥിതിയിലിരിക്കേ ഷീലാ തോമസും സക്കീർ ഹുസൈനും കറുകപ്പള്ളി സിദ്ദിഖും ഫൈസലും ചേർന്ന് ഗൂഢാലോചന നടത്തുകയും 10-6-2015-ൽ സിദ്ദിഖും ഫൈസലും ചേർന്ന് ജൂബി പൗലോസിന്റെ സ്റ്റാഫായ സാജു ജോണിനെ വഴിയിൽ തടഞ്ഞുനിർത്തി വധിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. 11-6-2015-ന് ജൂബി പൗലോസിനെ ഇവർ കാറിൽ കയറ്റിക്കൊണ്ടുപോയി തടങ്കലിൽ വച്ചതിനുശേഷം ഷീലാ തോമസുമായുള്ള തർക്കം പരിഹരിക്കാത്ത പക്ഷം ജൂബി പൗലോസിനെയും കുടുംബത്തെയും ഇല്ലായ്മ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയതായി 27-10-2016-ന് പാലാരിവട്ടം പോലീസ് സ്റ്റേഷൻ മുമ്പാകെ ജൂബി പൗലോസ് മൊഴി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ അഞ്ച് പേരെ പ്രതികളാക്കി പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടാം പ്രതിയായ കറുകപ്പള്ളി സിദ്ദിഖും മൂന്നാം പ്രതിയായ ഫൈസലും എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ സാന്ദ്രാ തോമസുമായി ബന്ധപ്പെട്ട ക്രൈം 2361/16 നമ്പർ കേസ്സിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരവേ, 31-10-2016-ന് ഈ കേസ്സിലേയ്ക്ക് ഫോർമൽ അറസ്റ്റ്

ചെയ്ത് ബഹുമാനപ്പെട്ട കോടതി ഉത്തരവ് പ്രകാരം റിമാന്റ് അനുവദിച്ച് ജുഡീഷ്യൽ കസ്റ്റഡിയിലാണ്. ഒളിവിൽ പോയ സക്കീർ ഹുസൈനും ഷീലാ തോമസും ബഹുമാനപ്പെട്ട എറണാകുളം ജില്ലാ സെഷൻസ് കോടതി മുമ്പാകെ മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചെങ്കിലും ബഹുമാനപ്പെട്ട കോടതി ജാമ്യം നിരസിച്ചു. ടിയാൻ ഹൈക്കോടതിയിൽ ജാമ്യാപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഷീലാ തോമസിന്റെ മുൻകൂർ ജാമ്യാപേക്ഷ കോടതിയുടെ പരിഗണനയിലാണ്. എറണാകുളം ടൗൺ സൗത്ത് പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വന്ന ഈ കേസ് കൂടുതൽ കാര്യക്ഷമമായി അന്വേഷിക്കുന്നതിനുവേണ്ടി എറണാകുളം സിറ്റി ജില്ലാ ക്രൈം റിക്കാർഡ്സ് ബ്യൂറോ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (7) വായ്പ എഴുതിത്തള്ളൽ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശങ്ങളിൽ താറാവുകൾ കൂട്ടത്തോടെ രോഗബാധിതമായി ചത്തൊടുങ്ങുകയും അതിനെ കൊല്ലുകയും ചെയ്യുന്ന കാര്യം പലതവണ ഈ സഭയിൽ വന്നിട്ടുണ്ട്. ഇനി ഏതാണ്ട് ഒരു കൊല്ലക്കാലത്തേക്ക് താറാവിന്റെ മുട്ടയോ ഇറച്ചിയോ ആരും കഴിക്കാൻ തയ്യാറാകാത്ത സ്ഥിതിയാണുള്ളത്. എല്ലാവരും ബാങ്കിൽനിന്ന് വായ്പ എടുത്തിട്ടാണ് താറാവ് കൃഷി ചെയ്തിട്ടുള്ളത്. കഴിഞ്ഞ തവണ നഷ്ടപരിഹാരം കൊടുത്തതിൽ വന്ന അപാകതമൂലം, കത്തിച്ച താറാവുകൾക്ക് മാത്രമാണ് നഷ്ടപരിഹാരം കിട്ടിയത്. ലക്ഷക്കണക്കിന് താറാവ് മുട്ട ചെലവാകാതെ പോയതിനും രോഗബാധിതമായി ചത്ത താറാവുകളെ കൃഷിക്കാർ മറവ് ചെയ്തതിനും നഷ്ടപരിഹാരം കിട്ടിയിട്ടില്ല. ഈ വസ്തുതകളെല്ലാം കണക്കിലെടുത്തുകൊണ്ട് താറാവുകളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിനും ബാങ്കിൽ നിന്ന് താറാവ് കൃഷിക്കാർ എടുത്ത വായ്പ എഴുതിത്തള്ളുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ബഹുമാന്യനായ കെ. സുരേഷ് കുറുപ്പ് ഉന്നയിച്ച വിഷയം ഇന്നലെ ബഹുമാനപ്പെട്ട കെ. എം. മാണി സാറും സഭയിൽ ഉന്നയിച്ചിരുന്നു. കേരളത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രതിരോധ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനുമുള്ള അനുമതി നൽകി മൃഗസംരക്ഷണ വകുപ്പിൽ നിന്നും 5-11-2016-ൽ തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് കള്ളിംഗ് നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് രോഗംമൂലം മരണപ്പെട്ട താറാവുകൾക്ക്, അദ്ദേഹം പറഞ്ഞ പ്രധാനപ്പെട്ട വിഷയം, കഴിഞ്ഞ പ്രാവശ്യം കള്ളിംഗ് നടപടി

നടത്തിയതിന് മാത്രമാണ് കൊടുത്തതെന്നാണ്, ഇപ്പോൾ കള്ളിംഗ് നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് രോഗംമൂലം മരണപ്പെട്ട താറാവുകൾക്കും കള്ളിംഗ്മൂലം നശിപ്പിക്കപ്പെടുന്ന താറാവുകൾക്കും സർക്കാർ നിശ്ചയിച്ച തോതിലുള്ള അതായത്, രണ്ട് മാസത്തിന് മുകളിൽ പ്രായമുള്ള പക്ഷികൾക്ക് ഒന്നിന് 200 രൂപയും രണ്ട് മാസത്തിൽ താഴെ പ്രായമുള്ള താറാവുകൾക്ക് 100 രൂപയും നഷ്ടപരിഹാരം നൽകുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് കള്ളിംഗിന് വിധേയമായിട്ടുള്ളത് മാത്രമല്ല, ഈ അസുഖം വന്ന് മരണപ്പെട്ടിട്ടുള്ള താറാവുകൾക്കും നഷ്ടപരിഹാരം നൽകുന്നതാണ്. രോഗബാധിത പ്രദേശങ്ങളിലെ ഹാച്ചറികളിലുള്ള മുട്ടകളെയും മുട്ട കുഞ്ഞുങ്ങളെയും നശിപ്പിക്കുന്നതും ഓരോ മുട്ടയ്ക്കും അഞ്ച് രൂപ വീതം നഷ്ടപരിഹാരം നൽകുന്നതുമാണ്. പക്ഷിപ്പനിയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും രോഗബാധിത പ്രദേശത്ത് ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് രോഗബാധ മനസ്സിലാക്കിയതുമൂലം താറാവുകളെ/ പക്ഷികളെ കൊന്നിട്ടുള്ള കർഷകരുണ്ട്. അങ്ങനെയുള്ള കർഷകർക്കും അന്വേഷിച്ച് ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതാണ്. പക്ഷിപ്പനി നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കും പക്ഷികൾ നഷ്ടപ്പെട്ട കർഷകർക്ക് ധനസഹായം നൽകുന്നതിനുമാവശ്യമായ തുക ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കുന്നതാണ്. ഇതിനായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടികൾ നടന്നുവരികയാണ്. കള്ളിംഗ് നടപടികൾ പൂർത്തീകരിച്ചാൽ ഈ മാസത്തിൽ തന്നെ കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ കഴിയും. പക്ഷിപ്പനിമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനുള്ള എല്ലാ നടപടികളും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഒരു താറാവിന് 200 രൂപയെന്നുള്ള നിലയിൽ നഷ്ടപരിഹാരം നൽകുന്നതിനുതന്നെ ഏതാണ്ട് 6 കോടിയിലധികം രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്. ആലപ്പുഴ ജില്ലയിൽ 305691 താറാവുകളെ കള്ളിംഗ് ചെയ്യുകയും കർഷകർ തന്നെ നേരിട്ട് കൊല്ലുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ 64707 (ഇന്നലെ രാത്രി വരെയുള്ള കണക്കാണ്) താറാവുകളെ കൊന്നിട്ടുണ്ട്. അതനുസരിച്ച് 370398 താറാവുകളെ ഇതിനോടകം കൊല്ലേണ്ടി വന്നിട്ടുണ്ട്. ഇനിയും അത് തുടരുകയാണ്. ഒരു പക്ഷേ, ഒരു ലക്ഷമോ രണ്ട് ലക്ഷമോ വന്നുവെന്നും വരാം. ഇത്രയും താറാവുകൾക്ക് നഷ്ടപരിഹാരം കൊടുക്കേണ്ട സ്ഥിതിയാണുള്ളത്. അത് കൊടുക്കാൻ ഉത്തരവായിട്ടുണ്ട്. എത്രയും പെട്ടെന്ന് ഈ പണം അവർക്ക് കൊടുക്കും. താറാവ് കർഷകർ ബാങ്കിൽ നിന്നെടുത്ത ലോൺ എഴുതിത്തള്ളുന്നതുകൂടി സർക്കാരിന് വഹിക്കാൻ കഴിയില്ലെന്നുള്ള വിവരം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

## (8) എ.റ്റി.എം. കൗണ്ടറുകളുടെ സുരക്ഷ

ശ്രീ. രാജു എബ്രഹാം: സർ, എ.റ്റി.എം. കൗണ്ടറുകൾ സുരക്ഷിതമല്ല. നിരവധി തട്ടിപ്പ് സംഘങ്ങൾ എ.റ്റി.എം. പിൻ നമ്പരുകൾ ശേഖരിച്ച് വ്യാപകമായ തട്ടിപ്പ് നടത്തിവരികയാണ്. തിരുവനന്തപുരത്തുനിന്ന് മാത്രമാണ് അതിലെ ഒരു പ്രതിയെ പിടികൂടിയത്. ബോംബെ, ഗൾഫ് അമേരിക്ക എന്നിവിടങ്ങളിലെ എ.റ്റി.എം. കൗണ്ടറുകളിൽ നിന്നും പണം അപഹരിക്കുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. ആയതിനാൽ എ.റ്റി.എം. കൗണ്ടറുകളെ സുരക്ഷിതമാക്കാനും എ.റ്റി.എം. കവർച്ചാസംഘങ്ങളെ കണ്ടെത്താനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, എ.റ്റി.എം. കൗണ്ടറുകൾ കേന്ദ്രീകരിച്ചുള്ള കുറ്റകൃത്യങ്ങൾ അടുത്ത കാലത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള 21 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൂന്ന് കേസുകളിന്മേൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുകഴിഞ്ഞു. മറ്റുള്ളവ അന്വേഷണ ഘട്ടത്തിലാണ്. എ.റ്റി.എം. കൗണ്ടറുകളിൽ മതിയായ സെക്യൂരിറ്റി ജീവനക്കാരെ നിയോഗിക്കുന്നതിലും ബാങ്ക് സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങൾക്കു പുറമേ മറ്റെന്തെങ്കിലും ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ച് സംശയകരമായ ദൃശ്യങ്ങളുണ്ടോയെന്ന് കണ്ടെത്തി ആ വിവരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട എസ്.എച്ച്.ഒ.മാർക്കും പട്രോളിംഗ് ഡ്യൂട്ടിയും ബീറ്റ് ഡ്യൂട്ടിയും നോക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കും എ.റ്റി.എം. കൗണ്ടറുകൾ കേന്ദ്രീകരിച്ച് ശക്തമായ നിരീക്ഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സി-ഡാക്, സെർട്ട്-കെ (CERT-K), സൈബർ ഡോം തുടങ്ങിയവയുടെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. സംസ്ഥാന ക്രൈം ബ്രാഞ്ച് സ്പെഷ്യൽ ബ്രാഞ്ച് മാതൃകയിൽ ഒരു പ്രത്യേക സൈബർ ക്രൈം ആരംഭിക്കുന്നതും പരിഗണനയിലുണ്ട്. എ.റ്റി.എം. തട്ടിപ്പുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ വിശകലനം ചെയ്യുന്നതിനായി റിസർവ് ബാങ്ക് റീജിയണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഉന്നത പോലീസുദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള അവലോകന യോഗം 18-8-2016-ന് തിരുവനന്തപുരത്ത് റിസർവ് ബാങ്കിൽ വച്ച് നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ പൊതുജനങ്ങൾക്കാവശ്യമായ ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികളും ഫലപ്രദമായി സ്വീകരിച്ചിട്ടുണ്ട്.

## (9) എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാൽ നൂറ്റാണ്ട് പെയ്ത വിഷ മഴയിൽ കുതിർന്ന് നിൽക്കുന്ന കാസർഗോഡ് ജില്ലയിലെ ഗ്രാമങ്ങൾക്ക് ഒരു മഹായുദ്ധം കഴിഞ്ഞ യുദ്ധഭൂമിയോടാണ് സാദൃശ്യമുള്ളതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സർക്കാരിനും നല്ലതുപോലെ അറിയാവുന്ന കാര്യമാണ്. എൻഡോസൾഫാന്റെ ഇരുട്ടുപരന്ന ആ പ്രദേശത്തേയ്ക്ക് മുൻ മുഖ്യമന്ത്രിയും സർക്കാരും ശ്രദ്ധ പതിപ്പിച്ചതുപോലെ ഈ സർക്കാരും കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്. കഴിഞ്ഞ വർഷം ജനുവരി മാസം 14-നാണ് എൻഡോസൾഫാൻ ഗ്രാമങ്ങളിൽ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സന്ദർശനം നടത്തിയത്. നവകേരള യാത്രയോടനുബന്ധിച്ചായിരുന്നു ആ സന്ദർശനം. എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളിലെ ബഡ്സ് സ്കൂളുകളിലെ കുരുന്നുകൾ വളരെ ആഹ്ലാദത്തോടെയാണ് മുഖ്യമന്ത്രിയെ സ്വീകരിച്ചത്. അന്ന് മുഖ്യമന്ത്രി പ്രതികരിച്ചത്, എൽ.ഡി.എഫ്. അധികാരത്തിലെത്തിയാൽ എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളിലെ പുനരധിവാസവും ചികിത്സയും ദ്രുതഗതിയിൽ നടത്തുമെന്നായിരുന്നു. പക്ഷേ പുതിയ സർക്കാർ അധികാരമേറ്റ് ആറ് മാസം കഴിയാറായിട്ടും എൻഡോസൾഫാൻ ഇരകളോട് ബ്യൂറോക്രസിയുടെ ക്രൂരതകൾ ഇപ്പോഴും തുടരുകയാണ് എന്നതിന്റെ തെളിവാണ് എന്റെ നിയോജക മണ്ഡലത്തിലെ വെള്ളൂർ പഞ്ചായത്തിലെ കളേരി ഹൗസിലെ രാജീവി എന്ന അറുപത് വയസ്സുള്ള വിധവ ആത്മഹത്യ ചെയ്തത്. പാവപ്പെട്ട ഈ സ്ത്രീ എൻഡോസൾഫാൻ ദുരിത ബാധിതയാണ്. എൻ.ആർ.എച്ച്.എം. നൽകിയ ബയോമെട്രിക് കാർഡ് ഇവർക്കുണ്ടായിരുന്നു. അതുകൊണ്ട് 1200 രൂപ മാസംതോറും ലഭിക്കുമായിരുന്നു. Other category-ൽ ഉൾപ്പെട്ടു എന്നതുകൊണ്ട് മറ്റാനുകൂല്യങ്ങളൊന്നും ഇവർക്ക് കിട്ടുമായിരുന്നില്ല. ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങി നിരവധി മാരക രോഗങ്ങൾകൊണ്ട് കഷ്ടപ്പെട്ടിരുന്ന അവരുടെ ചികിത്സയ്ക്ക് മാസം അയ്യായിരത്തോളം രൂപ ആവശ്യമായിരുന്നു. കൂലിപ്പണി ചെയ്ത് കുടുംബം പോറ്റുന്ന രാജീവിയുടെ രണ്ട് ആൺമക്കൾക്ക് അമ്മയെ ചികിത്സിക്കാനും മരുന്ന് വാങ്ങാനുമുള്ള കഷ്ടപ്പാട് കരൾ അലിയിപ്പിക്കുന്നതാണ്. മക്കളേ നിങ്ങളുടെ കഷ്ടപ്പാട് ഇനിയും എനിക്ക് കാണാൻ കഴിയില്ലെന്ന് ആ അമ്മ പറഞ്ഞുവത്രേ. അതുകൊണ്ടാണ് അവർ ആത്മഹത്യ ചെയ്തത്. ചികിത്സ കിട്ടാതെ ഒരു വിധവ അതും എൻഡോസൾഫാൻ ദുരിതബാധിത ആത്മഹത്യ ചെയ്തെന്ന് പറയുമ്പോൾ ദൈവത്തിന്റെ സ്വന്തം നാട്ടിൽ കഴിയുന്ന നമുക്കെല്ലാവർക്കും നാണക്കേടാണെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. നവംബർ

4-ാം തീയതിയാണ് രാജീവി ആത്മഹത്യ ചെയ്തത്. അഞ്ചാം തീയതി ഉച്ചയ്ക്ക് കാസർഗോഡ് ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തി. വൈകുന്നേരം വെള്ളൂർ പഞ്ചായത്തിലെ നാട്ടക്കല്ലിൽ ശവസംസ്കാരം നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും അന്ന് കാസർഗോഡ് ജില്ലയിലുണ്ടായിരുന്നു. അതുവരെ ഒരുദ്യോഗസ്ഥനും തിരിഞ്ഞുനോക്കിയില്ല. എല്ലാം കഴിഞ്ഞപ്പോൾ ഒരു വില്ലേജ് അസിസ്റ്റന്റ് വന്ന് 2000 രൂപ നൽകി. കാസർഗോഡ് ജനറൽ ആശുപത്രിയിലെ മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന രാജീവിയുടെ മൃതശരീരം ഇൻക്വസ്റ്റ് ചെയ്യാൻ ആളൂർ പോലീസ് സ്റ്റേഷനിൽ നിന്ന് പോലീസുകാർ വന്നത് വാടക ജീപ്പിലായിരുന്നു. ജീപ്പിന്റെ വാടക പാവപ്പെട്ട ഈ സ്ത്രീയുടെ മക്കൾ കൊടുത്തുവെന്ന് പറയുമ്പോൾ അതിനെ നമുക്ക് ന്യായീകരിക്കാൻ കഴിയുമോ? ഈ കുടുംബത്തിന്റെ 2468029930 നമ്പർ റേഷൻ കാർഡ് ബി.പി.എൽ. വിഭാഗത്തിലായിരുന്നു. ഇപ്പോഴാകട്ടെ അത് എ.പി.എൽ.-ന് തുല്യമായ നോൺ പ്രയോറിറ്റിയിലായി. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി ഇത് പ്രത്യേകം ശ്രദ്ധിക്കണം. ഇതെല്ലാം അന്വേഷിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും രാജീവിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകണമെന്നുമാണ് എനിക്ക് സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത്. എൻഡോസൾഫാൻ ഇരകൾ ഇന്ന് അവഗണിക്കപ്പെട്ട അവസ്ഥയിലാണ്. പുതിയ സർക്കാർ വന്നതിനുശേഷം എൻഡോസൾഫാൻ സെൽ ഇതുവരെ യോഗം ചേർന്നിട്ടില്ല. എൻഡോസൾഫാൻ രോഗികൾക്കുള്ള സൗജന്യ മരുന്ന് ലഭിക്കുന്നില്ല. ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്ക് തുടർവിദ്യാഭ്യാസം കൊടുക്കുന്ന കാര്യത്തിലും വീഴ്ച സംഭവിച്ചിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്....യെസ്....പ്ലീസ്....കൺക്ലൂഡ്. നാല് മിനിട്ട് എടുത്തു. പ്ലീസ്....കൺക്ലൂഡ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പാലമോ റോഡോ വേണമെന്നല്ല ആവശ്യപ്പെടുന്നത്. പാവപ്പെട്ട എൻഡോസൾഫാൻ ദുരിതബാധിത മരുന്ന് ലഭിക്കാത്തതിനാൽ ആത്മഹത്യ ചെയ്ത കാര്യമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും മുന്നോട്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കാസർഗോഡ് ജില്ലയിലെ വെള്ളൂർ പഞ്ചായത്തിൽപ്പെട്ട കളേരി

സ്വദേശി രാജീവിയെ 4-11-2016-ന് പകൽ 4 മണിയോടെ മകൻ ശ്രീനിവാസന്റെ വീടിനകത്ത് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയിരുന്നു. രാജീവി എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നയാളാണ്. സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തരം ഇവർക്ക് പ്രതിമാസം 1200 രൂപ ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ ഇവർ ഉൾപ്പെടുന്ന റേഷൻ കാർഡ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പദ്ധതിമുഖേന ബി.പി.എൽ. ആക്കി മാറ്റിയിരുന്നു. എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിലേയ്ക്കായി അപേക്ഷ സമർപ്പിക്കുന്നതിന് ഇവരെ സമീപിച്ചിരുന്നുവെങ്കിലും കടബാധ്യതകളൊന്നും ഇല്ലെന്നാണ് അറിയിച്ചിട്ടുള്ളത്. രാജീവിക്ക് ഹൃദയസംബന്ധമായ അസുഖത്തിന് പരിയാരം മെഡിക്കൽ കോളേജിലെ കാർഡിയോളജിസ്റ്റിന്റെ നേതൃത്വത്തിൽ സൗജന്യ ചികിത്സ ലഭ്യമാക്കുകയും അവിടെനിന്ന് നിർദ്ദേശിക്കപ്പെട്ട പ്രകാരം അവർ മരുന്നുകൾ കഴിച്ചുവരികയുമായിരുന്നു. വെള്ളൂർ പി.എച്ച്.സി.യിലെ ജീവനക്കാർ ഇടയ്ക്കിടെ രാജീവിയുടെ വീട്ടിൽ ചെന്ന് രോഗാന്വേഷണം നടത്താറുണ്ടായിരുന്നു. പ്രത്യേക അവശതകളുള്ളതായി ശ്രദ്ധയിൽപ്പെടുകയോ ആ വിവരം രോഗി അറിയിക്കുകയോ ചെയ്തിരുന്നില്ല. ചികിത്സ ലഭിക്കാത്തതുകൊണ്ടാണ് രാജീവി തൂങ്ങിമരിച്ചതെന്ന വാർത്ത ശരിയല്ല. മരണ വാർത്തയെത്തുടർന്ന് ജില്ലാ കളക്ടറും മറ്റ് റവന്യൂ അധികാരികളും വീട് സന്ദർശിക്കുകയും അടിയന്തര ധനസഹായമനുവദിക്കുകയും ചെയ്തിട്ടുണ്ട്.

### (10) ഗുരുവായൂരിലെ വികസന പ്രവർത്തനങ്ങൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശബരിമലപോലെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ് ഗുരുവായൂർ. ഗുരുവായൂർ ക്ഷേത്ര നഗരത്തിനുവേണ്ടി നിരവധി പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് ഗുരുവായൂരിനെ 'പ്രസാദ്' പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. സംസ്ഥാന ടൂറിസം വകുപ്പിന്റെ നിർദ്ദേശത്തിന്റെയും ഇടപെടലിന്റെയും ഭാഗമായിട്ടാണ് ആ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുപോലെ 'അമൃത് നഗരം' പദ്ധതിയിലും ഗുരുവായൂരിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതികളും അവിടെ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയാണ്. ഗുരുവായൂർ ഡ്രെയിനേജ് സ്കീമിന്റെയും ഗുരുവായൂർ-ചാവക്കാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണവും ഗുരുവായൂർ-ചാവക്കാട് ടൂറിസം സർക്യൂട്ട് പദ്ധതിയും നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് ഗുരുവായൂർ മേൽപ്പാലത്തിനുവേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

ഈ പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ഒരു സംവിധാനമുണ്ടാക്കണമെന്നതാണ് എന്റെ ആവശ്യം. കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും നടപ്പിലാക്കുന്ന ഈ പദ്ധതികൾ ഓരോരോ ഡിപ്പാർട്ട്മെന്റുകൾ അവരവരുടെ ഭാവനയ്ക്കനുസരിച്ച് നടപ്പിലാക്കുന്നതിനുപകരം ഒരു കേന്ദ്രീകൃത സംവിധാനമേർപ്പെടുത്തണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേന്ദ്രസർക്കാർ 2015-16 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച 'പ്രസാദ്' പദ്ധതിയിലൂടെ ഇൻഡ്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്. തീർത്ഥാടനത്തിനായി വരുന്ന ടൂറിസ്റ്റുകൾക്ക് പ്രയോജനപ്പെടുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പദ്ധതിയാരംഭിച്ചിട്ടുള്ളത്. ഈ സാമ്പത്തികവർഷം ദക്ഷിണേന്ത്യയിൽനിന്നും ഗുരുവായൂരിനെ ഉൾപ്പെടുത്തി 8 തീർത്ഥാടനകേന്ദ്രങ്ങൾ ഈ സ്കീമിൽ അനുവദിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന കേന്ദ്രങ്ങളുടെ സമഗ്രവികസനം, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ലോക നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം, പ്രാദേശിക കലകളുടെ പ്രോത്സാഹനം, കരകൗശല ഉല്പന്നങ്ങളുടെ വിപണനം, പശ്ചാത്തല സൗകര്യവികസനം, വൈ-ഫൈ സൗകര്യം എന്നിവ ഇതിലുൾപ്പെടുന്നു. സമയബന്ധിതമായി പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കാൻ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2016 നവംബറിൽ വിശദമായ രൂപരേഖ കേന്ദ്രമന്ത്രാലയത്തിന് സമർപ്പിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 2016 ഒക്ടോബർ 3-ാം തീയതി ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി, വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി, ഗുരുവായൂർ എം.എൽ.എ. ശ്രീ. കെ. വി. അബ്ദുൾ ഖാദർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തിയ ഗുരുവായൂർ പദ്ധതി നടത്തിപ്പിനെപ്പറ്റി ഒരു ആലോചനായോഗം കൂടിയിരുന്നു. ഇതിൽ ബന്ധപ്പെട്ട മറ്റുള്ളവരും പങ്കെടുത്തിരുന്നു. ഒക്ടോബർ 6 മുതൽ 10 വരെ തീയതികളിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രതിനിധികൾ ബന്ധപ്പെട്ടവരുമായി പദ്ധതി പ്രദേശം സന്ദർശിക്കുകയും തുടർന്നുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ടൂറിസം മന്ത്രാലയ പ്രതിനിധികൾ പദ്ധതിയുടെ സാധ്യതാപട്ടിക പരിഗണനയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലലഭ്യത, മറ്റു ഘടകങ്ങൾ എന്നിവ പരിഗണിച്ച് മുൻഗണനാ ക്രമത്തിൽ 'പ്രസാദ്' പദ്ധതി നടപ്പാക്കാനുള്ള തുടർപ്രവർത്തനങ്ങൾ നടന്നു വരികയാണ്.

## (11) അച്ചടി മ്യൂസിയം സ്ഥാപിക്കൽ

ശ്രീ. പി. കെ. ശശി: സർ, ഷൊർണ്ണൂർ മണ്ഡലത്തിൽ 1967-ൽ സ്ഥാപിതമായതാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി ആന്റ് ഗവൺമെന്റ് പോളിടെക്നിക്ക്. 2017-ൽ ഈ സ്ഥാപനം സുവർണ്ണജൂബിലി ആഘോഷിക്കുകയാണ്. കഴിഞ്ഞ 50 വർഷങ്ങളിലായി മൂവായിരത്തിലധികം അച്ചടി വിദഗ്ദ്ധരെ സംഭാവന ചെയ്യാൻ ഈ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. ഷൊർണ്ണൂർ മലബാറിന്റെ പ്രവേശന കവാടവും റെയിൽവേ നഗരവും കൂടിയാണ്. ഇരുമ്പ് വ്യവസായത്തിന്റെ 'കേരളത്തിലെ ഷെഫീൽഡ്' എന്നാണ് ഷൊർണ്ണൂർ അറിയപ്പെടുന്നത്. ഈ വള്ളുവനാടൻ നഗരം ഇന്ന് ആധുനിക അച്ചടി വിദ്യാഭ്യാസത്തിന്റെ കേന്ദ്രമായി മാറിയിട്ടുണ്ട്. ഈ സ്ഥാപനം സുവർണ്ണജൂബിലി ആഘോഷിക്കുമ്പോൾ അച്ചടിയുടെ ചരിത്രം ഉൾക്കൊള്ളുന്ന ഒരു മ്യൂസിയം സ്ഥാപിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇവിടെ 1857-ൽ ബ്രിട്ടനിൽ നിർമ്മിച്ച അച്ചടിയന്ത്രം, 1940-ൽ യു.എസ്.എസ്.ആർ.-ൽ നിർമ്മിച്ച ടി.ഡി.എഫ്. മെഷീൻ, അച്ചുവാർക്കുന്ന മെഷീനുകൾ ഇങ്ങനെ നിരവധി വർഷങ്ങൾ പഴക്കമുള്ള വിവിധ രാജ്യങ്ങളിൽ നിർമ്മിച്ച അച്ചടിയന്ത്രങ്ങളുടെ വലിയൊരു ശേഖരം തന്നെ ഉണ്ട്. അതെല്ലാം ഒരുകേടുപാടും സംഭവിക്കാതെ നല്ലനിലയിൽ സൂക്ഷിച്ചുവയ്ക്കാൻ അവിടെ സാധിക്കുന്നുണ്ട്. ഇപ്പോൾ പഠിക്കുന്നവർക്കും പഠനം പൂർത്തിയാക്കിയവർക്കും ഇനി പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും സഹായകമായ രീതിയിൽ അച്ചടിയുടെ വികാസത്തിന്റെ എല്ലാ ഘട്ടങ്ങളിലൂടെയും കടന്നുപോകാൻ കഴിയുന്ന തരത്തിൽ യന്ത്രങ്ങളുടെ ശേഖരണവും പ്രദർശനവും ഒരുക്കാൻ കഴിഞ്ഞാൽ അത് വലിയൊരു നേട്ടമായിരിക്കും. പഠനത്തിനും ഗവേഷണത്തിനുമായി വളരെ വിപുലമായ ലൈബ്രറിയും ഡിജിറ്റൽ മൾട്ടി മീഡിയ തിയേറ്ററുകളും ചിട്ടപ്പെടുത്താൻ സാധിക്കും. സ്വന്തമായി 35 ഏക്കർ ഭൂമിയുള്ള ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് ഒരു അച്ചടിമ്യൂസിയം സ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത്തരമൊരു മ്യൂസിയം, അച്ചടി രംഗത്തുള്ള ഒരു പഠന ഗവേഷണസ്ഥാപനം എന്ന നിലയ്ക്ക് ഉപയോഗപ്പെടുത്താൻ കഴിയും. ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും 4 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്നുവെന്നുള്ളതും നെടുമ്പാശ്ശേരി, കരിപ്പൂർ, കോയമ്പത്തൂർ എന്നീ വിമാനത്താവളങ്ങൾ നൂറിൽതാഴെ കിലോമീറ്റർ മാത്രം ദൂരത്താണെന്നതും ഈ മ്യൂസിയം ആരംഭിക്കുന്നതിന് ഭൂമി ശാസ്ത്രപരമായ അനുകൂല ഘടകങ്ങളാണ്. ഇതുപയോഗപ്പെടുത്തിക്കൊണ്ട് ഈ അഭ്യർത്ഥന ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2017-ൽ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി ആന്റ് ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ പൊതുസമൂഹത്തിൽ അച്ചടിവിദ്യയുടെ ചരിത്രത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ ഒരു അച്ചടി മ്യൂസിയം സ്ഥാപിക്കണമെന്ന നിർദ്ദേശം ഇതിനകം ലഭിച്ചിട്ടുണ്ട്. സാമ്പത്തികബാധ്യത, സ്ഥലസൗകര്യം എന്നിവയുൾപ്പെടെയുള്ള വിഷയങ്ങൾ ഗവൺമെന്റ് വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## (12) അടിസ്ഥാന സൗകര്യ വികസനം

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരത്തോടെ 2014 സെപ്റ്റംബർ മാസം 50 വിദ്യാർത്ഥികളുടെ ആദ്യബാച്ച് ആരംഭിക്കാനായത് ആരോഗ്യ-വിദ്യാഭ്യാസരംഗത്ത് വളരെ പ്രതീക്ഷയേറിയ കാര്യമായിരുന്നു. തുടർന്ന് 2015-ൽ രണ്ടാം ബാച്ചിലും പ്രവേശനം നടത്താൻ കഴിഞ്ഞു. 2016 അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടില്ല. സമയബന്ധിതമായി ഭൗതിക സാഹചര്യമൊരുക്കുമെന്നുള്ള ഉറപ്പ് എം.സി.ഐ.യ്ക്ക് നൽകാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഒരുപക്ഷേ മൂന്നാം ബാച്ചിലേക്കുള്ള പ്രവേശനവും നടത്താമായിരുന്നു. വേണ്ടത്ര ജാഗ്രത അത്തരം കാര്യങ്ങളിൽ നമുക്കുണ്ടായില്ല. തുടർന്ന് ഇടുക്കി മെഡിക്കൽ കോളേജിൽ നിയമിച്ചിരുന്ന അദ്ധ്യാപകർ, ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയവരെ വിവിധ ആശുപത്രികളിലേയ്ക്ക് മാറ്റി. കൂടാതെ മെഡിക്കൽ കോളേജിൽ അദ്ധ്യയനം നടത്തിയിരുന്ന രണ്ടാം ബാച്ച് വിദ്യാർത്ഥികളെ അസൗകര്യങ്ങളുടെ പേരിൽ മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റുകയും ചെയ്തു. മെഡിക്കൽ കോളേജിന്റെ അക്കാഡമിക് ബ്ലോക്ക് നിർമ്മാണത്തിനായി ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് 18-11-2015-ൽ ജി.ഒ.(ആർ.ടി.) നമ്പർ 3723 പ്രകാരം പത്ത് കോടി നാലുലക്ഷത്തിചില്വാനം രൂപ അനുവദിച്ചിരുന്നു. 2016 സെപ്റ്റംബർ മാസത്തിലാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചത്. 2-12-2014-ൽ ജി.ഒ.(ആർ.ടി.) നമ്പർ 3875 പ്രകാരം നബാർഡിൽ നിന്നും 48,54,00,000 രൂപയും സംസ്ഥാനവിഹിതമായ 8,56,00,000 രൂപയും ചേർത്ത് 57,10,00,000 രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും ഈ തുക വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് നേരിടുന്ന അനാവശ്യ കാലതാമസം ജനങ്ങളിൽ ആശങ്ക

സൃഷ്ടിച്ചിരിക്കുകയാണ്. 2017-18 അദ്ധ്യയന വർഷം പുതിയ ബാച്ചിന്റെ അഡ്മിഷൻ നടത്തുന്നതിനും ഇവിടെനിന്നും മാറ്റിയ വിദ്യാർത്ഥികളെ തിരികെ കൊണ്ടുവരുന്നതിനും മെഡിക്കൽ കോളേജിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനും നിർമ്മാണ പ്രവർത്തനമാരംഭിച്ച അക്കാഡമിക് ബ്ളോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഇടുക്കി ജില്ലാ ആശുപത്രിയാണ് മെഡിക്കൽ കോളേജായി ഉയർത്തിയത്. ജില്ലാ ആശുപത്രിക്ക് ആവശ്യമായ സൗകര്യംപോലും ഇല്ലാതിരുന്ന സമയത്താണ് അതിനെ മെഡിക്കൽ കോളേജായി ഉയർത്തിയത്. 50 കുട്ടികൾ വീതമുള്ള രണ്ട് ബാച്ചുകളിൽ പ്രവേശനം നൽകുന്നതിന് മുൻവർഷങ്ങളിൽ നൽകിയ ഉറപ്പുകൾ പാലിക്കാത്തതിന്റെ ഫലമായി 2016-17 അദ്ധ്യയന വർഷത്തിലെ പ്രവേശനത്തിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ അനുമതി നിഷേധിച്ചിരിക്കുകയാണ്. ആവശ്യമായ സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ ഇവിടെ പ്രവേശിപ്പിക്കപ്പെട്ട കുട്ടികളുടെ ഭാവി പരിഗണിച്ച് രണ്ടാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥികളെ മറ്റ് കോളേജുകളിലേയ്ക്ക് താൽക്കാലികമായി മാറ്റിക്കൊണ്ട് അവരുടെ വിദ്യാഭ്യാസം ഉറപ്പാക്കിയിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന ഏജൻസിയായ കിറ്റ്കോ, ടെക്നിക്കൽ കമ്മിറ്റി മെമ്പർമാർ, ആരോഗ്യ-വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ ഒരു യോഗം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി വിളിച്ചുകൂട്ടി അടിയന്തരമായി നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തികവർഷം വരെ 24 കോടി 10 ലക്ഷം രൂപയും 2016-17 സാമ്പത്തികവർഷം 75 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 300 ആക്കാൻ തീരുമാനിച്ചു. ഓപ്പറേഷൻ തിയേറ്ററിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ ടി മെഡിക്കൽ കോളേജിന്റെ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണത്തിന് തടസ്സമായിരുന്ന ഹോസ്റ്റൽ പൊളിച്ചുമാറ്റുകയും ആയതിൻപ്രകാരം നിർമ്മാണം പുരോഗമിച്ചുവരികയുമാണ്. ടി മെഡിക്കൽ കോളേജിന്റെ അനുബന്ധമായിട്ടുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടി തുടങ്ങികഴിഞ്ഞു. പ്രവർത്തനങ്ങൾ ഉടനടി തുടങ്ങുന്നതാണ്.

## (13) പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. ജി. എസ്. ജയലാൽ: സർ, പാരിപ്പള്ളി മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. ഇ.എസ്.ഐ. കോർപ്പറേഷൻ പണി പൂർത്തിയാക്കിയെങ്കിലും കോർപ്പറേഷൻ അതിൽനിന്നും പിൻവലിഞ്ഞതിന്റെ ഫലമായി ഗവൺമെന്റ് ഏറ്റെടുത്ത മെഡിക്കൽ കോളേജാണിത്. ഇത് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുമുള്ള ഒരാശുപത്രിയാണ്. ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ എം.ഒ.യു.-വിൽ പറഞ്ഞിരുന്നതുപോലെ ഇ.എസ്.ഐ. തൊഴിലാളികൾക്ക് എല്ലാ ആനുകൂല്യങ്ങളും നിലനിർത്തിക്കൊണ്ട് പൊതുജനങ്ങൾക്കുകൂടി ചികിത്സ ലഭ്യമാക്കുന്ന ആശുപത്രിയായി പ്രവർത്തിക്കുമെന്ന് ഉറപ്പുകൊടുത്താണ് ഗവൺമെന്റ് ഈ ആശുപത്രി ഏറ്റെടുത്തത്. അടിസ്ഥാന സൗകര്യങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും കഴിഞ്ഞ ഗവൺമെന്റ് അവിടെ ആവശ്യത്തിന് ഡോക്ടർമാരെ പോസ്റ്റ് ചെയ്യുകയോ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം വാങ്ങുകയോ കോഴ്സ് ആരംഭിക്കുകയോ ചെയ്തിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 108 ഡോക്ടർമാരെയും 282 പാരാ മെഡിക്കൽ ജീവനക്കാരെയും പോസ്റ്റ് ചെയ്തു. അടുത്തവർഷം എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. റഫറൽ സൗകര്യം, സൗജന്യ ആംബുലൻസ്-ഭക്ഷണ-ചികിത്സാ സൗകര്യങ്ങൾ ഇതെല്ലാം അട്ടിമറിക്കപ്പെടാൻ പോകുന്നുവെന്ന വലിയൊരാശങ്ക ബോധപൂർവ്വമായി ചില ഇ.എസ്.ഐ. ജീവനക്കാർ ഉൾപ്പെടെയുള്ളവർ ചേർന്ന് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇ.എസ്.ഐ. തൊഴിലാളികൾക്ക് പ്രത്യേക ഒ.പി. കൗണ്ടറും വാർഡും സജ്ജമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. പൊതുജനങ്ങൾക്കുള്ള ഒ.പി. ആരംഭിച്ചിട്ടുണ്ട്. ഐ. പി. ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഐ.സി.യു., ബ്ലഡ് ബാങ്ക് തുടങ്ങിയ ചില ക്രമീകരണങ്ങളും ക്ലിനിക്കൽ വിഭാഗത്തിൽ ചില ഡോക്ടർമാരുടെ കുറവും പരിഹരിച്ചുകഴിഞ്ഞാൽ അടിസ്ഥാന സൗകര്യമുള്ള ഒരു മെഡിക്കൽ കോളേജായി പ്രവർത്തിപ്പിക്കാനും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ തിരക്ക് ഒഴിവാക്കാനും കഴിയും. ഇ.എസ്.ഐ. തൊഴിലാളികൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും നിലനിർത്തിക്കൊണ്ട് എം.ഒ.യു.-വിൽ പറഞ്ഞിരിക്കുന്ന സൗജന്യ ആംബുലൻസ്, സൗജന്യ ചികിത്സ, റഫറൽ സൗകര്യം, ഇവയൊക്കെ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന കൊല്ലം ജില്ലയിലെ പാരിപ്പള്ളി

ഇ.എസ്.ഐ. മെഡിക്കൽ കോളേജും അനുബന്ധ ആശുപത്രിയും സർക്കാർ ഉത്തരവുകൾ പ്രകാരം കേരള സംസ്ഥാന സർക്കാർ പൂർണ്ണമായും ഏറ്റെടുക്കുകയും 31-8-2016-ലെ ഉത്തരവുപ്രകാരം കൊല്ലം സർക്കാർ മെഡിക്കൽ കോളേജായി പുനർനാമകരണം ചെയ്യുകയുമുണ്ടായി. ടി സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ലെറ്റർ ഓഫ് പെർമിഷൻ ലഭിക്കുന്നതിനുവേണ്ടി 83 അധ്യാപകരുടെയും 307 അനധ്യാപകരുടെയും തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ടി തസ്തികകളിൽ ജീവനക്കാരെ നിയമിച്ച് ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ഒ.പി. ഐ.പി. അത്യാഹിത വിഭാഗം എന്നിവിടങ്ങളിലെ സർവ്വീസ് മെച്ചപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി കൈക്കൊണ്ടുവരുന്നു. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ കീഴിലുണ്ടായിരുന്ന ടി മെഡിക്കൽ കോളേജ് അനുബന്ധ ആശുപത്രിയിൽ നിന്നും സംസ്ഥാന സർവ്വീസിലേയ്ക്ക് ഓപ്ഷൻ നൽകിയ 22 ഡോക്ടർമാരെ സർക്കാർ ഉത്തരവ് പ്രകാരം അബ്സോർബ് ചെയ്യുകയുണ്ടായി. ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെയും തിരുവനന്തപുരം ഇന്ദിരാഗാന്ധി സർക്കാർ മെഡിക്കൽ കോളേജിലെയും ഉൾപ്പെടെ 41 ഡോക്ടർമാരെ വർക്കിംഗ് അറേഞ്ചുമെന്റിൽ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ നിയമിച്ചിട്ടുണ്ട്. 2016-17 അധ്യയന വർഷത്തിൽ കൊല്ലം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. കോഴ്സിന് പ്രവേശനം നടത്തുന്നതിനായി അധ്യാപകർ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി അപേക്ഷിച്ചുവെങ്കിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അനുവാദം നൽകാത്തതിനെത്തുടർന്ന് കോഴ്സ് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. 2017-18 അധ്യയന വർഷത്തിൽ എം.ബി.ബി.എസ്. കോഴ്സിന് (100 സീറ്റ്) പ്രവേശനം നടത്തുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ലെറ്റർ ഓഫ് പെർമിഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ നിന്നും ഓപ്ഷൻ നൽകി സംസ്ഥാന സർവ്വീസിൽ പ്രവേശിപ്പിച്ച ജീവനക്കാരുടെ ശമ്പളം നിർണ്ണയിച്ച് നൽകുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു. കിടത്തി ചികിത്സാ വിഭാഗം വിപുലപ്പെടുത്തുമ്പോൾ മറ്റ് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലുള്ളതുപോലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കിടപ്പു രോഗികൾക്ക് പാലും റൊട്ടിയും നൽകുന്ന പദ്ധതി കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇ.എസ്.ഐ. തൊഴിലാളികൾക്ക് ആഹാരം നൽകുന്നതിനും പ്രത്യേകം ഒ.പി. കൗണ്ടറും വാർഡുകളും ക്രമീകരിക്കുന്നതിനുള്ള നടപടിയും സർക്കാർ പരിശോധിച്ചുവരുന്നു. 2016-17 സാമ്പത്തികവർഷത്തിൽ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് 10 കോടി രൂപ പ്ലാൻ വിഹിതമായി അനുവദിച്ചിട്ടുണ്ട്.

## (14) ഭൂമി കയ്യേറ്റം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ മണ്ഡലത്തിലെ നിലമ്പൂർ താലൂക്കിൽ മമ്പാട് വില്ലേജിൽ ഉൾപ്പെട്ട സർവ്വേ നമ്പർ 616/618 -ൽ വരുന്ന അഞ്ച് ഏക്കർ ഭൂമി ഒരു കൂട്ടം ആളുകൾ ഏതാനും ദിവസങ്ങൾക്കുമുൻപ് പിടിച്ചെടുത്ത് 80-ഓളം കുടുംബങ്ങൾക്ക് വിതരണം ചെയ്തത് വാർത്താ മാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടുകൂടി റിപ്പോർട്ട് ചെയ്തതാണ്. ഈ അഞ്ചേക്കർ ഭൂമി സ്വകാര്യ വ്യക്തിയുടേതാണെന്നും, അതല്ല ഗവൺമെന്റിന്റെ മിച്ച ഭൂമിയാണെന്നുമുള്ള രണ്ടഭിപ്രായമുണ്ട്. ഏതായാലും ഗവൺമെന്റിന്റെ മിച്ച ഭൂമിയാണെങ്കിൽ അത് വിതരണം ചെയ്യേണ്ട ഉത്തരവാദിത്തം ഗവൺമെന്റിനാണ്. മമ്പാട് പഞ്ചായത്തിലും വണ്ടൂരിലും നൂറ് കണക്കിനാളുകൾ ഒരു തുണ്ട് ഭൂമിക്കുവേണ്ടി ജില്ലാ കളക്ടറേറ്റിൽ അപേക്ഷ നൽകി മിച്ച ഭൂമിക്കുവേണ്ടി കാത്തിരിക്കുമ്പോഴാണ് അഞ്ച് ഏക്കർ ഭൂമി ഇത്തരത്തിൽ നഗ്നമായ കയ്യേറ്റം നടത്തി അനർഹരായ ആളുകൾക്ക് വിതരണം നടത്തിയിട്ടുള്ളത്. അർഹരായ പാവപ്പെട്ട ആളുകൾ പുറത്തുനിൽക്കുന്നുണ്ട്. ഇത്തരം കയ്യേറ്റങ്ങൾ ഒരു രീതിയിലും അനുവദിക്കാൻ കഴിയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുത്ത് കയ്യേറ്റം ഒഴിപ്പിക്കാനും ഭൂമി ലഭിക്കേണ്ട അർഹരായ ആളുകൾക്ക് ആ ഭൂമി വിതരണം ചെയ്യുവാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, നിലമ്പൂർ താലൂക്കിൽ മമ്പാട് വില്ലേജിൽ ഉൾപ്പെട്ട സർവ്വേ നമ്പർ 616/618 -ന്റെ കൈവശക്കാരന് ചേർത്തല താലൂക്ക് ലാന്റ് ബോർഡിൽ മിച്ചഭൂമി കേസ് നിലനിൽക്കുന്നുണ്ട്. ഈ കേസിൽ അന്തിമ ഉത്തരവ് വരാത്തതുകാരണം പ്രസ്തുത ഭൂമി ഏറ്റെടുത്തിട്ടില്ല. അതുകൊണ്ടുതന്നെ സ്വകാര്യ ഭൂമിയായി അത് നിലനിൽക്കുന്നു. ഒരു വിഭാഗം ആൾക്കാർ ഇവിടെ കയ്യേറി താമസിക്കുകയാണെന്ന് അറിയുന്നു. അതിനെതിരെ ഉടമസ്ഥൻ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിന് ലാന്റ് ബോർഡിന്റെ ഉത്തരവ് ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## (15) ശിശുക്ഷേമ സമിതിയിലെ ക്രമക്കേടുകൾ

ശ്രീ. ഡി. കെ. മുരളി: സർ, സംസ്ഥാന ശിശുക്ഷേമ സമിതിയിലെ കഴിഞ്ഞകാല നിയമനങ്ങളിൽ നടത്തിയ ക്രമക്കേടുകളെയും അഴിമതിയെയും സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 1960-ൽ രൂപീകൃതമായതും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ജനാധിപത്യപരമായി പ്രവർത്തിക്കേണ്ടതുമായ

ഈ സമിതിയിൽ കഴിഞ്ഞ പ്രാവശ്യം വലിയ ക്രമക്കേടും സ്വജനപക്ഷപാതവുമാണ് നടന്നിട്ടുള്ളത്. ഇതിന്റെ അന്വേഷണത്തിനുവേണ്ടി ഗവൺമെന്റ് തന്നെ രണ്ടുപേരെ നിയോഗിക്കുകയും അവർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. തെരഞ്ഞെടുപ്പ് അട്ടിമറിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് 868 അംഗങ്ങളെ വ്യാജമായാണ് നിയമിച്ചിരിക്കുന്നത്. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അനുവാദം വാങ്ങാതെയും സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് മുകളിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയെയോ ജനറൽ കൗൺസിലിനെയോ അറിയിക്കാതെയും അനുവാദം വാങ്ങാതെയുമാണ് 868 പേരെ വ്യാജമായി ചേർത്തിരിക്കുന്നത്. യഥാർത്ഥ അംഗങ്ങളുടെ ഫോട്ടോ മാറ്റി വ്യാജ അംഗങ്ങളുടെ ഫോട്ടോ പതിച്ച വിഷയവുമുണ്ട്. ചിലയാളുകൾക്ക് നോട്ടീസ് അയച്ചപ്പോൾ അങ്ങനെയൊരു അഡ്രസ്സ് തന്നെ ഇല്ല. ഇക്കാര്യത്തിൽ ജനാധിപത്യത്തെ അട്ടിമറിക്കുന്നതിനുവേണ്ടി വമ്പിച്ച ക്രമക്കേടും സ്വജനപക്ഷപാതവുമാണ് നടത്തിയിട്ടുള്ളത്. അതുപോലെ ദത്ത് എടുക്കുന്നതു സംബന്ധിച്ച് ഒരു സീനിയോറിറ്റി ലിസ്റ്റ് പോലും പ്രസിദ്ധീകരിക്കാതെ 700 അപേക്ഷകരിൽനിന്ന് തങ്ങൾക്ക് താൽപ്പര്യമുള്ളവർക്ക് ദത്ത് കൊടുക്കൽ പ്രക്രിയ നടത്തിയിരിക്കുകയാണ്. അതിന് പിന്നിൽ വലിയ അഴിമതിയാണ് നടന്നിട്ടുള്ളത്, കാശ് വാങ്ങലാണ് നടന്നിട്ടുള്ളത്. അവിടെ പുറം വാതിൽ നിയമനങ്ങൾ വ്യാപകമായി നടന്നിട്ടുണ്ട്. ഇതൊക്കെ ക്രൈംബ്രാഞ്ച് പോലുള്ള ഒരു സ്പെഷ്യൽ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിച്ച് യഥാർത്ഥ കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുവാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭരണ സമിതിയുടെ അഡ്മിനിസ്ട്രേറ്ററായി ഹൈക്കോടതി നിയമിച്ചിരുന്ന തിരുവനന്തപുരം ജില്ലാ കളക്ടർ, ശ്രീ. കെ.എൻ. സതീഷ്, ഐ.എ.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി 2014-ൽ ശിശുക്ഷേമ സമിതിയിലും സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടി പരിശീലന കേന്ദ്രങ്ങളിലും കാലാകാലങ്ങളായി ജോലി ചെയ്തുവരുന്ന 37 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഇതിന്മേൽ ക്രൈം ബ്രാഞ്ച് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ 2012-14 കാലയളവിൽ സീനിയോറിറ്റി മറികടന്ന് ദമ്പതികൾക്ക് കുഞ്ഞുങ്ങളെ ദത്ത് നൽകിയിട്ടുണ്ട്. ഇതിൽ എൻ.ആർ.ഐ. കാറ്റഗറിയിൽ ഉൾപ്പെട്ട ദമ്പതികൾക്കും ദത്ത് നൽകിയിട്ടുണ്ട്. സീനിയോറിറ്റി മറികടന്ന് ദത്ത് നൽകിയതുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നുണ്ട്. നിലവിൽ സെൻട്രൽ അഡോപ്ഷൻ റിസോഴ്സസ് അതോറിറ്റിയുടെ ഗൈഡ്‌ലൈൻ 2015 പ്രകാരം ഓൺലൈൻ വഴിയാണ് ദത്തെടുക്കൽ പ്രക്രിയ പൂർണ്ണമായും നടക്കുന്നത്.

## (16) ട്രോമാകെയർ യൂണിറ്റും ഭൗതികസൗകര്യങ്ങളും അനുവദിക്കൽ

ശ്രീ. റോജി എം. ജോൺ : സർ, എട്ട് പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്നതാണ് അങ്കമാലി നിയോജകമണ്ഡലം. ഇവിടെയുള്ള സാധാരണക്കാരായ ജനങ്ങൾ ചികിത്സയ്ക്കായി ആശ്രയിക്കുന്നത് താലൂക്കാശുപത്രിയെയാണ്. കുറച്ച് വർഷങ്ങൾക്കുമുമ്പ് സി.എച്ച്.സി. ആയിരുന്ന ഈ ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും അതിനുതകുന്ന തരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയോ ആനുപാതികമായ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുകയോ ചെയ്യാത്തതിനാൽ അവിടെ ജനങ്ങൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ദേശീയപാതയോടും എം.സി. റോഡിനോടും ചേർന്ന് കിടക്കുന്ന ഒരു ആശുപത്രിയായതിനാൽ ആക്സിഡന്റിൽപ്പെടുന്ന നിരവധി രോഗികളുൾപ്പെടെ ഈ ആശുപത്രിയിലാണ് ചികിത്സയ്ക്ക് എത്തിച്ചേരുന്നത്. ഇവിടെ താലൂക്കാശുപത്രിക്ക് ആനുപാതികമായ രീതിയിൽ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ട്രോമാകെയർ യൂണിറ്റും ഡയാലിസിസ് യൂണിറ്റും ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 1954-ൽ പ്രാഥമിക ആരോഗ്യകേന്ദ്രമായി പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനത്തെ സർക്കാർ ഉത്തരവുപ്രകാരം സാമൂഹിക ആരോഗ്യ കേന്ദ്രമായും പിന്നീട് താലൂക്കാശുപത്രിയായും ഉയർത്തുകയുണ്ടായി. 41 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിൽ ശരാശരി ഒ.പി. 500-ഉം ഐ.പി. 18-ഉം ആണ്. താലൂക്കാശുപത്രിയായി ഉയർത്തിയതിനോടൊപ്പം ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗങ്ങളിലായി ഓരോ ജൂനിയർ കൺസൾട്ടന്റ് തസ്തികയും അനുവദിച്ചിട്ടുണ്ട്. ടി ആശുപത്രിയിലെ അനുവദിക്കപ്പെട്ട ഡോക്ടർമാരുടെ എണ്ണം എട്ടാണ്. കൂടാതെ എൻ.ആർ.എച്ച്.എം.-ൽ നിന്നും രണ്ട് ഡോക്ടർമാരും ഒരു ദന്തൽ സർജനും ജോലി നോക്കിവരുന്നു. 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കിക്കൊണ്ട് അത്യാഹിത വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ടി ആശുപത്രിയുടെ ലാബിന് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ അക്രെഡിറ്റേഷൻ ഉള്ളതാണ്. ഒരു ലാബ് ടെക്നീഷ്യൻ തസ്തികയാണ് നിലവിലുള്ളതെങ്കിലും എൻ.എച്ച്.എം. മുഖേന ഒരു ലാബ് ടെക്നീഷ്യനേയും എച്ച്.എം.സി. മുഖേന ഒരു ലാബ് അറ്റൻഡറേയും നിയമിച്ചിട്ടുണ്ട്. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനവും ടി സ്ഥാപനത്തിൽ ലഭ്യമാണ്. ആശുപത്രിയോടനുബന്ധിച്ച് നടത്തിവരുന്ന പാലിയേറ്റീവ് കെയർ പദ്ധതിയിൽ എൻ.ആർ.എച്ച്.എം.-ൽ നിന്നും ഒരു

നഴ്സിനേയും അങ്കമാലി നഗരസഭയിൽനിന്നും മറ്റൊരു സ്റ്റാഫ് നഴ്സിനേയും നിയമിച്ചിട്ടുണ്ട്. ദന്തൽ വിഭാഗത്തിൽ എൻ.എച്ച്.എം.-ൽ നിന്നും നിയമിച്ച ദന്തൽ സർജനും എച്ച്.എം.സി.-യിൽനിന്നും നിയമിച്ച ദന്തൽ സർജനും ജോലി നോക്കിവരുന്നു. ടി ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നുവെങ്കിലും പുതുക്കിയ ശമ്പളസ്കെയിൽ പ്രകാരം നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. അങ്കമാലി താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കാൻ പ്രൊപ്പോസലുകളൊന്നും നിലവിലില്ല. ഗവൺമെന്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സമ്പൂർണ്ണ ട്രോമാകെയർ പദ്ധതിയിൽ ഹൈവേയിലെ പ്രധാന ആശുപത്രികൾ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ ഘട്ടത്തിൽ അങ്കമാലി ആശുപത്രിയുടെ കാര്യവും പരിഗണിക്കുന്നതാണ്.

## (17) താലൂക്കാശുപത്രിയായി ഉയർത്തൽ

ശ്രീ. ടി. വി. ഇബ്രാഹിം : സർ, കൊണ്ടോട്ടി സാമൂഹികാരോഗ്യ കേന്ദ്രം കാലിക്കറ്റ് എയർപോർട്ടിന്റെ റഫറൽ ആശുപത്രിയാണ്. എയർപോർട്ടിൽ നിന്നും ഒരു കിലോമീറ്റർ മാറിയാണ് ഈ ആശുപത്രി സ്ഥിതി ചെയ്യുന്നത്. 2013 ഡിസംബർ 23-ന് കൊണ്ടോട്ടി താലൂക്ക് രൂപീകൃതമായി. എന്നാൽ ഈ സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഇതുവരെ ഉയർത്തിയിട്ടില്ല. അടിയന്തരമായി ഈ ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തേണ്ടതുണ്ട്. 2014-15-ലെയും 2015-16-ലെയും ബഡ്ജറ്റ് പ്രസംഗങ്ങളിൽ ഇതിനെ താലൂക്കാശുപത്രിയായി ഉയർത്തുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. പക്ഷേ ഇതുവരെ നടന്നിട്ടില്ല. മാത്രമല്ല. സി.എച്ച്.സി. എന്ന നിലയിൽ ആവശ്യമായ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുമില്ല. വിമാനത്താവളത്തിൽ നിന്നും വരുന്ന യാത്രക്കാരായ രോഗികൾക്ക് എന്തെങ്കിലും ആവശ്യം വന്നാൽ ആദ്യം ആശ്രയിക്കേണ്ട ആശുപത്രിയാണിത്. ദിനംപ്രതി ഒ.പി.യിൽ 1,200-ൽ പരം രോഗികൾ എത്തുന്ന ഈ ആശുപത്രിയിൽ ഒരു സി.എച്ച്.സി.-ക്ക് വേണ്ട സൗകര്യം പോലുമില്ല. സ്പെഷ്യാലിറ്റി കേഡറിൽ ഗൈനക്കോളജിസ്റ്റും പീഡിയാട്രീഷ്യനും അവിടെ നിർബന്ധമായും വേണം. അത് ഇപ്പോൾ അവിടെയില്ല. ആയിരത്തിൽപ്പരം രോഗികളുള്ളിടത്ത് 5 ഫാർമസിസ്റ്റെങ്കിലും വേണം, ഇപ്പോൾ അവിടെ രണ്ടുപേർ മാത്രമാണുള്ളത്. രോഗികളുടെ കണക്കിനാനുപാതികമായി മൂന്ന് ലാബ് ടെക്നീഷ്യൻമാരെങ്കിലും വേണം. ഇപ്പോൾ ഒരു ലാബ് ടെക്നീഷ്യൻ മാത്രമാണുള്ളത്. റഫറൽ ഹോസ്പിറ്റൽ എന്ന നിലയിൽ ഒരു കാഷ്വാലിറ്റി വേണം. ഇപ്പോൾ അവിടെ കാഷ്വാലിറ്റി ഇല്ല. ഉച്ചയ്ക്കുശേഷം ഒരു ഡോക്ടർപോലും

അവിടെയുണ്ടാകാറില്ല. മരുന്നുവാങ്ങാൻ ലോക്കൽ ബോഡിയുടെ ഫണ്ട് ഉപയോഗിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. കൊണ്ടോട്ടി മുനിസിപ്പാലിറ്റി കാരുണ്യയിൽ നിന്നും മരുന്നുവാങ്ങാൻ തുക ഡെപ്പോസിറ്റ് ചെയ്താൽ മരുന്ന് കിട്ടണമെങ്കിൽ രണ്ടുവർഷംവരെ കാത്തിരിക്കേണ്ടി വരും. ഈ സാഹചര്യത്തിൽ കൊണ്ടോട്ടി സി.എച്ച്.സി.-യെ അടിയന്തരമായി താലൂക്കാശുപത്രിയായി ഉയർത്തണമെന്നും അതിനോടനുബന്ധിച്ച് ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെയുള്ള അനുബന്ധ സംവിധാനങ്ങളും കെട്ടിടവും നിർമ്മിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പുതിയതായി രൂപീകരിച്ച കൊണ്ടോട്ടി നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനമാണ്. 1957-ൽ പി.എച്ച്. യൂണിറ്റായി പ്രവർത്തനം ആരംഭിച്ച ടി സ്ഥാപനത്തെ 11-1-1990-ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തി. ഇവിടത്തെ ശരാശരി ഒ.പി. 800-ഉം ഐ.പി. 10-ഉം ആണ്. രോഗികൾക്ക് ആവശ്യമായ ലാബ് സൗകര്യം, ഫാർമസി, ഇമ്മ്യൂണൈസേഷൻ എന്നീ സൗകര്യങ്ങൾക്കുപുറമേ ആഴ്ചയിൽ മൂന്ന് ദിവസം കണ്ണിന്റെ പരിശോധനയും നടക്കുന്നുണ്ട്. ഒരു ടി.ബി. യൂണിറ്റ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മൂന്ന് സിവിൽ സർജന്മാരും മൂന്ന് അസിസ്റ്റന്റ് സർജന്മാരും മൂന്ന് എൻ.എച്ച്.എം. ഡോക്ടർമാരുമടക്കം ഒൻപത് ഡോക്ടർമാർ ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട്. സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ സമഗ്ര പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ആരോഗ്യ വകുപ്പ് പ്രൊപ്പോസൽ തയ്യാറാക്കി വരികയാണ്. ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സ്റ്റാന്റൈഡസേഷൻ കരട് ലിസ്റ്റിൽ പ്രസ്തുത ആശുപത്രി താലൂക്ക് ആശുപത്രി വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

## (18) എൽ.ഐ.സി. ഏജന്റുമാർക്ക് ക്ഷേമനിധി

ശ്രീ. എസ്. ശർമ്മ: സർ, 1956-ൽ സ്ഥാപിതമായതും 5 കോടി രൂപ മുടക്കി പ്രവർത്തനമാരംഭിച്ചതും ഇന്ത്യയൊട്ടാകെ പടർന്നുകിടക്കുന്നതുമായ ഒരു വലിയ പ്രസ്ഥാനമായ എൽ.ഐ.സി. ഇന്ന് 20 ലക്ഷം കോടി രൂപയിലധികം ലൈഫ് ഫണ്ടും 2,21,00,000 കോടി രൂപ ആസ്തിയുമുള്ള ലോകത്തിലെ ഒന്നാമത്തെ സ്ഥാപനങ്ങളിലൊന്നായി വളർന്നിട്ടുണ്ട്. ഭാരതത്തിന്റെ പശ്ചാത്തല സൗകര്യ മേഖലയിൽ, പൊതുഗതാഗതം, റോഡ്, ജലസേചനം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ എല്ലാ തലങ്ങളിലും വികസനോന്മുഖമായ പ്രക്രിയയിൽ വിലപ്പെട്ട സ്ഥാനം വഹിച്ച

വരുന്ന സ്ഥാപനമാണിത്. യൂറോപ്യൻ സമൂഹം സാമ്പത്തിക പ്രതിസന്ധിയിൽ ആടിയുലഞ്ഞ് ബാങ്കിംഗ് സ്ഥാപനങ്ങളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും തകർന്നു വീണപ്പോൾ ഇന്ത്യയെ തകരാതെ സംരക്ഷിച്ചുനിർത്താൻ സഹായിച്ച ഒരു സ്ഥാപനമാണ് എൽ.ഐ.സി. ഈ വളർച്ചയ്ക്കെല്ലാം മൗലികമായ പങ്ക് വഹിച്ചത് ഏജന്റുമാരുടെ കഠിനമായ അദ്ധ്വാനവും പരിശ്രമവുമാണ്. എൽ.ഐ.സി-യും ഇന്ത്യയും ഇന്ത്യയുടെ പശ്ചാത്തല മേഖലയും വളർന്നുവെങ്കിലും എൽ.ഐ.സി.-യെ വളർത്തിയവർ വളർന്നില്ല, വളർത്തേണ്ടവർ അവരെ തളർത്തുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കോർപ്പറേറ്റ് സ്ഥാപനങ്ങൾ/മൂലധന ശക്തികൾ കഴുകൻ കണ്ണുകളോടെ വട്ടമിട്ട് പറന്ന് ഈ സ്ഥാപനത്തെ കൊത്തിപ്പറിക്കാൻ ശ്രമിക്കുകയാണ്. ഇത്തരമൊരു പശ്ചാത്തലം നിലനിൽക്കുന്ന അവസരത്തിൽ എൽ.ഐ.സി.-യുടെ സംരക്ഷണത്തിനു വേണ്ടി പ്രവർത്തിക്കുകയും ആ പ്രവർത്തനത്തിൽ പങ്ക് വഹിക്കുകയും ചെയ്യുന്നവർക്ക് തൊഴിൽ സ്ഥിരതയോ വിശേഷിച്ച് ഒരു ക്ഷേമനിധിപോലും ഇല്ലെന്നുള്ളത് അങ്ങേയറ്റം ദയനീയമാണ്. ഇന്നലെ എൽ.ഐ.സി. ഏജന്റുമാർ രാജ്യത്തെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലേയ്ക്ക് മാർച്ച് സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിൽ ലക്ഷക്കണക്കിന് ആളുകൾ പ്രവർത്തിക്കുന്ന ഒരു മേഖലയെന്ന നിലയിൽ കേന്ദ്ര ധനമന്ത്രാലയത്തിൽ ശക്തമായ ഇടപെടൽ നടത്തി എൽ.ഐ.സി. ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട മെമ്പർ എൽ.ഐ.സി.-യെക്കുറിച്ച് പറഞ്ഞ കാര്യങ്ങളോട് സർക്കാർ പൂർണ്ണമായും യോജിക്കുകയാണ്. എൽ.ഐ.സി നമ്മുടെ ഒരു അഭിമാനസ്ഥാപനമാണ്. ഉദാരവൽക്കരണമൊക്കെ ഉണ്ടായിട്ടും ഇതിന്റെ മാർക്കറ്റ് ഷെയർ പുതിയ ആളുകൾക്ക് പിടിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. എൽ.ഐ.സി.-യുടെ പ്രധാനപ്പെട്ട കോമ്പറ്റിറ്റീവ് സ്ട്രെങ്ത് അവരുടെ ഏജന്റുമാരാണ്. എന്നാൽ ഇവിടെ പറഞ്ഞതുപോലെ, അവരുടെ സേവന-വേതന വ്യവസ്ഥകളിൽ ഒട്ടേറെ കാര്യങ്ങളിൽ ഇനിയും മുന്നോട്ട് പോകാനുണ്ട്. ഈ പശ്ചാത്തലത്തിലാണ് ക്ഷേമനിധിയെക്കുറിച്ചുള്ള നിർദ്ദേശം പ്രസക്തമായി തീരുന്നത്. എൽ.ഐ.സി. പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ സ്ഥാപനമാണ്. അവിടുത്തെ കാര്യങ്ങളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് അവകാശമില്ല. എന്നാലും ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഇതിനൊരു രേഖ തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കുന്നതിന് യാതൊരു തടസ്സവുമില്ല. അത്തരത്തിൽ എൽ.ഐ.സി. ഏജന്റുമാരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുന്നതാണ്.

## (19) റോഡ് വികസനം

ശ്രീ. എ. പ്രദീപ്കുമാർ: സർ, കേരള റോഡ് ഫണ്ട് ബോർഡിന്റെ നേതൃത്വത്തിൽ കോഴിക്കോട് നടപ്പാക്കുന്ന ഒരു പ്രധാനപ്പെട്ട റോഡ് വികസന പദ്ധതിയാണ് കോഴിക്കോട് സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട്. ഇതിന്റെ ഒന്നാംഘട്ട പ്രവൃത്തിയുടെ ഭാഗമായി 7 റോഡുകൾ വികസിപ്പിക്കേണ്ട പദ്ധതിക്ക് 2008-ൽ അന്നത്തെ സർക്കാർ ഭരണാനുമതി നൽകുകയും ഫാസ്റ്റ് ട്രാക്ക് അക്വിസിഷനും അക്വിസിഷന് സ്പെഷ്യൽ ടീമിനെ നിയോഗിക്കാനുമൊക്കെ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി 6 റോഡുകളുടെയും ഭൂമി ഏറ്റെടുക്കൽ പൂർത്തിയായി. അതിന്റെ വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 8 കിലോമീറ്റർ ദൈർഘ്യമുള്ള മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. 2008-ലെ എസ്റ്റിമേറ്റ് അനുസരിച്ച് 52 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നത്. ആ തുക മതിയാകാതെ വന്നതിനെത്തുടർന്ന് അധിക തുക ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി നിവേദനങ്ങൾ നൽകി. അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും പലതവണ ഈ വിഷയത്തിൽ ഇടപെട്ടു. അവിടെ ഈ ആവശ്യമുന്നയിച്ചുകൊണ്ട് തുടർച്ചയായുള്ള പ്രക്ഷോഭം നടന്നു. ബഹുമാന്യനായ എം.ജി.എസ്. നാരായണനെപ്പോലുള്ള ആളുകൾ ആ രംഗത്ത് സജീവമായി നേതൃത്വതലത്തിലുണ്ട്. ഒരുപക്ഷേ കേരളത്തിന്റെ ചരിത്രത്തിൽ ഒരു റോഡ് വികസനത്തിനുവേണ്ടി ഇത്രയും കാലം നീണ്ടുനിന്ന ഒരു വലിയ പ്രക്ഷോഭം ഇതിനുമുമ്പ് നടന്നിട്ടുണ്ടാവില്ല. ആ പ്രക്ഷോഭത്തിന്റെയൊക്കെ ഭാഗമായി അന്നത്തെ മുഖ്യമന്ത്രി ഇടപെട്ട് ചില ചർച്ചകളൊക്കെ നടന്നു. പണം കൊടുക്കാമെന്ന് പറഞ്ഞിരുന്നു. പക്ഷേ അന്ന് ഗവൺമെന്റിന് പണം കൊടുക്കാനായില്ല. പിന്നീട് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായുള്ള പ്രഖ്യാപനം ഒടുവിലത്തെ ബജറ്റിൽ ഉൾപ്പെടെയുണ്ടായി. അതിനും പണമുണ്ടായില്ല. ആയതിനാൽ തുടർന്നുള്ള അക്വിസിഷൻ നടപടികൾ മുമ്പോട്ടുകൊണ്ടുപോകാൻ പറ്റാത്ത സാഹചര്യമുണ്ടായി. പിന്നീട് പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മിനിസ്റ്ററുടെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം തന്നെ മുൻകയ്യെടുത്ത് ഒരു ഉന്നതതല യോഗം വിളിച്ചുചേർത്തു. ആ യോഗത്തിൽ റോഡ് ഫണ്ട് ബോർഡിന്റെ അധികൃതരും പി.ഡബ്ല്യു.ഡി.യിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുത്തിരുന്നു. ആ യോഗത്തിന്റെ ഭാഗമായി അക്വിസിഷനുള്ള അധിക തുക ലഭ്യമാക്കുന്നതിനുവേണ്ടി കിഫ്ബി-യിൽ ഇതുൾപ്പെടുത്തണമെന്ന തീരുമാനമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും റോഡ് ഫണ്ട് ബോർഡ്

വഴി സർക്കാരിലേയ്ക്ക് യഥാസമയം സമർപ്പിക്കുകയുണ്ടായി. ഭൂമിയേറ്റെടുക്കാൻ 250 കോടിയോളം രൂപ വേണ്ടിവരും. ഇന്നലെ കിഫ്ബി-യുടെ ഭാഗമായി പ്രസിദ്ധീകരിച്ച ആദ്യഘട്ട പ്രവൃത്തിയുടെ ലിസ്റ്റിൽ ഈ റോഡ് ഉൾപ്പെട്ടതായികാണുന്നില്ല. വളരെ പ്രതീക്ഷയോടെ കാത്തിരിക്കുകയായിരുന്ന കോഴിക്കോട്ടുകാർക്കും സമരമുഖത്ത് നിൽക്കുന്നവർക്കും നിരാശയുണ്ടാകുന്ന സാഹചര്യമുണ്ടായി. എന്തായാലും എത്രയും പെട്ടെന്നുതന്നെ അക്വിസിഷൻ നടപടികൾ പൂർത്തിയാക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കോഴിക്കോട് വന്നപ്പോൾ സമരസമിതിയുടെ ആളുകൾ ചെന്ന് കാണുകയും ഇത് പരിഗണിക്കാമെന്ന് മന്ത്രി പറയുകയും ചെയ്തിരുന്നു. അക്വിസിഷനാവശ്യമായ തുക എത്രയും പെട്ടെന്ന് അനുവദിച്ച് പദ്ധതി പൂർത്തിയാക്കുന്നതിന് സഹായകരമായ നിലപാട് ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. വകുപ്പും ധനകാര്യവകുപ്പും ചേർന്ന് കൈക്കൊള്ളണമെന്നുള്ള അഭ്യർത്ഥനയാണുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന കോഴിക്കോട് വികസന പദ്ധതിയിലെ പ്രധാനപ്പെട്ട കോറിഡോറാണ് ബഹുമാനപ്പെട്ട മെമ്പർ എ. പ്രദീപ് കുമാർ ഉന്നയിച്ച 8.212 കിലോമീറ്റർ ദൈർഘ്യമുള്ള മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ്. നഗരവികസന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുന്ന ആറ് റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഊരാളുങ്കൽ സൊസൈറ്റി ഇപ്പോൾ നടപ്പാക്കി വരികയാണ്. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകാത്തതുകൊണ്ട് റോഡിന്റെ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. കസബ, ചേവായൂർ, കോട്ടൂളി, കച്ചേരി വില്ലേജുകളിലെ 7.3632 ഹെക്ടർ ഭൂമി റോഡ് വികസനത്തിനായി ഏറ്റെടുക്കേണ്ടതുണ്ട്. മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കുകയും സബ് ഡിവിഷൻ റെക്കോർഡ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നഷ്ടപരിഹാര തുകയായി 344.5 കോടി രൂപ ആവശ്യമാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുൻസർക്കാരിന്റെ കേരള സ്പീഡ് പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയെങ്കിലും ഒരു പൈസപോലും ആദ്യം വകയിരുത്തിയില്ല. പിന്നീട് 60 കോടി രൂപയാണ് വകയിരുത്തിയത്. അതുകൊണ്ടാണ് ഈ റോഡ് നിർമ്മിക്കാൻ പ്രയാസമായത്. ശേഷിക്കുന്ന സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റിലേക്ക് ശിപാർശ ചെയ്തിട്ടുണ്ട്. നേരത്തേ കിട്ടിയ 60 കോടി രൂപയുണ്ട്. അത്രയും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

സർക്കാരിന്റെ സജീവ പരിഗണനയിലാണിത്. ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ആവശ്യമായ തുക എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് കൈക്കൊള്ളുന്നത്. കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ നിന്നും ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## (20) ടോൾ പിരിവ്

ശ്രീ. ഹൈബി ഈഡൻ: സർ, നമ്മുടെ സംസ്ഥാനം ഒരു ടോൾ ഫ്രീ സ്റ്റേറ്റായി പ്രഖ്യാപിച്ച അങ്ങയുടെയും ഗവൺമെന്റിന്റെയും നടപടി ഞാൻ സ്വാഗതം ചെയ്യുകയാണ്. എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന പുല്ലേപ്പടി മേൽപ്പാലത്തിന്റെ ടോൾ കളക്ഷൻ ആരംഭിച്ചത് 2010-ലാണ്. ആറുവർഷം പൂർത്തീകരിച്ചു. സെൻട്രൽ റോഡ് ഫണ്ടിൽ നിന്നുള്ള 2.5 കോടി രൂപയും ഇന്ത്യൻ റെയിൽവേയുടെ ധനസഹായവും ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. കുണ്ടന്നൂർ, തൃപ്പൂണിത്തുറ മിനി ബൈപ്പാസ്, തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ, ഇരുമ്പനം, വരാപ്പുഴ തുടങ്ങി സംസ്ഥാനത്തെ പത്തോളം ടോളുകൾ നിർത്തലാക്കിയിട്ടുണ്ട്. മെട്രോയുടെ ദുരിതം പേറുന്ന ഈ പ്രദേശത്തെ ജനങ്ങളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒന്നാണിത്. ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ ഒരു ഇടപെടലുണ്ടായി ടോൾ പിരിവ് എത്രയും വേഗം അവസാനിപ്പിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പുല്ലേപ്പടി ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ പൂർത്തീകരിച്ച ഓവർ ബ്രിഡ്ജ് തുറന്നുകൊടുത്തിട്ടുണ്ട്. ഇതിന്റെ നിർമ്മാണച്ചെലവ് 14.57 കോടി രൂപയാണ്. 1.14 കോടി രൂപ റെയിൽവേ വിഹിതവും 2.53 കോടി രൂപ സെൻട്രൽ റോഡ് ഫണ്ട് വിഹിതവും 3 കോടി രൂപ സംസ്ഥാന ഗവൺമെന്റ് വിഹിതവുമാണ്. ഇതിനാവശ്യമായ തുക ധനലക്ഷ്മി ബാങ്കിൽ നിന്നാണ് വായ്പയായി എടുത്തിട്ടുള്ളത്. റോഡ് ആക്ട് പ്രകാരം സംസ്ഥാന സർക്കാരും കേരള റോഡ് ഫണ്ട് ബോർഡുമായി RBDCK ഏർപ്പെട്ടിട്ടുള്ള ത്രികക്ഷി കരാർ പ്രകാരമാണ് ടോൾ പിരിക്കുന്നത്. 7-6-2010-ൽ തുടങ്ങി 31-10-2016-വരെ ടോൾ ഇനത്തിൽ RBDCK-ക്ക് ഇതുവരെ 2.13 കോടി രൂപ ലഭിച്ചിട്ടുണ്ട്. ടോൾ കാലാവധി 15 വർഷമാണ്. ടോളുകൾ പൊതുവെ അവസാനിപ്പിക്കണമെന്നാണ്

ഈ ഗവൺമെന്റിന്റെ സുചിന്തിതമായ അഭിപ്രായം. എല്ലാ ടോളുകളും അവസാനിപ്പിക്കണമെങ്കിൽ അതിന്റെ നിർമ്മാണച്ചെലവായ ആയിരം കോടി രൂപയോളം സർക്കാരിൽനിന്നും കൊടുക്കേണ്ടിവരും. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ദേശീയ പാതയിലെ 5 ടോളുകൾ ഈ ഗവൺമെന്റ് നിർത്തലാക്കി. പി.ഡബ്ല്യു.ഡി. നിർമ്മിച്ച നാല് പാലങ്ങളിലെ ടോളുകളും നിർത്തലാക്കുകയുണ്ടായി. സീപോർട്ട്-എയർപോർട്ട് റോഡുമായി ബന്ധപ്പെട്ട മൂന്ന് ടോളുകൾ കേരളപ്പിറവിയുടെ മുന്നോടിയായി 31-10-2016 രാത്രി 12 മണിക്ക് അവസാനിപ്പിക്കുകയുണ്ടായി. ടോൾ പിരിവ് അവസാനിപ്പിച്ചു കഴിഞ്ഞപ്പോൾ വിചിത്രമായ ഒരനുഭവമാണുണ്ടായത്. പൊതുമരാമത്ത് വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള ബോർഡിൽ നിന്ന് അതിന്റെ ഫിനാൻസ് ഓഫീസർ 7 കോടി രൂപ ഗവൺമെന്റ് അടയ്ക്കണമെന്നുപറഞ്ഞ് മിനിസ്റ്റർക്ക് ഒരു നോട്ടീസ് നൽകുകയുണ്ടായി. സർക്കാരിന് ഒരുദ്യോഗസ്ഥൻ നോട്ടീസ് നൽകുന്ന സ്ഥിതിയുണ്ടായി. അന്വേഷിച്ചപ്പോഴാണ് ടോൾ പിരിവിന്റെ ഏറ്റവും ഭീമാകാരമായ തട്ടിപ്പ് പുറത്തുവന്നത്. എല്ലാ ടോളുകളിലും ഇങ്ങനെ വരാനിടയുണ്ട്. 34,40,68,274 രൂപയാണ് സീപോർട്ട്-എയർപോർട്ട് റോഡിനും ബന്ധപ്പെട്ട മൂന്നുറോഡുകൾക്കും കൂടി ആകെ ചെലവായത്. അതിന് റെയിൽവേയും റിഫൈനറിയും ജില്ലാ ഭരണകൂടവും റബ്ബർ ബോർഡും MORTH-ഉം മിനിസ്ട്രി ഓഫ് കൊമേഴ്സ് അടക്കം 19,53,67,900 രൂപ സംഭാവന ചെയ്തിട്ടുണ്ട്. RBDCK-യ്ക്ക് ചെലവായത് വെറും പതിനാല് കോടി എൺപത്തിയേഴ് ലക്ഷത്തി മൂന്നൂറ്റി എഴുത്തിനാല് രൂപയാണ്. എന്നാൽ 29 കോടി 28 ലക്ഷം രൂപയാണ് പിരിച്ചെടുത്തിരിക്കുന്നത്. അതിൽ 12 കോടി രൂപ പലിശ പോയാലും ചെലവഴിച്ചതിനേക്കാൾ മൂന്നുകോടി രൂപ അധികം ലഭിച്ചപ്പോഴും 7 കോടി രൂപ സർക്കാർ കൊടുക്കണമെന്നുള്ള നോട്ടീസാണ് നൽകിയിരിക്കുന്നത്. ഇതിന്റെ മറുവശം, പിരിവിൽ നിന്നും ഗവൺമെന്റിന് അല്ലെങ്കിൽ RBDCK-യ്ക്ക് നൽകേണ്ട ഫണ്ടാണ് അടച്ചത്. കരാറുകാരൻ എടുത്ത തുകയെപ്പറ്റി യാതൊരു കണക്കുമില്ല. ഇത് പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. നാലോ അഞ്ചോ ഇരട്ടി പിരിച്ചെടുത്തു. എല്ലാ ടോളുകളിലും തട്ടിപ്പുണ്ട്. അതെല്ലാം റിവ്യൂ ചെയ്ത് നിർത്താവുന്ന ടോളുകൾ മുഴുവൻ നിർത്തലാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം. ആവശ്യമെങ്കിൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതാണ്. ടോൾ പിരിവ് എത്രയും വേഗം അവസാനിപ്പിക്കുന്നതിനായി ധനനഷ്ടമില്ലാതെയുള്ള നടപടികളെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

12.00 Noon]

## (21) സ്കോളർഷിപ്പ് വിതരണം

ശ്രീ. അൻവർ സാദത്ത്: സർ, പാവപ്പെട്ട വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പഠനത്തിൽ മികവു പുലർത്തുന്ന ബി.എ., ബി.എസ്.സി., ബി.കോം., എം.എ., എം.എസ്.സി., എം.കോം. തുടങ്ങിയ ബിരുദ-ബിരുദാനന്തര ക്ലാസ്സുകളിൽ പഠിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് സർക്കാർ നൽകിവരുന്ന ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് ഈ വർഷം റിന്യൂ ചെയ്യേണ്ട സമയമായിട്ടും കഴിഞ്ഞ വർഷത്തെ സ്കോളർഷിപ്പ് കുട്ടികൾക്ക് ഇതുവരെ നൽകിയിട്ടില്ലെന്ന് ധാരാളം കുട്ടികളും മാതാപിതാക്കളും പരാതി പറയുന്നുണ്ട്. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വഴിയാണ് ഈ സ്കോളർഷിപ്പ് നൽകിവരുന്നത്. അന്വേഷിച്ചപ്പോൾ ഫണ്ടില്ലാത്തതാണ് സ്കോളർഷിപ്പ് നൽകുവാൻ തടസ്സമെന്നാണ് അറിയാൻ സാധിച്ചത്. ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് എത്രയും വേഗം മുൻവർഷത്തെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ഒരു കാര്യംകൂടി സൂചിപ്പിക്കുന്നു, ഇന്ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്ന ദിവസമാണ്. വിദ്യാഭ്യാസ ലോണെടുത്ത കുട്ടികൾക്ക് പലപ്പോഴും ലോൺ തിരിച്ചടയ്ക്കാൻ പറ്റാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. അവർക്ക് ജോലി കിട്ടിയിട്ടില്ല. പല ബാങ്കുകളും ഇന്ന് കുട്ടികളെയും അവരുടെ കുടുംബത്തെയും വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. ആർ.ആർ. നോട്ടീസ് അയച്ച് ജപ്തി നടപടിയിലേയ്ക്ക് പോകുന്നു. ആ വിഷയത്തിൽ സർക്കാർ വളരെ പോസിറ്റീവായി ഇടപെടുന്നുണ്ടെങ്കിലും ബാങ്കുകൾ വേണ്ട രീതിയിൽ പരിഗണിക്കുന്നില്ല. ആയതിനാൽ വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ നേരിടുന്ന ജപ്തി നടപടി അവസാനിപ്പിക്കുന്നതിനുകൂടി നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, ബിരുദ-ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നൽകുന്ന ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് വിതരണത്തിന് ആവശ്യമായ മുഴുവൻ തുകയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന് പ്രതിവർഷം സർക്കാർ അനുവദിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡിലൂടെയാണ് നൽകുന്നത്. 2014-15-ൽ ഗ്രാന്റ്-ഇൻ-എയ്ഡായി അനുവദിച്ച തുക ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ വകയിരുത്തി 2015-16-ലാണ് അനുവദിച്ചുനൽകിയത്. പ്രസ്തുത തുകയിൽ 6,43,00,000 രൂപ സ്കോളർഷിപ്പ് സ്കീം നടത്തുന്നതിനായി വിനിയോഗി

ച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് ഗ്രാന്റ്-ഇൻ-എയ്ഡായി തുകയൊന്നും അനുവദിച്ചു നൽകിയിട്ടില്ല. ഈ കാരണത്താലാണ് 2015-16 അക്കാദമിക് വർഷം നൽകേണ്ട സ്കോളർഷിപ്പുകളൊന്നും നൽകാൻ സാധിക്കാതിരുന്നത്. 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് തുകയുടെ ആദ്യ ഗഡുവായി 5 കോടി രൂപ അടിയന്തരമായി കൗൺസിലിന് അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2014-15 അക്കാദമിക് വർഷം വരെ മുടങ്ങിയിട്ടുള്ള സ്കോളർഷിപ്പുകളും 2015-16, 2016-17 അക്കാദമിക് വർഷങ്ങളിൽ നൽകേണ്ട സ്കോളർഷിപ്പുകളും വിതരണം ചെയ്യുന്നതിനാവശ്യമായ 2374 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. വിദ്യാഭ്യാസ ലോൺ സംബന്ധിച്ച കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തെ ഇവിടെ ബാങ്കുകളുമായി ചർച്ച ചെയ്ത് അനുകൂലമാക്കാൻ ശ്രമിക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ടുള്ളതാണ്. ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികൾക്ക് സഹായം നൽകാനുള്ള നടപടിയെടുക്കാൻ തന്നെയാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

### 1. ലിസ്റ്റ് I പ്രകാരമുള്ള കടലാസ്

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ജി.ഒ.(പി.) നമ്പർ 100/2016/കോ-ഓപ്. തീയതി 15-10-2016 (എസ്.ആർ.ഒ. നമ്പർ 643/2016)

### 2. ചട്ടം 47(2) അനുസരിച്ച് ലിസ്റ്റ് II പ്രകാരമുള്ള കടലാസുകൾ

(i) ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 322, രണ്ടാം സമ്മേളനത്തിലെ 308, 313 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(ii) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം

സമ്മേളനത്തിലെ 909-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(iii) തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2355-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനമായി ഉൾപ്പെടുത്തിയിരുന്നു. ആ ഇനം കാര്യവിവരപ്പട്ടികയിൽ നിന്ന് ഒഴിവാക്കുകയാണ്.

## VII തിരുത്തൽ സ്റ്റേറ്റ്മെന്റ്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 133-ൽ പരാമർശിക്കുന്ന 68 പാലങ്ങളിൽ 21-ാമതായി പരാമർശിച്ച പാലത്തിന്റെ പേര് തെറ്റായി അച്ചടിച്ചുവന്നത് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## VIII ക്രമപ്രശ്നം

### (1) ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച്

ശ്രീ. പി. ഉബൈദുള്ള: സർ, 1995-ലെ പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 175(1) പ്രകാരം ഓരോ തലത്തിലുമുള്ള പഞ്ചായത്തുകൾ ഓരോ വർഷവും നിർണ്ണയിക്കപ്പെട്ട ഫോറത്തിലും രീതിയിലും തൊട്ടടുത്ത വർഷത്തേയ്ക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശിച്ച മേഖല തിരിച്ചുള്ള മുൻഗണനയും സബ്സിഡികളുള്ള

* അനുബന്ധമായി ചേർക്കുന്നു

മാനദണ്ഡങ്ങളും പാലിച്ചിട്ടില്ലെന്നോ, പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനുള്ള പദ്ധതികൾക്കാവശ്യമായ തുകകൾ പ്രത്യേകമായി വകകൊള്ളിച്ചിട്ടില്ലെന്നോ, പദ്ധതി തയ്യാറാക്കിയത് ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുസരിച്ചല്ലെന്നോ ഉള്ള കാരണത്താൽ കരട് വികസന പദ്ധതിയിൽ മാറ്റങ്ങൾ വരുത്താൻ ജില്ലാ ആസൂത്രണ കമ്മിറ്റി നിർദ്ദേശിക്കുകയാണെങ്കിൽ അപ്രകാരമുള്ള മാറ്റങ്ങൾ വരുത്താൻ പഞ്ചായത്ത് ബാദ്ധ്യസ്ഥമായിരിക്കുമെന്നാണ് സെക്ഷൻ 175-ൽ പറയുന്നത്. എന്നാൽ ആക്ടിലെ വിവക്ഷ പ്രകാരം വികസന പദ്ധതി തയ്യാറാക്കേണ്ട രീതി സംബന്ധിച്ച ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. ചട്ടങ്ങളുടെ അഭാവത്തിൽ വ്യവസ്ഥാപിതമല്ലാത്ത രീതിയിലാണ് വികസന പദ്ധതികൾ ഇക്കാലമത്രയും തയ്യാറാക്കിവന്നത്. ഒന്നാംഘട്ട ജനകീയാസൂത്രണ പദ്ധതികളിലുണ്ടായ അപാകതകൾക്ക് ഒരു പരിധിവരെ കാരണമായത് ചട്ടങ്ങളുടെ ചട്ടക്കൂടിനുള്ളിൽനിന്നല്ലാതെ നടത്തിയ ആസൂത്രണമാണ്. ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടമാരംഭിക്കാൻ തയ്യാറെടുക്കുമ്പോൾ ചട്ടങ്ങളില്ലാതെ ഇനിയും മുന്നോട്ടുപോകുന്നത് ഒട്ടും ആശാസ്യമല്ലെന്നുമാത്രമല്ല, അത് നിയമ വ്യവസ്ഥയുടെ ലംഘനവുമാണ്. അതുകൊണ്ടാണ് ഗൗരവമേറിയ ഈ പ്രശ്നം ചട്ടം 303 പ്രകാരം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 1995-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 175(1), 175(2) പ്രകാരം ഗ്രാമസഭകളുടെ ശിപാർശ പ്രകാരം ഗ്രാമപഞ്ചായത്തുകളാണ് വാർഷിക വികസന പദ്ധതികൾ തയ്യാറാക്കുന്നത്. ഇങ്ങനെ സമർപ്പിക്കുന്ന വികസന പദ്ധതികൾ കേരള മുനിസിപ്പാലിറ്റി നിയമങ്ങളും ചട്ടങ്ങളും (സെക്ഷൻ 53) പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ ആസൂത്രണ സമിതി ഒരു ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന വികസന പദ്ധതികൾ സംയോജിപ്പിക്കുന്നതിനും ജില്ലയ്ക്ക് മൊത്തത്തിൽ ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്നതിനും നിലവിലെ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി ആരംഭിക്കുന്ന ഈ സന്ദർഭത്തിൽ സുഗമമായും സുതാര്യമായും പദ്ധതികൾ തയ്യാറാക്കുന്നതിന് നിർണ്ണയിക്കപ്പെട്ട ഫോറം, രീതി, തീയതി എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പി. ഉബൈദുള്ള ചൂണ്ടിക്കാണിച്ചതു പോലെ ചട്ടങ്ങളുടെ ചട്ടക്കൂട്ടിനുള്ളിൽനിന്ന് ആസൂത്രണം നടത്തലാണ് അഭികാമ്യമെന്നാണ് സർക്കാരും കരുതുന്നത്. 2017-2018 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണമാകുമ്പോഴേയ്ക്കും ചട്ടങ്ങൾ കൊണ്ടുവരാൻ സർക്കാർ ശ്രമിക്കുന്നതാണ്.

## (2) ഭേദഗതിക്കനുസരിച്ചുള്ള മാറ്റം ഉൾക്കൊള്ളിക്കാത്തത് സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 7-11-2016-ൽ നിയമസഭയിൽ നടന്ന 2016-ലെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള ധനകാര്യ ബില്ലിന്റെ പരിഗണനാവേളയിൽ 8-ാം വകുപ്പ്, The Kerala Agricultural Income Tax Act 1991-ന് ഞാൻ നൽകിയ ഭേദഗതി ലിസ്റ്റ് 2, ക്രമനമ്പർ 278-ന് മറുപടി നൽകിയ അവസരത്തിൽ നിലവിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് അഗ്രികൾച്ചറൽ ഇൻകംടാക്സ് ഈടാക്കുന്നില്ലെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. 2013-ലെ ധനകാര്യ ബിൽ വഴിയാണ് ഇത്തരത്തിൽ ഒരു ഭേദഗതി ബന്ധപ്പെട്ട ആക്ടിന്റെ മൂന്നാം വകുപ്പിൽ വരുത്തിയിട്ടുള്ളത്. എന്നാൽ ഈ സഭയിൽ നിയമസഭാ സാമാജികർക്ക് സർക്കുലേറ്റ് ചെയ്ത 2016-ലെ ധനകാര്യ ബില്ലിൽ ഉൾപ്പെടുത്തിയിരുന്ന The Kerala Agricultural Income Tax Act, 1991-ന്റെ മൂന്നാം വകുപ്പ് പ്രകാരമുള്ള ഷെഡ്യൂളിൽ 2013-ലെ ധനകാര്യ ബില്ലിൽ വരുത്തിയ ഭേദഗതിക്കനുസരിച്ചുള്ള മാറ്റം ഉൾക്കൊള്ളിക്കാതെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് 35 ശതമാനം മുതൽ 50 ശതമാനം വരെ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് നിലവിലുണ്ടെന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഇത്തരത്തിൽ നിലവിലുള്ള നിയമത്തിനനുസൃതമല്ലാത്ത ഷെഡ്യൂളിൽ ഉൾപ്പെട്ട ബിൽ സർക്കുലേറ്റ് ചെയ്യുക വഴി ബില്ലിലെ വ്യവസ്ഥകൾ അംഗങ്ങളിൽനിന്നും മറച്ചുവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. 2013-ലെ കേരള ധനകാര്യ ബില്ലിനനുസൃതമായ മാറ്റം ബന്ധപ്പെട്ട ഷെഡ്യൂളിൽ വരുത്തിയതിനു ശേഷമായിരുന്നു ധനകാര്യ ബിൽ അവതരിപ്പിക്കേണ്ടിയിരുന്നത്. ഇത്തരത്തിൽ നിലവിലെ നിയമത്തിനനുസൃതമായ മാറ്റം ബന്ധപ്പെട്ട ഷെഡ്യൂളിൽ വരുത്താതെ ധനകാര്യ ബിൽ അവതരിപ്പിക്കുക വഴി നിയമ നിർമ്മാണത്തിൽ അംഗങ്ങൾക്ക് കാര്യക്ഷമമായി ഇടപെടാനുള്ള അവസരം നഷ്ടപ്പെടുകയും നിയമസഭയെ തെറ്റിദ്ധരിപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല ഇത് നിയമം തെറ്റായി വ്യാഖ്യാനിക്കുന്നതിന് ഇടയാക്കുന്നതുമാണ്. ഈ പ്രവണത ആശാസ്യമല്ല. ഇത്തരം വീഴ്ചകൾ തുടർന്ന് ആവർത്തിക്കാതിരിക്കാനും നിയമനിർമ്മാണത്തിൽ നിയമസഭയുടെ അന്തഃസ്സത്ത കാത്തു സൂക്ഷിക്കുന്നതിനും നിയമങ്ങളിൽ അടിക്കടിയുണ്ടാകുന്ന ഭേദഗതികൾക്ക് അനുസരിച്ചുള്ള മാറ്റം യഥാസമയം മാതൃ നിയമത്തിൽ വരുത്തുന്നതിനുമാവശ്യമായ റൂളിംഗ് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 2013-ലാണ് മൂലനിയമത്തിൽ മാറ്റം വരുത്തിയത്. അതുപ്രകാരം ചാർജിംഗ് സെക്ഷനിൽ നിന്ന് സഹകരണ ബാങ്കുകളെ

ഒഴിവാക്കി. അന്ന് ഷെഡ്യൂളിൽ ഈ മാറ്റം വരുത്തിയില്ല. 2013-ലും 2014-ലും 2015-ലും മാറ്റങ്ങൾ വരുത്തിയില്ല. അന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് നിലവിലുള്ള അപ്പീലുകളും മറ്റും സെറ്റിൽ ചെയ്യുമ്പോൾ ഷെഡ്യൂളിൽ ഈ നിരക്ക് വേണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഭേദഗതിയായി നിർദ്ദേശിച്ചത് ചാർജിംഗ് സെക്ഷനിൽ ചേർക്കുന്നതിനു വേണ്ടിയാണ്, ഷെഡ്യൂളിലല്ല. ചാർജിംഗ് സെക്ഷനിൽ ഇല്ലാത്ത ഒന്ന് ഒഴിവാക്കേണ്ട ആവശ്യമില്ല. അപ്പീലുകളും മറ്റും സെറ്റിൽ ചെയ്യുമ്പോൾ ഷെഡ്യൂളിൽ നിലവിലുള്ള നിരക്ക് മതിയെന്ന മുൻസർക്കാർ ബോധപൂർവ്വമെടുത്ത നിലപാട് തുടർന്നുവന്നതാണ്.

### (3) ആരോഗ്യ വകുപ്പുമന്ത്രി നടത്തിയ പരാമർശം സംബന്ധിച്ച്

മി. സ്പീക്കർ: ശ്രീ. വി. എസ്. ശിവകുമാർ, ബഹുമാനപ്പെട്ട അരോഗ്യ വകുപ്പുമന്ത്രി ഇവിടെ ഇല്ലാത്തതുകൊണ്ട് അങ്ങയുടെ ക്രമപ്രശ്നം മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തണം. ഇന്നലത്തെ ചോദ്യോത്തര വേളയിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ടര വർഷക്കാലത്തോളം ഒരു അസിസ്റ്റന്റ് സർജൻമാരെയും നിയമിച്ചിട്ടില്ലെന്ന് പറഞ്ഞത് വസ്തുതകൾക്ക് വിരുദ്ധമാണ്. ഡോക്ടർമാരെ നിയമിച്ചിട്ടുള്ളതിന്റെ രേഖകൾ മുഴുവൻ ബഹുമാനപ്പെട്ട മന്ത്രി തന്നെ ഞാൻ ചോദിച്ച ചോദ്യത്തിന് മറുപടിയായി തന്നിട്ടുണ്ട്. 58 അസിസ്റ്റന്റ് സർജൻമാരെ 17-1-2014-ൽ നിയമിച്ചു. അതിന് ഡി.എച്ച്.എസ്.-ന്റെ തന്നെ പ്രൊസീഡിംഗ്സ് ഉണ്ട്. 18-10-2014-ൽ 60 പേരെയും 1-8-2014-ൽ 56 പേരെയും 24-8-2013-ൽ 5 പേരെയും 21-3-2013-ൽ 7 പേരെയും 29-8-2013-ൽ 12 പേരെയും 19-12-2012-ൽ 21 പേരെയും നിയമിച്ചു. വസ്തുതകൾ ഇതായിരിക്കേ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പ്രസ്താവനയാണ് ബഹുമാനപ്പെട്ട മന്ത്രി നടത്തിയത്. ഞാൻ തന്നെ ചോദിച്ച 1413-ാം നമ്പർ ചോദ്യത്തിന് ബഹുമാന്യയായ മന്ത്രി സൂചിപ്പിച്ചത് 800 ഡോക്ടർമാരെ കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ നിയമിച്ചു എന്നാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആയുഷ് ഡിപ്പാർട്ട്മെന്റ് ഒഴികെ ആരോഗ്യ വകുപ്പിൽ 2622 പോസ്റ്റുകളും ഡി.എം.ഇ.-ൽ 1443 പോസ്റ്റുകളും ഉൾപ്പെടെ 4065 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. ഈ സാഹചര്യത്തിലാണ് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ഇത്തരത്തിലുള്ളൊരു സ്റ്റേറ്റ്മെന്റ് ബഹുമാന്യയായ മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഇത് ഒന്നുകിൽ പിൻവലിക്കണം, അല്ലെങ്കിൽ രേഖയിൽനിന്ന് നീക്കം ചെയ്യണം.

## റൂളിംഗ്

<u>മി. സ്പീക്കർ</u>: നിയമസഭ നിയമങ്ങൾ ഉണ്ടാക്കുന്നതോടുകൂടി അതിന്റെ കടമ പൂർത്തീകരിക്കപ്പെടുന്നില്ല. നിയമനിർമ്മാണത്തിന്റെ അനന്തര നടപടികളാണ് ചട്ടങ്ങൾ രൂപീകരിക്കുകയും നിയമത്തിന്റെ പരിരക്ഷ പൂർണ്ണമായും സമൂഹത്തിന് ലഭ്യമാക്കുകയും ചെയ്യുക എന്നുള്ളത്. ആ നിലയിൽ ശ്രീ. പി. ഉബൈദുള്ള ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം അതീവ ഗൗരവമായ ഒന്നാണെന്ന് ചെയർ കാണുകയാണ്. അതുകൊണ്ട് വിശദമായ ഒരു റൂളിംഗ് നൽകുന്നു.

നിയമസഭ പാസ്സാക്കുന്ന നിയമങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ഏൽപ്പിച്ചു കൊടുക്കുന്ന നിയമനിർമ്മാണാധികാരം (Delegated Legislation) വിനിയോഗിച്ചു കൊണ്ട് സർക്കാർ യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കാത്തതുമൂലമുളവായിട്ടുള്ള സ്ഥിതിവിശേഷത്തെ സംബന്ധിച്ചുള്ള ഒരു പ്രത്യേക കേസ്സാണ് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ള ഇവിടെ ഉന്നയിച്ചിരിക്കുന്നത്. 22 വർഷങ്ങൾക്ക് മുൻപുണ്ടായ ഒരു നിയമവുമായി ബന്ധപ്പെട്ട് ചട്ടം നിർമ്മിക്കാത്ത വിഷയമാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചത്.

കാര്യക്ഷമമായ ഒരു ഭരണക്രമം നടപ്പാക്കുന്നതിന്റെ ഭാഗമായി ആവശ്യമായി വരുന്ന വ്യത്യസ്തങ്ങളായ നിയമങ്ങളാണ് ഏറെ സങ്കീർണ്ണമായ നടപടിക്രമങ്ങളിലൂടെ നിയമനിർമ്മാണസഭകൾ പാസ്സാക്കുന്നത്. അനിവാര്യമായ സാമൂഹ്യമാറ്റത്തിന് ചാലകശക്തികളായി മാറേണ്ട പ്രസ്തുത നിയമങ്ങൾ സമയബന്ധിതമായും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായും നടപ്പാക്കണമെങ്കിൽ അതിനാവശ്യമായ ചട്ടങ്ങൾകൂടി യഥാസമയം നിർമ്മിക്കപ്പെടേണ്ടതുണ്ട്. സഭ പാസ്സാക്കുന്ന നിയമങ്ങളിലൂടെ തന്നെ സർക്കാരിനെ ഏൽപ്പിക്കപ്പെടുന്ന 'സബോർഡിനേറ്റ് ലെജിസ്ലേഷൻ' എന്ന കർത്തവ്യം വിസ്മരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്ന ഒരു പ്രവണതയാണ് കാണുന്നത്. ഇത്തരം പ്രവണതമൂലം സദുദ്ദേശത്തോടെ നിർമ്മിക്കപ്പെടുന്ന പല നിയമങ്ങളും അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ കഴിയുന്നില്ല എന്നുമാത്രമല്ല അതുമൂലം ഉളവാകുമായിരുന്ന സത്ഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നുമില്ല എന്നതാണ് നിലവിലുള്ള അവസ്ഥ. നിയമസഭ പാസ്സാക്കിയ നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തതു സംബന്ധിച്ച പരാതികൾ ഈ സഭയിൽ ഉയർന്നു വന്നിട്ടുള്ള വേളകളിലൊക്കെത്തന്നെ ചട്ടങ്ങൾ പുറപ്പെടുവിക്കുന്ന കാര്യത്തിൽ പുലർത്തിവന്നിരുന്ന അനവധാനത സംബന്ധിച്ച് ചെയറിൽനിന്നും റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ആശാവഹമായ ഒരു

പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ നിയമസഭാ നടപടികൾ പരിഷ്കരിക്കുന്നതിനാവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി 12-ാം കേരള നിയമസഭയുടെ കാലഘട്ടത്തിൽ രൂപീകരിക്കപ്പെട്ട നിയമസഭാ സമിതി മുന്നോട്ടുവച്ച ചില പ്രായോഗിക നിർദ്ദേശങ്ങൾ സഭാനടപടി ചട്ടത്തിന്റെ ഭാഗമായി മാറ്റുകയുണ്ടായി. അതിന്റെ ഭാഗമായി സഭയുടെ നടപടി ചട്ടങ്ങളിലെ ചട്ടം 238-ൽ കൂട്ടിച്ചേർത്ത പുതിയ വ്യവസ്ഥപ്രകാരം നിയമസഭ പാസ്സാക്കുന്ന നിയമങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ചട്ടനിർമ്മാണം സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ചട്ടങ്ങൾ 90 ദിവസങ്ങൾക്കകം തയ്യാറാക്കേണ്ടതും കരട് രൂപത്തിൽ അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾക്ക് പരിശോധനയ്ക്കായി നൽകേണ്ടതുമുണ്ട്. അതോടൊപ്പം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ 3 മാസത്തിനകംതന്നെ പ്രസ്തുത കരട് ചട്ടങ്ങൾ പരിശോധിക്കേണ്ടതാണ്.

ഇപ്രകാരം സുവ്യക്തവും സുദൃഢവും പഴുതുകളില്ലാത്തതുമായ നിയമവ്യവസ്ഥ ഉണ്ടായിട്ടും സഭ പാസ്സാക്കുന്ന പുതിയ നിയമങ്ങൾക്കനുസൃതമായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണമോ നിലവിലുള്ള ചട്ടങ്ങളുടെ ഭേദഗതികളോ ഉദ്ദേശിച്ചത്ര കാര്യക്ഷമമായി നടക്കാത്ത സാഹചര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് ഇപ്പോൾ പുതിയൊരു നടപടിക്രമം കൂടി നടപ്പാക്കിവരുന്നുണ്ട്. അതിൻപ്രകാരം നിയമസഭ നിയമനിർമ്മാണം നടത്തി അത് ഗസറ്റിൽ വിജ്ഞാപനം ചെയ്തുകഴിഞ്ഞാലുടനെ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി സെക്ഷൻ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ഏതെങ്കിലും തരത്തിലുള്ള ചട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ച വ്യവസ്ഥ പ്രസ്തുത നിയമത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതനുസരിച്ചുള്ള കരട് ചട്ടം തയ്യാറാക്കി മൂന്ന് മാസത്തിനകം അതത് സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കായി ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് വകുപ്പിനെ അറിയിക്കുകയും തുടർന്ന് ഓർമ്മപ്പെടുത്തലുകൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ നിരന്തരമായ ഇടപെടലുകൾ നടത്തിക്കൊണ്ട് നിയമസഭ വേണ്ടത്ര ജാഗ്രത പുലർത്തുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ ആശാവഹമായ ഒരു പുരോഗതിയുണ്ടായതായി കാണാൻ കഴിയുന്നില്ല. മുൻകാലങ്ങളിലും സമീപകാലങ്ങളിലും നിർമ്മിക്കപ്പെട്ട നിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ തയ്യാറാക്കി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിജ്ഞാപനം നടത്താൻ ഇനിയും പൂർണ്ണതോതിൽ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിയമസഭയുടേതായ ഒരു പരിശോധന (Legislative scrutiny) നടത്താൻ ചെയർ തീരുമാനിച്ചിരിക്കുന്ന കാര്യംകൂടി ഇത്തരുണത്തിൽ അറിയിക്കുകയാണ്.

ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ടിലെ വകുപ്പ് 175 (1) പ്രകാരം നിർമ്മിക്കപ്പെടേണ്ട ചട്ടത്തെ സംബന്ധിച്ചാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ വിശദീകരണവും ഉന്നയിക്കപ്പെട്ട ക്രമപ്രശ്നത്തിലെ ഉള്ളടക്കവും ചെയർ വിശദമായി പരിഗണിക്കുകയുണ്ടായി. ഓരോ പഞ്ചായത്തിന്റേയും വരും വർഷത്തേയ്ക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കേണ്ട രീതി സംബന്ധിച്ചുള്ള ചട്ടങ്ങളാണ് സെക്ഷൻ 175 (1) പ്രകാരം പുറപ്പെടുവിക്കേണ്ടിയിരുന്നത്. വികസന പദ്ധതികൾ തയ്യാറാക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾ തമ്മിൽ ഒരു ഐക്യരൂപം ഉണ്ടാക്കുന്നതിനും തികഞ്ഞ യാഥാർത്ഥ്യബോധത്തോടെയുള്ള വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും അപ്രകാരമുള്ള ചട്ടങ്ങൾ കൂടുതൽ കരുത്തേകുമെന്നുള്ളതാണ് വസ്തുത.

എന്നാൽ സംസ്ഥാനത്ത് പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നിട്ട് നീണ്ട 22 വർഷങ്ങൾ കഴിഞ്ഞിട്ടും വളരെ അടിസ്ഥാനപരമായ കാര്യങ്ങളിലുള്ള ചട്ടങ്ങൾപോലും നിർമ്മിക്കപ്പെടുന്ന കാര്യത്തിൽ മതിയായ പരിഗണന ലഭിച്ചില്ലെന്നത് അങ്ങേയറ്റം ഖേദകരമായ വസ്തുതയാണ്. ഇക്കാര്യം ഒരു ക്രമപ്രശ്നത്തിലൂടെ സഭയുടെ ശ്രദ്ധയിൽ പെടുത്തിയ ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ളയെ ചെയർ അനുമോദിക്കുന്നു. അടിസ്ഥാന കാര്യങ്ങളിന്മേലുള്ള ചട്ട നിർമ്മാണ കാര്യത്തിൽ അനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കാൻ കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നൽകേണ്ടതാണെന്നും എല്ലാ സർക്കാർ വകുപ്പുകളിലും ഇതുസംബന്ധിച്ച ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിന് പ്രത്യേക സംവിധാനമേർപ്പെടുത്തണമെന്നും വീഴ്ചകൾ കണ്ടെത്തുന്ന കേസ്സുകളിൽ കർശന നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു. ഇത്തരം അടിസ്ഥാനപരമായ വിഷയങ്ങളിൽ ചെയറിൽനിന്നും ഉണ്ടാകുന്ന റൂളിംഗുകൾ അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊള്ളുവാൻ ബന്ധപ്പെട്ടവർ പ്രത്യേക നിഷ്കർഷ പാലിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ക്രമപ്രശ്നം നിരാകരിച്ചിരിക്കുന്നു. ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച ക്രമപ്രശ്നം ഇപ്പോൾ മേശപ്പുറച്ചു വച്ചിട്ടേയുള്ളൂ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ലഭ്യമായിട്ടില്ലാത്തതിനാൽ പ്രത്യേക റൂളിംഗ് ഇപ്പോൾ ആവശ്യമില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: ഇത്രയും ഗൗരവമായ റൂളിംഗ് ചെയർ നടത്തിയപ്പോൾ ബന്ധപ്പെട്ട വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ സീറ്റിലില്ലാത്തത് വളരെ മോശമായിപ്പോയി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ടല്ലോ. ബന്ധപ്പെട്ട വകുപ്പുമന്ത്രി ഇപ്പോൾ എന്തോ അത്യാവശ്യത്തിനായി പോയതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെയില്ലെങ്കിലും അദ്ദേഹത്തിന് റൂളിംഗ് ലഭ്യമാക്കും. ഈ റൂളിംഗ് അദ്ദേഹത്തിനും ബാധകമാണ്.

2016 സെപ്റ്റംബർ 26-ാം തീയതി ചട്ടം 50 പ്രകാരമുള്ള അടിയന്തര പ്രമേയത്തിന് അനുമതി തേടിക്കൊണ്ടുള്ള നോട്ടീസിന്മേൽ മറുപടി പറയവേ, ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നടത്തിയ ചില പരാമർശങ്ങൾ ചട്ടം 307 പ്രകാരം സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്ന് ബഹുമാനപ്പെട്ട അംഗം തിരുവഞ്ചൂർ രാധാകൃഷ്ണനും, 2016 ഒക്ടോബർ 17-ാം തീയതി ചട്ടം 64 പ്രകാരം പ്രസ്താവന നടത്തവേ ശ്രീ. ഇ.പി. ജയരാജൻ നടത്തിയ ചില പരാമർശങ്ങൾ ചട്ടം 307 പ്രകാരം സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്ന് ബഹുമാനപ്പെട്ട അംഗം പി. ടി. തോമസും ആവശ്യപ്പെടുകയുണ്ടായി. ചെയർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 307 പ്രകാരം അപകീർത്തികരമായ പരാമർശങ്ങൾ ഒന്നും തന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെയും ബഹുമാനപ്പെട്ട അംഗം ഇ.പി. ജയരാജന്റെയും ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നാണ് കാണാൻ കഴിഞ്ഞത്. എന്നിരുന്നാലും ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ അവ്യക്തമായും സംശയം ജനിപ്പിക്കത്തക്ക രീതിയിലും കാര്യങ്ങൾ അവതരിപ്പിക്കുന്നത് ഒട്ടും ആശാസ്യകരമല്ല. ഇക്കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ചെയർ ഓർമ്മപ്പെടുത്തുകയാണ്.

2016 ഒക്ടോബർ 19-ാം തീയതി ചോദ്യോത്തരവേളയിൽ ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.-യുടെ ഉപചോദ്യത്തിന് മറുപടി പറയവേ, ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നടത്തിയ ചില പരാമർശങ്ങൾ ചട്ടം 307 പ്രകാരം സഭാരേഖകളിൽനിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം പി. ടി. തോമസ് 2016 ഒക്ടോബർ 24-ാം തീയതി ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് ശ്രീ. പി. ടി. തോമസ്, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. ഐ. സി. ബാലകൃഷ്ണൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിന് എഴുതിത്തരികയും ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി 2016 ഒക്ടോബർ 24-ാം തീയതി സഭയിൽ

നടത്തിയ വ്യക്തിപരമായ വിശദീകരണമടക്കം ചെയർ വിശദമായി പരിശോധിച്ചതിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 307 പ്രകാരം അപകീർത്തികരമായ പരാമർശങ്ങൾ ഒന്നും തന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നാണ് കാണാൻ കഴിഞ്ഞത്. ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പരാമർശം സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യേണ്ടതില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു. ഒക്ടോബർ 31-ാം തീയതി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ വ്യക്തിപരമായ വിശദീകരണം നടത്തവേ ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.-യ്ക്കെതിരായി നടത്തിയ ചില പരാമർശങ്ങൾ സഭാരേഖയിൽ നിന്ന് നീക്കം ചെയ്യണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഭാഗം നീക്കം ചെയ്തിട്ടുള്ളതായി അറിയിക്കുന്നു.

## IX നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) <u>2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ദശാബ്ദങ്ങൾക്കുമുൻപ് വരേണ്യവർഗ്ഗത്തിന് മാത്രം കുത്തകയായിരുന്ന അഭിഭാഷക വൃത്തിയും അതിന്റെ പ്രവർത്തനങ്ങളും. സ്വാതന്ത്ര്യത്തിനുമുൻപ് ലീഗൽ പ്രൊഫഷനിലേക്ക് ഉപരിവർഗ്ഗത്തിൽനിന്നുള്ള ആളുകൾ മാത്രമാണ് ആകർഷിക്കപ്പെട്ടിരുന്നത്.

സ്വാതന്ത്ര്യത്തിനുശേഷമാണ് ഈ മേഖലയിലേക്ക് മധ്യവർഗ്ഗക്കാരും അതിന് താഴെയുള്ള ആളുകളുമൊക്കെ കടന്നുവന്നിരുന്നത്. ആ കാലഘട്ടങ്ങളിൽ ഡോ. എൻ. ആർ. മാധവമേനോൻ മദ്രാസ് കേന്ദ്രീകരിച്ചുകൊണ്ട് നടത്തിയ പഠനത്തിൽ അഭിഭാഷകർക്ക് പ്രതിമാസം 1500 രൂപ വരുമാനമുള്ളതായിട്ടാണ് പറഞ്ഞിരിക്കുന്നത്. ലീഗൽ പ്രൊഫഷനിലേർപ്പെട്ടിരിക്കുന്ന 5 ശതമാനം മുതൽ 10 ശതമാനം വരെയുള്ള ആളുകൾ അതിസമ്പന്നരായി പ്രാക്ടീസ് നടത്തുകയും 50 ശതമാനത്തോളം ആളുകൾ ആവറേജ് മിഡിൽ രംഗങ്ങളിൽനിന്നുകൊണ്ട് പ്രാക്ടീസ് നടത്തുകയും, ബാക്കിയുള്ള 40 ശതമാനം ആളുകൾക്ക് വളരെ താഴെ നിലയിൽ നിന്ന് വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയുമാണുള്ളത്. അഭിഭാഷകരുടെ ക്ഷേമത്തിനായി പദ്ധതികൾ രൂപീകരിക്കണമെന്ന് അഭിഭാഷകരുടെ ഭാഗത്തുനിന്ന് തുടർച്ചയായി ആവശ്യമുയർന്നതിന്റെ പശ്ചാത്തലത്തിൽ 1976-77 ബഡ്ജറ്റിൽ അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് രൂപീകരിക്കുകയും അതിന്റെ നടത്തിപ്പ് ചുമതല സംസ്ഥാന ബാർ കൗൺസിലിനെ ഏൽപ്പിക്കാൻ നിർദ്ദേശം വരികയുമുണ്ടായി. 1980-81-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം അഡ്വക്കേറ്റ്സ് ബെനിഫിറ്റ് ഫണ്ട് ബിൽ തയ്യാറാക്കിയെങ്കിലും നിയമസഭ പിരിച്ചുവിട്ടതിനാൽ അത് ലാപ്സായിപ്പോയി. ലാപ്സായ ബില്ലിന്റെ സ്ഥാനത്ത് പുതിയ ബിൽ അവതരിപ്പിക്കുമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അഭിഭാഷകരുടെ ക്ഷേമത്തിനായി ഒരു വെൽഫെയർ ഫണ്ട് രൂപീകരിച്ച് നിയമ നിർമ്മാണം നടത്തിയതാണ് കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ആക്റ്റിന്റെ പശ്ചാത്തലം. അത് ഇന്ത്യാ രാജ്യത്തുതന്നെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകാപരമായ ഒരു ആക്ടായിരുന്നുവെന്ന് നമുക്കെല്ലാ വർക്കുമറിയാം. കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട്സ് വാല്യുവേഷൻ ആക്റ്റിലെ 76-ാം വകുപ്പിൽ പ്രതിപാദിച്ചപ്രകാരം ലീഗൽ ബെനിഫിറ്റ് ഫണ്ട് രൂപീകരിച്ച് അവശ്യ വ്യവഹാരികൾക്ക് സമഗ്രമായ സൗജന്യനിയമ സഹായം നൽകാനും അഭിഭാഷകർക്ക് സാമൂഹ്യസുരക്ഷാ പദ്ധതികൾ നടപ്പിലാക്കേണ്ട ബാധ്യതയും ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ വിഹിതം അഭിഭാഷകർക്ക് ലഭിക്കുകയും വേണമെന്ന ഉദ്ദേശ്യത്തോടെയാണ് 1980-ൽ കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ആക്ട് പാസ്സാക്കിയത്. വിവിധ കാലഘട്ടങ്ങളിൽ ധാരാളം അമെന്റ്മെന്റ്സ് വരുത്തിയി ട്ടുണ്ടെങ്കിലും അഭിഭാഷകരുടെ ആവശ്യങ്ങളും അവകാശങ്ങളും പൂർണ്ണമായും മനസ്സിലാക്കി, അതിന്റെ അന്തഃസ്സത്ത ഉൾക്കൊണ്ടുകൊണ്ടുള്ള അമെന്റ്മെന്റ് ഇപ്പോഴും നിർദ്ദേശിക്കാത്ത ഖേദകരമായ ഒരു വസ്തുത നമ്മുടെ മുൻപിലുണ്ട്. അഭിഭാഷകരുടെ ക്ഷേമത്തിനായി അഭിഭാഷകരുടെ കയ്യിൽനിന്നും നേരിട്ടും അഡ്വക്കേറ്റ് വെൽഫെയർ സ്റ്റാമ്പ് മുഖേനയും ലീഗൽ ബെനിഫിറ്റ് ഫണ്ടായി ഈടാക്കുന്ന തുക ഫലപ്രദമായി വിനിയോഗം ചെയ്യുന്നത് സംബന്ധിച്ച് നിയമത്തിന്റെ തുടക്കത്തിൽത്തന്നെ പറയുന്നത്, " An Act to provide for the constitution of a Welfare fund for the

payment of retirement benefits to Advocates in the State of Kerala....." എന്നാണ്. ഈ നിയമത്തിൽ റിട്ടയർമെന്റ് ബെനിഫിറ്റ് എന്നു സൂചിപ്പിക്കുന്നത് ആക്ടിന്റെ അന്തഃസ്സത്തയ്ക്കുതന്നെ വിരുദ്ധമാണ്. വെൽഫെയർ ഫണ്ട് ആക്ട്, അതിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തിയാൽ മാത്രമേ അഭിഭാഷകർക്ക് അതുകൊണ്ടുള്ള ഗുണമുണ്ടാകുകയുള്ളൂ. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള എല്ലാ ഭൗതിക സാഹചര്യങ്ങളും ഇന്ന് നിലവിലുണ്ട്. സ്റ്റാമ്പിലും വാർഷിക വിഹിതത്തിലും മാറ്റം വരുത്തി വരുമാനം കൂട്ടി നിലവിലുള്ള അപാകത പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്പോൾ പറയുന്ന 14,285 രൂപയിൽ നിന്ന് 25,000 രൂപയായും, 5 ലക്ഷത്തിൽ നിന്ന് കാലഘട്ടത്തിനനുസരിച്ച് ഉചിതമായ ഒരു വർദ്ധനവുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലാ ഓഫീസർമാർ, പ്ലീഡർമാർ എന്നിവർ വെൽഫെയർ സ്റ്റാമ്പ് പതിപ്പിക്കുന്നില്ല. സർക്കാർ തന്നെ ഈ തുക അടയ്ക്കുകയും എൻറോൾമെന്റ് വിഹിതം 150 രൂപ എന്നുള്ളത് കാലോചിതമായി മാറ്റം വരുത്തിയാൽ ആ ഇനത്തിലും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. അഭിഭാഷകരെ സഹായിക്കുന്നതിനുള്ള ഈ ബിൽ സാധാരണക്കാരെ ഉപദ്രവിക്കാതിരിക്കാനും നോക്കേണ്ടതായിട്ടുണ്ട്. ആനുകൂല്യം വർദ്ധിപ്പിക്കുമ്പോൾ പൊതുജനങ്ങൾക്ക് നിയമസേവനത്തിന് ലഭിക്കുന്ന തുക എടുത്തുകളയുന്ന തരത്തിലാകാൻ പാടില്ല. നിയമസഹായ നിധിയിൽനിന്നും വരുന്ന തുകയുടെ 70% ക്ഷേമനിധിയിലേയ്ക്കും 30% ഗുമസ്തന്മാരുടെ ക്ഷേമനിധിയിലേയ്ക്കുമാണ് നീക്കിവച്ചിരിക്കുന്നത്. രണ്ടിന്റെയും പത്ത് ശതമാനം വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ വിനിയോഗിക്കപ്പെടുമെന്ന് പറയുന്നുണ്ട്. എന്നാൽ സാധാരണക്കാർക്ക് നിയമസേവനത്തിന് തുക നീക്കിവയ്ക്കുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിലില്ല. നിയമത്തിലുള്ള നിയമസേവനമെന്ന വാക്കുതന്നെ ഒഴിവാക്കിക്കൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ മാറ്റങ്ങൾ ബില്ലിൽ വരുത്തണമെന്ന് ആവശ്യപ്പെടുകയാണ്. അതുപോലെ പ്രാക്ടീസ് ചെയ്യാത്ത ആളുകൾ ക്ഷേമനിധിയിൽ കടന്നു കൂടുന്നത് പരിശോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. എൽ.എൽ.ബി.-യെടുത്തും എൻറോൾ ചെയ്തും വിവിധങ്ങളായ കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിലും മറ്റ് മേഖലകളിലുമൊക്കെ പ്രാക്ടീസ് ചെയ്യുകയും, പ്രാക്ടീസ് ചെയ്യാതെ പുറത്തുപോയി ജോലി നോക്കുകയുമൊക്കെ ചെയ്യുന്ന ആളുകളുണ്ട്. പലപ്പോഴും അത്തരമാളുകൾ ക്ഷേമനിധിയിൽ സംഖ്യയടച്ച് ആനുകൂല്യങ്ങൾ വാങ്ങുന്നവരാണ്. കൃത്യമായി എണ്ണം കണക്കാക്കി വക്കാലത്ത് കൊടുക്കുന്നവരെ മാത്രമേ ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുകയുള്ളൂവെന്ന് തീരുമാനിക്കാവുന്നതാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 21-ൽ തന്നെ കൃത്യമായി എല്ലാവർക്കും ജുഡീഷ്യറിയിൽനിന്നും നീതി ലഭിക്കണമെന്ന് പറയുന്നുണ്ടെങ്കിലും പലപ്പോഴും പല കേസ്സുകളിലും അഭിഭാഷകർ കേസ്

നടത്തുവാനോ വക്കാലത്ത് നൽകുവാനോ തയ്യാറാകുന്നില്ല. അതോടൊപ്പംതന്നെ ബാർ കൗൺസിലിൽപ്പോലും ചിലപ്പോൾ ചില കേസുകളിൽ ഞങ്ങൾ ഹാജരാകില്ലെന്ന് പറയുകയും പത്രപ്രസ്താവന നടത്തുകയും ചെയ്യുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. അഭിഭാഷകരുടെ ക്ഷേമത്തിനുവേണ്ടി ഈ ബിൽ അവതരിപ്പിക്കുമ്പോൾതന്നെ അവർ സമൂഹത്തോടുള്ള കടപ്പാട് മറക്കാതിരിക്കാനാവശ്യമായ നിലപാടുകൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. കേരള സംസ്ഥാനത്തിലെ അഡ്വക്കേറ്റുമാർ അവരുടെ ക്ഷേമത്തിനായി പദ്ധതി രൂപീകരിക്കണമെന്ന് പറയുന്ന ഈ ബില്ലിൽ കുറേയധികം ഭേദഗതികൾ ഞാൻ ഇതിനോടൊപ്പം അവതരിപ്പിക്കുകയാണ്.

സെക്ഷൻ 9-"(gh) അഭിഭാഷകർക്ക് അക്കാഡമിക് സഹായം നൽകുക" എന്ന് പറയുന്നുണ്ട്. ആ അക്കാഡമിക് സഹായം നൽകുമെന്ന് പറയുന്നിടത്ത് എന്തിനാണെന്നോ, എത്ര സഹായമെന്നോ പറഞ്ഞിട്ടില്ല. കൂടാതെ അഭിഭാഷക ക്ഷേമനിധിയിൽനിന്നും പണമാണ് സഹായമായി നൽകുന്നതെങ്കിൽ എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ എന്തെല്ലാം പരിപാടികൾക്കാണ് ഈ സഹായം നൽകുന്നതെന്ന് ബില്ലിന്റെ 9 (gh) ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടില്ല.

മറ്റൊരു ഭേദഗതി 9 (gh)-ൽ തന്നെയാണ്. അത് അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനെപ്പറ്റിയാണ്. അഭിഭാഷക മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കാനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടത് അനിവാര്യമായി വന്നിരിക്കുകയാണ്. നിയമ ബിരുദം കഴിഞ്ഞ പല യുവ അഭിഭാഷകരും മറ്റ് മേഖലകൾ തേടിപ്പോകുന്നുണ്ട്. അതുകൊണ്ട് ഇവരെ ആകർഷിക്കാൻ വേണ്ടി പ്രത്യേക കർമ്മപദ്ധതി അത്യാവശ്യമാണ്. ഒരു ലക്ഷത്തിന് താഴെ വരുമാനമുള്ളവർക്ക് മാത്രമേ സ്റ്റൈപ്പന്റ് നൽകുവെന്നാണ് ബില്ലിൽ പറയുന്നത്. വിദ്യാഭ്യാസ മേഖലയുൾപ്പെടെ മറ്റെല്ലാ മേഖലകളിലും ക്രീമിലെയറിൽപ്പോലും ആറ് ലക്ഷം രൂപവരെ നിജപ്പെടുത്തിയിരിക്കുന്ന സ്ഥിതിക്ക് ഒരു ലക്ഷം രൂപ എന്നത് വർദ്ധിപ്പിച്ച് പുതിയതായി കടന്നുവരുന്ന ആളുകൾക്കുകൂടി സ്റ്റൈപ്പന്റ് കൊടുക്കുന്നതിന്, മുഴുവൻ തുകയും അങ്ങനെതന്നെ കൊടുക്കാതെ, ലോണായി കൊടുത്തുകൊണ്ട് അവരെ ഈ അഭിഭാഷക തലത്തിലേയ്ക്ക് ആകർഷിക്കാനാവശ്യമായ നിലപാടുകൾ സ്വീകരിക്കാവുന്നതാണ്.

മറ്റൊന്ന്, പ്രാക്ടീസ് നിർത്തലാക്കുമ്പോൾ ഫണ്ടിൽനിന്നും പണം കൊടുക്കുന്നതിനുവേണ്ടി സെക്ഷൻ 16-ൽ പതിനഞ്ച് വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുമ്പോൾ ഒരംഗത്തിന് ഓരോ വർഷവും 14,285 രൂപ നിരക്കിൽ മൊത്തം അഞ്ച് ലക്ഷം രൂപ ലഭിക്കും. അത് ഇരുപത്തയ്യായിരം രൂപയും പത്തുലക്ഷം രൂപയുമായി വർദ്ധിപ്പിക്കണം എന്നുള്ളതാണ്. 2008-ലാണ്

മുമ്പ് വർദ്ധനവ് വരുത്തിയിട്ടുള്ളത്. ആയതിനാൽ കുറച്ചുകൂടി വർദ്ധനവ് അത്യാവശ്യമാണ്. പ്രാക്ടീസ് തുടരുന്ന സമയത്ത് ഒരംഗം മരണപ്പെട്ടാൽ നോമിനിക്ക് അല്ലെങ്കിൽ അയാളുടെ അവകാശിക്ക് മൂന്ന് ലക്ഷം രൂപ, പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 14,285 രൂപ നിരക്കിൽ മൊത്തം അഞ്ച് ലക്ഷം രൂപ എന്നാക്കി വർദ്ധിപ്പിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് കുറേയേറെ ഭേദഗതികൾ പറയേണ്ടതായിട്ടുണ്ടെങ്കിലും ബഹുമാന്യനായ സ്പീക്കറുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് ചുരുക്കുകയാണ്.

മറ്റൊരു കാര്യം ഡ്യൂവൽ മെമ്പർഷിപ്പിനെപ്പറ്റിയാണ്. ഹൈക്കോടതികളിലും മറ്റ് കോടതികളിലുംപോയി മെമ്പർഷിപ്പുള്ള ആളുകൾ ഇതിനെക്കുറിച്ച് പറയുന്നത്, ....provided that if a member is having membership in two Bar Associations, one of the Bar Association membership shall be given up. എവിടെയെങ്കിലും ഒരു മേഖലയിലേയ്ക്ക് മാത്രമായി മെമ്പർഷിപ്പ് ചുരുക്കാൻ കഴിയുന്നതാണ്. അതുപോലെ അഭിഭാഷകരെ സംബന്ധിച്ചിടത്തോളം പ്രോവിഡന്റ് ഫണ്ട് രൂപത്തിലുള്ളതാണ് ക്ഷേമനിധി. അതുകൊണ്ട് അതിൽ നിന്നും ലോണെടുക്കാനുള്ള അനുവാദംകൂടി നൽകാവുന്നതാണ്.

മറ്റൊരു സുപ്രധാനമായ കാര്യം, റെപ്രസെന്റേറ്റീവ് ഓഫ് കേരള, ഇതിന് ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. അതിന്റെ ഒരു പ്രൊപ്പോസൽ സെക്ഷൻ 4 (g)-ൽ ഒരു പുതിയ ക്ലോസ് ചേർത്തുകൊണ്ട് അതിൽ a member nominated by Kerala State Legislative Assembly എന്നാക്കിയാൽ ഈ നിയമനിർമ്മാണ സഭയിൽനിന്നടക്കം ഒരു പ്രതിനിധിയെ അതിന്റെ ഭാഗമായി വരുത്താൻ സാധിക്കുന്നതാണ്.

ഈ ഭേദഗതി ബിൽ അവതരിപ്പിക്കുന്നതോടൊപ്പം ഇന്നത്തെ സാഹചര്യത്തിൽ നിയമനിർമ്മാണ സഭയിൽ ഇങ്ങനെയൊരു ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയും ഇടപെടുകയും ചെയ്യുന്നത് അഭിഭാഷകരുടെ ക്ഷേമത്തിന് വേണ്ടിയാണെന്ന് എല്ലാവർക്കുമറിയാം. എന്നാൽ അതേസമയംതന്നെ ഇന്ന് കേരളത്തിലെ അഭിഭാഷക, മാധ്യമ മേഖലകളിലെ അവസ്ഥയെക്കുറിച്ച് നമുക്കെല്ലാമറിയാവുന്നതാണ്. മാധ്യമങ്ങളും അഭിഭാഷകരും തമ്മിലുള്ള കിടമത്സരം കാരണം നീതിന്യായ മേഖലകളിൽ നടക്കുന്ന വിവിധങ്ങളായ കേസ്സുകളെ സംബന്ധിച്ച് പൊതുജനം അറിയേണ്ടത് അവർ അറിയാതെ പോകുന്ന ഒരവസ്ഥാവിശേഷമാണുള്ളത്. ഇവിടെ ജുഡീഷ്യൽ ആക്ടിവിസം നടക്കുന്നുവെന്ന് ഇന്ത്യയുടെ പ്രിയപ്പെട്ട പ്രസിഡന്റ് തന്നെ അഭിഭാഷകരുടെ ഒരു സമ്മേളനത്തിൽവച്ച് പറഞ്ഞതായി പത്രങ്ങളിൽ വാർത്ത വന്നിരുന്നു. ഒരു ജുഡീഷ്യൽ ആക്ടിവിസം നിലനിൽക്കുകയും അറിയാനുള്ള ജനങ്ങളുടെ അവകാശം നിഷേധിക്കുന്ന

ഒരവസ്ഥാവിശേഷം മാറി സാധാരണ ജനവിഭാഗങ്ങൾക്കുകൂടി ഉപകാരപ്രദമാകുംവിധം അഭിഭാഷകരുടെ തെറ്റായ നിലപാടുകളെ മാറ്റിനിർത്താനാവശ്യമായ ഒരു സമീപനം പൊതുമേഖലകളിൽ നമ്മളെപ്പോലെയുള്ള ആളുകൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. തെറ്റുകളെ ന്യായീകരിക്കാനോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട് തെറ്റല്ല എന്ന് പറയാനോ ശ്രമിക്കുന്ന ഒരവസ്ഥാവിശേഷമുണ്ടാകരുത്. തെറ്റിനെ തെറ്റായി കണ്ടുകൊണ്ട് അത് ശരിയല്ലെന്നുപറയാനുള്ള ഒരു നിലപാട് ഈ നിയമനിർമ്മാണ സഭയിലെ ഉത്തരവാദപ്പെട്ട ആളുകളിൽനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി വീണാ ജോർജ്ജിനുവേണ്ടി (ശ്രീമതി പി. അയിഷാ പോറ്റി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഒരു അഭിഭാഷക എന്ന നിലയിൽ ഞാൻ ഈ സർക്കാരിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള എല്ലാവരെയും അഭിനന്ദിക്കുകയാണ്. അഭിഭാഷകരുടെ ക്ഷേമത്തിനായുള്ള വെൽഫെയർ ഫണ്ട് ആക്റ്റിന്റെ അമെന്റ്മെന്റാണ് ഇവിടെ വന്നിട്ടുള്ളത്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച അംഗം സൂചിപ്പിച്ചതുപോലെ പണ്ട് അഭിഭാഷകർ വളരെ കുറവായിരുന്നു. പക്ഷേ ഇപ്പോൾ ധാരാളം അഭിഭാഷകർ വരുന്നുണ്ട്. അതിൽ വളരെ ചുരുങ്ങിയ ശതമാനം അഭിഭാഷകർക്ക് മാത്രമേ നല്ല വരുമാനമുള്ളൂ. അവരിൽ പകുതിയിൽ താഴെ വരുന്നവർ തീരെ ചെറിയ വരുമാനമുള്ളവരാണ്. അഭിഭാഷകരെന്ന് പറയുമ്പോൾ, അവർക്കെല്ലാം ഫീസില്ലേ എന്ന് ചോദിക്കും; തീർച്ചയായും തുടക്കത്തിൽ അങ്ങേയറ്റത്തെ പ്രയാസം അനുഭവപ്പെടും. പ്രാക്ടീസ് ചെയ്ത അനുഭവം വച്ചുകൊണ്ടാണ് ഞാൻ ഇപ്രകാരം പറയുന്നത്. ഒരു അഭിഭാഷകൻ അല്ലെങ്കിൽ അഭിഭാഷകയായി എൻറോൾ ചെയ്യുമ്പോൾ ഒരു വരുമാനവും ഇല്ലാതെ അത്രനാളും പഠിപ്പിച്ചിടത്തുതന്നെ വീണ്ടും ആശ്രയിച്ച് ജീവിക്കേണ്ട ഒരവസ്ഥ ഉണ്ടാകുന്നു എന്നത് യാഥാർത്ഥ്യമാണ്. ഞാൻ ഇതിനുമുമ്പും ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. അന്ന് ലഭിക്കാത്തൊരു കാര്യം ഇപ്പോൾ അനുവദിച്ചു കിട്ടി. അതിൽ എനിക്ക് സന്തോഷമുണ്ട്.

ജൂനിയർ അഭിഭാഷകർക്ക് മൂന്ന് വർഷക്കാലം വരെ സ്റ്റൈപ്പന്റ് കൊടുക്കാൻ തീരുമാനിച്ചത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. അക്കാര്യം പറയാതിരിക്കാൻ നിർവ്വാഹമില്ല. അതുപോലെതന്നെ ഇപ്പോൾ വെൽഫെയർ ഫണ്ട് എമൗണ്ട് അഞ്ച് ലക്ഷം രൂപ എന്നത് പത്ത് ലക്ഷം രൂപയാക്കി. ഇക്കാര്യം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവശ്യപ്പെട്ടെങ്കിലും യാതൊരു മാറ്റവും ഉണ്ടായില്ല.

ബഹുമാനപ്പെട്ട അന്നത്തെ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഇപ്പോൾ എട്ട് വർഷം കഴിഞ്ഞ് അത് വന്നപ്പോൾ ഒരു വിയോജനക്കുറിപ്പും മറ്റും ഇവിടെ കണ്ടിരുന്നു. എന്തായാലും നിലവിലുള്ള സംവിധാനം ഉപയോഗിച്ച് അത് ഇരട്ടിയാക്കാനുള്ള സന്മനസ്സ് കാണിക്കുകയും ജൂനിയർ അഭിഭാഷകരെ പരിഗണിക്കുകയും ചെയ്തു എന്നത് അങ്ങേയറ്റം സന്തോഷമുള്ള കാര്യമാണ്.

കൂടാതെ വെൽഫെയർ ഫണ്ടിൽ അംഗത്വം എടുക്കാൻ സാധിക്കാത്തവർക്ക് ഒരു അവസരംകൂടി ഈ ഗവൺമെന്റ് അനുവദിച്ചു എന്നത് അങ്ങേയറ്റം അഭിനന്ദനീയമാണ്. ഏഴ് വർഷം പ്രാക്ടീസായെങ്കിലും ഇതിൽ ചേരാൻ ഞങ്ങൾ വിട്ടുപോയെന്നും അതിനുള്ള വഴിയുണ്ടാക്കണമെന്നും പല അഡ്വക്കേറ്റുമാരും എന്നോട് സൂചിപ്പിക്കുകയുണ്ടായി. എന്തായാലും അതൊക്കെ ഈ ഗവൺമെന്റ് ചെയ്തുകഴിഞ്ഞു. പത്ത് വർഷം വരെയുള്ള കാലയളവിൽ ഒരു അംഗം അടയ്ക്കേണ്ട തുകയും അതിന്റെ പെനാൽറ്റിയായ 2000 രൂപയും ഓരോ വർഷവും കൊടുത്താൽ അംഗമാകാമെന്നത് വളരെ ആശ്വാസകരമാണ്.

ഇതിൽ റിട്ടയർമെന്റ് ബെനിഫിറ്റ് എന്ന പ്രയോഗം ശരിയല്ലായെന്ന് എനിക്ക് മുമ്പ് സംസാരിച്ച അംഗം സൂചിപ്പിക്കുകയുണ്ടായി. അത് തീർച്ചയായും കൊടുക്കണം. സുഖമില്ലാതെ പ്രാക്ടീസ് നിർത്തേണ്ടി വരുന്നവർക്ക് ഇത്തരമൊരു ഫണ്ടുണ്ടെങ്കിൽ അത് വലിയ ഉപകാരമാണ്. ഇത് അന്തസ്സുള്ള ഒരു പ്രയോഗം തന്നെയാണ്. അതുപോലെതന്നെ ആക്ച്വൽ പ്രാക്ടീസ് ഇല്ലാത്തവർക്ക് ഈ ബെനിഫിറ്റ് കൊടുക്കരുതെന്നും സൂചിപ്പിക്കുകയുണ്ടായി. ഇതിനകത്തുതന്നെ അതിനെക്കുറിച്ച് ഡിഫൈൻ ചെയ്തിട്ടുണ്ട്. "ആക്ച്വൽ പ്രാക്ടീസ്" എന്നാൽ ഒരു അഭിഭാഷകന്റെ വൃത്തി നടത്തുന്നതും 1961-ലെ അഭിഭാഷക ആക്ടിൽ സീനിയർ അഭിഭാഷകർ ഒഴികെയുള്ള അഭിഭാഷകരുടെ സംഗതിയിൽ ഏറ്റവും കുറഞ്ഞത് അഞ്ച് വക്കാലത്തുകളെങ്കിലും പ്രതിവർഷം ഫയൽ ചെയ്തിട്ടുള്ളതും എന്നർത്ഥമാകുന്നു. ഇപ്പോഴത്തെ സ്ഥിതിയിൽ കൊടുക്കാവുന്ന എല്ലാ കാര്യങ്ങളും ഭേദഗതിയിലൂടെ കൊണ്ടുവന്നിട്ടുണ്ട്. അതുപോലെതന്നെ ക്ഷേമനിധിയിലെ അംഗങ്ങൾക്കും അവരുടെ ആശ്രിതർക്കും ചികിത്സയ്ക്കും വിദ്യാഭ്യാസ സൗകര്യങ്ങൾക്കുമായി പരമാവധി അയ്യായിരം രൂപ ധനസഹായം നൽകിയിരുന്നു. പ്രസ്തുത തുക ഒരു ലക്ഷം രൂപയാക്കി എന്നതും വളരെ നല്ല കാര്യമാണ്.

ഇവിടെ എല്ലാ കാര്യത്തിനും അംഗീകാരമായി എന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഒന്നുമില്ലാത്തതിൽനിന്നും ഇത്രയേറെ കാര്യങ്ങൾ ഒറ്റയടിക്ക് നൽകിയതിൽ അഭിഭാഷക സമൂഹം അങ്ങേയറ്റം സന്തോഷത്തിലാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രി കോർട്ട് ഫീസ് ആക്ടും അമെന്റ്

ചെയ്തിട്ടുണ്ട്. ഇതുവഴി നിലവിലുണ്ടായിരുന്ന അനോമലിക്ക് പരിഹാരമാകും. അതും വളരെ സന്തോഷകരമായ കാര്യമാണ്. പൊതുജനങ്ങൾക്ക് സൗകര്യം കൊടുക്കാനോ അല്ലെങ്കിൽ വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യം കൊടുക്കാനുള്ള തുകയിലോ ഇതുകൊണ്ട് കുറവുവരുമെന്ന് എനിക്ക് തോന്നുന്നില്ല. കേരള നിയമസഹായ നിധിയുടെ 70 ശതമാനത്തിന് തുല്യമായ തുക കേരള അഭിഭാഷക ക്ഷേമനിധിക്കും 30 ശതമാനത്തിന് തുല്യമായ തുക കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിക്കും നീക്കിവയ്ക്കുന്നതിനും അപ്രകാരം നീക്കിവയ്ക്കപ്പെട്ട തുകകളിൽ നിന്നും 10 ശതമാനം വീതം വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് നിധിയിൽ നിലനിർത്തിയശേഷം പ്രസ്തുത തുക ഫണ്ടുകളിലേയ്ക്ക് കൈമാറ്റം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. വളരെ ന്യായമായിട്ടുള്ള കാര്യമാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്. എന്റെ അഭിപ്രായത്തിൽ വക്കീലൻമാർ രണ്ടുമൂന്ന് കൊല്ലമാകുമ്പോൾ അവനവന്റെ സ്വന്തം കാലിൽ നിൽക്കാൻ പഠിക്കണം. നിയമം പഠിച്ച് ഹൃദിസ്ഥമാക്കിക്കൊണ്ട് കക്ഷികൾക്ക് ന്യായം വാങ്ങിക്കൊടുക്കാൻ സാധിക്കുന്ന രീതിയിൽ കേസ് നന്നായി വാദിക്കണം. ഹാർഡ്‌വർക്കിലൂടെ ഉന്നതിയിലേയ്ക്ക് പിടിച്ചുകയറാൻ കഴിയുന്ന ഏറ്റവും അന്തസ്സുള്ള പ്രൊഫഷനാണ് അഡ്വേക്കേറ്റിന്റേത്. ഒരു മണിക്കൂർ കേസ് വാദിക്കണമെങ്കിൽ ഇരുപത് മണിക്കൂർ വായിച്ച് പഠിച്ച് മനസ്സിലാക്കണമെന്നാണ് എന്റെ സീനിയർ പണ്ട് എന്നോട് പറഞ്ഞിട്ടുള്ളത്. അതെല്ലാം സത്യമാണ്. അല്ലാതെ എന്നും ഇങ്ങനെ വെൽഫെയർ ഫണ്ടിൽ നിന്നും എയ്ഡ് കൊടുത്തുകൊണ്ടിരിക്കാൻ സാധിക്കില്ല. വെൽഫെയർ ഫണ്ടിൽ അംഗമായവർക്കും എയ്ഡ് ആവശ്യമായവർക്കും അത് കൊടുക്കണം. വലിയ കേസുള്ള അഡ്വക്കേറ്റുമാർക്ക് വെൽഫെയർ ഫണ്ടിലെ എമൗണ്ട് ആവശ്യമില്ലെങ്കിൽ ഈ പ്രൊഫഷനിൽ ഫണ്ട് ആവശ്യമുള്ള മറ്റ് അഡ്വക്കേറ്റുമാക്ക് നൽകുകയോ അല്ലെങ്കിൽ പൊതുജന സേവനത്തിനായി നൽകുകയോ ചെയ്യണം. എന്നാലും ഈ ഫണ്ട് അവിടെ ഉണ്ടാകണമെന്നത് ഒരു സംശയവും ഇല്ലാത്ത കാര്യമാണ്. അനർഹരൊന്നും ഇതിനകത്ത് കടന്നുകൂടാനുള്ള യാതൊരു സാധ്യതയും കാണുന്നില്ല.

ഇവിടെ അഭിഭാഷകരും മാധ്യമങ്ങളും തമ്മിലുള്ള പ്രശ്നം പറയുകയുണ്ടായി, ഇത് എന്റെ വ്യക്തിപരമായ അഭിപ്രായം മാത്രമല്ല, ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയുമെല്ലാം പ്രസ്തുത വിഷയം സംബന്ധിച്ച് അവരുടെ അഭിപ്രായം വ്യക്തമാക്കിയതാണ്. അഭിഭാഷകരും മാധ്യമങ്ങളും തമ്മിലുള്ള റിലേഷൻ നല്ല സൗഹാർദ്ദത്തിൽതന്നെ പോകണം. അറിയാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. ഇപ്പോൾ സൗമ്യ വധക്കേസിന്റെ വാദത്തിൽ വന്ന ഒരു ചോദ്യം സുപ്രീം കോടതി ചോദിച്ചപ്പോൾ അത് ജനങ്ങൾ അറിഞ്ഞത് പത്ര/ദൃശ്യമാധ്യമങ്ങളിൽക്കൂടിയാണ്.

ഇതുസംബന്ധിച്ച് ചർച്ച നടത്താൻ, ന്യായാന്യായങ്ങളെപ്പറ്റി സംസാരിക്കാൻ, ഭരണഘടന അനുശാസിക്കുന്ന തരത്തിൽ ജനങ്ങൾക്ക് സംവദിക്കുന്നതിനുള്ള അവസരം വന്നത് പത്ര/ദൃശ്യമാധ്യമങ്ങളിൽക്കൂടിയാണ്. തീർച്ചയായും മാധ്യമങ്ങളുടെ വായടയ്ക്കാൻ ഒരു കാരണവശാലും പാടില്ല. കോടതികളുടെ നടപടിക്രമങ്ങളുൾപ്പെടെ എല്ലായിടത്തും കയറി അവർക്ക് ന്യായമായും നിഷ്പക്ഷമായും റിപ്പോർട്ട് ചെയ്യാനുള്ള അവകാശം കൊടുക്കുകതന്നെ വേണം. മറ്റൊന്നുള്ളത്, മാധ്യമങ്ങളും ഇക്കാര്യത്തിൽ ഒരിക്കലും അതിര് കടക്കാൻ പാടില്ലെന്നുള്ളതാണ്. അങ്ങോട്ടുമിങ്ങോട്ടുമുള്ള ബന്ധം എപ്പോഴും നന്നായിരിക്കുമ്പോഴാണ് നല്ല രീതിയിലുള്ള ജനാധിപത്യം പുലരുന്നതും ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ച് കിട്ടുന്നതും. കാലോചിതമായ മാറ്റം നല്ല നിലയിൽ വന്നിട്ടുണ്ടോ എന്നറിയില്ലെങ്കിലും മുൻകാലങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ ഇരട്ടിയാക്കി മാറ്റിയിട്ടുണ്ട്.

അഭിഭാഷകന്റെ സേവനകാലം അഞ്ചുവർഷത്തിൽ കുറവാണെങ്കിൽ ഫണ്ടിലേയ്ക്കുള്ള വാർഷിക വരിസംഖ്യ നേരത്തേ മുന്നൂറ് രൂപയായിരുന്നത് അഞ്ഞൂറ് രൂപയാക്കിയും അഞ്ചുവർഷമോ അതിലധികമോ എന്നാൽ പത്ത് വർഷത്തിൽ കുറവോ ആണെങ്കിൽ എഴുന്നൂറ്റിയൻപത് രൂപ എന്നത് ആയിരം രൂപയാക്കിയും വർദ്ധിപ്പിച്ചു. ഇതെല്ലാം നല്ല കാര്യങ്ങളാണ്. ജനങ്ങൾക്കുവേണ്ടി നിയമം വ്യാഖ്യാനിക്കാൻ ജഡ്ജിമാരെ സഹായിച്ചുകൊണ്ട് ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും സത്യസന്ധമായ കാര്യങ്ങൾ കോടതികളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്ന ഏറ്റവും മഹത്തായ പ്രൊഫഷൻ നിർവ്വഹിക്കുന്ന അഭിഭാഷകർക്കുവേണ്ടി ഇപ്പോൾ ഭേദഗതി ചെയ്ത് അവതരിപ്പിച്ച ഈ ബിൽ അങ്ങേയറ്റം സഹായകരമാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇക്കാര്യത്തിൽ മന്ത്രിയെയും ഗവൺമെന്റിനേയും ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 3-11-2016-നാണ് ഈ ബില്ലും അനുബന്ധമായി കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബില്ലും അവതരിപ്പിച്ചത്. അന്ന് ബഹുമാനപ്പെട്ട മെമ്പർമാർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞ അഭിപ്രായങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് ഇത് പരിഗണനയ്ക്കുവേണ്ടി സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും അഡ്വക്കേറ്റ് പി. അയിഷാ പോറ്റിയും പറഞ്ഞ കാര്യങ്ങൾ ഏറെക്കുറെ ഈ ബില്ലിന്റെ ഭാഗമായി വന്നിട്ടുണ്ട്. കേരളത്തിലെ അഭിഭാഷക സമൂഹത്തിന് അഭിമാനിക്കാവുന്ന ഒരു ദിനമാണിന്ന്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമൂഹത്തിൽ

അദ്ധ്വാനിച്ച് ജീവിക്കുന്ന എല്ലാ വിഭാഗങ്ങൾക്കും തുല്യ നീതി ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. അത്തരത്തിൽ ഈ സഭയുടെ ആദ്യ നിയമനിർമ്മാണ സമ്മേളനത്തിൽത്തന്നെ അഭിഭാഷക ക്ഷേമനിധി നിയമം സമഗ്രമായി പരിഷ്കരിച്ച് അഭിഭാഷക വൃത്തിയിൽ ഉൾപ്പെട്ട കൂടുതൽ പേരെ ആനുകൂല്യത്തിന് അർഹരാക്കുകയും ആനുകൂല്യത്തിന്റെ തോത് ഇരട്ടിയിലധികം വർദ്ധിപ്പിക്കുകയും ചെയ്യുകയാണ്. അഭിഭാഷക ക്ഷേമനിധിയിൽ ഇപ്പോൾ കൊണ്ടുവന്ന ഭേദഗതികളിൽ ഏറ്റവും പ്രധാനമായത് ബഹുമാന്യയായ അയിഷാ പോറ്റി സൂചിപ്പിച്ചതുപോലെ പ്രാക്ടീസ് ആരംഭിക്കുന്ന യുവ അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് ആനുകൂല്യം നൽകുന്ന ഭേദഗതിയാണ്. പ്രാക്ടീസ് ആരംഭിച്ച് മൂന്ന് വർഷത്തിനകമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തിറങ്ങുന്ന മുന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ടവർക്കും പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെടുന്നവർക്കുമൊക്കെ ഈ പ്രൊഫഷന്റെ ഭാഗമായി പ്രാഥമിക ഘട്ടത്തിൽ പിടിച്ചുനിൽക്കാൻ സാധിക്കില്ല. അവർക്ക് പ്രതിമാസ സാമ്പത്തിക സഹായം നൽകി അവരെക്കൂടി അഭിഭാഷകവൃത്തിയുടെ ഭാഗമാക്കിമാറ്റുമ്പോൾ മാത്രമേ ഏറ്റവും കഴിവുള്ളവർ ഈ മേഖലയിലേയ്ക്ക് കടന്നുവരികയുള്ളൂ. ഇതിനോടൊപ്പം ഈ സഭയിൽ അഭിഭാഷക മാധ്യമ തർക്കം സംബന്ധിച്ച് ഉയർന്നുവന്ന ഗൗരവമേറിയ ചർച്ചകളും സർക്കാർ ഉൾക്കൊള്ളുകയാണ്. അഭിഭാഷകർ കോർട്ട് ഓഫീസർമാരാണ്. നിയമം അതിന്റെ യഥാർത്ഥ മാനങ്ങളിൽ വ്യാഖ്യാനിച്ച് സമൂഹത്തേയും കോടതികളേയും നിയമത്തിന്റെ നേരായ വഴിക്ക് നയിക്കേണ്ടവരാണ്. അവർ യഥാർത്ഥത്തിൽ നിർവ്വഹിക്കേണ്ട ദൗത്യത്തെ അംഗീകരിച്ചുകൊണ്ടാണ് ഈ സർക്കാർ അവർക്കുള്ള ഒട്ടനവധി സാമൂഹിക സുരക്ഷയ്ക്കായിട്ടുള്ള പദ്ധതികൾക്ക് നിയമപ്രാബല്യം നൽകി അംഗീകരിക്കുന്നത്. സർക്കാർ ആ സമൂഹത്തെ അംഗീകരിക്കുന്നതുപോലെ സ്വാഭാവികമായും അഭിഭാഷകർ തിരിച്ച് സമൂഹത്തിനോടും നിയമവ്യവസ്ഥയോടും കൂടുതൽ പ്രതിബദ്ധത കാണിക്കുമെന്നാണ് ഈ സഭ വിശ്വസിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള തർക്കം സ്വാഭാവികമായും ഉണ്ടാകും, ഇതിൽ ഗവൺമെന്റിന് റോളില്ലേ; അതിന് ഒരു പെർമെനന്റ് സൊല്യൂഷൻ ഉണ്ടാക്കുന്നതിനുവേണ്ടി പോസിറ്റീവായിട്ടുള്ള എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണ്ടേ?

<u>ശ്രീ. എ. കെ. ബാലൻ</u>: എല്ലാവർക്കും അറിയാവുന്നതാണ്, ഇതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവർണറും ഇടപെട്ടതാണ്, ഇന്ത്യൻ യൂണിയൻ പ്രസിഡന്റിന്റെയും സുപ്രീം കോടതി ചീഫ് ജസ്റ്റീസിന്റെയും മുന്നിലെത്തിയതാണ്. കേവലം ഒരു

ഗവൺമെന്റ് മാത്രം വിചാരിച്ചാൽ പ്രശ്നം പരിഹരിക്കുകയില്ല എന്നതിന്റെ തെളിവാണല്ലോ ഇത്. അതുകൊണ്ട് ഗവൺമെന്റ് എങ്ങനെ വിചാരിച്ചാലും ഇത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിൽ, പ്രത്യേകിച്ച് ജുഡീഷ്യറിയുമായി ബന്ധപ്പെട്ടുള്ളതാണ് എന്നുള്ളതുകൊണ്ട് പരിമിതിയുണ്ട്. അത് ബഹുമാനപ്പെട്ട അങ്ങേയ്ക്കും അറിയാവുന്ന താണല്ലോ; കോടതിയുമായി നല്ല ബന്ധമുള്ള ആളാണല്ലോ അങ്ങ്. നിങ്ങളാണ് ഭരിക്കുന്നതെങ്കിൽപ്പോലും ഈ പരിമിതി അനിവാര്യമാണ്. ഗവൺമെന്റിന് ഒരു എക്സിക്യൂട്ടീവ് ഓർഡർ കൊടുത്ത് പരിഹരിക്കാൻ പറ്റുന്ന പ്രശ്നമല്ല ഇത്.

ശ്രീ. എം. ഉമ്മർ: ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള പ്രശ്നം പോലും ചർച്ചചെയ്ത് പരിഹരിക്കുന്നുണ്ട്. നമ്മുടെ രാജ്യത്തിനകത്തുള്ള രണ്ട് പ്രമുഖ സംഘടനകൾ, രണ്ടും സമൂഹത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. അങ്ങ് പറഞ്ഞതുപോലെ ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, രാഷ്ട്രപതി എന്നിവരൊക്കെ ഇടപെട്ടു; പക്ഷേ അതെല്ലാം ഏകപക്ഷീയമായ ഇടപെടലുകളാണ്. രണ്ട് വിഭാഗത്തേയും ഒരുമിച്ചിരുത്തിയുള്ള ഒരു ചർച്ചയ്ക്ക് നിയമ വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് അങ്ങേയ്ക്ക് കഴിയുമെന്ന് ഞാൻ കരുതുകയാണ്. രണ്ട് വിഭാഗത്തേയും ഒരുമിച്ചിരുത്തിക്കൊണ്ടുള്ള ഒരു ചർച്ചയ്ക്ക് അങ്ങ് മുൻകയ്യെടുക്കണം. മറ്റ് ഇടപെടലുകളെല്ലാം നേരിട്ടല്ല. അതെല്ലാം പ്രസ്താവനകൾ പോലെയുള്ളവയാണ്. അങ്ങ് നേരിട്ട് ഈ പ്രശ്നം പരിഹരിക്കാൻ മുൻകയ്യെടുക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതിൽ മുൻകയ്യെടുക്കാത്ത പ്രശ്നമല്ല. ഇതിന്റെ സങ്കീർണ്ണതകളെ സംബന്ധിച്ചുള്ള നല്ല ബോധ്യം ഗവൺമെന്റിനുണ്ട്. ക്യാപ്പിറ്റൽ പണിഷ്മെന്റ് കൊടുക്കാൻ പറ്റുന്ന ഒരു വേദിയാണ് ജുഡീഷ്യറി. അങ്ങനെയുള്ള ഒരു ഭാഗത്തിന്റെ വളരെ സില്ലിയായിട്ടുള്ള ഒരു പ്രശ്നം പരിഹരിക്കാൻ കഴിയുന്നില്ലായെന്നുള്ളത് ഒരു പരിമിതിയാണ്. കഴിഞ്ഞ നവംബർ 1-ന് കേരള ഹൈക്കോടതിയുടെ 60-ാം വാർഷികത്തിൽ ബഹുമാനപ്പെട്ട പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയും ഞാനും പങ്കെടുത്തിരുന്നു. രാവിലെ ഒരു കോർട്ട് കോംപ്ലക്സിന്റെ ഉദ്ഘാടനത്തിനും പങ്കെടുത്തു. സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ടി. എസ്. ഠാക്കൂർ, സുപ്രീം കോടതി ജഡ്ജിമാരായ ജസ്റ്റിസ് ചെലമേശ്വർ, ജസ്റ്റിസ് കുര്യൻ ജോസഫ്, ജസ്റ്റിസ് അശോക് ഭൂഷൺ കൂടാതെ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ശാന്തന ഗൗഡർ എന്നിവർ ഈ രണ്ട് ഫങ്ഷനും പങ്കെടുത്തവരാണ്. വളരെ വികാരപരമായിട്ടാണ് ജസ്റ്റിസ് കുര്യൻ ജോസഫ് ഒരു കാര്യം പത്ര-ദൃശ്യമാധ്യമങ്ങളോട് പറഞ്ഞത്. നിങ്ങൾക്കെന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് അവതരിപ്പിക്കാനുള്ള വേദിയാണല്ലോ ജുഡീഷ്യറി, അതിനെ നിങ്ങൾ ഉപയോഗിക്കണ്ടേ; അതിന് പകരം എന്തിന് ബഹിഷ്ക്കരിക്കുന്നു. ഈ ചോദ്യം അദ്ദേഹം ചോദിച്ചു. ഉച്ചയ്ക്കുശേഷം എഴുത്തച്ഛൻ പുരസ്കാരവുമായി ബന്ധപ്പെട്ട

കൊണ്ട് ഞാൻ ശ്രീ. സി. രാധാകൃഷ്ണന്റെ വീട്ടിൽ പോയിരുന്നു. അപ്പോൾ പത്രക്കാർ എന്നോട് പറഞ്ഞത്, ഞങ്ങളെ ഈ ഫങ്ഷന് ക്ഷണിച്ചില്ലായെന്നാണ്. അപ്പോൾ ഞാൻ ഇത് ബഹുമാനപ്പെട്ട ജസ്റ്റിസ് കുര്യൻ ജോസഫിന്റെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം പറഞ്ഞത് അവരെ ക്ഷണിച്ചിട്ടുണ്ടെന്നാണ്. രണ്ട് ധ്രുവത്തിൽ നിൽക്കുകയാണ്. ഇതൊക്കെ വല്ലാത്ത ഒരവസ്ഥയാണ്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. മീഡിയാ ആക്റ്റിവിസവും ജൂഡീഷ്യൽ ആക്റ്റിവിസവും രണ്ടും നമ്മൾ കൊണ്ടുപോകണം.

മി. സ്പീക്കർ: ജൂഡീഷ്യറി അത്ര നിസ്സഹായമാണെന്നാണോ അങ്ങ് പറയുന്നത്?

ശ്രീ. എ. കെ. ബാലൻ: നിസ്സഹായമാണെന്നല്ല ഞാൻ പറഞ്ഞത്. പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നില്ല. ജൂഡീഷ്യറിയേയും എക്സിക്യൂട്ടീവിനേയും ലെജിസ്ലേറ്റീവ് സംവിധാനത്തേയും സംബന്ധിച്ചിടത്തോളം ഈ നടന്ന സംഭവങ്ങൾ അപമാനകര മാണെന്നുള്ളത് യാതൊരു അർത്ഥശങ്കയ്ക്കും ഇടയില്ലാത്ത തരത്തിൽ പറയാൻ കഴിയും. ഇത് പരിഹരിക്കുന്നതിനുള്ള വഴികൾ ഇനിയും ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകും.

മി. സ്പീക്കർ: ജൂഡീഷ്യറിയുടെ ഭാഗത്ത് നിന്നും ഉണ്ടാകണം.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അതിന് നേതൃത്വം കൊടുക്കും. ഇത് കണ്ടിന്യൂ ചെയ്യാൻ നമുക്ക് പറ്റില്ല. ഈ രണ്ട് വിഭാഗത്തേയും വിശ്വാസത്തിലെടുത്തുകൊണ്ടുള്ള ഒരു സമീപനമായിരിക്കും ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പ്രശ്നം ജൂഡീഷ്യറിയും പത്രപ്രവർത്തകരും മാത്രമായിട്ടുള്ളതായി മാറ്ററുത്. ജൂഡീഷ്യറിയില്ല, സ്വാഭാവികമായി അഡ്വക്കേറ്റ്സിൽ ചില ആളുകളുണ്ട്, മറുപക്ഷത്തും അതുപോലെ തന്നെയുണ്ട്. ഇങ്ങനെയുള്ള ഒരു ഇഷ്യൂ വന്നാൽ അത് തീർക്കുന്നതിനുവേണ്ടി പെർമെനന്റായിട്ടുള്ള ഒരു സമിതിയുണ്ടാക്കിക്കൂടേ? അതിന് സ്റ്റാറ്റ്യൂട്ടറി അധികാരം കൂടി കൊടുത്തുകൂടേ? അതാണ് എന്റെ ചോദ്യം. ഗവൺമെന്റ് ആക്ട് ചെയ്യണമെന്ന് പറഞ്ഞപ്പോൾ ഇതുവരെ ആക്ട് ചെയ്തില്ല എന്നതിന് അർത്ഥമില്ല. മുഖ്യമന്ത്രി ഇടപെട്ടിട്ടുണ്ട്, ബഹുമാനപ്പെട്ട സ്പീക്കർ കത്ത് കൊടുത്തിട്ടുണ്ട്, ബാക്കി ബന്ധപ്പെട്ട എല്ലാ ആളുകളും അതിൽ ഇടപെട്ടിട്ടുണ്ട്. ഇതുപോലൊരു സംഭവമുണ്ടായാൽ അത് കണ്ടില്ല കേട്ടില്ല എന്ന് നടിച്ച് നിൽക്കുന്നതിനു പകരം ചർച്ച ചെയ്യുന്നതിന് ഒരു സമിതിയുണ്ടാക്കിക്കൂടേ? മേലിൽ കേരളത്തിൽ ഇതുപോലൊരു അനുഭവമുണ്ടാകരുത്. അതിനുള്ള പരിഹാര മാർഗ്ഗം ഗവൺമെന്റ് തേടുമോ?

1.00 PM]

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): തിരുവനന്തപുരത്ത് വഞ്ചിയൂർ കോടതിയിൽ വനിതാ മാധ്യമ പ്രവർത്തകർ ചെന്നപ്പോഴുണ്ടായ സംഭവത്തെ സംബന്ധിച്ച് ഞാൻ ഇന്നലെ മുഖ്യമന്ത്രിക്ക് ഒരു കത്ത് കൊടുത്തിരുന്നു. നേരത്തേ ഞാൻ നിയമസഭയിൽ ഇക്കാര്യം ഉന്നയിച്ചതാണ്. ആ സമയത്ത് അവരുടെ പേരിലുള്ള കേസ് പരിശോധിച്ചതിന് ശേഷം പിൻവലിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകിയിരുന്നു. ഇപ്പോഴും ആ കേസ്സുകൾ പിൻവലിച്ചിട്ടില്ലെന്ന് മാത്രമല്ല അവർക്ക് കൂടുതൽ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാവുകയാണ്. തന്നെയുമല്ല ഹൈക്കോടതിയുടെ മീഡിയാ റൂം തുറക്കരുതെന്നാണ് പുതിയ നിലപാട്. ഇതെല്ലാം സൂചിപ്പിക്കുന്നത് സ്വതന്ത്രമായ മാധ്യമ പ്രവർത്തനം നമ്മുടെ സംസ്ഥാനത്ത് അസാധ്യമാകുന്നു എന്നുള്ളതാണ്. ഗവൺമെന്റ് കുറേക്കൂടി ഗൗരവത്തിൽ ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് എന്റെ വ്യക്തമായ അഭിപ്രായം. ഞാനത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. എ. കെ. ബാലൻ: ഈ അഭിപ്രായങ്ങളെല്ലാം വളരെ പ്രാധാന്യത്തോടുകൂടി തന്നെയാണ് ഗവൺമെന്റ് കാണുന്നത്. പരിമിതി എന്തെന്നത് സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. അതുകൊണ്ട് ഞാൻ ഇനി ആ വിഷയത്തിലേയ്ക്ക് കൂടുതൽ കടക്കാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ അഭിഭാഷകരുടെ ക്ഷേമത്തിനായി 1980-ലാണ് നായനാർ സർക്കാർ അഭിഭാഷക ക്ഷേമനിധി ആക്ട് കൊണ്ടുവന്നത്. ഈ നിയമപ്രകാരം അഭിഭാഷകർക്ക് ഒരു നിശ്ചിത കാലാവധി പ്രാക്ടീസ് പൂർത്തീകരിച്ചാൽ ക്ഷേമനിധി ആനുകൂല്യവും ചികിത്സാ സഹായവും നൽകിയിരുന്നു. നിലവിലെ നിയമപ്രകാരം 5 ലക്ഷം രൂപ ക്ഷേമനിധി ആനുകൂല്യമായിട്ടാണ് നൽകുന്നത്. നിലവിൽ ചികിത്സാ സഹായമായി നൽകുന്നത് അയ്യായിരം രൂപയാണ്. അത് 5000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. നേരത്തെ ഞാനിവിടെ സൂചിപ്പിച്ച മറ്റൊരു പ്രധാനപ്പെട്ട ഭേദഗതി, എൻറോൾ ചെയ്യുന്ന 30 വയസ്സിനുതാഴെയുള്ള യുവ അഭിഭാഷകർക്ക് മൂന്നു വർഷം വരെ സ്റ്റൈപ്പൻഡ് നല്കാനുള്ള പദ്ധതിയാണ്. ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്കാണ് പ്രസ്തുത സ്റ്റൈപ്പൻഡ് ലഭിക്കുന്നത്. സ്റ്റൈപ്പൻഡ് നിരക്ക് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റി സമയാസമയങ്ങളിൽ നിശ്ചയിക്കുകയും അത് ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കുകയും ചെയ്യും. മിനിമം 3000 രൂപയെങ്കിലും ഉണ്ടാകണമെന്നാണ് ഗവൺമെന്റ് വിചാരിക്കുന്നത്. കൂടാതെ മറ്റു പല ജോലികളിൽ നിന്നും റിട്ടയർ ചെയ്ത് 5000 രൂപ വരെ നാമമാത്ര പെൻഷൻ

ലഭിക്കുന്ന തരത്തിൽ പ്രാക്ടീസ് ചെയ്യുന്ന ചില അഭിഭാഷകരുണ്ട്. അവർക്ക് ക്ഷേമനിധിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടായിരുന്നില്ല. അവർക്കുകൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഇതിന്റെ ഭാഗമായി ഉദ്ദേശിക്കുകയാണ്. ഇതുവരെയും വെൽഫെയർ ഫണ്ടിൽ ചേരാത്ത അഭിഭാഷകർക്ക് വെൽഫെയർ ഫണ്ടിൽ ചേരുന്നതിന് പുതിയ വ്യവസ്ഥ വേണമെന്ന് ഈ ബിൽ അവതരിപ്പിച്ച ഘട്ടത്തിൽ ഭരണ പ്രതിപക്ഷ ഭേദമന്യേ അഭിപ്രായം പറഞ്ഞിരുന്നു. അതും കൂടി അംഗീകരിക്കുകയാണ്. മുൻകാല സർവ്വീസ് ആനുകൂല്യത്തിന് കണക്കാക്കുമ്പോൾ പ്രതിവർഷം 2000 രൂപ വീതം ഫൈൻ അടയ്ക്കുകയും ചേരുന്ന കാലത്ത് അടയ്ക്കേണ്ട തുക കണക്കാക്കി എത്ര വർഷത്തേയ്ക്കാണ് ഇത് റെഗുലറൈസ് ചെയ്യുന്നത് അതുകൊണ്ട് മൾട്ടിപ്ലൈ ചെയ്തിട്ടുള്ള തുകയായിരിക്കും കൊടുക്കേണ്ടിവരുന്നത്. എന്നാൽ ഇപ്രകാരം ചേർക്കപ്പെടുന്നവർക്ക് ചേരുന്ന തീയതി മുതൽ അടുത്ത 10 വർഷം വെൽഫെയർ ഫണ്ട് ആനുകൂല്യം സ്വമേധയാ പിൻവലിക്കാൻ കഴിയുകയില്ല. ഇപ്രകാരം ക്ഷേമനിധിയിൽ ചേരുന്നവർക്ക് ആനുകൂല്യങ്ങൾക്കായി പരമാവധി അവകാശപ്പെടാവുന്ന മുൻകാല സർവ്വീസ് 10 കൊല്ലമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിനോടൊപ്പം ക്ഷേമനിധി തുകയും ചികിത്സാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി ക്ഷേമനിധിയിലേയ്ക്കുള്ള വരുമാനവും വർദ്ധിപ്പിക്കുകയാണ്. മറ്റു ക്ഷേമനിധികളിൽ നിന്നും വ്യത്യസ്തമായി എംപ്ലോയർ കോൺട്രിബ്യൂഷൻ ഏർപ്പെടുത്താൻ പറ്റാത്ത ഒരു മേഖലയാണിത്. അതിനാൽ വെൽഫെയർ സ്റ്റാമ്പിലൂടെയും കോർട്ട് ഫീയുടെ ഒരു നിശ്ചിത ശതമാനം ക്ഷേമനിധിയിലേയ്ക്ക് നൽകിയുമാണ് ഫണ്ട് കണ്ടെത്തുന്നത്. അതിന്റെ വിശദാംശം ഈ ബിൽ പാസ്സായശേഷം രണ്ടാമത്തെ ബില്ലായ കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബില്ലിന്റെ ഭാഗമായി സൂചിപ്പിക്കാം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങൊരു അഡ്വക്കേറ്റാണ്. അങ്ങ് മന്ത്രിയായതുകൊണ്ട് അഞ്ച് കൊല്ലം പ്രാക്ടീസ് ചെയ്യാൻ സാധിക്കുകയില്ല. അങ്ങ് സസ്പെന്റ് ആകുകയാണ്. അഞ്ചു കൊല്ലം കഴിഞ്ഞ് അങ്ങ് വീണ്ടും റിന്യൂ ചെയ്യുകയാണ്. അഞ്ചു കൊല്ലക്കാലം അങ്ങേയ്ക്ക് വക്കാലത്ത് കൊടുക്കാൻ സാധിക്കാത്തതുകാരണം നേരത്തേയുള്ള എൻറോൾമെന്റ് ക്യാൻസലായി പോകുമോ, അതല്ല തുടർന്ന് കിട്ടുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, സസ്പെന്റ് ചെയ്ത കാലഘട്ടത്തിലുള്ളത് കിട്ടുകയില്ല. പിന്നീട് പ്രാക്ടീസ് ചെയ്യുന്നതിന് തടസ്സമില്ല. വെൽഫെയർ ഫണ്ടുമായി ബന്ധപ്പെട്ട് കൊടുത്തിട്ടുള്ള തുക കിട്ടും. അതിന് യാതൊരു തടസ്സവുമുണ്ടാവുകയില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, 25 കൊല്ലം പ്രാക്ടീസ് ചെയ്ത അഡ്വക്കേറ്റ് മന്ത്രിയായി വരുന്നു. പിന്നെ അഞ്ച് കൊല്ലം പ്രാക്ടീസ് ചെയ്യാൻ സാധിക്കുന്നില്ല. അതിനുശേഷം റിന്യൂ ചെയ്യുമ്പോൾ മുൻ കാലത്തെ അപ്പീൽ തിരിച്ചു കിട്ടുമോ?

ശ്രീ. എ. കെ. ബാലൻ: സർ, 25 കൊല്ലത്തേയ്ക്കുള്ളത് കിട്ടാൻ യാതൊരു ബുദ്ധിമുട്ടുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദ്ധ്യാപകനും കോളേജദ്ധ്യാപകനുമൊക്കെ സർവ്വീസിലിരിക്കുമ്പോൾ എം.എൽ.എ. ആയാൽ അവർക്ക് പെൻഷൻ ലഭിക്കും. പക്ഷേ ഇവിടെ മാത്രം അത് കിട്ടുന്നില്ല എന്നുള്ളതാണ് പ്രശ്നം.

ശ്രീ. എ. കെ. ബാലൻ: സർ, ഭേദഗതി എടുക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാം. 2000 രൂപ വച്ചാണ് പുതുക്കേണ്ടത്. സസ്പെന്റ് ചെയ്യുന്നത് ബാർ കൗൺസിലാണ്. സസ്പെന്റ് ചെയ്യുന്ന കാലയളവ് മാത്രം ആനുകൂല്യത്തിൽ നിന്നും ഒഴിവാകും. ബാക്കിയുള്ള കാര്യങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകില്ല. ക്ഷേമനിധി തുകയും ചികിത്സാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി ക്ഷേമനിധിയിലേയ്ക്കുള്ള വരുമാനവും വർദ്ധിക്കുകയാണ്. വക്കാലത്തിൽ പതിക്കുന്ന വെൽഫെയർ സ്റ്റാമ്പിന്റെ തുക നിലവിൽ ഹൈക്കോടതിയിൽ 15 രൂപയും കീഴ്ക്കോടതിയിൽ 10 രൂപയുമാണ്. അത് 50 രൂപയും 25 രൂപയുമായി വർദ്ധിക്കും. അങ്ങനെ നമുക്ക് കിട്ടുന്ന ആനുകൂല്യം കൊണ്ട് സ്റ്റൈപ്പൻഡ് കൊടുക്കാനും അഞ്ചുലക്ഷം രൂപ 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാനും സാധിക്കും. അതുപോലെ 15 കൊല്ലം കഴിഞ്ഞ് ആനുകൂല്യം വേണ്ടെന്ന് വയ്ക്കുമ്പോൾ 14,450 രൂപയായിരുന്നു ആദ്യം പ്രതിവർഷം കിട്ടിയതെങ്കിൽ ആ തുക 25,000 രൂപയാക്കി വർദ്ധിപ്പിക്കുകയാണ്. അതായത് നേരെ ഇരട്ടി തുക ഇതിന്റെ ഭാഗമായി കിട്ടും. ഒരാൾ വെൽഫെയർ ഫണ്ട് വേണ്ടെന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ 15 വർഷത്തിനപ്പുറം എത്രയാണോ ഉള്ളത് അതിന് 25,000 രൂപ വച്ച് കിട്ടുന്നതായിരിക്കും. ഇത് പൂർണ്ണമാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ പുതുതായി ഈ മേഖലയിലേയ്ക്ക് വരുന്നവർക്കും പ്രത്യേകിച്ച് വരുമാനമില്ലാത്ത വക്കീലന്മാർക്കും ജീവിതത്തിൽ സുരക്ഷിതത്വം കൊടുക്കുന്ന നല്ലൊരു ബില്ലാണിത്. ഇത് ഐകകണ്ഠ്യേന പാസ്സാക്കുന്നതിന് എല്ലാവരുടെയും സഹായമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി പി. അയിഷാ പോറ്റി: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

*Shri N. Shamsudheen* : Sir, I move the following amendments :

108. In Section 2(a) proposed to be substituted in the principal Act by clause 2(i), the word "actual" shall be substituted with the word "real".

116. In section 2(a) proposed to be inserted in the principal Act by clause 2(i), after the figure "27" add the words "and list maintained by Concerned Bar Association".

127. In section 2(a)(b) proposed to be inserted in the principal Act by clause 2(ii), substitute the word "effective" for the word "efficient".

130. In section 2(ga) proposed to be inserted in the principal Act by clause 2(iii), substitute the word "real" for the word "actual".

108-ാം വകുപ്പിൽ ശരിയായ പ്രാക്ടീസ് എന്നുള്ളതിനെ ആക്ച്വൽ പ്രാക്ടീസ് എന്നാണ് പറഞ്ഞിട്ടുള്ളത്. അതിനേക്കാൾ അതിന് ആപ്റ്റായിട്ടുള്ള വാക്ക് റിയൽ പ്രാക്ടീസ് ആണെന്നുള്ള ചെറിയ ഭേദഗതിയാണ് എനിക്കുള്ളത്. അതുപോലെ 116-ാം വകുപ്പിൽ, ബാർ കൗൺസിൽ മെയിന്റയിൻ ചെയ്യുന്ന ലിസ്റ്റിൽപ്പെട്ട അഭിഭാഷകർ എന്ന് പറയുന്നുണ്ട്. അതോടൊപ്പം കൺസേൺഡ് ബാർ അസോസിയേഷനെ ഇതുമായി ബന്ധിപ്പിക്കുന്നതിനുവേണ്ടി അതിനുശേഷം 'and list maintained by Concerned Bar Association' എന്നും പറയുന്നു. ഏത് ബാർ അസോസിയേഷനിലാണോ പ്രാക്ടീസ് ചെയ്യുന്നത് ആ ബാർ അസോസിയേഷന്റെ ലിസ്റ്റ് കൂടി പരിശോധിക്കാം. ബാർ അസോസിയേഷനെ, Bar and bench is court, ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെയാണ്. ജുഡീഷ്യറിയുടെ ഭാഗമാണ് അഭിഭാഷകരും. അതുകൊണ്ട് 'and list maintained by Concerned Bar Association' എന്നൊരു പ്രയോഗം നന്നായിരിക്കും. അത് അഡീഷണലായി കൂട്ടിച്ചേർക്കേണ്ടതാണ്.

*Shri M. Ummer* : Sir, I move the following amendments :

110. In Section 2(a) proposed to be substituted in the principal Act by clause 3(i), for the words “at least” substitute the word “atleast” .

126. In section 2(ab) proposed to be inserted in the principal Act by clause 2(ii), before the word “efficient” add the words “proper and”

*Shri Anoop Jacob* : Sir, I move the following amendment :

112. In Section 2(a) proposed to be substituted in the principal Act by clause 2(i), for the word “five” substitute the word “ten”.

*Shri V. P. Sajeendran* : Sir, I move the following amendments :

113. In section 2(a) proposed to be substituted in the principal Act by clause 2(i), for the words “five vakalaths per year by an Advocate” substitute the words “five vakalaths per year by a person”.

121. In section 2(ab) proposed to be inserted in the principal Act by clause 2(ii),

(1) for the word “providing” the word “imparting” shall be substituted.

(2) for the words “to enable them to give efficient legal service to the people” substitute the words “for proficiency in their legal service”.

131. In section 2(ga) proposed to be inserted in the principal Act by clause 2(iii), substitute the words “actual practice” with the words “the legal profession.

2(ga) സെക്ഷനിൽ 'who is not in actual practice എന്നത് 'who is not in legal profession' എന്ന് ഭേദഗതി ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

*Prof. Abid Hussain Thangal* : Sir, I move the following amendment.

115. In section 2(a) proposed to be inserted in the principal Act by clause 2(i), insert the words “of Kerala” between “Bar Council” and “ in”.

*Shri K. C. Joseph* : Sir, I move the following amendments :

117. In section 2(a) proposed to be substituted in the principal Act by clause 2(i), add the following proviso:

“But this shall not have any retrospective effect”.

119. In section 2(ab) proposed to be inserted in the principal Act by clause 2(ii), for the words “Advocates Academy” substitute the words “Judicial Academy”.

129. Delete the section 2(ga) proposed to be inserted in the principal Act by clause 2(iii).

134. In section 2(gb) proposed to be inserted in the principal Act by clause 2(iii), delete the word “practising” .

*Shri Manjalamkuzhi Ali* : Sir, I move the following amendment :

118. In section 2(ab) proposed to be inserted in the principal Act by clause 2(ii), the words “Advocates Academy” shall be substituted with the words and symbol “Advocates' Academy”.

*Shri Anwar Sadath* : Sir, I move the following amendment.

120. In section 2(ab) proposed to be inserted in the principal Act by clause 2(ii), after the words 'Bar Council' the word 'Kerala' shall be added.

*Shri. K. M. Mani* : Sir, I move the following amendment :

128. The section 2(ab) proposed to be inserted in the principal Act by clause 2(ii), shall be recast as follows

“(ab) 'Advocates Academy' means the academy established by the Bar Council of Kerala for providing training to Advocates”.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതെല്ലാം നിയമവകുപ്പുമായി ബന്ധപ്പെട്ട് നന്നായി ചർച്ച ചെയ്ത് രൂപപ്പെടുത്തിയിട്ടുള്ളതാണ്. 108-ലെ 'actual practice' എന്നത് ബാർ കൗൺസിൽ നിഷ്കർഷിക്കുന്ന പദമാണ്. അത് 'real' എന്നാക്കാൻ പറ്റില്ല. “at least” substitute the word “atleast” എന്നത് പ്രിന്റിംഗിൽ ഗ്യാപ് വന്നതാണ്. ഈ തെറ്റുകളൊക്കെ കണ്ടുപിടിച്ചുവെന്നുള്ളത് വലിയ കാര്യമാണ്. ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 108, 116, 127, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 110, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 113, 121, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 117, 119, 129, 134 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

*Shri. Manjalamkuzhi Ali* : Sir, I move the following amendments :

137. In section 9(2)(gh) proposed to be inserted in the principal Act by clause 3, the word "Advocates" shall be substituted with the word and symbol "Advocates".

150. In section 9(2)(gi) proposed to be inserted in the principal Act by clause 3, after the word "rate" the words "and period" shall be added.

*Shri. V. P. Sajeendran* : Sir, I move the following amendments :

139. In section 9(2)(gi) proposed to be inserted in the principal Act by clause (3),

(1) for the words "three" the word "two" shall be substituted.

(2) For the words "thirty" the words " thirty five" shall be substituted.

(3) for the figure, symbols and words "1,00,000 (rupees one lakh). "substitute figures, symbols and words "1,50,000 (rupees one lakh and fifty thousand)"

149. In section 9(2)(gi) proposed to be inserted in the principal Act by clause 3, for the figures, symbols and words "1,00,000 (rupees one lakh)" substitute with the figures, symbols and words "1,20,000 (one lakh and twenty thousand rupees)".

*Prof. Abid Hussain Thangal* : Sir, I move the following amendment :

151. Section 9(2)(gi) proposed to be inserted in the principal Act by clause 3 shall be recast as follows:

"(gi) to provide stipend to advocates who have less than two years standing at the bar, who have not attained the age of thirty years and who have an annual income of less than rupees 1,00,000 (rupees one lakh); at the rate determining the Trustee Committee from time to time, and approved by the Government".

മി. സ്പീക്കർ: 142, 143, 144 എന്നീ നമ്പർ ഭേദഗതികൾ 141-ാം നമ്പർ ഭേദഗതിക്ക് തുല്യവും 145-ാം നമ്പർ ഭേദഗതി 146-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 137, 150 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 139, 149 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs *(Shri A.K.Balan*): Sir, I move the following official amendment :

240. In Section 15(lE) proposed to be inserted in the principal Act by Clause 4(c), after the existing proviso the following shall be added:

"Provided further that an Advocate who has been admitted to the Fund under sub-section (lE) shall be eligible to claim only up to ten years of his previous actual practice."

പുതുതായി അഡ്വക്കേറ്റ് ക്ഷേമനിധിയിൽ ചേരുന്ന വക്കീലന്മാർക്ക് മുൻകാലപ്രാബല്യം 10 വർഷമായി പരിമിതപ്പെടുത്തുകയാണ്. ചിലർ 10-25 വർഷമായിട്ടും ചേർന്നിട്ടുണ്ടാകില്ല.10 വർഷം പ്രാബല്യം കൊടുക്കുന്നത് നല്ലതായിരിക്കും. അതുകൊണ്ടാണ് 15(1E) ഇപ്പോൾ ക്ഷേമനിധിയിൽ പുതുതായി അംഗങ്ങളായി ചേരുന്ന അഭിഭാഷകർക്ക് പരമാവധി 10 വർഷം വരെ മുൻകാല സർവ്വീസ് ക്രമപ്പെടുത്തി നൽകുന്നതിനാണ് പുതിയൊരു പ്രൊവൈസോ കൊണ്ടുവരുന്നത്.

*Shri V. P. Sajeendran* : Sir, I move the following amendments :

152. In Section 15(1) proposed to be substituted in the principal Act by clause 4(a), after the words "in any court" insert the words "tribunals, and other legal authorities".

154. In Section 15(1) proposed to be substituted in the principal Act by clause 4(a), the words "Secretary of" shall be added in between "apply to" and "the trustee Committee".

156. In Section 15(1A) proposed to be substituted in the principal Act by clause 4(b), insert the word "pension" after the words " if such pension is eligible for"

168. In the proviso to section 15(1A) proposed to be substituted in the principal Act by clause 4(b), for the words "five thousand" substitute the words "ten thousand".

169. In the proviso to section 15(1A) proposed to be substituted in the principal Act by clause 4(b), the following words shall be added at the end, "or on the trustee Committees unanimous decisions".

172. Section 15(C) proposed to be inserted in the principal Act by clause 4(c) shall be recast as follows:

"(1C) A member of the fund who is not in actual practice shall be deemed to have been suspended from the fund".

188. In item (i) of section 15(5) proposed to be substituted in the principal Act by clause 4(d), for the words "Five hundred" substitute the words "One thousand".

192. In item (ii) of section 15(5) proposed to be substituted in the principal Act by clause 4(d), the words "and five hundred" shall be inserted after the words "One thousand".

197. In item (iv) of section 15(5) proposed to be substituted in the principal Act by clause 4(d), the words "Two thousand and five hundred" shall be substituted with the words "Three thousand".

205. In the proviso to section 15 (5) proposed to be substituted in the principal Act by clause 4 (d), the word "six" shall be substituted with the word "ten".

209. In Section 15(13) proposed to be substituted in the principal Act, by clause 4 (e) the words "two thousand rupees " shall be substituted with the words "the amount as may be fixed by the trustee committee".

*Shri Manjalamkuzhi Ali* : Sir, I move the following amendments :

153. In Section 15(1) proposed to be substituted in the principal Act by clause 4(a), after the word "court" insert the words " tribunals, appellate authorities, Lok Ayukta".

157. In section 15(1A) proposed to be inserted in the principal Act by clause 4(b), the words "kind of retirement benefit" shall be substituted with the word "pension".

160. In the proviso to section 15(1A) proposed to be substituted in the principal Act by clause 4(b), the words "five years" shall be substituted with the words "nine years".

184. In the proviso to section 15(1E) proposed to be inserted in the principal Act by clause 4(c),

(i) The word "ten" shall be substituted with the word "five" and

(ii) The words "or unless the voluntary cessation of practice is due to any permanent disablement" shall be added at the end of the proviso.

202. In the proviso to section 15 (5) proposed to be substituted in the principal Act by clause 4 (d), after the words "senior Advocate" the words "and who is a member of the fund" shall be inserted.

207. In Section 15 (13) proposed to be substituted in principal Act by clause 4 (e), the word "suspends" shall be substituted with the word "withdraws".

*Prof. Abid Hussain Thangal* : Sir, I move the following amendments :

155. In Section 15(1) proposed to be substituted in the principal Act by clause 4(a), shall be recast as follows :

"(1) Every practising Advocate in any court in the State and being a member of a Bar Association may apply to Trustee Committee for admission of the fund in such form, as may be prescribed".

171. In section 15(1C) proposed to be inserted in the principal Act by clause 4(c), the words "of Kerala" shall be added after the words "Bar Council" wherever it occurs.

175. In section 15(1D) proposed to be inserted in the principal Act by clause 4(c), after the words "Bar Council" the words "of Kerala" shall be added wherever it occurs.

186. In item (i) of section 15(5) proposed to be substituted in the principal Act by clause 4(d), the words "Five hundred" shall be substituted with the words "Three hundred".

189. In item (ii) of section 15(5) proposed to be substituted in the principal Act by clause 4(d), the words "One thousand" shall be substituted with the words "Seven hundred and fifty".

193. In item (iii) of section 15(5) proposed to be substituted in the principal Act by clause 4(d), the words "Two thousand" shall be substituted with the words "One thousand and five hundred".

206. The proviso to section 15 (5) proposed to be substituted in the principal Act by clause 4 (d), shall be recast as follows:

" provided that an Advocate designated as senior Advocate under the Advocate Act, 1961 (Central Act of 25 of 1961) shall pay an annual Subscription to the fund at the rate of eight thousand rupees".

208. In Section 15 (13) proposed to be substituted in principal Act by clause 4 (e), for the words "Bar Council" substituted words "Bar Council of Kerala".

*Shri. A. P. Anil Kumar* : Sir, I move the following amendments :

161. In the proviso to section 15(1A) proposed to be substituted in the principal Act by clause 4(b), the words "five years" shall be substituted with the words "ten years".

191. In item (ii) of section 15(5) proposed to be substituted in the principal Act by clause 4(d), the words "and two hundred" shall be inserted after the words "One thousand".

*Shri. K. Muraleedharan* : Sir, I move the following amendments :

162. In the proviso to section 15(1A) proposed to be substituted in the principal Act by clause 4(b), delete the words " retirement benefits" .

187. In item (i) of section 15(5) proposed to be substituted in the principal Act by clause 4(d), for the words "Five hundred" substitute the words "Six hundred".

*Shri Anoop Jacob* : Sir, I move the following amendment :

165. In the proviso to section 15(1A) proposed to be substituted in the principal Act by clause 4(b), for the words "five thousand" substitute the words "eight thousand".

*Shri N. Samsudheen* : Sir, I move the following amendments :

170. In section 15(1C) proposed to be substituted in the principal Act by clause 4(c),

    (i) Insert the words "is not in actual practice" after the word " who".

    (ii) The words "and no annual subscription shall be levied from him during such period of suspension" shall be added at the end.

174. In section 15(1D) proposed to be inserted in the principal Act by clause 4(c), for the words " included in the list" substitute the word "enlisted".

194. In item (iii) of section 15(5) proposed to be substituted in the principal Act by clause 4(d), the words "Two thousand" shall be substituted with the words "One thousand and five hundred".

196. In item (iv) of section 15(5) proposed to be substituted in the principal Act by clause 4(d), the words "Two thousand and five hundred" shall be substituted with the words "Two Thousand".

200. In item (vii) of section 15 (5) proposed to be substituted in the principal Act by clause 4 (d), the words "Four thousand" shall be substituted with the words "Three thousand".

*Shri M. Ummer* : Sir, I move the following amendments :

173. In section 15(1C) proposed to be inserted in the principal Act by clause 4(c), after the subsection (1C) insert the following proviso:

"Provided that a member of the fund may opt retirement benefits at any time after five years of his admission as a member of the fund, but shall not be eligible for re-admission to the fund"

"Provided further that a member of the fund shall have the right to opt for lumpsum amount up to the limit of fifty percent of the subscription paid by him after the completion of 20 years of membership".

176. In section 15(1E) proposed to be inserted in the principal Act by clause 4(c), for the words "a member of" substitute the word "joined".

182. In the proviso to section 15(1E) proposed to be inserted in the principal Act by clause 4(c), for the word "ten" substitute the word "five".

185. In section 15(1E) proposed to be inserted in the principal Act by clause 4(c), add the following proviso:

"Provided that such member shall have the right to pay the amount in four instalments".

*Shri. Anwar Sadath* : Sir, I move the following amendment :

201. In item (vii) of section 15 (5) proposed to be substituted in the principal Act by clause 4 (d), the words "Four thousand" shall be substituted with the words "Four thousand and five hundred".

*Shri. K. M. Shaji* : Sir, I move the following amendment :

203. In the proviso to section 15 (5) proposed to be substituted in the principal Act by clause 4 (d), the word "six" shall be substituted with the word "five".

മി. സ്പീക്കർ: 166-ാം നമ്പർ ഭേദഗതി 165-ാം നമ്പർ ഭേദഗതിക്ക് തുല്യവും 167-ാം നമ്പർ ഭേദഗതി 168-ാം നമ്പർ ഭേദഗതിക്ക് തുല്യവും 178-ാം നമ്പർ ഭേദഗതി 177-ാം നമ്പർ ഭേദഗതിക്ക് തുല്യവും 181-ാം നമ്പർ ഭേദഗതി 182-ാം നമ്പർ ഭേദഗതിക്ക് തുല്യവും 190-ാം നമ്പർ ഭേദഗതി 189-ാം നമ്പർ ഭേദഗതിക്ക് തുല്യവും 204-ാം നമ്പർ ഭേദഗതി 203-ാം നമ്പർ ഭേദഗതിക്ക് തുല്യവുമാണ്. മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി അംഗീകരിക്കാം. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 152, 154, 156, 168, 169, 172, 188, 192, 197, 205, 209 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 153, 157, 160, 184, 202, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 155, 171, 175, 186, 189, 193, 206, 208 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച 161, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 170, 174, 194, 196, 200 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 173, 176, 182, 185 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

*Shri. V.P. Sajeendran* : Sir, I move the following amendments :

215. In clause 5(a) for the word “twenty five” the word “thirty” shall be substituted.

221. In clause 5(b), for the words “ten” the words “fifteen” shall be substituted.

*Prof. Abid Hussain Thangal* : Sir, I move the following amendment :

216. In clause 5(a), proposed to be amended for the words “rupees twenty five thousand and “rupees ten lakhs, the words "rupees thirty thousand" and "rupees fifteen lakhs" shall, respectively, be substituted.

*Shri. Manjalamkuzhi Ali* : Sir, I move the following amendment :

219. In the second proviso to section 16(1) of the principal Act, the words “fifty-five” shall be substituted with the words “fifty-six”.

മി. സ്പീക്കർ: 222-ാം നമ്പർ ഭേദഗതി 221-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 215, 221 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

*Shri. Anoop Jacob* : Sir, I move the following amendments :

225. In section 18(b) of the principal Act proposed to be amended by clause 6, for the words "three years" substitute the words "one year".

226. In section 18(b), for the words "five thousand" substitute the words "ten thousand".

*Prof. Abid Hussain Thangal* : Sir, I move the following amendment :

228. In clause 6, for the words "or for cancer treatment and other critical illness" substitute the words "and Two lakhs for cancer treatment, heart surgery, kidney transplantation, liver transplantation".

*Shri. Manjalamkuzhi Ali* : Sir, I move the following amendment :

230. In section 18(b) of the principal Act proposed to be amended by clause 6, the following proviso shall be added:

"The category of major surgical operation and other critical illness to be as prescribed by the Government".

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 225, 226 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

*Prof. Abid Hussain Thangal* : Sir, I move the following amendment :

233. In section 23(1) proposed to be substituted in the principal Act by clause 7, add the word "Honourable" before the words "High Court".

*Shri A. P. Anil Kumar :* Sir, I move the following amendment :

234. In section 23(1) proposed to be substituted in the principal Act by clause 7, for the words "twenty five" substitute the word "twenty".

*Shri N. Samsudheen* : Sir, I move the following amendment :

236. In section 23(1) proposed to be substituted in the principal Act by clause 7, the word "subordinate" shall be substituted with the word "other".

*Shri Manjalamkuzhi Ali :* Sir, I move the following amendment :

237. In section 23(1) proposed to be substituted in the principal Act by clause 7, after the word "authorities" the words "other than the Family Courts" shall be inserted.

*Shri M. Ummer :* Sir, I move the following amendment :

238. In section 23(1) proposed to be substituted in the principal Act by clause 7, for the words "unless it is so stamped" substitute the words "unless so affixed with stamp".

*Shri T. V. Ibrahim* : Sir, I move the following amendment :

239. In the first proviso to section 23 after the word "Government" add the following :

"and on behalf of a person below poverty line and a victim of endosulphan".

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

*Shri V. P. Sajeendran* : Sir, I move the following amendment :

106. Clause 1(2) shall be recast as follows: "It shall come into force on the date notified in the Official Gazette".

മി. സ്പീക്കർ: 107-ാം നമ്പർ ഭേദഗതി പ്രധാന ആക്ടിലെ ഭേദഗതി നിർദ്ദേശിക്കാത്ത വകുപ്പിനായതിനാൽ ക്രമാനുസൃതമല്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്ക് 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 2008-ലാണ് ഇതിനുമുമ്പ് വർദ്ധനവ് വരുത്തിയത്. ഇപ്പോൾ എട്ടുവർഷം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് അത് യഥാക്രമം 15 ലക്ഷം രൂപയായും 35000 രൂപയായും വർദ്ധിപ്പിക്കണമെന്ന് വിയോജനക്കുറിപ്പിൽ ആവശ്യപ്പെട്ടിരുന്നത് ഞാൻ വീണ്ടും ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ വയ്ക്കുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ഈ ബില്ലിന് ചില പരിമിതികളുണ്ടെങ്കിലും ഞാൻ പൊതുവെ സ്വാഗതം ചെയ്യുകയാണ്. അഡ്വക്കേറ്റ് വെൽഫെയർ ഫണ്ടും അഡ്വക്കേറ്റ് ക്ലാർക്ക്സ് ബെനിഫിറ്റ് ഫണ്ടും കൊണ്ടുവന്ന് ഇന്ത്യയിലാദ്യമായി കേരള നിയമസഭയാണ് ഈ നിയമം പാസ്സാക്കുന്നത്. അതിന് നേതൃത്വം കൊടുക്കാൻ കഴിഞ്ഞതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. ഇന്ത്യയിൽ ആദ്യമായി അഭിഭാഷകർക്കും ക്ലാർക്കുമാർക്കും ക്ഷേമനിധി കൊണ്ടുവന്ന കാര്യത്തിൽ അഭിമാനമുണ്ട്. അത് നായനാർ ഗവൺമെന്റിന്റെ കാലത്താണെങ്കിലും ഞാൻ അന്ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നുവെന്ന കാര്യം ശ്രീ. എ. കെ. ബാലൻ വിസ്മരിക്കരുത് എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 1980-ൽ ഇ. കെ. നായനാർ മുഖ്യമന്ത്രി ആയിരിക്കുന്ന കാലഘട്ടത്തിലാണ് ഇതു കൊണ്ടുവന്നത്. ആ കാലഘട്ടത്തെ സംബന്ധിച്ച മനോഹരമായ അങ്ങയുടെ ഓർമ്മ ഈ സഭയിൽ ഒന്നുകൂടി ആവർത്തിച്ചതിന് വളരെ നന്ദിയുണ്ട്.

ശ്രീ. കെ. എം. മാണി: സർ, മധുരസ്മരണകൾ പലപ്പോഴും ഉണ്ടായിരിക്കും. അന്ന് ഇ. കെ. നായനാരോടൊപ്പം പ്രവർത്തിച്ച കാലം വളരെ സന്തോഷകരമായിരുന്നു, നിങ്ങളെപ്പോലെയല്ല, എത്രയോ നല്ല പരിശുദ്ധമായ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. എന്നെ 'കുഞ്ഞുമാണി' എന്നും ഞാൻ അദ്ദേഹത്തെ 'നായനാർ' എന്നും വിളിച്ചിരുന്നു. ഈ രീതിയിൽ ഞങ്ങൾ തമ്മിൽ വളരെ നല്ല അടുപ്പമായിരുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്): സർ, ഇത്രയും വിശുദ്ധനും നല്ലവനുമായിരുന്ന നായനാരെ അങ്ങ് എന്തിനാണ് ഉപേക്ഷിച്ചുപോയത് എന്നുകൂടി പറയണം.

ശ്രീ. കെ. എം. മാണി: സർ, ആ കാര്യം ശ്രീ. മാത്യൂ ടി. തോമസിനോട് രഹസ്യമായി പറയാം. പരസ്യമായി ഇവിടെ പറയുന്നത് ശരിയല്ല. അഡ്വക്കേറ്റ് വെൽഫയർ ഫണ്ട് 1980-ൽ നിയമമായി.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങയുടേത് വളരെ സംഭവബഹുലവും ദീർഘവുമായ രാഷ്ട്രീയ ജീവിതമാണല്ലോ. അങ്ങ് അപ്പുറത്ത് ഇരുന്നതുകൊണ്ട് ഒരു സുവർണ്ണകാലഘട്ടം നഷ്ടപ്പെട്ടു എന്ന ബുദ്ധിമുട്ട് തോന്നുന്നുണ്ടോ?

ശ്രീ. കെ. എം. മാണി: സർ, സുവർണ്ണ കാലഘട്ടവും കനക കാലഘട്ടവും വജ്ര കാലഘട്ടവുമുണ്ട്. ഓരോന്നിനും ഓരോ പ്രത്യേകതയുമുണ്ട്. ഞാൻ എവിടെ ഇരുന്നാലും എനിക്ക് അത് സന്തോഷമായിരുന്നു. എവിടെ ഇരുന്നാലും ഞാൻ എന്റെ കടമകൾ പൂർത്തിയാക്കിയിരുന്നു. എനിക്ക് മാർക്സിസ്റ്റ് പാർട്ടിയുമായി അസ്പൃശ്യതയൊന്നും ഇല്ല. പക്ഷേ സ്നേഹമുണ്ട്. അതുകൊണ്ട് നമ്മൾ എപ്പോഴും കൂട്ടുകൂടുമെന്നുള്ള അർത്ഥമല്ല. ഒരിക്കൽ കൂട്ടുകൂടി, അതിന്റെ അനുഭവമൊക്കെ മനസ്സിലുണ്ട്. അത് പൊതുവായി ചർച്ച ചെയ്യേണ്ട കാര്യമില്ല. രഹസ്യമായി ചർച്ച ചെയ്യാവുന്ന കാര്യങ്ങളാണ്.

1980-ലാണ് അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് പാസ്സാകുന്നത്. ക്ലാർക്കുമാരുടേത് 2003-ലാണ് പാസ്സാകുന്നത്. ആദ്യം, 1980-ൽ റിട്ടയർ ചെയ്യുന്ന ഓരോ അഡ്വക്കേറ്റിനും 80,000 രൂപ കിട്ടുന്ന സംവിധാനമായിരുന്നു. അന്ന് സർക്കാർ ജീവനക്കാർക്കും 80,000 രൂപയായിരുന്നു റിട്ടയർമെന്റ് ബെനിഫിറ്റ്. പിന്നീട് സർക്കാർ ജീവനക്കാർക്ക് റിട്ടയർമെന്റ് ബെനിഫിറ്റ് 2,80,000 രൂപയാക്കി ഉയർത്തി. അപ്പോൾ അഡ്വക്കേറ്റ്സിന് 3 ലക്ഷം രൂപയാക്കി ഉയർത്തി. പിന്നീട് 5 ലക്ഷം രൂപയായി, ഇപ്പോൾ അത് 10 ലക്ഷം രൂപയാക്കുകയാണ്. അത് നല്ല കാര്യമാണ്, അതിനെ സ്വാഗതം ചെയ്യുന്നു. ഇവരുടെ എൻറോൾമെന്റ് ഫീസ് 900 രൂപയാണ്. എൽ.എൽ.ബി. പാസ്സായ ശേഷം ലേറ്റായി എൻറോൾ ചെയ്യുന്നവർക്ക് ലേറ്റ് ഫീ ഉണ്ട്. വേറെ സർവ്വീസിൽനിന്ന് റിട്ടയർ ചെയ്തുവരുന്ന ആളുകളിൽനിന്ന് 40,000 രൂപ അധിക ഫീസായി വസൂലാക്കുന്നുണ്ട്. ബാർ കൗൺസിൽ പിരിക്കുന്ന തുകയുടെ 20 ശതമാനം വെൽഫെയർ ഫണ്ടിലേയ്ക്ക് നിക്ഷേപിക്കണമെന്ന വ്യവസ്ഥയുണ്ട്. അവർ ആ വ്യവസ്ഥ ഇപ്പോൾ പാലിക്കുന്നില്ല. 900 രൂപയുടെ 20 ശതമാനം മാത്രം തരുന്നു. ലേറ്റ് ഫീയുടെയോ അധിക ഫീസിന്റേയൊ വിഹിതം അഡ്വക്കേറ്റ് വെൽഫയർ ഫണ്ടിലേയ്ക്ക് നൽകുന്നില്ല. അധിക ഫീസ് 40,000 രൂപ, ലേറ്റ് ഫീ, സ്ക്രൂട്ടിണി ഫീ, സർട്ടിഫിക്കറ്റ് ഫീ തുടങ്ങി വിവിധ ഇനങ്ങളിലുള്ള വരുമാനം ബാർ കൗൺസിലിനുണ്ട്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയും ബാർ കൗൺസിലിൽ മെമ്പറല്ലേ. വിവിധ രീതിയിലുള്ള വരുമാനം വക്കീലൻമാരുടെ പേരിൽ ബാർ കൗൺസിലിന് കിട്ടുന്നുണ്ട്. അതിന്റെ 20 ശതമാനം ബാർ കൗൺസിൽ തരണം. അത് അവരെക്കൊണ്ട് അടപ്പിക്കണം. എന്റെ ഒരു ഭേദഗതി

ഇതിനായി കൊണ്ടുവന്നിട്ടുണ്ട്. ഇത് അടപ്പിച്ചതിനുശേഷം പിന്നീട് 10 ശതമാനം ഇൻഫ്രാസ്ട്രക്ച്ചറിന് തിരിച്ചുകൊടുക്കണമെന്ന് പറയേണ്ട കാര്യമില്ല. ഇൻഫ്രാസ്ട്രക്ച്ചറിനുള്ള 10 ശതമാനം ആദ്യംതന്നെ കുറച്ചതിനുശേഷം ബാക്കിയുള്ള വിഹിതം വക്കീലൻമാരും മറ്റും വീതിച്ചെടുത്താൽ മതി. 10 ശതമാനം കുറയ്ക്കുമ്പോൾ അഡ്വക്കേറ്റുമാർക്ക് 63 ശതമാനവും ക്ലാർക്കുമാർക്ക് 27 ശതമാനവും എന്നുള്ളത് കുറച്ചുകൂടി കൂട്ടാം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അടുത്ത ബില്ലിലാണ് അത് വരുന്നത്.

ശ്രീ. കെ. എം. മാണി: സർ, ഞാൻ ജനറലായി പറഞ്ഞു എന്നേയുള്ളൂ. ക്ലാർക്കുമാരുടെ തുക കൂട്ടി വയ്ക്കണം എന്നുള്ളതാണ് എന്റെ അഭിപ്രായം. അഡ്വക്കേറ്റുമാർക്ക് 55 ശതമാനവും ക്ലാർക്കുമാർക്ക് 35 ശതമാനവും ലിറ്റിഗന്റ്സിന് 10 ശതമാനവും മതി എന്നതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.

മി. സ്പീക്കർ: 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ ഏകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു

ബിൽ പാസ്സായിരിക്കുന്നു.

(ii) 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

മി. സ്പീക്കർ: പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സംസാരിക്കുന്നില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

ശ്രീ. മോൻസ് ജോസഫിനുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1959-ലെ കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട്സ് വാല്യുവേഷൻ ആക്ട് ഐക്യകേരളത്തിലെ ആദ്യ നിയമ വകുപ്പുമന്ത്രിയായിരുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ 1958 മാർച്ച് 29-ന് കേരള നിയമസഭയിൽ അവതരിപ്പിച്ചു.1955-ലെ മദ്രാസ് കോർട്ട് ഫീസ് ആന്റ് സ്യൂട്ട്സ് വാല്യുവേഷൻ ആക്ട്, 1125-ലെ ട്രാവൻകൂർ-കൊച്ചിൻ സ്യൂട്ട്സ് വാല്യുവേഷൻ ആക്ട്, 1125-ലെ ട്രാവൻകൂർ-കൊച്ചിൻ കോർട്ട്ഫീ ആക്ട് എന്നിവ ക്രോഡീകരിച്ച് ഒരു ഏകീകൃത നിയമം കൊണ്ടുവരുന്നതിനാണ് പ്രസ്തുത നിയമം പാസ്സാക്കിയത്. തുടർന്ന് 1969-ലും 1976-ലും 1991-ലും 2003-ലും വിവിധ ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. അതിനുശേഷം ഈ ബിൽ അവതരിപ്പിച്ച ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ തന്നെ ലാ റിഫോംസ് കമ്മീഷന്റെ ചെയർമാനായിരുന്നപ്പോൾ സമർപ്പിച്ച റിപ്പോർട്ടിൽ (പാർട്ട് 2) ഭേദഗതി ചെയ്യേണ്ട ബില്ലുകളുടെ പട്ടികയിൽ 6-ാം നമ്പരായി ഈ ബില്ലും ഭേദഗതി ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. പരിമിതികൾ ധാരാളമുണ്ടെന്നും നിയമം പരിഷ്കരിക്കണമെന്നും ഈ ബിൽ പൈലറ്റ് ചെയ്ത, അഭിഭാഷകനായും ജഡ്ജിയായും മന്ത്രിയായും സേവനമനുഷ്ഠിച്ച പരിചയത്തിന്റെയും അറിവിന്റെയും അടിസ്ഥാനത്തിൽ വർഷങ്ങൾക്കുശേഷം ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ തന്നെ പറയുകയുണ്ടായി. നിയമ രംഗത്ത് ഉണ്ടാകുന്ന ധാരാളം പ്രയാസങ്ങൾ അതിലുള്ളതുകൊണ്ടാണ് കാലോചിതമായി പരിഷ്കരിക്കണമെന്ന് അദ്ദേഹം പറഞ്ഞതെന്നത് സാന്ദർഭികമായി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അഭിഭാഷക ക്ഷേമനിധിയിലേയ്ക്ക് പണം സ്വരൂപിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടു മാത്രമാണ് ഇവിടെ ഒരു ഭേദഗതി കൊണ്ടുവന്നത്. ആ ഭേദഗതി മാത്രമേ വന്നിട്ടുള്ളൂ. ഇത് കാലികമായി പരിഷ്കരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നുള്ള കാര്യം

ഞാൻ ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നു. യഥാർത്ഥത്തിൽ ലീഗൽ ബെനിഫിറ്റ് ഫണ്ട് വർദ്ധിപ്പിക്കുന്ന ആവശ്യത്തിലേയ്ക്കാണ് 2016-ലെ ധനകാര്യ ബില്ലിൽ 4-ാം വകുപ്പിൽ ഉൾപ്പെടുത്തി ഒരു ശതമാനം ടാക്സ് വർദ്ധിപ്പിച്ചിട്ടുള്ളത്. ടാക്സ് വർദ്ധിപ്പിക്കുമ്പോൾ സ്വാഭാവികമായും ഇതിന്റെ ഭാരമെത്തുന്നത് കക്ഷികളിലേക്കാണ്. ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എക്സംപ്റ്റ് ചെയ്തിട്ടുള്ള പാർട്ടീഷൻ അല്ലാത്ത മിക്കവാറും എല്ലാ സംഗതികളിലും അറിയാതെതന്നെ കക്ഷികളിൽ അധികഭാരം വന്നുചേരുകയാണ്. ബിൽ അവതരിപ്പിക്കുമ്പോൾ പല കക്ഷികൾക്കും ഡയറക്ടായി ഇത് മനസ്സിലാകുന്നില്ല. കോടതിയിൽ ചെല്ലുമ്പോഴാണ് അധികഭാരം മനസ്സിലാകുന്നത്. മുമ്പ് കോടതികളിൽ വാല്യുവേഷൻ വ്യക്തമായി നിർണ്ണയിക്കപ്പെട്ട്, ഫയൽ ചെയ്യുന്ന എല്ലാ സ്യൂട്ടുകളിലും പെറ്റീഷനുകളിലും അപ്പീലുകളിലും ആകെ വാല്യുവേഷന്റെ ഒരു ശതമാനവും മറ്റ് കേസ്സുകളിൽ 100 രൂപ പ്രകാരവും ലീഗൽ ബെനിഫിറ്റ് ഇനത്തിൽ കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിലേയ്ക്ക് അധികമായി ഈടാക്കുകയാണ് ചെയ്തിരുന്നത്. 58 വർഷം മുമ്പ് ഈ ആക്ട് കൊണ്ടുവരുമ്പോൾ അതിന് ഒരു പൊതുലക്ഷ്യമുണ്ടായിരുന്നു. ഈ ആക്ട് പ്രകാരം പിരിച്ചെടുക്കുന്ന തുക പൊതുജനങ്ങൾക്ക് നിയമ സഹായങ്ങളും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് നീക്കിവച്ചിരുന്നതാണ്. രാവിലെ മുതൽ വൈകുന്നേരം വരെ കോടതികളിൽ ചെലവഴിക്കുമ്പോൾ കക്ഷികൾക്ക് ഇരിക്കാനുള്ള സൗകര്യം പോലുമുണ്ടാകില്ല. കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിലും കക്ഷികളുടെ ബെനിഫിറ്റിനുവേണ്ടിയും കേസ്സുമായി ബന്ധപ്പെടുന്ന ആളുകളുടെ ബെനിഫിറ്റിനുവേണ്ടിയും ഈ സംഖ്യ ഉപയോഗിക്കുമെന്നാണ് മുമ്പ് വിവക്ഷിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ പലപ്പോഴും കക്ഷികൾക്ക് ഈ തുക ഉപകരിക്കുന്നില്ല. സിവിൽ കോടതിയിലായാലും മജിസ്ട്രേട്ട് കോടതിയിലായാലും കക്ഷികൾക്ക് ഇരിക്കാനുള്ള സ്ഥലംപോലുമില്ല. ഈ കാലഘട്ടത്തിനനുസരിച്ചുള്ള മറ്റ് സൗകര്യങ്ങളൊക്കെയുണ്ടെങ്കിലും വക്കീലന്മാർ കോടതി നടപടികൾ കഴിഞ്ഞാൽ അവരുടെ സൗകര്യത്തിന് എഴുന്നേറ്റുപോകും. അഭിഭാഷകന്മാരുടെ ചേമ്പറുകളിലും സൗകര്യമുണ്ട്. രാവിലെ മുതൽ വൈകുന്നേരം വരെയും കേസ് മാറ്റിവയ്ക്കുന്നതുവരെയും അവിടെയിരിക്കുന്ന കക്ഷികൾക്ക് അത്യാവശ്യ കാര്യങ്ങൾ നടത്താനുള്ള സൗകര്യം പോലുമില്ല. അഭിഭാഷകർക്ക് അവരുടെ ചേമ്പറുകളിലും അതുപോലെ ബാർ റൂമിലും പോയാൽ അവരുടെ പ്രാഥമിക കാര്യങ്ങൾക്ക് സൗകര്യമുണ്ട്. ഒരു കക്ഷിയെ സംബന്ധിച്ചിടത്തോളം, രാവിലെ 11 മണിക്ക് കോടതി ചേരുന്നതുകൊണ്ട് 10.30 ആകുമ്പോൾ മുതൽ അവിടെ കാത്തുനിൽക്കേണ്ടതുണ്ട്. കേസ് വിളിക്കാൻ മൈക്ക് സൗകര്യങ്ങളൊന്നും ഉണ്ടാകണമെന്നില്ല. ധാരാളം തിരക്കുള്ള കോടതികളിൽ, പേര് വിളിക്കുന്നത് പുറത്തുകേൾക്കാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. യഥാർത്ഥത്തിൽ

കോടതിയിലെ സൗകര്യങ്ങളുടെ പരിമിതി കാരണം വിളിക്കുന്നത് പുറത്തു നിൽക്കുന്നവർ കേട്ടില്ലെങ്കിൽ കക്ഷി വാറണ്ടിനിരയാവുകയാണ്. പിന്നീട് വാറണ്ട് പിൻവലിക്കേണ്ട നടപടിയും വേണം. ഈ ഫണ്ടിൽ നിന്ന് കോടതികളുടെയും അഭിഭാഷകരുടെയും ബെനിഫിറ്റിനുവേണ്ടി തുക നീക്കിവയ്ക്കുന്നതോടൊപ്പം കക്ഷികളുടെ ബെനിഫിറ്റിനു വേണ്ടിയും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനായും നീക്കിവയ്ക്കണമെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഇപ്പോൾ നീക്കിവയ്ക്കുന്നത് 70 ശതമാനം സംഖ്യ അഭിഭാഷകർക്കും 30 ശതമാനം അഭിഭാഷക ക്ലാർക്കുമാർക്കുമാണ്. ഈ രണ്ടിൽ നിന്നും വരുന്ന ഒരു ശതമാനമാണ് ഇവർക്കുവേണ്ടി നീക്കിവയ്ക്കുന്നത്. അതേസമയം ഫ്രാക്ഷൻ വരുമ്പോൾ ആദ്യം 70-30 എന്നുപറയുന്നതിനുപകരം 60-30 എന്നുപറഞ്ഞിട്ട് 10 ശതമാനം തുക നീക്കിവച്ചാൽ മതിയായിരുന്നു. രണ്ടും കൂട്ടി 10 ശതമാനമെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ 60 ശതമാനം അഭിഭാഷകർക്കും 30 ശതമാനം ലോയേഴ്സിനും 10 ശതമാനം കൃത്യമായി നിയമവുമായി ബന്ധപ്പെട്ട് കോടതികളിൽ വന്നുപോകുന്ന കക്ഷികളായ ആളുകൾക്ക് സിവിൽ കോടതിയിലായാലും ക്രിമിനൽ കോടതിയിലായാലും അവരുടെ ക്ഷേമത്തിനുവേണ്ടിയും നീക്കിവയ്ക്കണമെന്നുള്ളതാണ് യഥാർത്ഥ ഉദ്ദേശ്യം. അഭിഭാഷക ക്ഷേമനിധിയിലേയ്ക്കും അഡ്വക്കേറ്റ് ക്ലാർക്സ് ക്ഷേമനിധിയിലേയ്ക്കും പണം നീക്കിവയ്ക്കുന്നതിന് കക്ഷികൾക്ക് നീക്കിവയ്ക്കുന്ന പണത്തിൽ നിന്നും കവർന്നെടുക്കുന്നുവെന്ന് തന്നെ പറയേണ്ടിയിരിക്കുന്നു. അതുകൊണ്ട് അഭിഭാഷക ക്ഷേമനിധി ബില്ലിൽ ഭേദഗതി കൊണ്ടുവന്ന് അത് പാസ്സാക്കിയത് അത്യാവശ്യമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. 10 ലക്ഷം രൂപയായി ഉയർത്തിയത് അഭിഭാഷക സമൂഹത്തിന് സുരക്ഷയുണ്ടാക്കുമെന്നതും നല്ലതുതന്നെ. അഭിഭാഷക ക്ലാർക്കുമാരുടെ കാര്യവും അങ്ങനെതന്നെ. പക്ഷേ ഈ സംഖ്യയിൽ നിന്ന് യഥാർത്ഥത്തിൽ നീക്കിവച്ച തുക ഗുണഭോക്താക്കൾക്ക് ലഭിക്കാതെ പോകുന്നുണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ അധികമായി അടയ്ക്കുന്ന തുകയിൽനിന്ന് ഒരു വിഹിതം കക്ഷികളുടെ ക്ഷേമത്തിനുവേണ്ടി നീക്കിവയ്ക്കണമെന്നാണ് പറയുന്നത്. കക്ഷികൾ കോടതികളിൽ അനുഭവിക്കുന്ന പ്രയാസങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. ഇരിക്കാൻ സ്ഥലമില്ലാതെ, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യമില്ലാതെ കക്ഷികൾ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഈ ഫണ്ടിൽ നിന്ന് പണം നീക്കിവച്ച് കേരളത്തിലെ മുഴുവൻ കോടതികളിലും ഫെസിലിറ്റീസും ഇൻഫ്രാസ്ട്രക്ചറും ഒരുക്കാൻ ഇനിയും വർഷങ്ങളെടുക്കും. ഇതൊരു വലിയ വിഷയമായിക്കണ്ട് കോടതികളുടെ നവീകരണത്തിനായി ബഡ്ജറ്റിൽ തുക

വകയിരുത്തേണ്ടത് അത്യാവശ്യമാണ്. വക്കീലന്മാരെ സംബന്ധിച്ച് അവർക്ക് മറ്റ് പല നിലയിലുള്ള സൗകര്യങ്ങളുമുണ്ട്. കുടുംബകോടതികളിലൊക്കെ എത്തുന്ന സ്ത്രീകളുടെ കാര്യം വലിയ കഷ്ടമാണ്. ഇരിക്കാനുള്ള സ്ഥലമോ, കുടിക്കാനുള്ള വെള്ളമോ, ടോയ്‌ലെറ്റ് ഫെസിലിറ്റിയോ ഒന്നുമില്ലാത്ത അവസ്ഥയാണ്. സ്റ്റാമ്പിൽ നിന്ന് കിട്ടുന്ന വിഹിതംകൊണ്ട് എല്ലാം നന്നാക്കണമെങ്കിൽ വർഷങ്ങളെടുക്കുമെന്നുള്ള അഭിപ്രായം അങ്ങേയ്ക്കില്ലേ?

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, സമൂഹത്തിൽ നല്ല പദവിയിലുള്ള മാന്യന്മാരായ ആളുകൾ കോടതികളിൽ സാക്ഷികളായി എത്തുമ്പോൾ അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വളരെ വലുതാണ്. പലപ്പോഴും അവർ ക്രിമിനൽ പ്രതികളോടൊപ്പം നിൽക്കേണ്ട സാഹചര്യമുണ്ടാകുന്നുണ്ട്. വാഹനാപകടങ്ങളിൽ പലപ്പോഴും നിമിത്തമായി പലരും സാക്ഷികളാകേണ്ടിവന്നിട്ടുണ്ട്. ഒരു തവണ സാക്ഷിയായി കോടതികളിൽ പോകുന്ന ആളുകൾ പിന്നീടൊരിക്കലും സാക്ഷിയായി കോടതിയിൽ പോകാൻ ആഗ്രഹിക്കില്ല. വളരെ ഗൗരവമുള്ള കാര്യമാണ് ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത്. ഇക്കാര്യത്തിൽ അടിയന്തര തീരുമാനമുണ്ടാകണം.

<u>ശ്രീ. എം. ഉമ്മർ</u>: ഇതുതന്നെയാണ് ഞാനും പറഞ്ഞുവന്നത്. നിങ്ങൾ രണ്ടുപേരും പറഞ്ഞതിനോട് ഞാൻ നൂറുശതമാനവും യോജിക്കുന്നു. പ്രതികൾ കുറ്റം ആരോപിക്കപ്പെടുന്നവരാണ്, കുറ്റവാളികളല്ല. അവർ സാക്ഷികളെക്കാൾ ഒട്ടും മോശക്കാരല്ല. കുടുംബകോടതികളിലെ കാര്യം വളരെ കഷ്ടമാണ്. രാവിലെ കോടതി കൂടിയാൽ പിരിയുന്നതുവരെ നിൽക്കേണ്ടിവരുന്ന അവസ്ഥയുണ്ട്. പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യംപോലും ഉണ്ടാകാറില്ല. കക്ഷികളുടെ ക്ഷേമത്തിനുവേണ്ടി ഉപയോഗപ്പെടുത്തുമെന്ന് ആക്ടിൽ കൃത്യമായി പറയുമ്പോൾ, പിച്ചച്ചട്ടിയിൽ നിന്നും കയ്യിട്ടുവാരുക എന്നുപറയുന്നതുപോലെ പണമെടുക്കുകയാണ്. 70-ഉം 30-ഉം ശതമാനം അഭിഭാഷകർക്കും അഭിഭാഷക ക്ലാർക്ക്സിനുമായി മാറ്റിവച്ചിട്ട് അതിൽ നിന്ന് 10 ശതമാനം എന്നുപറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. പ്രത്യേകമായി 10 ശതമാനം അവർക്കായി കരുതിവയ്ക്കണം. അഭിഭാഷകരോടും കക്ഷികളോടുമുള്ള താൽപ്പര്യം വളരെ നല്ലതാണ്. അവർക്ക് തികയാത്ത ഫണ്ട് ഗവൺമെന്റ് ബഡ്ജറ്റ് സപ്പോർട്ടായി കൊടുക്കുകയാണ് ചെയ്യേണ്ടത്. യഥാർത്ഥത്തിൽ ഈ ഭാരം ചുമക്കുന്നത് കക്ഷികളാണ്. അഭിഭാഷക ക്ഷേമനിധിയിലേയ്ക്ക് കക്ഷികളിൽനിന്ന് തുക വാങ്ങരുതെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ടെങ്കിൽപ്പോലും അവസാനമായി ആ ഭാരം വരുന്നത് അവരിൽത്തന്നെയാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു ശതമാനം ടാക്സ്

വർദ്ധിപ്പിച്ചുവെന്ന് പറഞ്ഞു. ഒരു ശതമാനം ടാക്സ് വർദ്ധിപ്പിക്കുമ്പോൾ പല കേസ്സുകളിലും ലക്ഷക്കണക്കിന് രൂപ വരികയാണ്. കോടതിയുടെ അവിഭാജ്യഘടകം യഥാർത്ഥത്തിൽ അവിടത്തെ വിക്ടിംസോ ഗുണഭോക്താക്കളോ ആയി വരുന്ന കക്ഷികളാണ്. ഇവർക്ക് യാതൊരു അടിസ്ഥാന സൗകര്യവും കോടതികളിലില്ല. അഭിഭാഷകർക്ക് മാത്രം എന്ന് പ്രത്യേകമായി എഴുതിവച്ച സ്ഥലങ്ങളുണ്ടാകും. കക്ഷികൾക്കുമാത്രമല്ല എല്ലാവർക്കും ആവശ്യമുള്ള അടിസ്ഥാന സൗകര്യത്തിന് വേണ്ടി നീക്കിവയ്ക്കുന്ന തുക വിനിയോഗിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ അങ്ങ് ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെതന്നെ മാനനഷ്ടത്തിന് കേസ് കൊടുക്കുകയും നഷ്ടപരിഹാരമായി രണ്ട് കോടി രൂപ ആവശ്യപ്പെടുകയും ചെയ്തിട്ട് പിന്നെ 20 ലക്ഷം, 10 ലക്ഷം എന്ന രീതിയിൽ ചുരുക്കുന്നത്, താങ്ങാൻ കഴിയാത്ത കോർട്ട് ഫീ മൂലമാണ്. രണ്ടുകോടി രൂപയ്ക്ക് മാനനഷ്ടത്തിന് കേസ് പറഞ്ഞിട്ട് എന്താണ് 10 ലക്ഷം രൂപയാക്കി ചുരുക്കിയതെന്ന് ചിലയാളുകൾ കളിയാക്കി ചോദിക്കാറുണ്ട്. മാനത്തിന്റെ വില കുറഞ്ഞതുകൊണ്ടല്ല, കോർട്ട് ഫീ കൊടുക്കാൻ സാധിക്കാത്തതുകൊണ്ടാണ്. കോർട്ട് ഫീ കൊടുക്കുന്നതിന് ഒരു സീലിംഗുമില്ല. മറ്റ് പലതിനും ടാക്സ് കൊടുക്കുമ്പോൾ ഒരു സീലിംഗ് നിശ്ചയിക്കാറുണ്ട്. ഇത് ഒരു ശതമാനമെന്ന് പറഞ്ഞാൽ എല്ലാവർക്കും ഒരു ശതമാനമാണ്. അല്ലെങ്കിൽ ഒരു ലക്ഷം ഉള്ളവർക്ക് അതിന്റെ അര ശതമാനമെന്നോ അതിനപ്പുറം വരുന്നവർക്ക് ഒരു ശതമാനമെന്ന സീലിംഗോ ഒന്നുമില്ല. മോട്ടോർ ആക്സിഡന്റ് ക്ലെയിമിൽ ഉൾപ്പെടെ എല്ലാവരും കൊടുക്കുന്ന കോർട്ട് ഫീ ഒരു ശതമാനമാണ്. ഒരു കോടി രൂപയ്ക്ക് മുകളിലാണെങ്കിലും ഒരു ശതമാനമാണ്. അതുകൊണ്ട് ഏറ്റവും കൂടുതൽ തുക കൊടുക്കുന്ന ആളുകൾക്ക് ഒരു ശതമാനം ഏർപ്പെടുത്തിയിട്ട് സീലിംഗ് ഉണ്ടാക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആ ബിൽ പാസ്സാക്കിക്കഴിഞ്ഞുവെങ്കിലും ചർച്ചകളിൽനിന്നൊക്കെ ഇങ്ങനെയുള്ള ഭേദഗതികൾ വരുമ്പോൾ അതുകൂടി കണക്കിലെടുത്ത് കോർട്ട് ഫീ എല്ലാവർക്കും ഒരു ശതമാനം എന്നത് ഒഴിവാക്കി ഒരു സീലിംഗ് വയ്ക്കുന്ന കാര്യം ശ്രദ്ധിക്കണമെന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

ശ്രീ. ബി. സത്യൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മുപ്പതിനായിരത്തോളം വരുന്ന അഭിഭാഷകരെയും അയ്യായിരത്തോളം വരുന്ന ക്ലാർക്കുമാരെയും സംബന്ധിക്കുന്ന കാര്യങ്ങളാണ് ഇതിൽ പറയുന്നത്. ഈ നിയമസഹായ നിധിയിൽനിന്ന് 70 ശതമാനം തുക അഭിഭാഷക ക്ഷേമനിധിയിലേക്കും 30 ശതമാനം തുക അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിലേയ്ക്കും അതിൽനിന്നും 10 ശതമാനം തുക വ്യവഹാരികൾക്കുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും നീക്കിവയ്ക്കണമെന്നാണ് ഭേദഗതിയിൽ പറയുന്നത്. 1980-ലെ കേരള അഡ്വക്കേറ്റ്സ് ക്ഷേമനിധി ആക്ടിലെ 3-ാം വകുപ്പും കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്ടിലെ 3-ാം വകുപ്പുംകൂടി ഭേദഗതി ചെയ്താണ് ഇങ്ങനെയൊരു മാറ്റം വരുത്തുന്നത്. ആദ്യമായിട്ടാണ് വ്യവഹാരികൾക്കുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ ഒരു തുക നീക്കിവയ്ക്കപ്പെടുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കുറച്ചു കാലം ഒരു അഭിഭാഷകൻ എന്ന നിലയിൽ കോടതികളിൽ വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് പോയിട്ടുള്ള ഒരാളെന്ന നിലയിൽ, ഇവിടെ ഷെയർ ചെയ്ത കുറെയേറെ കാര്യങ്ങൾ വസ്തുതാപരമാണെന്നാണ് എന്റെയും അഭിപ്രായം. കോർട്ട് ജൂറിസ്ഡിക്ഷൻ ഹൈക്കോടതിയുടെ നിയന്ത്രണത്തിൽ വരുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ക്രിമിനൽ ജസ്റ്റിസ് ഒരു ഭാഗവും ഹോമും അതിനോടനുബന്ധിച്ചുവരുന്ന കോടതിയുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഭാഗവും ചേർന്ന് രണ്ട് ഭാഗമായി നിയമം രണ്ടു വകുപ്പുകളിലായി വരികയാണ്. അതിൽ ഒരു ഭാഗത്ത് ഇടപെടുന്നതിന് നമുക്ക് പരിധിയുണ്ട്. ഇപ്പോൾ കോടതികളുടെ നടത്തിപ്പിൽ, കോർട്ട് ജൂറിസ്ഡിക്ഷൻ എന്നുപറയുന്നത് ഹൈക്കോടതി മുതൽ താഴെത്തട്ടിലേയ്ക്ക് ഒരു ഹയറാർക്കി സിസ്റ്റമാണ്. ഹൈക്കോടതി മുതൽ മുൻസിഫ് കോടതി വരെ വരുന്നത് ഒരു ഭാഗവും കുടുംബ കോടതികൾ വരുന്നത് വേറൊരു ഭാഗവുമായാണ്. ഞാൻ സൂചിപ്പിച്ചത് ഇതിലെല്ലാം ഒരു ഭാഗത്ത് വ്യവഹാരികളായ ആളുകൾ വരുന്നുണ്ട്, അതുപോലെതന്നെ കേസ്സുകളുമായി ബന്ധപ്പെട്ട് കക്ഷികളും പ്രതികളും വാദികളുമൊക്കെ വരുന്നുണ്ട്. ഇവരെ ഒരു സമൂഹമായി കണ്ടാലേ പറ്റുകയുള്ളൂ. ഒരു വെൽഫെയർ സ്റ്റേറ്റെന്ന നിലയിൽ സ്വാഭാവികമായും നമ്മുടെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ വിവിധ വികസന പ്രവർത്തനങ്ങളും പദ്ധതികളുമെല്ലാം ആവിഷ്കരിക്കുമ്പോഴും കോടതിയുടെ വിഷയങ്ങളിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. കോടതി കെട്ടിടങ്ങളുടെ നിർമ്മാണം, കോടതികളിൽ അടിസ്ഥാന സൗകര്യം ഒരുക്കുക തുടങ്ങിയ എല്ലാ കാര്യങ്ങളിലും പരിമിതികളുണ്ട്. ഹൈക്കോടതിയിൽ അഭിഭാഷകർക്കും വരുന്ന കക്ഷികൾക്കും കുറച്ച് സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ട്. പക്ഷേ താഴെത്തട്ടിലുള്ള

കോടതികളുടെ അവസ്ഥ വളരെ ദയനീയമാണ്. വിശേഷിച്ചും മുൻസിഫ് കോടതികളും സബ്കോടതികളും അഡീഷണൽ ജില്ലാ കോടതികളും ഡിസ്ട്രിക്ട് സെഷൻസ് കോർട്ടുകളും വളരെ പ്രയാസമേറിയ അവസ്ഥ അഭിമുഖീകരിക്കുന്നതായി കാണാൻ കഴിയും. ഒരു കേസ്സിൽ പ്രതിയായി വരുന്ന ആളുകൾ കുറ്റം ആരോപിക്കപ്പെട്ടുന്നവരാണ് എന്നുകരുതി ശിക്ഷ അവിടെവച്ച് കൊടുക്കണമെന്ന് പറയാൻ കഴിയില്ല. പക്ഷേ പലരും ശിക്ഷയടക്കം വാങ്ങിപ്പോകുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. സാക്ഷി പറയാനായി കോടതിയിൽ വരുന്ന ഒരാൾ കേസ് വിളിക്കുന്നതും കാത്ത് കുറേസമയം നിൽക്കുകയും കേസ് വിളിച്ച് ചിലപ്പോൾ മാറ്റിവയ്ക്കുകയും ചെയ്യുന്ന അവസ്ഥ ദയനീയമാണ്. കേസ്സുകൾ മാറ്റിവയ്ക്കുന്നതുതന്നെ ഒരു തുടർക്കഥയാണെന്ന് എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. സ്വാഭാവികമായും, നിർദോഷമായി, സത്യസന്ധമായ കാര്യങ്ങൾ കോടതിയെ ബോധ്യപ്പെടുത്താൻ സാക്ഷിയായും അല്ലാതെയുമൊക്കെ വിളിച്ചുവരുത്തപ്പെടുന്ന ആളുകളുണ്ടാകും. കോടതിക്ക് ആരെയും വിളിച്ചുവരുത്താനുള്ള അവകാശമുണ്ട്. അങ്ങനെയൊക്കെ വരുന്ന ആളുകൾക്ക് കോടതിയോടും അത് കൈകാര്യം ചെയ്യുന്നവരോടും നീതി നിർവ്വഹണത്തോടുതന്നെയും തോന്നുന്ന അമർഷം രേഖപ്പെടുത്തുന്നത് പലപ്പോഴും ബഹുമാനപ്പെട്ട കോടതികളോട് മാത്രമല്ല, സർക്കാരിനോടുകൂടിയാണ്. കുടിക്കാനാവശ്യമായ വെള്ളമോ പ്രാഥമികാവശ്യത്തിനുള്ള സൗകര്യമോ ഇല്ലാതെ സ്ത്രീകൾ, കുഞ്ഞുങ്ങൾ, രോഗികൾ, മറ്റ് പ്രയാസമനുഭവിക്കുന്ന ആളുകൾ, വൃദ്ധജനങ്ങൾ തുടങ്ങിയവർ കോടതിയിൽ വന്ന് പെട്ടുപോയാൽ അനുഭവിക്കുന്ന യാതനാപൂർണ്ണമായ അവസ്ഥ നമുക്ക് കാണാൻ കഴിയും. ഞാനിവിടെ സൂചിപ്പിച്ചത്, 10 ശതമാനം തുകകൊണ്ട് മാത്രം കാര്യങ്ങൾ പരിഹരിക്കാൻ കഴിയുമോ എന്നതിലുപരി തുക നീക്കിവയ്ക്കപ്പെട്ടു എന്നത് ഒരു വലിയ കാര്യമാണ്. നിയമ വകുപ്പുമന്ത്രി അക്കാര്യത്തിൽ കാണിച്ചിട്ടുള്ള ഉദാരമനസ്കതയെ ഞാൻ അഭിനന്ദിക്കുകയാണ്.

ക്ഷേമനിധിയിലേക്ക് തുക മാറ്റിവയ്ക്കപ്പെടുമ്പോൾ ആ തുക അവസാനം വന്നു ചേരുന്നത് കക്ഷികളിൽത്തന്നെയാണ്. ഇതിന്റെ ഭാരം മുഴുവൻ വ്യവഹാരികളായി വരുന്ന ആളുകളുടെ തലയിൽത്തന്നെയാണ് വരുന്നത്. ഗവൺമെന്റിന് നേരിട്ട് ബാധ്യതയൊന്നും വരുന്നില്ല. അത്തരത്തിൽ നിയമപരമായി ശേഖരിക്കപ്പെടുന്ന തുകയുടെ നിർവ്വഹണം സംബന്ധിച്ച് ശ്രീ. കെ. എം മാണി നേരത്തെ ഇവിടെ സൂചിപ്പിച്ചു. പലയിനത്തിലായി ഹെഡ്ഡിലേക്ക് വരുന്ന പണത്തിന്റെ വിനിയോഗത്തിലും നടത്തിപ്പിലും പിന്നീട് ഇടപെടാനാകുമോ എന്നെനിക്കറിയില്ല. കോടതിയാണ് അതിൽ ഇടപെടുന്നത്. ഇവിടെ കോടതികളും ഭരണകർത്താക്കളും ജുഡീഷ്യറിയും

ലെജിസ്ലേച്ചറുമൊക്കെയുണ്ട്. ലെജിസ്ലേച്ചർ നിയമം നിർമ്മിക്കുന്നു, അതിന്റെ നടത്തിപ്പ് എക്സിക്യൂട്ടീവിനാണ്, ഇവയുടെയെല്ലാം വാച്ച് ഡോഗ് പോലെ കോടതി നിൽക്കുന്നു. ഇതെല്ലാം ചെയ്തുകഴിഞ്ഞാലും അതിന്റെ നടത്തിപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ചുള്ള ഉത്കണ്ഠയായിരിക്കും പല അംഗങ്ങളും ഇവിടെ സൂചിപ്പിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇപ്പോൾ ധാരാളം അദാലത്തുകൾ നടത്താറുണ്ട്. ശനിയാഴ്ചകളിൽ നടത്തപ്പെടുന്ന അദാലത്തുകൾ, കേസ് തീർപ്പാക്കലുകൾ, ചില പ്രത്യേക ദിവസങ്ങളിൽ സിറ്റിംഗ് വയ്ക്കൽ തുടങ്ങിയവ നടത്താറുണ്ട്. കുടുംബകോടതികൾ സെമി ജുഡീഷ്യലാണ്. അവിടെ പൂർണ്ണമായും കോടതിയിലെ നടപടിക്രമം പോലെയല്ല, അല്ലാതെയുള്ള ഇടപെടലുകളും ചർച്ചകളുമൊക്കെ നടത്തിയാണ് കേസുകൾ തീർപ്പ് കൽപ്പിക്കുന്നത്. അവിടെ കുറേക്കൂടി സുതാര്യമായി കാര്യങ്ങൾ കൊണ്ടുപോകാൻ കഴിയണം. വാദിയും പ്രതിയും എന്ന നിലയിലല്ലാതെ മുൻസിഫ് കോടതി മുതൽ ഹൈക്കോടതി വരെ വിവിധ ആവശ്യങ്ങൾക്ക് വരുന്ന ആളുകളെ കേവലം കേസിലെ പ്രതികളെപ്പോലെ കൈകാര്യം ചെയ്യുന്ന സ്വഭാവത്തിലേക്ക് വരുന്നുണ്ടെന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്നതിലുപരി ഒരു മിനിമം വെൽഫെയർ ഉറപ്പാക്കാൻ കഴിയണം. ഒരുന്നത ഉദ്യോഗസ്ഥനോ കുറച്ച് സ്ത്രീകളോ മറ്റാരെങ്കിലുമോ വന്നാൽ അവർക്കൊരു റിട്ടയറിംഗ് റൂം പോലുള്ള മിനിമം സൗകര്യം വലിയ കോടതി സമുച്ചയങ്ങളിൽപ്പോലും ഇല്ലെന്ന് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. നിയമങ്ങളുടെ എൻഫോഴ്സ്മെന്റ് ഉറപ്പാക്കുന്ന പരിശോധനകൾ ഇല്ല. ബഡ്ജറ്റ് തയ്യാറാക്കുന്നു, വിവിധങ്ങളായ പദ്ധതികളും അലോക്കേഷനുകളും വരുന്നു, പക്ഷേ പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച് പരിശോധനകൾ നടക്കുന്നില്ല. കോടതിയുടെ നിർമ്മാണപരമായ കാര്യങ്ങൾ പരിശോധിക്കാൻ ചില വിഭാഗങ്ങളുണ്ട്. ഹൈക്കോടതിയിൽത്തന്നെ ഇതിനായി ഒരു വിഭാഗം ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എല്ലാത്തിനുമുള്ള സംവിധാനം ഇവിടെയുണ്ട്. പക്ഷെ, കോടതിയുടെ നിർമ്മാണപരമായ കാര്യങ്ങൾ പരിശോധിക്കാനോ അതിലേയ്ക്കാവശ്യമായ സൗകര്യങ്ങളുണ്ടാക്കി കൊടുക്കുന്നതിനോ ആവശ്യമായ സംവിധാനമില്ല. പക്ഷെ ഹൈക്കോടതിയുടെ അല്ലെങ്കിൽ ഉന്നതരായിട്ടുള്ള ആളുകളുടെ പൊതുവായ വിഷയങ്ങൾ കൈകാര്യം ചെയ്യാനോ അതിൽ ഇടപെടാനോ ശ്രമിച്ചാൽ അവിടെ വരുന്ന ഇടപെടലുകളിൽ ആരും ചോദ്യം ചെയ്യാൻ പാടില്ലെന്ന നില വരും. 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബില്ലിലൂടെ 70, 30, 10 ശതമാനം വീതം ബെനിഫിറ്റ് ഫണ്ടിലേയ്ക്ക് മാറ്റിവയ്ക്കുക എന്ന ഭേദഗതി നിർദ്ദേശത്തെ ഞാൻ സ്വാഗതം ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഡ്ജറ്റിന്റെ ഭാഗമായി അവതരിപ്പിച്ച ഫിനാൻസ് ബില്ലിന്റെ തുടർച്ചയായിട്ടാണ് അധിക കോർട്ട് ഫീസ് അര ശതമാനം എന്നത് ഒരു ശതമാനമായി വർദ്ധിപ്പിച്ചത്. അങ്ങനെ വർദ്ധിക്കുമ്പോൾ എങ്ങനെ ഡിവൈഡ് ചെയ്യണം എന്നതാണ് ഈ കോർട്ട് ഫീസ് ആക്ട് ഭേദഗതിയുടെ ഭാഗമായി നിർവ്വചിക്കുന്നത്. മുമ്പ് അര ശതമാനമായിരുന്ന സമയത്ത് 35 ശതമാനം അഡ്വക്കേറ്റ് വെൽഫെയർ ഫണ്ടിലേയ്ക്കും 30 ശതമാനം അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ടിലേയ്ക്കും 35 ശതമാനം ക്ലൈന്റ്സിന്റെ സൗകര്യങ്ങൾക്കുംവേണ്ടിയാണ് വീതിച്ചത്. അതിലുള്ള അപാകത നേരത്തെ ഞാൻ ചൂണ്ടിക്കാണിച്ചതാണ്. അതായത് അഡ്വക്കേറ്റ് ക്ലാർക്ക്സിന്റെ എത്രയോ ഇരട്ടിയാണ് അഡ്വക്കേറ്റ്സ്. നാലായിരത്തോളം അഡ്വക്കേറ്റ് ക്ലാർക്കുമാരുണ്ടെങ്കിൽ ഇരുപത്തയ്യായിരത്തോളം അഡ്വക്കേറ്റ്സ് ഉണ്ടാകും. ഈ തുക ഡിവൈഡ് ചെയ്യുമ്പോൾ ഏതാണ്ട് തുല്യമായിട്ടാണ് രണ്ട് വിഭാത്തിലുള്ളവർക്കും പോകുന്നത്. അത് പരിഹരിക്കുക എന്നതുകൊണ്ടാണ് ഇപ്പോൾ 70 ശതമാനം അഡ്വക്കേറ്റ് വെൽഫയർ ഫണ്ടിലേക്കും 30 ശതമാനം അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ടിലേയ്ക്കും പോകുന്നത്. ഇങ്ങനെ പോകുന്ന തുകയിൽ എഴുപത് ശതമാനത്തിന്റെ പത്തും മുപ്പതുശതമാനത്തിന്റെ പത്തും എടുത്തുകൊണ്ടാണ് കക്ഷികളുടെ വെൽഫെയറിനുവേണ്ടി ചെലവഴിക്കുന്നത്. അപ്പോൾ ഇഫക്ടിൽ അഡ്വക്കേറ്റ് വെൽഫെയർ ഫണ്ടിലേക്ക് 63 ശതമാനവും അഡ്വക്കേറ്റ് ക്ലാർക്ക്സ് ഫണ്ടിലേക്ക് 27 ശതമാനവും 10 ശതമാനം ക്ലൈന്റ്സിന്റെ വെൽഫെയറിനും പോകും. 70 ശതമാനത്തിൽനിന്ന് പത്ത് ശതമാനം പോയാൽ 63 ശതമാനമാണ് ഉണ്ടാവുക. മുപ്പത് ശതമാനത്തിന്റെ പത്ത് ശതമാനം പോകുമ്പോൾ പിന്നെ 27 ശതമാനമാണുണ്ടാവുക. അങ്ങനെവരുമ്പോൾ അറുപത്തിമൂന്നും ഇരുപത്തിയേഴും കൂടി തൊണ്ണൂറാകും. പിന്നെ പത്തുശതമാനമാണ് വരിക. മൊത്തത്തിന്റെ പത്ത് ശതമാനമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ കോടതികളുടെ പശ്ചാത്തല സൗകര്യത്തിന് ഈ ഫണ്ട് ഉപയോഗിക്കുന്നില്ല. ക്ലൈന്റ്സുമായി ബന്ധപ്പെട്ട് കോടതികളിൽ വരുന്ന സാക്ഷികളുടെയും കക്ഷികളുടെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് പത്തുശതമാനം തുക ഉപയോഗിക്കുന്നത്. അതായത് ടോയ്ലെറ്റ്, ഡ്രിങ്കിംഗ് വാട്ടർ ഫെസിലിറ്റി തുടങ്ങി മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയാണ് ഈ തുക വിനിയോഗിക്കുന്നത്. കോടതികളുടെ പശ്ചാത്തല സൗകര്യത്തിന് ഒരു പ്രത്യേക ബഡ്ജറ്ററി സപ്പോർട്ട് ആവശ്യമാണ്. അതാണ് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചത്. കേരളത്തിന്റെ ബഡ്ജറ്റ് രൂപപ്പെടുമ്പോൾ ഹൈക്കോടതി രജിസ്ട്രാറും ഗവൺമെന്റും തമ്മിൽ ആലോചന നടത്തി കേരളത്തിലെ കോടതികളുടെ ഇന്നത്തെ പശ്ചാത്തല

സൗകര്യങ്ങൾ വളരെ പരിമിതമാണ് എന്നുള്ളതുകൊണ്ടുതന്നെ അത് വർദ്ധിപ്പിക്കണം. നേരത്തെ സൂചിപ്പിച്ചതുപോലെ കോടതികളിൽ പഴയ ബ്രിട്ടീഷ് ഭരണ സംവിധാനത്തിൻ കീഴിലുള്ള ഇടുങ്ങിയ മുറികളാണുള്ളത്. പഴയ സ്ക്വയർഫീറ്റിനുള്ളിലൊന്നും ഇപ്പോൾ കക്ഷികൾക്കോ സാക്ഷികൾക്കോ വക്കീലൻമാർക്കോ ഇരിക്കാൻ കഴിയില്ല. വക്കീലൻമാർ നിന്നുനിന്ന് ഒരാൾ പോകാൻ വേണ്ടി അടുത്തയാൾ കാത്തിരിക്കുകയാണ്. ഞാൻ തന്നെ കോടതിയിൽ വക്കീലായിട്ടും സാക്ഷിയായിട്ടും പ്രതിയായിട്ടും പോയിട്ടുണ്ട്. ഒരിക്കൽ ബഞ്ചിലൊരിടംകണ്ട് ഞാൻ അവിടെ ഇരുന്നതും ഒരു പ്രതിയെന്ന നിലയിൽ എന്നെ മജിസ്ട്രേട്ട് എഴുന്നേൽപ്പിച്ചു. ആ സമയത്ത് പ്രതികൾ എന്നു പറയുന്നത് കുറ്റക്കാരല്ലല്ലോ, കാരണം ശിക്ഷിക്കുന്നില്ലല്ലോ. അപ്പോൾ സാക്ഷികളെ പോലതന്നെയുള്ള പരിഗണന കിട്ടണ്ടേ. കഴിഞ്ഞ ദിവസം പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയും ഞാനും ഹൈക്കോടതിയിൽ പോയ സമയത്ത് അവിടെയുള്ള രജിസ്ട്രാറുമായി സംസാരിക്കുമ്പോൾ അദ്ദേഹം പറഞ്ഞത് ഈയൊരു ഭാഗം നിങ്ങൾ ശ്രദ്ധിക്കണമെന്നാണ്. ഗവൺമെന്റുമായി ഇന്ററാക്ഷൻ ഇല്ലാത്തതിന്റെ ഭാഗമായി കോടതികളുടെ പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിൽ സംഭവിച്ചിരിക്കുന്ന വീഴ്ച പരിഹരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്ന് രജിസ്ട്രാർ സൂചിപ്പിച്ചു. ആ ഒരു കാര്യം നമ്മൾ ഗൗരവമായി പരിശോധിക്കേണ്ടതാണ്. ക്ലൈന്റ്സിന്റെ സൗകര്യത്തിനായി നീക്കിവച്ചിട്ടുള്ള പത്തുശതമാനം പശ്ചാത്തല സൗകര്യത്തിനുവേണ്ടിയുള്ളതല്ല. നിലവിൽ കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യുവേഷൻ ആക്ട് 76 (3) ഭേദഗതി ചെയ്യുകയാണ്. നിലവിൽ ലീഗൽ ബെനിഫിറ്റ് ഫണ്ടിലേയ്ക്ക് കോർട്ട് ഫീയുടെ ഒരു നിശ്ചിത ശതമാനം നൽകണമെന്ന് കോർട്ട് ഫീസ് വാല്യുവേഷൻ ആക്ട് 76-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ഈ തുക അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സാമൂഹിക സുരക്ഷയ്ക്കും മറ്റും വിനിയോഗിക്കുകയാണ്. ഇപ്രകാരം വരുന്ന തുക അഭിഭാഷക ക്ഷേമ നിധിയിലേയ്ക്കും അഭിഭാഷക ക്ലാർക്ക്സ് ക്ഷേമനിധിയിലേയ്ക്കും പൊതുജനങ്ങൾക്ക് നിയമസഹായം എത്തിക്കുന്നതിനുള്ള റേഷ്യോ 76(3) ഭേദഗതി കൊണ്ട് നിർവ്വഹിക്കുകയാണ്. ഈ പരിമിതമായിട്ടുള്ള ലക്ഷ്യംമാത്രമാണ് 76(3) ഭേദഗതിക്കുള്ളത്. നിലവിൽ അഭിഭാഷക ക്ഷേമനിധിയിൽ 22362 അംഗങ്ങളും ക്ലാർക്ക്സ് ക്ഷേമനിധിയിൽ 4329 അംഗങ്ങളുമാണുള്ളത്. അപ്പോൾ അഭിഭാഷക ക്ഷേമനിധിയിൽ 2015-16-ൽ 1,70,63,900 രൂപ (ഒരു കോടി എഴുപത് ലക്ഷത്തി അറുപത്തിമൂവായിരത്തി തൊള്ളായിരം രൂപ) കോർട്ട് ഫീ ഇനത്തിൽ ലഭിച്ചു. ക്ലാർക്ക്സ് ക്ഷേമനിധിയിലേയ്ക്ക് ഏതാണ്ട് ഇതിനുസമാനമായ തുകയാണ് ലഭിച്ചത്. അതായത് 1,46,76,000 രൂപ (ഒരു കോടി നാൽപ്പത്താറ് ലക്ഷത്തി എഴുപത്താറായിരം രൂപ). അഭിഭാഷക ക്ഷേമനിധിയിൽ അഞ്ചിരട്ടിയിലധികം അംഗങ്ങളുണ്ട്. പക്ഷേ

വരുമാനം നോക്കുമ്പോൾ രണ്ട് ക്ഷേമനിധികളും തമ്മിൽ വ്യത്യാസമില്ല. ഈ സാഹചര്യത്തിലാണ് റേഷ്യോ പുനഃക്രമീകരണം നടത്തുന്നത്. മുമ്പ് കിട്ടിയതിനേക്കാൾ ഒരു കുറവും ഒരു വിഭാഗത്തിനും വരില്ല. വക്കീലൻമാരാണ് കൂടുതലുള്ളത് എന്നുള്ളതു കൊണ്ട് ആനുപാതികമായി വക്കീലൻമാരുടെ ക്ഷേമ നിധിയിലേയ്ക്ക് നേരെ ഇരട്ടി തുക പോകും.

ശ്രീ. എം. ഉമ്മർ : സർ, രണ്ടുവിഭാഗത്തിനും വരുന്ന തുക എത്രയാണെന്ന് പറഞ്ഞു. ക്ലൈന്റ്സിന്റെ ബെനിഫിറ്റിന് കൊടുക്കുന്ന തുക എത്രയാണെന്ന് പറഞ്ഞില്ല. ക്ലൈന്റ്സിന് എത്ര തുക വരും?

ശ്രീ. എ. കെ. ബാലൻ : സർ, മൊത്തം തുക ഏതാണ്ട് നാലുകോടിയോളം രൂപ വരും. അതിനകത്ത് ഒരു കോടി എഴുപത് ലക്ഷവും ഒരു കോടി നാൽപ്പത്തിയാറ് ലക്ഷവും കഴിച്ച് ബാക്കിവരുന്ന ഏകദേശം ഒരു കോടിയോളം രൂപ ക്ലൈന്റ്സിനു വേണ്ടി നീക്കിവച്ചിരുന്നു. കോടതികളുടെ പശ്ചാത്തല സൗകര്യത്തിനുള്ള പ്രത്യേക സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. അതിന് വലിയ ബുദ്ധിമുട്ട് വരില്ല. ഒരു കുറവും വരാത്ത വിധമാണ് റേഷ്യോ ക്രമീകരിച്ചിരിക്കുന്നത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബി. സത്യൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബി. സത്യൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബി. സത്യൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

2.00 PM]

2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

*Shri. Manjalamkuzhi Ali :* Sir, I move the following amendments :

113. In clause 2, the words “Court Fees” shall be amended as “Court- fees”.

115. In Section 76 (3) proposed to be substituted in the principal Act by clause 2 for the word “seventy” substitute the word “thirty”.

125. In Section 76 (3) proposed to be substituted in the principal Act by clause 2, after the words “The Kerala Advocates Welfare Fund Act, 1980” the symbol, numbers and word as “(21 of 1980)” shall be inserted.

135. In section 76(3) proposed to be substituted in the principal Act by clause 2, after the words, symbols and number “the Kerala Advocates' Clerks' Welfare Fund Act, 2003” the symbols, numbers and word as “(27 of 2003)” shall be inserted.

138. In the proviso to Section 76 (3) of the principal Act proposed to be substituted by clause 2, for the words after “equal to”, the following words shall be substituted “forty percent of Legal Benefit Fund collected for infrastructure facilities to litigants and legal service for the People of the State”.

152. Section 76 (4) of the principal Act shall be substituted as follows:

"(4) The types of infrastructure facilities to be provided for the litigants, and The mode and manner in which legal service to the people shall be as prescribed by the Government".

*Shri. V. P. Sajeendran* : Sir, I move the following amendments :

114. In Section 76(3) of the principal Act proposed to be substituted by clause 2, the word "other" shall be deleted.

121. In Section 76 (3) of the principal Act, proposed to be substituted by clause 2, for the words "seventy percent" the words "the ratio that may be fixed from time to time" shall be substituted.

123. In Section 76 (3) proposed to be substituted in the principal Act by clause 2, after the word "collected", the words "in every Financial year" shall be inserted whenever it occurs.

124. In Section 76 (3) proposed to be Substituted in the principal Act by clause 2, insert the word "financial" in between the words "every" and "year".

132. In section 76(3) proposed to be substituted in the principal Act by clause 2, for the words "thirty per cent" the following shall be substituted, "the ratio that may be fixed from time to time".

133. In section 76(3) proposed to be substituted in the principal Act by clause 2, the words "under sub-section (2)" shall be added after the words "Legal Benefit Fund collected" and before the word "shall be".

134. In section 76(3) proposed to be substituted in the principal Act by clause 2, between the words "set apart" and "towards" insert the words "every year".

146. In the proviso to section 76(3) of the principal Act proposed to be substituted by clause 2, after the word "infrastructure" the words "and other facilities" shall be inserted.

134-ൽ "set apart towards the Fund" എന്നുള്ളത് "set apart every year towards the Fund" എന്നാക്കണം.

*Shri. N. A. Nellikkunnu:* Sir, I move the following amendments :

116. In Section 76(3) of the principal Act proposed to be substituted by clause 2, the word "seventy" shall be substituted with the word "sixty".

126. In Section 76 (3) proposed to be substituted in the principal Act by clause 2, the words "thirty" shall be substituted with the word "twenty".

142. In the proviso to section 76(3) proposed to be substituted in the principal Act by clause 2 for the words "ten percent" substitute the words "twenty percent".

*Shri. M. Ummer :* Sir, I move the following amendments :

117. In Section 76(3) of the principal Act proposed to be substituted by clause 2, the word "seventy" shall be substituted with the words "Seventy five".

129. In Section 76 (3) of the principal Act proposed to be substituted by clause 2, for the word "thirty" the words "twenty five" shall be substituted.

139. In the proviso to section 76(3) of the principal Act proposed to be substituted by clause 2, for the word "ten" substitute the word "five".

*Prof. Abid Hussain Thangal :* Sir, I move the following amendments :

122. In Section 76 (3) of the principal Act proposed to be substituted by clause 2, for the words “per cent” substitute the word “percent”.

136. In section 76(3) proposed to be substituted in the principal Act by clause 2, shall be recast as follows:

“(3) Not withstanding anything contained in any other law for time being in force, an amount equal to Seventy five percent of the Legal Benefit Fund collected under sub-section (3) of the Kerala Advocates' Welfare Fund Act, 1980 and an amount equal to twenty five percent of the Legal Benefit Fund collected shall be set apart towards the Fund constituted under section 3 of the Kerala Advocates' Clerks Welfare Fund Act, 2003 provided that the amount so set apart shall be transferred to such Funds after retaining an amount equal to ten percent each from the amount set apart to the Funds specified in sub-section (3) for providing infrastructure to the litigants”.

*Shri. N. Samsudheen :* Sir, I move the following amendments :

147. In the proviso to section 76(3) of the principal Act proposed to be substituted by clause 2, after the word “infrastructure” substitute the word “facilities”.

ഈ പത്ത് ശതമാനം തുക പശ്ചാത്തല സൗകര്യത്തിന്റെ വികസനത്തിനല്ല എടുക്കുന്നതെന്ന് പറഞ്ഞു. ഇവിടെ പ്രയോഗിച്ചിട്ടുള്ളത് infrastructure എന്നാണ്. അതിനുപകരമായി വരേണ്ടത് facilities എന്നാണ്. കക്ഷികൾക്കുള്ള ഫെസിലിറ്റീസ് കൊടുക്കാനാണ് ഈ പത്ത് ശതമാനം എടുക്കുന്നതെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ infrastructure എന്നതിനുപകരം facilities എന്നാക്കണമെന്നാണ് എന്റെ ഭേദഗതി.

149. In the proviso to Section 76 (3) proposed to be substituted in the principal Act by clause 2, after the word “litigants” add the words “and public (including witness)”.

മി. സ്പീക്കർ: മറ്റു ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. 118, 119 എന്നീ ഭേദഗതികൾ 117-ാം നമ്പർ ഭേദഗതിക്കും 127, 128 എന്നീ ഭേദഗതികൾ 126-ാം നമ്പർ ഭേദഗതിക്കും 130-ാം നമ്പർ ഭേദഗതി 129-ാം നമ്പർ ഭേദഗതിക്കും 141-ാം നമ്പർ ഭേദഗതി 140-ാം നമ്പർ ഭേദഗതിക്കും 143, 144, 145 എന്നീ ഭേദഗതികൾ 142-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവ അവതരിപ്പിക്കേണ്ടതില്ല. എന്നിരുന്നാലും ഭേദഗതി നൽകിയവർക്ക് സംസാരിക്കാം.

ശ്രീ. വി. ടി. ബൽറാം: 10 ശതമാനമെന്നുള്ളത് 20 ശതമാനമെങ്കിലുമാക്കി വർദ്ധിപ്പിക്കണം. എന്നാൽ മാത്രമേ കക്ഷികൾക്ക് അതിന്റെ ഗുണം ലഭിക്കുകയുള്ളൂ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതിയിൽ 76(3)-ൽ percent എന്നുള്ളത് ഒറ്റ വാക്കിൽ എഴുതേണ്ടതാണ്. അതിനുപകരം per cent എന്നാണുള്ളത്. ആ ഭേദഗതി അംഗീകരിക്കാവുന്നതാണ്. മറ്റു ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി.സ്പീക്കർ : പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 113, 115, 125, 135, 138, 152 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 114, 121, 123, 124, 132, 133, 134, 146 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 116, 126, 142 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 147, 149 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

*Shri. V.P. Sajeendran:* Sir, I move the following amendments :

107. In the preamble, for the words "further to amend" the following words shall be substituted "to substitute subsection(3) of section 76 of"

109. In the preamble for the word "appearing" substitute the word "mentioned".

111. In clause 1(2) for the words "at once" the following words shall be substituted "on the date notified in the official gazette".

*Shri. Manjalamkuzhi Ali :* Sir, I move the following amendments :

108. In the preamble the words "Court-Fees" shall be amended as "Court-Fees".

ഈ ഭേദഗതി ബില്ലിന്റെ പേരന്റ് ആക്ടിൽ Court Fees എന്നത് ഒരു hyphen വച്ചിട്ടാണ് എഴുതിയിട്ടുള്ളത്. സ്വാഭാവികമായും പേരന്റ് ആക്ടിനനുസരിച്ചായിരിക്കണം ഭേദഗതി ആക്ടിലെ വാക്കുകളും ഉപയോഗിക്കേണ്ടത്. അതാണ് 108-ാം നമ്പർ ഭേദഗതി.

110. In clause 1(1) the words "Court Fees" shall be amended as "Court-Fees".

*Prof. Abid Hussain Thangal :* Sir, I move the following amendment :

112. Clause 1(2) shall be recast as follows: "(2) it extends to the Whole State of Kerala".

മി. സ്പീക്കർ: 106-ാം നമ്പർ ഭേദഗതി ശീർഷകത്തിനുള്ളതാകയാൽ ക്രമാനുസൃതമല്ല. അത് അവതരിപ്പിക്കേണ്ടതില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ : ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 107, 109, 111 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 108, 110 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## X ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## 500, 1000 രൂപ മൂല്യമുള്ള കറൻസികൾ റദ്ദാക്കിയത് സംബന്ധിച്ച്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016 നവംബർ 8-ലെ 2652-ാം നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം 500, 1000 രൂപ മൂല്യമുള്ള കറൻസികൾ 8-11-2016 അർദ്ധരാത്രി മുതൽ അസാധുവായി. ഈ നടപടി സ്വീകരിച്ചത് കള്ളപ്പണവും കള്ളനോട്ടും പുറത്തുകൊണ്ടുവരാനാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. കള്ളനോട്ട് നിർമ്മാർജ്ജനം ചെയ്യാൻ ഈ നടപടി സഹായിക്കും. എന്നാൽ കള്ളപ്പണത്തിന്റെ കാര്യത്തിൽ ചെറിയൊരു അളവു മാത്രമേ ലക്ഷ്യം കൈവരിക്കാനാവൂ. കള്ളപ്പണത്തിന്റെ സിംഹഭാഗം വരുന്ന വിദേശത്തുള്ള കള്ളപ്പണവും ഭൂമിയും സ്വർണ്ണവും തുടങ്ങിയവയിൽ നിക്ഷേപിച്ചിട്ടുള്ള കള്ളപ്പണവും വലയിൽപ്പെടില്ല. ഈ ലക്ഷ്യങ്ങൾ സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെയും സമ്പദ്ഘടനയിൽ പ്രതികൂല പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാതെയും നടപ്പിലാക്കാൻ കഴിയുമായിരുന്നുവെന്നുള്ളതാണ് കേരള സർക്കാരിന്റെ വിമർശനം.

ഇതിനുമുമ്പ് 1977-ൽ കറൻസി നോട്ടുകൾ അസാധുവാക്കിയ സാഹചര്യമല്ല ഇന്നുള്ളത്. ഇന്ന് കൂടുതൽ സാധാരണക്കാർ 500 രൂപയുടെ കറൻസി നോട്ടുകൾ ഉപയോഗിക്കുന്ന സാഹചര്യമുണ്ട്. 1977-ലെ ഏതാണ്ട് 20 രൂപയുടെ മൂല്യം മാത്രമാണ് ഇപ്പോൾ 500 രൂപയ്ക്കുള്ളത്. ഇതുമൂലം ഇന്ന് സ്വീകരിച്ചിരിക്കുന്ന നടപടി ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കും.

ജനങ്ങളോടുള്ള അഭ്യർത്ഥന ഇതാണ്. പരിഭ്രാന്തരാകുന്നതിൽ കാര്യമില്ല. ആരുടെയും പണം നഷ്ടപ്പെടുന്ന സാഹചര്യമില്ല. പുതിയ നോട്ടുകളായി അവ മാറ്റിയെടുക്കുന്നതിന് കുറച്ചു സമയമെടുക്കും എന്നുള്ളതാണ് പ്രശ്നം.

ആർ.ബി.ഐ. നൽകുന്ന ഉപദേശങ്ങൾ ഇവയാണ്. നവംബർ 11 അർദ്ധരാത്രി വരെ സർക്കാർ ആശുപത്രികൾ, പെട്രോൾ പമ്പുകൾ, സി.എൻ.ജി. ഗ്യാസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ 500, 1000 രൂപയുടെ പഴയ നോട്ടുകൾ സ്വീകരിക്കുന്നതാണ്.

ഇതിനുപുറമേ ക്രിമറ്റോറിയം, സഹകരണസംഘങ്ങൾ തുടങ്ങിയ ചില സ്ഥാപനങ്ങളുടെ ലിസ്റ്റ് കൂടി ആ കത്തിലുണ്ട്. എനിക്ക് ഇവിടെ ഫോൺ കിട്ടാത്തതുകൊണ്ട് അത് ലഭ്യമാക്കാൻ കഴിഞ്ഞില്ല. ലിസ്റ്റ് കുറച്ചുകൂടി വിപുലീകരിച്ചിട്ടുണ്ട്. നവംബർ 10-നും ഡിസംബർ 30-നും ഇടയിലുള്ള 50 ദിവസങ്ങളിൽ 500, 1000 രൂപയുടെ പഴയ നോട്ടുകൾ പോസ്റ്റ് ഓഫീസുകളിലോ ബാങ്കുകളിലോ കൈമാറാവുന്നതാണ്. അസാധുവായ കറൻസി നോട്ടുകൾ നിശ്ചിത പോസ്റ്റ് ഓഫീസുകളിലും ബാങ്കുകളിലും സമർപ്പിച്ച് പകരം താഴ്ന്ന ഡിനോമിനേഷനുള്ള കറൻസി നോട്ടുകൾ വാങ്ങാവുന്നതാണ്. ഇതിനായി പാൻ, ആധാർ കാർഡ്, വോട്ടർ ഐ.ഡി. കാർഡ് എന്നിവ ഹാജരാക്കേണ്ടതാണ്. നവംബർ 10 മുതൽ 24 വരെ പ്രതിദിനം 4000 രൂപ വച്ച് മാത്രമായിരിക്കും താഴ്ന്ന ഡിനോമിനേഷനിൽ പണം കിട്ടുക. ബാങ്കിലും മറ്റുമുള്ള പണം പിൻവലിക്കാം. എ.ടി.എം.-ൽ നിന്ന് 19-ാം തീയതി വരെ പ്രതിദിനം 2000 രൂപ വരെ മാത്രമേ പിൻവലിക്കാൻ സാധിക്കൂ. അതിനുശേഷമുള്ള ദിവസങ്ങളിൽ ഡിസംബർ 30 വരെ 4000 രൂപ വരെ പിൻവലിക്കാം. നിങ്ങളുടെ ബാങ്ക് ഡിപ്പോസിറ്റിൽ നിന്ന് പ്രതിദിനം പിൻവലിക്കാനുള്ള പരിധി 10,000 രൂപയും ഒരു ആഴ്ച 20,000 രൂപയുമാണ്. നവംബർ 24-ന് ശേഷം ഈ നിയന്ത്രണം തുടരണമോ വേണ്ടയോയെന്നുള്ളത് തീരുമാനിക്കും. ഡിസംബർ 30-വരെ ഒരു വീട്ടിൽ വിവാഹമോ അതുപോലെയുള്ള ചടങ്ങുകളോ ഉണ്ടെങ്കിൽ എങ്ങനെയാണ് പണം പിൻവലിക്കുന്നതും ചെലവാക്കുന്നതും എന്നുള്ള കാര്യങ്ങളിൽ അവ്യക്തതയാണ്. ലഘൂകരിച്ച ചില നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്, പൂർണ്ണമായി അറിയാതെ ഞാൻ പറയുന്നില്ല. ഒരു കാര്യം വളരെ വ്യക്തമാണ്. രണ്ട് ദിവസത്തേതല്ല പ്രശ്നം. ഡിസംബർ അവസാനിക്കുന്നതുവരെ ഏതാണ്ട് ഇതുമായിട്ടുള്ള ബുദ്ധിമുട്ടുകൾ തുടരും. 30-ാം തീയതി വരെ ഇന്ന് സ്വീകരിച്ചിരിക്കുന്ന നടപടിയുടെ പ്രയാസങ്ങളുണ്ടാകും. ഇത് പരമാവധി ലഘൂകരിക്കാനുള്ള സാധ്യമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണ്. സംസ്ഥാന സർക്കാർ താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(1) ബാങ്കിംഗ് നിയന്ത്രണ നിയമത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ അസാധുവാക്കിയ കറൻസി നോട്ടുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുണ്ട്. ഇതിനനുസരിച്ച് ട്രഷറിയിലുള്ള 500, 1000 രൂപ നോട്ടുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാൻ സംസ്ഥാന ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകി.

(2) 2016 നവംബർ 8-ന് മുമ്പ് കളക്ട് ചെയ്ത പണം നവംബർ 10-ന് മുമ്പ് ട്രഷറിയിൽ ഒടുക്കണം. ഇതിനാവശ്യമായ സംവിധാനങ്ങൾ എല്ലാ ട്രഷറിയിലും ഒരുക്കിയിട്ടുണ്ട്.

(3) വെള്ളി, ശനി, ഞായർ ദിവസങ്ങളിലെ ലോട്ടറി നറുക്കെടുപ്പുകൾ അടുത്ത ആഴ്ചയിലേക്ക് മാറ്റി വച്ചു. ഏജന്റുമാർക്ക് പുതിയ ടിക്കറ്റുകൾ വാങ്ങുന്നതിനുള്ള പ്രയാസങ്ങൾ എങ്ങനെ മറികടക്കാമെന്ന് പരിശോധിച്ചുവരികയാണ്.

(4) കെ.എസ്.എഫ്.ഇ. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലെ ചിട്ടി ലേലങ്ങൾ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി വച്ചു.

(5) സർക്കാർ സ്ഥാപനങ്ങളൊന്നും 500, 1000 രൂപയുടെ പഴയ നോട്ടുകൾ സ്വീകരിക്കുന്നതല്ല.

ബാങ്കിംഗ് റെഗുലേഷനിൽപ്പെടാത്ത സഹകരണ മേഖലയിലുള്ള പണം ഏത് രൂപത്തിലാണ് കൈകാര്യം ചെയ്യേണ്ടത് എന്നത് സംബന്ധിച്ച് കൃത്യമായ യാതൊരു ധാരണയും ഉണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സഹകരണ മേഖലയിൽ ഇത് ഉണ്ടാക്കുന്ന അരാജകത്വം വളരെ വലുതായിരിക്കും. സാധാരണക്കാരെ ഇതു വല്ലാതെ ബാധിക്കുകയും ചെയ്യും. ദൗർഭാഗ്യവശാൽ ട്രഷറിയുടെ നടത്തിപ്പ് സംബന്ധിച്ചും കൃത്യമായ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. ട്രഷറിയിൽ നിന്ന് പേയ്മെന്റ് നടത്തിക്കഴിഞ്ഞാൽ ബാങ്കുകൾ അത് honour ചെയ്യുമോ? ബാങ്കിൽനിന്നും ആവശ്യമായ പണം പിൻവലിച്ച് ട്രഷറികളിൽ കൊടുക്കാൻ പറ്റുമോ തുടങ്ങിയ കാര്യങ്ങളിലൊക്കെ തികച്ചും അവ്യക്തതയാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തിവരികയാണ്. കള്ളപ്പണവും കള്ളനോട്ടുകളും ഇല്ലാതാക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നുതന്നെയാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. എന്നാൽ ഇതിനായി സ്വീകരിച്ച നടപടി കുറേക്കൂടി ചിട്ടയായും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെയും നടപ്പാക്കാൻ കഴിയേണ്ടതായിരുന്നു. ഈ പ്രഖ്യാപനങ്ങളിൽ ഉടനീളം കണ്ട നാടകീയത തികച്ചും അനാവശ്യമായിരുന്നു. ജനം അൽപ്പം പരിഭ്രാന്തിപ്പെട്ടാലും കള്ളപ്പണത്തിനെതിരായ പോരാട്ടത്തിന്റെ വിലയാണ് ഇത് എന്നൊക്കെയുള്ള നാട്യങ്ങൾക്കൊന്നും വലിയ നിലനിൽപ്പില്ല.

പഴയ നോട്ടുകൾ റദ്ദാക്കുന്നതിന് ഒന്നോ രണ്ടോ ആഴ്ച സാവകാശം നൽകിയിരുന്നുവെങ്കിലും ഇതേ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ കഴിയുമായിരുന്നു. കള്ളനോട്ടുകൾ മുഴുവൻ പുറത്താകും, കള്ളപ്പണം നിയമാനുസൃതമാക്കാൻ നിർബന്ധിതമാകും.

ഇതുവരെ വോളന്ററി ഡിസ്ക്ലോഷർ സ്കീമാണല്ലോ കേന്ദ്ര സർക്കാർ നടപ്പാക്കി കൊണ്ടിരുന്നത്. 500, 1000 രൂപ നോട്ടിന്റെ സ്രോതസ്സ് പരിശോധിച്ച് കള്ളപ്പണക്കാരെ പിടിക്കുകയും ചെയ്യാം. ഇപ്പോഴും അതുതന്നെയാണ് ചെയ്യാൻ പോകുന്നത്. ഇതിനൊന്നും തുനിയാതെ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടി ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുക മാത്രമല്ല, സാമ്പത്തിക തിരിച്ചടിയും ഉണ്ടാക്കും. പണത്തിന്റെ ലഭ്യത കുറയുന്നതും ഡിസംബർ 30 വരെ സാധാരണഗതിയിലുള്ള ക്രയവിക്രയം കുറയുന്നതും സാമ്പത്തിക മാന്ദ്യം രൂക്ഷമാക്കും.

സംസ്ഥാന സർക്കാരിന് കേന്ദ്ര നികുതി വിഹിതമായി ഈ ആഴ്ച ലഭിക്കേണ്ടിയിരുന്ന 453 കോടി രൂപ അസാധാരണമാംവിധം വെട്ടിക്കുറച്ചത് യാദൃശ്ചികമാകാൻ തരമില്ല. സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന 296 കോടി രൂപയുടെ റവന്യൂ കമ്മി ഗ്രാന്റും കേന്ദ്രം നൽകിയിട്ടില്ല. ഇത്തരത്തിൽ നിഷേധിക്കപ്പെട്ട 721 കോടി രൂപ സംസ്ഥാന ട്രഷറിയുടെ പ്രവർത്തനങ്ങളെ കാര്യമായ തോതിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇക്കാര്യം ചൂണ്ടിക്കാട്ടി പരിഹാരം അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര ധനകാര്യമന്ത്രാലയത്തെ സമീപിക്കുന്നതാണ്.

ഇപ്പോൾ വന്നിരിക്കുന്ന കത്ത് പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളെ.. Ensuring adequate security at Banks and Post Offices during the period of deposits, exchange of old notes for new notes. Providing security for Reserve Bank of India in the movement in new currency notes. Ensuring the State Transport Buses, Crematoria and Burial Grounds continue to accept 500 and 1000 rupee notes till 11th November 2016. Authorising and announcing milk booths and consumer co-operative super markets which will accept 500 & 1000 rupee notes 11th November 2016. All our measures which may be appropriate for minimizing hardship and inconvenience of public. ഇവയെല്ലാം സംസ്ഥാന സർക്കാർ എടുക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. നമ്മുടെ മാധ്യമങ്ങളിൽ ഇവിടെയുണ്ടാകുന്ന പ്രയാസങ്ങൾ വേണ്ടത്ര പ്രതിഫലിച്ച് കാണുന്നില്ല. ചെറിയ പ്രശ്നമല്ല ഇതുമൂലമുണ്ടായിട്ടുള്ളത്. വലിയ ഒരു അനിശ്ചിതത്വം കമ്പോളത്തിലും സർക്കാരിന്റെ പ്രവർത്തനത്തിലും സൃഷ്ടിച്ചിരിക്കുന്നത് ഒഴിവാക്കാൻ പറ്റുന്നതായിരുന്നു എന്നുള്ളതാണ് ഈ പ്രസ്താവനയിൽ എടുത്തുപറയുന്നത്.

## XI പ്രത്യേക പരാമർശം

### 500 1000 രൂപ മൂല്യമുള്ള കറൻസികൾ റദ്ദാക്കിയത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ചട്ടം 300-ന് ചോദ്യം ഇല്ലാത്തതാണ്. പക്ഷേ, ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു ചോദ്യം ചോദിക്കാൻ എന്നെ അനുവദിക്കണം. ഇന്ന് കള്ളപ്പണം കണ്ടെത്തുന്നതിനും കള്ളനോട്ട്

പിടിച്ചെടുക്കുന്നതിനുമുള്ള നടപടികളെ നമ്മളെല്ലാവരും ഒരുമിച്ച് സ്വാഗതം ചെയ്യുകയാണ്. ഹവാല പണത്തിന്റെ വേട്ട മുന്നോട്ട് പോകേണ്ടത് ആവശ്യമാണ്. നാടകീയമായ ഇത്തരം രംഗങ്ങൾ വലിയ പരിഭ്രാന്തി ഉണ്ടാക്കിയിരിക്കുകയാണ്. ഏതാണ്ട് സാമ്പത്തിക അടിയന്തരാവസ്ഥപോലെ കേരളത്തിലും ഇന്ത്യയിലും ജനങ്ങളാകെ പരിഭ്രമിച്ചിരിക്കുകയാണ്. അങ്ങ് പറഞ്ഞതനുസരിച്ചാണെങ്കിൽ അടുത്ത ഒരു മാസക്കാലം ഇനിയും സാമ്പത്തിക ക്രയവിക്രയങ്ങൾ നടക്കാത്ത സ്ഥിതി വരികയാണ്. ഒരു വർഷം തീരാൻ പോവുകയാണ്, ക്രിസ്തുമസ് വരുന്നു, ന്യൂ ഇയർ വരുന്നു, വിവാഹങ്ങൾ വരും, ഇതുമൂലം ആളുകൾക്ക് വലിയ പ്രതിസന്ധിയുണ്ടാകും. എന്റെ സജഷൻ ഫൈനാൻസ് സെക്രട്ടറി, കേന്ദ്ര ഫൈനാൻസ് സെക്രട്ടറിയുമായോ ക്യാബിനറ്റ് സെക്രട്ടറിയുമായോ സംസാരിച്ച് കുറേക്കൂടി ഇളവുകൾ വരുത്താനും സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. അമേരിക്കൻ പ്രസിഡന്റ് ഇലക്ഷൻകൂടി വന്നതോടെ മാധ്യമങ്ങളുടെ ശ്രദ്ധ അങ്ങോട്ട് മാറിയിരിക്കുകയാണ്. നമ്മളൊക്കെ ഹിലാരി ജയിക്കണമെന്നാണ് ആഗ്രഹിച്ചത്. പക്ഷെ ട്രംപ് ആണ് ജയിച്ചത്. ട്രംപിനെ നമ്മൾ അഭിനന്ദിക്കുകയാണ്. നാഷണൽ അറ്റൻഷൻ അതിലേയ്ക്ക് മാറിപ്പോയി. അതുകൊണ്ട് ഇക്കാര്യങ്ങൾ വേണ്ടരീതിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് നൂറുശതമാനവും ശരിയാണ്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിക്കണം, സെക്രട്ടറി തലത്തിലുള്ള ചർച്ചയേക്കാൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. അരുൺ ജയ്റ്റ്ലിയുമായി അങ്ങ് സംസാരിക്കണം. കുറേക്കൂടി റിലാക്സ് ചെയ്യാനും ആളുകൾക്ക് കുറേക്കൂടി സൗകര്യ പ്രദമായ സാഹചര്യം ഉണ്ടാക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്നാണ് അറിയേണ്ടത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ അഭിപ്രായത്തോട് യോജിക്കുന്നു. ഞങ്ങളെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നില്ല, പൈസ വാങ്ങിക്കുന്നില്ല എന്നൊക്കെ പറഞ്ഞുകൊണ്ട് കേരളത്തിലെ പല ആശുപത്രികളിൽ നിന്നും എന്നെ വിളിച്ചിരുന്നു. ഇങ്ങനെയൊരു സാഹചര്യം കേരളത്തിൽ വന്നിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങ് ഇതിനെപ്പറ്റി അങ്ങയുടെ അഭിപ്രായം പറഞ്ഞു. അതേക്കുറിച്ച് ഇന്ന് ബി.ജെ.പി.യുടെ സെക്രട്ടറി റാം മാധവ് പറഞ്ഞിരിക്കുന്നത് കേരളം ഹവാലയുടെയും കള്ളപ്പണത്തിന്റെയും കേന്ദ്രമാണ് എന്നാണ്. അതിനെ സംരക്ഷിക്കാനാണ് അങ്ങ് ശ്രമിക്കുന്നതെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങ് അത് വായിച്ചിരുന്നോ?

മി. സ്പീക്കർ : സഭ ഒന്നടങ്കം ആ പ്രസ്താവനയിൽ പ്രതിഷേധിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക് : സർ, യഥാർത്ഥത്തിൽ ആരും നോട്ടുകൾ റദ്ദാക്കുന്നതിനും കള്ളപ്പണം പിടിക്കുന്നതിനും എതിരല്ല. അതുകൊണ്ട് തന്നെയാണ് വളരെ muted-ആയിട്ടുള്ള വിമർശനം വന്നത്. ഇന്നലെ ഞാൻ ഇത് വായിച്ചു കഴിഞ്ഞപ്പോൾ അത്ഭുതപ്പെട്ടുപോയി. നാട്ടിൽ രണ്ട്-മൂന്ന് ആഴ്ചക്കാലം കാര്യങ്ങൾ നടന്നുപോകുന്നത് എങ്ങനെയാണ്; എനിക്ക് വിശ്വസിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ പൂർണ്ണമായും അതൊന്നും പറഞ്ഞില്ല. ഇന്നിപ്പോൾ ധനകാര്യ സെക്രട്ടറിയടക്കമുള്ളവർ ഇരുന്ന് പരിശോധിച്ച് നോക്കിയപ്പോൾ, ട്രഷറിയുടെ ഓപ്പറേഷൻ എങ്ങനെ കൊണ്ടുപോകുമെന്നതിനെക്കുറിച്ച് ഒരു ധാരണയുമില്ല. അവിടെയും പറയുന്നത് തിങ്കളാഴ്ച പറയാം എന്നുള്ളതാണ്. യഥാർത്ഥ പ്രശ്നം, എന്റെ ഊഹമാണ് പറയുന്നത്, ഈ നോട്ടൊന്നും അച്ചടിച്ചിട്ടുണ്ടാകില്ല. നമ്മൾ കൊടുക്കുന്ന 500, 1000 രൂപ നോട്ടുകൾക്ക് പകരം പുതിയ നോട്ടുകൾ കൊടുക്കുമെന്ന് പറഞ്ഞാൽ കൊടുക്കാനുണ്ടാകില്ല. ഈ പരിഭ്രാന്തിയൊന്നും സൃഷ്ടിക്കാതെ ഡിസംബർ 30-ന് ഈ നോട്ടുകൾ റദ്ദാക്കുന്നുവെന്നും അതിനുമുമ്പ് നിങ്ങൾ സൗകര്യപൂർവ്വം മാറിയെടുക്കണമെന്നും പറഞ്ഞിരുന്നെങ്കിൽ പ്രശ്നമൊന്നുമില്ല, കാര്യങ്ങളൊക്കെ നടക്കുമായിരുന്നു. ഇതൊരു നാടകം സൃഷ്ടിക്കാൻ വേണ്ടിയാണ്. അതിർത്തിയിലെ സർജിക്കൽ ഓപ്പറേഷനിൽ നിന്ന് കിട്ടിയിട്ടുള്ള വീരസ്യവും പെരുമയും ഇവിടെനിന്നുംകൂടി ഉണ്ടാക്കാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള ഏർപ്പാടാണെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് എന്റെ ചോദ്യത്തിന് മറുപടി പറഞ്ഞില്ല. അങ്ങ് തന്നെ ശ്രീ. അരുൺ ജയ്റ്റ്ലിയുമായി സംസാരിക്കണം. സംസ്ഥാന ഫൈനാൻസ് സെക്രട്ടറി, കേന്ദ്ര ഫൈനാൻസ് സെക്രട്ടറിയുമായി സംസാരിച്ച് ഇതിന് കൂടുതൽ വ്യക്തത വരുത്തണം.

ഡോ. ടി. എം. തോമസ് ഐസക് : സർ, അത് ഉണ്ടാകും. ഇപ്പോൾ പ്രധാനമന്ത്രിയുടെ കത്ത് മുഖ്യമന്ത്രിക്ക് വന്നിട്ടുണ്ട്. അതിനുള്ള മറുപടി കൊടുക്കുന്നതാണ്. ഇതിനകം തന്നെ അങ്ങോട്ട് കത്തുകൾ അയച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ, ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിക്കുന്നതിന് തടസ്സമൊന്നുമില്ല. ഇതിനുവേണ്ടി സർക്കാർ മുൻകയ്യെടുക്കുന്നതാണ്.

# XII അവകാശലംഘന പ്രശ്നങ്ങൾ

## അനുമതി നിഷേധിച്ച

മി. സ്പീക്കർ: (1) മുഖ്യമന്ത്രിയുടെ നിയമോപദേഷ്ടാവ് മറ്റുചില കേസ്സുകളിൽ കോടതിയിൽ ഹാജരാകുന്നത് സംബന്ധിച്ച് 14-7-2016-ൽ പ്രതിപക്ഷ നേതാവ് നോട്ടീസ് നൽകിയ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടിയും പ്രസ്തുത വിഷയം സംബന്ധിച്ച് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ 19-7-2016-ൽ ഹൈക്കോടതിയിൽ പറഞ്ഞതും കടകവിരുദ്ധമാണെന്നും യഥാർത്ഥ വസ്തുത സഭയെ അറിയിക്കാൻ അവസരമുണ്ടായിട്ടും മുഖ്യമന്ത്രി അപ്രകാരം ചെയ്യാതെ മനഃപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നുവെന്നും ആരോപിച്ചുകൊണ്ട് അദ്ദേഹത്തിനെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് സർവ്വശ്രീ പി. ടി. തോമസ്, ഒ. രാജഗോപാൽ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് നൽകിയ വിശദീകരണത്തിൽ നിയമസഭയിൽ താൻ നൽകിയ മറുപടിയും അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയെ ധരിപ്പിച്ചതും കടകവിരുദ്ധമായ കാര്യങ്ങളല്ലായെന്നും "ശ്രീ. എം. കെ. ദാമോദരൻ മുഖ്യമന്ത്രിയുടെ ഉപദേശകനായിരിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള പ്രതിഫലം പറ്റിക്കൊണ്ടല്ല, ഒരു പ്രതിഫലവും അദ്ദേഹം പറ്റുന്നില്ല" എന്ന് പറഞ്ഞത് വസ്തുതാപരമായി ശരിയാണെന്നും "ആ നിലയ്ക്ക് അദ്ദേഹം മുഖ്യമന്ത്രിയുടെ ഉപദേശകനായി തുടരുകയാണ്" എന്ന് തുടർന്ന് പരാമർശിച്ചത് ഉപദേശകൻ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് അദ്ദേഹം ഒരു പ്രതിഫലവും പറ്റുന്നില്ല എന്ന അർത്ഥത്തിലാണെന്നും മുഖ്യമന്ത്രിയുടെ നിയമോപദേഷ്ടാവായി ശ്രീ. എം. കെ. ദാമോദരനെ നിയമിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിലാണ് മേൽപരാമർശങ്ങൾ സഭയിൽ നടത്തിയതെന്നും വ്യക്തമാക്കുന്നു. കൂടാതെ ശ്രീ. എം. കെ. ദാമോദരൻ ചുമതലയേറ്റെടുത്തിട്ടില്ലായെന്ന് 19-7-2016-ൽ ഹൈക്കോടതിയെ ബോധിപ്പിച്ചത് വസ്തുതാപരമാണെന്നും ശ്രീ. എം. കെ. ദാമോദരൻ ചുമതല ഏറ്റെടുത്തതായി തന്റെ മറുപടിയിൽ ഒരിടത്തും പറഞ്ഞിട്ടില്ലായെന്നും അതുകൊണ്ടു തന്നെ

അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ ബോധിപ്പിച്ചതും നിയമസഭയിൽ താൻ നൽകിയ മറുപടിയും തമ്മിൽ വൈരുദ്ധ്യമില്ലെന്നും പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സർവ്വശ്രീ പി. ടി. തോമസ്, ഒ. രാജഗോപാൽ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

2. 28-6-2016-ലെ അടിയന്തര പ്രമേയത്തിന് അനുമതി തേടിക്കൊണ്ടുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിൽ കുട്ടിമാക്കൂലിലെ അഖില, അഞ്ജന എന്നീ പെൺകുട്ടികളും പിതാവ് രാജനും തലശ്ശേരി പോലീസ് സ്റ്റേഷനിൽ പോയി സ്വയം അറസ്റ്റ് വരിക്കുകയായിരുന്നുവെന്നും പെൺകുട്ടികൾ പോലീസ് സ്റ്റേഷനിൽ പോകുമ്പോൾ ഒന്നര വയസ്സുള്ള കൈക്കുഞ്ഞ് കയ്യിൽ ഇല്ലായിരുന്നു വെന്നും പിന്നീട് കുഞ്ഞിനെ കൊണ്ടുവന്നതാണെന്നും പറഞ്ഞത് സത്യ വിരുദ്ധമാണെന്നും അതിനാൽ സഭയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിച്ച പ്രസ്തുത പ്രസ്താവന പിൻവലിക്കാത്തപക്ഷം മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുവാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് നോട്ടീസ് നൽകിയിരുന്നു.

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിൽ "കുട്ടിമാക്കൂലിലെ അഖില, അഞ്ജന എന്നീ പെൺകുട്ടികളും പിതാവ് രാജനും തലശ്ശേരി പോലീസ് സ്റ്റേഷനിൽ പോയി സ്വയം അറസ്റ്റ് വരിക്കുകയായിരുന്നു", "സ്വയം പോലീസ് സ്റ്റേഷനിൽ പോയി കീഴടങ്ങി" എന്നീ വാചകങ്ങൾ സഭയിൽ നൽകിയ വിശദീകരണത്തിൽ ഇല്ലായെന്നും അറസ്റ്റ് ചെയ്ത അവസരത്തിൽ കുഞ്ഞ് പ്രതിയുടെകൂടെ ഇല്ലെന്നുപറഞ്ഞത് ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിലാണെന്നും സഭയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കാനുള്ള ഒരു ശ്രമവും തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലായെന്നും വിശദീകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. കെ. സി. ജോസഫിന് ചെയർ അനുമതി നിഷേധിക്കുന്നു.

<u>പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്കയച്ച അവകാശ ലംഘന പ്രശ്നം</u>

താനൂർ തീരപ്രദേശത്തെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. കൂടിയായ തന്നെ അറിയിക്കാതെ സമാധാനയോഗം വിളിച്ചുചേർത്തത് സംബന്ധിച്ച് അന്വേഷിച്ചപ്പോൾ മലപ്പുറം ജില്ലാ കളക്ടർ അപമര്യാദയായി പെരുമാറിയെന്നും ഒരു എം.എൽ.എ. യോട് ജില്ലാ കളക്ടർ കാണിക്കേണ്ട സാമാന്യ പെരുമാറ്റരീതി പോലും ജില്ലാ കളക്ടറുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. അബ്ദുറഹിമാൻ നൽകിയ പരാതി ആവശ്യമായ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്യുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## XIII പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കുന്നത് കളിയാക്കിക്കൊണ്ട് വിവിധ ചാനലുകളിൽ എല്ലാ ദിവസവും രാത്രി 9.30 മുതൽ 10 മണി വരെ സംപ്രേഷണം ചെയ്യുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സംസാരിക്കുന്നത് ഒരു വിഷ്വൽ മാത്രം കാണിച്ച് ഹാസ്യ നടന്മാരെ ബാക്ക് ഗ്രൗണ്ടിൽ കൊടുത്ത് ഈ സഭയെ അപമാനിക്കുന്ന രീതി മോശമാണ്. അത് ഒരിക്കലും ശരിയല്ല. ഈ സഭയുടെ കസ്റ്റോഡിയനായ അങ്ങ് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മാധ്യമങ്ങൾ ഇക്കാര്യത്തിൽ മര്യാദ പാലിക്കണമെന്ന അഭിപ്രായം അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ ആക്ഷേപഹാസ്യം കുഞ്ചൻനമ്പ്യാരുടെ കാലം മുതൽ കേരളത്തിലുള്ളതാണ്. അതുകൊണ്ട് ആക്ഷേപ ഹാസ്യത്തെ നമുക്ക് തള്ളിക്കളയാൻ കഴിയില്ല. പക്ഷേ മാധ്യമങ്ങൾ ഇതിലൊരു മര്യാദയും അച്ചടക്കവും പാലിക്കുന്നത് നല്ലതാണ്. എന്തായാലും സഭയുടെ വികാരം മാധ്യമങ്ങളും കാണുന്നുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം.

## XIV അവലോകനം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനമാണ് ഇന്ന് അവസാനിക്കുന്നത്. സെപ്റ്റംബർ 26-ാം തീയതി ആരംഭിച്ച് ഇന്ന് സമ്മേളനം അവസാനിക്കുമ്പോൾ സഭ ആകെ 26 ദിവസം സമ്മേളിക്കുകയുണ്ടായി. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്മേലുള്ള ധനാഭ്യർത്ഥനകൾ ചർച്ച ചെയ്ത് പാസ്സാക്കുക എന്നതായിരുന്നു ഈ സമ്മേളനത്തിന്റെ മുഖ്യ കാര്യപരിപാടി. ധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്കായി മാറ്റിവച്ച 12 ദിവസം പരമാവധി ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് അംഗങ്ങൾ ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി.

ഈ സമ്മേളനത്തിൽ ചോദ്യങ്ങൾക്കുള്ള 13241 നോട്ടീസുകൾ ലഭിക്കുകയുണ്ടായി. അതിൽ 8326 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കുള്ള നോട്ടീസുകളും 4915 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾക്കുള്ള നോട്ടീസുകളും ഉൾപ്പെടുന്നു. അടിയന്തര ചോദ്യങ്ങൾക്കായി ഏഴ് നോട്ടീസുകളും അരമണിക്കൂർ ചർച്ചയ്ക്കായി മൂന്ന് നോട്ടീസുകളും ലഭിച്ചിരുന്നു. സമ്മേളനകാലത്ത് ലിസ്റ്റ് ചെയ്യപ്പെട്ട 810 സ്റ്റാർഡ് ചോദ്യങ്ങളിൽ 83 ചോദ്യങ്ങൾക്ക് വാങ്മൂലം മറുപടി നൽകുകയുണ്ടായി. ആകെ 673 ഉപചോദ്യങ്ങൾ സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. നക്ഷത്ര ചിഹ്നമിടാത്ത 6767 ചോദ്യങ്ങളാണ് ലിസ്റ്റ് ചെയ്യപ്പെട്ടത്. അടിയന്തര ചോദ്യങ്ങളിൽ ഒരെണ്ണം മാത്രമാണ് സഭയിൽ ഉന്നയിക്കാൻ അവസരം ലഭ്യമായത്. സമ്മേളന കാലയളവിൽ 40 ശ്രദ്ധ ക്ഷണിക്കലുകളും 210 സബ്മിഷനുകളും സഭയിൽ ഉന്നയിക്കുകയുണ്ടായി. അതോടൊപ്പം വിവിധ രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു.

ചട്ടം 50 പ്രകാരം അടിയന്തരപ്രമേയത്തിന് അനുമതി തേടിക്കൊണ്ടുള്ള 19 നോട്ടീസുകൾ സഭ പരിഗണിക്കുകയുണ്ടായെങ്കിലും സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയങ്ങളൊന്നും തന്നെ സഭ ചർച്ച ചെയ്യുകയുണ്ടായില്ല.

ഇന്ത്യ-പാക് അതിർത്തിയിലെ ഭീകരാക്രമണങ്ങളെ ചെറുത്ത സൈന്യത്തോട് സർവ്വവിധ പിന്തുണയും നൽകിക്കൊണ്ട് മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഏകകണ്ഠമായി പാസ്സാക്കി.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കൽമൂലം സംസ്ഥാനത്ത് ലഭ്യമാകുന്ന സബ്സിഡി ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത കുറയ്ക്കാതെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയവും സഭ പാസ്സാക്കി.

ഈ സമ്മേളനത്തിൽ ചട്ടം 130 പ്രകാരം രണ്ട് ഉപക്ഷേപങ്ങൾ സഭ പരിഗണിക്കുകയും വ്യത്യസ്തങ്ങളായ രണ്ട് വിഷയങ്ങളെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. അതിന്റെ ഭാഗമായി ചട്ടം 275 പ്രകാരമുള്ള രണ്ട് സബ്സ്റ്റാന്റീവ് മോഷനുകൾ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

നിയമസഭാ സമിതികളുടെ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങളെ സംബന്ധിക്കുന്ന ചർച്ചകൾ സഭയിൽ നടത്തുന്നതിലേക്കായി നിയമസഭാ ചട്ടങ്ങളിൽ കൂട്ടിച്ചേർക്കപ്പെട്ട പുതിയ ചട്ടം 205 (ബി) അനുസരിച്ച് പതിമൂന്നാം കേരള നിയമസഭയിലെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ടിലെ ഉള്ളടക്കത്തെ സംബന്ധിച്ച് ഒരു ചർച്ച നടത്തുവാനും ഈ സമ്മേളന കാലഘട്ടത്തിൽ അവസരമുണ്ടായി.

ചട്ടം 58 അനുസരിച്ച്, പൊതു പ്രാധാന്യമുള്ള വിഷയത്തെ ആധാരമാക്കി നടത്തുന്ന ചർച്ചയുടെ ഭാഗമായി വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ചുള്ള ഒരു മണിക്കൂർ ചർച്ചയും ഈ സമ്മേളനത്തിലെ ഒരു പ്രത്യേകതയായിരുന്നു. ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയും ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രിയും സഭയിൽ ചട്ടം 300 പ്രകാരമുള്ള പ്രസ്താവനകൾ നടത്തുകയുണ്ടായി.

2016-17 വർഷത്തെ ധനാഭ്യർത്ഥനകളേയും ഉപധനാഭ്യർത്ഥനകളേയും സംബന്ധിക്കുന്ന രണ്ട് ധനവിനിയോഗ ബില്ലുകൾ, 2016-ലെ കേരള ധനകാര്യ ബിൽ, 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ എന്നിവ ഉൾപ്പെടെ എട്ട് നിയമങ്ങൾ ഈ സമ്മേളന കാലഘട്ടത്തിൽ സഭ പാസ്സാക്കുകയുണ്ടായി.

അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായുള്ള മൂന്ന് ദിനങ്ങൾ ഈ സമ്മേളന കാലയളവിൽ ലഭ്യമായിരുന്നു. അതിൽ രണ്ട് ദിവസം അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾക്കും ഒരു ദിവസം പ്രമേയങ്ങൾക്കുമായി മാറ്റിവയ്ക്കപ്പെട്ടു. അതിൽ എട്ട് അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ സഭയുടെ

മുമ്പാകെ വരികയും അവ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുകയും ചെയ്തു. പുതിയ അംഗങ്ങൾ ഇക്കാര്യത്തിൽ കാണിച്ചിട്ടുള്ള അതീവ ഔത്സുക്യവും അതിനുവേണ്ടി നടത്തിയ ഗൃഹപാഠവും ശ്രദ്ധേയമായിരുന്നു. ചെയർ അവരെ എല്ലാവരേയും അഭിനന്ദിക്കുന്നു. ഒരു അനൗദ്യോഗിക പ്രമേയവും സഭയിൽ ചർച്ച ചെയ്യുകയുണ്ടായി.

ഐക്യകേരളപ്പിറവിയുടെ 60-ാം വാർഷികം ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളോടെ ആഘോഷിക്കുവാൻ തീരുമാനിക്കപ്പെട്ട സാഹചര്യത്തിൽ 60-ാം വാർഷിക ദിനമായ നവംബർ 1-ാം തീയതി സഭ ഒരു പ്രത്യേക യോഗം ചേരുകയും വിവിധ കക്ഷി നേതാക്കൾ യോഗത്തിൽ സംസാരിക്കുകയും ചെയ്തു. തുടർന്ന് നിയമസഭാ സമുച്ചയത്തിൽ കേരള നിയമസഭയും കേരള സർക്കാരും സംയുക്തമായി സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങളെ പങ്കെടുപ്പിച്ച് പൊതുസമ്മേളനവും കലാസാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി.

രണ്ടാം സമ്മേളനം വിജയകരമായി നടത്തുവാൻ സഹായിച്ച ബഹു. മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മന്ത്രിമാർ, വിവിധ കക്ഷിനേതാക്കൾ, സഭയുടെ നടപടി ക്രമങ്ങളോട് പരമാവധി സഹകരിച്ച് സഭാ നടപടിക്രമങ്ങൾ വിജയിപ്പിച്ച നിയമസഭാംഗങ്ങൾ, ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ തുടങ്ങി എല്ലാപേർക്കും ചെയർ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. 26 ദിവസം നീണ്ടുനിന്ന ഈ സമ്മേളനം സുഗമമായി നടപ്പിലാക്കാൻ നിയമസഭാ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായ ആത്മാർത്ഥമായ സഹകരണത്തിനും ചെയർ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

എല്ലാവർക്കും ഹൃദ്യമായ ക്രിസ്തുമസ്-നവവത്സരാശംസകൾ നേരുന്നു. ഒരിക്കൽക്കൂടി എല്ലാവർക്കും ആശംസകൾ നേർന്നുകൊണ്ട് ഈ സമ്മേളനം അവസാനിച്ചതായി പ്രഖ്യാപിക്കുന്നു.

ഓർഡർ....... ഓർഡർ...... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.32-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.)

കേരള ഗസറ്റ്

KERALA GAZETTE

അസാധാരണം

EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5} | തിരുവനന്തപുരം, വെള്ളി | 2016 നവംബർ 11<br>11th November 2016 | |
| Vol V } | Thiruvananthapuram, Friday | 1192 തുലാം 26<br>26th Thulam 1192 | നമ്പർ} No}1956 |
| | | 1938 കാർത്തികം 20<br>20th Karthika 1938 | |


## SECRETARIAT OF THE KERALA LEGISLATURE

### NOTIFICATION

No.4219/Table-1/2016/Leg. Dated, Thiruvananthapuram, 11th November, 2016

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Second Session of the Fourteenth Kerala Legislative Assembly with effect from November 9, 2016 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2016 നവംബർ 9-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

V.K. BABU PRAKASH,

Secretary.

അനുബന്ധം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) മേശപ്പുറത്തുവച്ച തിരുത്തൽ സ്റ്റേറ്റ്മെന്റ് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 133-ൽ പരാമർശിക്കുന്ന 68 പാലങ്ങളിൽ 21-ാമതായി പരാമർശിച്ച പാലത്തിന്റെ പേര് തെറ്റായി അച്ചടിച്ച് വന്നത് താഴെപ്പറയും പ്രകാരം തിരുത്തുന്നു.

ഖണ്ഡിക 133 ക്രമ നമ്പർ 21

| നിലവിലുള്ളത് | മാറ്റം വരുത്തിയത് |
|---|---|
| മൂലക്കീൽ കടവ് പാലം | മൂലേക്കടവ് പാലം |

പ്രസ്തുത ഭാഗത്തിന്റെ ഇംഗ്ലീഷ് പരിഭാഷ താഴെ കൊടുക്കുംപ്രകാരം തിരുത്തുന്നു.

Paragraph 133 Serial No. 21

| Existing | Modified |
|---|---|
| Moolakkeel Kadavu Bridge | Moolekkadavu Bridge |